നം.കെ.എസ്.എ/കെ.ഒ.സി/എ 4/1075/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്.32
E-mail:corpkkd.ksad@kerala.gov.in
തീയ്യതി : 09.2017

സീനിയർ ഡപ്യൂട്ടി ഡയറക്ടർ,

ബഹു. മേയർ,
കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ.

സർ,

വിഷയം : കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നതു – സംബന്ധിച്ച്.

**************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭ കൗൺസിലിന്റെ പ്രത്യേക യോഗം ചേർന്ന് ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻ മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെ പകർപ്പ് പൊതുജന ശ്രദ്ധക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും - ചട്ടം.14, 15 എന്നിവ കാണുക.)

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23 കേരള മുനിസിപ്പാലിറ്റി പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും - ചട്ടം .21(1), (2) എന്നിവ കാണുക.)

വിശ്വസ്തതയോടെ,

സീനിയർ ഡപ്യൂട്ടിഡയറക്ടർ.

<u>പകർപ്പ്:</u>

1. സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
3. നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
4. കാര്യാലയ പ്രതി.

നം.കെഎസ്.എ./കെ.ഒ.സി./എ 4/1075 /2017 തീയതി : .09.2017

**കോഴിക്കോട് കോർപ്പറേഷന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. കോർപ്പറേഷനിൽ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന് ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിന് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം.8 പ്രകാരം 77 ഓഡിറ്റ് റിക്വിസിഷനുകൾ നൽകുകയുണ്ടായി. 100 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിന് മറുപടികൾ ലഭ്യമാക്കിയിട്ടുണ്ട്. മറുപടികൾ പരിഗണിച്ചതിനു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് കാലയളവ് : 1.04.2016 മുതൽ 16.09.2017 വരെ. ( കൺകറന്റ് ഓഡിറ്റ് )

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് തസ്തിക : ശ്രീ.സതീഷ് കുമാർ.കെ.കെ, സീനിയർ ഡപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

**നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| മേയർ | ശ്രീ.തോട്ടത്തിൽ രവീന്ദ്രൻ | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.ടി.പി.സതീശൻ | 01.04.2016 മുതൽ 30.11.2016 വരെ |
| സെക്രട്ടറി | ശ്രീമതി.ജോഷി മൃണ്മയി ശശാങ്ക്; ഐ.എ.എസ്. | 05.12.2016 മുതൽ 31.03.2017 വരെ |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| ശ്രീമതി.മിനി. | കൃഷി ഡപ്യൂട്ടി ഡയറക്ടർ | 01.04.2016 മുതൽ 31.03.2017 വരെ |
| ഡോ.ബേബി കുര്യാക്കോസ് | സീനിയർ വെറ്റിനറി സർജ്ജൻ | 01.04.2016 മുതൽ 31.03.2017 വരെ |
| ഡോ. ആർ.എസ്.ഗോപകുമാർ | ഹെൽത്ത് ഓഫീസർ | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീ.ഗിരീഷ് ചോലയിൽ. | വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീമതി.രഞ്ജിനി | സി.ഡി.പി.ഒ., അർബൻ I | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീമതി.പുഷ്പ. | സി.ഡി.പി.ഒ., അർബൻ II | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീമതി.സുധ | സി.ഡി.പി.ഒ., അർബൻ III | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീമതി.ജാസ്മിൻ ബീഗം.എ. | സി.ഡി.പി.ഒ., അർബൻ IV | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീ.സുനീർ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീ.ഇന്ദുരാജ്.ആർ. | ഇൻന്റസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീ.ടി.പി.സതീശൻ | സെക്രട്ടറി | 01.04.2016 മുതൽ 30.11.2016 വരെ |
| ശ്രീമതി.ജോഷി മൃണ്മയി ശശാങ്ക്, ഐ.എ.എസ് | സെക്രട്ടറി | 05.12.2016 മുതൽ 31.03.2017 വരെ |
| ശ്രീ.റംസി ഇസ്മയിൽ | പ്രോജക്ട് ഓഫീസർ കുടുംബശ്രീ | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീ. അനന്തൻ | പട്ടികജാതി വികസന ഓഫീസർ | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീ.അബ്ദുൾ നാസർ | പ്രിൻസിപ്പൽ ഹയർ സെക്കണ്ടറി | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീ.സിദ്ധീഖ് ചുണ്ടക്കാടൻ | സൂപ്രണ്ട് വൃദ്ധമന്ദിരം | 01.04.2016 മുതൽ 31.03.2017 വരെ |
| ശ്രീ.എം.ശങ്കരൻകുട്ടി. | കോർപ്പറേഷൻ എഞ്ചിനീയർ | 01.04.2016 മുതൽ 31.03.2017 വരെ |

**ഓഡിറ്റ് റിപ്പോർട്ടിന്റെ ഉള്ളടക്കം.**

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

| | | |
|---|---|---|
| **ഭാഗം-1 പൊതു അവലോകനം** | | |
| 1-1 | ബജറ്റ്. | |
| 1-2 | വാർഷിക ധനകാര്യപത്രിക. | |
| 1-3 | സാമ്പത്തിക വിശകലനം. | |
| 1-4 | ഫണ്ട് വിനിയോഗം. | |
| 1-5 | പദ്ധതി അവലോകനം. | |
| 1-6 | തനത് വരുമാനം. | |
| 1-7 | ക്ഷേമപദ്ധതികൾ. | |
| 1-8 | ക്യാഷ് വെരിഫിക്കേഷൻ. | |
| 1-9 | ആന്തരിക നിയന്ത്രണം. | |
| **ഭാഗം - 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |
| 2-1 | വാർഷിക കണക്കിലെ അപാകതകൾ | |
| 2-2 | വസ്തുനികുതി പരിഷ്കരണം - സർക്കാർ നിർദ്ദേശം വന്ന് ആറു വർഷം കഴിഞ്ഞിട്ടും പ്രാരംഭഘട്ടത്തിൽ - നഗരസഭയ്ക്ക് വരുമാന നഷ്ടം | |
| 2-3 | ഒഴിഞ്ഞ് കിടക്കുന്നതു മൂലം വസ്തുനികുതി ഇളവ് - ചട്ടവിരുദ്ധമായി നികുതി ഇളവ് അനുവദിച്ചു | |
| 2-4 | 2016-17 വർഷത്തിൽ കോഴിക്കോട് നഗരസഭയിൽ തൊഴിൽ നികുതി പിരിവുമായി ബന്ധപ്പെട്ട അപാകതകൾ താഴെക്കൊടുക്കുന്നു | |
| 2-5 | ബേപ്പൂർ സോണൽ ഓഫീസ് - കെട്ടിട നിർമ്മാണ പെർമിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | |
| 2-6 | വിനോദ നികുതി -അപാകങ്ങൾ | |
| 2-7 | ഗംഗാമൂവി - ലൈസൻസ് ഫീസ് വർദ്ധിപ്പിക്കാത്തതും മറ്റ് അപാകതകളും | |
| 2-8 | ഗംഗാമൂവി-കുടിശ്ശിക ലൈസൻസ് ഫീ ഈടാക്കൽ - ഡപ്പോസിറ്റ് തുകയുടെ വിവരം ലഭ്യമല്ലാത്തതും മറ്റ് അപാകതകളും | |

| | | |
|---|---|---|
| 2-9 | പരസ്യ നികുതി വർദ്ധിപ്പിച്ചിട്ടും ലേല വരുമാനത്തിൽ ആനുപാതിക വർദ്ധനവില്ല. | |
| 2-10 | തെരുവ് വിളക്ക് സ്ഥാപിച്ച് പ്രവർത്തിപ്പിച്ച് കൈമാറൽ-പദ്ധതി നീളുന്നു.കോർപ്പറേഷന് വരവ് നഷ്ടം. | |
| 2-11 | ബസ് സ്റ്റാന്റ് റൗണ്ട് ബ്ലോക്ക് പരസ്യം - കേസ് നടത്തിപ്പിലെ വീഴ്ച കാരണം വരുമാന നഷ്ടം സംഭവിക്കുന്നു | |
| 2-12 | ചെറുവണ്ണൂർ-നല്ലളം സോണൽ ഓഫീസ് -വാടക വരവ് അപാകങ്ങൾ. | |
| 2-13 | കെട്ടിട വാടക ലൈസൻസ് :നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ഗുരുതരമായ വീഴ്ച | |
| 2-14 | ലൈസൻസിയ്ക്ക് ചട്ടവിരുദ്ധമായി വൻതുക കിസ്തിളവ് നൽകി | |
| 2-15 | മാസ്റ്റർ ബോർഡുകളിലെ പരസ്യ ലേലം -അപാകതകൾ | |
| 2-16 | മത്സ്യമാർക്കറ്റ് ലേലം : ലേല നിബന്ധന പാലിക്കുന്നതിൽ വീഴ്ച | |
| 2-17 | ലേല നടപടികളിലെ അപാകതകൾ | |
| 2-18 | ലീസ് നൽകിയ ഭൂമിയിൽ ഉടമ്പടി വിരുദ്ധമായി നിർമാണം നടത്തി വരുമാനമുണ്ടാക്കി, സ്ഥലം പരിപാലനം നടത്തിയില്ല, ലൈസൻസി ഫീയിൽ കുടിശ്ശിക വരുത്തി | |
| 2-19 | പുഴ പുറമ്പോക്ക് പാട്ടം നൽകിയതിലെ അപാകതകൾ | |
| 2-20 | റോഡ് റിഫർമേഷൻ ചാർജ് - നടപടിക്രമങ്ങൾ പാലിക്കാതെ തുക നിശ്ചയിച്ച് വാങ്ങി | |
| 2-21 | റോഡുകളിൽ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കൽ - തറവാടകയിനത്തിൽ നഗരസഭയ്ക്ക് വൻ നഷ്ടം. | |
| 2-22 | റിലയൻസ് ജിയോ - ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾക്കുള്ള പോളുകൾ സ്ഥാപിക്കുന്നതിനുള്ള റോഡ് റിഫർമേഷൻ ചാർജ് ഈടാക്കിയില്ല | |
| 2-23 | കോക്ക്സ്-വിൻ അപ്പാർട്ട്മെന്റിന് വൈദ്യുതി ലഭിക്കുന്നതിനുള്ള ഭൂഗർഭ കേബിൾ - വാർഷിക തറവാടക ഈടാക്കുന്നില്ല | |
| 2-24 | കെട്ടിട നിർമ്മാണത്തിൽ പരാതി നിലനില്ക്കേ പുതിയ പെർമിറ്റ് അനുവദിച്ചു | |
| 2-25 | റോഡ് കട്ടിംഗ് ചാർജ് അപേക്ഷയിൽ നടപടികൾ കൈകൊള്ളുന്നതിൽ കാലതാമസവും മറ്റ് അപാകതകളും. | |

| | | |
|---|---|---|
| 2-26 | റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കിയതിൽ കുറവ് | |
| 2-27 | റോഡ് കട്ടിംഗിന് അനുമതിക്കുള്ള പുതുക്കിയ അപേക്ഷ- തുടർ നടപടി സ്വീകരിച്ചില്ല. | |
| 2-28 | നഗരസഭ വക കടമുറികൾ പുനർ ലേലം/ടെണ്ടർ നടത്താതെ ലൈസൻസ് പാർട്ണർമാരുടെ പേരിലേക്ക് മാറ്റി നൽകുന്നത് വഴി നഗരസഭയ്ക്ക് നഷ്ടം സംഭവിക്കുന്നത് സംബന്ധിച്ച് | |
| **ഭാഗം - 3 ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ** | | |
| 3-1 | ഞെളിയൻപറമ്പ് ഖരമാലിന്യ പ്ലാന്റ് - ബാങ്ക് ഗ്യാരണ്ടി ഹാജരാക്കുന്നതിൽ വീഴ്ച വരുത്തി. | |
| 3-2 | ആർട്ടിസ്റ്റ് സ്മാരകം നിർമാണം - നിർവഹണത്തിലെ അപാകതകൾ | |
| 3-3 | ഭൂമി ഏറ്റെടുക്കൽ കാലതാമസം - കോർപ്പറേഷന് 17 കോടി രൂപയുടെ അധിക ബാദ്ധ്യത. | |
| 3-4 | കേരള സാമൂഹ്യ സുരക്ഷാമിഷന് സംഭാവന നൽകൽ - കൈപ്പറ്റ്/ധനവിനിയോഗ സാക്ഷ്യപത്രം ഇല്ല | |
| 3-5 | ഐ.കെ.എം ൽ നിന്നും ബർത്തിയാക്കിയ പദ്ധതി വിഹിതം കൺസോളിഡേറ്റഡ് ഫണ്ടിൽ അടയ്ക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചു. | |
| 3-6 | അടിസ്ഥാന സൗകര്യം ഒരുക്കാതെ ലേലം ചെയ്തതിനാൽ നഗരസഭയ്ക്ക് നഷ്ടം | |
| 3-7 | നാഗ്ജി ഫുട്ബോൾ ടൂർണ്ണമെന്റ് - ശുചീകരണ, വൈദ്യുതി ചെലവുകൾ നഗരസഭ വഹിച്ചതും, മറ്റപാകതകളും | |
| 3-8 | കൈവശാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കാതെ പെർമിറ്റ് നൽകി | |
| 3-9 | നഗരസഭയിൽ നിക്ഷിപ്തമായ തോട് നിയമവിരുദ്ധമായി സ്വകാര്യ വ്യക്തിക്ക് കൈമാറുന്നു | |
| 3-10 | ജല അതോറിട്ടിയിൽ ഡെപ്പോസിറ്റ് -പദ്ധതി മാർഗ രേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല. | |
| 3-11 | മരാമത്ത് പ്രവൃത്തി നിർവഹണത്തിൽ ചട്ടങ്ങൾ പാലിക്കുന്നതിൽ വീഴ്ച | |
| 3-12 | 2016-17 ബിറ്റുമിൻ പർച്ചേസ് - അപാകതകൾ | |
| 3-13 | തെരുവു വിളക്കുകളുടെ പരിപാലനം - പദ്ധതി നടത്തിപ്പിലെ അപാകതകൾ | |

| | | |
|---|---|---|
| 3-14 | മെഡിക്കൽ കോളേജ് കാമ്പസ് ഗവ. ഹൈസ്കൂൾ - പുതിയ ക്ലാസ്സ് മുറി നിർമ്മാണം - കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ 1997) ചട്ടങ്ങൾ പാലിച്ചില്ല | |
| 3-15 | കുണ്ടുപറമ്പ് പകൽ വീട് - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | |
| 3-16 | വിവിധ പട്ടികജാതി കോളനിയിൽ ലോമാസ്റ്റ് സ്ഥാപിക്കൽ - പ്രോജക്ട് നിർവഹണം - അപാകതകൾ | |
| 3-17 | ഇ- ടെണ്ടറിങ് - സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല | |
| 3-18 | സർക്കാർ സ്കൂളുകൾക്ക് ഫർണീച്ചർ വിതരണം - സർക്കാർ നിർദ്ദേശം പാലിച്ചില്ല. | |
| 3-19 | വിജയോത്സവം - 2017 - പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചില്ല. | |
| 3-20 | കംപ്യൂട്ടർ വാങ്ങൽ-മാർഗ നിർദ്ദേശങ്ങൾ പാലിച്ചില്ല. | |
| 3-21 | സർഗ വാസന പരിപോഷണം-എസ്.എസ്.എ. പദ്ധതിയുമായി ബന്ധിപ്പിക്കാതെ നടപ്പിലാക്കി. | |
| 3-22 | സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിക്ക് വിഹിതം നൽകൽ - പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല. | |
| 3-23 | മേഖല ചുമതലയും പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങളും പാലിക്കാതെ പദ്ധതി നടപ്പാക്കി | |
| 3-24 | വയോജനങ്ങൾക്ക് ആയുർവേദ മരുന്നുവിതരണം : സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി പദ്ധതിതുക ചെലവഴിച്ചു | |
| 3-25 | അങ്കണവാടി പോഷകാഹാരം - യഥാർത്ഥ ചെലവ് 'ചെലവ് പത്രിക'യിൽ ഉൾപ്പെട്ടിട്ടില്ല | |
| 3-26 | .അംഗനവാടി പോഷകാഹാര പദ്ധതി - സി.ഡി.പി.ഒ അർബൻ-1 - അംഗനവാടികൾക്ക് ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനത്തെ ഫുഡ് സേഫ്റ്റി ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയില്ല. | |
| 3-27 | കുടുംബശ്രീ അംഗങ്ങൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് സബ്സിഡി - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ. | |
| 3-28 | പകൽ വീട് - സബ്സിഡി നൽകിയതിലെ അപാകതകൾ | |
| 3-29 | ഭവന പുനരുദ്ധാരണം അപാകങ്ങൾ | |
| 3-30 | സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ടെണ്ടർ നടപടികളില്ലാതെ കമ്പ്യൂട്ടറുകൾ വാങ്ങി | |

| | | |
|---|---|---|
| 3-31 | സർക്കാർ നിർദ്ദേശം പാലിക്കാതെ/ഉറപ്പുവരുത്താതെ ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മാണത്തിന് ധനസഹായം നൽകി | |
| 3-32 | തയ്യൽ , ഫാഷൻ ഡിസൈനിങ്ങ് പരിശീലനം - പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് മുൻപ് മുഴുവൻ തുകയും നൽകി | |
| 3-33 | ഭൂമി വാങ്ങുന്നവർക്ക് ധനസഹായം - അർഹമായതിലും അധികം തുക നൽകി | |
| 3-34 | ക്ലീൻ കേരള സംരംഭകർക്ക് നൽകിയ വാഹനങ്ങൾ -അവ്യക്തതകൾ. | |
| 3-35 | ഹോമിയോ ഡിസ്പെൻസറികളിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമാക്കാത്ത സ്ഥാപനത്തിന് തന്നെ വീണ്ടും അഡ്വാൻസായി മരുന്ന് വിതരണത്തിന് തുക അടവാക്കി. | |
| 3-36 | അലോപ്പൊതി ഡിസ്പെൻസറികളിലേക്ക് മരുന്ന് വാങ്ങൽ - പണം നൽകി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാവാത്തതും മറ്റ് അപാകതകളും. | |
| 3-37 | മത്സ്യത്തൊഴിലാളി കുടുംബത്തിലെ കുട്ടികൾക്ക് ഫർണ്ണിച്ചർ വിതരണം - പ്രൊജക്ട് അപാകതകൾ | |
| 3-38 | പൂർത്തീകരിക്കാത്ത ആശുപത്രി കെട്ടിടത്തിനു വേണ്ടിയുള്ള വാങ്ങൽ-തുക നൽകി, സാധനങ്ങൾ ലഭിച്ചിട്ടില്ല. | |
| 3-39 | കറവ പശു വളർത്തൽ പദ്ധതി - പ്രോജക്ട് നിർവ്വഹണം - അപാകതകൾ | |
| 3-40 | പണി പൂർത്തിയാകാത്ത ABC സെന്ററിലേക്ക് സാധനങ്ങൾ വാങ്ങുന്നതിന് തുക ചെലവഴിച്ചു സാധനങ്ങൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തില്ല. | |
| 3-41 | യഥാർത്ഥ ചെലവ് 'ചെലവ് പത്രിക'യിൽ ഉൾപ്പെടുത്തിയില്ല | |
| 3-42 | തൊഴിൽ രഹിത വേതനം പ്രായപരിധി കവിഞ്ഞവർക്ക് അനുവദിച്ചു | |
| 3-43 | സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | |
| 3-44 | യാത്രാ ബിൽ അനുവദിച്ചതിലെ അപാകതകൾ | |
| 3-45 | യാത്രാബത്ത അധിക തുക നൽകി | |
| 3-46 | പത്ര പരസ്യം - കിഴിവ് അനുവദിക്കാത്തത് സംബന്ധിച്ച്. | |
| 3-47 | വാഹന റിപ്പയർ പ്രവൃത്തിയിൽ ആദായനികുതി ഈടാക്കിയില്ല. | |

| | | |
|---|---|---|
| 3-48 | വാഹന റിപ്പയർ പ്രവൃത്തി - കരാർ വെച്ച് പ്രവൃത്തി നടത്തുന്നതിൽ വൻകാലതാമസം | |
| 3-49 | കോഴിക്കോട് നഗരസഭ - അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (AUEGS)അവലോകനം. | |
| 3-50. | ചെലവഴിക്കാത്ത ഡിമാന്റ് ഡ്രാഫ്റ്റ് തുക ട്രഷറിയിൽ തിരിച്ചടച്ചില്ല | |
| 3-51 | പെൻഷൻ ഫണ്ട് പരിശോധന – നഗരസസഭാ ജീവനക്കാരുടെ പെൻഷൻ ഫണ്ടുകളുടെ പരിപാലനം കാര്യക്ഷമമല്ല | |
| 3-52 | വാർഡ് കമ്മിറ്റി മിനുട്ട്സ്- അപാകതകൾ | |
| 3-53 | മുൻകൂറുകൾ അഡ്ജസ്റ്റ് ചെയ്തതിന്റെ വിവരം ലഭ്യമല്ല | |
| 3-54 | ദുരിതാശ്വാസ നിധി - വരവുകൾ അക്കൌണ്ട് ചെയ്തിട്ടില്ല | |
| **ഭാഗം - 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | | |
| 4-1 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | |
| 4-2 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | |
| 4-3 | വായ്പ തിരിച്ചടവിന്റെ വിവരം | |
| 4-4. | സ്ഥിരം നിക്ഷേപങ്ങൾ | |
| 4-5 | ഓഡിറ്റ് റിക്കവറി | |
| 4-6 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | |
| 4-7 | ഓഡിറ്റ് പ്രത്യവലോകനം | |
| 4-8 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | |
| അനുബന്ധം 1 - ഓഡിറ്റ് സർട്ടിഫിക്കറ്റ് | | |
| അനുബന്ധം 2 - ഖണ്ഡിക 3-1 പ്രകാരമുള്ള നഷ്ടത്തിനുത്തരവാദികളായ കൌൺസിൽ അംഗങ്ങളുടെ പേരുവിവരങ്ങൾ | | |

## ഭാഗം-1 പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 25.03.2017 തിയ്യതിയിലെ കൗൺസിൽ യോഗത്തിൽ അംഗീകരിച്ചു (തീരുമാന നമ്പർ.-1).

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയ്യതി | ലഭിച്ച തിയ്യതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയ്യതി | അപാകത പരിഹരിച്ച് ലഭിച്ച തിയ്യതി |
|---|---|---|---|
| 31.07.2017 | 29.07.2017 | - | - |

(വാർഷിക കണക്കിലെ അപാകതകൾ സംബന്ധിച്ച് ഭാഗം – 2 ൽ ഖണ്ഡിക 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. )

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 32,34,70,467 |
| വരവ് | 2,33,22,62,923 |
| ആകെ | 2,65,57,33,390 |
| ചെലവ് | 2,28,15,38,271 |
| നീക്കിയിരിപ്പ് | 37,41,95,119 |

വാർഷിക ധനകാര്യപത്രികയിലെ റസീറ്റ് & പേയ്മെന്റ് കണക്കുകളുടെ സംക്ഷിപ്തമാണ് മുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ബഡ്ജന്റ് അലോട്ട്മെന്റ് | മുൻ ബാക്കി | തൻവർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് (ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക ഒഴികെ) | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് പോയ തുക |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 336247000 | ഇല്ല | 417570120 | 41,75,70,120 | 29,67,63,360 | 71% | 12,08,06,760 |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (SCP) | 85492000 | ഇല്ല | 85492364 | 8,54,92,364 | 3,68,00,367 | 43% | 4,86,91,997 |
| വികസന ഫണ്ട് (TSP) | | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 20,06,91,000 | ഇല്ല | 20,06,91,147 | 20,06,91,147 | 14,17,23,446 | 70.61% | 5,89,67,701 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 11,33,24,000 | ഇല്ല | 11,33,24,223 | 11,33,24,223 | 5,16,93,000 | 45.62% | 6,16,31,223 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 37,09,53,000 | ഇല്ല | 48,13,31,551 | 48,13,31,551 | 17,76,69,396 | 36.91% | 30,36,62,155 |
| ലോക ബാങ്ക് ധനസഹായം | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

2016-17 ൽ വികസന ഫണ്ട് (പൊതു വിഭാഗം), ധനകാര്യകമ്മീഷൻ ഗ്രാന്റ് എന്നിവയ്ക്ക് ബജറ്റിൽ വകയിരുത്തിയതിലും കൂടുതൽ വരവ് വന്നിട്ടുണ്ട് . വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഫണ്ട് | ബഡ്ജറ്റ് അലോട്ട്മെന്റ് | ബഡ്ജറ്റ് പ്രകാരമുള്ള വരവ് | അധികം വന്നത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 33,62,47,000 | 41,75,70,120 | 8,13,23,120 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 37,09,53,000 | 48,13,31,551 | 11,03,78,551 |

## 1-5 പദ്ധതി അവലോകനം

2016-17 വർഷത്തെ പദ്ധതി ചെലവുകൾ സംബന്ധിച്ച വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| ഡപ്യൂട്ടി ഡയറക്ടർ (കൃഷി) | 5 | 5 | 84,19,137 | 29,35,809 | 34.87% |
| സബ് ഇൻസ്പെകടർ ഓഫ് | 4 | 3 | 92,37,200 | 41,48,990 | 44.92% |

| | | | | | |
|---|---|---|---|---|---|
| ഫിഷറീസ് | | | | | |
| സെക്രട്ടറി, മുനിസിപ്പൽ കോർപ്പറേഷൻ | 7 | 4 | 6,25,54,274 | 5,89,36,177 | 94.22% |
| ഡെപ്യൂട്ടി ഡയറക്ടർ (വിദ്യാഭ്യാസം) | 35 | 10 | 9,00,16,922 | 5,62,77,818 | 62.52% |
| പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 22 | 14 | 6,31,11,232 | 2,52,43,100 | 40% |
| പട്ടികജാതി വികസന ഓഫീസർ | 17 | 15 | 12,02,52,364 | 3,38,85,952 | 28.17% |
| ഹെൽത്ത് ഓഫീസർ (കോർപ്പറേഷൻ) | 24 | 8 | 9,37,26,976 | 1,24,22,983 | 13.25% |
| പ്രിൻസിപ്പാൾ (ഗവ.ഹയർ സെക്കന്ററി സ്കൂൾ) | 2 | 2 | 21,00,000 | 18,33,083 | 87.23% |
| സീനിയർ വെറ്റിനറി സർജൻ | 12 | 10 | 1,87,42,138 | 67,66,025 | 36% |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 52,25,000 | 2,00,000 | 3.83% |
| ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസർ | 18 | 17 | 10,47,36,348 | 8,20,05,869 | 78.3% |
| സൂപ്രണ്ട് (സാമൂഹ്യ ക്ഷേമം) | 1 | 1 | 3,80,000 | 3,78,365 | 99.57% |
| മുനിസിപ്പൽ എഞ്ചിനീയർ | 1069 | 380 | 154,41,20,941 | 41,94,15,398 | 27.16% |

2016-17 വർഷം ബഡ്ജറ്റ് അലോട്ടമെന്റിൽ കുറവ് വന്നിട്ടില്ല. 2016-17 വർഷം ആകെ ബഡ്ജറ്റ് അലോട്ട്മെന്റിൽ 54% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാത്തതുമൂലം ഗ്രാന്റിനത്തിൽ ലഭിച്ച 212,26,22,532 രൂപയിൽ 59,37,59,836 രൂപ സഞ്ചിതനിധിയിലേക്ക് തിരികെ പോയി. 13 നിർവഹണ ഉദ്യോഗസ്ഥരിൽ 8 പേരും 50% ൽ താഴെ മാത്രമാണ് പദ്ധതി തുക ചെലവഴിച്ചത്. സമയബന്ധിതമായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 15.8% ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട് ( നഗരസഭ ലഭ്യമാക്കിയ റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം).

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | % (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 41,09,57,469 | 44,01,72,144 | 2,92,14,675 | (+)7.1% |
| നികുതിയേതര വരവുകൾ | 18,95,89,843 | 25,50,15,037 | 6,54,25,194 | (+)34.5% |
| ആകെ | 60,05,47,312 | 69,51,87,181 | 9,46,39,869 | (+)15.8% |

മുനിസിപ്പൽ കോർപ്പറേഷന്റെ യഥാർത്ഥ തനത് ഫണ്ട് വിശദാംശങ്ങൾ ലഭ്യമല്ലാത്തതു സംബന്ധിച്ചും, തനതുഫണ്ട് ബാങ്ക് അക്കൗണ്ടുകളുടെ ബാഹുല്യത്തെ കുറിച്ചും മുൻവർഷ റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിട്ടുള്ളതാണ്. എന്നാൽ ഈ ബാങ്ക് അക്കൗണ്ടുകളിൽ ഇടപാടുകൾ നടത്താത്തവ ക്ലോസ് ചെയ്യുകയോ, ഉപയോഗിക്കുന്നവ വർഷാവസാനം റീകൺസീലിയേഷൻ നടത്തി കണക്കുകൾ കൃത്യമാക്കുകയോ ചെയ്തിട്ടില്ല. വിവിധ നികുതി നികുതിയേതര വരവുകളുടെ തൻവർഷ ഡിമാന്റ് രജിസ്റ്ററും, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററും കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തിനാൽ ഓഡിറ്റിന് സമർപ്പിച്ച വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ മേൽ കണക്കുകളുടെ നിജസ്ഥിതി പരിശോധിക്കാനായിട്ടില്ല.

**1-7 ക്ഷേമപദ്ധതികൾ**

തൻവർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(വാർഷിക കണക്ക് പ്രകാരം) | ഗുണഭോക്താക്കളുടെഎണ്ണം (കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കിയത്) |
|---|---|---|
| തൊഴിൽരഹിത വേതനം | 28,77,720 | 1735 |
| കർഷകതൊഴിലാളി പെൻഷൻ | 74,63,180/- | 3601 |
| വിധവാപെൻഷൻ | 20,65,28,980/- | 83742 |
| വാർദ്ധക്യകാലപെൻഷൻ | 22,14,50,735/- | 77181 |
| വികലാംഗപെൻഷൻ | 3,31,90,945/- | 15913 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4,19,95,410/- | 12213 |

1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന എല്ലാ മാസവും സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തിയിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ അതാതുസമയം പ്രത്യേക റിപ്പോർട്ടുകളായി കോർപ്പറേഷൻ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

## ഭാഗം - 2 വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വാർഷിക കണക്കിലെ അപാകതകൾ

2016-17 ലെ വാർഷിക കണക്ക് ബന്ധപ്പെട്ട രജിസ്റ്ററുകൾ, ഫയലുകൾ, അനുബന്ധ രേഖകൾ എന്നിവയുമായി ഒത്തുനോക്കി പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകളുള്ളതായി കാണുന്നു.

- നിലവിലില്ലാത്ത അക്കൌണ്ടുകളായ PD1, മുനിസിപ്പൽ ഫണ്ട് (MCF A/c 1), കെ.എസ്.യു.ഡി.പി അക്കൌണ്ട് (അക്കൌണ്ട് നം.67039581131) എന്നിവയിൽ യഥാക്രമം 21,33,854/-,രൂപ 3,73,318/- രൂപ, 1,89,62,425/- രൂപ എന്നിങ്ങനെ വാർഷിക കണക്കിൽ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിട്ടുണ്ട്.
- മേയറുടെ ദുരിതാശ്വാസനിധിയുടെ കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിലെ 100011000900312 നമ്പർ അക്കൌണ്ടിൽ സാമ്പത്തിക വർഷാവസാനം 13,20,703/- രൂപ നീക്കിയിരിപ്പുണ്ട്. ഇത് വാർഷിക കണക്കിൽ നീക്കിയിരിപ്പായി കാണിച്ചിട്ടില്ല.
- വാർഷിക കണക്കു പ്രകാരം സ്ഥിരം നിക്ഷേപം 2,53,31,775/- രൂപയാണ്. ബന്ധപ്പെട്ട രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ ഇതിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല. 23.8.2017 ന് നടത്തിയ സ്ഥിരംനിക്ഷേപ രശീതുകളുടെയും അതുമായി ബന്ധപ്പെട്ട ഫയലിന്റെയും ഭൌതിക പരിശോധനയിൽ താഴെ പറയുന്ന സ്ഥിരം നിക്ഷേപം കോർപ്പറേഷനിൽ ഉള്ളതായി കണ്ടെത്തി.

| ക്രമ നം. | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| 1 | ട്രഷറി സേവിംഗ്സ് ബാങ്ക്, ഫറോക്ക് | 32,95,805 |
| 2 | പഞ്ചാബ് നാഷണൽ ബാങ്ക്, മീഞ്ചന്ത | 5,17,622 |
| 3 | കെ.ഡി.സി. ബാങ്ക്, ബേപ്പൂർ | 3,99,722 |
| 4 | കെ.ഡി.സി. ബാങ്ക്, കല്ലായി | 4,98,064 |
| 5 | കെ.ഡി.സി. ബാങ്ക്, കല്ലായി | 2,64,821 |
| 6 | കെ.ഡി.സി. ബാങ്ക്, കല്ലായി | 2,64,821 |
| 7 | മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ | 1,000 |
| 8 | കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രി | 2,500 |
| 9 | അഡീഷണൽ സബ് ട്രഷറി | 27,39,000 |
| 10 | കെ.ഡി.സി. ബാങ്ക്, ഫറോക്ക് | 4,13,377 |
| 11 | ക്ലീൻ കേരള കമ്പനിയുടെ 107842 മുതൽ 117841 വരെയുള്ള 10,000 രൂപയുടെ 1,000 ഷെയറുകൾ | 1,00,00,000 |
| 12 | ക്ലീൻ കേരള കമ്പനിയുടെ 63516 മുതൽ 73515 വരെയുള്ള 10,000 രൂപയുടെ 1,000 ഷെയറുകൾ | 1,00,00,000 |
| ആകെ | | 2,83,95,732/- |

- രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ 2016-17 വർഷം മുന്നിരിപ്പായി ഉണ്ടായിരുന്ന സ്ഥിരം നിക്ഷേപത്തിന്റെയും തൻവർഷം ആർജ്ജിച്ച പലിശയുടെയും ആകെ നീക്കിയിരിപ്പിന്റയും കൃത്യത ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടില്ല.
- കോർപ്പറേഷൻ വിവിധ പ്രവൃത്തികൾക്ക് 2016-17 വർഷം 8,89,02,911 രൂപ തനതുഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ ചെലവുകൾ ചെയ്യുന്ന പ്രോജക്ട് തയ്യാറാക്കി സുലേഖാ സോഫ്റ്റ് വെയർ മുഖേന പദ്ധതി ചെലവിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ തനതുഫണ്ട് വിഹിതം വകയിരുത്തി പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങാതെയാണ് പദ്ധതി ചെലവുകൾ നിർവഹിച്ചിട്ടുള്ളത്.
- അക്കൌണ്ടിലെ RP11 ഷെഡ്യൂളുകളിൽ 220610100 കോഡിൽ 180 രൂപ മൈനസ് എൻട്രിയായി രേഖപ്പെടുത്തിയിട്ടുണ്ട്.
- RP 6 ഷെഡ്യൂളിൽ 160100105, 160300206 എന്ന് കോഡുകൾ പ്രകാരം യഥാക്രമം 1,90,964 /- രൂപ 3,22,313 /- രൂപ എന്നിങ്ങനെ മൈനസ് എൻട്രി രേഖപ്പെടുത്തിയിരിക്കുന്നു. കോഴിക്കോട് കോർപ്പറേഷനിൽ ലോക ബാങ്ക് ധനസഹായം ലഭിച്ചിട്ടില്ല. എന്നാൽ പ്രസ്തുത ഹെഡിലാണ് 1,90,964 /- രൂപ മൈനസ് എൻട്രി ആയി ചേർത്തിരിക്കുന്നത്.
- ബാങ്ക് ബുക്ക പ്രകാരമുള്ള താഴെ പറയുന്ന നീക്കിയിരിപ്പുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

| ക്രമ നം | അക്കൌണ്ട് | ബാങ്ക് പാസ് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | വാർഷിക കണക്ക പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|
| 1. | 10457892586 (SBI) | 96,368 | 2,07,999 |
| 2. | 57023867271 (SBT Own Fund) | 37,36,692.07 | 1,78,92,152.78 |
| 3. | 0010200000020 (കാരന്തൂർ സർവ്വീസ് സഹകരണ ബാങ്ക്) | 51,915.75 | 50,347 |
| 4. | 31283971081 (SBI) | 1,99,053 | 1,88,781 |
| 5. | 67199277808 (SBT) | 6,508 | 24,05,944 |
| 6. | 67156252512 (SBT) | 47,25,305.92 | 54,22,829 |
| 7. | 57005646627 (SBT സാക്ഷരത) | 295 | ഇല്ല |
| 8. | 852110100105348 (SBI) | 85,320 | 84,634 |
| 9. | 67092113282 (SBI, PYKKA) | 6,49,985 | 6,50,735 |
| 10. | ബേപ്പൂർ സർവ്വീസ് സഹകരണ ബാങ്ക് (no A/c No.) | 4,40,393 | 5,63,871 |
| 11. | 000330350000049 (ഫെറോക്ക് S.C.B) | 11,09,873.40 | 10,02,812 |
| 12. | 673002001 (SBI SSA) | 45,32,415 | 37,48,962 |

| | | | |
|---|---|---|---|
| 13. | TPA-137 | 14,54,823 | 2,24,513 |
| 14. | 142300010543<br>6018 (Salary A/c) | 5,15,354.29 | 87,73,765 |

- ഷെഡ്യൂൾ ബി. 7 പ്രകാരം വിവിധ ഇനങ്ങളിലായി ലഭിച്ച ഡെപ്പോസിറ്റുകളിൽ 26,57,54,459/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഓരോ ഇനങ്ങൾക്കും ഷെഡ്യൂളിൽ ഉൾപ്പെട്ട തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.
- ഷെഡ്യൂൾ ബി 5 പ്രകാരം ഹഡ്കോയിൽ നിന്നുള്ള ലോൺ തിരിച്ചടക്കാൻ അവശേഷിക്കുന്നത് 31,41,631/- രൂപയാണ്. എന്നാൽ ലോൺ രജിസ്റ്റർ പ്രകാരം തിരിച്ചടക്കാൻ അവശേഷിക്കുന്ന തുക 2,35,15,277/- രൂപയാണ്. യഥാർത്ഥത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ള തുകയും വാർഷിക കണക്കിലെ അവശേഷിക്കുന്ന തുകയും തമ്മിൽ 2,02,73,646/- രൂപയുടെ വ്യത്യാസം കാണുന്നു. ബാലൻസ് ഷീറ്റ് പ്രകാരം മറ്റു ധനകാര്യ സ്ഥാപനങ്ങളിലേക്കുള്ള ലോൺ തിരിച്ചടവ് അവശേഷിക്കുന്നത് 8,33,600/- രൂപയുണ്ട്. ഇതു സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
- പ്രധാന വരവിനങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി, പരസ്യ നികുതി എന്നിവക്കും പ്രധാന നികുതിയേതര വരവിനങ്ങളായ ലൈസൻസ് ഫീസ്, വാടക എന്നിവക്കും ഡിമാന്റ് രജ്സ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കാത്തതിനാൽ ഷെഡ്യൂൾ ബി 15 പ്രകാരം പിരിഞ്ഞു കിട്ടാൻ അവശേഷിക്കുന്ന 96,08,58,479/- രൂപയുടെ കൃത്യത ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടില്ല.
- 2015-16 വർഷത്തെ ഷെഡ്യൂൾ ബി 1 പ്രകാരം മുനിസിപ്പൽ (ജനറൽ) ഫണ്ടിന്റെ (കോഡ് നമ്പർ 310) നീക്കിയിരിപ്പ് 1,44,64,22,088 .34 രൂപയാണ്. എന്നാൽ 2016-17 വർഷത്തിൽ മുന്നിരിപ്പായി ഉൾപ്പെടുത്തിയത് 1,43,54,15,297.34 രൂപയാണ്. 1,10,06,791/- രൂപയുടെ വ്യത്യാസം കാണുന്നു.
- ഷെഡ്യൂൾ ബി. 7 ൽ താഴെ പറയുന്ന ഹെഡ്ഡുകളിലെ നീക്കിയിരിപ്പുകൾ 2011-12 മുതൽ മാറ്റമില്ലാതെ ഇപ്പോഴും വാർഷിക കണക്കിൽ കാണുന്നു.

| കോഡ് | ഇനം | തുക | റിമാർക്ക്സ് |
|---|---|---|---|
| 340100301 | കരാറുകാരുടെ റീ ടെൻഷൻതുക (മുനിസിപ്പൽ ഫണ്ട്) | 5,29,468/- | 2012-13 മുതൽ തുടരുന്നു |
| 340100302 | കരാറുകാരുടെ റീ ടെൻഷൻതുക (സ്പെസിഫിക് ഗ്രാന്റ്) | 2,41,882/- | 2011-12 മുതൽ തുടരുന്നു |
| 340100303 | കരാറുകാരുടെ റീ ടെൻഷൻതുക (സ്പെഷ്യൽ ഫണ്ട്) | 2,57,464/- | -ടി- |
| 340100306 | കരാറുകാരുടെ റീ ടെൻഷൻതുക (സ്പെസിഫിക് ഗ്രാന്റ്) | 46,400/- | -ടി- |

വാർഷിക കണക്കിൽ മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-2 വസ്തുനികുതി പരിഷ്കരണം - സർക്കാർ നിർദ്ദേശം വന്ന് ആറു വർഷം കഴിഞ്ഞിട്ടും പ്രാരംഭഘട്ടത്തിൽ - നഗരസഭയ്ക്ക് വരുമാന നഷ്ടം

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 233 ൽ വാർഷികവാടക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി കണക്കാക്കുന്ന രീതി മാറ്റി 07.10.2009 മുതൽ പ്രാബല്യത്തിൽ വന്ന നിയമ ഭേദഗതിയിലെ 233(2)(എ) വകുപ്പ് പ്രകാരം (2009 ലെ 30-ാമത് ഭേദഗതി നിയമം) വസ്തു നികുതി ചുമത്തുന്നതിലേയ്ക്കായി നഗരസഭ പ്രദേശത്തെ കെട്ടിടങ്ങളെ ഉപയോഗക്രമത്തിനനുസരിച്ച് ഏഴ് തരങ്ങളായി തിരിക്കാനും, കെട്ടിടത്തിന്റെ ചതുരശ്രമീറ്ററിലുള്ള തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിക്കാനും, നികുതി ഈടാക്കി തുടങ്ങുന്ന പ്രബല്യത്തിയ്യതി വിജ്ഞാപനം വഴി നിർണ്ണയിക്കാനും സർക്കാരിന് അധികാരം നൽകുന്നു. മേൽ വകുപ്പിനൊപ്പം വകുപ്പ് 230, 231 എന്നിവയിലും, വകുപ്പ് 565 ലും നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച് സർക്കാർ ഉത്തരവ് (അ) നം.17/11/ത.സ്വ.ഭ.വ. തീയതി.14.01.2011 (എസ്.ആർ.ഒ. നം.34/2011) മുനിസിപ്പൽ കോർപ്പറേഷനുകളിലെ ഓരോയിനം കെട്ടിടത്തിനും, അതിന്റെ ഉപവിഭാഗങ്ങൾക്കും ഉപയോഗക്രമത്തിനനുസരിച്ച് ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികളും, സർക്കാർ ഉത്തരവ് (അ)നം.18/11/ത.സ്വ.ഭ.വ തീയതി.14.01.2011 (എസ്.ആർ.ഒ. നം.35/2011) പ്രകാരം കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളും പുറപ്പെടുവിച്ചു. മേൽ ചട്ടത്തിലെ ചട്ടം 4,5 എന്നിവയിൽ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിക്കേണ്ടതിനുള്ള നടപടികളും, നികുതി നിർണ്ണയിക്കേണ്ട രീതിയും വിവരിക്കുന്നു. ചട്ടം 6 ൽ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ട ഇളവുകളേയും വർധനവുകളേയും പറ്റിയും, ചട്ടം 7,8 എന്നിവയിൽ ഈ ആവശ്യത്തിലേയ്ക്ക് മുനിസിപ്പാലിറ്റി പ്രദേശത്തെ വിവിധ മേഖലകളായി തരം തിരിക്കാനും, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ റോഡുകളേയും തരം തിരിച്ച് പൊതുജനങ്ങളുടെ അറിവിലേയ്ക്കായി നോട്ടീസ് പരസ്യപ്പെടുത്താനും നിർദ്ദേശിക്കുന്നു.

### നികുതി പരിഷ്കരണം - നഗരസഭയിലെ തൽസ്ഥിതി

നികുതി പരിഷ്കരണ നടപടികൾ കോർപ്പറേഷനിൽ 2011 സെപ്റ്റംബർ മാസത്തിൽ ആരംഭിച്ചിട്ടുണ്ട്. റവന്യൂ ടാക്സ് വിഭാഗത്തിൽ നിന്നും നിർദ്ദേശിച്ച നികുതി നിരക്കുകളിൽ ചിലതരം കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കിൽ കുറവു വരുത്തി ധനകാര്യ സ്ഥിരം സമിതി തീരുമാനമെടുക്കുകയും(07.2.2012 ലെ തീരുമാനം 24) ഇതിൽ ചില ഭേദഗതികളോടെ ഒന്നര വർഷത്തിന് ശേഷം1/3.10.2013 തീരുമാനപ്രകാരം കൗൺസിൽ അംഗീകരിക്കുകയും ചെയ്തു.

നഗരസഭയിൽ നിലവിലുണ്ടായിരുന്ന 39 റവന്യൂ വാർഡുകളിലെ കെട്ടിടങ്ങൾക്ക് സ.ഉ.(അ)17/2011 തസ്വഭവ തീയതി.14.01.2011 ൽ നിർദ്ദേശിച്ച കുറഞ്ഞതും, കൂടിയതുമായ നിരക്കുകൾക്ക് വിധേയമായ നിരക്കുകളും, എന്നാൽ 2010 ൽ കോർപ്പറേഷനോട് കൂട്ടിച്ചേർക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ പ്രദേശത്ത് ഈ ഉത്തരവിൽ നിർഷ്കർഷിച്ച നിരക്കിലും കുറഞ്ഞ നിരക്കുമാണ് കൗൺസിൽ അംഗീകരിച്ചത്.(ഉദാഹരണമായി പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിനും 100 $m^2$ ന്

മുകളിൽ വരുന്ന വാണിജ്യ കെട്ടിടത്തിനും സർക്കാർ നിശ്ചയിച്ച കുറഞ്ഞ നിരക്ക് യഥാക്രമം 8 രൂപയും 90 രൂപയുമാണ്.എന്നാൽ കൂട്ടിച്ചേർക്കപ്പെട്ട പ്രദേശത്ത് കൌൺസിൽ തീരുമാനമെടുത്തത് യഥാക്രമം 7, 90 എന്നീ നിരക്കുകളാണ്.) ഇത്തരത്തിൽ ചിലതരം കെട്ടിടങ്ങൾക്ക് സർക്കാർ നിർദ്ദേശിച്ചതിലും കുറഞ്ഞ നിരക്ക് ഏർപ്പെടുത്താൻ തീരുമാനിച്ചതിനാൽ, അടിസ്ഥാന വസ്തു നികുതി നിർണ്ണയം അംഗീകരിക്കുന്നതിനായി സർക്കാരിലേയ്ക്ക് അപേക്ഷിക്കാൻ കൗൺസിൽ തീരുമാനമെടുത്തിരുന്നു. (18.10.2013 ലെ എ 1/11552/11 നമ്പർ കത്തു മുഖേന, നഗരസഭാ പ്രദേശത്ത് ഒരേയിനം കെട്ടിടത്തിന് വ്യത്യസ്ത നിരക്കുകൾ നിശ്ചയിച്ചത് മുനിസിപ്പാലിറ്റി നിയമത്തിലെ വകുപ്പ് 233(3) നും,സർക്കാർ ഉത്തരവിനും വിരുദ്ധമാണെന്നും, ആയതിനാൽ ഇത്തരത്തിലുള്ള വിജ്ഞാപനം പരസ്യപ്പെടുത്താൻ സാധിക്കില്ലെന്നും കോർപ്പറേഷൻ സെക്രട്ടറി ബഹു.മേയറുടെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുണ്ട്)കൗൺസിൽ തീരുമാനപ്രകാരം സർക്കാരിലേയ്ക്ക് അപേക്ഷിച്ചിരുന്നുവെങ്കിലും തദ്ദേശ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 8263/ആർ.ഡി 2/14/ത.സ്വ.ഭ.വ തീ.08.07.2014 നമ്പർ കത്തു മുഖേന ഇത്തരത്തിൽ സർക്കാർ ഉത്തരവിലും കുറഞ്ഞ നിരക്ക് നിശ്ചയിച്ചത് അംഗീകരിക്കാനാവില്ലെന്നും, കൗൺസിൽ തീരുമാനം പുന:പരിശോധിക്കണമെന്നും അറിയിച്ചു.

തുടർന്ന് സർക്കാർ ഉത്തരവിലെ പരിധികൾക്ക് വിധേയമായി അടിസ്ഥാന വസ്തു നികുതി നിശ്ചയിച്ചെങ്കിലും (14.08.2014 ലെ കൗൺസിൽ തീരുമാനം 41)ഒരേ തരത്തിൽപ്പെടുന്ന നഗരസഭ പ്രദേശത്തെ കെട്ടിടങ്ങൾക്കും, കൂട്ടിച്ചേർത്ത ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്കും വ്യത്യസ്ത നികുതി നിരക്കുകളാണ് തീരുമാനിച്ചത്.(ഉദാഹരണമായി പാർപ്പിട കെട്ടിടം,100 എം$^2$ ൽ കൂടുതലുള്ള വാണിജ്യ കെട്ടിടം എന്നിവയ്ക്ക് നഗരസഭ പ്രദേശത്ത് യഥാക്രമം 16 രൂപയും,105 രൂപയും എന്നാൽ കൂട്ടിച്ചേർത്ത ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് 8 രൂപയും 90 രൂപയും.) ഒരു നഗരസഭ പ്രദേശത്ത് ഒരേതരം കെട്ടിടങ്ങൾക്ക് വ്യത്യസ്ത നികുതിനിരക്കുകൾ സാധ്യമല്ല എന്ന് ചൂണ്ടിക്കാട്ടി കൗൺസിൽ തീരുമാനം പുന:പരിഗണിക്കാൻ 25.10.2014 ന് സെക്രട്ടറി കുറിപ്പ് നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ ഏകദേശം രണ്ടു വർഷകാലയളവിനു ശേഷം ധനകാര്യ സ്ഥിരം സമിതി സർക്കാർ നിർദ്ദേശിച്ച പ്രകാരമുള്ള നിരക്കുകൾ കൗൺസിലിലേയ്ക്ക് ശുപാർശചെയ്യുകയും (തീരുമാനം 48/11.08.2016), 24.10.2016 ലെ തീരുമാനം 50 പ്രകാരം കൗൺസിൽ അംഗീകരിച്ച്, 10.11.2016 ന് ദിനപത്രങ്ങളിൽ കരട് വിജ്ഞാപനം നടത്തി പൊതുജനങ്ങളിൽ നിന്ന് ആക്ഷേപങ്ങൾ ക്ഷണിക്കുകയും ചെയ്തു. പൊതുജനങ്ങളിൽ നിന്നുള്ള ആക്ഷേപങ്ങൾ പരിഗണിച്ച ശേഷമുള്ള ധനകാര്യ സ്ഥിരം സമിതിയുടെ ശുപാർശയ്ക്ക് 27.01.2017 ലെ കൗൺസിൽ അംഗീകാരം നൽകി(തീരുമാനം 39) 09.03.2017 ന് ദിനപത്രങ്ങളിലൂടെ അന്തിമ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി.

മുനിസിപ്പാലിറ്റി ചട്ടത്തിൽ അനുശാസിക്കും വിധം വസ്തുനികുതിക്കൊപ്പം ഈടാക്കാവുന്ന സേവനഉപനികുതിയും, സർചാർജ്ജും സംബന്ധിച്ച് 32/24.06.2017 ആയി ധനകാര്യ സ്ഥിരം സമിതി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ഓഡിറ്റ് സമയം വരെ ആയതിന് കൗൺസിൽ അംഗീകാരം ലഭിച്ചിട്ടില്ല. കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയുടെ 17.07.2017 ലെ ഉത്തരവു നടപടികളിലൂടെ കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ നൽകുന്ന പ്രവൃത്തി 20.07.2017 ന് ആരംഭിക്കാൻ നിർദ്ദേശിക്കുകയും, 30 ദിവസത്തിനുള്ളിൽ പൂർത്തീരികരിക്കുന്ന രീതിയിൽ ജീവനക്കാരെ

നിയോഗിക്കുകയും ചെയ്തു.1-4-2017 മുതൽ പുതിയ കെട്ടിടങ്ങൾക്ക് തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ നികുതി പരിഷ്കരണം നടപ്പാക്കിയിട്ടില്ല.

പരിഷ്കരണ നടപടികളിലെ അപാകതകൾ

1. അസാധാരണമായ കാലതാമസം:-

നികുതി പരിഷ്കരണം സംബന്ധിച്ച സർക്കാർ നിർദ്ദേശം വന്ന് ആറ് വർഷം പിന്നിടുമ്പോൾ മാത്രമാണ് നികുതി നിരക്കുകൾ നിശ്ചയിച്ചുള്ള അന്തിമ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്. സർക്കാർ നിർദ്ദേശിച്ച നിരക്കിലും കുറഞ്ഞ നിരക്ക് കൗൺസിൽ തീരുമാനിച്ചതും, കോർപ്പറേഷൻ പരിധിയിൽ വ്യത്യസ്ത പ്രദേശത്ത് ഒരേയിനം കെട്ടിടത്തിന് വ്യത്യസ്ത നിരക്ക് നിശ്ചയിച്ചതും ധനകാര്യസ്ഥിരം സമിതിയുടെ തീരുമാനത്തിന്മേൽ ഒന്നര വർഷം കഴിഞ്ഞ് മാത്രം നഗരസഭ കൌൺസിൽ തീരുമാനമെടുത്തതും സെക്രട്ടറി ചൂണ്ടിക്കാട്ടിയ അപാകത തിരുത്തി തീരുമാനമെടുക്കാൻ ധനകാര്യ സ്ഥിരം സമിതി ഒരു വർഷവും 10 മാസവും എടുത്തതും ഈ കാലതാമസത്തിന് കാരണമായിട്ടുണ്ട്. അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സംബന്ധിച്ച് നിരവധി ഉത്തരവുകളും, സ്പഷ്ടീകരണങ്ങളും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ഇവ യഥാസമയം നടപ്പാക്കുന്നതിൽ നഗരസഭ പരാജയപ്പെട്ടിരിക്കുന്നു.

2.അശാസ്ത്രീയമായ മേഖലാ തിരിവ്:-

വസ്തുനികുതി ചട്ടങ്ങളിലെ ചട്ടം 6, പട്ടിക 1 പ്രകാരം അടിസ്ഥാന വസ്തുനികുതിയിന്മേൽ വരുത്തേണ്ട ഇളവുകളും വർദ്ധനവുകൾക്കുമായി ചട്ടം 7 പ്രകാരം മുനിസിപ്പാലിറ്റി പ്രദേശത്തെ മേഖലകളായി തരം തിരിക്കേണ്ടതുണ്ട്. പട്ടിക 1 പ്രകാരം താരതമ്യേന വികസിതമായ പ്രദേശങ്ങളെല്ലാം പ്രഥമ മേഖലയിൽ ഉൾപ്പെടണം. അതായത്, സർക്കാർ അർദ്ധസർക്കാർ ഓഫീസുകൾ, വ്യാപാരസ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മാർക്കറ്റ്, ബസ് സ്റ്റാന്റ് എന്നിവ കൂടുതലുള്ള പ്രദേശങ്ങളെല്ലാം ഇതിലുൾപ്പെടുന്നു. എന്നാൽ കോർപ്പറേഷൻ പ്രദേശത്തെ മേഖലകളായി തരം തിരിച്ചപ്പോൾ 2010 ൽ കോർപ്പറേഷനോട് കൂട്ടിച്ചേർത്ത ചെറുവണ്ണൂർ -നല്ലളം, ബേപ്പൂർ, ഏലത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകളുടെ പ്രദേശങ്ങളെ മുഴുവനായി തൃതീയമായിട്ടാണ് തരം തിരിച്ചത്. ഗ്രാമപഞ്ചായത്തായിരുന്ന കാലഘട്ടത്തിൽ തന്നെ വാണിജ്യ പ്രാധാന്യമുള്ള വികസിത പ്രദേശങ്ങളായി കണക്കാമായിരുന്ന ബേപ്പൂർ, മാത്തോട്ടം, അരക്കിണർ, നല്ലളം, അരീക്കാട്, ഏലത്തൂർ മേഖലകൾ തൃതീയ മേഖലയായി ഉൾപ്പെട്ടതുകൊണ്ടുതന്നെ, ഈയിനത്തിലെ ഇളവ് ലഭിക്കുന്നതു മൂലം (20%) വലിയ നികുതി ശോഷണം സംഭവിക്കുന്നു. ഒരുദാഹരണം താഴെ കൊടുക്കുന്നു,

| | |
|---|---|
| ഫയൽ നമ്പർ | : BZ/TP14/1460/17 |
| കെട്ടിട ഉടമസ്ഥന്റെ പേര് | : ശ്രീ.മുഹമ്മദ് നാസർ, കൊടമ്പാടൻ |
| കെട്ടിടത്തിന്റെ തരം | : വാണിജ്യാവശ്യം |
| കെട്ടിത്തിന്റെ ആകെ വിസ്തീർണ്ണം | : 2750.32 ചതുരശ്ര മീറ്റർ |

കോഴിക്കോട് ബേപ്പൂർ റോഡിൽ അരക്കിണർ ടൗണിന്റെ ഹൃദയഭാഗത്ത് രണ്ടു ബേസ്മെന്റ് നിലകളുൾപ്പെടെ 7 നിലകളുള്ള പ്രസ്തുത കെട്ടിടത്തിൽ 25 മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നൽകി നികുതി നിശ്ചയിച്ചത് ചുവടെ ചേർക്കും പ്രകാരമാണ്.

| റൂം നമ്പർ/ വിസ്തീർണ്ണം | ബാധക മായ നികുതി നിരക്ക് | നിശ്ച യിച്ച അടി സ്ഥാന വാർഷിക വസ്തു നികുതി | അടിസ്ഥാന വസ്തു നികുതി യിന്മേലുള്ള ഇളവുകൾ **(തൃതീയ മേഖല 20%)** | അടിസ്ഥാന വസ്തു നികുതിയിന്മേലുള്ള വർദ്ധനവ് (20% വഴിസൗകര്യം 15% തറനിർമ്മിതി) | ചുമത്തിയ വാർഷിക വസ്തുനികുതി | ഗ്രന്ഥശാലാ വരി 5% | ആകെ നികുതി |
|---|---|---|---|---|---|---|---|
| 787 B 388.17 ച.മീ തറനില | 150 | 58226 | 11645 | 20379 | 66960 | 3348 | 70308 |
| 787 C 115.84 ച.മീ തറനില | 150 | 17376 | 3475 | 6082 | 19983 | 999 | 20982 |
| 787 C1 52.84 ച.മീ തറനില | 150 | 7926 | 1585 | 2774 | 9115 | 456 | 9571 |
| 787 C2 52.63 ച.മീ തറനില | 150 | 7895 | 1579 | 2763 | 9079 | 454 | 9533 |
| 787 C3 45.58 ച.മീ തറനില | 150 | 6837 | 1367 | 2393 | 7863 | 393 | 8256 |
| 787 C4 68.69 ച.മീ തറനില | 150 | 10304 | 2061 | 3606 | 11849 | 592 | 12441 |
| 787 D 162.27 ച.മീ നില 1 | 150 | 24341 | 4868 | 8519 | 26592 (ഒന്നാം നിലയ്ക്കുള്ള 5% കിഴിവ് കിഴിച്ച്) | 1330 | 27922 |
| 787 D1 43.24 ച.മീ നില 1 | 150 | 6486 | 1297 | 2270 | 7086 -ടി- | 354 | 7440 |

| | | | | | | | |
|---|---|---|---|---|---|---|---|
| 787 D2<br>161.46 ച.മീ<br>നില 1 | 150 | 24219 | 4844 | 8477 | 26460<br>-ടി- | 1323 | 27783 |
| 787 D3<br>100.81 ച.മീ<br>നില 1 | 150 | 15122 | 3024 | 5293 | 16521<br>-ടി- | 826 | 17347 |
| 787 D4<br>46.54 ച.മീ<br>നില 1 | 150 | 6981 | 1396 | 2443 | 7627<br>-ടി- | 381 | 8008 |
| 787 D5<br>50.22 ച.മീ<br>നില 1 | 150 | 7533 | 1507 | 2637 | 8230<br>-ടി- | 412 | 8642 |
| 787 D6<br>95.48 ച.മീ<br>നില 1 | 150 | 14322 | 2864 | 5013 | 15648<br>-ടി- | 782 | 16430 |
| 787 E<br>159.22 ച.മീ<br>നില 2 | 150 | 23883 | 4777 | 8359 | 24719<br>(രണ്ടാം നിലയ്ക്കുള്ള 10% കിഴിവ് കിഴിച്ച്) | 1236 | 25955 |
| 787 E1<br>130.11 ച.മീ<br>നില 2 | 150 | 19517 | 3903 | 6831 | 20201<br>-ടി- | 1010 | 21211 |
| 787 E2<br>53.59 ച.മീ<br>നില 2 | 150 | 8039 | 1608 | 2814 | 8321<br>-ടി- | 416 | 8737 |
| 787 E3<br>90.95 ച.മീ<br>നില 2 | 150 | 13643 | 2729 | 4775 | 14120<br>-ടി- | 706 | 14826 |
| 787 E4<br>63.13 ച.മീ<br>നില 2 | 150 | 9470 | 1894 | 3315 | 9802<br>-ടി- | 490 | 10292 |
| 787 E5<br>69.67 ച.മീ<br>നില 2 | 150 | 10451 | 2090 | 3658 | 10817<br>-ടി- | 541 | 11358 |
| 787 E6<br>89.97 ച.മീ<br>നില 2 | 150 | 13496 | 2699 | 4724 | 13969<br>-ടി- | 698 | 14667 |

| | | | | | | | |
|---|---|---|---|---|---|---|---|
| 787 F<br>363.95 ച.മീ<br>നില 3 | 150 | 54593 | 10919 | 19108 | 53365<br>(മൂന്നാം നിലയ്ക്കുള്ള 15% കിഴിവ് കിഴിച്ച്) | 2668 | 56033 |
| 787 F1<br>131.69 ച.മീ<br>നില 3 | 150 | 19754 | 3951 | 6914 | 19310<br>-ടി- | 966 | 20276 |
| 787 F2<br>53.61 ച.മീ<br>നില 3 | 150 | 8042 | 1608 | 2815 | 7862<br>-ടി- | 393 | 8255 |
| 787 F3<br>91.08 ച.മീ<br>നില 3 | 150 | 13662 | 2732 | 4782 | 13355<br>-ടി- | 668 | 14023 |
| 787 F4<br>69.58 ച.മീ<br>നില 3 | 150 | 10437 | 2087 | 3653 | 10203<br>-ടി- | 510 | 10713 |
| ആകെ കിഴിവ് | | | 82509 | | | | |

മേൽ വിവരിച്ച പ്രകാരം പ്രസ്തുത കെട്ടിടം തൃതീയ മേഖലയിലായതിനാൽ ആകെ 82509 രൂപയുടെ നികുതിയിളവ് ഒരു വർഷം ഉടമസ്ഥന് ലഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ അശാസ്ത്രീയമായ മേഖല വിഭജനം മൂലം കോർപ്പറേഷനിൽ വളരെയധികം നികുതി നഷ്ടം സംഭവിക്കുന്നുണ്ട്.

3.<u>അന്തിമ വിജ്ഞാപനത്തിലെ പിഴവ്</u>:-

27.04.2015, 16.12.2015 എന്നീ തിയ്യതികളിലെ സർക്കാർ ഉത്തരവുകൾ(എം.എസ്.) 144/15/ത.സ്വ.ഭ.വ., 358/15/ത.സ്വ.ഭ.വ. എന്നിവയിൽ 2000 ചതുരശ്ര അടി വരെ(**185 ചതുരശ്ര മീറ്റർ**) വിസ്തീർണ്ണമുള്ള ഗാർഹിക കെട്ടിടങ്ങൾക്ക് 01.04.2013 ന് മുമ്പുണ്ടായിരുന്ന(ഘടനയിൽ മാറ്റം വരുത്തുകയോ, കൂട്ടിച്ചേർക്കലുകൾ നടത്തുകയോ ചെയ്യാത്തവയ്ക്ക്) നികുതി ഈടാക്കിയാൽ മതിയെന്ന് (നികുതി വ്രധനവ് ആവശ്യമില്ല)നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ നിന്നും വ്യത്യസ്തമായി **200 ചതുരശ്ര മീറ്ററിന്** മുകളിലുള്ള ഗാർഹിക കെട്ടിടങ്ങൾക്ക് 01.04.2013 മുതൽ തറവിസ്തീർണ്ണാടിസ്ഥാനത്തിൽ നികുതിയിടാക്കുന്നതായാണ് കോർപ്പറേഷൻ പ്രസിദ്ധപ്പെടുത്തിയ അന്തിമ വിജ്ഞാപനത്തിൽ പരസ്യപ്പെടുത്തിയത്. സർക്കാർ നിർദ്ദേശിച്ചതിൽ നിന്നും അധികം വിസ്തീർണ്ണം ഉള്ള കെട്ടിടങ്ങളെ നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കിക്കൊണ്ട് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചത് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധവും നഗരസഭയ്ക്ക് നികുതി വർദ്ധനവ് വഴി ലഭിക്കേണ്ട അധിക വരുമാനം ഇല്ലാതാക്കുന്നതുമാണ്.

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 4(1) പ്രകാരം, ഓരോ ഇനം കെട്ടിടത്തിനും, **സർക്കാർ അവയുടെ**

**ഉപവിഭാഗങ്ങൾ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ** അവയ്ക്കും സർക്കാർ നിശ്ചയിച്ച അടിസ്ഥാന വസ്തു നികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി, നികുതി നിരക്കുകൾ പ്രമേയം മൂലം മുനിസിപ്പാലിറ്റി നിശ്ചയിക്കണം. ഇതു പ്രകാരം കോർപ്പറേഷനിൽ നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ടെങ്കിലും ഓരോ ഇനം കെട്ടിടങ്ങൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഉപവിഭാഗങ്ങൾ മുഴുവനായി ഉൾപ്പെടുത്താതെയാണ് അന്തിമ വിജ്ഞാപനം പരസ്യപ്പെടുത്തിയിരിക്കുന്നത്. ഉദാഹരണമായി, സർക്കാർ ഉത്തരവ് 17/2011/ത.സ്വ.ഭ.വ.യിൽ വാണിജ്യാവശ്യത്തിനുള്ള (i), (ii) ഉപവിഭാഗങ്ങളിൽ ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നിവയും, ഉപവിഭാഗം (v)ൽ ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്ററുകൾ, ഫ്യൂവൽ സ്റ്റേഷനുകൾ എന്നിവ പ്രത്യേകം ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കോർപ്പറേഷൻ നടത്തിയ വിജ്ഞാപനത്തിൽ ആദ്യ രണ്ടു വിഭാഗങ്ങളിൽ ഉപവിഭാഗം കാണിക്കാതെ വാണിജ്യാവശ്യത്തിനുള്ളവ എന്നും, വിഭാഗം അഞ്ചിൽ ബങ്കുകൾ, പെട്ടിക്കടകൾ എന്നിവ മാത്രവും ഉൾപ്പെടുത്തി. ഇതേ രീതിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉപവിഭാഗം തിരിക്കാതെ എല്ലാ വിഭാഗം കെട്ടിടത്തിനും ഒരു നിരക്കാണ് നിശ്ചയിച്ചിരിക്കുന്നത്. സർക്കാർ ഉത്തരവിൽ ഉപവിഭാഗം (i)ൽ പെടുന്ന വ്യവസായങ്ങൾക്ക് (കൈത്തറി ഷെഡ്, കയർ പിരിഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ് തുടങ്ങി ഇഷ്ടിക ചൂള, തടിമിൽ വരെയുള്ളവ)നിർദ്ദേശിച്ചിരിക്കുന്ന നിരക്കായ 40 രൂപയാണ്(കൂടിയ നിരക്ക്) കോർപ്പറേഷനിൽ എല്ലാ വിഭാഗം വ്യവസായങ്ങൾക്കും നിശ്ചയിച്ചിരിക്കുന്നത്. സർക്കാർ നിർദ്ദേശത്തിൽ ഇതര വ്യവസായങ്ങൾക്കുള്ള ഏറ്റവും കുറഞ്ഞ നിരക്ക് 50 രൂപയും, കൂടിയ നിരക്ക് 90 രൂപയുമാണ്. കോർപ്പറേഷൻ പ്രദേശത്ത് സർക്കാർ ഉത്തരവിലെ ഉപവിഭാഗം (ii) ൽ ഉൾപ്പെടുന്ന ഇതര വ്യവസായങ്ങൾ ധാരാളം ഉണ്ടെന്നിരിക്കെ, ഉപവിഭാഗം തിരിക്കാതെ നിരക്ക് നിശ്ചയിച്ചതുമൂലം വൻനികുതി ചോർച്ചക്ക് കാരണമാകും.

4.വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ:-

2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതി സർചാർജ്ജും) ചട്ടങ്ങളിലെ, ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പടെ)വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ **തക്കതായ കാരണങ്ങളാൽ** ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പരുകൾ നൽകിയിട്ടുണ്ടെങ്കിലോ, ഒരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ്. ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1)ൽ പരാമർശിക്കുന്ന തരത്തിൽ **വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക്** ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരൊന്നിനും വസ്തുനികുതി ചുമത്തേണ്ടതാണ്.

മേൽ വിവരിച്ച നിയമ വ്യവസ്ഥകൾ നിലനിൽക്കേയാണ് നഗരസഭ പരിധിയിൽ 100 ച.മീ വിസ്തൃതിക്കു മുകളിൽ നിർമ്മാണം പൂർത്തീകരിക്കുന്ന വാണിജ്യ കെട്ടിടങ്ങളിലെ മുറികൾക്ക് (ഉപയോഗക്രമത്തിൽ വ്യത്യാസമില്ലാത്ത) ഒരോന്നിനും പ്രത്യേക നമ്പർ അനുവദിക്കുന്നത്. ഒരു വ്യക്തിയുടെ തന്നെ കെട്ടിടത്തിലെ വിവിധ മുറികൾക്ക് ഇപ്രകാരം നമ്പർ നൽകുന്നത് വഴി നികുതി നിർണ്ണയിക്കുമ്പോൾ 100 ചതുരശ്ര മീറ്ററിനു താഴെ വരികയും നിയമപരമായി നഗരസഭ ഫണ്ടിന്

ലഭിക്കേണ്ട നികുതിയിൽ കുറവ് വരുകയും ചെയ്യുന്നു. നഗരസഭ പരിധിയിലെ 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണം വരുന്ന വാണിജ്യ ആവശ്യത്തിനു ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 105/- രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു താഴെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 90/- രൂപ നിരക്കിലുമാണ് നികുതി ഈടാക്കുവാൻ നിശ്ചയിച്ചിട്ടുള്ളത്.(200 ച.മീ. വരെയുള്ള സൂപ്പർമാർക്കറ്റുകളാണെങ്കിൽ 90 രൂപയും, 200 ച.മീ. കൂടുതലുള്ളവയ്ക്ക് 150 രൂപയുമാണ്) എന്നാൽ താഴെ പറയുന്ന കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങൾക്ക് വിവിധ നമ്പർ നൽകി വസ്തു നികുതി ഈടാക്കിയപ്പോൾ ഓരോ ഒക്യുപ്പൻസിയുടെ വിസ്തീർണത്തിനും കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണയിച്ചതായി കാണുന്നു.

- ഫയൽ നം - എ 6/ടി.പി.5/49782/16

  (ജാമിയ നൂരിയ അറബിക് കോളേജ് വാണിജ്യ കെട്ടിടം)

- ഉടമയുടെ പേര് - ശ്രീ.സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ & സയ്യിദ് സാദിഖ് അലി
- പെർമിറ്റ് നം, തീയ്യതി - ടി.പി.5-ബി.എ.(7519)2017, 20.02.2017
- സർവ്വേ നം. - 8-331, ആർ-9-10-331
- സ്ഥല വിസ്തീർണ്ണം - 11.75 ആർ
- തറ നില വിസ്തീർണ്ണം - 252.43 ച.മീ.
- ഒന്നാം നില വിസ്തീർണ്ണം - 284.96 ച.മീ.
- നികുതി പ്രാബല്യത്തിൽ വന്ന തീയ്യതി - 01.10.2016
- നികുതി അടവാക്കിയ തീയ്യതി, രശീതി നം - Z/121535/31.07.2017 - 7723/-

  Z/121536/31.07.2017 - 8854/-

  Z/121537/31.07.2017 - 7586/-

  Z/121538/31.07.2017 - 8067/-

| കെട്ടിട നം | ഈടാക്കിയ നികുതി (ച.മീറ്ററിനു)+ ലൈ. സെസ്സ്(5%) | ഈടാക്കേണ്ട നികുതി (ച.മീറ്ററിനു)+ ലൈ. സെസ്സ് | കുറവ് വന്ന നികുതി | ലൈ. സെസ്സ് |
|---|---|---|---|---|
| 9/862 R<br>തറ നില | 24.22 X90 =2180<br>20% വർദ്ധനവോടെ=2616<br>2616+131 (LC)=2747 | 24.22 X105 =2543<br>20% വർദ്ധനവോടെ=3052<br>3052+153 (LC)=3205 | 436 | 22 |
| 9/862 R1<br>തറ നില | 22.27 X90=2004<br>20% വർദ്ധനവോടെ=2405 | 22.27 X105 =2338<br>20% വർദ്ധനവോടെ=2806 | 401 | 20 |

| | | | | |
|---|---|---|---|---|
| | 2405+120 (LC)=2525 | 2806+140 (LC)=2946 | | |
| 9/862 R2<br>തറ നില | 24.26 X90=2183<br>20% വർദ്ധനവോടെ=2620<br>2620+131 (LC)=2751 | 24.26X105=2547<br>20% വർദ്ധനവോടെ=3056<br>3056+153 (LC)=3209 | 436 | 22 |
| 9/862 R3<br>തറ നില | 25.94 X90=2335<br>20% വർദ്ധനവോടെ=2802<br>2802+140(LC)=2942 | 25.94 X105=2724<br>20% വർദ്ധനവോടെ=3269<br>3269+163(LC)=3432 | 467 | 23 |
| 9/862 R4<br>തറ നില | 16.47 X90=1482<br>20% വർദ്ധനവോടെ=1778<br>1778+89(LC)=1867 | 16.47 X105=1729<br>20% വർദ്ധനവോടെ=2075<br>2075+104(LC)=2179 | 297 | 15 |
| 9/862 R5<br>തറ നില | 23.02 X90=2072<br>20% വർദ്ധനവോടെ=2486<br>2486 +124(LC)=2610 | 23.02 X105=2417<br>20% വർദ്ധനവോടെ=2900<br>2900 +145(LC)=3045 | 414 | 21 |
| 9/862 R6<br>തറ നില | 31.33 X90=2820<br>20% വർദ്ധനവോടെ=3384<br>3384 +169(LC)=3553 | 31.33 X105=3290<br>20% വർദ്ധനവോടെ=3948<br>3948 +197(LC)=4145 | 564 | 28 |
| 9/862 R7<br>തറ നില | 23.67 X90=2130<br>20% വർദ്ധനവോടെ=2556<br>2556 +128(LC)=2684 | 23.67 X105=2485<br>20% വർദ്ധനവോടെ=2982<br>2982 +149(LC)=3131 | 426 | 21 |
| 9/862 R8<br>തറ നില | 24.00 X90=2160<br>20% വർദ്ധനവോടെ=2592<br>2592 +130(LC)=2722 | 24.00 X105=2520<br>20% വർദ്ധനവോടെ=3024<br>3024 +151(LC)=3175 | 432 | 21 |
| 9/862 R9<br>തറ നില | 25.53 X90=2298<br>20% വർദ്ധനവോടെ=2758<br>2758+138(LC)=2896 | 25.53 X105=2681<br>20% വർദ്ധനവോടെ=3217<br>3217 +161(LC)=3378 | 459 | 23 |
| 9/862 R10<br>തറ നില | 25.32 X90=2279<br>20% വർദ്ധനവോടെ=2735<br>2735 +137(LC)=2872 | 25.32 X105=2659<br>20% വർദ്ധനവോടെ=3191<br>3191 +160(LC)=3351 | 456 | 23 |
| 9/862 R11<br>തറ നില | 26.28 X90=2365<br>20% വർദ്ധനവോടെ=2838<br>2838 +142(LC)=2980 | 26.28 X105=2759<br>20% വർദ്ധനവോടെ=3311<br>3311 +166(LC)=3477 | 473 | 24 |
| 9/862 R12 | 24.22 X90=2180 | 24.22 X105=2543 | 414 | 21 |

| | | | | |
|---|---|---|---|---|
| ഒന്നാം നില | 20% വർദ്ധനവോടെ=2616<br>ഒന്നാംനില ഇളവോടെ=2485<br>2485+124(LC)=2609 | 20% വർദ്ധനവോടെ=3052<br>ഒന്നാംനില<br>ഇളവോടെ=2899<br>2899+145(LC)=3044 | | |
| 9/862 R13<br>ഒന്നാം നില | 22.27 X90=2004<br>20% വർദ്ധനവോടെ=2405<br>ഒന്നാംനില ഇളവോടെ=2285<br>2285+114(LC)=2399 | 22.27 X105=2338<br>20% വർദ്ധനവോടെ=2806<br>ഒന്നാംനില<br>ഇളവോടെ=2666<br>2666+133(LC)=2799 | 381 | 19 |
| 9/862 R14<br>ഒന്നാം നില | 24.36 X90=2192<br>20% വർദ്ധനവോടെ=2630<br>ഒന്നാംനില ഇളവോടെ=2499<br>2499+125(LC)=2624 | 24.36 X105=2558<br>20% വർദ്ധനവോടെ=3070<br>ഒന്നാംനില<br>ഇളവോടെ=2916<br>2916+146(LC)=3062 | 417 | 21 |
| 9/862 R15<br>ഒന്നാം നില | 22.41 X90=2017<br>20% വർദ്ധനവോടെ=2420<br>ഒന്നാംനില ഇളവോടെ=2299<br>2299+115LC)=2414 | 22.41 X105=2353<br>20% വർദ്ധനവോടെ=2824<br>ഒന്നാംനില<br>ഇളവോടെ=2683<br>2683+134(LC)=2817 | 384 | 19 |
| 9/862 R16<br>ഒന്നാം നില | 24.07 X90=2166<br>20% വർദ്ധനവോടെ=2599<br>ഒന്നാംനില ഇളവോടെ=2469<br>2469+123LC)=2592 | 24.07 X105=2527<br>20% വർദ്ധനവോടെ=3032<br>ഒന്നാംനില<br>ഇളവോടെ=2880<br>2880+144(LC)=3024 | 411 | 21 |
| 9/862 R17<br>ഒന്നാം നില | 23.49 X90=2114<br>20% വർദ്ധനവോടെ=2537<br>ഒന്നാംനില ഇളവോടെ=2410<br>2410+121(LC)=2531 | 23.49 X105=2466<br>20% വർദ്ധനവോടെ=2959<br>ഒന്നാംനില<br>ഇളവോടെ=2811<br>2811+141(LC)=2952 | 401 | 20 |
| 9/862 R18<br>ഒന്നാം നില | 31.33 X90=2820<br>20% വർദ്ധനവോടെ=3384<br>ഒന്നാംനില ഇളവോടെ=3215<br>3215+161(LC)=3376 | 31.33 X105=3290<br>20% വർദ്ധനവോടെ=3948<br>ഒന്നാംനില<br>ഇളവോടെ=3751<br>3751+188(LC)=3939 | 536 | 27 |
| 9/862 R19 | 23.67 X90=2130 | 23.67 X105=2485 | 405 | 21 |

| | | | | |
|---|---|---|---|---|
| ഒന്നാം നില | 20% വർദ്ധനവോടെ=2556<br>ഒന്നാംനില ഇളവോടെ=2428<br>2428+121(LC)=2549 | 20% വർദ്ധനവോടെ=2982<br>ഒന്നാംനില<br>ഇളവോടെ=2833<br>2833+142(LC)=2975 | | |
| 9/862 R20<br>ഒന്നാം നില | 24 X90=2160<br>20% വർദ്ധനവോടെ=2592<br>ഒന്നാംനില ഇളവോടെ=2462<br>2462+123(LC)=2585 | 24 X105=2520<br>20% വർദ്ധനവോടെ=3024<br>ഒന്നാംനില<br>ഇളവോടെ=2873<br>2873+144(LC)=3017 | 411 | 21 |
| 9/862 R21<br>ഒന്നാം നില | 25.53 X90=2298<br>20% വർദ്ധനവോടെ=2758<br>ഒന്നാംനില ഇളവോടെ=2620<br>2620+131(LC)=2751 | 25.53 X105=2681<br>20% വർദ്ധനവോടെ=3217<br>ഒന്നാംനില<br>ഇളവോടെ=3056<br>3056+153(LC)=3209 | 436 | 22 |
| 9/862 R22<br>ഒന്നാം നില | 25.27 X90=2274<br>20% വർദ്ധനവോടെ=2729<br>ഒന്നാംനില ഇളവോടെ=2593<br>2593+130(LC)=2723 | 25.27 X105=2653<br>20% വർദ്ധനവോടെ=3184<br>ഒന്നാംനില<br>ഇളവോടെ=3025<br>3025+151(LC)=3176 | 432 | 21 |
| 9/862 R23<br>ഒന്നാം നില | 20.86 X90=1877<br>20% വർദ്ധനവോടെ=2252<br>ഒന്നാംനില ഇളവോടെ=2139<br>2139+107(LC)=2246 | 20.86 X105=2190<br>20% വർദ്ധനവോടെ=2628<br>ഒന്നാംനില<br>ഇളവോടെ=2497<br>2497+125(LC)=2622 | 358 | 18 |
| ആകെ കുറവ് | | | 10247 | 514 |

മേൽ വിവരിച്ച രീതിയിൽ ഒരു കെട്ടിടത്തിൽ നിന്നും മാത്രം ഒരു വർഷം 10247 രൂപയുടെ നികുതി നഷ്ടം നഗരസഭയ്ക്ക് ഉണ്ടാകുന്നുണ്ട്. നഗരസഭ പരിധിയിലെ വാണിജ്യ കെട്ടിടങ്ങളിൽ മേൽ വിവരിച്ച രീതിയിൽ കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയതും നിർണയിച്ചതുമായ കെട്ടിടങ്ങളെ കൂടുതൽ പരിശോധന നടത്തി കണ്ടെത്തി, ഈ ഇനത്തിൽ വരുന്ന നഷ്ടം നികത്താനുള്ള ശ്രമങ്ങൾ അടിയന്തിരമായി നടത്തേണ്ടതാണ്.

5.സഞ്ചയ സോഫ്റ്റ് വെയർ പരിഷ്കരിച്ചിട്ടില്ല:-

01.04.2017 മുതൽ പുതിയ കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്റർ അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയിക്കുന്നുണ്ടെങ്കിലും ഇതു ചെയ്യുന്നതിനുതകും വിധം സഞ്ചയ സോഫ്റ്റ് വെയർ പരിഷ്കരിച്ചിട്ടില്ല. (അതായത് വെബ് ബേസ്ഡ് സഞ്ചയയിലേയ്ക്ക് മാറിയിട്ടില്ല) ഉടമസ്ഥരിൽ നിന്നും ഫോറം 2 ൽ

റിട്ടേണുകൾ വാങ്ങി, ഫോറം 6 പ്രകാരം കോർപ്പറേഷനിൽ നിന്നും നികുതി നിശ്ചയിച്ച്, ആകെ തുക നികുതിയായി സഞ്ചയയിലേയ്ക്ക് ഉൾപ്പെടുത്തുകയാണ് ചെയ്തു വരുന്നത്. സഞ്ചയയിൽ (ലോക്കൽ)ലഭ്യമായ വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിലുള്ള ഫോറത്തിൽ വാർഷിക വാടക മൂല്യം 'പൂജ്യം' ആയി ഉൾപ്പെടുത്തി നികുതിതുക മാത്രം(ചതുരശ്ര മീറ്റർ അടിസ്ഥാനത്തിലുള്ളത്)ഉൾപ്പെടുത്തുന്നു. നിലവിലെ സ്ഥിതിയനുസരിച്ച് കെട്ടിടങ്ങളുടെ നമ്പറിംഗ് പ്രവൃത്തി പൂർത്തീകരിച്ചാൽ മാത്രമേ സഞ്ചയ വെബ് ബേസിഡ് ആയി പരിഷ്കരിക്കാൻ സാധിക്കു.

സർക്കാർ നിർദ്ദേശം വന്ന് ആറു വർഷം കഴിഞ്ഞിട്ടും വസ്തു നികുതി പരിഷ്കരണം പ്രഥമിക ഘട്ടത്തിൽ തന്നെ നിൽക്കുന്നത് നഗരസഭയുടെ ഭാഗത്തു നിന്നുള്ള ഗുരുതര വീഴ്ചയാണ്. മേൽ വിവരിച്ച രീതികളിൽ നഗരസഭയ്ക്കുണ്ടാകുന്ന നികുതി നഷ്ടങ്ങൾ പരിശോധിച്ച് നഗരസഭയുടെ സാമ്പത്തിക താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ഒഴിഞ്ഞ് കിടക്കുന്നതു മൂലം വസ്തുനികുതി ഇളവ് - ചട്ടവിരുദ്ധമായി നികുതി ഇളവ് അനുവദിച്ചു

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 239, 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവനഉപനികുതിയും സർചാർജ്ജും)ചട്ടങ്ങൾ, ചട്ടം 21 എന്നിവ പ്രകാരം സാധാരണയായി വാടകയ്ക്ക് കൊടുക്കുന്നതോ, ഉടമസ്ഥൻ തന്നെ താമസിക്കുന്നതോ ആയ കെട്ടിടം ഒരു അർദ്ധവർഷത്തിൽ ഒഴിഞ്ഞും വാടകയ്ക്ക് കൊടുക്കാതെയും കിടന്നിരുന്നാൽ ആ അർദ്ധവർഷത്തേയ്ക്കുള്ള നികുതി ഇളവ് ചെയ്ത് കിട്ടുന്നതിന് ഉടമസ്ഥന് അവകാശമുണ്ടായിരിക്കുന്നതാണ്. ഇതിനായി കെട്ടിടത്തിന്റെ ഉടമസ്ഥനോ അയാളുടെ ഏജന്റോ കെട്ടിടം ഒഴിഞ്ഞും വാടകയ്ക്ക് കൊടുക്കപ്പെടാതെയും കിടക്കുകയാണെന്നോ, നോട്ടീസ് കൊടുക്കുന്ന അർദ്ധവർഷത്തിലോ, തുടർന്നുള്ള അർദ്ധവർഷത്തിലോ ഒരു പ്രത്യേക തിയ്യതി മുതൽ കെട്ടിടം ഒഴിയുകയും വാടകയ്ക്ക് കൊടുക്കപ്പെടാതെയും ചെയ്യുമെന്ന് നേരത്തേ തന്നെ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകേണ്ടതാണ്. ഇത്തരത്തിൽ നേരത്തേ തന്നെ നോട്ടീസ് നൽകാതെ ഈയിളവ് ലഭിക്കുന്നതല്ല. മേൽ വിവരിച്ച ചട്ടത്തിൽ ഉപചട്ടം മൂന്നു പ്രകാരം ഇപ്രകാരം അനുവദിക്കുന്ന ഏതൊരിളവും ഫാറം 11 ലുള്ള നികുതിയിളവ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. ഫാറം 11 ലെ രജിസ്റ്ററിൽ വാർഷിക വസ്തു നികുതി, അപേക്ഷകനിൽ നിന്നും നോട്ടീസ് ലഭിച്ച തിയ്യതി, കെട്ടിടം ഒഴിഞ്ഞു കിടക്കുന്ന കാലയളവും ദിവസങ്ങളും, നികുതിയിളവ് അനുവദിക്കുന്ന ദിവസങ്ങൾ, അനുവദിച്ച നികുതിയിളവ് (പരമാവധി അർദ്ധവാർഷിക നികുതി)എന്നിവ ഉൾപ്പെട്ടിരിക്കണം.

ബേപ്പൂർ മേഖലാ ഓഫീസിനു കീഴിൽ 2016-17 കാലയളവിൽ വിവിധ വ്യക്തികൾക്ക് മേൽ ചട്ട പ്രകാരമുള്ള നികുതിയിളവ് നൽകിയിട്ടുണ്ട്. ആയതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- വാർഡ് 10 ലെ 818Z, Z1, Z2, Z3, Z4, Z5, Z6 & Z7 എന്നീ നമ്പറുകളിലുള്ള 5 ഫ്ലാറ്റുകൾക്കും, 3 ഷോപ്പ് മുറികൾക്കും ഒഴിഞ്ഞു കിടക്കുന്നതു മൂലമുള്ള നികുതിയിളവ് ലഭ്യമാക്കണമെന്ന് കാണിച്ച് 8.9.2016 നം(2016-17 ഒന്നാം അർദ്ധവർഷത്തേയ്ക്ക്), 26.9.2016 നം(2016-17 രണ്ടാം അർദ്ധവർഷത്തേയ്ക്ക്)ഉടമസ്ഥനായ ശ്രീ.അബ്ദുൾ മുബാറക്ക്.കെ.വി. എന്നയാൾ കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് നോട്ടീസ് നൽകി. ആയത് പരിശോധിച്ച് 15.03.2017 ലെ ആർ1/6953/16, 15.06.2017 ലെ ആർ1/7290/16 എന്നീ

ഉത്തരവുകൾ മുഖേന അപേക്ഷകൻ അടക്കേണ്ടിയിരുന്ന മുഴുവൻ നികുതി തുകയും ഇളവ് ചെയ്തു നൽകി. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ/ ജമ നമ്പർ | വാർഷിക വസ്തു നികുതി | ഇളവ് അനുവദിച്ച തുക | | ആകെ |
|---|---|---|---|---|---|
| | | | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം | |
| 1. | 10/818Z | 600 | 300 | 300 | 600 |
| 2. | 10/818Z1 | 516 | 258 | 258 | 516 |
| 3. | 10/818Z2 | 532 | 266 | 266 | 532 |
| 4. | 10/818Z3 | 910 | 455 | 455 | 910 |
| 5. | 10/818Z4 | 568 | 284 | 284 | 568 |
| 6. | 10/818Z5 | 2142 | 1071 | 1071 | 2142 |
| 7. | 10/818Z6 | 2786 | 1393 | 1393 | 2786 |
| 8. | 10/818Z7 | 2142 | 1071 | 1071 | 2142 |
| ആകെ | | 10196 | 5098 | 5098 | 10196 |

- മേൽ വിവരിച്ച ചട്ടത്തിലെ ഫോറം 11 പ്രകാരം നികുതിയിളവിന് അർഹമായത് പരമാവധി അർദ്ധവർഷ നികുതിയാണ്. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി ഒരു വർഷത്തെ മുഴുവൻ നികുതിയും ഒഴിവാക്കി നൽകുകയാണ് ചെയ്തിരിക്കുന്നത്.
- ശ്രീ.അബ്ദുൾ മുബാറക്ക്.കെ.വി. ഒന്നാം അർദ്ധവർഷത്തിനുള്ള നോട്ടീസ് നൽകിയിരിക്കുന്നത് 08.09.2016 നാണ്. അതുകൊണ്ടു തന്നെ ടിയാന് ഒന്നാം അർദ്ധവർഷത്തിലെ പ്രസ്തുത തിയ്യതിയ്ക്ക് ശേഷമുള്ള ദിവസങ്ങൾക്ക് ആനുപാതികമായ ഇളവിന് മാത്രമേ അർഹതയുള്ളൂ. എന്നാൽ അർദ്ധവർഷത്തെ മുഴുവൻ നികുതിതുകയും ഒഴിവാക്കി നൽകി.

ചട്ടവിരുദ്ധമായി നികുതിയിളവ് അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭിച്ചില്ല. ചട്ടവിരുദ്ധമായി നികുതിയിളവ് നൽകിയ തുക ഉടമസ്ഥനിൽ നിന്നും പിരിച്ചെടുക്കേണ്ടതും, ഈ രീതിയിൽ തെറ്റായി നികുതിയിളവുകൾ നൽകിയിട്ടുണ്ടെങ്കിൽ ആയവ കൂടുതൽ അന്വേഷണ വിധേയമാക്കി നഗരസഭയ്ക്കുണ്ടായ നഷ്ടങ്ങൾ നികത്തേണ്ടതുമാണ്.

## 2-4 തൊഴിൽ നികുതി അപാകതകൾ

1) ബേപ്പൂർ മേഖല ഓഫീസ് പരിധിയിലെ താഴെ പറയുന്ന സ്ഥാപനങ്ങളുടേയും, ജീവനക്കാരുടേയും തൊഴിൽ നികുതി പിരിച്ചെടുത്തില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

സ്ഥാപനത്തിന്റെ തൊഴിൽ നികുതി

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതിയടവാക്കാത്ത അർദ്ധവർഷങ്ങൾ |
|---|---|---|
| 1. | കാലിക്കറ്റ് കോ-ഓപ്പറേറ്റീവ് അർബൺ സൊസൈറ്റി, നടുവട്ടം | 1, 2, അർദ്ധവർഷങ്ങൾ |
| 2. | ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ | -ടി- |
| 3. | മുത്തൂറ്റ് ഫിൻകോർപ്പ്, മാത്തോട്ടം | -ടി- |
| 4. | മുത്തൂറ്റ് ഫിനാൻസ്, അരക്കിണർ | -ടി- |
| 5. | കോഴിക്കോട് ഡിസ്ട്രിക്റ്റ് അർബൺ കോ-ഓപ്പറേറ്റീവ് എംപ്ലോയീസ്, പെൻഷനേർഴ്സ് ആന്റ് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | -ടി- |
| 6. | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, ബേപ്പൂർ | രണ്ടാം അർദ്ധവർഷം |
| 7. | കാലിക്കറ്റ് സിറ്റി കോ-ഓപ്പറേറ്റീവ് ബാങ്ക്, ബേപ്പൂർ | -ടി- |
| 8. | ബേപ്പൂർ ടൗൺ ഫിഷർമെൻ ഡെവലപ്പ്മെന്റ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | -ടി- |
| 9. | ബേപ്പൂർ ക്ലേ വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1, 2, അർദ്ധവർഷങ്ങൾ |
| 10. | കാലിക്കറ്റ് കോ-ഓപ്പറേറ്റീവ് അർബൺ ബാങ്ക് | -ടി- |

<u>ജീവനക്കാർ</u>

ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വരുമാനം സംബന്ധിച്ച റിട്ടേണുകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ തൊഴിൽ നികുതി അടവാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കാത്ത അർദ്ധവർഷങ്ങൾ |
|---|---|---|
| 1. | മാനേജർ, സിപ്ല ലിമി., മോഡേൺ ബസാർ | രണ്ടാം അർദ്ധവർഷം |
| 2. | മാനേജർ, ജീനിയസ് കൺസൾട്ടൻസി ലിമി. | -ടി- |
| 3. | മാനേജർ, അൽ-മനാർ ഇംഗ്ലീഷ് മീഡിയം സ്കൂൾ, നടുവട്ടം | -ടി- |
| 4. | മാനേജർ, ഹലോ കിഡ്സ് ലിറ്റിൽ വൺഡേഴ്സ് ഇന്റർനാഷണൽ സ്കൂൾ | -ടി- |
| 5. | കോഴിക്കോട് ഡിസ്ട്രിക്റ്റ് അർബൺ കോ-ഓപ്പറേറ്റീവ് എംപ്ലോയീസ്, പെൻഷനേർഴ്സ് ആന്റ് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | -ടി- |
| 6. | പ്രൊപ്രൈറ്റർ, റോയൽ റബേഴ്സ്, പുഞ്ചപ്പാടം റോഡ് | 1, 2, അർദ്ധവർഷങ്ങൾ |

| | | |
|---|---|---|
| 7. | പ്രൊപ്രൈറ്റർ, ഷൂമാക് ഇന്റർനാഷണൽ, പുഞ്ചപ്പാടം | -ടി- |
| 8. | പ്രൊപ്രൈറ്റർ, പ്രിസ്റ്റീജ് പോളിമർ പ്രോഡക്ട്സ്, തോണിച്ചിറ | -ടി- |
| 9. | പ്രൊപ്രൈറ്റർ, വെർവ് ഇഡക്സ് എ.എം.സ്ക്വയർ | -ടി- |
| 10. | പ്രൊപ്രൈറ്റർ, ലിവിംഗ് സ്പെയ്സ്, എ.എം,സ്ക്വയർ | -ടി- |
| 11. | മാനേജർ, ഗംഗ ഐസ് പ്ലാന്റ് | -ടി- |
| 12. | സെക്രട്ടറി, വിവേകാനന്ദ വിദ്യാലയം | -ടി- |
| 13. | മാനേജർ, കാലിക്കറ്റ് ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക്, അരക്കിണർ | -ടി- |
| 14. | മാനേജർ, മാവേലി സ്റ്റോർ, മാത്തോട്ടം | -ടി- |

<u>എല്ലാ വിഭാഗം തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല</u>

കടൽതീരത്തോട് ചേർന്ന് കിടക്കുന്ന ബേപ്പൂർ മേഖല ഓഫീസ് പരിധിയിൽ ധാരാളം മത്സ്യതൊഴിലാളികളും, ബോട്ട് / വള്ളം ഉടമകളും ഉണ്ടായിരിക്കെ ഈ വിഭാഗം തൊഴിലാളികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ നഗരസഭ നടപടികളെടുത്തില്ല. മേഖലാ ഓഫീസ് പരിധിയിൽ തന്നെ ഫിഷറീസ് സബ് ഇൻസ്പെക്ടറുടെ ഓഫീസ് ഉള്ളതിനാൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടേയും, ബോട്ട് /വള്ളം ഉടമകളുടെ വിശദാംശങ്ങളും എളുപ്പത്തിൽ ലഭ്യമാക്കാവുന്നതും, വരുമാനത്തിനടിസ്ഥാനപ്പെടുത്തി നികുതി ഈടാക്കാവുന്നതുമാണ്. എന്നാൽ, തൊഴിലാളികൾക്ക് ഡിമാന്റ് നോട്ടീസ് നൽകുകയോ തൊഴിലാളികൾ റിട്ടേൺ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. റിട്ടേൺ സമർപ്പിക്കാത്തതിനാൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

ഇതേ രീതിയിൽ മേഖല ഓഫീസ് പരിധിയിലുള്ള കള്ള് ഷാപ്പ്, പെട്രോൾ പമ്പ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നോ, ഇവിടെ ജോലിചെയ്യുന്ന തൊഴിലാളികളിൽ നിന്നോ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ വിവരിച്ച സ്ഥാപനങ്ങളിൽ നിന്നും, ജീവനക്കാരിൽ നിന്നും നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. മേൽ വിവരിച്ച രീതിയിൽ നികുതിയിനത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ ആയത് ഈടാക്കാൻ നടപടിയെടുക്കേണ്ടതും, അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

2) 2005 ലെ കേരള മുൻസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം നഗരസഭാപ്രദേശത്ത് തൊഴിൽ ചെയ്യുന്ന ഏതൊരാൾക്കും, സ്ഥാപനങ്ങൾക്കും തൊഴിൽ നികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ 2016-17 കാലയളവിൽ നഗരസഭയുടെ പ്രധാന ഓഫീസിന്റെ കീഴിലും വിവിധ മേഖലാ കാര്യാലയ പരിധിയിലും സ്ഥിതി ചെയ്യുന്ന താഴെപറയുന്ന സ്ഥാപനങ്ങളുടെ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ജീവനക്കാരുടെയോ സ്ഥാപനങ്ങളുടേയോ തൊഴിൽ നികുതി ഈടാക്കിയതായി കാണാൻ സാധിച്ചിട്ടില്ല..

വിശദ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ്നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്ത അർദ്ധവർഷം | സ്ഥാപന തൊഴിൽ നികുതി അടവാക്കാത്ത അർദ്ധവർഷം |
|---|---|---|---|
| 11 | ഗംഗ എന്റർപ്രൈസസ് കുര്യൽലൈൻ | Ist and IInd | Ist and IInd |
| | നെയിൽസ് ഇന്ത്യൻ സ്റ്റീൽസ്. | ടി. | ടി. |
| | ഫാഷൻ ടവർ ടെയിലറിംഗ് | ടി. | ടി. |
| | ജെ.ബി.സ്റ്റീൽസ് | ടി. | ടി. |
| | കോഴിക്കോട് റബ്ബർ മാർക്കറ്റിംഗ് സൊസൈറ്റി. ചെറൂട്ടി റോഡ് | ടി. | ടി. |
| | ബജാജ് അലയൻസസ് ജനറൽ ഇൻഷുറൻസ്. | ടി. | ടി. |
| | കെ.എം.എ. കൺസ്ട്രക്ഷൻസ്. | ടി. | ടി. |
| | സാനിയോ അസോസിയേറ്റ്സ് | ടി. | ടി. |
| | കാലിക്കറ്റ് ബാർ അസോസിയേഷൻ | ടി. | ടി. |
| | പി.ടി.സ്റ്റീൽസ്. | ടി. | ടി. |
| | ഹലാൽ ട്രെഡേഴ്സ് & ഹോൾസെയിൽ | ടി. | ടി. |
| | കുരിക്കൾപൈപ് ലൈൻസ് | ടി. | ടി. |
| | നാഷനൽ അക്കാഡമി ഓഫ് ദി റിക്രൂട്ട്മെന്റ് ട്രെയിനിംഗ് | ടി. | ടി. |
| | കൊഡാക്ക് മഹീന്ദ്ര ബാങ്ക് | ടി. | ടി. |
| | ലൂയിസ് ഫിലിപ് ഷോറൂം | ടി. | ടി. |
| | ടൂർഫെഡ് അക്കാഡമി ഫോർ മാനേജ്മെന്റ് സ്റ്റഡീസ്. | ടി. | ടി. |
| 3 (1) | കൊയൻകോ ഹീറോഹോണ്ട ഷോറൂം | IInd | IInd |
| | ഗോകുലം ചിട്ടീസ് | ടി. | ടി. |
| | നൂറാ ഹൗസിംഗ് ലോൺ | ടി. | ടി. |
| | മണപ്പുറം ഗോൾഡ് ലോൺ | ടി. | ടി. |
| | ദി അനോന ബേക്കറി | Ist and IInd | Ist and II nd |
| | പി.എം.ജി. നോർത്തേൺ റീജിയൻ | ടി. | ടി. |
| | കാലിക്കറ്റ് ടൗൺ സർവ്വീസ് കോപറേറ്റീവ് ബാങ്ക് | ടി. | ടി. |
| 9 | റീജിനൽ കലക്ഷൻ സെൻറർ പഞ്ചാബ് നാഷനൽ ബാങ്ക് | ടി. | ടി. |

| | | | |
|---|---|---|---|
| | കാലിക്കറ്റ് സർവ്വീസ് കോപറേറ്റീവ് ബാങ്ക് ത്രിവേണി ബിൽഡിംഗ് | ടി. | ടി. |
| | കെൽട്രോൺ ഏരിയാ ഓഫീസ്. | IInd | ഇല്ല |
| | കേരളാ ഭാഷാ ഇൻസ്റ്റിററ്യൂട്ട് | IInd | ഇല്ല |
| 10 | പി.കെ ബ്രദേഴ്സ് എസ്.എം സ്ട്രീറ്റ് | ടി. | ടി. |
| | മോഡേൺ സിൽക്സ് & റെഡിമെയ്ഡ്സ് | ടി. | ടി. |
| | അബാടെക് കംമ്പ്യൂട്ടർ സെല്ലേഴ്സ് | ടി. | ടി. |
| | മൈക്രോ ക്ലിനിക്കൽ ലാബ് | ടി. | ടി. |
| | കൊയമ്പത്തൂർ ആര്യവൈദ്യശാല ഫാർമസി | ടി. | ടി. |
| | ബാലചന്ദ്ര പ്രസ്സ് | ടി. | ടി. |
| | അക്ഷയ ജ്വല്ലറി | ടി. | ടി. |
| | കല്ല്യാൺ ഗോൾഡ് | ടി. | ടി. |
| | ന്യൂ ഹൈ റെക്സിൻ | ടി. | ടി. |
| | മുത്തൂറ്റ് ഫിൻ ക്രോപ് | IInd | IInd |
| | ജി.ഗ്രൂപ്പ് സൊസൈറ്റി ഏജൻസി | ടി. | ടി. |
| | പുലിക്കാട്ടിൽ സ്റ്റോഴ്സ്. | ടി. | ടി. |
| | തോട്ടത്തിൽ ടെക്സ്റ്റൈൽ | ടി. | ടി. |
| | കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ | ടി. | ഇല്ല |
| | ആര്യഭവൻ ലോഡ്ജ് | ടി. | IInd |
| 23 | മുത്തൂറ്റ് ഫിൻ കണ്ണഞ്ചേരി | ടി. | ടി. |
| | കെ.എം.സൂപ്പർമാർക്കറ്റ് | ടി. | ടി. |
| | ഗോദ്റേജ് ഇന്റീരിയർ | Ist and IInd | Ist and IInd |
| | റിലയൻസ് റീട്ടെയിൽ കണ്ണഞ്ചേരി | ടി. | ടി. |
| 25 | ഒലീവ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | ടി. | ടി. |
| 3(1) | ഹാൻഡ് ലൂം വർക്കേഴ്സ് ഓഫീസ് | ടി. | ടി. |
| | അനോന ബേക്കറി | ടി. | ടി. |
| | ദി കാലിക്കറ്റ് ടൗൺ സർവ്വീസ് കോപറേറ്റീവ് ബാങ്ക് | ടി. | ടി. |
| | നൂറ ഹൗസിംഗ് ലോൺ | ടി. | ടി. |
| | മണപ്പുറം ഗോൾഡ് ലോൺ | ടി. | ടി. |

| | | | |
|---|---|---|---|
| | ടാറ്റാടെൽ സർവ്വീസ് എൽ.ടി.ഡി. | ടി. | ടി. |
| | ചാന്ദ്ഗ്യാസ് | ടി. | ടി. |
| | എച്ച്.ബി.എൽ. | ടി. | ടി. |
| | അഖിൽകൃഷ്ണ സോഫ്റ്റ് വെയർ | IInd | IInd |
| | ഐ.പി.എ. ട്രയിനിംഗ് ഇൻസ്റ്റിററ്യൂട്ട് | ടി. | ടി. |
| 22 | ടി.വി.എസ്. ടോപ് മോട്ടേഴ്സ് | Ist and IInd | Ist and IInd |
| | ഓറിയന്റ് ബെൽസ് | ടി. | ടി. |
| | W.S റീട്ടെയിൽ സർവ്വീസസ് പ്രൈവറ്റ് ലിമിറ്റഡ്. | ടി | ടി. |
| | അൽക്കാട്ടിൽ സൊല്യൂഷൻസ് | ടി. | ടി. |
| | ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ | Ist | Ist |
| 24 | നിർമ്മല ഹൃദയ ഇംഗ്ലീഷ് മീഡിയം സ്കൂൾ | ടി. | ടി. |
| | ഇംപക്സ് ബൈപാസ് റോഡ് | IInd | IInd |
| | ടാഗോർ കോളേജ് ആഴ്ചവട്ടം | ടി. | ടി. |
| | ബുള്ളറ്റ് ഷോ റൂം | IInd | IInd |
| | ഗ്രാൻറ് ബേക്കറി ബൈപാസ് റോഡ് | Ist IInd | Ist IInd |
| | അക്ഷയ സെന്റർ | ടി. | ടി. |
| 33 | കോഴിക്കോട് ജില്ലാഗവ. എംപ്ലോയീസ് ഹൗസിംഗ് കോർപ്പറേഷൻ സൊസൈറ്റി | Ist | Ist |
| | കെ.ഡി.സി.ബാങ്ക് മലാപറമ്പ് | Ist IInd | Ist IInd |
| | വിൻഫെയർ സൂപ്പർമാർക്കറ്റ് | IInd | IInd |
| | കോഴിക്കോട് താലൂക്ക് എംപ്ലോയീസ് കോപറേറ്റീവ് സൊസൈറ്റി | Ist IInd | Ist IInd |
| | ഡെമാർട്ട് സൂപ്പർമാർക്കറ്റ് കരിക്കാകുളം | Ist IInd | Ist IInd |
| | സെർവൻസ് ക്രഡിററ്സൊസൈറ്റി. | ടി. | ടി. |
| | ഗവ.സെർവൻസ് ഹൗസിംങ് കോപറേറ്റീവ് സൊസൈറ്റി. | IInd | IInd |
| | മർക്കസ് ഇന്ത്യൻ സ്കൂൾ സരോവരം | Ist | Ist |
| | FCPL ഫൈൻടെക് എരഞ്ഞിപ്പാലം | IInd | IInd |
| | ജില്ലാ യുവജന കേന്ദ്രം കോഴിക്കോട് | Ist | ഇല്ല. |
| | എം.എം മോട്ടേഴ്സ്. തടമ്പാട്ടു താഴം | ടി | Ist |

| | | | |
|---|---|---|---|
| 21 (1) | മണപ്പുറം ഗോൾഡ് കല്ലായി | IInd | IInd |
| | കാലിക്കറ്റ് സിറ്റി സർവ്വീസ് കോപറേറ്റീവ് ബാങ്ക് | ടി | ടി |
| | കൃഷ്ണ ഹല്വവ സ്റ്റോഴ്സ് കല്ലായി | ടി. | ടി. |
| | ഫുഡ് റെഡിമെയ്ഡ്സ് കല്ലായി | ടി. | ടി. |
| | ചന്ദ്രിക മെഡിക്കൽസ് | ടി | ടി |
| 21(2) | രാജേഷ് മെഡിക്കൽസ് വട്ടക്കിണർ | ടി. | ടി |
| | തിരുവച്ചിറ ശ്രീകൃഷ്ണ ക്ഷേത്രം | ടി. | ഇല്ല |
| 32(1) | കോഴിക്കോട്ഫ്യൂവൽ സെന്റർ ചെലവൂർ | ടി. | ടി. |
| | ഷാഫി ദാവഖാന ആയുർവേദിക് സെന്റർ | IInd | IInd |
| | കോപ്പറേറ്റീവ് ബാങ്ക് ചിലവൂർ | Ist | Ist |
| 33(1) | കാലിക്കറ്റ് സിറ്റി സർവ്വീസ് ബാങ്ക് എൻ.ജി.ഒ. | IInd | IInd |
| | മുത്തൂറ്റ്ഫിനാൻസ് ലിമിറ്റഡ് | ടി. | ടി. |
| | പ്രോവിഡൻസ് വുമൺസ് ബി.എഡ് കോളേജ് | IInd | ഇല്ല. |
| | വനിതാ സഹകരണസംഘം ബാങ്ക് | ടി. | ടി |
| 33(2) | റീജിനൽ അഗ്രിക്കൾച്ചറൽ വർക്കേഴ്സ് ഡവലപ്പ്മെന്റ് കോപറേറ്റീവ് സൊസൈറ്റി. | Ist | Ist |
| | നീതി മെഡിക്കൽസ് | ടി | ഇല്ല. |
| | ലിസ സ്കിൻ കെയർ ഡവലപ്മെൻറ് | Ist IInd | Ist IInd |
| | ദിക്ഷ കോർപ്പറേറ്റ് സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ് | ടി. | ടി. |
| | ടി.വി.സുന്ദരം & അയ്യങ്കാർ സൺസ് ഗോൾഡ് | ടി. | ടി. |
| | വെൽഫെയർ ഇൻസ്റ്റിററ്യൂട്ട്സ്പീച്ച് &ഹിയറിംഗ് | ടി. | ഇല്ല. |
| | ആകൃതി ഷോപ്പിംഗ് സെന്റർ | ടി. | Ist IInd |
| | ലിറ്റിൽ കിംഗ്സ് സ്കൂൾ & ഡെകെയർ ഹൗസിംഗ് കോളനി. | ടി | ടി. |
| 36 | കെമിസ്റ്റ് സ്റ്റാററ് ആശാർക്ക് ലബോറട്ടറി | ടി. | ടി. |

| | | | |
|---|---|---|---|
| | സപ്ലൈക്കോ സൂപ്പർമാർക്കറ്റ് വേങ്ങേരി | ടി. | ടി. |
| 27 | ആർമ പ്രോസെക്യൂരിറ്റി സർവ്വീസ് ലിമിറ്റഡ് | ടി | ടി. |
| 38 | മാവേലി സ്റ്റോഴ്സ് കുണ്ടുപറമ്പ് | ടി. | ടി. |
| 39 | എം.ബി.എം. മാർക്കറ്റ് പ്രൊഡക്ട്സ് ഇന്ത്യ ലിമിറ്റഡ് | ടി. | ടി. |
| | പാരിസൺ ആഗ്രോടെക് പ്രൈവറ്റ് ലിമിറ്റഡ് | ടി. | ടി. |
| | ഹോംസ് &പ്ലാൻസ് അത്താണിക്കൽ | ടി. | ടി. |
| | കള്ള്ഷാപ്പ് പുതിയാപ്പ | ടി. | ടി. |
| | ഇ.ഫാസ്റ്റ് ട്രക്ക് ലോറി ട്രാൻസ്പോർട്ടേഷൻ മലാപറമ്പ് | ടി. | ടി. |
| | സ്റ്റാർകെയർ ബിൽഡേഴ്സ് | ടി. | ടി. |
| | ആസ്റ്റാ ബിൽഡേഴ്സ് | ടി. | ടി. |
| | മജ്മ കൺസ്ട്രക്ഷൻ എൻജിനീയേഴ്സ് & കോൺട്രാക്ടേഴ്സ് | ടി. | ടി. |
| | ലൈംലൈറ്റ് ബിൽഡേഴ്സ് | ടി | ടി |
| | പാരിസൺ ഫ്ലോർമിൽ (10) | Ist | ടി. |
| | കാരന്തൂർ കോപറേറ്റീവ് ബാങ്ക് ചുൻങ്കം | Ist | Ist |
| 18 | ജ്യോതി ഫാർമസി | IInd | IInd |
| | കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് | Ist IInd | Ist IInd |
| | കെ.ടി.സി. പാർസൽ സർവ്വീസ് കല്ലായി | ടി. | ടി. |
| | ഫാസ്റ്റ് ഫ്ലൈറ്റ് കൊറിയർ സർവ്വീസ് | ടി. | ടി. |
| | ഇന്ത്യാ ഇൻഫോലൈൻ കല്ലായി റോഡ് | IInd | IInd |
| | ഭാരതി എക്സ്ട്രാ ജനറൽ ഇൻഷുറൻസ് | ടി. | ടി. |
| | ഓവർനൈറ്റ് എക്സ്പ്രസ് | Ist | Ist |
| 26 | കാലിക്കറ്റ് സിറ്റി സർവ്വീസ് കോപറേറ്റീവ് ബാങ്ക് | ടി. | ടി. |
| 28 | ആഷിഖ് എന്റർപ്രൈസസ് തൊണ്ടയാട് | Ist IInd | Ist IInd |

| | | | |
|---|---|---|---|
| 28(2) | നോവോ കംപ്യൂട്ടർ പൊറ്റമ്മൽ | ടി. | ടി. |
| | മദർ ഹൈപ്പർ ഒപ്റ്റിക്കൽസ് | I IInd | IInd |
| | ഓറഞ്ച് റസ്റ്റോറന്റ് | ടി. | ടി. |
| 30 | മമ്മീസ് ക്ലിനിക്കൽ ലാബ് | ടി. | ടി. |
| | മുത്തൂറ്റ് മിനി കോവൂർ | Ist | Ist |
| 31 | ആലിയ മെഡിക്കൽസ് | Ist IInd | Ist IInd |
| | കോപറേറ്റീവ് അർബ്ബൻ കോളോജ്. | ടി. | ടി. |
| 27 | കാർവി കോൺട്രാക്റ്റേഴ്സ് | IInd | IInd |
| 13 | യോഗക്ഷേമ ലോൺസ് | ടി. | ടി. |
| | വി.എൻ.എം. ഡയമണ്ട് | Ist | Ist |
| | ഹെഡ് ലോർഡ് വർക്കേഴ്സ്സൊസൈറ്റി | Ist IInd | Ist IInd |
| | ബാലൻസ് ഈക്വിറ്റി ബ്രോകിംഗ് ഇന്ത്യ പ്രൈവറ്റ് ലി. | ടി. | ടി. |
| | ഡോ.തോമസ് ലാബോട്ടറി | ടി. | ടി. |
| | റിച്ച് മീഡിയ അഡ്വർടൈസേസ് | ടി. | ടി. |
| | ഏഷ്യൻ ടൂർസ് & ട്രാവൽസ് | ടി. | ടി. |
| 14 | ഇൻഡോ ഇലക്ട്രിക്കൽസ് | ടി. | ടി. |
| 16 | കോർപ്പറേഷൻ മാവേലി സ്റ്റോഴ്സ് | ടി. | ടി. |
| 20 | മംഗളം പബ്ളിക്കേഷൻസ്. | IInd | IIInd |
| | ആയുഷ്മാൻ ആയുർവേദിക് ഹോസ്പിറ്റൽ | ടി. | ടി. |
| | കോഴിക്കോട് ജില്ലാ കോപറേറ്റീവ് ബാങ്ക് | Ist IInd | Ist IInd |
| | ഗ്രാൻഡ് ഫ്രഷ് സൂപ്പർ മാർക്കറ്റ് കല്ലായി | Ist | Ist |
| | അനോന സൂപ്പർമാർക്കറ്റ് കല്ലായി | Ist IInd | Ist IInd |
| | സ്റ്റാർഹെൽത്ത് ഇൻഷുറൻസ് | ടി. | ടി. |
| 1(1) | കെ.ഡി.സി.ബാങ്ക് വെസ്റ്റ്ഹിൽ | ടി. | ടി. |
| | ജ്യോജിത് ഫിനാൻസ് | IInd | IInd |
| | വികാസ് ഇൻഡസ്ട്രീസ് | Ist | Ist |
| | കുര്യൻ എന്റർപ്രൈസസ് | IInd | Ind |
| | വെസ്റ്റ് ഇന്ത്യൻ ട്രേഡിംഗ് കമ്പനി | Ist IInd | Ist IInd |

| | | | |
|---|---|---|---|
| 1(2) | സിറ്റി പെട്രോൾ പമ്പ് വെസ്റ്റ്ഹിൽ | ടി. | ടി. |
| | പനാമ മോട്ടേഴ്സ് വെസ്റ്റ്ഹിൽ | ടി. | ടി. |
| | എയിസ് മോട്ടേഴ്സ് | IInd | IInd |
| | ത്രിപുര ചിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ്. | ടി. | ടി. |
| | റീജിനൽ ലാബോറട്ടറി റബ്ബർ ബോർഡ്. | Ist | Ist |
| | മുത്തൂറ്റ് ബാങ്കേഴ്സ് വണ്ടിപ്പേട്ട | ടി. | ടി. |
| | ടൗറസ് & ടെർബോ സ്റ്റോഴ്സ് | ടി. | ടി. |
| | മലബാർ ഡെൻറൽ ക്ലിനിക്ക്. നടക്കാവ് | Ist IInd | Ist IInd |
| | ചോള ഇൻഷ്വറൻസ് | ടി. | ടി. |
| | ടോഡി ഷോപ്പ് ചക്കരത്തുകുളം | ടി. | ടി. |
| 2(1) | ആൻഡമാൻ ലക്ഷദ്വീപ് ഹാർബർ വർക്കേഴ്സ്കാരപറമ്പ്. | ടി. | ടി. |
| | മോഹൻസ് കമ്പനി പെട്രോൾ പമ്പ് | ടി. | ടി. |
| | ഫിലിപ്പ് ഓട്ടോ ഏജൻസീസ് | ടി. | ടി. |
| | ഡയറക്ഷൻ കോച്ചിംഗ് സെൻറർ | ടി. | ടി. |
| | ഐപ്പ് ക്ലാസിക് ഹോണ്ട ഈസ്റ്റ് നടക്കാവ് | ടി. | ടി. |
| | ത്രിവേണി സൂപ്പർമാർക്കറ്റ് | Ist | Ist |
| | ഉദയകുറുമ്പ്ര ക്ഷേത്രം കാരപറമ്പ് | Ist IInd | ഇല്ല |
| 2(2) | വിജയ്ഹോസ്പിറ്റൽ എരഞ്ഞിപ്പാലം | ടി. | ടി. |
| | റേഷൻ ഡീലേഴ്സ് കോപറേറ്റവ്സൊസൈറ്റി | ടി. | ടി. |
| | മുത്തൂറ്റ് മിനി എരഞ്ഞിപ്പാലം | IInd | IInd |
| | മാരുതി ഡ്രൈവിംഗ് സ്കൂൾ | Ist | Ist |
| | മുത്തൂറ്റ്ഇൻവെസ്റ്റ്മെൻ്റ് | ടി. | ടി. |
| | സ്റ്റാർഹെൽത്ത് ഇൻഷ്വറൻസ് | ടി. | ടി. |
| | ഡി.സി.ആർ.ഡി. എസ് ആർ എൽ. | IInd | IInd |
| | വേങ്ങേരി സർവ്വീസ് കോപറേറ്റീവ് ബാങ്ക്. | Ist IInd | Ist IInd |
| | സിറ്റി വനിതാ കോപറേറ്റവ് ബാങ്ക് | ടി. | ടി. |
| | ടി.യം സ്റ്റീൽസ് നിയർ സി.എച്ച് ഫ്ലൈ ഓവർ | ടി. | ടി. |

| | | | |
|---|---|---|---|
| | ഹോട്ടൽ റഹ്മത്ത് | ടി. | ടി. |
| | നാഷനൽ മിറർ മാർട്ട് എസ്.എം സ്ട്രീറ്റ് | ടി. | ടി. |
| | റിലയൻസ് ചിട്ടി പ്രൈവറ്റ് ലിമിറ്റഡ് | ടി. | ടി. |
| | ടൗൺ സർവ്വീസ് കോപറേറ്റവ് ബാങ്ക് | IInd | IInd |
| | ക്രൗൺ തിയ്യേറ്റർ | ടി. | ടി. |
| | നാഷണൽ കളർലാബ് എസ്.എം സ്ട്രീറ്റ് | ടി. | ടി. |
| | പ്രദീപം ഡെയിലി | ടി. | ടി. |
| | മുത്തൂറ്റ് ഫിനാൻസ് - ബഷീർ റോഡ് | ടി. | ടി. |
| | അന്ന അലൂമിനിയം | ടി. | ടി. |
| | ജിയോ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂട്ട് | Ist | Ist |
| | വല്ലാപില്ലാ കമ്മ്യൂണിക്കേഷൻ | Ist IInd | Ist IInd |
| | കൽപ്പക ടൂറിസ്റ്റ് ഹോം | ടി. | ടി. |
| | കള്ള്ഷാപ്പ് ചെറൂട്ടി റോഡ് | ടി. | ടി. |
| | റിലയൻസ് ജിയോ | ടി. | ടി. |
| | മുത്തൂറ്റ് മൈക്രോ ഫൈൻ | ടി. | ടി. |
| 8 | ഫ്രഞ്ച് ബേക്കറി | ടി. | ടി. |
| | ബീച്ച് ഹോട്ടൽ | Ist | Ist |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പൊതു വിൽപ്പന നികുതി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കച്ചവട സ്ഥാപനങ്ങളും (ചട്ടം 3(2)(3)), അർദ്ധവാർഷിക വിറ്റുവരവ് 30000/-രൂപയിൽ താഴെയല്ലാത്ത പൊതു വിൽപ്പന നികുതി നിയമം അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ചെറുകിടകച്ചവടക്കാരും (ചട്ടം 3(2)(11)) 1250/-രൂപ തൊഴിൽ നികുതി അടയ്ക്കേണ്ടതുണ്ട്. ചട്ടം 3(2)(11) ന്റെ വിശദീകരണത്തിൽ നികുതിദായകർ തങ്ങളുടെ നികുതിക്ക് വിധേയമായ വരുമാനം രേഖാമൂലം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ ബോധ്യപ്പെടുത്തുന്ന പക്ഷം അതനുസരിച്ച് 3(1) -ാം ചട്ടത്തിലെ പട്ടികയിൽ വിവരിച്ചിട്ടുള്ള പ്രകാരമുള്ള നികുതി നിർണ്ണയിച്ച് നൽകേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കോഴിക്കോട് നഗരസഭയുടെ 2016-17 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രേഖകൾ പരിശോധിച്ചതിൽ കച്ചവടക്കാരിൽ നിന്ന് ഇപ്രകാരം വരുമാനം സംബന്ധിച്ച വിവരം രേഖാമൂലം വാങ്ങി സൂക്ഷിക്കാതെ ഇവരിൽ നിന്ന് കുറഞ്ഞ നിരക്കിലാണ് തൊഴിൽ നികുതി ഈടാക്കിയതായി കണ്ടത്.

നഗരസഭയിലെ ഏറ്റവും വാണിജ്യ പ്രാധാന്യമുള്ള മൊഫ്യൂസൽ ബസ്സ്റ്റാന്റ് , പാളയം ബസ്സ്റ്റാന്റ് പരിസരം ഉൾപ്പെടുന്ന വാർഡ് 17 ലെ ഡിമാന്റ് രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വിശദാംശങ്ങൾ | 2016-17 (I) | 2016-17 (II) |
|---|---|---|---|
| 1 | ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള ആകെ ട്രേഡേഴ്സ്-ന്റെ എണ്ണം | 2002 | 1994 |
| 2 | 1250/- രൂപ വീതം അടവാക്കിയവർ | 275 | 296 |
| 3 | വരുമാനം സംബന്ധിച്ച രേഖകൾ ഇല്ലാതെ പരമാവധിയിലും കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയവർ | 1727 | 1698 |

ചട്ടപ്രകാരം ഡിമാന്റ് നോട്ടീസ് നൽകിയതിന്റേയും , ഫോം (VI) കച്ചവടക്കാർ സമർപ്പിച്ച ,വാർഷിക വിറ്റുവരവിന്റെയും രേഖകൾ ആവശ്യപ്പെട്ടിരുന്നെങ്കിലും (ഓഡിറ്റ് റിക്വസിഷൻ നം : 88/2016-17 തിയതി 25/08/2017), മേൽപറഞ്ഞ രേഖകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

നഗരസഭയിലെ 39 റവന്യൂ വാർഡുകളിലെയും 3 സോണൽ ഓഫീസ് പരിധിയിലെ പ്രദേശങ്ങളിലും ഉള്ള കച്ചവടക്കാരിൽ നിന്നും ഇപ്രകാരം വരുമാനം സംബന്ധിച്ച രേഖകൾ ഇല്ലാതെയാണ് പരമാവധി തുകയിലും കുറഞ്ഞ നിരക്കിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയത് എന്ന് കാണുന്നു . ചട്ടത്തിനു വിരുദ്ധമായ രീതിയിൽ തൊഴിൽ നികുതി ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഒ.എസ്- ന് ( ഒ.എസ് നം 83/2016-17) നഗരസഭ മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4) 2005 -ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം നഗരസഭാപ്രദേശത്ത് തൊഴിൽ ചെയ്യുന്നവർക്കും, സ്ഥാപനങ്ങൾക്കും തൊഴിൽ നികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ ചെറുവണ്ണൂർ-നല്ലളം മേഖലാ കാര്യാലയ പരിധിയിൽ സ്ഥിതി ചെയ്യുന്നതും, ഇൻസ്റ്റിറ്റ്യൂഷൻ രജിസറ്ററിൽ പേര് രേഖപ്പെടുത്തിയതുമായ താഴെകാണിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽനിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിലും സ്ഥാപനത്തിന്റെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

വിശദാംശം താഴെക്കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | കോർവാലിസ് ഹെർബൽ ടെക്നോളജീസ്,നല്ലളം | 2 |
| 2 | എച്ച്.ഡി.എഫ്.സി. മീഞ്ചന്ത | 2 |
| 3 | കാലിക്കറ്റ് സിറ്റി സർവ്വീസ് കോ-ഓപ്പ് ബേങ്ക് | 1 ,2 |
| 4 | പി.കെ.സ്റ്റീൽ കാസ്റ്റിങ്ങ്(പ്രൈ.)ലി. | 2 |
| 5 | കനറാ ബേങ്ക് , നല്ലളം | 2 |
| 6 | ലിറ്റിൽ കിഡ്സ് ഇംഗ്ളീഷ് മീഡിയം സ്കൂൾ | 1,2 |

| | | |
|---|---|---|
| 7 | പ്രിൻസിപ്പാൾ,എലൈറ്റ് മീഞ്ചന്ത | 1,2 |
| 8 | ഗ്രേസ് ഇംഗ്ളീഷ് മീഡിയം സ്കൂൾ | 1,2 |
| 9 | ലിറ്റിൽ സ്കോളേഴ്സ് പബ്ളിക് സ്കൂൾ | 1,2 |
| 10 | കാലിക്കറ്റ് ഓർഫനേജ് പ്രൈവറ്റ് ഐ.ടി.ഐ. | 1,2 |
| 11 | ട്രെന്റ് പി.യു.ഫുട്ട് വിയർ,റഹ്മാൻ ബസാർ | 1 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ 11 സ്ഥാപനങ്ങൾക്കും നിയമാനുസൃത നോട്ടീസ് നൽകിയതായി റവന്യൂ ഓഫീസർ അറിയിച്ചിരുന്നു.തുടർ നടപടികൾ ഉടൻ പൂർത്തിയാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 ബേപ്പൂർ സോണൽ ഓഫീസ് - കെട്ടിട നിർമ്മാണ പെർമിറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

കോഴിക്കോട് നഗരസഭയുടെ ബേപ്പൂർ സോണൽ ഓഫീസ് പരിധിയിൽ കെട്ടിട നിർമ്മാണ പെർമിറ്റുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെക്കൊടുക്കുന്നു.

1) റഗുലറൈസേഷൻ ഫീ ഈടാക്കിയതിൽ കുറവ്

2016-17 വർഷത്തിൽ റഗുലറൈസേഷന് ലഭിച്ച അപേക്ഷകളിൽ താഴെപ്പറയുന്നവയിൽ നിന്നും റഗുലറൈസേഷൻ ഫീ ഈടാക്കിയതിൽ കുറവ് കാണുന്നുണ്ട്.

| ക്രമ നം | കെട്ടിട ഉടമയുടെ പേര്, മേൽവിലാസം, ഫയൽ നം | ഫീ ഈടാക്കിയത് | ഈടാക്കേണ്ടത് | കുറവ് |
|---|---|---|---|---|
| 1 | മുംതാസ്. കെ, കൈതയിൽ, അരക്കിണർ. BLTP/REG/3/16 308.88 ച.മീ, വാർഡ് 5, റസിഡൻഷ്യൽ. | 100 /- രശീതി നം. 115081-05487 തീ. 13.01.2016 | 308.88*5*2 = 3088.8 | 2989 |
| 2 | ആനി സന്തോഷ്, കുരുവിൽ, നടുവട്ടം, ബേപ്പൂർ നോർത്ത്. BLTP/REG/26/16 98.05 ച.മീ, വാർഡ് 6, റസിഡൻഷ്യൽ. | 195 /- രശീതി നം. 116081-07934 തീ. 14.10.2016 | 98.05*2.5*2 = 490.25 | 295.25 |
| 3 | മെഹബൂബ് അലി. കെ, മെഹർ, വട്ടന്നൂർ പറമ്പ്, ബേപ്പൂർ നോർത്ത്. BLTP/REG/26/16 121.58 ച.മീ, വാർഡ് 6, റസിഡൻഷ്യൽ. | 75 /- രശീതി നം. 116081-05679 തീ. 31.08.2016 | 121.58*2.5*2 = 607.9 | 532.9 |
| ആകെ 3817 /- രൂപ. | | | | |

തുക ഉടമയിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

2) <u>കെട്ടിട നിർമ്മാണ പെർമിറ്റിന്റെ കാലാവധി കഴിഞ്ഞിട്ടും പണിപൂർത്തിയാക്കുകയോ പെർമിറ്റ് പുതുക്കുകയോ ചെയ്തില്ല.</u>

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 15A(1) പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റിന്റെ കാലാവധി അത് നല്കിയ തീയതി മുതൽ 3 വർഷക്കാലമാണ്. നിശ്ചിത കാലത്തിനുള്ളിൽ കെട്ടിടത്തിന്റെ നിർമ്മാണമോ പുനർനിർമ്മാണമോ പൂർത്തിയാക്കാത്തിടത്ത് നിർദ്ദിഷ്ട കാലം അവസാനിക്കുന്നതിനു മുൻപ് സമയം നീട്ടിക്കിട്ടുന്നതിനുള്ള അപേക്ഷ ബോധിപ്പിക്കാത്ത പക്ഷം അനുവാദം കാലഹരണപ്പെട്ടു പോകുന്നതാണ്. 2014 വർഷത്തിൽ പെർമിറ്റ് അനുവദിച്ച താഴെപ്പറയുന്ന കെട്ടിടങ്ങളുടെ നിർമ്മാണമോ പുനർനിർമ്മാണമോ പൂർത്തിയാക്കാതെ പെർമിറ്റ് കാലഹരണപ്പെട്ടു പോയതായി കാണുന്നു.

| ക്രമ നം | അപേക്ഷകന്റെ പേരും മേൽവിലാസവും | പെർമിറ്റ് അനുവദിച്ചതിന്റെ വിശദാംശം | പെർമിറ്റിന്റെ കാലയളവ് | പെർമിറ്റിന്റെ ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1 | ഇല്ലിക്കൽ മജീദ്, നായരുകുളം, പേരാമ്പ്ര വാർഡ്-3, 162.18 ച.മീ പുതിയ കെട്ടിടം. | ഫയൽ നം B2/TP/171/2014 1700 /- രശീതി നം. 41/09538 തീയതി 19/02/2014 | 19/02/2014 മുതൽ 16/02/2017 വരെ | പുതുക്കിയില്ല |
| 2 | നിസാർ .കെ, ഷെരാകണ്ടി പറമ്പ്, ബേപ്പൂർ. വാർഡ്-2, 77.17 ച.മീ പുതിയ കെട്ടിടം. | ഫയൽ നം B2/TP/194/2014 400 /- രശീതി നം. 09129 തീയതി 13/02/2014 | 15/02/2014 മുതൽ 14/02/2017 വരെ | പുതുക്കിയില്ല |
| 3 | റോയി ലിബേറ, കീരിക്കുട്ടിപ്പറമ്പ്, ഫിഷിംഗ് ഹാർബർ റോഡ്, ബേപ്പൂർ. വാർഡ്-2, 100.70 ച.മീ പുതിയ കെട്ടിടം. | ഫയൽ നം B2/TP/543/2014 1650 /- രശീതി നം. 09144 തീയതി 13/02/2014 | 15/02/2014 മുതൽ 14/02/2017 വരെ | പുതുക്കിയില്ല |
| 4 | മോഹൻ. വി, വള്ളശ്ശേരി, നീർമുച്ചിപ്പറമ്പ്, അരക്കിണർ. വാർഡ്-8, 61.05 ച.മീ പുതിയ കെട്ടിടം. | ഫയൽ നം B2/TP/564/2014 1050 /- രശീതി നം. 09256 തീയതി 15/02/2014 | 15/02/2014 മുതൽ 14/02/2017 വരെ | പുതുക്കിയില്ല |

| | | | | |
|---|---|---|---|---|
| 5 | ടി. രമേശൻ, മീന. കെ, രമ്യം, വേങ്ങേരി പറമ്പ്, നട്ടവട്ടം, ബേപ്പൂർ. വാർഡ്-6, 140.23 ച.മീ പുതിയ കെട്ടിടം. | ഫയൽ നം B2/TP/995/2014 350 /- രശീതി നം. 02231 തീയതി 22/05/2014 | 22/05/2014 മുതൽ 21/05/2017 വരെ | പുതുക്കിയില്ല |

കാലഹരണപ്പെട്ട പെർമിറ്റുകളിന്മേൽ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3) 2014 മുതൽ 2016 വരെയുള്ള കാലയളവിൽ കെട്ടിടനിർമ്മാണ പെർമിറ്റ് ഫീ അടച്ച് പെർമിറ്റിന് അപേക്ഷിച്ചവയിൽ പെർമിറ്റ് നൽകാതെയോ, നടപടികൾ അവസാനിപ്പിക്കാതെയോ അവശേഷിക്കുന്ന ഫയലുകളുടെ സംക്ഷിപ്ത വിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം | വർഷം | ലഭിച്ച അപേക്ഷകളുടെ എണ്ണം | നടപടിയെടുക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|
| 1 | 2014 | 376 | 157 (നിലം - ഇല്ല) |
| 2 | 2015 | 406 | 199 (നിലം - 49) |
| 3 | 2016 | 490 | 334 (നിലം - 32, CRZ - 2, പോർട്ട് - 2) |

2014, 2015, 2016 വർഷങ്ങളിലായി ആകെ 1272 അപേക്ഷകൾ ലഭിച്ചതിൽ 690 അപേക്ഷകളിൻമേലുള്ള നടപടികൾ പൂർത്തിയാക്കിയിട്ടില്ല.

1,2,3 അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയൊന്നും ലഭിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നല്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-6 വിനോദ നികുതി -അപാകങ്ങൾ.

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ വിനോദ നികുതി വരവുകളുമായി ബന്ധപ്പെട്ട് 2016-17 വർഷത്തിൽ താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

1.വിനോദ നികുതി പരിശോധനാ-റിപ്പോർട്ടുകൾ ലഭ്യമല്ലാത്തത് സംബന്ധിച്ച്.

(ഫയൽ നമ്പർ-എ 36/3300/05)

കോഴിക്കോട് നഗരസഭയിൽ 2016 മെയ് ,ആഗസ്റ്റ്,ഒക്ടോബർ ,നവംബർ, 2017 ജനുവരി എന്നീ മാസങ്ങളിൽ സിനിമാ തീയേറ്റർ പരിശോധനക്ക് സ്ക്വാഡ് ഡ്യൂട്ടിക്ക് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്.സ്ക്വാഡിന്റെ പരിശോധനാ റിപ്പോർട്ട് ഓരോ ആഴ്ചയിലേയും ആദ്യ പ്രവർത്തി ദിവസം മുൻ ആഴ്ചയിലെ പരിശോധനാ റിപ്പോർട്ട് റവന്യൂ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണെന്ന് നിയമന ഉത്തരവുകളിൽ തന്നെ വ്യവസ്ഥ ചെയ്തിരുന്നു.എന്നാൽ 2016-17 വർഷത്തിൽ സ്ക്വാഡുകളിൽ നിന്ന് ഒരു റിപ്പോർട്ട് പോലും ലഭിച്ചതായി കാണുന്നില്ല.

2.ഡിമാൻഡ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2016-17 വ്രഷത്തിൽ കോഴിക്കോട് നഗരസഭ വിനോദ നികുതി,പി,പി.ആർ ലൈസൻസ് വരവുകളുമായി ബന്ധപ്പെട്ട ഡിമാൻഡ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

3.ടിക്കറ്റ് സീൽ രജിസ്റ്റർ-അപാകങ്ങൾ.

പ്രവേശന ടിക്കറ്റ് മുദ്രണ രജിസ്റ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.സിനിമാ പ്രദർശനങ്ങൾ ഒഴികെ മറ്റ് വിനോദ പരിപാടികളുടെ ടിക്കറ്റ് സീൽ ചെയ്ത് നൽകുന്നതിനുള്ള രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഉദാ.നഗരസഭാ പരിധിയിലെ ഗുജറാത്തി ഹാളിൽ 20-08-2016 ന് മിക്സഡ് മാർഷ്യൽ ആർട്സ് പ്രദർശനത്തിലേക്ക് 100 രൂപയുടെ 100 ടിക്കറ്റ് സീൽ ചെയ്ത് നൽകിയതായി ഫയലിൽ കാണുന്നുണ്ട്.എന്നാൽ ടിക്കറ്റ് നമ്പറുകളോ മറ്റ് വിവരങ്ങളോ ഒരിടത്തും രേഖപ്പെടുത്തി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-7 ഗംഗാമൂവി - ലൈസൻസ് ഫീസ് വർദ്ധിപ്പിക്കാത്തതും മറ്റ് അപാകതകളും

ഫയൽ നം .എ 30/ടി.പി.5/16615/1

നഗരസഭ വക ഇ.എം.എസ് സ്റ്റേഡിയത്തിലെ ഗ്രാന്റ്സ്റ്റാന്റ് പവലിയൻ പൊളിച്ചുമാറ്റി പുതുക്കി പണിയുന്ന പ്രവൃത്തി കഴിയുന്നതുവരെ പ്രസ്തുത പവലിയനിൽ പ്രവർത്തിച്ചിരുന്ന ഗംഗാമുവീ എന്ന മിനി സിനിമാ തീയേറ്റർ നടത്തുന്ന ലൈസൻസിയായ ശ്രീ.എം.ബാബുവിന് സ്വന്തം ചെലവിൽ സ്റ്റേഡിയം പരിസരത്ത് താത്കാലിക ഷെഡ് നിർമ്മിച്ച് തീയേറ്റർ പ്രവർത്തിപ്പിക്കുന്നതിന് നഗരസഭ കൌൺസിൽ 92/26.07.10 നമ്പർ തീരുമാനപ്രകാരം അനുമതി നൽകി. താത്കാലിക ഷെഡ് നിർമ്മിക്കുന്നതിന് 683.25 ച.മീറ്റർ സ്ഥലത്തിന് 6 മാസത്തേക്ക് 35,000/- രൂപ നിരക്കിൽ തറവാടക നിശ്ചയിക്കുകയും 09.09.2010 തീയതിയിൽ നഗരസഭ സെക്രട്ടറിയും ലൈസൻസിയും കരാർ ചമയ്ക്കുകയും ചെയ്തു. 7 വർഷത്തോളമായി പ്രസ്തുത ഷെഡിൽ തന്നെയാണ് തീയേറ്റർ പ്രവർത്തിച്ചു വരുന്നത്. ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

1. പൊളിച്ചുമാറ്റിയ ഗ്രാന്റ്സ്റ്റാന്റ് പവലിയന് പകരം പുതിയതിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടോ എന്നും ആയതിൽ തീയേറ്റർ നടത്തുന്നതിനുള്ള സൌകര്യം ലഭ്യമാണോ എന്നതും വ്യക്തമല്ല.
2. താത്കാലിക ഷെഡിന് അനുമതി നൽകിക്കൊണ്ട് 09.09.2010 ൽ നഗരസഭ ലൈസൻസിയുമായി ചമച്ച കരാറിലെ 1-ാം വ്യവസ്ഥ പ്രകാരം ലൈസൻസ് ഫീസിൽ വർദ്ധനവ് വരുത്താൻ നഗരസഭയ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണെന്നും ആയത് അംഗീകരിക്കാൻ ലൈസൻസി ബാദ്ധ്യസ്ഥനാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭ നിലവിൽ 3 വർഷത്തേയ്ക്ക് 20% വർദ്ധനവ് വരുത്തിയാണ് കടമുറികൾക്കും മറ്റും ലൈസൻസ് ഫീ/തറവാടക പുതുക്കി നൽകുന്നത്. 09.09.2010 ൽ നൽകിയ ലൈസൻസ് ഓഡിറ്റ് തീയതി വരെ പുതുക്കി നൽകുകയോ തറവാടക വർദ്ധിപ്പിക്കുകയോ ചെയ്തിട്ടില്ല. 9/2013, 9/2016 കാലയളവുകളിലായി രണ്ട് തവണയായി തറവാടക നിലവിലുള്ള 35000/- രൂപയിൽ നിന്നും

42000/- രൂപ, 50400/- രൂപ നിരക്കിൽ വർദ്ധിപ്പിക്കാമായിരുന്നെങ്കിലും (20% നിരക്കിൽ) അപ്രകാരം ചെയ്തിട്ടില്ല. എന്നാൽ ടിക്കറ്റ് നിരക്ക് 31.10.13 മുതൽ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

3. സ്റ്റേഡിയം ബിൽഡിംഗുമായി ബന്ധപ്പെട്ട 2013-14 മുതൽ 2017-18 വരെയുള്ള ഡിമാന്റ് രജിസ്റ്ററിൽ ഗംഗാമൂവിയുടെ ഡിമാന്റ്, കലക്ഷൻ, നീക്കിയിരിപ്പ് എന്നിവ ചേർത്തിട്ടില്ല.
4. ഗംഗാ മൂവിയുടെ 01.08.95 മുതൽ 05.03.97 വരെ കാലയളവിലെ ലൈസൻസ് ഫീസ് കുടിശ്ശികയിനത്തിൽ 2016-17, 2017-18 വർഷങ്ങളിൽ ലഭിച്ച തുകയുടെ വിവരം ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല.
5. നഗരസഭയുടെ ഫയൽ വിവിധ ലൈസൻസുകൾ, കത്തിടപാടുകൾ എന്നിവയിൽ ഗംഗാമൂവി എന്നും ഗംഗാ മൂവീസ് എന്നും എഴുതിയതായി കാണുന്നു. സ്ഥാപനത്തിന്റെ ശരിയായ പേര് വ്യക്തമാക്കേണ്ടതാണ്.09.09.2010 മുതൽ 6 മാസ കാലയളവുകളിലേക്കായാണ് തറവാടകയ്ക്ക് അനുവദിച്ചത്. ആയത് പ്രകാരം സെപ്തംബർ മുതൽ ഫെബ്രുവരി വരെയും മാർച്ച് മുതൽ ആഗസ്റ്റ് വരെയും കാലയളവുകളിലാണ് മുൻകൂറായി തറവാടക വാങ്ങിക്കേണ്ടത്. എന്നാൽ ഫയൽ പ്രകാരം നവംബർ മുതൽ ഏപ്രിൽ വരെയും മെയ് മുതൽ ഒക്ടോബർ വരെയും കാലയളവുകളിലായാണ് തറവാടക ഈടാക്കി വരുന്നത്. (11/2015 മുതൽ 4/16 വരെ, 5/16 മുതൽ 10/16 വരെ, 11/16 മുതൽ 4/17 വരെ) വ്യത്യാസം പരിശോധിക്കേണ്ടതാണ്.
6. ഗംഗാമൂവി ഉൾപ്പെടെ സ്റ്റേഡിയം ബിൽഡിംഗിലെ കടമുറികളുടെ ലൈസൻസ് ഫീസ് ഡിമാന്റ്, വരവ് നീക്കിയിരിപ്പ് കുടിശ്ശിക തുകയുടെ വരവ് എന്നിവ ചേർക്കുന്ന എ 30 സെക്ഷനിലെ 2016-17 ലെ ഡിമാന്റ് രജിസ്റ്ററിലെ തുകകളുടെ സംഗ്രഹം എഴുതുകയോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

മേൽ വിവരിച്ച അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ 78/2016-17 തീയതി 31.08.17 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കാൻ അവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-8 ഗംഗാമൂവി-കുടിശ്ശിക ലൈസൻസ് ഫീ ഈടാക്കൽ - ഡപ്പോസിറ്റ് തുകയുടെ വിവരം ലഭ്യമല്ലാത്തതും മറ്റ് അപാകതകളും

ഫയൽ നമ്പർ : എ 30/99763/16

നഗരസഭ വക ഇ.എം.എസ് സ്റ്റേഡിയത്തിലെ ഗ്രാന്റ് സ്റ്റാന്റ് പവലിയനിൽ മിനി തീയേറ്റർ പ്രവർത്തിപ്പിക്കുന്നതിനുള്ള അവകാശം 30.08.1994 ലെ പൊതുലേലത്തിന്റെ അടിസ്ഥാനത്തിൽ 711.40 ച.മീറ്റർ സ്ഥലം പ്രതിമാസം 45100/- രൂപ നിരക്കിലും (01.08.95 മുതൽ), 61.32 ച.മീറ്റർ സ്ഥലം പ്രതിമാസം 3924/- രൂപ നിരക്കിലും (10.10.95 മുതൽ) ലൈസൻസ് ഫീസ് വ്യവസ്ഥയിൽ ശ്രീ.എം.ബാബു എന്നയാൾക്ക് അനുവദിച്ചു. തീയേറ്റർ പ്രവർത്തനത്തിനാവശ്യമായ സൌകര്യങ്ങൾ ഒരുക്കി 28.02.1997 മുതൽ 'ഗംഗാമൂവി' എന്ന പേരിൽ മിനി തീയേറ്റർ പ്രവർത്തനം ആരംഭിച്ചു. സ്ഥലം ഏറ്റെടുത്ത 01.08.95, 10.10.95 എന്നിവ മുതൽ 28.02.1997 വരെ കാലയളവിലെ ലൈസൻസ് ഫീസിനത്തിൽ കുടിശ്ശികയായ 8,71,493/- രൂപ ലഭിക്കുന്നതുമായി ബന്ധപ്പെട്ട കേസിൽ നഗരസഭയ്ക്ക് അനുകൂലമായി വിധിയായി (ബഹു.കേരള ഹൈക്കോടതി WP(c)14080/2007 വിധിന്യായം 01.07.16 WA No.1874/2016 വിധിന്യായം 28.09.16) ബഹു. ഹൈക്കോടതി

നിർദ്ദേശത്തെ തുടർന്ന് ഡെപ്പോസിറ്റ് ചെയ്ത 3,50,000/- രൂപ കഴിച്ച് ബാക്കി തുക 6 മാസത്തെ കാലാവധിക്കകം പലിശ കൂടാതെ വാങ്ങാൻ ഉത്തരവായി. ലൈസൻസി താഴെ ചേർത്ത പ്രകാരം തുക നഗരസഭയിൽ തുക അടച്ചു.

| തുക | | ചെക്ക് നമ്പർ |
|---|---|---|
| 2,00,000 | - | 015645/21.12.16 |
| 1,07,493 | - | 021763/31.01.17 |
| 1,07,000 | - | 021782/10.03.17 |
| 1,07,000 | - | 021797/20.04.17 |
| ----------- | | |
| 5,21,493 | | |
| ======= | | |

3,50,000/- രൂപ 17.08.07 ലെ 70075762 നമ്പർ രസീത് പ്രകാരം ഡെപ്പോസിറ്റ് ചെയ്തതായും അറിയിച്ചു. (രസീതിയുടെ പകർപ്പ് ഹാജരാക്കിയിട്ടില്ല). എന്നാൽ 2007-08 ഡെപ്പോസിറ്റ് രജിസ്റ്ററിൽ മേൽപറഞ്ഞ തുക വരവ് വന്നിട്ടില്ലെന്ന് ഓഫീസ് കുറിപ്പിൽ എഴുതികാണുന്നു. മേൽ കാലയളവിലെ ചിട്ട പരിശോധിച്ച് 3,50,000/- രൂപ അടവാക്കിയതിന്റെ വിവരം ലഭ്യമാക്കാൻ നിർദ്ദേശിച്ച് ചീഫ് കാഷ്യർക്ക് 20.03.17 ന് ഡെപ്യൂട്ടി സെക്രട്ടറി നിർദ്ദേശം നൽകിയെങ്കിലും ഓഡിറ്റ് തീയതിവരെ ആയത് പരിശോധിച്ച് റിപ്പോർട്ട് ചെയ്തിട്ടില്ല. ലൈസൻസി നഗരസഭയിൽ അടച്ചതായി പറയുന്ന 3,50,000/- രൂപയുടെ വരവിന്റെ കൃത്യത എത്രയും വേഗം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും തുക അടച്ചിട്ടില്ലെങ്കിൽ ലൈസൻസിയിൽ നിന്നും തുക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

<u>എ) ഗംഗാമൂവി ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട ഫയൽ ലഭ്യമല്ല</u>

ലൈസൻസ് ഫീസ് കുടിശ്ശിക സംബന്ധിച്ച് ഹൈക്കോടതി വിധിപകർപ്പ് ലഭിച്ചെങ്കിലും ആയതിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് ഗംഗാമൂവിയുമായി ബന്ധപ്പെട്ട കേസ് ഫയൽ, നഗരസഭയും ലൈസൻസിയുമായി ചമച്ച കരാർ ഉൾപ്പെടെയുള്ള രേഖകൾ ഉൾക്കൊള്ളുന്ന ഒറിജിനൽ ഫയൽ എന്നിവ ബന്ധപ്പെട്ട സെക്ഷനിൽ ലഭ്യമല്ലാതിരുന്നതിനെ തുടർന്ന് പുതുതായി 25.10.16 ൽ എ 30/99763/16 നമ്പറായി ഫയൽ ആരംഭിച്ചു. തുടർന്ന് നടത്തിയ പരിശോധന പ്രകാരം തീയേറ്റർ പ്രവർത്തനവുമായി ബന്ധപ്പെട്ട സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് അനുമതി നൽകിയ എ 30/44051/94(a) നമ്പർ ഫയൽ മാത്രം ലഭ്യമായതായും ആയത് എ 30/99763/16 നമ്പറിനോടൊപ്പം സൂക്ഷിക്കുകയും ചെയ്തു. ബഹു.കേരള ഹൈക്കോടതിയുടെ വിധിയിൽ (WP(c)14080/2007) നഗരസഭയും ലൈസൻസിയും തമ്മിലുള്ള കരാർ അനുസരിച്ച് സ്റ്റേഡിയം പവലിയനിൽ തീയേറ്റർ നിർമ്മിച്ച് പ്രവർത്തിപ്പിച്ച് നിശ്ചിത കാലാവധിയ്ക്ക് ശേഷം നഗരസഭയ്ക്ക് കൈമാറണമെന്ന് (Build operate and Transfer (BOT)) വ്യവസ്ഥ ചെയ്തിട്ടുള്ളതായി വ്യക്തമാക്കിയിട്ടുണ്ട്.

ഒറിജിനൽ ഫയലിന്റെ അഭാവത്തിൽ കരാർ വ്യവസ്ഥകൾ പ്രകാരം നഗരസഭ നടപടി സ്വീകിരിച്ചിരുന്നോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. മൂന്നവർഷ കാലാവധിയിൽ നൽകിയ ലൈസൻസ് കാലാനുസൃതമായി വർദ്ധനവ് വരുത്തി പുതുക്കി നൽകിയിരുന്നോ എന്നതും വ്യക്തമല്ല. നഗരസഭയുടെ തനത് വരുമാനവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട ഫയൽ നഗരസഭയിൽ കാണാനില്ല എന്നത് നഗരസഭയുടെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 2-9 പരസ്യ നികുതി വർദ്ധിപ്പിച്ചിട്ടും ലേല വരുമാനത്തിൽ ആനുപാതിക വർദ്ധനവില്ല.

(ഫയൽ നമ്പർ-എ 36/672278/14)

കോഴിക്കോട് നഗരസഭയിലെ 1-4-2009 പ്രാബല്യത്തിൽ നിശ്ചയിച്ച പരസ്യ നികുതി നിരക്കുകൾ 1-4-2016 പ്രാബല്യത്തിൽ പരിഷ്കരിച്ചിരുന്നു.19-03-2015 ലെ 3ാം നമ്പർ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 19-09-2015 ലെ ഗസറ്റ് വിജ്ഞാപന പ്രകാരമാണ് പുതിയ നിരക്കുകൾ നിലവിൽ വന്നത്.പഴയ നിരക്കിൽ നിന്നും ഇരട്ടിയായാണ് പരസ്യ നികുതി നിരക്കുകൾ വർദ്ധിപ്പിച്ചത്.2016 ഫെബ്രുവരി 18ാം തീയതി നടന്ന ലേലത്തിൽ 6 പേർ മാത്രമാണ് പങ്കെടുത്തിട്ടുള്ളത്.(ലേല ഡയറി പരിശോധിച്ചതിൽ ഇതിൽ രണ്ടു പേർ മാത്രമേ ലേലം വിളിച്ചതായി കാണുന്നുള്ളൂ.)5710000/-രൂപക്ക് ശ്രീ.സുധീഷ് കുമാർ ഒ. പൊയിലിൽ എന്നയാളുടെ പേരിൽ ലേലം ഉറപ്പിച്ചു.തുടർന്ന് 28-10-2016 ന് നടന്ന നെഗോസിയേഷനെ തുടർന്ന് തുക 62,10,000/-രൂപയാക്കി ഉയർത്താൻ തീരുമാനമായി.2015-16 ലെ ലേല തുക 4220000/-രൂപയായിരുന്നു.പരസ്യ നികുതിയിൽ 100% വർദ്ധനവ് വർദ്ധനവ് വരുത്തിയിട്ടും ലേല തുകയിൽ ആനുപാതികമായ വർദ്ധനവ് ഉണ്ടായിട്ടില്ല.2015-16 ൽ 4220000/- രൂപക്ക് പരസ്യനികുതി വർദ്ധിപ്പിക്കുന്നതിനു മുമ്പ് തന്നെ ലേലം വിളിച്ചെടുത്തിട്ടുള്ളതാണ്.സ്വാഭാവികമായും 8440000/രൂപക്ക് ലേലം വിളിച്ചെടുത്താലും കരാറുകാരന് നഷ്ടം ഉണ്ടാവുകയില്ല എന്ന് കണക്കാക്കാവുന്നതാണ്.

വർദ്ധിപ്പിച്ച പരസ്യ നിരക്ക് സംബന്ധിച്ച് കോർപ്പറേഷൻ ആവശ്യമായ പ്രചരണം നടത്തിയിട്ടില്ല എന്നും ഇക്കാരണത്താലാണ് പരസ്യ നികുതിയിൽ കുറവ് സംഭവിച്ചതെന്നും ചൂണ്ടിക്കാട്ടിക്കൊണ്ട് ബഷീർ പി.എന്നയാളും കേരള അഡ്വർടൈസ്മെന്റ് ഇൻഡസ്ട്രീസ് അസോസിയേഷൻ കോഴിക്കോട് ജില്ലാ കമ്മറ്റിയും സമർപ്പിച്ച പരാതികൾ ഫയലിൽ കാണുന്നുണ്ട്.ഇതു സംബന്ധിച്ചുള്ള വിശദീകരണമായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത് മാതൃഭൂമി,ദേശാഭിമാനി എന്നീ ദിനപത്രങ്ങളിലും സർക്കാർ വെബ്സൈറ്റ്,നഗരസഭയുടെ വെബ്സൈറ്റ് എന്നിവയിലും പുതിയ നിരക്ക് പ്രസിദ്ധീകരിച്ചിരുന്നുവെന്നും 2016-17 കാലയളവിലേക്കുള്ള പൊതു ലേലം നടപടികളിൽ പരസ്യ നികുതി പിരിക്കുന്നതിനുള്ള അവകാശം കൂടി ഉൾപ്പെട്ടിരുന്നുവെന്നും വിശദാംശങ്ങൾ ഓഫീസിൽ നിന്നും അറിയാവുന്നതാണെന്ന് ലേല നോട്ടീസിൽ പ്രത്യേകം പരമാർശിച്ചിരുന്നുവെന്നുമാണ്.പരസ്യ നികുതി ലേലം സംബന്ധിച്ച് നഗരസഭ മതിയായ പ്രചരണം നടത്തിയിരുന്നില്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്.

ഉടമ്പടി പ്രകാരം പരസ്യ ബോർഡുകളുടെയും മറ്റും സൈസുംയഥാർത്ഥ ലൊക്കേഷനും ഈടാക്കിയ തുകയുടെ കണക്കുകളും തുടങ്ങിയ വിവരങ്ങളുടെ സമഗ്രമായ ലിസ്റ്റ് തയ്യാറാക്കി കരാറുകാരൻ നഗരസഭയിൽ ഹാജരാക്കേണ്ടതാണ്.എന്നാൽ കരാറുകാരൻ ഈ വ്യവസ്ഥ പാലിച്ചതായി കാണുന്നില്ല.AVAILABILE HOARDING LISTS 2016-17 എന്ന ശീർഷകത്തിൽ

വിവിധ പരസ്യ കമ്പനികളുടെ സ്ഥാപിക്കപ്പെട്ട ഹോർഡിംഗുകളുടെ ഒരു പട്ടിക ഫയലിൽ കാണുന്നുണ്ടെങ്കിലും ഇത് തയ്യാറാക്കിയതാരാണെന്നോ സമർപ്പിച്ചതാരാണെന്നോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.തന്നെയുമല്ല,ദീപാലങ്കാരമുള്ള ഹോർഡിംഗ് ആണോ,അല്ലാത്തതാണോ, എവിടെയാണ് സ്ഥാപിച്ചത്,നിരക്ക് എത്രയാണ് തുടങ്ങിയ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല.ഹോർഡിംഗ് അല്ലാതെയുള്ള മറ്റ് പരസ്യങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ ചേർത്തിട്ടുമില്ല.ഫയലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പട്ടികയുടെ ആധികാരികത സംബന്ധിച്ചുള്ള വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

പരസ്യ നികുതി അവകാശം ലേലത്തിൽ നൽകിയതിനു ശേഷം, കരാറുകാരൻ ഉടമ്പടിയിലെ വ്യവസ്ഥകൾ പാലിച്ചാണോ പ്രവർത്തിക്കുന്നത് എന്നത് സംബന്ധിച്ച് കോർപ്പറേഷൻ പരിശോധനയൊന്നും നടത്തുന്നതായി കാണുന്നില്ല.

അനവധി വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കോഴിക്കോട് പോലെയുള്ള ഒരു നഗരത്തിൽ പരസ്യ നികുതി ഇനത്തിൽ നഗരസഭക്ക് ഭീമമായ വരുമാനം ലഭിക്കുന്നതിനുള്ള സാധ്യതകൾ ഉണ്ടായിരുന്നു.പുനർലേലം നടത്തിയാൽ ലേല തുകയിൽ കുറവ് വന്നാൽ നഗരസഭക്ക് വലിയ നഷ്ടം ഉണ്ടാവുമെന്നും ഡിപ്പാർട്ട്മെന്റൽ പിരിവ് എളുപ്പമല്ലെന്നുമുള്ള സെക്ഷന്റെ അഭിപ്രായം സ്വീകരിച്ച് ലേലം ഉറപ്പിച്ചു നൽകുകയാണ് ചെയ്തിട്ടുള്ളത് നഗരകാര്യ ഡയറക്ടറുടെ.28-08-2014 ലെ ജി1/2924/2014 നമ്പർ അർദ്ധ ഔദ്യോഗിക കത്തിൽ അയൽ സംസ്ഥാനത്തിലെ തൊട്ടുത്ത നഗരസഭയായ കോയമ്പത്തൂർ കോർപ്പറേഷൻ 2013-14 വർഷത്തിൽ 30 കോടിയിൽപരം രൂപ പരസ്യ നികുതി ഇനത്തിൽ പിരിച്ചെടുത്തത് ചൂണ്ടിക്കാട്ടിക്കൊണ്ട് ഇന്ത്യയിലെ ഏതു സംസ്ഥാനത്തേക്കാളും പരസ്യ ബോർഡുകൾ സ്ഥാപിക്കപ്പെട്ടിട്ടുള്ളത് കേരളത്തിലാണ് എന്നതു പരിഗണിച്ചുകൊണ്ട് ഈ മേഖലയിലെ വരവ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നു.എന്നാൽ നഗരസഭയുടെ ഭാഗത്തു നിന്നും ഇക്കാര്യത്തിൽ തീവ്രമായ പരിശ്രമങ്ങൾ ഉണ്ടായിട്ടില്ല എന്ന് വിലയിരുത്താവുന്നതാണ്.

2016-17 വർഷത്തെ പരസ്യ നികുതി ലേലം മതിയായ പ്രചരണം കൂടാതെ നടത്തുകയും പുനർലേലം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നതിന്റെയും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-10 തെരുവ് വിളക്ക് സ്ഥാപിച്ച് പ്രവർത്തിപ്പിച്ച് കൈമാറൽ-പദ്ധതി നീളുന്നു.കോർപ്പറേഷന് വരവ് നഷ്ടം.

(ഫയൽ നമ്പർ-എ 36/41944/16)

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ തെരഞ്ഞെടുത്ത 5 സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ സ്ഥാപിച്ച് സംരക്ഷിക്കുന്നതിന് സംരംഭകരെ എല്പിക്കുന്നതിനുള്ള താത്പര്യ പത്രങ്ങൾ ക്ഷണിച്ചിരുന്നു.മാവൂർ റോഡ് (ഫെഡറൽ ടവറിന്റെ മുൻഭാഗം മുതൽ ഐ.എം.സി.എച്ച്. ജംങ്ഷൻ വരെ),രാജാജി റോഡ്,റാം മോഹൻ റോഡ്,ഗാന്ധി റോഡ് ജംഗ്ഷൻ(വെള്ളയിൽ മുതൽ ഭട്ട് റോഡ് ജംഗ്ഷൻ വരെ.),കോതിപ്പാലം & അപ്രോച്ച് റോഡ് എന്നീ സ്ഥലങ്ങളായിരുന്നു തെരഞ്ഞെടുത്തിരുന്നത്.സംരംഭകർ നിലവിലുള്ള തെരുവ് വിളക്ക് കാലുകളും മറ്റ് ഉപകരണങ്ങളും അഴിച്ചെടുത്ത് കോർപ്പറേഷന് കൈമാറിയ ശേഷം പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കുകയും

തുടർന്ന് നിശ്ചിത കാലയളവ് വരെ സംരംക്ഷിച്ച് കോർപ്പറേഷന് കൈമാറുന്നതിനുള്ള പദ്ധതിയായിരുന്നു വിഭാവനം ചെയ്തത്.സ്ഥാപനങ്ങൾക്ക് ഓരോ വിളക്കു കാലിലും 2X3 വലിപ്പത്തിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള അവകാശം കൂടി നൽകുവാനായിരുന്നു തീരുമാനം.8 സ്ഥാപനങ്ങൾ താത്പര്യ പത്രങ്ങൾ സമർപ്പിച്ചതിനെ തുടർന്ന് ഉയർന്ന റേറ്റ് ക്വോട്ട് ചെയ്ത 5 സ്ഥാപനങ്ങളുമായി നെഗോസിയേഷൻ നടത്തുകയും ഉയർന്ന നിരക്കും കുറഞ്ഞ കാലയളവും ക്വോട്ട് ചെയ്ത (ഒരു പോസ്റ്റിന് പ്രതിവർഷം 3400/-രൂപ നിരക്കിൽ 5 വർഷത്തേക്ക്.)സോളസ് അഡ് സൊല്യൂഷൻസ്,കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ സ്വീകരിക്കുകയും 29-11-2016 ലെ എ 36/41944/16 നമ്പറായി സെലക്ഷൻ നോട്ടീസ് അയക്കുകയും ചെയ്തു. ഇതേ തുടർന്ന് ADD MASTERS (Vatakara,),ANNR Out Door Media (Vatakara)എന്നീ സ്ഥാപനങ്ങളുടെ ഉടമയായ ശ്രീ.നിധീഷ് എൻ. എന്നയാൾ തന്റെ സ്ഥാപനങ്ങളെ നെഗോസിയേഷന് ക്ഷണിക്കാത്തത് സംബന്ധിച്ച് കോർപ്പറേഷന് പരാതി സമർപ്പിച്ചു.1500 രൂപയ്ക്ക് മുകളിൽ കോർപ്പറേഷൻ നിശ്ചയിക്കുന്ന തുക വാർഷിക ഫീസായി നൽകാമെന്ന് ADD MASTERS ന്റെ ക്വട്ടേഷനിലും 1280/-രൂപയ്ക്ക് മുകളിൽ കോർപ്പറേഷൻ നിശ്ചയിക്കുന്ന തുക നൽകാമെന്ന് ANNR Out Door Media യുടെ ക്വട്ടേഷനിലും വ്യക്തമായിരുന്നതായും ടെണ്ടർ ലഭിച്ച സ്ഥാപനം സമ്മതിച്ച തുകയേക്കാൾ നൽകാൻ തങ്ങൾ തയ്യാറാണെന്നും ആയതിനാൽ റീ ടെണ്ടർ ചെയ്യണമെന്നും പരാതിക്കാരൻ ആവശ്യപ്പെട്ടു.14-12-2016 ലെ എ 36/41944/16 നമ്പറായി നൽകിയ മറുപടിയിൽ താരതമ്യ പത്രിക പരിശോധിച്ച് ഉയർന്ന നിരക്ക് രേഖപ്പെടുത്തിയവരെ മാത്രമാണ് നഗരാസൂത്രണ സ്ഥിരം സമിതി നെഗോസിയേഷന് ക്ഷണിച്ചതെന്നും ആയത് നിയമപ്രകാരമാണെന്നും ഡെപ്യൂട്ടി സെക്രട്ടറി മറുപടി നൽകി. തുടർന്ന് 2016 ഡിസംബർ മാസം 29ാം തീയതി കോർപ്പറേഷൻ ഡെപ്യൂട്ടി സെക്രട്ടറി ശ്രീ.കെ.പ്രേമാനന്ദൻ ഒന്നാം കക്ഷിയായും Solus Ad Solutions ന്റെ മാനേജിംഗ് പാർട്ണറായ ശ്രീ.തുളസി ദാസ് വി.ടി.രണ്ടാം പാർട്ടിയായും കരാർ ഒപ്പു വച്ചു.

പ്രസ്തുത കരാറിന്റെ രണ്ട് ഭാഗങ്ങളിൽ ടെണ്ടർ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായ വ്യവസ്ഥകൾ ഉൾപ്പെടുകയുണ്ടായി. രണ്ടാം പേജിൽ നിലവിലുള്ള വിളക്കു കാലുകൾ കോർപ്പറേഷന് കൈമാറി പുതിയത് സ്ഥാപിക്കണമെന്ന വ്യവസ്ഥക്ക് പകരം "നിലവിലെ സ്ട്രീറ്റ് ലൈറ്റിൽ പുതിയ എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്നതിനും"എന്നും 3X2 എന്നതിന് പകരം 3X4 അളവിലുള്ള പരസ്യ ബോർഡുകൾ മാത്രമേ പ്രദർശിപ്പിക്കാൻ പാടുള്ളൂവെന്നും വ്യവസ്ഥ ചെയ്തു കൊണ്ടുള്ള ഉടമ്പടിയിലാണ് ഒപ്പു വയ്ക്കപ്പെട്ടത്. ഉടമ്പടിയേ തുടർന്ന് 06-01-2017 ലെ എ 36/41944/16 നമ്പറായി സോളസ് അഡ് സൊല്യൂഷൻസിന് വർക്ക് ഓർഡർ നൽകി.2-2-2017 ലെ എ 36/41944/16 നമ്പർ ഉത്തരവ് പ്രകാരം കരാറിൽ ഉൾപ്പെട്ട സ്ഥലങ്ങളിൽ നിലവിലുള്ള പരസ്യ ബോർഡുകൾ കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കം ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ട് കോർപ്പറേഷൻ ഉത്തരവ് നൽകി. 13-02-2017 ലെ എ 36/41944/16 നമ്പർ ഉത്തരവ് പ്രകാരം ഈ അനുമതി റദ്ദാക്കുകയും ചെയ്തു.

ADD MASTERS (Vatakara,),ANNR Out Door Media (Vatakara)എന്നീ സ്ഥാപനങ്ങളുടെ ഉടമയായ ശ്രീ.നിധീഷ് എൻ. തന്നെ നെഗോസിയേഷന് ക്ഷണിക്കാത്തത് ചൂണ്ടിക്കാട്ടിക്കൊണ്ട് പ്രവൃത്തി റീ ടെണ്ടർ ചെയ്യണമെന്ന ആവശ്യമുന്നയിച്ചുകൊണ്ടും ബഹുമാനപ്പെട്ട

ഹൈക്കോടതിയെ സമീപിച്ചു.(W.P.[c] 4422 of2017)കരാറുടമ്പടിയിൽ 3X4 എന്ന് രേഖപ്പെടുത്തിയത് ചൂണ്ടിക്കാട്ടിക്കൊണ്ട് ടെണ്ടർ നോട്ടീസിൽ ഇതിൽ കുറഞ്ഞ അളവാണ് രേഖപ്പെടുത്തിയത് എന്നതുകൊണ്ടാണ് തങ്ങൾ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തത് എന്ന വാദവും ഉന്നയിച്ചു.

കുറഞ്ഞ പരിപാലന കാലാവധിയും ഉയർന്ന നിരക്കും പരിഗണിച്ച് തെരഞ്ഞെടുത്ത സ്ഥാപനങ്ങളെയാണ് നെഗോസിയേഷന് തെരഞ്ഞെടുത്തതെന്നും പരസ്യ ബോർഡുകളുടെ അളവ് സംബന്ധിച്ച് ഉടമ്പടിയിൽ പിഴവ് വന്നതായി ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ നിയമോപദേശം തേടി സപ്ലിമെന്ററി ഉടമ്പടി വെക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും M/s add masters,Vadakara എന്ന സ്ഥാപനത്തിന്റെ പേരിൽ സമർപ്പിച്ച താത്പര്യ പത്രത്തിൽ 3 X2, 4X3 എന്നു രേഖപ്പെടുത്തിയിരുന്നുവെന്നും നഗരസഭ മറുവാദമുന്നയിക്കുന്നു.എന്നാൽ ഇതേ വരെ സപ്ലിമെന്ററി ഉടമ്പടി വച്ചതായി കാണുന്നില്ല.

13-02-2017 ലെ എ 36/41944/16 നമ്പർ നോട്ടീസിൽ എരഞ്ഞിപ്പാലം-അരയിടത്ത്പ്പാലം മിനി ബൈപ്പാസ് റോഡിലും മാവൂർ റോഡിലെ ഫെഡറൽ ടവർ മുതൽ മുതൽ ഐ.എം.സി.എച്ച്. ജംഗ്ഷൻ വരെയുള്ള റോഡുകളിൽ സ്ഥിതി ചെയ്യുന്ന തെരുവ് വിളക്ക് കാലുകളിൽ അനധികൃതമായി സ്ഥാപിച്ച പരസ്യ ബോർഡുകൾ 7 ദിവസത്തിനകം എടുത്തു മാറ്റേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് 3 ജി മൊബൈൽ വേൾഡ്,അസ്ഥ ബിൽഡിംഗ് , മാവൂർ റോഡ് എന്ന സ്ഥാപനത്തിന് നോട്ടീസ് നൽകി.എന്നാൽ 3 ജി മൊബൈൽ വേൾഡ് 20-02-2017 ന് കോർപ്പറേഷന് സമർപ്പിച്ച മറുപടിയിൽ തങ്ങൾ സ്ഥാപിച്ച പരസ്യ ബോർഡുകൾ വി.എൻ.ആർ.ഔട്ട്ഡോർ മീഡിയ എന്ന സ്ഥാപനത്തിൽ നിന്നും വാടകക്ക് എടുത്ത സ്ഥാനങ്ങളിൽ ആണെന്നും മാർച്ച് 31 വരെ പരസ്യ ബോർഡുകൾ സ്ഥാപിക്കാനുള്ള അവകാശം തങ്ങൾക്ക് ലഭിച്ചിട്ടുണ്ടെന്നും അവകാശപ്പെട്ടു.(വി.എൻ.ആർ ഔട്ട് ഡോർ മീഡിയക്ക് 2,30,000/- രൂപ ഈയിനത്തിൽ നൽകിയതിന്റെ രസീതും-ഇൻവോയ്സ് നമ്പർ-87 തിയതി-1-2-2017- ഹാജരാക്കി.)18-02-2017 ന് 3 ജി മൊബൈൽ വേൾഡ് കോർപ്പറേഷൻ നൽകിയ നോട്ടീസുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിക്കാനാവശ്യപ്പെട്ടതിനെ തുടർന്ന് വി.എൻ.ആർ.ഔട്ട് ഡോർ മീഡിയ, വടകര ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഹർജി സമർപ്പിക്കുകയും (W.P.(C) No.6046 of 2017)22-02-2017 ന് മൂന്നാഴ്ചക്കാലത്തേക്ക് തുടർ നടപടികൾ സ്റ്റേ ചെയ്യുകയും ചെയ്തു.കോഴിക്കോട് കോർപ്പറേഷൻ 2015-16 കാലത്ത് പരസ്യ നികുതി പിരിവ് ലേലത്തിൽ നൽകിയ ലൈസൻസികളിൽ നിന്നും ലഭിച്ച താഴെ ചേർക്കും പ്രകാരമുള്ള രസീതുകളും സ്ഥാപനം ഹാജരാക്കിയിരുന്നു.

| രസീത് നമ്പർ ,തിയതി | തുക |
|---|---|
| 3102 തിയതി-23-07-2015 | 7557 |
| 3101 തിയതി23-07-2015 | 10305 |
| 954 തിയതി20-07-2016 | 9108 |
| 953 തിയതി20-07-2016 | 10800 |

വി.എൻ.ആർ.ഔട്ട് ഡോർ മീഡിയ, സ്ഥാപിച്ച 3 ജി മൊബൈൽ വേൾഡിന്റെ പരസ്യ ബോർഡുകൾ അനധികൃതമായി സ്ഥാപിച്ചതാണെന്നും ലൈസൻസിക്ക് പ്രസ്തുത സ്ഥലങ്ങളിൽ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിനും, അനധികൃതമായി സ്ഥാപിച്ച പരസ്യ ബോർഡുകൾക്ക് നികുതി ഈടാക്കുന്നതിനും അധികാരമില്ലെന്ന് കോർപ്പറേഷൻ വാദിക്കുന്നു.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 22-02-2017 ലെ സ്റ്റേ ഉത്തരവ് നില നിൽക്കേ പ്രസ്തുത പരസ്യ ബോർഡുകൾ സാമൂഹ്യ വിരുദ്ധൻമാർ നീക്കം ചെയ്തതായി നഗരസഭയുടെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ,തുട നടപടികൾ സ്വീകരിക്കുന്നതിലേക്കായി 11-03-2017 ലെ എ 36/41944/16 നമ്പർ പ്രകാരം നടക്കാവ് പോലീസ് സ്റ്റേഷനിൽ പരാതി നൽകുകയും ഇക്കാര്യം ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്തു.

മേൽ സൂചിപ്പിച്ച വിഷയങ്ങളുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ സംഭവിച്ചതായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

1. തെരുവ് വിളക്ക് സ്ഥാപിക്കുന്നതുമായ ബന്ധപ്പെട്ട ഒറിജിനൽ കരാറിൽ പിഴവുകൾ കടന്നു കൂടിയത് കരാർ തയ്യാറാക്കുന്നതിനും സൂക്ഷ്മ പരിശോധന നടത്തുന്നതിനും ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണ്.
2. തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് സോളസ് അഡ് സൊല്യൂഷൻസ്,കോഴിക്കോട് എന്ന സ്ഥാപനവുമായി ഒറിജിനൽ കരാറിലെ പിഴവുകൾ പരിഹരിച്ച് സപ്ലിമെന്ററി ഉടമ്പടി വച്ചതായി കാണുന്നില്ല. ഉടമ്പടി വയ്ക്കാത്തതിന്റെ കാരണങ്ങൾ വിശദീകരിക്കേണ്ടതാണ്.
3. 2015-16 ൽ അനധികൃത പരസ്യ ബോർഡുകൾ സ്ഥാപിച്ചവരിൽ നിന്നും പരസ്യ നികുതി ഈടാക്കിയ ലൈസൻസിക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.
4. അനധികൃത പരസ്യ ബോർഡുകൾ കണ്ടെത്തുന്നതിനും പിഴ ചുമത്തുന്നതിനും നഗരസഭ കാര്യമായ നടപടികളൊന്നും സ്വീകരിക്കുന്നില്ല എന്നാണ് അനധികൃത പരസ്യ ബോർഡുകൾ സ്ഥാപിച്ചവരിൽ നിന്നും ലൈസൻസി പരസ്യ നികുതി സ്വീകരിച്ചതിൽ നിന്നും വ്യക്തമാകുന്നത്.നഗരസഭാ പരിധിയിൽ ആരൊക്കെ എവിടെയൊക്കെ പരസ്യ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച വ്യക്തമായ യാതൊരു കണക്കും നഗരസഭയുടെ കൈവശമില്ല.നിയമ ലംഘനങ്ങൾക്കും സാമ്പത്തിക നഷ്ടത്തിനും ഇത് കാരണമാകുന്നു.

മേൽ സൂചിപ്പിച്ച വിഷയങ്ങൾ അപാകങ്ങൾ സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## 2-11 ബസ് സ്റ്റാന്റ് റൗണ്ട് ബ്ലോക്ക് പരസ്യം - കേസ് നടത്തിപ്പിലെ വീഴ്ച കാരണം വരുമാന നഷ്ടം സംഭവിക്കുന്നു

നഗരസഭ ഐ.ജി റോഡ് ബസ് സ്റ്റാന്റിന്റെ റൗണ്ട് ബ്ലോക്കിനു മുകളിൽ കോൺക്രീറ്റ് സ്ട്രക്ചർ നിർമിച്ച് അതിന്മേൽ പരസ്യം സ്ഥാപിക്കുന്നതിന് 2008-10 കാലയളവിലേക്ക് 16.5 ലക്ഷം രൂപയ്ക്ക് ശ്രീ.അജ്മൽഅബ്ദുറഹിമാൻ, മാനേജിംഗ് ഡയറക്ടർ, M/s ഗസ്സാസ്സ് ഗ്ലോബൽ അഡ് വിഷൻ (പ്രൈ) ലിമിറ്റഡ് എന്നവർക്ക് ലൈസൻസ് വ്യവസ്ഥയിൽ അനുവദിച്ചു. പ്രസ്തുത ലൈസൻസ് കാലാവധി അവസാനിക്കുന്നതിന് മുമ്പ് പരസ്യ ബോർഡുകൾ വീണ്ടും 5 വർഷത്തേയ്ക്ക് കൂടി സ്ഥാപിക്കാൻ

അനുവദിയ്ക്കണമെന്ന് ലൈസൻസി ആവശ്യപ്പെട്ടു. ഇതിൽ 30.04.10 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 23-ാം നമ്പർ തീരുമാനപ്രകാരം നിലവിലുള്ള ലൈസൻസ് ഫീസിൽ എത്ര വർദ്ധനവ് വരുത്താമെന്നും കാലാവധി കഴിയുമ്പോൾ ആസ്തി നഗരസഭയുടേതാകുമെന്ന വ്യവസ്ഥയും അംഗീകരിക്കുന്നതു സംബന്ധിച്ച് അഭിപ്രായം അറിയിക്കാൻ ആവശ്യപ്പെട്ടു. തുടർന്ന് വ്യവസ്ഥ അംഗീകരിക്കാനാകില്ലെന്നും 10% വർദ്ധനവ് വരുത്തുന്നതിനും കാലാവധി കഴിയുമ്പോൾ കെട്ടിടത്തിന് യാതൊരു കേടുപാടും കൂടാതെ പരസ്യവും പരസ്യബോർഡ് സ്ഥാപിച്ച ഫ്രെയിമും അഴിച്ച് മാറ്റുന്നതാണെന്നുമുള്ള അപേക്ഷ പരിഗണിച്ച് നിലവിലുള്ള ലൈസൻസ് ഫീസിൽ 10% വർദ്ധനവ് വരുത്തി 28.02.2011 വരെ അനുമതി നൽകി. പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാൽ കൗൺസിൽ അംഗീകാരം ലഭിയ്ക്കുന്നതിനും കരാർ വെയ്ക്കുന്നതിനും കാലതാമസം നേരിട്ടു. പിന്നീട് 17.12.10 ലെ കൗൺസിലിന്റെ 80-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 28.02.11 ന് കാലാവധി കഴിഞ്ഞതിനെ തുടർന്ന് വീണ്ടും 01.03.11 മുതൽ കാലാവധി നീട്ടി നൽകാൻ അപേക്ഷിച്ചതു പ്രകാരം 31.03.12 വരെ കാലാവധി നീട്ടി നൽകി കരാർ വെച്ചു. കാലാവധിക്കു ശേഷം 01.4.12 മുതൽ വാടകക്ക് നൽകുന്നതിന് 28.03.12 ൽ ടെണ്ടർ/ലേലം നടത്തുകയും പ്രസ്തുത ലേലത്തിൽ പ്രതിവർഷം 30 ലക്ഷം രൂപ നിരക്കിൽ ശ്രീ.വീൽസൺ തോമസ് എന്നയാൾക്ക് 07.05.12 മുതൽ 07.05.15 വരെ 3 വർഷ കാലയളവിലേക്ക് കരാർ നൽകി. ലേലത്തിന് കൗൺസിലിന്റെ അനുമതി പ്രതീക്ഷിച്ച് 24.04.12 ന് ബഹു.മേയർ മുൻകൂർ അനുമതി നൽകുകയും 08.05.12 ന് കരാർ വെച്ച് 22.05.12 ന് ലൈസൻസിക്ക് പ്രവേശന കവാടത്തിന്റെ താക്കോൽ കൈമാറുകയും ചെയ്തു.

എന്നാൽ 28.03.12 ന് നടത്തിയ ലേലത്തിൽ മുൻ ലൈസൻസിയായ ശ്രീ.അജ്ജുഅബ്ദുറഹിമാൻ പങ്കെടുത്തിരുന്നുവെങ്കിലും ലൈസൻസ് അവകാശം ലഭിയ്ക്കാത്തതിനെ തുടർന്ന് ബഹു.കോഴിക്കോട് രണ്ടാം മുൻസിഫ് കോടതി മുമ്പാകെ OS 269/12 ആയി കേസ് ഫയൽ ചെയ്തു. ഈ കേസിൽ IA 2020/12 നമ്പ്ര് ഹരജി പ്രകാരം ബഹു.കോടതി 25.05.12 ന് താൽക്കാലിക ഇഞ്ചങ്ഷൻ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ നഗരസഭയുടെ എതിർ സത്യവാങ്മൂലം പരിഗണിച്ച് ബഹു.കോടതി 03.07.12 ന് മേൽ ഇഞ്ചങ്ഷൻ ഉത്തരവ് ദുർബലപ്പെടുത്തി. തുടർന്ന് മേൽ നമ്പർ കേസ് അന്യായക്കാരൻ വിചാരണക്ക് ഹാജരാകാത്തതിനെ തുടർന്ന് തള്ളി. പിന്നീട് അന്യായക്കാരൻ ബഹു.കോഴിക്കോട് ജില്ലാ കോടതിയിൽ അപ്പീൽ സമർപ്പിച്ചെങ്കിലും ആയതും തള്ളി.

മുൻ ലൈസൻസിയായ ശ്രീ. അജ്ജുഅബ്ദുറഹിമാൻ കുടിശ്ശിക വരുത്തിയ 15,45,738 രൂപ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചതിനെ തുടർന്ന് ബഹു. ഹൈക്കോടതിയിൽ WP(c) 8422/15 നമ്പരായി ലൈസൻസി ഹരജി ഫയൽ ചെയ്തു. ലൈസൻസ് കാലാവധി കഴിഞ്ഞ് 31.03.12 നു ശേഷം കോടതി വിധി തീയതി വരെ പരസ്യം പ്രദർശിപ്പിച്ചതിന് (പ്രതിവർഷം 30 ലക്ഷം രൂപയ്ക്ക് ആനുപാതികമായി) ശ്രീ.അജ്ജു അബ്ദുറഹിമാനിൽ നിന്നും പിരിഞ്ഞു കിട്ടേണ്ട തുകയായ 10,31,614 രൂപ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട്. മേൽ പ്രകാരമുള്ള തുകകൾ അടക്കുന്നതിൽ ഇളവ് നൽകണമെന്നാവശ്യപ്പെട്ട് നഗരസഭയ്ക്ക് മുൻ ലൈസൻസി നൽകിയ അപ്പീൽ 04.05.15 ന് കൗൺസിൽ തള്ളി.

എന്നാൽ പുതിയ ലൈസൻസിക്ക് 22.05.12 ന് പ്രവേശന കവാടത്തിന്റെ താക്കോൽ ഏൽപ്പിച്ചു കൊടുത്തിരുന്നുവെങ്കിലും കേസ് കാരണം പരസ്യം പ്രദർശിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. പിന്നീട് 04.01.13 നാണ് പുതിയ കരാർ വെച്ച് പരസ്യം പ്രദർശിപ്പിക്കാൻ കഴിഞ്ഞത്. ഇതിനിയിൽ പരസ്യം നീക്കം ചെയ്യാനുള്ള നഗരസഭയുടെ നിർദ്ദേശം പഴയ ലൈസൻസി പാലിക്കാത്തതിനെ തുടർന്ന് പരസ്യം നഗരസഭ തന്നെ ഏകദേശം 60% ലധികം ഡിപ്പാർട്ട്മെന്റലായി പൊളിച്ചു മാറ്റിയിരുന്നു. എന്നാൽ ജില്ലാ കോടതിയിലെ കേസിലെ നടപടികൾ കാരണം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ആയതിനാൽ പിന്നീട് കേസ് കഴിഞ്ഞതിനു ശേഷം, 19.10.12 ന് പരസ്യബോർഡുകൾ സ്വന്തം ചെലവിൽ അഴിച്ചുമാറ്റാനുള്ള അനുമതിക്കായി പഴയ ലൈസൻസി നഗരസഭയ്ക്ക് അപേക്ഷ നൽകി. ഈ അപേക്ഷയിൽ നഗരസഭ 30.11.12 ന് ഇ.ജി.12/30759/12 നമ്പർ കത്ത് പ്രകാരം ഭാഗികമായി നഗരസഭ തന്നെ നീക്കം ചെയ്തതായും ബാക്കി ഭാഗങ്ങൾ സ്വന്തം ചെലവിൽ നീക്കം ചെയ്യാവുന്നതാണെന്നും അറിയിച്ചു. നഗരസഭ നീക്കം ചെയ്തതിന് തൊഴിലാളികളെ നൽകിയ കരാറുകാരൻ 49,395 രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും പിന്നീട് തൊഴിലാളികളുടെ കൂലി വേണ്ടെന്ന് അറിയിച്ചതിനെ തുടർന്ന് 9,879 രൂപ സെന്റേജ് ചാർജ് ഇനത്തിൽ ലൈസൻസി നഗരസഭയിൽ അടച്ചു. പുതിയ ലൈസൻസിയായ ശ്രീ.വിൽസൺ തോമസ് ബിസിനസ് ആവശ്യാർത്ഥം സ്ഥലത്തുണ്ടാകില്ലെന്ന് അറിയിച്ചതിനാൽ നടത്തിപ്പിനായി ശ്രീ. എ.കെ.നൂറുദ്ധീൻഷാ എന്നവർക്ക് മുക്ത്യാർ നൽകിയിട്ടുണ്ട്. മുക്ത്യാർ നാമക്കാരനായ ശ്രീ.നൂറുദ്ധീൻഷാ എന്നവരുമായി 2012 ഡിസംബറിൽ (തീയതി ഇല്ല) കരാറിൽ ഏർപ്പെട്ടു. ഈ കരാറിലെ വ്യവസ്ഥ 5 പ്രകാരം "................ (തീയതി ഇല്ല) കാലാവധി കഴിയുമ്പോൾ അവകാശം സ്വമേധയാ അവസാനിക്കുന്നതാണെന്നും കാലാവധി കഴിഞ്ഞാൽ പരസ്യം സ്ഥാപിച്ച ഫ്രെയിം കോർപ്പറേഷന് സിദ്ധിക്കുന്നതാണെന്നും" വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇങ്ങനെ ശ്രീ.വിൽസൺ തോമസിന്റെ മുക്ത്യാർ നാമക്കാരൻ ശ്രീ.എ.കെ.നൂറുദ്ധീൻ ഷാ 07.05.15 വരെയുള്ള കാലത്തേയ്ക്ക് പരസ്യം പ്രദർശിപ്പിച്ചു വരവെ നികുതികൾ ഉൾപ്പെടെ 42,64,327 രൂപ കുടിശ്ശിക വരുത്തി. ലൈസൻസ് ഫീസ് കുടിശ്ശികയായതിനെ തുടർന്ന് 06.09.13 എ 37/30759/12 ഉത്തരവ് പ്രകാരം ഡെപ്യൂട്ടി സെക്രട്ടറി ലൈസൻസാവകാശം റദ്ധാക്കിയിരുന്നുവെങ്കിലും കുടിശ്ശികയിലേക്ക് 10 ലക്ഷം രൂപ അടച്ചതിനെ തുടർന്ന് തുടരാൻ അനുവദിച്ചു.

തുടർന്ന് കുടിശ്ശിക വർദ്ധിക്കുകയും കാലാവധി 07.05.15 ൽ അവസാനിക്കുമ്പോൾ കുടിശ്ശിക 74,21,645 രൂപയായി മാറി. ഈ തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചുവെങ്കിലും ലൈസൻസി ബഹു.ഹൈക്കോടതിയിൽ WP(c)8053/15 നമ്പർ ആയി കേസ് ഫയൽ ചെയ്തു.
പിന്നീട് ലൈസൻസ് കാലാവധി 07.05.15 ന് അവസാനിച്ചതിനെതുടർന്ന് 2015-16 വർഷത്തേയ്ക്ക് ലേലം ചെയ്യുന്നതിന് ബഹു.മേയർ നൽകിയ മുൻകൂർ അനുമതിയുടെ അടിസ്ഥാനത്തിൽ 28.05.15 ന് ലേലം നടത്തി. ഇതിൽ ശ്രീ.എ.കെ.മുഹമ്മദ് യാസിർ, കൊണ്ടോട്ടി എന്നയാൾ 20,02,222 രൂപയുടെ ടെണ്ടർ സമർപ്പിച്ചു. തുടർന്ന് നടത്തിയ നെഗോസിയേഷനിൽ 20,50,000 രൂപയ്ക്ക് എടുക്കാൻ തയ്യാറാകുകയും ഇത് 03.06.15 12-ാം നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ച് കൗൺസിലിലേക്ക് ശുപാർശ ചെയ്യുകയും ചെയ്തു. ഇതിനെതിരെ 01.04.08 മുതൽ 31.03.12 വരെ കരാർ ഏറ്റെടുത്ത സ്ഥാപനമായ M/s ഗസ്സാസ് ഗ്ലോബൽ അഡ് വിഷൻ (പ്രൈ) ലിമിറ്റ് എന്ന സ്ഥാപനത്തിനന്റെ ഡയറക്ടർ ശ്രീ.എം.ടി.ഫൈസൽ, സ്ഥാപനം 2008 ൽ

സ്ഥാപിച്ച പരസ്യ ബോർഡുകൾ പുതിയ ലൈസൻസിയായ ശ്രീ.എ.കെ.മുഹമ്മദ് യാസിർ എന്നയാൾ ഉപയോഗിക്കുന്നതിനെതിരെ 27.05.15 ന് ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തു. ഈ കേസിൽ ലേല നടപടികൾ തുടരുന്നതിനും പരസ്യ ബോർഡ് പുതിയ ലൈസൻസി പ്രദർശിപ്പിക്കാൻ പാടില്ലെന്നും ബഹു.ഹൈക്കോടതി നിർദ്ദേശിച്ചു. നഗരസഭയുടെ സ്റ്റാന്റിംഗ് കൗൺസൽ ശ്രീ.പി.വി.സുരേന്ദ്രനാഥ് കേസിൽ എതിർ സത്യവാങ്മൂലം തയ്യാറാക്കുന്നതിനായി ഖണ്ഡിക തിരിച്ചുള്ള വിശദീകരണം ലഭ്യമാക്കാൻ 22.06.15 ന് ഇ.മെയിൽ വഴി നഗരസഭയ്ക്ക് നിർദ്ദേശം നൽകി. പിന്നീട് ബഹു. ഹൈക്കോടതി ഉത്തരവ് സംബന്ധിച്ച് നഗരസഭ സ്റ്റാന്റിംഗ് കൗൺസലിനോട് നിയമോപദേശം തേടിയതു പ്രകാരം 26.06.15 ന് നൽകിയ നിയമോപദേശത്തിൽ ടെണ്ടർ നടപടികളുമായി മുന്നോട്ട് പോകാമെന്നും പരസ്യം സ്ഥാപിക്കാൻ അനുവദിക്കേണ്ടെന്നും കേസിൽ സ്റ്റേ നീക്കുന്നതിനോ/ഭേദഗതി ചെയ്യുന്നതിനോ എതിർ സത്യവാങ്മൂലം ഉടനെ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചു. ഇതു പ്രകാരം എതിർ സത്യവാങ്മൂലം തയ്യാറാക്കുന്നതിന് ഖണ്ഡിക തിരിച്ചുള്ള വിശദമായ മറുപടി നഗരസഭാ സെക്രട്ടറി ഒപ്പ് വെച്ച് 30.06.15 ന് നഗരസഭാ സ്റ്റാന്റിംഗ് കൗൺസൽ ശ്രീ.പി.വിസുരന്ദ്രനാഥിന് അയച്ചു കൊടുത്തു. ഇതു പ്രകാരം കോടതിയിൽ ഫയൽ ചെയ്യുന്നതിനായി എതിർ സത്യവാങ്മൂലം സ്റ്റാന്റിംഗ് കൗൺസൽ തയ്യാറാക്കി സെക്രട്ടറി ഒപ്പുവെയ്ക്കുന്നതിനായി 21.6.17 ന് അയച്ചതായും 27.6.17 ന് സെക്രട്ടറി ഒപ്പു വെച്ചതായും നോട്ട് ഫയൽ പ്രകാരം കാണുന്നു. എന്നാൽ എതിർ സത്യവാങ്മൂലം ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ടോ എന്ന കാര്യം ഫയലിൽ നിന്നും വ്യക്തമല്ല.

ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ലേല/ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം

നിലവിലുള്ള കരാർ കാലാവധി അവസാനിച്ചതിനെ തുടർന്ന് 01.03.11 മുതൽ ലൈസൻസ് അവകാശം നൽകുന്നതിന് പരസ്യ ലേലം ചെയ്യാനുള്ള നടപടികൾ ആരംഭിച്ചത് 09.03.11 നാണ്. കൂടാതെ മുൻ ലൈസൻസി സ്ഥാപിച്ച പരസ്യ ബോർഡ് നീക്കം ചെയ്യാനാവശ്യപ്പെട്ട് കത്ത് നൽകിയത് 23.03.11 ന് മാത്രമാണ്. അതുപോലെ തന്നെ 2015-16 വർഷത്തേയ്ക്ക് ലൈസൻസ് അവകാശം നൽകുന്നതിന് ലേല/ടെണ്ടറിന് പത്ര പരസ്യം നൽകിയത് 14.05.15 നും തുടർന്ന് ലേലം നടത്തിയത് 28.05.15 നുമാണ്. കരാർ കാലാവധി 07.05.15 ന് അവസാനിച്ച് 20 ദിവസം കഴിഞ്ഞു മാത്രമാണ് ലേലം നടത്തിയത്. കാലാവധി കഴിയുമ്പോൾ പുതിയ ലൈസൻസ് അവകാശം നൽകുന്നതിന് ലേല/ടെണ്ടർ നടപടികൾ ആരംഭിക്കാൻ വളരെ കാലതാമസം നേരിടുന്നു. യഥാസമയം ലേല/ടെണ്ടർ നടപടികൾ സ്വീകരിക്കാത്തത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്.

2. സിംഗിൾ ടെണ്ടർ ആയതിനാൽ പുനർലേലം നടത്തിയില്ല.

ലൈസൻസ് കാലാവധി അവസാനിച്ചതിനെ തുടർന്ന് 2015-16 വർഷത്തേയ്ക്ക് ലൈസൻസ് അവകാശം നൽകുന്നതിന് 28.05.15 ന് ലേലം/ടെണ്ടർ നടത്തിയതിൽ 20,02,222 രൂപയുടെ ടെണ്ടർ സമർപ്പിച്ച ശ്രീ.എ.കെ.മുഹമ്മദ് യാസിർ, കൊണ്ടോട്ടി എന്നയാളുടെ ടെണ്ടർ നെഗോസിയേഷനു ശേഷം അംഗീകരിക്കുകയായിരുന്നു. എന്നാൽ സിംഗിൾ ടെണ്ടർ ആയിരുന്നിട്ടും പുനർലേലം ചെയ്യാൻ നടപടി സ്വീകരിക്കാതെ

മുൻവർഷത്തിൽ 30 ലക്ഷം രൂപയ്ക്ക് ലേലം ചെയ്തു നൽകിയത് 2015-16 ൽ നെഗോസിയേഷൻ നടത്തി 20,50,000 രൂപയ്ക്ക് നൽകേണ്ടി വന്നു.

3. ലൈസൻസ് ഫീ കുടിശ്ശിക വരുത്തുമ്പോൾ ലൈസൻസ് അവകാശം റദ്ദ് ചെയ്യുന്നില്ല.

പരസ്യം പ്രദർശിപ്പിക്കുന്നതിനുള്ള അവകാശം ലഭിച്ച കരാറുകാർ ലൈസൻസ് ഫീസ് കുടിശ്ശിക വരുത്തുമ്പോൾ തന്നെ ലൈസൻസ് അവകാശം റദ്ദ ചെയ്യാനും ലേലം വഴി പുതിയ ലൈസൻസിക്ക് ഏൽപ്പിച്ച കൊടുക്കാനും നടപടി സ്വീകരിക്കുന്നില്ല. 01.04.08 മുതൽ 31.03.12 വരെ കരാർ ഏറ്റെടുത്ത ശ്രീ.അജു അബ്ദുറഹിമാൻ Managing Director, M/s ഗസ്സാസ് ഗ്ലോബൽ അഡ് വിഷൻ (പ്രൈ) ലിമിറ്റഡ് എന്നവരിൽ നിന്നും 25,77,352 രൂപയും 07.05.12 മുതൽ 07.05.15 വരെ കരാർ എറ്റെടുത്ത ശ്രീ. വിൽസൺ തോമസിന്റെ മുക്ത്യാർ നാമക്കാരനായ ശ്രീ.എ.കെ.നൂറുദ്ധീൻ ഷാ എന്നയാൾ 74,21,645 രൂപയും കുടിശ്ശിക വരുത്തി. ഈ കുടിശ്ശിക തുകകൾ റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചുവെങ്കിലും രണ്ടു കരാറുകാരും ബഹു. ഹൈക്കോടതിയിൽ കേസ് നൽകി സ്റ്റേ സമ്പാദിച്ചതിനാൽ നഗരസഭയ്ക്ക് ലഭിക്കേണ്ട വരുമാനം ലഭിയ്ക്കുന്നതിൽ കാലതാമസം ഉണ്ടായി. കുടിശ്ശിക വരുത്തുന്ന സമയത്തു തന്നെ ലൈസൻസ് അവകാശം റദ്ദാക്കി പുനർലേലം ചെയ്യുന്നതുൾപ്പെടെയുള്ള കർശന നടപടികൾ നഗരസഭ സ്വീകരിച്ചിരുന്നുവെങ്കിൽ ഇത്തരമൊരു സാഹചര്യം ഒഴിവാക്കാമായിരുന്നു. മുൻ ലൈസൻസികളായ രണ്ടു കരാറുകാരിൽ നിന്നുമായി ആകെ 99,98,997 രൂപ (7421645+2577352) നഗരഭയ്ക്ക് ലഭിയ്ക്കാനുണ്ട്. ഇത്രയും വലിയ തുക കുടിശ്ശികയായി മാറാനും നിയമക്കുരുക്കിൽപ്പെടാനും ഇടയായത് യഥാസമയം നടപടി സ്വീകരിക്കുന്നതിൽ വീഴ്ചവരുത്തിയതുകൊണ്ടാണ്. ഇത് നഗരസഭയുടെ സാമ്പത്തിക താല്പര്യത്തിന് വിരുദ്ധമാണ്. ഈ തുക ലൈസൻസികളിൽ നിന്നും ഈടാക്കാൻ കഴിയാത്ത സാഹചര്യമുണ്ടായാൽ നഷ്ട തുക യഥാസമയം നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ബാധ്യതയായി മാറുന്നതാണ്.

4. പരസ്യബോർഡ് നീക്കം ചെയ്തത് എതിർ സത്യവാങ്മൂലത്തിൽ പരാമർശിച്ചില്ല.

പരസ്യം സ്ഥാപിക്കുന്നതിനായി 01.04.08 മുതൽ 31.03.12 വരെ കരാർ ഏറ്റെടുത്തിരുന്നത് M/s ഗസ്സാസ് ഗ്ലോബൽ അഡ് വിഷൻ (പ്രൈ) ലിമിറ്റഡ് എന്ന സ്ഥാപനമായിരുന്നു. ഈ സ്ഥാപനത്തിന്റെ കരാർ കാലാവധി കഴിഞ്ഞതിനെതുടർന്ന് 01.04.12 മുതൽ പരസ്യം പ്രദർശിപ്പിക്കുന്നതിന് പുതിയ കരാർ നൽകുന്നതിന് നടത്തിയ ലേലത്തിൻ മേൽ സ്ഥാപനവും പങ്കെടുത്തിരുന്നുവെങ്കിലും തുക കുറവായതിനാൽ ലൈസൻസ് അവകാശം ലഭിച്ചില്ല. ഇതിനെ തുടർന്ന് ബഹു.കോഴിക്കോട് രണ്ടാം മുൻസിഫ് കോടതിയിലും തുടർന്ന് ജില്ലാ കോടതിയിലും കേസ് നൽകിയെങ്കിലും പരാജയപ്പെട്ടു. ഈ സമയത്ത് തന്നെ മുൻ ലൈസൻസി സ്ഥാപിച്ച പരസ്യ ബോർഡുകൾ നഗരസഭ ഡിപ്പാർട്ട്മെന്റലായി 60% ലധികം പൊളിപ്പിച്ചുമാറ്റിയിരുന്നു. തുടർന്ന് മുൻ ലൈസൻസിയായ ശ്രീ.അജുഅബ്ദുറഹിമാൻ നൽകിയ കേസ് തള്ളിപ്പോയതിനെ തുടർന്ന്, നഗരസഭയ്ക്ക് നൽകിയ അപേക്ഷയിൽ പരസ്യ ബോർഡുകൾ സ്വന്തം ചെലവിൽ അഴിച്ച അഴിച്ചുമാറ്റാൻ അപേക്ഷിച്ചു. ഇതിൽ 30.11.12 ന് നഗരസഭ ഇ.ജി12/30759/12 നമ്പർ കത്ത് പ്രകാരം "ഭാഗികമായി നഗരസഭ തന്നെ നീക്കം

ചെയ്തതായും ബാക്കി ഭാഗങ്ങൾ സ്വന്തം ചെലവിൽ നീക്കം ചെയ്യാവുന്നതാണെന്നും നീക്കം ചെയ്തതിന്റെ ചെലവിലേക്കായി 49,395 രൂപ അടക്കാനും ആവശ്യപ്പെട്ടു". എന്നാൽ നഗരസഭ പൊളിച്ചതിന് തൊഴിലാളികളെ നൽകിയ കരാറുകാരൻ കൂലി വേണ്ടെന്ന് അറിയിച്ചതിനാൽ സെന്റേജ് ചാർജായി 9,879 രൂപ ശ്രീ.അജ്ഞ അബ്ദുറഹിമാൻ എന്നയാൾ നഗരസഭയിൽ അടച്ചു.

ശ്രീ.അജ്ഞ അബ്ദുറഹിമാൻ സെന്റേജ് ചാർജ് അടച്ച് അവർ സ്ഥാപിച്ച പരസ്യം സ്വന്തം ചെലവിൽ പൊളിച്ച് മാറ്റുന്നതിന് അനുമതി വാങ്ങിയിട്ടുള്ളതും നഗരസഭ പൊളിച്ചുമാറ്റിയ സാധനങ്ങൾ നഗരസഭയുടെ കസ്റ്റഡിയിൽ സൂക്ഷിച്ചുള്ളതുമാണ്. (ഈ സാധനങ്ങൾ പിന്നീട് എന്തു ചെയ്തു എന്നതു സംബന്ധിച്ച വിശദാംശം ഫയലിൽ ഇല്ല.) പിന്നീട് 07.05.12 മുതൽ 07.05.15 വരെ കരാർ ഏറ്റെടുത്ത ശ്രീ.വിൽസൺതോമസ് പരസ്യ ബോർഡ് സ്ഥാപിച്ച് പ്രദർശിപ്പിച്ച് വന്നതും അവരുടെ കാലാവധിക്കുശേഷം 2015-16 വർഷം, അതായത് 08.05.15 മുതൽ ലൈസൻസ് അവകാശം നല്കുന്നതിനായി 28.05.15 ന് ലേലം നടത്തി 20,50,000 രൂപയ്ക്ക് ശ്രീ. എ.കെ.മുഹമ്മദ് യാസിർ എന്നയാൾക്ക് നൽകിയിട്ടുള്ളതുമാണ്. ഈ സമയത്താണ് 3 വർഷം മുമ്പത്തെ ലൈസൻസിയായിരുന്ന M/s ഗസ്സാസ് ഗ്ലോബൽ അഡ് വിഷൻ (പ്രൈ) ലിമിറ്റഡ് എന്ന സ്ഥാപനത്തിനു വേണ്ടി ഡയറക്ടർ ശ്രീ.എം.ടി.ഫൈസൽ ബഹു.ഹൈക്കോടതിയിൽ, 2008 ൽ ഞങ്ങൾ സ്ഥാപിച്ച പരസ്യ ബോർഡ് 07.05.15 മുതൽ ലൈസൻസ് അവകാശം ലഭിച്ച കരാറുകാരൻ ഉപയോഗിക്കുന്നതിനെതിരെ ബഹു. ഹൈക്കോടതിയിൽ ഹരജി സമർപ്പിച്ച് സ്റ്റേ വാങ്ങിയത്. എന്നാൽ ഈ കേസിൽ ബഹു. ഹൈക്കടതിയിൽ ഫയൽ ചെയ്യുന്നതിനായി 30.06.15 ന് സെക്രട്ടറി ഒപ്പിട്ട സ്റ്റാന്റിംഗ് കൌൺസലിന് അയച്ച എതിർ സത്യവാങ്മൂലത്തിൽ ഹരജിക്കാരൻ 2008 ൽ സ്ഥാപിച്ച പരസ്യബോർഡുകൾ 2012 ൽ തന്നെ നഗരസഭ ഭാഗികമായി പൊളിച്ചുമാറ്റിയതും ഇതിന്റെ സെന്റേജ് ചാർജായി ഹരജിക്കാരൻ 9,879 രൂപ നഗരസഭയിൽ അടച്ചതും ബാക്കി ഭാഗം നീക്കം ചെയ്യുന്നതിനായി 19.10.12 ലെ ഹരജിക്കാരന്റെ അപേക്ഷ പ്രകാരം അനുമതി നൽകിയതുമായ പ്രധാനപ്പെട്ട വസ്തുത പരാമർശിച്ചിട്ടില്ല. കൂടാതെ അതിനു ശേഷം 3 വർഷത്തോളം മറ്റൊരു ലൈസൻസി പുതിയ പരസ്യബോർഡ് സ്ഥാപിച്ച് പരസ്യം പ്രദർശിപ്പിച്ചു വന്നിരുന്നതായിരുന്നുവെന്ന കാര്യവും വളരെ വ്യക്തമായി ഉൾപ്പെടുത്തിയില്ല. മേൽ പറഞ്ഞ രണ്ടു കാര്യങ്ങളും ഈ കേസിൽ വളരെ നിർണായകമായ വസ്തുതയാണെന്നിരിക്കെ എതിർ സത്യവാങ്മൂലം തയ്യാറാക്കുന്നതിനായി സ്റ്റാന്റിംഗ് കൗൺസൽ നൽകിയ "ഖണ്ഡിക തിരിച്ചുള്ള വിശദാംശത്തിലോ" സ്റ്റാന്റിംഗ് കൗൺസൽ ബഹു.കോടതിയിൽ ഫയൽ ചെയ്യുന്നതിനായി തയ്യാറാക്കി നഗരസഭ സെക്രട്ടറി ഒപ്പിട്ട് സ്റ്റാന്റിംഗ് കൗൺസലിന് അയച്ചുകൊടുത്ത എതിർ സത്യവാങ്മൂലത്തിലോ ഉൾപ്പെടുത്താതിരുന്നത് വളരെ ഗുരുതര വീഴ്ചയാണ്. കാരണം 2008 ൽ പരാതിക്കാരൻ സ്ഥാപിച്ച പരസ്യബോർഡുകളും സ്ട്രക്ചറുകളും 60% ലധികം നഗരസഭ തന്നെ പൊളിച്ചു നീക്കം ചെയ്യുകയും ബാക്കി ഭാഗം ഹരജിക്കാരന് സ്വന്തം ചെലവിൽ നീക്കാൻ അനുമതി നൽകിയതും പിന്നീട് വന്ന ലൈസൻസി പുതിയ പരസ്യബോർഡ് സ്ഥാപിച്ച് 3 വർഷം പ്രദർശിപ്പിച്ചു എന്നതുകൊണ്ടു തന്നെ പിന്നീട് വന്ന ലൈസൻസി സ്ഥാപിച്ച ബോർഡിൽ അവകാശം സ്ഥാപിക്കാനുള്ള ഹരജിക്കാരന്റെ വാദം ദുർബലമാക്കുമായിരുന്നതും

നഗരസഭക്കെതിരെ ബഹു.ഹൈക്കോടതി കൽപ്പിച്ച സ്റ്റേ ദുർബലപ്പെടുത്താനും കേസിൽ അന്തിമ വിജയം നേടുന്നതിനും കാരണമാകുമായിരുന്നു. ഇതിൽ നഗരസഭ ഉദ്യോഗസ്ഥർ വീഴ്ച വരുത്തി.

5. എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിൽ കാലതാമസം.

നഗരസഭയ്ക്കെതിരെ മുൻ ലൈസൻസി 27.05.15 ന് ബഹു.ഹൈക്കോടതിയിൽ WP(c)15703/15 ആയി കേസ് ഫയൽ ചെയ്തതിൽ ലേലം/ടെണ്ടർ നടപടികൾ തുടരാനും പരസ്യബോർഡ് പ്രദർശിപ്പിക്കാൻ പാടില്ലെന്നും നിർദ്ദശിച്ചു. ഈ സ്റ്റേ നീക്കുന്നതിനോ/ഭേദഗതി ചെയ്യുന്നതിനോ എതിർ സത്യവാങ്മൂലം ഉടനെ സമർപ്പിക്കണമെന്ന് 02.06.15 ന് സ്റ്റാന്റിംഗ് കൗൺസൽ ആവശ്യപ്പെട്ടു. എന്നാൽ ആയത് സമർപ്പിക്കാത്തതിനെ തുടർന്ന സ്റ്റാന്റിംഗ് കൗൺസൽ 22.06.15 ന് "Parawise Comments to prepare Counter affidavit" ഉടനെ അയയ്ക്കാൻ നിർദ്ദേശിച്ചു. ഇതിനെതുടർന്ന് 30.06.15 നാണ് എതിർ സത്യവാങ്മൂലം നഗരസഭാ സെക്രട്ടറി ഒപ്പ് വെച്ച് സ്റ്റാൻഡിംഗ് കൗൺസിലിന് അയച്ചത്. എതിർ സത്യവാങ്മൂലം തയ്യാറാക്കി അയച്ച് കൊടുക്കുന്നതിൽ ഒരു മാസത്തിലധികം താമസം വന്നിട്ടുണ്ട്.

നഗരസഭാ സെക്രട്ടറി 17.09.15 ന് സ്റ്റാന്റിംഗ് കൗൺസിലിന് അയച്ച കത്തിൽ "ടെണ്ടർ അംഗീകരിച്ചതായും പരസ്യം സ്ഥാപിക്കാൻ അനുമതി നൽകാൻ താമസം വരുന്നതിനാൽ നഗരസഭയ്ക്ക് ലിഭിയ്ക്കേണ്ട വരുമാനം നഷ്ടപ്പെടുമെന്നും ആയതിനാൽ പ്രത്യേകം ശ്രദ്ധ ചെലുത്തി സ്റ്റേ നീക്കാൻ നടപടി സ്വീകരിക്കണമെന്ന്" ആവശ്യപ്പെട്ടു. തുടർന്ന് 03.02.16, 10.03.16 തീയതികളിലും കത്തയച്ചു. എന്നാൽ 9 മാസം കഴിഞ്ഞിട്ടും സ്റ്റാന്റിംഗ് കൗൺസലിൽ നിന്നും മറുപടി ലഭിയ്ക്കാത്തതിനെ തുടർന്ന് 11.03.16 ന് നേരിൽ കാണുന്നതിന് സെക്ഷൻ ക്ലാർക്കിനെ ചുമതലപ്പെടുത്തിയതു പ്രകാരം "Revenue Recovery Stay case 8422/15 ന്റെ കൗണ്ടർ അഫിഡവിറ്റിന്റെ കോപ്പിയും പരാതിക്കാരനായ ഫൈസലിന്റെ അപേക്ഷ തള്ളിയ കൗൺസിൽ തീരുമാനത്തിന്റെ കോപ്പിയും കൗണ്ടർ അഫിഡവിറ്റ് തയ്യാറാക്കുന്നതിന് ആവശ്യമാണെന്നതിനാൽ പെട്ടെന്ന് അയച്ചുതരണമെന്ന് ആവശ്യപ്പെട്ടു. കൗണ്ടർ അഫിഡവിറ്റ് ഈ മാസം തന്നെ ഫയൽ ചെയ്യുന്നതിന് ആവശ്യമായ നടപടിക്കും follow up നും ഓഫീസിന്റെ ഭാഗത്തുനിന്നും നടപടികൾ ത്വരിതപ്പെടുത്തണമെന്നും" വക്കീൽ നിർദ്ദേശിച്ചതായി സെക്ഷൻ ക്ലാർക്ക് 14.03.16 ന് റിപ്പോർട്ട് നൽകിയതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 14.03.16 ലെ ഈ റിപ്പോർട്ടിനു ശേഷം 27.11.16 നാണ് (8 മാസം കഴിഞ്ഞ്) സ്റ്റാന്റിംഗ് കൗൺസൽ എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിന് രേഖകൾ സഹിതം ഒരു ഉദ്യോഗസ്ഥനെ അയക്കാൻ ആവശ്യപ്പെട്ടത്. അതുവരെയും യാതൊരു തുർനടപടിയും നഗരസഭ സ്വീകരിച്ചില്ല. സ്റ്റാന്റിംഗ് കൗൺസലിന്റെ 29.11.16 ലെ കത്തിനെ തുടർന്ന് 01.12.16 ന് സെക്ഷൻ ക്ലാർക്കിനെയും സൂപ്രണ്ടിനെയും ചുമതലപ്പെടുത്തി.

നഗരസഭ സെക്രട്ടറി 30.06.15 ന് ഒപ്പിട്ട് അയച്ചുകൊടുത്ത എതിർസത്യവാങ്മൂലം തയ്യാറാക്കുന്നതിനുള്ള "Parawise Comments" പ്രകാരം സ്റ്റാന്റിംഗ് കൗൺസൽ എതിർ സത്യവാങ്മൂലം തയ്യാറാക്കി 15.06.17 നാണ് ഒപ്പുവെക്കുന്നതിനായി ഇ മെയിൽ ചെയ്തത്.

ഇത് 27.06.17 ന് നഗരസഭ സെക്രട്ടറി ഒപ്പ് വെച്ചതായി നോട്ട് ഫയൽ പ്രകാരം കാണുന്നു. എന്നാൽ ഇത് സ്റ്റാന്റിംഗ് കൗൺസലിന് അയച്ച കൊടുത്തതായോ ബഹു.കോടതിയിൽ ഫയൽ ചെയ്തതു സംബന്ധിച്ചോ യാതൊരു വിശദാംശങ്ങളും ഫയലിൽ ലഭ്യമല്ല. അതായത് എതിർസത്യവാങ്മൂലം ഫയൽ ചെയ്യുന്നതിന് രണ്ടു വർഷത്തെ കാലതാമസം സ്റ്റാന്റിംഗ് കൗൺസലിന്റെ ഭാഗത്തു നിന്നും ഉണ്ടായി.

സ്റ്റാന്റിംഗ് കൗൺസലിനെ 2 പ്രാവശ്യം നേരിട്ട് കണ്ടിരുന്നുവെന്ന് ഫയലിൽ നിന്നും വ്യക്തമാണെങ്കിലും എതിർ സത്യവാങ്മൂലം പെട്ടെന്ന് ഫയൽ ചെയ്യുന്നതിന് നഗരസഭാ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ആവശ്യമായ നടപടികൾ ഉണ്ടായില്ല. മാത്രമല്ല യഥാസമയം എതിർസത്യവാങ്മൂലം ഫയൽ ചെയ്ത് സ്റ്റേ നീക്കുക വഴി വരുമാന നഷ്ടം ഒഴിവാക്കി നഗരസഭയുടെ താല്പര്യം സംരക്ഷിക്കുന്നതിൽ സ്റ്റാന്റിംഗ് കൗൺസലിന്റെ ഭാഗത്ത് കാലതാമസം ഉണ്ടായതായി കാണാവുന്നതാണ്.

ബഹു.ഹൈക്കോടതിയുടെ സ്റ്റേ നിലനിൽക്കുന്നതിനാൽ 2015-16, 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ലേലം ചെയ്ത് ഏൽപ്പിച്ച് നൽകാൻ സാധിക്കാത്തതിനാൽ മുൻവർഷം അതായത് അവസാനം ലേലം ചെയ്ത 2015-16 ലെ തുകയായ 20,50,000 രൂപ അടിസ്ഥാനപ്പെടുത്തി കണക്കാക്കിയാൽ തന്നെ 47,85,205 രൂപയുടെ നഷ്ടം 2017 ജൂലായ് 30 വരെ മാത്രം ഉണ്ടായിരിക്കുന്നു. കാലതാമസം വഴി ഓരോ ദിവസവും നഗരസഭയ്ക്ക് 5616 രൂപ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു. കേസ് നടത്തിപ്പിൽ നഗരസഭയുടെയും സ്റ്റാന്റിംഗ് കൗൺസലിന്റെയും ഭാഗത്തുനിന്നു വന്ന അലംഭാവവും വീഴ്ചയും കാരണമാണ് മേൽ പറഞ്ഞ നഷ്ടം സംഭവിക്കാൻ കാരണമായത്. കേസിൽ എതിർസത്യവാങ്മൂലം യഥാസമയം സമർപ്പിക്കുകയും നഗരസഭയുടെ വരുമാന നഷ്ടം ബഹു.ഹൈക്കോടതിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്തിരുന്നുവെങ്കിൽ സ്റ്റേ നീക്കുന്നതിനോ/ഭേദഗതി ചെയ്യുന്നതിനോ റിട്ട് ഹരിജിയിൽ അന്തിമവിധി പുറപ്പെടുവിക്കുന്നതിനോ ഉള്ള സാഹചര്യം ഉണ്ടാകുമായിരുന്നു.

കേസ് നടത്തിപ്പിൽ നഗരസഭയുടെ താൽപര്യം സംരക്ഷിക്കുന്നതിൽ സ്റ്റാന്റിംഗ് കൗൺസലിന്റെ ഭാഗത്തു നിന്നും വീഴ്ച ഉണ്ടായതിനാൽ സ്റ്റാന്റിംഗ് കൗൺസലിനെ മാറ്റി നഗരസഭയുടെ താല്പര്യം സംരക്ഷിക്കുന്നതുൾപ്പെടെയുള്ള നടപടികൾക്കായി വിഷയം നഗരസഭാ കൗൺസിലിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിൽ ഉദ്യോഗസ്ഥർ വീഴ്ചവരുത്തി.

വിഷയത്തിൽ അടിയന്തര നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതും വീഴ്ചകൾക്ക് വിശദീകരണം നൽകേണ്ടതുമാണെന്ന് നിർദ്ദേശിച്ച് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (87/16-17) മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് നിർദ്ദേശപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും വിശദീകരണം നൽകുകയും ചെയ്യാത്തപക്ഷം നഗരസഭയ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന വരുമാന നഷ്ടം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ബാദ്ധ്യതയായി നിജപ്പെടുത്തുന്നതാണ്.

## 2-12 ചെറുവണ്ണൂർ-നല്ലളം സോണൽ ഓഫീസ് -വാടക വരവ് അപാകങ്ങൾ.

ചെറുവണ്ണൂർ-നല്ലളം സോണൽ സോണൽ ഓഫീസിൽ വാടക വരവുകളുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

1.കരാർ ലംഘിച്ച് വ്യാപാരം നടത്തി.

അരീക്കാട് ഷോപ്പിംഗ് കോംപ്ലക്സിലെ രണ്ടാം നമ്പർ മുറി ശ്രീ.കെ.അജയഘോഷ് എന്നയാൾക്ക് 1-04-2015 ലെ മുതൽ 31-03-2018 വരെ പുതുക്കി നൽകി.2016 ഏപ്രിൽ മാസം 21ാം തീയതിയാണ് ഇതു സംബന്ധിച്ച് ഉടമ്പടി വച്ചത്. "കൂട്ടുങ്ങൽ ഫോട്ടോസ്റ്റാറ്റ്" എന്ന സ്ഥാപനം നടത്തുന്നതിനാണ് ശ്രീ.അജയഘോഷിന് മുറി വാടകക്ക് കൈമാറിയത്. എന്നാൽ ടിയാൻ പ്രസ്തുത മുറിയിൽ പടക്ക വ്യാപാരം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 21-03-2017 ന് സോണൽ ഓഫീസിൽ നിന്ന് നോട്ടീസ് നൽകി.പ്രസ്തുത നോട്ടീസിന് മറുപടി ലഭിച്ചതായി ഫയലിൽ കാണുന്നില്ല.തുടർന്ന് ഫോട്ടോസ്റ്റാറ്റ് ഷോപ്പിനു മാത്രമായി ടിയാൻ ഡി& ഒ ലൈസൻസിന് അപേക്ഷിക്കുകയും വാടക മുറി തുടർന്നും അനുവദിച്ച് നൽകുകയും ചെയ്തു. ഈ വിഷയവുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

മുനിസിപ്പൽ കോർപ്പറേഷനുമായുള്ള ഉടമ്പടിക്ക് വിരുദ്ധമായി വാടക മുറിയിൽ 2016-17 വർഷം പടക്ക വ്യാപാരം നടത്തുന്നതിനുള്ള ഡി&ഒ ലൈസൻസിന് വേണ്ടി ശ്രീ.കെ.അജയഘോഷ് അപേക്ഷ സമർപ്പിച്ചിരുന്നു.ഡി&ഒ ലൈസൻസ് ഫീ ഇനത്തിൽ 200/-രൂപയും തൊഴിൽ നികുതി ഇനത്തിൽ 360/- രൂപയും ടിയാൻ ഒടുക്കുകയും ചെയ്തിട്ടുണ്ട്.തൊഴിൽ നികുതി ഈടാക്കിയ രസീതിൽ FIRE WORKS A.S.C. ROOM-2 എന്നും രേഖപ്പെടുത്തിക്കാണുന്നുണ്ട്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ചെറുവണ്ണൂർ-നല്ലളം പഞ്ചായത്തായിരുന്ന കാലം മുതൽ ഫയർ വർക്ക്സിന് ലൈസൻസ് പുതുക്കി വരികയായിരുന്നുവെന്നും ആയതുകൊണ്ടാണ് ടിയാനെ 2016-17 വർഷവും ലൈസൻസ് ഫീസ് അടപ്പിച്ചത് എന്നും 2016-17 വ്രഷം ടിയാൻ ഫീസ് അടച്ചെങ്കിലും ലൈസൻസ് വാങ്ങിക്കുവാൻ ഹാജരായിട്ടില്ല എന്നുമാണ്. 2017-18 വർഷത്തിൽ ഫോട്ടോസ്റ്റാറ്റിന് മാത്രമായാണ് ടിയാന് ലൈസൻസ് നൽകിയിട്ടുള്ളതെന്നും മറുപടിയിൽ പറയുന്നു.

കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ കരാറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പടക്കവ്യാപാരം നടത്തുകയും പ്രസ്തുത വ്യാപാരം നടത്തുന്നതിന് കോർപ്പറേഷൻ ലൈസൻസ് അനുവദിക്കുകയും ചെയ്തത് ലൈസൻസ് അനുവദിക്കുന്നത് മുമ്പ് യാതൊരു വിധത്തിലുള്ള അന്വേഷണമോ സൂക്ഷ്മ പരിശോധനയോ കൂടാതെയാണെന്ന യാഥാർത്ഥ്യമാണ് വെളിപ്പെടുത്തുന്നത്.ലൈസൻസിനു വേണ്ടി കളക്ടേറ്റിൽ നിന്നുള്ള അനുമതി പത്രം മാത്രമാണ് ടിയാൻ ഹാജരാക്കിയത്.മതിയായ സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കിയത് സംബന്ധിച്ച് ഫയർ & സേഫ്റ്റി വകുപ്പിന്റെയോ ഇലക്ട്രിക്കൽ ഇൻസ്പക്ടേറ്റിന്റെയോ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല.

കോർപ്പറേഷൻ വാടകക്ക് നൽകിയ കെട്ടിടങ്ങൾ കരാറിലെ വ്യവസ്ഥ പ്രകാരം തന്നെയാണ് ഉപയോഗിക്കുന്നത് എന്ന് ഉറപ്പുവരുത്താത്തും ഡി& ലൈസൻസ് നൽകുന്നതിനു മുമ്പ് ആവശ്യമായ പരിശോധനകൾ നടത്താത്തതും കോർപ്പറേഷൻ ജീവനക്കാരുടെ ഭാഗത്തു നിന്നുണ്ടായ ഗൗരവകരമായ വീഴ്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

2.വാടക രജിസ്റ്റർ പൂർത്തീകരിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ചെറുവണ്ണൂർ-നല്ലളം സോണൽ സോണൽ ഓഫീസിൽ വാടക ഡിമാൻഡ് രജിസ്റ്റർ പൂർത്തീകരിച്ച് സംഗ്രഹമെഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല . രജിസ്റ്റർ പൂർത്തീകരിച്ച് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 2-13 കെട്ടിട വാടക ലൈസൻസ് :നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ഗുരുതരമായ വീഴ്ച

ബേപ്പൂർ സോണൽ ഓഫീസിന്റെ പരിധിയിൽ ബേപ്പൂർ ബസ് സ്റ്റാൻഡ്, ബേപ്പൂർ മത്സ്യമാർക്കറ്റ്, മാത്തോട്ടം എന്നിവിടങ്ങളിൽ വിവിധ കെട്ടിടങ്ങളിലായി 48 കടമുറികൾ നഗരസഭ വാടകയ്ക്ക് നൽകിവരുന്നു. പ്രസ്തുത കെട്ടിടങ്ങളുടെ ലൈസൻസ് ഫീ ഈടാക്കുന്നതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ ശ്രദ്ധയിൽ പെടുകയുണ്ടായി.

### 1. ലൈസൻസികൾ എഗ്രിമെന്റ് പുതുക്കാതെ മുറികൾ കൈവശം വെയ്ക്കുന്നു.

ബേപ്പൂർ മത്സ്യമാർക്കറ്റിലെ 8 മുറികളുടെയും, ബേപ്പൂർ ബസ് സ്റ്റാൻഡ് ബിൽഡിംഗിലെ 22 മുറികളുടെയും, മാത്തോട്ടം ഷോപ്പിംഗ് കോംപ്ലക്സിലെ 16 മുറികളിൽ 12 മുറികളുടെയും മൂന്ന് വർഷ ലൈസൻസ് കാലാവധി 31.3.2016 ന് അവസാനിച്ചിരിക്കയാണ്. മാത്തോട്ടം കോംപ്ലക്സിലെ 4 മുറികളുടെ (15/178 K മുതൽ N വരെ) ലൈസൻസിന്റെ കാലാവധി 31.5.2015 ന് തന്നെ അവസാനിച്ചിട്ടുണ്ട്. ഈ മുറികൾ വിവിധ ലൈസൻസികൾ എഗ്രിമെന്റ് വെച്ച് പുതുക്കാതെ ഇപ്പോഴും കൈവശം വെച്ചുവരികയാണ്. 3 വർഷ ലൈസൻസ് കാലാവധി അവസാനിക്കുന്നതിനു മുൻപ് തന്നെ മുറി ആവശ്യമുള്ള ലൈസൻസികൾക്ക് നിബന്ധനയോടെ 5% വാടക വർദ്ധനവു വരുത്തി മുദ്രപേപ്പറിൽ കരാർ പുതുക്കി നൽകുകയാണ് ചെയ്യുന്നത്. എന്നാൽ മേൽ പറഞ്ഞ മുറികളുടെ ലൈസൻസികളിൽ നിന്നും 2016-17 ൽ അപേക്ഷ സ്വീകരിച്ച് കൌൺസിൽ അംഗീകാരത്തോടെ എഗ്രിമെന്റ് പുതുക്കി നൽകിയിട്ടില്ല. എങ്കിലും ഒട്ടു മിക്ക മുറികളുടെയും 2016-17 ലെ വാടക 5% വർദ്ധനവു വരുത്തി ഒടുക്കി കാണുന്നു. കൌൺസിലിന്റെ അംഗീകാരമില്ലാതെ വാടക വർദ്ധനവു വരുത്തി എഗ്രിമെന്റ് വെയ്ക്കാതെ ലൈസൻസികൾ അനധികൃതമായി മുറികൾ കൈവശംവെക്കുന്നത് നിയമപരമല്ല. ഒരു വർഷത്തിലധികമായി ലൈസൻസികൾ അനധികൃതമായി മുറികൾ കൈവശം വെച്ചിട്ടും യാതൊരു നടപടിയും അധികൃതർ സ്വീകരിച്ചു കാണുന്നില്ല.

### 2. മുറികളുടെ വാടകകുടിശ്ശിക ഈടാക്കിയില്ല.

താഴെ പറയുന്ന മുറികളുടെ 2016-17 വർഷത്തെ വാടക കുടിശ്ശിക ഈടാക്കിയതായി കാണുന്നില്ല.

| ലൈസൻസിയുടെ പേര് | റൂം നമ്പർ | പ്രതിമാസ വാടക നിരക്ക് | കുടിശ്ശിക വരുത്തിയ മാസം | കുടിശ്ശിക തുക |
|---|---|---|---|---|
| കെ.പി.മുജീബ് കുന്നത്തുപറമ്പിൽ | 1/240F | 887 | 11/2016 മുതൽ 3/2017 വരെ | 4435 |
| സബ്ബൂബ് ഖാൻ ചിറക്കൽ | 1/240 J | 690 | 10/2016 മുതൽ3/2017 വരെ | 4140 |
| നൌഷാദ്.എം.കെ | 15/178 A | 5107 | 3/2017 | 5107 |
| കുഞ്ഞലവി.സി. ചേലക്കൽ | 15/178 E | 5106 | 11/2016 മുതൽ 3/2017 വരെ | 25530 |
| ടി.ജംഷീർ മേക്കയിൽ പറമ്പ് | 15/178 K | 525 | 1/2017 മുതൽ 3/2017 വരെ | 1575 |
| ടി.ജംഷീർ മേക്കയിൽ പറമ്പ് | 15/178 L | 525 | 1/2017 മുതൽ | 1575 |

| | | | | |
|---|---|---|---|---|
| | | | 3/2017 വരെ | |
| " | 15/178 M | 525 | " | 1575 |
| " | 15/178 N | 525 | " | 1575 |
| | | | ആകെ | 45,512.00 |

3. അനധികൃത നിർമ്മാണം : ലൈസൻസിക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം

മാത്തോട്ടം ഷോപ്പിംഗ് കോംപ്ലക്സിലെ 15/178K മുതൽ 15/178N വരെയുള്ള റൂമുകളുടെ വാടകക്കാരനായ ശ്രീ.ടി.ജംഷീർ കോർപറേഷന്റെ അനുമതിയില്ലാതെ കെട്ടിടത്തിൽ അനധികൃത നിർമ്മാണം നടത്തുന്നതായി ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് 31.7.2014 ന് ടിയാന് നോട്ടീസ് നൽകുകയുണ്ടായി. 1.8.2014 ന് ലൈസൻസി നോട്ടീസിന് മറുപടി നൽകിയതിനെ തുടർന്ന് കെട്ടിടത്തിൽ നടത്തിയ പരിശോധനയിൽ കെട്ടിടത്തിലെ ആദ്യത്തെ രണ്ടു മുറികളുടെ പാർട്ടീഷൻ ചുമർ മാറ്റുകയും നിലത്ത് ടൈൽ ഇടുകയും അടുപ്പ് നിർമ്മിക്കുകയും ചെയ്തതായും അടുപ്പിൽ നിന്നുള്ള പുകയേറ്റ് ഉൾച്ചുമരുകൾ വൃത്തികേടായതായും ടാർപോളിൻ ഷീറ്റ്കെട്ടിയത് കെട്ടിടത്തിന്റെ റോഡിൽ നിന്നുള്ള കാഴ്ച മറയ്ക്കുന്നതായും റിപ്പോർട്ട് ചെയ്തതായി കാണുന്നു. ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി 17.8.2015 ലെ 32ാ നമ്പർ തീരുമാനപ്രകാരം വാടകക്കാരന്റെ ലൈസൻസ് റദ്ദുചെയ്യാൻ കൌൺസിലിലേക്ക് ശുപാർശ ചെയ്യുകയും പ്രസ്തുത തീരുമാനം കൌൺസിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 31.5.2015 ന തന്നെ ലൈസൻസിന്റെ കാലാവധി അവസാനിച്ചതായി കാണുന്നു. ലൈസൻസ് റദ്ദുചെയ്യാൻ കൌൺസിൽ അംഗീകാരം നൽകിയതിനുശേഷവും വാടകക്കാരനിൽ നിന്നും 4 മുറികളുടെയും വാടക മേഖല ഓഫീസ് കൈപ്പറ്റിയിട്ടുണ്ട്. 12/2016 വരെയുള്ള വാടക വാടകക്കാരനിൽ നിന്നും സ്വീകരിച്ചതായി ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അനധികൃത നിർമ്മാണം നടത്തി ഒരു വർഷത്തോളം കഴിഞ്ഞാണ് ലൈസൻസ് റദ്ദാക്കാനുള്ള തീരുമാനം കൌൺസിൽ കൈക്കൊണ്ടിട്ടുള്ളത്. അതിനു ശേഷവും ലൈസൻസിക്ക് അനുകൂലമായ രീതിയിൽ വാടക ഒടുക്കുന്നതിുള്ള സാഹചര്യം അനുവദിച്ചിട്ടുണ്ട്. അനധികൃത നിർമ്മാണം നടത്തി രണ്ടു വർഷത്തോളം കഴിഞ്ഞിട്ടും ലൈസൻസിക്കെതിരെ വാടകക്കരാർ ലംഘനത്തിന് ഫലപ്രദമായ നടപടി സ്വീകരിക്കാൻ അധികൃതർക്കു കഴിഞ്ഞിട്ടില്ല. നഗരസഭ നൽകിയ ഉത്തരവിനെതിരെ 20.12.2016 ന് ശ്രീ.ജംഷീർ ബഹു:ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്തിട്ടുണ്ട്. W.P.(C) NO.40918/16/21.12.2016 നമ്പർ ഉത്തരവു പ്രകാരം നഗരസഭ സെക്രട്ടറിയുടെ ഉത്തരവു നടപ്പിലാക്കുന്നത് ഒരു മാസത്തേക്ക് ബഹു:ഹൈക്കോടതി സ്റ്റേ ചെയ്യുകയുണ്ടായി. 27.3.2017 ന് കേസ് കോടതി മുമ്പാകെ വന്നതായും ഇടക്കാല ഉത്തരവുണ്ടായതായും വക്കീൽ അറിയിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ വിശദാംശം ലഭ്യമല്ല.

കെട്ടിടവാടക ലൈസൻസ് യഥാസമയം പുതുക്കി നൽകുന്നതിന് നടപടികൾ സ്വീകരിക്കാതെ മുറികൾ അനധികൃതമായി കൈവശം വെയ്ക്കുന്നതിന് ലൈസൻസികളെ അനുവദിക്കുന്നതിനും വാടക കുടിശ്ശിക ഈടാക്കാതിരിക്കുന്നതിനും വാടകകരാർ ലംഘനത്തിനെതിരെ യഥാസമയം ഫലപ്രദമായ നടപടി സ്വീകരിക്കാതിരുന്നതിനും വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് ഒബ്ജക്ഷൻ സ്ലിപ്പ്

(നം.14/16-17/3.7.2017) നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടവാടക ലൈസൻസ് യഥാസമയം പുതുക്കാതിരുന്നതും വാടക കുടിശ്ശിക ഈടാക്കാതിരുന്നതും വാടക കരാർ ലംഘനത്തിനെതിരെ യഥാസമയം ഫലപ്രദമായ നടപടി സ്വീകരിക്കാതിരുന്നതും ഗുരുതരമായ കൃത്യവിലോപമാണ്. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ലൈസൻസ് പുതുക്കുന്നതിലെ കാലതാമസം മൂലം വാടക കരാർ ലംഘനത്തിനെതിരെ ഉത്തരവാദികൾക്കെതിരെ നിയമനടപടികൾ കൈക്കൊള്ളുന്നതിന് പ്രയാസം നേരിടുന്നു. കെട്ടിട വാടക ലൈസൻസ് യഥാസമയം പുതുക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-14 ലൈസൻസിയ്ക്ക് ചട്ടവിരുദ്ധമായി വൻതുക കിസ്തിളവ് നൽകി

ഫയൽ നം. - എ 34/11937/14

കോർപ്പറേഷൻ ഓഫീസ് കെട്ടിടത്തിന്റെ തെക്ക് പടിഞ്ഞാറ് ഭാഗത്തുള്ള കോർപ്പറേഷൻ വക ഒന്നാം നമ്പർ ബങ്ക് (143 ച.അടി ബങ്ക് + 979 ച.അടി സ്ഥലം)27.05.2014 ലെ പുനർലേലനടപടികളിലൂടെ ഏറ്റവും കൂടുതൽ തുകയ്ക്ക് വിളിച്ച(പ്രതിമാസം ഒരു ലക്ഷം രൂപ നിരക്കിൽ) ശ്രീ.ഹാഷിം, S/O മമ്മദ്കോയ എന്നയാൾക്ക് അനുവദിച്ചു നൽകിയിട്ടുള്ളതാണ് (17.06.2014 ലെ കൗൺസിൽ തീരുമാനം 57). 25.07.2014 ൽ ടിയാനുമായി എഗ്രിമെന്റിൽ ഏർപ്പെടുകയും, റവന്യൂ ഇൻസ്പെക്ടർ മുഖേന പ്രസ്തുത സ്ഥലം 31.07.2014 ന് ശ്രീ.ഹാഷിമിന് ഏൽപ്പിച്ച് നൽകുകയും ചെയ്തു.

ബങ്ക് ഏറ്റെടുത്തതിനു ശേഷം ബങ്ക് റിപ്പയർ ചെയ്യാൻ നൽകിയ അപേക്ഷയിന്മേൽ അനുമതി നൽകാത്തതിനാൽ റിപ്പയർ നടത്താൻ സാധിച്ചിട്ടില്ലെന്നും, വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാലും കച്ചവടം ആരംഭിക്കാൻ സാധിച്ചിട്ടില്ലെന്നും അതുകൊണ്ടു കച്ചവടം തുടങ്ങുന്നതു വരെയുള്ള കാലയളവിലെ ലൈസൻസ് ഫീസ് ഒഴിവാക്കി നൽകണമെന്നും ആവശ്യപ്പെട്ട് ശ്രീ.ഹാഷിം 22.08.2014, 25.08.2014 എന്നീ തിയ്യതികളിൽ കോർപ്പറേഷൻ സെക്രട്ടറിയ്ക്കും, ബഹു.മേയർക്കും അപേക്ഷ നൽകി. എന്നാൽ ഈ അപേക്ഷ പരിഗണനാർഹമല്ലെന്നും, ലൈസൻസ് ഫീസ് കുടിശ്ശിക അടവാക്കണമെന്നും കാണിച്ച് നോട്ടീസ് തയ്യാറാക്കിയതായി ഫയലിൽ കാണുന്നു.(ശ്രീ.ഹാഷിമിന് നോട്ടീസ് നൽകിയോ എന്ന് വ്യക്തമല്ല.)

പിന്നീട് 19.09.2014 ന് ശ്രീ.ഹാഷിം, കോർപ്പറേഷനിൽ നിന്നും ലൈസൻസ് ഫീസ് അടവാക്കാൻ ആവശ്യപ്പെട്ടു നൽകിയ നോട്ടീസിനെതിരെ ഡെപ്യൂട്ടി സെക്രട്ടറിയെ എതിർകക്ഷിയാക്കി സെക്രട്ടറി മുമ്പാകെ അപ്പീൽ അപേക്ഷ നൽകി. ഈ അപേക്ഷയിന്മേൽ 06.11.2014 ലെ കൗൺസിൽ തീരുമാനം 13 പ്രകാരം വൈദ്യുതി കണക്ഷൻ ലഭിക്കുന്നതുവരെയുള്ള കാലയളവിലേയ്ക്ക് നിലവിലുള്ള നിരക്കിന്റെ 50% കിഴിവ് അനുവദിച്ചു. ശ്രീ.ഹാഷിമിന്റെ 23.02.2015 ലെ ഒരു അപേക്ഷയിൽ 27.12.2014 നാണ് വൈദ്യുതി കണക്ഷൻ ലഭിച്ചതെന്ന് വ്യക്തമാക്കുന്നു. അതുകൊണ്ടു തന്നെ കൗൺസിൽ തീരുമാന പ്രകാരമുള്ള ഇളവ് 2014 ആഗസ്റ്റ് മാസം മുതൽ ഡിസംബർ മാസം വരെ ലഭിക്കും. അതായത് 5,00,000 X 50%=2,50,000 രൂപ. 1998 ലെ കേരള മുനിസിപ്പാലിറ്റി(പാട്ടക്കാർക്കും ലൈസൻസികൾക്കും കരാറുകാർക്കും കിസ്തിളവ് അനുവദിക്കൽ) ചട്ടങ്ങൾ ചട്ടം 4 പ്രകാരം അപ്രതീക്ഷിതവും, മനുഷ്യനിയന്ത്രണാതീതവുമായ കാരണങ്ങളാൽ ഒരു

പാട്ടക്കാരനോ, ലൈസൻസിക്കോ, കരാറുകാരനോ അയാളുടെ കുറ്റം കൊണ്ടല്ലാതെ കരാറുപ്രകാരം നൽകപ്പെട്ട അവകാശം യഥാവിധി അനുഭവിക്കാനോ, ഉപയോഗപ്പെടുത്താനോ കഴിയാതെ വരുന്നതു മൂലം നഷ്ടം സംഭവിക്കുന്നതുപക്ഷം യഥാർത്ഥത്തിൽ അയാൾക്ക് സംഭവിച്ചിട്ടുള്ള നഷ്ടത്തിന് ആനുപാതികമായി, കൗൺസിൽ തീരുമാനപ്രകാരം കിസ്തിളവ് നൽകാവുന്നതും, എന്നാൽ പതിനായിരം രൂപയിൽ കൂടുതലുള്ള ഇളവിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയിരിക്കേണ്ടതുമാണ്. ചട്ടം 5 പ്രകാരം കരാറിലെ/ലൈസൻസിലെ വ്യവസ്ഥകൾ പൂർണ്ണമായി പാലിക്കാതെയും, പ്രസ്തുത വ്യവസ്ഥകൾ പ്രകാരമുള്ള മുഴുവൻ തുകയും നിശ്ചിത സമയത്തിനുള്ളിൽ അടയ്ക്കാതെയും കിസ്തിളവ് അനുവദിക്കുന്നതിനു വേണ്ടിയുള്ള യാതൊരു അപേക്ഷയും കൗൺസിൽ പരിഗണിക്കാൻ പാടുള്ളതല്ല. മേൽ വിവരിച്ച രണ്ടു ചട്ടങ്ങൾക്കും വിരുദ്ധമായാണ് ശ്രീ.ഹാഷിമിന് കിസ്തിളവ് അനുവദിച്ചിട്ടുള്ളത്.

ബങ്ക് ലൈസൻസ് വ്യവസ്ഥയിൽ അനുവദിക്കുന്നതിനായി നടത്തിയ ലേലനടപടികളിലെ ലേല നിബന്ധന 4 പ്രകാരം ലേലത്തിൽ പങ്കെടുക്കുന്നവർ ലേലത്തിനു മുമ്പ് ബങ്ക് നേരിട്ട് കണ്ട് ബോധ്യപ്പെടേണ്ടതാണെന്നും, ലേലം കൗൺസിൽ അംഗീകരിച്ചതിനു ശേഷം എന്തെങ്കിലും ന്യൂനതകൾ കാണിച്ച് കൊണ്ട് ബങ്ക് ഏറ്റെടുക്കാതിരുന്നാൽ ആയതിന് കോർപ്പറേഷൻ ഉത്തരവാദിയായിരിക്കില്ലെന്നും വ്യവസ്ഥ ചെയ്യുന്നു. നിബന്ധന 5 ൽ ബങ്കിന് വല്ല റിപ്പയറും ആവശ്യമാണെങ്കിൽ റിപ്പയർ സംബന്ധിച്ച് പ്ലാൻ സഹിതം അപേക്ഷ സമർപ്പിച്ച് നിയമാനുസൃതം അനുവാദം വാങ്ങി കോർപ്പറേഷൻ എഞ്ചിനീയറുടെ മേൽനോട്ടത്തിൽ പ്രവൃത്തി ചെയ്യേണ്ടതാണെന്നും, ബങ്കിലേയ്ക്കാവശ്യമായ ഇലക്ട്രിക് കണക്ഷനും, വയറിംഗും ലൈസൻസി സ്വന്തം ചെലവിൽ സെക്രട്ടറിയുടെ പേരിൽ ചെയ്യേണ്ടതാണെന്നും, എന്നാൽ റിപ്പയർ പ്രവൃത്തി ചെയ്യുന്നതിലേയ്ക്ക് യാതൊരു വിധ ലൈസൻസ് ഫീസ് ഇളവും അനുവദിക്കുന്നതല്ലെന്നും വിവരിച്ചിട്ടുണ്ട്. ഈ നിബന്ധനകളെല്ലാം അംഗീകരിച്ച് ലേലത്തിൽ പങ്കെടുത്ത ശ്രീ.ഹാഷിമിന് മേൽ വിവരിച്ച രീതിയിൽ 2,50,000 രൂപ ലൈസൻസ് ഫീസ് ഇളവ് ചെയ്തു നൽകിയത് ചട്ട വിരുദ്ധമാണ്.

ശ്രീ.ഹാഷിം, 27.12.2014 നാണ് തനിക്ക് വൈദ്യുതി കണക്ഷൻ ലഭിച്ചതെന്നും, ആയതിനാൽ 31.12.2014 വരെ കാലയളവിലേയ്ക്ക് അടവാക്കിയ ലൈസൻസ് ഫീസ് തുടർന്നുള്ള മാസങ്ങളിലേയ്ക്ക് അഡ്ജസ്റ്റ് ചെയ്തു തരണമെന്നും കിസ്തിളവ് ലഭിച്ചതിനു ശേഷം അപേക്ഷിച്ചു(8/14 മുതൽ 12/14 വരെ അടക്കേണ്ടിയിരുന്ന അഞ്ചു ലക്ഷം രൂപയിൽ കൗൺസിൽ തീരുമാനപ്രകാരം കുറവ് ചെയ്ത 2.5 ലക്ഷം രൂപ കിഴിച്ച് ബാക്കി 2.5 ലക്ഷം അടച്ചിരുന്നത് തുടർന്നുള്ള മാസങ്ങളിലേയ്ക്ക് അഡ്ജസ്റ്റ് ചെയ്യാനുള്ള അപേക്ഷ). എന്നാൽ ഈ അപേക്ഷ നഗരസഭ നിരസിച്ചു. തുടർന്ന് 18.08.2015 ൽ മെയ് 2015 മുതൽ ആഗസ്റ്റ് 2015 വരെയുള്ള കുടിശ്ശിക അടവാക്കാൻ ആവശ്യപ്പെട്ട് നോട്ടീസ് നൽകി. ഇതിനെതിരെ ടിയാൻ തദ്ദേശസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രിബ്യൂണൽ മുമ്പാകെ പെറ്റീഷൻ നൽകി(ആർ.പി.136/15). ഈ കേസ് നാളിതുവരെയായിട്ടും തീർപ്പായിട്ടില്ല.

മുകളിൽ വിവരിച്ച രീതിയിൽ ചട്ട വിരുദ്ധമായി ലൈസൻസ് ഫീസ് ഇളവ് അനുവദിച്ചതിനും, കോർപ്പറേഷനെതിരായുള്ള കേസ് തീർപ്പാക്കാൻ നടപടി സ്വീകരിക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ടെങ്കിലും(ഓഡിറ്റ് എൻക്വയറി നം.2/16-17,തിയ്യതി:27.04.2017) മറുപടി ലഭിച്ചിട്ടില്ല. ചട്ട വിരുദ്ധമായി കിസ്തിളവ് നൽകിയത് വിശദീകരിക്കേണ്ടതാണ്.

## 2-15 മാസ്റ്റർ ബോർഡുകളിലെ പരസ്യ ലേലം -അപാകതകൾ

ഫയൽ നമ്പർ – എ 36/32609/16

നഗരസഭാ പരിധിയിലെ പാളയം ജയന്തി ബിൽഡിംഗിലെ രണ്ട് ,ഓയിറ്റി റോഡിലെ നാല് എന്നിങ്ങനെ 6 മാസ്റ്റർ ബോർഡുകളിലെ പരസ്യം പ്രദർശിപ്പിക്കുന്നതിനുള്ള അവകാശം 2016-17 വർഷം 335000 രൂപയ്ക്ക് ലേലം ചെയ്തു നൽകിയിട്ടുണ്ട്. ലേല നടപടികളിലേയും ലേലതുക പിരിവിലേയും അപാകതകൾ താഴെ കൊടുക്കുന്നു.

1. കരാർ ചമയ്ക്കുന്നതിനുള്ള കാലതാമസം കാരണം നഗരസഭയ്ക്ക് 3 മാസക്കാലയളവിലെ നികുതി തുക നഷ്ടമായി

22-3-2016 ൽ നടന്ന ലേലത്തിൽ 3 പേർ പങ്കെടുത്തതിൽ ഏറ്റവും കൂടിയ നിരക്കായ 335000 രൂപ ക്വാട്ടുചെയ്ത ശ്രീ ശിവാനന്ദൻ.എം തച്ചമ്പലത്ത് എന്നയാളുടെ ലേലം 30-5-16 ലെ 73-ാം നമ്പർ തീരുമാനപ്രകാരം കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. ലേലം/ടെണ്ടർ വ്യവസ്ഥയുടെ ഇരുപത്തിയൊന്നാമത്തെ നിബന്ധന പ്രകാരം ലൈസൻസി ടെണ്ടർ അംഗീകരിച്ച ഉത്തരവ് കൈപ്പറ്റുന്ന മുറയ്ക്ക് തുക അടച്ച് കരാർ വച്ച് അവകാശം കൈപ്പറ്റേണ്ടതാണ്. അല്ലാത്ത പക്ഷം ലൈസൻസ് റദ്ദുചെയ്ത് തുക കോർപ്പറേഷൻ ഫണ്ടിൽ ബർത്തിയാക്കുന്നതും റീ ടെണ്ടർ/ലേലം നടത്തുന്നതുമായിരിക്കും. 7-6-2016 ലെ എ 36/32609/16 നമ്പർ സെലക്ഷൻ മെമ്മോ പ്രകാരം ആയത് കൈപ്പറ്റി 7 ദിവസത്തിനകം ലേല തുകയുടെ 50% അടയ്ക്കേണ്ടതും കരാർ വച്ച് അവകാശം കൈപ്പറ്റേണ്ടതാണെന്നും അല്ലാത്തപക്ഷം നഗരസഭയിൽ അടച്ച ഡെപ്പോസിറ്റ് തുകകൾ കണ്ടുകെട്ടി പുനർ ലേലം നടത്തുന്നതുമായിരിക്കും എന്നറിയിച്ചിട്ടുണ്ട്. ലൈസൻസി 13-6-16 ന് മെമ്മോ കൈപ്പറ്റി 20-6-16 ന് ലേല തുക അടച്ചെങ്കിലും 26-9-16 ന് മാത്രമേ കരാർ വച്ച് പരസ്യനികുതി പിരിക്കുന്നതിനുള്ള അവകാശം കൈപ്പറ്റിയിട്ടുള്ളൂ. ഇതു കാരണം 25-9-2017 വരെ നികുതി പിരിക്കുന്നതിനുള്ള അവകാശം കരാറുകാരന് ലഭിച്ചു. അതായത് തുക അടച്ച് 3 മാസക്കാലത്തിന് ശേഷം മാത്രമേ കരാർ വച്ച് ലേലം കൈപ്പറ്റുന്നതിനുള്ള അവകാശം കൈമാറിയിട്ടുള്ളൂ.

2. പലിശയിനത്തിൽ തുക നഷ്ടമായി.

കരാർ വച്ച് ലേലത്തിനുള്ള അവകാശം കൈപ്പറ്റുമ്പോൾ ലൈസൻസി ലേല തുകയിൽ 267500 രൂപയും സേവനനികുതിയിൽ 37688 രൂപയും ഇൻകം ടാക്സിനത്തിൽ 3350 രൂപയും അടച്ചിരുന്നു. ലേല നിബന്ധന പ്രകാരം ലൈസൻസ് ഫീയിനത്തിൽ അടയ്ക്കാൻ ബാക്കിയുള്ള 67500 രൂപയും 15% സർവ്വീസ് ടാക്സും ഉൾപ്പെടെയുള്ള തുക 3 തുല്യ ഗഡുക്കളായി 2016 സെപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലെ അഞ്ചാം തീയ്യതിക്ക് മുമ്പായി ലൈസൻസി കോർപ്പറേഷൻ ട്രഷറിയിൽ അടയ്ക്കേണ്ടതാണ്. തുടർന്ന് ഗഡുക്കൾ അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിനാൽ പ്രതിമാസം ഒരു ശതമാനം പലിശയോടു കൂടി ലൈസൻസ് ഫീ അടയ്ക്കാൻ ലൈസൻസി ബാധ്യസ്ഥനാണ്. എന്നാൽ ലൈസൻസി അടയ്ക്കാൻ ബാക്കിയുള്ള 67500 രൂപയും 12562 രൂപ സേവന നികുതിയും 1000 രൂപ പിഴപലിശയും ഉൾപ്പെടെ 81062 രൂപ 3-2-2017 ലെ 11627133792 നമ്പർ രശീതി പ്രകാരമാണ് അടച്ചത്. ആയതിനാൽ പിഴ പലിശയിനത്തിൽ താഴെ കൊടുത്തിരിക്കും പ്രകാരം തുക നഷ്ടമായിട്ടുണ്ട്.

| തുക അടയ്ക്കേണ്ട തീയ്യതി | അടയ്ക്കേണ്ട തുക | അടച്ച തുക | അടയ്ക്കാൻ ബാക്കി | പിഴ പലിശ |
|---|---|---|---|---|
| 5-9-16 | 22500 (ഒന്നാം ഗഡു) | ഇല്ല | 22500 | ഇല്ല |
| 5-10-16 | 45000 (ഒന്നും രണ്ടും ഗഡുക്കൾ) | ഇല്ല | 45000 | 225 (22500x1%) |
| 5-11-16 | 67500 (ഒന്നും രണ്ടും മൂന്നും ഗഡുക്കൾ) | ഇല്ല | 67500 | 450(45000x1%) |
| 5-12-16 | 67500 | ഇല്ല | 67500 | 675(67500x1%) |
| 5-1-17 | 67500 | | 67500 | 675(67500x1%) |
| 5-2-17 | 67500 | ഇല്ല | 67500 | 675(67500x1%) |
| ആകെ 2700 | | | | |
| ഈടാക്കിയ പലിശ 1000 | | | | |
| ഈടാക്കാൻ ബാക്കി 1700 | | | | |

കൂടാതെ ലേല നിബന്ധന 4 പ്രകാരം സർവ്വീസ് ടാക്സ് അടയ്ക്കാൻ വീഴ്ച വരുത്തിയാൽ 6 മാസം വരെ 18% പലിശ ഈടാക്കാൻ നഗരസഭയ്ക്ക് അധികാരമുണ്ട്.എന്നാൽ ഫയൽ പ്രകാരം ഈയിനത്തിൽ പലിശ ഈടാക്കി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 4/2016-17 ഒബ്ജക്ഷൻ സ്റ്റേറ്റുമെന്റിന് മറുപടി ലഭ്യമാക്കിയിട്ടില്ല.പരസ്യലേലത്തിൽ പലിശയിനത്തിൻ നഷ്ടമായ 1700 രൂപ ഉത്തരവാദിയായ റവന്യൂ ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.കൂടാതെ ലേല നിബന്ധന പ്രകാരം സർവ്വീസ് ടാക്സ് അടയ്ക്കാൻ വീഴ്ച വരുത്തിയതിനെ തുടർന്ന് ഈയിനത്തിൽ ഈടാക്കേണ്ട പിഴ പലിശ ഈടാക്കാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 2-16 മത്സ്യമാർക്കറ്റ് ലേലം : ലേല നിബന്ധന പാലിക്കുന്നതിൽ വീഴ്ച

കോർപ്പറേഷന്റെ അധീനതയിലുള്ള വിവിധ മത്സ്യ മാർക്കറ്റുകളിൽ നിന്നും 2016-17 വർഷത്തേക്ക് ലൈസൻസ് ഫീ പിരിക്കുന്നതിനുള്ള കുത്തകാവകാശം ഏൽപിച്ച് നൽകുന്നതിനായി 18.2.2016 ലേലം നടത്തുകയുണ്ടായി. അതുപ്രകാരം വിവിധ മാർക്കറ്റുകളുടെ ലൈസൻസ് ഫീ പിരിക്കുന്നതിനുള്ള കുത്തകാവകാശം ഏൽപിച്ച് നൽകിയിട്ടുണ്ട്. ലേല ഫയൽ പരിശോധിച്ചതിൽ ലേലനിബന്ധനകൾ പാലിക്കാതെയാണ് പല മത്സ്യ മാർക്കറ്റുകളുടെയും ലേലനടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് കാണുന്നു. അപാകതകൾ ചുവടെ ചേർക്കുന്നു.

1. 29.1.2016 ലെ എ 34/222/16 നമ്പറായി പ്രസിദ്ധീകരിച്ച പൊതുലേലം/ടെണ്ടർ പരസ്യം, 1.3.2016 ലെ പുനർലേലപരസ്യം എന്നിവയിലെ നിബന്ധനപ്രകാരം ലേലത്തിൽ പങ്കെടുക്കുന്നവർ

ഡിപ്പോസിറ്റായി ഒരു നിശ്ചിത തുക കെട്ടി വെയ്ക്കേണ്ടതാണെന്നും ഈ തുക ലൈസൻസ് കാലാവധിക്കു ശേഷം ബാധ്യതകളൊന്നുംതന്നെയില്ലെന്ന് ഉറപ്പായതിനുശേഷം തിരികെ നൽകുന്നതാണെന്നും, ഡിപ്പോസിറ്റ് തുക ലൈസൻസ് ഫീ അടവിലേക്ക് അഡ്ജസ്റ്റ് ചെയ്യുന്നതല്ലെന്നും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ചുവടെചേർത്ത മത്സ്യമാർക്കറ്റുകളുടെ ലേലത്തിൽ ഡിപ്പോസിറ്റായി ഒടുക്കിയ തുക ലൈസൻസ് ഫീയിലേക്ക് അഡ്ജസ്റ്റ് ചെയ്തതായി കാണുന്നു.

| ക്രമ നം. | മാർക്കറ്റിന്റെ പേര് | ഡിപ്പോ സിറ്റ് തുക | രശീതിനം./ തീയതി | ഒടുക്കേണ്ട ലേലതുക/ സേവന നികുതി | ഒടുക്കിയത് | ഡിപ്പോ സിറ്റ് അഡ്ജ സ്റ്റ് ചെയ്തത് | ഒടുക്കാൻ ബാക്കി |
|---|---|---|---|---|---|---|---|
| 1 | ഇടിയങ്ങര മത്സ്യ മാർക്കറ്റ് | 1000 | 11502146946/ 17.3.2016 | 5000+ 750 | ഒടുക്കി കാണുന്നില്ല | 1000 | 4000+750 |
| 2 | കോവൂർ | 2000 | 11502146947/ 17.3.2016 | 28000+ 4060 | 26000+4060 | 2000 | --- |
| 3 | എരഞ്ഞിപ്പാലം | 1000 | 11527137319/ 19.2.2016 | 5100+ 740 | 4500 | 1000 | 340 |
| 4 | മാങ്കാവ് | 1000 | 11602400015/ 18.6.2016 | 1501+ 226 | 501 | 1000 | 226 |
| 5 | കല്ലായ് | 1500 | 11510500911/ 19.2.2016 | 2700+391 | 1200+391 | 1500 | ---- |
| 6 | കാരപറമ്പ് | EMD വെച്ചിട്ടില്ല | | 2000 | 2000 | | |
| 7 | മീഞ്ചന്ത | 1000 | 11510500912/ 19.2.2016 | 1600+ 232 | 600+232 | 1000 | ----- |
| 8 | പന്നിയങ്കര | 1000 | 11527137282/ 19.2.2016 | 24000+ 3480 | 23000+3480 | 1000 | ------ |
| 9 | കുറ്റിച്ചിറ | 1000 | 11527500535/ 18.2.2016 | 3101+ 450 | 2101+450 | 1000 | ----- |

ക്രമ നം.1 ലെ ഇടിയങ്ങര മത്സ്യമാർക്കറ്റ് ലേലത്തിലെടുത്ത ശ്രീ.ടി.വി.ഹസ്സൻ ലേലതുകയിലേക്ക് 4000/-രൂപയും സേവന നികുതിയിനത്തിൽ 750/-രൂപയും രശീതി നം.11539113184/4.7.2016 പ്രകാരം ഒടുക്കിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പരിശോധനയിൽ പ്രസ്തുത രശീതി വസ്തു നികുതിയിനത്തിൽ ശ്രീ.പി.അനൂപ് എന്നയാൾ 936/-രൂപ ഒടുക്കിയിട്ടുള്ളതിന്റേതാണെന്നു കാണുന്നു. എരഞ്ഞിപ്പാലം മത്സ്യമാർക്കറ്റിന്റെ സേവനനികുതിയിനത്തിൽ 340/-രൂപയും മാങ്കാവ് മത്സ്യമാർക്കറ്റിന്റെ സേവന നികുതിയായി 226/-രൂപയും ഒടുക്കുവാൻ ബാക്കിയുള്ളതായി കാണുന്നു.

2. ലേല നിബന്ധന പ്രകാരം കോർപ്പറേഷൻ കൌൺസിൽ ലേലം ഉറപ്പിക്കുന്ന പക്ഷം ലേലക്കാരൻ മുഴുവൻ തുകയും നോട്ടീസ് കൈപ്പറ്റി 7 ദിവസത്തിനുള്ളിൽ കോർപ്പറേഷൻ ഫണ്ടിൽ ഒടുക്കി 200/-

രൂപയുടെ മുദ്രപത്രത്തിൽ ഉടമ്പടി ഒപ്പുവെയ്ക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ ടെണ്ടർ/ലേലം റദ്ദുചെയ്ത് ഡിപ്പോസിറ്റ് തുക നഗരസഭ ഫണ്ടിൽ മുതൽ കൂട്ടുന്നതാണ്. എന്നാൽ മിക്ക കരാറുകളും ഒപ്പുവെച്ചത് നിശ്ചിത സമയപരിധിക്കുശേഷമാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| മാർക്കറ്റിന്റെ പേര് | കരാറുകാരന്റെ പേര് | നോട്ടീസ് അയച്ച തീയതി | ലേലതുക ഒടുക്കിയതീയതി | എഗ്രിമെന്റ് ഒപ്പുവെച്ച തീയതി |
|---|---|---|---|---|
| ഇടിയങ്ങര | ടി.വി.ഹസ്സൻ | 21.3.2016 | 4.7.2016 | 10.1.2017 |
| കോവൂർ | ടി.കെ.മൂസ്സ | 21.3.2016 | 7.4.2016 | 31.5.2016 |
| മാങ്കാവ് | ടി.വി.ഹസ്സൻ | 14.7.2016 | 8.7.2016 | 10.1.2017 |
| പുതിയപാലം | അബൂബക്കർ.കെ.പി. | 14.3.2016 | 3.3.2016 | 31.3.2016 |
| പന്നിയങ്കര | ടി.വി.ഹസ്സൻ | 14.3.2016 | 6.4.2016 | 6.4.2016 |
| പള്ളിക്കണ്ടി | മുഹമ്മദ്ജാബിർ | 14.3.2016 | 25.8.2016 | 7.10.2016 |
| വെള്ളയിൽ | ചോലക്കൽ മുനീർ | 14.3.2016 | 20.62026 | 20.6.2016 |
| കല്ലായ് | ടി.വി.ഹസ്സൻ | 14.3.2016 | 20.3.2016 | 11.1.2017 |
| കാരപ്പറമ്പ് | മുഹമ്മദ്ഷാഫി | 1.8.2016 | 9.8.2016 | 11.1.2017 |
| മീഞ്ചന്ത | ടി.വി.ഹസ്സൻ | 14.3.2016 | 26.3.2016 | 21.7.2016 |
| കുറ്റിച്ചിറ | അബ്ദുൾകാദർ | 14.3.2016 | 26.3.2016 | ------- |

3. 18.2.2016 ന നടന്ന മാങ്കാവ് മത്സ്യമാർക്കറ്റ് ലേലത്തിൽ ആരും പങ്കെടുക്കാതിരുന്നതിനാൽ 17.3.2016 ന് പുനർ ലേലം നടത്തി. പുനർ ലേലത്തിലും ആരും പങ്കെടുത്തില്ല. 17.3.2016 ന് ശ്രീ.കെ.പി.മുഹമ്മദ് അഷ്റഫ് 2250/-രൂപയുടെ ഓഫർ സമർപ്പിക്കുകയുണ്ടായി. എന്നാൽ മുൻവർഷത്തെക്കാൾ നിരക്ക് കുറവായതിനാൽ 18.3.2016 ലെ ധനകാര്യസ്ഥിരം സമിതിയുടെ 50ാം നമ്പർ തീരുമാനപ്രകാരം വീണ്ടും പുനർലേലം നിശ്ചയിച്ചു. അതുപ്രകാരം 28.3.2016 ന് നടത്തിയ ലേലത്തിലും ആരും പങ്കെടുത്തില്ല. 28.3.2016 ന് ശ്രീ.ടി.വി.ഹസ്സൻ 2600/-രൂപയുടെഓഫർ സമർപ്പിച്ചുവെങ്കിലും നിരതദ്രവ്യം ഉൾപ്പെടുത്താത്തതിനാൽ ഓഫർ നിരസിച്ചു. ഫീസ് പിരിക്കുന്നതിനായി 26.4.2016 ന് കോർപ്പറേഷൻ രണ്ടാം തവണയും ഓഫർ ക്ഷണിക്കുകയുണ്ടായി. 28.4.2016 ന് ശ്രീ.മുഹമ്മദ് അഫ്റഫ് 1501/-രൂപയുടെ ഓഫർ സമർപ്പിക്കുകയും 31.5.2016 ലെ 97ാ നമ്പർ തീരുമാനപ്രകാരം ധനകാര്യസ്ഥിരം സമിതി ഓഫർ അംഗീകരിക്കുന്നതിന് കൌൺസിലിലേക്ക് ശുപാർശ ചെയ്യുകയും 4.7.2016 ലെ 33ാം നമ്പർ തീരുമാനപ്രകാരം കൌൺസിൽ ഓഫർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 1.4.2016 മുതൽ 31.3.2017 വരെ മാർക്കറ്റിന്റെ ഫീ പിരിക്കുന്നതിനുള്ള കുത്തകാവകാശം ടി.വി.ഹസ്സൻ എന്നയാൾക്ക് അനുവദിച്ചതായി കാണുന്നു. 200/-രൂപ മുദ്രപത്രത്തിൽ 10.1.2017 ന് ടിയാൻ കരാർ ഒപ്പുവെച്ചിട്ടുണ്ട്. ശ്രീ.കെ.പി.മുഹമ്മദ് അഷ്റഫിന് കൌൺസിൽ അംഗീകരിച്ചു നൽകിയ ലൈസൻസ്

പിരിക്കുന്നതിനുള്ള അവകാശം പിന്നീട് ടി.വി.ഹസ്സന് മാറ്റി നൽകിയ നടപടിക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

4. 18.2.2016 ന് നടന്ന കുറ്റിച്ചിറ മത്സ്യമാർക്കറ്റിന്റെ ലേലത്തിൽ ആരും പങ്കെടുക്കാഞ്ഞതിനാൽ ലഭിച്ച ഏക ടെണ്ടറായ ശ്രീ.അബ്ദുൾകാദറിന്റെ 3101/-രൂപയുടെ ടെണ്ടർ 26.2.2016 ലെ 11ാം നമ്പർ തീരുമാനപ്രകാരവും 27.2.2016 ലെ മേയറുടെ മുൻകൂർ തീരുമാനപ്രകാരവും അംഗീകരിച്ചതായി കാണുന്നു. എന്നാൽ ലഭ്യമായ ടെണ്ടറിലും ധനകാര്യസ്ഥിരം സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ച ലിസ്റ്റിലും ടി.വി.ഹസ്സന്റെ പേരാണുള്ളത്. മാത്രമല്ല എഗ്രിമെന്റിൽ ആരും തന്നെ ഒപ്പുവെച്ചിട്ടില്ല.

ലേലനിബന്ധനകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിനും ലേല നടപടികളിലെ മറ്റു അപാകതകൾക്കും വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് ഒബ്ജക്ഷൻ സ്ലിപ്പ് (നം.79/16-17/8.92017) നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ലേലനിബന്ധനകൾ പാലിക്കുന്നതിനും ലേലനടപടികളിൽ സുതാര്യത നിലനർത്തുന്നതിനും നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. ലേലത്തുകയിനത്തിലും സേവനനികുതിയിനത്തിലും മേൽപ്രകാരം ഒടുക്കാനുള്ള തുക 5,316 /- (4000+750+340+226) ഈടാക്കി രശീതി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 2-17 ലേല നടപടികളിലെ അപാകതകൾ

2016-17 സാമ്പത്തിക വർഷത്തെ ലേലവുമായി ബന്ധപ്പെട്ട വിവിധ ഫയലുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ പറയുന്നു.

### I) പാളയം ടൂവീലർ / ഫോർ വീലർ സ്റ്റാന്റ്

പാളയത്തെ ടൂ വീലർ / ഫോർ വീലർ സ്റ്റാന്റിൽ നിന്ന് 2016-17 ൽ ഫീസ് പിരിക്കുന്നതിനുള്ള കുത്തകാവകാശം ടെണ്ടർ മുഖേന ലഭിച്ചത് ശ്രീ ടി.വി ഹസ്സൻ എന്നയാൾക്കാണ്. ആയത് പ്രകാരം ആകെ 13,64,424/- രൂപ അടവാക്കേണ്ടതായിരുന്നു (ലൈസൻസ് ഫീ - 11,71,179 /-, സർവ്വീസ് ടാകസ് - 1,69,821/-, ആദായനികുതി - 23,424 /-) എന്നാൽ ടിയാൻ അടവാക്കിയ തുക സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| രശീതി നം /തീയതി | ലൈസൻസ് ഫീ | സർവ്വീസ് ടാകസ് | ആദായ നികുതി |
|---|---|---|---|
| 11539500538/18-02-16 | 2,20,500 | -- | -- |
| 11539134098/18-02-16 | 4,50,000 | -- | -- |
| 11502500995/30-03-16 | 1,50,000 | -- | -- |
| 11502148709/30-03-16 | 57,884 | 1,27,366 | |
| 11639105604/05-05-16 | 97,599 | 14,152 | |
| 11639106777/12-05-16 | -- | -- | 23,424 |
| 11639109849/06-06-16 | 97,175 | 14,576 | -- |

| | | | |
|---|---|---|---|
| 11627113675/05-08-16 | 55,000 | 8,250 | -- |
| ആകെ | 11,28,158 | 1,64,344 | 23,424 |
| അടവാക്കാൻ ബാക്കിയുള്ള തുക | 43,021 | 5,477 | – |

ലൈസൻസ് ഫീ, സർവ്വീസ് ടാക്സ് എന്നീ ഇനങ്ങളിലായി ഈടാക്കേണ്ടിയിരുന്നതിൽ ആകെ 48,498/- രൂപ കുറവ് വന്നിട്ടുണ്ട്.

II)ഫലവൃക്ഷങ്ങളിൽ നിന്നുള്ള ആദായം

2016-17 മുതൽ 3 വർഷം കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ വിവിധ ഫലവൃക്ഷങ്ങളിൽ നിന്ന് ആദായമെടുക്കുന്നതിനുള്ള കുത്തകാവകാശം 99,000/- രൂപയ്ക്ക് ലേലം വിളിച്ചെടുത്തത് ശ്രീ ടി. വി ഹസ്സൻ എന്നയാളാണ്. ലേല ഡെപ്പോസിറ്റായി ടിയാൻ 11502148157/28.02.16 നമ്പർ രശീതി പ്രകാരം 10,000/- രൂപ അടവാക്കിയിട്ടുണ്ട്. ശ്രീ ടി.വി ഹസ്സൻ ലേലതുകയായി ആകെ 1,15,335/- രൂപ അടവാക്കേണ്ടതായിരുന്നു (ലൈസൻസ് ഫീ - 99,000/-, സർവ്വീസ് ടാകസ് - 14,355 /- , ആദായനികുതി - 1,980 /-) എന്നാൽ ടിയാൻ അടവാക്കിയ തുക സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| രശീതി നം /തീയതി | ലൈസൻസ് ഫീ | സർവ്വീസ് ടാകസ് | ആദായ നികുതി |
|---|---|---|---|
| 11502148242/28.02.16 | 40,000/- | – | -- |
| 11502400096/28.02.16 | 10000/- | – | – |
| 11502148935/31.03.16 | 39,000/- | – | -- |
| ആകെ | 89,000/- | -- | -- |
| അടവാക്കാൻ ബാക്കിയുള്ള തുക | 10,000/- | 14,355/- | 1980/- |

ലൈസൻസ് ഫീ ഇനത്തിൽ 10,000/- രൂപയുടെ കുറവ് വന്നിട്ടുണ്ട്. കൂടാതെ സേവനനികുതി ഇനത്തിൽ ഒടുക്കേണ്ട 14,355/- രൂപയും ആദായനികുതി ഇനത്തിൽ 1980/- രൂപയും ഒടുക്കിയിട്ടില്ല. മൊത്തം 26,335/- രൂപ ഒടുക്കാൻ ബാക്കി നിൽക്കുന്നതായി കാണുന്നു.

ഫലവൃക്ഷങ്ങളിൽനിന്നുള്ള ആദായമെടുക്കുന്നതിന് 2013-14 മുതൽ മൂന്ന് വർഷത്തേക്ക് കുത്തകാവകാശം ലേലത്തിലെടുത്തതും നിലവിൽ ലേലം കൊണ്ട് ശ്രീ ടി.വി ഹസ്സൻ തന്നെയായിരുന്നു. മുൻ ലേലവുമായി ബന്ധപ്പെട്ട് ടിയാൻ അടവാക്കിയിരുന്ന ഡെപ്പോസിറ്റ് തുക നിലവിലെ ലേലതുകയിലേക്ക് അഡ്ജസ്റ്റ് ചെയ്യാൻ അനുവദിക്കണമെന്ന് കാണിച്ച് 31.03.16 ന് ശ്രീ ടി.വി ഹസ്സൻ ഒരു അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ മുൻലേലവുമായി ബന്ധപ്പെട്ട് എന്തെങ്കിലും നാശനഷ്ടങ്ങളുണ്ടായിട്ടുണ്ടോ എന്ന് തീർച്ചപെടുത്തിയിട്ടില്ലാത്ത സ്ഥിതിക്ക് പ്രസ്തുത തുക ആഡ്ജസ്റ്റ് ചെയ്യാൻ സാധിക്കില്ല.

III) 19ാം വാർഡിൽ മരം സൂക്ഷിക്കുന്ന സ്ഥലം

1. 18.02.2016 ന് നടന്ന ലേലത്തിൽ 19ാം വാർഡിൽ മരം സൂക്ഷിക്കുന്ന സ്ഥലത്തു നിന്ന് ഫീസ് പിരിക്കുന്നതിനുള്ള കുത്തകാവകാശം ലേലത്തിനെടുത്തത് ശ്രീ എം.കെ വിജയൻ എന്നയാളാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ലേലം തുടങ്ങുന്നതിന് മുൻപായി ഡെപ്പോസിറ്റ് തുക കെട്ടിവയ്ക്കേണ്ടതാണെങ്കിലും ശ്രീ എം.കെ വിജയൻ ഡെപ്പോസിറ്റ് തുക അടവാക്കിയത് 19.02.2016 നാണ് ( രശീത് നമ്പർ 11539134385/19.02.16, 7,500/- രൂപ). ഡെപ്പോസിറ്റ് തുക കെട്ടിവയ്ക്കാത്ത ആളെ ലേലത്തിൽ പങ്കെടുപ്പിച്ചത് തെറ്റായ നടപടിയാണ്.
2. 1,22,500/- രൂപയ്ക്കാണ് ശ്രീ എം. കെ വിജയൻ കുത്തകാവകാശം ലേലം കൊണ്ടത്. താഴെ പറയും പ്രകാരമാണ് ടിയാൻ ലേലതുക അടവാക്കിയത്

   ലേലതുക : 1,22,500/- (രശീതി നം 11527137118/18.02.16)

   സർവ്വീസ് ടാക്സ് : 17,763/- (രശീതി നം 11527137118/18.02.16)

   ആദായനികുതി : 2,450/- (രശീതി നം 11627101530/16.04.16)

   ലേലം അംഗീകരിച്ചതായി അറിയിച്ചും നിർദ്ദിഷ്ട മാതൃകയിൽ കരാർ ഉടമ്പടി തയ്യാറാക്കി സമർപിക്കുവാൻ ആവശ്യപ്പെട്ടും ശ്രീ എം.കെ വിജയന് 16.03.16 ന് നൽകിയ നോട്ടീസിൽ സർവ്വീസ് ടാക്സ് ഇനത്തിൽ 7,500/- രൂപ കൂടി അടവാക്കുവാൻ ആവശ്യപ്പെടുന്നുണ്ട്. സർവ്വീസ് ടാക്സ് ഇനത്തിലുള്ള മുഴുവൻ തുകയും 18.02.16 ന് തന്നെ അടവാക്കിയിട്ടുണ്ടെങ്കിലും 7,500/- രൂപ കൂടി അടവാക്കുവാൻ ആവശ്യപ്പെട്ടതിന്റെ കാരണം വ്യക്തമല്ല.
3. 01.04.2016 ന് ഒപ്പുവച്ചതായി കാണിച്ചിരിക്കുന്ന കരാർ ഉടമ്പടി തയ്യാറാക്കിയിരിക്കുന്നത് 04.05.2016 ന് വാങ്ങിയിട്ടുള്ള മുദ്രപത്രത്തിലാണ്.

IV) പുതിയപാലം / മാങ്കാവ് പാതാർ

| പാതാറിന്റെ പേര് | പുതിയപാലം | മാങ്കാവ് |
|---|---|---|
| ഫയൽ നമ്പർ | എ.34/24599/2016 | എ.34/24608/2016 |
| ലേല തീയതി | 18.02.2016 | 18.02.2016 |
| ഡെപ്പോസിറ്റ് ചെയ്യേണ്ട തുക | 1500/- | 1500/- |
| ലേലം കൊണ്ട ആൾ | ടി.പി അബൂബക്കർ | ടി.പി അബൂബക്കർ |
| ലേല തുക | 12,000/- | 4,000/- |

1. ലേലം കൊണ്ട ശ്രീ ടി.പി അബൂബക്കർ ഡെപ്പോസിറ്റ് തുക അടവാക്കിയതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.
2. ലേലം അംഗീകരിച്ചതായി അറിയിച്ചുകൊണ്ടും ലൈസൻസ് തുക മുഴുവനായി അടവാക്കി നിർദ്ദിഷ്ട മാതൃകയിൽ കരാർ ഉടമ്പടി തയ്യാറാക്കി സമർപിക്കുവാൻ ആവശ്യപ്പെട്ടും ശ്രീ ടി.പി

അബൂബക്കറിന് 16.03.2016 നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും കരാറിൽ ഏർപ്പെട്ടതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (നം. 93/2016-17 തീയതി 16.09.2017)മറുപടി ലഭ്യമാക്കിയിട്ടില്ല. ഈടാക്കാൻ കുറവ് വന്ന തുക 74,833/- രൂപ (48,498 +26,335) ഈടാക്കി,ആയതിൽ 53,021/- രൂപ മുനിസിപ്പൽ ഫണ്ടിലേക്കും 21,812/- രൂപ ബന്ധപ്പെട്ട സ്ഥാപനങ്ങളിലും അടച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-18 ലീസ് നൽകിയ ഭൂമിയിൽ ഉടമ്പടി വിരുദ്ധമായി നിർമാണം നടത്തി വരുമാനമുണ്ടാക്കി, സ്ഥലം പരിപാലനം നടത്തിയില്ല, ലൈസൻസി ഫീയിൽ കുടിശ്ശിക വരുത്തി

ഫയൽ നം. എ 34/7527/2000

നഗരസഭയുടെ അധീനതയിൽ വാർഡ് 12 ൽ ടി എസ് നം 490 ൽ പെട്ട 101.3 ച.മീ സ്ഥലം നഗരസഭയുടെ 29.11.1976 ലെ 5ാം നമ്പർ ഭരണ സമിതി തീരുമാന പ്രകാരം ലൈബ്രറി കെട്ടിടമുണ്ടാക്കി നടത്താനും ഈ സ്ഥലത്തുള്ള സ്വാതന്ത്ര്യ സമരസേനാനി അസ്സൻകോയ മുല്ലയുടെ പേരിലുള്ള പാർക്ക്, റേഡിയോ ഹൗസ്, റേഡിയോ എന്നിവ പരിപാലിക്കാനും വേണ്ടി കുറ്റിച്ചിറയിലെ സിറ്റിസൺസ് ഇന്റലക്ച്വൽ എജ്യുക്കേഷനൽ കൾച്ചറൽ ആന്റ് സോഷ്യൽ ഓർഗനൈസേഷന് (സിയസ്കോ) 1977 ഏപ്രിൽ 2 ന് ഒപ്പിട്ട കരാർ പ്രകാരം കൈമാറുകയുണ്ടായി. 3 നില കെട്ടിടം നിർമിക്കാൻ 1968 ലെ കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 31(സി) ക്ക് പ്രത്യേക ഇളവ് നൽകി 15.06.1979 ന സർക്കാർ ഉത്തരവിറക്കുകയും തുടർന്ന് ലൈബ്രറിയും കമ്മ്യൂണിറ്റി ഹാളും നിർമിക്കാൻ 18.07.1979 ലെ 236/എ 2//79 സി ടി പി ടി നമ്പർ ഉത്തരവ് പ്രകാരം കാലിക്കറ്റ് ടൗൺ പ്ലാനിംഗ് ട്രസ്റ്റ് സിയസ്കോയ്ക്ക് അനുമതി നൽകുകയും ചെയ്തു.

എന്നാൽ അനുമതി നൽകപ്പെട്ട 3 നില കെട്ടിടത്തിനു പകരം 4 നില കെട്ടിടം പ്രസ്തുത ഭൂമിയിൽ സിയസ്കോ നിർമിക്കുകയും തുടർന്ന് 2002 ൽ 4ാം നിലയ്ക്ക് മുകളിലായി ഭാരതി എയർടെൽ കമ്പനിയ്ക്ക് ടവർ നിർമിക്കാനുള്ള അനുവാദം നൽകുകയും ചെയ്തു. ഈ നിർമാണം നിർത്തിവെക്കുവാനായി 4/2002 ൽ ഇ 9/17527/02 നമ്പർ നോട്ടീസ് പ്രകാരം നഗരസഭ ആവശ്യപ്പെട്ടു. എന്നാൽ ഈ ഉത്തരവ് 16.05.2002 ലെ 16842/എം3/2002/എൽ എസ് ജി ഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സ്റ്റേ ചെയ്തു. പിന്നീട് 03.12.2002 ലെ ഇ 1/17518/2002 നമ്പർ നടപടിക്രമം പ്രകാരം ടവർ നിർമാണത്തിനു നഗരസഭ അനുമതി നൽകി.

പ്രതിമാസം 5000/- രൂപ ലൈസൻസ് ഫീ,120000 രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ നിശ്ചയിച്ച് കൊണ്ട് 20.11.2002 മുതൽ 3 വർഷത്തേയ്ക്ക് ടവർ സ്ഥാപിക്കുന്നതിനായി ഭാരതി എയർടെല്ലും നഗരസഭയും 10.12.2002 ന കരാർ വെക്കുകയുണ്ടായി.

ഭാരതി എയർടെൽ ലൈസൻസ് ഫീ അടക്കുന്നതിൽ ഇടക്കിടെ വീഴ്ച വരുത്തുകയും നഗരസഭ നടപടികളെടുക്കുകയും ചെയ്തുകൊണ്ടിരുന്നു. എന്നാൽ 10/2014 മുതൽ ഓഡിറ്റ് തീയതി വരെ ഭാരതി എയർടെൽ ലൈസൻസ് ഫീ,സേവന നികുതി,പിഴ എന്നിവ അടച്ചിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ നോട്ടീസിനു ഒരേ സമയം സിയസ്കോയ്ക്കും നഗരസഭയ്ക്കും തുക അടക്കേണ്ടി

വരുന്നതിനാലാണ് ഫീസ് അടക്കുന്നതിൽ കാലവിളംബം വരുന്നതെന്ന 01.09.2015 ലെ മറുപടിയിൽ ന്യൂ ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് (പഴയ ഭാരതി എയർടെൽ) നഗരസഭയെ അറിയിച്ചിട്ടുണ്ട്. കൂടാതെ കെട്ടിടത്തിന്റെ നിയമാനുസൃത ഉടമ ആരാണെന്ന് വ്യക്തമാക്കണമെന്നും ആവശ്യപ്പെട്ടു. കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിർമ്മിച്ച ടവറിന്റെ ലൈസൻസ് ഫീസ് അവകാശ നഗരസഭയ്ക്കാണെന്ന് വ്യക്തമാക്കി 18.03.15 ന് കത്ത് നൽകുകയും തുക അടക്കാത്തതിനെ തുടർന്ന് 11.11.2015 ന് ഇൻഡസ് ടവേഴ്സ് ലിമിറ്റഡിന് 1994 ലെ മുനിസിപ്പൽ നിയമം വകുപ്പ് 215(8) പ്രകാരം ഒഴിപ്പിക്കൽ നോട്ടീസ് നൽകുകയും ചെയ്തു.

അസ്സൻ കോയ മുല്ല പാർക്ക് നടത്തുന്നതിൽ സിയസ്കോ വ്യവസ്ഥകളൊന്നും പാലിക്കുന്നില്ലെന്നാരോപിച്ച് ശ്രീ.എ.പി അസൻ കോയ, അസൻകോയ മുല്ല അനുസ്മരണ സമിതി എന്നിവർ പരാതി നൽകുകയും നഗരസഭ നടത്തിയ അന്തിമ പരിശോധന റിപ്പോർട്ടിൽ ആരോപണങ്ങൾ ശരി വെക്കുകയും ചെയ്തിട്ടുണ്ട് (റവന്യൂ ഓഫീസറുടെ 28.10.2016 ലെ എ 34/17527/2000 നമ്പർ റിപ്പോർട്ട്). പാർക്ക് നിൽക്കുന്ന സ്ഥലത്ത് വയോജന ക്ലബ്ബും തുറന്ന ഉദ്യാനവും സ്ഥാപിച്ച നടത്തുവാനും 27.07.2017 ലെ 69-ാം നമ്പർ തീരുമാന പ്രകാരം നഗരസഭ കൌൺസിൽ തീരുമാനിച്ചിട്ടുണ്ട്. തുടർന്ന് 09.08.2017 ലെ എ 34/17527/2000 നമ്പർ പ്രകാരം സിയസ്കോക്ക് ഒഴിപ്പിക്കൽ നോട്ടീസും നൽകി.

മേൽ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. കരാർ (വ്യവസ്ഥ നം 8) പ്രകാരം പാർക്കും റേഡിയോ ഹൗസും സിയസ്കോ ശരിയായ രീതിയിൽ പരിപാലിച്ചില്ലെങ്കിൽ ആയത് പരിപാലിക്കാനുള്ള ചെലവ് നഗരസഭയ്ക്ക് സിയസ്കോയിൽ നിന്നും ഈടാക്കാവുന്നതാണെന്ന വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ നഗരസഭ ഇക്കാര്യത്തിൽ കൃത്യമായ പരിശോധന നടത്താതെ അലംഭാവം കാണിക്കുകയും പാർക്ക് പരിപാലിക്കാനാളില്ലാത്ത അവസ്ഥയിലാവുകയും ചെയ്തു.

2. റവന്യൂ ഓഫീസറുടെ 28.10.2016 ലെ റിപ്പോർട്ട് പ്രകാരം ടവർ ഉയർത്തുന്ന സുരക്ഷാഭീഷണികൾ സംബന്ധിച്ച് സൂചിപ്പിക്കുന്നുണ്ട്. 2014 ഒക്ടോബർ മാസം മുതൽ ലൈസൻസ് ഫീയും ഈടാക്കിയിട്ടില്ല. 1999 ലെ കേരള മുനിസിപ്പൽ നിയമം വകുപ്പ് 215(8) പ്രകാരം ഒഴിപ്പിക്കൽ നോട്ടീസ് നൽകിയെങ്കിലും നാളിതുവരെ തുടർനടപടികൾ സ്വീകരിച്ചില്ല.

3. സാംസ്കാരിക പ്രവർത്തനങ്ങൾക്കായി അനുവദിച്ച ഭൂമിയിൽ സിയസ്കോ എ.ടിഎം കൗണ്ടർ, ലാബ് എന്നിവ അനുവദിക്കുകയും വരുമാനം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എയർടെല്ലിൽ നിന്നും ടവർ വാടകയും ഈടാക്കുകയും ചെയ്യുന്നുണ്ട്. ലീസിന് നൽകിയ ഭൂമിയിൽ നടത്തിയ അനധികൃത നിർമ്മാണ പ്രവർത്തനം യഥാസമയം കണ്ടെത്തി തടയുന്നതിനോ കരാർ വിരുദ്ധമായി വരുമാനം നേടുന്നത് തടയാനോ നടപടി സ്വീകരിച്ചില്ല.

4. ഇൻഡസ് ടവേഴ്സ് ലിമിറ്റഡിനു നൽകിയ 11.11.2015 ലെ എ 34/17527/2000 നമ്പർ ഒഴിപ്പിക്കൽ നോട്ടീസിൽ 20.11.2005 മുതൽ ഓരോ 3 വർഷത്തേക്കുമുള്ള ലൈസൻസ് പുതുക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ യഥാസമയം കരാർ ചമയ്ക്കാതെ അനധികൃത കൈവശത്തിന് നഗരസഭ സാഹചര്യമൊരുക്കിയിട്ടുണ്ട്. 3 വർഷത്തേയ്ക്ക് 20% വർദ്ധനവ്

വരുത്തിയാണ് ലൈസൻസ് പുതുക്കി നൽകുന്നത് എന്നിരിക്കെ 20.11.2005 മുതൽ ലൈസൻസ് ഫീസ് വർദ്ധിപ്പിക്കാതെ വരുമാന നഷ്ടം വരുത്തിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിനു (ഒ.എസ് നം. 90/26.8.17). വർധിപ്പിച്ച ലൈസൻസ് ഫീയും ആയതിന്റെ കുടിശ്ശികയും പലിശ സഹിതം നഷ്ട തുക കണക്കാക്കി ന്യൂ ഇൻഡസ് ടവേഴ്സ് ലിമിറ്റഡിൽ നിന്നും ഈടാക്കേണ്ടതും പാർക്ക് അറ്റകുറ്റപ്പണി നടത്തി ജനോപകാരപ്രദമാക്കത്തക്ക രീതിയിയിലാക്കേണ്ടതും ആയതിന്റെ ചെലവ് സിയസ്കോയിൽ നിന്നു ഈടാക്കേണ്ടതുമാണ്. അനധികൃത നിർമാണങ്ങളുടെ കാര്യത്തിൽ നടപടി സ്വീകരിക്കേണ്ടതും അപാകതകൾക്ക് വിശദീകരണം നൽകേണ്ടതുമാണ്.

## 2-19 പുഴ പുറമ്പോക്ക് പാട്ടം നൽകിയതിലെ അപാകതകൾ

ഫയൽ നം.ബി1/1033/13

കോഴിക്കോട് കോർപ്പറേഷൻ ചെറുവണ്ണൂർ-നല്ലളം മേഖലാ പരിധിയിലെ റീസർവ്വേ 279, 242 ൽ 1, 2 നമ്പറിൽപ്പെട്ട 250 ഫൂട് നീളവും 250 ഫൂട്ട് വീതിയുമുള്ള പുഴ പുറമ്പോക്ക് ഭൂമി ശ്രീ.അബ്ദുള്ള ബറാമി എന്നയാൾക്ക് ബോട്ട് നിർമ്മാണ ആവശ്യത്തിനായി 1992 മുതൽ പാട്ടത്തിന് നൽകിവരുന്നതാണ്. പ്രസ്തുത പാട്ടത്തിന്റെ ഫയൽ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. <u>നിയമവിരുദ്ധമായി പുറമ്പോക്ക് ഭൂമി ലീസിന് നൽകി.</u>

   1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 208 എ(1) പ്രകാരം ചെറു പുഴകളും അവയോടുചേർന്ന് കിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഭൂമിയും മുനിസിപ്പാലിറ്റിയിലേക്ക് കൈമാറ്റം ചെയ്ത് പൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ആകയാൽ വാണിജ്യാവശ്യങ്ങൾക്കോ മറ്റാവശ്യങ്ങൾക്കോ പുഴ പുറമ്പോക്ക് ഭൂമി അന്യാധീനപ്പെടുത്താനുള്ള അവകാശം തദ്ദേശസ്വയംഭരണ സ്ഥാപനത്തിനില്ല. 25.09.2014 ലെ 41630/ആർ.സി.എ 4/2014/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന നദികളുടെയും പുഴകളുടെയും ഏതെങ്കിലും ഭാഗം ദീർഘകാലത്തേയ്ക്കോ താത്കാലികമായോ അന്യാധീനപ്പെടുത്തരുതെന്നും, ഇതിനകം പുഴഭാഗം പാട്ടത്തിന് നൽകിയിട്ടുണ്ടെങ്കിൽ അത്തരം നടപടി നിയമവിരുദ്ധമാകയാൽ എത്രയും വേഗം പാട്ടം റദ്ദ് ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നും പഞ്ചായത്തുകൾക്കും നഗരസഭകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവിടെ മുനിസിപ്പാലിറ്റി ആക്ടിനും സർക്കാർ നിർദ്ദേശങ്ങൾക്കും വിരുദ്ധമായിട്ടാണ് വർഷങ്ങളായി 1.34 ഏക്കർ പുഴ പുറമ്പോക്ക് സ്വകാര്യ വ്യക്തിക്ക് പാട്ടത്തിനായി നൽകിയിരിക്കുന്നത്. മുനിസിപ്പാലിറ്റി നിയമം, സർക്കാർ നിർദ്ദേശം എന്നിവ പ്രകാരം പുഴ പുറമ്പോക്ക് ഭൂമി പാട്ടത്തിന് നൽകിയ നടപടി റദ്ദു ചെയ്ത് പാട്ട ഭൂമി തിരികെ ഏറ്റെടുക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

2. <u>പാട്ടഭൂമി നഗരസഭയുടേതാണെന്ന് തെളിയിക്കുന്നതിന് വ്യക്തമായ രേഖകളില്ല.</u>

2013-14 വർഷം പാട്ടം പുതുക്കി നിൽക്കേണ്ട സന്ദർഭത്തിൽ ഈ സ്ഥലം പാട്ടത്തിന് അനുവദിച്ചത് സംബന്ധിച്ച പഴയ ഫയൽ കണ്ടെടുത്ത് സമർപ്പിക്കാൻ 28.11.13 ന് (ഓഫീസ് കുറിപ്പ് പേജ്- 4 പ്രകാരം) ചെറുവണ്ണൂർ-നല്ലളം ഓഫീസ് സൂപ്രണ്ട് സെക്ഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തുടർന്ന് 2 വർഷത്തിനു ശേഷം 29.06.16, 07.12.16 തീയതികളിൽ സെക്ഷൻ എഴുതിയ ഓഫീസ് നോട്ട് പ്രകാരം ഭൂമി പാട്ടത്തിന് നൽകിയ പഴയ ഫയൽ, പ്രസ്തുത ഭൂമി നഗരസഭയുടേതാണെന്ന് തെളിയിക്കുന്ന ആധാരം, രജിസ്റ്റർ എന്നിവ ഓഫീസിൽ ലഭ്യമല്ല എന്നെഴുതിയിട്ടുണ്ട്. 21.07.2016 ന് B1/1033/13 നമ്പറായി ശ്രീ.അബ്ദുള്ള ബറാമിക്ക് റീസർവ്വെ നം.279.242/1, 2 എന്നീ നമ്പറിലുള്ള 1.34 ഏക്കർ സ്ഥലം പാട്ടത്തിന് അനുവദിച്ച രേഖകൾ ലഭ്യമാക്കാൻ അറിയിപ്പ് നൽകി. ആയതിന് ടിയാൻ 27.10.2016 ന് നൽകിയ മറുപടിയിൽ, കത്തിൽ പറഞ്ഞ 1.34 ഏക്കർ സ്ഥലം എന്റെ കൈവശമുള്ള ഭൂമിയാണെന്നും, 250 ഫൂട്ട് നീളംx250 ഫൂട്ട് വീതിയിലുള്ള പുറമ്പോക്ക് ഭൂമിയാണ് താൻ പാട്ടത്തിന് വാങ്ങിയതെന്നും, ആയതിനുള്ള രേഖകൾ താങ്കളുടെ ഓഫീസിൽ തന്നെ എഗ്രിമെന്റ് ഒപ്പിട്ട് തന്നിട്ടുമുണ്ട് എന്നാണറിയിച്ചത്. തുടർന്ന് 09.12.16 ലെ ബി1/1033/13 നമ്പർ കത്തുമുഖേന റീസർവ്വെ നമ്പർ 279, 242/1, 2 -ൽ ഉൾപ്പെട്ട ഭൂമി അളന്ന് തിട്ടപ്പെടുത്തി കൈവശക്കാരൻ ആരാണെന്നറിയിക്കാൻ ചെറുവണ്ണൂർ-നല്ലളം റവന്യൂ ഓഫീസർ, ചെറുവണ്ണൂർ വില്ലേജ് ഓഫീസർക്ക് കത്ത് നൽകി. 14.12.16 ലെ ചെറുവണ്ണൂർ വില്ലേജ് ഓഫീസറുടെ കത്തിൽ പ്രസ്തുത ആഫീസിലെ അടങ്കൽ രേഖകൾ പരിശോധിച്ചതിലും റീസർവ്വെ 279 നമ്പർ വസ്തു ആകെ 48.35 ആർ (1.19.470 acre) വിസ്തീർണ്ണമുള്ളതും 'പുഴ' ഇനത്തിൽ വരുന്നതും താലൂക്കാഫീസിലെ B1-5332/68 ഫയൽ പ്രകാരം 26.03.96 ൽ പഞ്ചായത്ത് അധീനതയിൽ നൽകിയിട്ടുള്ളതുമായ വസ്തുവാണെന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും സ്ഥലം അളന്ന് തിട്ടപ്പെടുത്തി ലഭിയ്ക്കുന്നതിന് സർവ്വെ ബൌണ്ടറികളും അതിരടയാളങ്ങളും സ്ഥലത്ത് ഇപ്പോൾ ഇല്ലാത്തതിനാൽ താലൂക്ക് സർവേയറുടെ സേവനം ബഹു.തഹസിൽദാർ മുഖാന്തിരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് 24.12.16, 20.02.17 തീയതികളിൽ ഭൂമി അളന്ന് തിട്ടപ്പെടുത്താൻ താലൂക്ക് സർവ്വെയറുടെ സേവനം ആവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് താലൂക്ക് തഹസിൽദാർക്ക് റവന്യൂ ഓഫീസർ കത്തയച്ചിട്ടുണ്ടെങ്കിലും മറുപടി ലഭിച്ചിട്ടില്ല. പാട്ടഭൂമിയുടെ വ്യക്തമായ രേഖകൾ നഗരസഭയുടെ കൈവശമില്ലാത്തതിനാൽ ഭൂമിയുടെ ഉടമസ്ഥാവകാശം അവകാശപ്പെടാൻ നഗരസഭയ്ക്കാവാത്ത സാഹചര്യമാണുള്ളത്.

3. <u>പാട്ടക്കാരാർ റദ്ദാക്കുകയോ പാട്ടക്കുടിശ്ശിക ഈടാക്കുകയോ ചെയ്തില്ല.</u>

2014-15 വർഷം മുതൽ 2016-17 വരെ പാട്ടതുക കുടിശ്ശികയായി അവശേഷിക്കുകയാണ്. 2013-14 വർഷത്തെ പാട്ടകരാർ പ്രകാരം 5775 രൂപ വാർഷിക പാട്ടത്തിനാണ് സ്ഥലം പാട്ടത്തിനനുവദിച്ചത്. ഫയൽ പ്രകാരം 2014-15 വർഷം ലൈസൻസി പാട്ടത്തിന് അപേക്ഷിച്ചിട്ടുണ്ടെങ്കിലും (26.02.14 ലെ അപേക്ഷ) പാട്ടം അനുവദിച്ചുണ്ട് കൌൺസിൽ തീരുമാനമെടുക്കുകയോ എഗ്രിമെന്റ് വെയ്ക്കുകയോ ചെയ്തതായി കാണുന്നില്ല. 2015-16, 16-17 വർഷം ലൈസൻസി പാട്ടത്തിന് അപേക്ഷ നൽകിയതായി കാണുന്നില്ല. എന്നാൽ

ലൈസൻസിയുടെ പാട്ടകരാർ റദ്ദാക്കാൻ ഈ കാലയളവിൽ നടപടികൾ സ്വീകരിച്ചതായും കാണുന്നില്ല. അപേക്ഷ നൽകിയിട്ടും പാട്ടം പുതുക്കാൻ നടപടി സ്വീകരിച്ച് പാട്ടതുക ഈടാക്കുകയോ, പാട്ടകരാർ റദ്ദാക്കുകയോ ചെയ്യാത്തത് നടപടിക്രമങ്ങളിലെ വീഴ്ചയാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 66/2016-17 ഒ.എസിന് മറുപടി ലഭ്യമാക്കിയിട്ടില്ല. പുഴ പുറമ്പോക്ക് ഭൂമി പാട്ടത്തിന് നൽകിയ നടപടി റദ്ദ ചെയ്ത് പാട്ട ഭൂമി തിരികെ ഏറ്റെടുക്കാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.അപേക്ഷ നൽകിയിട്ടും പാട്ടം പുതുക്കാൻ നടപടി സ്വീകരിച്ച് പാട്ടതുക ഈടാക്കാത്തതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും 2014-15 മുതൽ 2016-17 വരെയുള്ള പാട്ട കുടിശ്ശിക ഈടാക്കി അറിയിക്കേണ്ടതാണ്. ഭൂമി അളന്ന് തിട്ടപ്പെടുത്താൻ കോഴിക്കോട് താലൂക്ക് തഹസിൽദാരെ നേരിൽ കണ്ട് താലൂക്ക് സർവ്വെയറുടെ സേവനം ആവശ്യപ്പെടുന്നതിനും നഗരസഭയുടെ ഭൂമിക്ക് വ്യക്തമായ രേഖകൾ ഉണ്ടാക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് വിഷയം കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## <u>2-20 റോഡ് റിഫർമേഷൻ ചാർജ് - നടപടിക്രമങ്ങൾ പാലിക്കാതെ തുക നിശ്ചയിച്ച് വാങ്ങി</u>

ഫയൽ നം.ഇ.ജി.4/51087/15

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ വാർഡ് 63 ലെ യു.കെ.എസ് റോഡിൽ എ.ജി റോഡ് പെട്രോൾ പമ്പ് മുതൽ മൃഗാശുപത്രി വരെയുള്ള ഭാഗത്ത് വാട്ടർ അതോറിറ്റി റോഡിൽ അനധികൃതമായി കുഴിയെടുത്തത് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് 08.07.15 ലെ 3-ാം നമ്പർ തീരുമാനപ്രകാരം മരാമത്ത് സ്ഥിരം സമിതി നിയമാനുസൃത റിഫർമേഷൻ ചാർജ് ഈടാക്കി, റോഡിൽ കുഴിയെടുക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് അനുമതി നൽകാൻ തീരുമാനിച്ചു. ഇതിനെ തുടർന്ന് 546700 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും, 30.01.2016 ലെ 11602500175 നമ്പർ രശീതി പ്രകാരം തുക വാട്ടർ അതോറിറ്റി നഗരസഭയിൽ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. റോഡ് റിഫർമേഷൻ ചാർജ്ജ് നിശ്ചയിച്ച് നൽകിയപ്പോൾ താഴെ കൊടുത്തിരിക്കുന്ന നടപടിക്രമങ്ങൾ നഗരസഭ പാലിച്ചില്ല.

1. <u>സൈറ്റ്പരിശോധനയുടെയും, സ്കെച്ചിന്റെയും അഭാവത്തിൽ റിഫർമേഷൻ ചാർജ്ജ് ഇളവു ചെയ്തു.</u>

   വാട്ടർ അതോറിറ്റി കുഴിയെടുത്ത 1000 മീറ്റർ റോഡിന്റെ റിഫർമേഷൻ ചാർജ്ജായി 25% സെന്റേജ് ചാർജ്ജ് ഉൾപ്പെടെ 1753750/- രൂപയുടെ എസ്റ്റിമേറ്റ് സെക്ടർ - 7 അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കുകയും, തുക അടക്കാൻ 15.10.2015 ലെ ഇ.ജി.4/51087-15 കത്ത് മുഖേന വാട്ടർ അതോറിറ്റിയുടെ മാലാപ്പറമ്പ് പ്രോജക്ട് ഡിവിഷൻ എഞ്ചിനീയറോട് സൂപ്രണ്ടിംഗ് എഞ്ചിനീയർ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. 23.12.15 ലെ വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷൻ എഞ്ചിനീയറുടെ ഡി2-140/14 നമ്പർ കത്തുപ്രകാരം യു.കെ.എസ് റോഡിൽ ആകെ 647 മീറ്റർ നീളത്തിൽ മാത്രമേ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ളൂ എന്നും ആയതിനനുസരിച്ച് എസ്റ്റിമേറ്റ് നിരക്ക് കുറച്ച് തരണമെന്നും സെന്റേജ് ചാർജ്ജ് ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്. തുടർന്ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 546700 രൂപയായി റിഫർമേഷൻ ചാർജ്ജ് കുറയ്ക്കുകയും 08.01.16 ലെ 120-ാം നമ്പർ കൗൺസിൽ

തീരുമാനപ്രകാരം ഇപ്രകാരം കുറയ്ക്കാനുള്ള പൊതുമരാമത്ത് കമ്മിറ്റിയുടെ ശുപാർശ അംഗീകരിക്കുയും ചെയ്തിട്ടുണ്ട്. 1000 മീറ്ററിൽ നിന്നും 650 മീറ്ററായി കുഴിയെടുത്ത ഭാഗം കുറച്ച് കണക്കാക്കി എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കിയപ്പോൾ നഗരസഭ സൈറ്റ് പരിശോധന നടത്തി കുഴിയെടുത്ത ഭാഗം കൃത്യമായി അളന്ന തിട്ടപ്പെടുത്തുകയോ ആയതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. കുഴിയെടുത്ത ഭാഗത്തിന്റെ കൃത്യമായ സ്കെച്ച് വാട്ടർ അതോറിറ്റിയുടെ പക്കൽ നിന്നും വാങ്ങി പരിശോധിച്ചിട്ടില്ല. സൈറ്റ് പരിശോധന നടത്താതെയും സ്കെച്ച് ലഭ്യമാക്കാതെയും 1753750/- രൂപയിൽ നിന്നും 546700 രൂപയായി റോഡ് റിഫർമോഷൻ ചാർജ്ജ് കുറവ് ചെയ്ത് നൽകിയത് ശരിയായ നടപടിയല്ല.

2. <u>നഗരസഭ വാട്ടർ അതോറിറ്റിയുമായി വച്ച കരാറുടമ്പടി ലഭ്യമാക്കിയിട്ടില്ല.</u>

   15.01.2016 ലെ ഇ.ജി4/51087 നമ്പർ കത്തു മുഖേന സൂപ്രണ്ടിംഗ് എഞ്ചിനീയർ 546700 രൂപ റോഡ് റിഫർമേഷൻ ചാർജ്ജായി അടവാക്കി കോർപ്പറേഷനുമായി ഉടമ്പടിയിൽ ഒപ്പുവെയ്ക്കാൻ വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെടുകയുണ്ടായി. എന്നാൽ അപ്രകാരം നഗരസഭയുമായി ഉടമ്പടി വച്ചതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 67/16-17 ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് മറുപടി നൽകിയിട്ടില്ല. സൈറ്റ് പരിശോധന നടത്താതെയും സ്കെച്ച് ലഭ്യമാക്കാതെയും 1753750/- രൂപയിൽ നിന്നും 546700 രൂപയായി റോഡ് റിഫർമോഷൻ ചാർജ്ജ് കുറവ് ചെയ്ത് നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും നഗരസഭ വാട്ടർ അതോറിറ്റിയുമായി വച്ച കരാറുടമ്പടി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## <u>2-21 റോഡുകളിൽ ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ സ്ഥാപിക്കൽ - തറവാടകയിനത്തിൽ നഗര സഭയ്ക്ക് വൻ നഷ്ടം.</u>

റോഡ്കട്ടിംഗ് ചാർജ്ജിന്റെ വിവിധ ഫയലുകൾ പരിശോധിച്ചപ്പോൾ റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് റോഡുകളിൽ ട്രഞ്ചിംഗ് നടത്തിയും പോളുകൾ സ്ഥാപിച്ച് അതുവഴിയും ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾ (OFC) സ്ഥാപിക്കുന്നതിന് അപേക്ഷ നൽകിയതായും ആയതിന് നഗരസഭ കൌൺസിൽ തീരുമാനപ്രകാരം റോഡ് റിഫർമേഷൻ ചാർജ്ജും തറവാടകയും ഈടാക്കി അനുമതി നൽകിയതായും കണ്ടു. ഫയലുകളിലെ ഓഫീസ് നോട്ടിൽ വാർഷിക തറവാടക ഈടാക്കുന്നതിനായി റവന്യൂ സെക്ഷനെ ചുമതലപ്പെടുത്തുന്നതിനായി ഫയൽ റവന്യൂ വിഭാഗത്തിലേക്ക് അയക്കാവുന്നതാണെന്ന് നോട്ട് എഴുതി വെയ്ക്കുന്നുണ്ടെങ്കിലും കൌൺസിൽ തീരുമാനമെടുത്ത് കമ്പനിക്ക് അനുമതി നൽകി തൻവർഷത്തെ തറവാടകയും റിഫർമേഷൻ ചാർജ്ജും ഈടാക്കിയാൽ ഫയലിൽ പിന്നീട് തുടർനടപടികളെടുക്കുന്നതായി കാണുന്നില്ല. ആയതിനാൽ റവന്യൂ സെക്ഷനിൽ ഈയിനത്തിൽ ഓരോ വർഷവും ലഭിയ്ക്കാവുന്ന തറവാടക കണക്കാക്കി ഡിമാന്റ് ചെയ്ത് രജിസ്റ്ററിൽ രേഖപ്പെടുത്തി ടെലികോം കമ്പനികളിൽ നിന്നും ഈടാക്കുന്നില്ല. തൻവർഷം പരിശോധനയ്ക്ക് ലഭ്യമായ ഫയലുകൾ പ്രകാരം ഈടാക്കേണ്ട തറവാടകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ | ഫയൽ നം. | OFC സ്ഥാപിച്ച | ഈടാക്കിയ | പ്രതിവർഷം |
|---|---|---|---|---|

| നം. | | ദൂരം/ സ്ഥാപിച്ച പോളുകളുടെ എണ്ണം | തറവാടക (Rs.25000/കി.മീ Rs.500/പോൾ) | ഇടാക്കേണ്ട തറവാടക |
|---|---|---|---|---|
| 1. | ഇ.ജി2/105219/15 | 4.50 കി.മീ | 112500 | 112500 |
| | | 30 പോളുകൾ | 15000 | 15000 |
| 2. | ഇ.ജി.10/82447/16 | 4.50 കി.മീ | 112500 | 112500 |
| | | 152 പോളുകൾ | 76000 | 76000 |
| 3. | ഇ.ജി.2/105217/15 | 4.50 കി.മീ | 112500 | 112500 |
| 4 | ഇ.ജി.10/54585/15 | 71 കി.മീ | 1775000 | 1775000 |
| 5 | ഇ.ജി.10/45497/16 | 13.6 കി.മീ | 340000 | 340000 |
| 6 | ഇ.ജി.10/47871/15 | 23.8 കി.മീ | 595000 | 595000 |
| | | 751 പോളുകൾ | 375500 | 375500 |
| 7 | ഇ.ജി.10/20745/15 | 46 കി.മീ | 1150000 | 1150000 |
| | | 1526 പോളുകൾ | 763000 | 763000 |

05.11.2014 ലെ 1-ാം നമ്പർ കൌൺസിൽ തീരുമാനപ്രകാരം റോഡ് കട്ടിംഗിനുള്ള ഫീസ് നിരക്കും നിബന്ധനകളും നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത തീരുമാനപ്രകാരമാണ് OFC ഇടുന്നതിന് കിലോമീറ്ററിന് നിശ്ചിത നിരക്കിൽ തറവാടക ഈടാക്കി വരുന്നത്. റവന്യൂ വിഭാഗം ഓരോ വർഷവും തറവാടകയിൽ ആനുപാതികമായി വർദ്ധനവ് വരുത്തി നിബന്ധനകൾക്ക് വിധേയമായി പുതുക്കി നൽകണമെന്നും മേൽ കൌൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. റോഡ് കട്ട് ചെയ്യുമ്പോൾ നിബന്ധനകൾ ഉൾപ്പെടുത്തി നഗരസഭ സെക്രട്ടറി മുമ്പാകെ മതിയായ മൂല്യമുള്ള മുദ്രപത്രത്തിൽ ഒരു എഗ്രിമെന്റ് വെപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതുപ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയർ ഒപ്പുവെച്ച എഗ്രിമെന്റിന്റെ കൂടെ ഉൾപ്പെടുത്തേണ്ട 34 നിബന്ധനകൾ ഉൾക്കൊള്ളുന്ന പേപ്പർ ഫയലുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയതിലെ 1, 13, 15, 18 വ്യവസ്ഥകൾ പ്രകാരം ഓരോ വർഷവും തറവാടക ഈടാക്കേണ്ട സമയം, പിഴപ്പലിശ, നിരക്ക്, പ്രതിവർഷം വാടകയിൽ വരുത്തേണ്ട വർദ്ധനവ് എന്നിവ കൃത്യമായി പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള നിബന്ധനകൾ ഉൾപ്പെടുത്തി ടെലികോം കമ്പനിയുമായി ഒപ്പുവെച്ച എഗ്രിമെന്റ് ഫയലുകളിൽ ലഭ്യമാക്കിയിട്ടില്ല. മേൽ വസ്തുതകളുടെ വെളിച്ചത്തിൽ ഇതുമായി ബന്ധപ്പെട്ട താഴെ പറയുന്ന രേഖകളും വിശദാംശങ്ങളും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 84/16-17 നമ്പർ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് മറുപടി നൽകുകയോ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

1. റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ് നഗരസഭയുടെ റോഡിൽ കുഴിയെടുത്ത് ആകെ എത്ര കിലോമീറ്റർ OFC സ്ഥാപിക്കുന്നതിനുള്ള അനുമതിയ്ക്കായി കോർപ്പറേഷനിൽ അപേക്ഷിച്ചിട്ടുണ്ടെന്നും എത്ര കിലോമീറ്റർ OFC സ്ഥാപിക്കുന്നതിന് നഗരസഭ അനുമതി

നൽകിയിട്ടുണ്ടെന്നും ഉള്ളതിന്റെ കൃത്യമായ കണക്ക് വർഷം തിരിച്ച് തയ്യാറാക്കി ആയതിന്റെ വാർഷിക തറവാടക ഈടാക്കുന്നതിന്റെ വിശദാംശം

2. റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡിന് ആകെ എത്ര ജി.ഐ പോളുകൾ സ്ഥാപിക്കുന്നതിനും അതു വഴി എത്ര കിലോമീറ്റർ ഫൈബർ കേബിളുകൾ സ്ഥാപിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ടെന്നും തറവാടക വർഷം തിരിച്ച് ഈടാക്കുന്നതിന്റെയും വിശദാംശം

3. മറ്റ് പ്രൈവറ്റ് ടെലികോം കമ്പനികളിൽ ഏതൊക്കെ കമ്പനികൾക്കാണ് നഗരസഭാ പരിധിയിലുള്ള റോഡുകളിൽ ഇപ്രകാരം കുഴിയെടുത്തും ജി.ഐ പോളുകൾ വഴിയും OFC സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതെന്നും അതു പ്രകാരം എത്ര ദൂരത്തിൽ കേബിളുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും സ്ഥാപിച്ച പോളുകളുടെ എണ്ണവും തറവാടക ഈടാക്കുന്നതിന്റെ വിശദാംശവും

4. റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കുന്നതിന്റെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ

മേൽപറഞ്ഞ രേഖകളുടെ അഭാവത്തിൽ ഈയിനത്തിലുള്ള വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.ആയതിനാൽ പ്രസ്തുത രേഖകളും വിശദാംശങ്ങളും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 2-22 റിലയൻസ് ജിയോ - ഒപ്റ്റിക്കൽ ഫൈബർ കേബിളുകൾക്കുള്ള പോളുകൾ സ്ഥാപിക്കുന്നതിനുള്ള റോഡ് റിഫർമേഷൻ ചാർജ് ഈടാക്കിയില്ല.

ഫയൽ നം.ഇ.ജി2/105219/15

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ ബി.ജി.റോഡിലും അതിന്റെ അനുബന്ധ റോഡുകളിലും കൂടി 4.50 ക.മീ ദൂരം ജി.ഐ.പോസ്റ്റുകൾ സ്ഥാപിച്ച് അതിന് മുകളിൽ കൂടി ഒപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് റോഡ് റിഫർമേഷൻ ചാർജ് ഈടാക്കി അനുമതി നൽകുന്നതിനായി 01.10.2015 ലെ RJIL/OFC/ROW/INTRA/KL/ CALICUT/CORP/AC 325 നമ്പറായി റിലയൻസ് ജിയോ അപേക്ഷ നൽകിയിരുന്നു. തുടർന്ന് 4.50 കി.മീറ്റർ ദൂരത്തിന്, കിലോമീറ്ററിന് 25,000 /- രൂപ എന്ന നിരക്കിൽ 4.50x25,000=1,12,500 /- രൂപയും, പോൾ ഒന്നിന് പ്രതിവർഷ തറവാടക 500 /- എന്ന നിരക്കിൽ 30x500=15,000 /- രൂപയും ഉൾപ്പെടെ 1,27,500 രൂപ, 11627400085/02.03.17 നം.രശീതി പ്രകാരം നഗരസഭയിൽ അടച്ചിട്ടുണ്ട്. എന്നാൽ പോൾ സ്ഥാപിക്കുമ്പോൾ പോൾ ഒന്നിന് 0.5mx0.5m=0.25 ചതുരശ്രമീറ്റർ റോഡ് കട്ട് ചെയ്യേണ്ടതിന് അംഗീകരിച്ച നിരക്കിലുള്ള റോഡ് കട്ടിംഗ് ചാർജ് ഈടാക്കിയിട്ടില്ല. ഇപ്രകാരം 30 പോളുകൾ സ്ഥാപിക്കുന്നതിന് 30x.25 $m2x16192/10m^2$=12,144 /- രൂപയും 25% സെന്റേജ് ചാർജ്ജായ 3,036 രൂപയും ഉൾപ്പെടെ 15,180 രൂപ റോഡ് റിഫർമേഷൻ ചാർജ്ജ് ഈടാക്കിയിട്ടില്ല.അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 91/16-17 നമ്പർ ഒ.എസിന് മറുപടി നൽകിയിട്ടില്ല.15180 രൂപ റോഡ് കട്ടിംഗിന് അനുമതി നൽകുന്നതിനായി തറവാടക

കണക്കാക്കിയതിന്റെ കൃത്യത ഉറപ്പാക്കാതെ ആയത് അംഗീകരിച്ച അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 2-23 കോക്ക്സ്-വിൻ അപ്പാർട്ട്മെന്റിന് വൈദ്യുതി ലഭിക്കുന്നതിനുള്ള ഭൂഗർഭ കേബിൾ - വാർഷിക തറവാടക ഈടാക്കുന്നില്ല

ഫയൽ നം. EG4/116850/16

കോർപ്പറേഷൻ ഓഫീസിന്റെ മുൻവശത്തായി പുതുതായി നിർമ്മിച്ച കോക്ക്സ് -വിൻ (coxswain) അപ്പാർട്ട്മെന്റിന് വൈദ്യുതി ലഭിക്കുന്നതിന് വേണ്ടി എച്ച്.ഡി.സി സാങ്കേതിക വിദ്യ ഉപയോഗിച്ച് ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിന് ½ മീറ്റർ റേഡിയസിലുള്ള 2 ഡ്രില്ലിങ്ങ് പിറ്റ്-ഹോൾ നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി അപേക്ഷിച്ചിരുന്നു. കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ ബീച്ച് അസിസ്റ്റന്റ് എഞ്ചിനീയർ 15-11-2016 ലെ ഡി.ബി/37/ഇ.എസ്. ബീച്ച്/16-17/77 നമ്പർ കത്ത് മുഖേനയാണ് കോർപ്പറേഷൻ സെക്രട്ടറിയോട് അനുമതിക്കായി ആവശ്യപ്പെട്ടിരുന്നത്. പ്രസ്തുത അപേക്ഷയിൽ അനുമതി നൽകിയതുമായി ബന്ധപ്പെട്ട് താഴെകൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1)വാർഷിക തറവാടക ഈടാക്കുന്നതിനായി ഫയൽ റവന്യൂ സെക്ഷന് കൈമാറിയിട്ടില്ല.

160 മീറ്റർ അണ്ടർ ഗ്രൗണ്ട് കേബിൾ വലിച്ചാണ് അപ്പാർട്ട്മെന്റിന് കറന്റ് നൽകുന്നതിന് അനുമതി നൽകിയിരിക്കുന്നത്. കി.മീറ്ററിന് 25,000/- രൂപ വച്ച് 160 മീറ്ററിന് വർഷം തോറും 4,000/- രൂപ തറവാടക ഈടാക്കാൻ 01-12-2016 ലെ ഓഫീസ് നോട്ടിൽ പബ്ലിക്ക് വർക്ക് ഓവർസിയർ രേഖപ്പെടുത്തിയിട്ടുണ്ട്. 05-11-2014 ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം കട്ടിംഗ് ചാർജ്ജിന് പുറമേ കി. മീറ്ററിന് 25,000/- രൂപ പ്രതിവർഷ തറവാടക ഈടാക്കുന്നതിന് വിവിധ സെക്ഷനുകളിൽ സ്വീകരിച്ച അപേക്ഷകൾ നടപടികൾ പൂർത്തീകരിച്ച ശേഷം റവന്യൂ വിഭാഗത്തിലേക്ക് കൈമാറണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 22.12.16 ലെ 7ാം നമ്പർ മരാമത്ത് സ്ഥിരംസമിതിയുടെ തീരുമാനപ്രകാരം 4,000/- രൂപ പ്രതിവർഷ തറവാടക ഉൾപ്പെടെ റോഡ് കട്ടിങ്ങ് ചാർജ്ജ് 7,228/- രൂപ ഈടാക്കി അനുമതി നൽകാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഫയൽ വർഷംതോറും തറവാടക ഈടാക്കുന്നതിനായി റവന്യൂ സെക്ഷന് കൈമാറിയിട്ടില്ല.

2)റോഡ് കട്ടിങ്ങ് ചാർജ്ജിന്റെ കൂടെ സെന്റേജ് ചാർജ്ജ് ചാർജ്ജ് ഈടാക്കിയിട്ടില്ല.

ഭൂഗർഭ കേബിൾ സ്ഥാപിക്കുന്നതിന് ½ മീറ്റർ റേഡിയസിലുള്ള 2 ഡ്രില്ലിങ്ങ് പിറ്റ്ഹോൾ നിർമ്മിക്കുന്നതിന് 2 ചതുരശ്രമീറ്റർ ടാർ പ്രതലം കുഴിക്കാൻ 10 M2 ന് 16192 രൂപ നിരക്കിൽ 3298/- രൂപ (2 M2 X 16192/10 M2) കെ.എസ്.ഇ.ബിയിൽ നിന്നും ഈടാക്കിയിട്ടുണ്ട്. എന്നാൽ 05.11.2014 ലെ 1ാം നമ്പർ തീരുമാനത്തിൽ പറയുംപ്രകാരം 25% സെന്റേജ് ചാർജ്ജ് റോഡ് കട്ടിങ്ങ് ചാർജ്ജിന്റെ കൂടെ ഈടാക്കിയിട്ടില്ല

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 92/16-17 നമ്പർ ഒ.എസിന് മറുപടി ലഭിച്ചിട്ടില്ല.വാർഷിക തറവാടക ഈടാക്കുന്നതിനായി ഫയൽ റവന്യൂ സെക്ഷന് കൈമാറേണ്ടതും 3,298 രൂപയുടെ 25% സെന്റേജ് ചാർജ്ജായ 825 രൂപ ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 2-24 കെട്ടിട നിർമ്മാണത്തിൽ പരാതി നിലനിൽക്കെ പുതിയ പെർമിറ്റ് അനുവദിച്ചു

| | |
|---|---|
| കെട്ടിട നിർമ്മാണ അനുമതി നമ്പർ | ടി.പി. 6- 80154/13 തിയതി 12.07.13, ടി.പി.5 ബി.എ(10668/16) |
| അപേക്ഷകരുടെ പേര്, മേൽവിലാസം | ശ്രീ. ഇ.വി. ലുഖ്മാൻ, ശ്രീമതി ഹിന്ദ് ലുഖ്മാൻ പി.എം.ഹൗസ്, വട്ടാം പൊയിൽ, കോഴിക്കോട് |

കോഴിക്കോട് മുൻസിപ്പൽ കോർപ്പറേഷൻ പരിധിയിൽ റവന്യൂ വാർഡ് 14 ൽ റീസർവ്വെ നമ്പർ 190,196 ൽ ഉൾപ്പെട്ട സ്ഥലത്ത് 778.34 m2 വിസ്തീർണ്ണത്തിൽ കെട്ടിട നിർമ്മാണത്തിന് (ഗാർഹികം) ടി.പി. 6- 80154/13 തിയതി 12.07.13 പ്രകാരം നിർമ്മാണ അനുമതി നൽകിയിട്ടുള്ളതാണ്. ഒരു സെല്ലാർ നിലയും അതിനു മുകളിൽ 2 നിലകളും നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയത്. എന്നാൽ നൽകിയ അനുമതിയ്ക്ക് വിരുദ്ധമായി സെല്ലാർ ഫ്ലോർ നിർമ്മിക്കാതെ തറ നിരപ്പിൽ നിന്നും നിർമ്മാണം ആരംഭിക്കുകയും ആയത് പ്രകാരം താഴത്തെ നില സെല്ലാർ നിലയാക്കുന്നതിന് വേണ്ടി ഏകദേശം 3 മീറ്റർ ആർ.സി.സി സംരക്ഷണ ഭിത്തി നിർമ്മിക്കുകയും ആയതിൽ മണ്ണിട്ടു നിറയ്ക്കുകയും ചെയ്തു. ഈ നിർമ്മാണത്തിനെതിരെ വായു സഞ്ചാരം തടസ്സപ്പെടുത്തുന്ന രീതിയിലാണ് നിർമ്മാണം നടത്തിയിട്ടുള്ളത് എന്ന് കാണിച്ച് 14.10.15 ൽ ശ്രീമതി ഷൈലജ ബാലകൃഷ്ണൻ പരാതി സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥല പരിശോധന നടത്തുകയും ചെയ്തു. സ്ഥലപരിശോധന നടത്തിയതിൽ, പരാതിയിൽ കഴമ്പുള്ളതായി ബോധ്യപ്പെട്ടതിനെത്തുടർന്ന് തുടർനടപടികൾ സ്വീകരിക്കുകയും 3.2.16 ന് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പരാതിക്കാരിയെയും ശ്രീ. ലുഖ്മാനേയും ഹിയറിങ് നടത്തി. ഹിയറിങ്ങിന്റെ അടിസ്ഥാനത്തിലും മറുപടി തൃപ്തികരമല്ലാത്തതിനാലും എക്സി. എഞ്ചിനീയർ വീണ്ടും സ്ഥലം പരിശോധിക്കുകയും ശ്രീ.ലുഖ്മാൻ കെട്ടിട നിർമ്മാണ അനുമതിയിൽ നിന്നും വ്യതിചലിച്ചാണ് നിലവിൽ നിർമ്മാണം നടത്തി വരുന്നതെന്നും കണ്ടെത്തി. (14.10.15 ന് ശ്രീമതി ഷൈലജ ബാലകൃഷ്ണൻ ബഹു. ജില്ലാ കലക്ടർക്കും പരാതി നൽകിയിട്ടുണ്ട്.)

എന്നാൽ 14.10.15 ലെ മേൽ പരാതിയുടെ തുടർ നടപടികൾ നടന്നു കൊണ്ടിരിക്കേ ശ്രീ. സി.വി. ലുഖ്മാൻ നഗരസഭയെ തെറ്റിദ്ധരിപ്പിച്ച് 26.10.15 ന് കെട്ടിട നിർമ്മാണം ക്രമവത്കരിക്കുന്നതിനായി പുതിയതായി അപേക്ഷ സമർപ്പിച്ചു. ആയത് പരാതി ഫയലുമായോ, പഴയ പെർമിറ്റ് ഫയലുമായോ ലിങ്ക് ചെയ്യാതെ നടപടി സ്വീകരിച്ചതിനാൽ, അനുവാദം വാങ്ങാതെ നിർമ്മാണത്തിന്റെ വിസ്തൃതി കൂട്ടി നിർമ്മാണം നടത്തി എന്ന് കാരണം കാണിച്ച് സമർപ്പിച്ച അപേക്ഷയിന്മേൽ നിർമ്മാണം ക്രമവത്കരിച്ചുകൊണ്ട് ഉത്തരവാകുകയും ചെയ്തു. (കെട്ടിട നിർമ്മാണ റഗുലറൈസേഷൻ നമ്പർ TP5 -BA (10668/16) തിയതി 16.03.16). എന്നാൽ 8.6.16 ൽ ശ്രീ. ലുഖ്മാന്റെ പ്രതിനിധി പുതിയ പെർമിറ്റ് ഹാജരാക്കിയപ്പോൾ മാത്രമാണ് നഗരസഭാ അധികൃതർ പുതിയ പെർമിറ്റ് നൽകിയതായി അറിയുന്നത്. രണ്ട് ഫയലുകളിൽ സമാന്തരമായി നടപടി സ്വീകരിച്ചതിനാലാണ് ഇപ്രകാരം തെറ്റ് സംഭവിച്ചത്. നിരുത്തരവാദപരമായി ഫയൽ കൈകാര്യം ചെയ്ത സെക്ഷൻ ക്ലർക്ക്, ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർക്കെതിരെ നടപടികൾ

സ്വീകരിക്കുന്നതിനും മെമ്മോ നൽകുന്നതിനും സെക്രട്ടറി, എക്സിക്യൂട്ടീവ് എഞ്ചിനീയർ, സൂപ്രണ്ടിങ് എഞ്ചിനീയർ എന്നിവർ നിർദ്ദേശിക്കുകയും (ഓഫീസ് കുറിപ്പ് പേജ് നമ്പർ 10) ശ്രീ. ബിബിൻ, അസിസ്റ്റന്റ് എഞ്ചിനീയർ; ശ്രീ. അഹമ്മദ് മുനീർ, ഓവർസിയർ എന്നിവർ സി.എ.01/13 നമ്പർ ആയി മെമ്മോയ്ക്ക് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. ശ്രീ.ഇ.പി.രൂപേഷ്, സെക്ഷൻക്ലർക്ക് മെമ്മോയ്ക്ക് മറുപടി നൽകിയതായി കാണുന്നില്ല. അസി.എഞ്ചിനീയറുടെയും, ഓവർസിയറുടെയും മെമ്മോയുടെ മറുപടിയിന്മേലും, മെമ്മോയ്ക്ക് മറുപടി സമർപ്പിക്കാത്ത സെക്ഷൻ ക്ലർക്ക് ശ്രീ. രൂപേഷിനെതിരെയും എടുത്ത തുടർ നടപടികളുടെ വിവരം ഫയലിൽ ലഭ്യമല്ല.

പ്രസ്തുത ഫയലിന്റെ ഓഫീസ് കുറിപ്പ് പേജ് നമ്പർ 9 ൽ പുതുക്കിയ പെർമിറ്റ് നൽകിയ വേളയിൽ സ്ഥലം സന്ദർശിച്ചിരുന്നില്ല എന്ന കാര്യവും പരാമർശിക്കുന്നുണ്ട്. ത.സ്വ.ഭ.വ(ആർ.ബി.) വകുപ്പിന്റെ 27.9.14 ലെ സ.ഉ(കൈ) 167/2014 ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നഗരസഭ നൽകിയ പെർമിറ്റിന്റെ അടിസ്ഥാനത്തിലാണ് നിർമ്മാണം പൂർത്തിയാക്കുന്നതെങ്കിലും, പിന്നീട് ക്രമക്കേടോ ചട്ട ലംഘനമോ കണ്ടെത്തുന്ന സാഹചര്യത്തിൽ ആയതിന്റെ ഉത്തരവാദിത്തം പെർമിറ്റ് നൽകിയ ഉദ്യോഗസ്ഥർക്കാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ സ്ഥലം സന്ദർശിക്കാതെ നിർമ്മാണം ക്രമവത്കരിച്ച് നൽകിയ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിച്ചതായി ഫയലിൽ കാണുന്നില്ല. ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-25 റോഡ് കട്ടിംഗ് ചാർജ് അപേക്ഷയിൽ നടപടികൾ കൈകൊള്ളുന്നതിൽ കാലതാമസവും മറ്റ് അപാകതകളും.

ഫയൽ നം. എ 4.8670/15

കോഴിക്കോട് കോർപ്പറേഷൻ എലത്തൂർ മേഖലാ ഓഫീസ് പരിധിയിൽ കോർപ്പറേഷൻ 1-ാം വാർഡിൽപ്പെട്ട G.M.L.P സ്കൂൾ റോഡ്, സുബ്രഹ്മണ്യൻ കോവിൽ റോഡ്, എളമ്പിലാട് ചെട്ടിയിൽ റോഡ് എന്നിവിടങ്ങളിൽ റോഡ് കുഴിയെടുത്ത് കേബിൾ വർക്ക് നടത്തുന്നതിന് റോഡ് കട്ടിങ്ങിന് അനുമതിയ്ക്കായി റിലയൻസ് ജിയോ ഇൻഫോകോ ലിമിറ്റഡിന് വേണ്ടി ശ്രീ.ഷിജുവർഗീസ് എന്നയാൾ 17.12.2015 ൽ അപേക്ഷ നൽകി. ആയതിന് 15.07.2016 ലെ മരാമത്ത് സ്ഥിരം സമിതിയുടെ 6-ാം നമ്പർ തീരുമാനപ്രകാരം റോഡ് റിഫോർമേഷൻ ചാർജായി 3,33,354 രൂപ (2012 S.O.R) പ്രകാരം) ഈടാക്കുന്നതിന് പുറമെ കേബിൾ ഇടുന്ന സ്ഥലത്തിന് തറവാടക ഈടാക്കാൻ നടപടികൾ കൈകൊള്ളാനും തീരുമാനിച്ചു. ആയതിന്14.01.2017 ന് മേയറുടെ മുൻകൂർ അനുമതി ലഭ്യമാക്കി. പ്രസ്തുത തീരുമാനം കൌൺസിൽ അംഗീകാരത്തിനായി കൌൺസിൽ മുമ്പാകെ സമർപ്പിക്കുന്നതായി നോട്ട്ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ കൌൺസിൽ അംഗീകാരം ലഭ്യമായതായി കാണുന്നില്ല. മാത്രമല്ല 2012 ലെ S.O.R പ്രകാരം റിഫർമേഷൻ ചാർജ്ജ് ഈടാക്കുന്നതിന് പകരം പുതുക്കിയ D.S.R പ്രകാരം റിഫർമേഷൻ ചാർജ് ഈടാക്കാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർദ്ദേശം നൽകുകയും പുതുക്കിയ D.S.R പ്രകാരം നിരക്ക് നിശ്ചയിക്കാൻ പബ്ലിക് വർക്ക് ഓവർസിയർ രമേശ്.കെ.എന്ന ആൾക്ക് ഫയൽ കൈമാറുകയും ചെയ്തു. D.S.R പ്രകാരം പുതിയനിരക്കിൽ റിഫർമേഷൻ ചാർജ് നിശ്ചയിക്കുന്നതിന് പകരം 18.02.2017 ൽ ടിയാൻ സമർപ്പിച്ച റിപ്പോർട്ടിൽ D.S.R പ്രകാരമുള്ള പുതുക്കിയ നിരക്ക്

തയ്യാറാക്കിയിട്ടില്ലെന്നും 2012 ലെ S.O.R പ്രകാരമുള്ള നിരക്കിലാണ് എല്ലായിടത്തും റോഡ് കട്ടിംഗിനുള്ള റിഫർമേഷൻ ചാർജ് ഈടാക്കി വരുന്നതെന്നും റിപ്പോർട്ട് നൽകിയിട്ടുണ്ട്. 18.02.2017 ന് ശേഷം ഫയലിൽ തുടർനടപടികളൊന്നും കൈകൊണ്ടതായി കാണുന്നില്ല. ആയത് സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

1. 17.12.15 ൽ ലഭിച്ച പ്രസ്തുത അപേക്ഷയിൽ നാളിതുവരെ നടപടികൾ പൂർത്തീകരിച്ച് റോഡ് കട്ടിംഗ് അനുവാദം നൽകിയതായി കാണുന്നില്ല.
2. നഗരസഭാ പരിധിയിൽ 2015-16 സാമ്പത്തിക വർഷം മുതൽ D.S.R പ്രകാരമുള്ള നിരക്കിലാണ് മരാമത്ത് പ്രവൃത്തികൾ നടത്തിവരുന്നത്. എക്സിക്യൂട്ടീവ് എഞ്ചിനീയർ പുതുക്കിയ D.S.R പ്രകാരം നിരക്ക് നിശ്ചയിക്കാൻ ആവശ്യപ്പെട്ടിട്ടും 2012 ലെ S.O.R പ്രകാരം തന്നെ റിഫർമേഷൻ ചാർജ് ഈടാക്കാവുന്നതാണെന്ന് പബ്ലിക് വർക് ഓവർസിയർ റിപ്പോർട്ട് നൽകിയതിന്റെ കാരണം വ്യക്തമല്ല.
3. അപേക്ഷയോടൊപ്പം സമർപ്പിച്ച സൈറ്റ്പ്ലാനിലും 1-ാം വാർഡ് കൌൺസിലറുടെ സാക്ഷ്യപത്രത്തിൽ നിന്നും എലത്തൂർ ബീച്ച് റോഡിലുള്ള ടവറിലെയും സുബ്രഹ്മണ്യ സ്വാമി ക്ഷേത്രറോഡിലേക്കുള്ള ടവറിലെയും കണക്ഷനുകൾക്ക് വേണ്ടിയാണ് റോഡ് കട്ടിംഗിന് അപേക്ഷ നൽകിയിരിക്കുന്നതെന്ന് വ്യക്തമാവുന്നു. റോഡ് കട്ടിംഗിന് അനുമതിലഭ്യമാവാത്ത സാഹചര്യത്തിൽ കോർപ്പറേഷൻ അനുമതിയില്ലാതെ പ്രസ്തുത ടവറുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.
4. റോഡ് കട്ടിംഗിന് അനുമതി നൽകിക്കൊണ്ടുള്ള സ്റ്റാന്റിംഗ് കൌൺസിൽ തീരുമാനത്തിന് 14.01.2017 ൽ മേയറുടെ മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയതിന് നാളിതുവരെ കൌൺസിൽ അംഗീകാരം ലഭ്യമായതായി കാണുന്നില്ല.

   അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**2-26 റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കിയതിൽ കുറവ്**

2016-17 വർഷം ജപ്പാൻ കുടിവെള്ള പദ്ധതി ആവശ്യാർത്ഥം ഗാർഹിക കണക്ഷൻ ലഭ്യമാക്കുന്നതിലേക്കായി കോഴിക്കോട് കോർപറേഷനു കീഴിലെ ബേപ്പൂർ മേഖലാകാര്യാലയ പരിധിയിലെ വിവിധ റോഡുകൾ കീറി പൈപ്പിട്ടിരുന്നു. റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കിയതുമായി ബന്ധപ്പെട്ട് ബേപ്പൂർ മേഖലാ ഓഫീസിലെ ഫയലുകൾ പരിശോധിച്ചതിൽ റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കിയതിൽ താഴെ പറയും പ്രകാരം കുറവു വന്നതായി കാണുന്നു.

| ഗുണഭോക്താവിന്റെ പേര്/ഫയൽ നം. | റോഡ് കട്ട ചെയ്ത ഏരിയ | ഈടാക്കേണ്ട തുക | സെന്റേജ് ചാർജ്ജ് | ആകെ ഈടാക്കേണ്ടത് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| പി.കെ.പ്രകാശൻ BZ/Eg/1544/17 | 2.12 എം$^2$ | 3,433 (1619.20/m$^2$) | 858 (@25%) | 4,291 | 2,024 (രശീതി നം. 11608115794/ 13.3.2017) | 2,267 |

| | | | | | | |
|---|---|---|---|---|---|---|
| സാബിറ.ടി. BZ/Eg/3127/17 | 1.80 എം$^2$ | 2,914.56 (1619.20/m$^2$) | 364.32 (@12.5%) | 3,279 | 1,830 (രശീതി നം. 11608116089/ 18.3.2017) | 1,449 |
| | | | | ആകെ | | 3,716 |

റോഡ് കട്ടിംഗ് ചാർജ്ജ് ഈടാക്കിയതിൽ മേൽ പ്രകാരം 3,716/-രൂപ കുറവു വന്നിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് ഒബ്ജക്ഷൻ സ്ലിപ്പ് (നം.15/16-17/3.7.2017)നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. റോഡ് കട്ടിംഗ് ചാർജജിനത്തിൽ കുറവു വന്ന 3,716/-രൂപ ഈടാക്കേണ്ടതാണ്.

## 2-27 റോഡ് കട്ടിംഗിന് അനുമതിക്കുള്ള പൂഴ്ത്തിയ അപേക്ഷ- തുടർ നടപടി സ്വീകരിച്ചില്ല.

ഫയൽ നംപർ :ഇജി3/51506/16

ഊരാളുങ്കൽ സൈബർ പാർക്ക് ,ഹൈലൈറ്റ് സിറ്റി,ഗവൺമെന്റ് സൈബർ പാർക്ക് എന്നിവിടങ്ങളിലേക്ക് വാട്ടർ സപ്ളൈ ആവശ്യാർത്ഥം റോഡ് കട്ടിംഗിന് അനുമതിക്കായി 18-05-2016 ലെ PDK/D2/1613/2014 നംപർ കത്ത് മുഖേന വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിരുന്നു.കോർപ്പറേഷനിൽ നിന്നും റോഡ് റിഫർമേഷൻ ചാർജ്ജിന്റെ എസ്റ്റിമേറ്റ് അറിയിക്കുന്നതിനനുസരിച്ച് തുക അടയ്ക്കുന്നതാണെന്നും വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് ഓവർസിയർ സൈറ്റ് പരിശോധന നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി.17,15,900 /- രൂപ റോഡ് റിഫർമേഷൻ ചാർജ്ജ് ഈടാക്കി വാട്ടർ കണക്ഷനുവേണ്ടി റോഡിൽ പൈപ്പിടുന്നതിനുള്ള അനുമതി 3-10-2016 ലെ 32ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം നൽകുകയും ആയത് 15-10-2016 ലെ ഇജി3/95975/16 നംപർ കത്ത് മുഖേന വാട്ടർ അതോറിറ്റിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.ഫയൽ പ്രകാരം 4-10-2016 ലെ കത്ത് മുഖേന വാർഡ് 29(പൊറ്റമ്മൽ)ലെ കൗൺസിലറായ ശ്രീ.എം.പി.രാധാകൃഷ്ണനും,1-10-2016 ലെ കത്ത് മുഖേന വാർഡ് 30 (കൊമ്മേരി)ലെ കൗൺസിലറായ ശ്രീ:അനിൽ കുമാർ എം.സിയും ഗവൺമെന്റ് സൈബർ പാർക്ക് , ഊരാളുങ്കൽ സൈബർ പാർക്ക്, ഹൈലൈറ്റ് സിറ്റി എന്നിവിടങ്ങളിലേക്കുള്ള എരവത്ത് കുന്ന് റോഡും കോനോത്ത് നാരായണൻ റോഡും നാട്ടുകാർ നിത്യേന ഉപയോഗിക്കുന്ന പ്രധാന റോഡായതിനാൽ റോഡ് റിഫർമേഷൻ ചാർജ്ജ് ഈടാക്കാതെ ULCC യെ കൊണ്ട് തന്നെ റീ ടാറിംഗ് ചെയ്യിക്കാൻ മേയറോട് ആവശ്യപ്പെട്ടതായി കാണുന്നു.എന്നാൽ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് തീരുമാനമൊന്നും എടുത്തതായി കാണുന്നില്ല.ഗവൺമെന്റ് സൈബർ പാർക്ക് , ഊരാളുങ്കൽ സൈബർ പാർക്ക് ,ഹൈലൈറ്റ് സിറ്റി എന്നീ മൂന്ന് സ്ഥാപനങ്ങളിലേക്കുള്ള വാട്ടർ കണക്ഷൻ ആവശ്യാർത്ഥമുള്ള റോഡ് റിഫർമേഷൻ പ്രവൃത്തി ULCC യെക്കൊണ്ട് ചെയ്യിക്കാനാവശ്യപ്പെടുന്നതിന്റെ സാംഗത്യം വ്യക്തമല്ല.

20-7-2017 ലെ PDK/D2/1613/2014(2) നംപർ കത്ത് മുഖേന ചില സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഇതുവരെ ആരംഭിക്കാനായിട്ടില്ലെന്നും നേരത്തെ ആവശ്യപ്പെട്ട 1450

മീറ്ററിനേക്കാൾ കൂടുതൽ ദൂരം റോഡ് കട്ട് ചെയ്യേണ്ടതിനാൽ പുതുക്കിയ എസ്റ്റിമേറ്റ് എത്രയാണെന്ന് ഉടൻ അറിയിക്കാനും വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. 2017 ആഗസ്റ്റ് മാസം രണ്ടാമത്തെ ആഴ്ച പ്രവൃത്തി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതായും കത്തിൽ പറഞ്ഞിട്ടുണ്ട് .ഇതിനെ തുടർന്ന് സ്ഥല പരിശോധന നടത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി വാട്ടർ അതോറിറ്റിയെ അറിയിച്ചതായി കാണുന്നില്ല.

കോർപ്പറേഷന്റെ സാമ്പത്തിക താത്പര്യം കണക്കിലെടുത്ത് ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 86/16-17 ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് മറുപടി നൽകിയിട്ടില്ല.ഇക്കാര്യത്തിൽ സ്വീകരിച്ച തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-28 നഗരസഭ വക കടമുറികൾ പുനർ ലേലം/ടെണ്ടർ നടത്താതെ ലൈസൻസ് പാർട്ണർമാരുടെ പേരിലേക്ക് മാറ്റി നൽകുന്നത് വഴി നഗരസഭയ്ക്ക് നഷ്ടം സംഭവിക്കുന്നത് സംബന്ധിച്ച്

ഫയൽ നം. എ 33/73508/16

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വക കടമുറികൾ വാടകയ്ക്ക് എടുത്ത ലൈസൻസികൾ പിന്നീട് മറ്റ് വ്യക്തികളെ കൂടി ഉൾപ്പെടുത്തി ഒരു ബിസിനസ് പങ്കാളിത്ത കരാർ ഉണ്ടാക്കുകയും തുടർന്ന് ഉയർന്ന തുക വാങ്ങി വ്യാപാര പങ്കാളിയുടെ പേരിലേക്ക് ലൈസൻസ് കൈമാറ്റം ചെയ്യുന്നതായും ഇതുവഴി സാമ്പത്തിക ക്രമക്കേടുകൾ നടക്കുന്നതായും ബഹുതദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിക്ക് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ 23.07.16 ലെ ജി1/13980/16 നമ്പർ കത്തിൽ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും കത്തയയ്ക്കുകയുണ്ടായി. ആയതിൽ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 215-ാം വകുപ്പിൽ അനുശാസിക്കുംപ്രകാരമാണ് നഗരസഭ ഷോപ്പിംഗ് കോംപ്ലക്സുകളിലെ കടമുറികൾ വാടകയ്ക്ക് നൽകുന്നതെന്ന് ഉറപ്പ് വരുത്തണമെന്നും ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക നഷ്ടം നഗരസഭകൾക്ക് ഉണ്ടാകുന്ന രീതിയിൽ പ്രവർത്തിക്കുന്ന എല്ലാവരും അത്തരം നഷ്ടത്തുകൾക്ക് ബാദ്ധ്യസ്ഥരായിരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. കോഴിക്കോട് നഗരസഭയിൽ 2016-17 വർഷം നഗരസഭയുടെ ഉമടസ്ഥതയിലുള്ള നിരവധി കടമുറികളുടെ ലൈസൻസ് അവകാശം ബിസിനസ് പങ്കാളികളുടെ പേരിലേക്ക് മാറ്റി നൽകിയിട്ടുണ്ട്. ബിസിനസ് പങ്കാളിയെ കുറിച്ചുള്ള വിവരം ലൈസൻസ് കൈമാറ്റം ചെയ്യപ്പെടുന്ന അവസരങ്ങളിൽ മാത്രമാണ് നഗരസഭയെ അറിയിക്കുന്നത്. പലപ്പോഴും ലൈസൻസ് കൈമാറ്റ അപേക്ഷ തീയതിക്ക് അധികം മുമ്പല്ലാത്ത തീയതിയിലെ പാർട്ട്ണർഷിപ്പ് ഡീഡാണ് ഹാജരാക്കുന്നത്. വർഷങ്ങൾക്ക് മുമ്പ് ചെറിയ തുകയ്ക്ക് കടമുറികളുടെ ലൈസൻസ് അവകാശം നേടിയ വ്യക്തികൾ ശാരീരികമായ അവശത, സാമ്പത്തിക പ്രയാസം എന്നിവ മൂലം കച്ചവടം നടത്താൻ കഴിയാത്ത സാഹചര്യം അറിയിക്കുകയും തുർന്ന് കച്ചവട പങ്കാളിയുടെ പേരിലേക്ക് ലൈസൻസ് മാറ്റി നൽകാൻ ആവശ്യപ്പെടുകയും ചെയ്യുന്നു. നിലവിലുള്ള ലൈസൻസ് ഫീസിൽ 50% വർദ്ധനവ് വരുത്തി നഗരസഭ കൌൺസിൽ ലൈസൻസ് കൈമാറ്റം അനുവദിച്ചു വരുന്നു. ഒരു ലൈസൻസിക്ക് കടമുറി ആവശ്യമില്ലെങ്കിൽ നഗരസഭ പ്രസ്തുത മുറി ഏറ്റെടുത്ത് പുതിയ ലേലം/ ടെണ്ടർ നടപടികൾ സ്വീകരിച്ച് ലൈസൻസ് അനുവദിക്കുമ്പോൾ ലഭിക്കുന്നതിലും വളരെ കുറഞ്ഞ ലൈസൻസ് ഫീസാണ് ബിസിനസ് പങ്കാളിയുടെ പേരിലേക്ക് ലൈസൻസ് കൈമാറ്റം ചെയ്യുന്നത് വഴി ലഭിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നമ്പർ/കെട്ടിട നമ്പർ | നിലവിലുള്ള ലൈസൻസ് ഫീ | പുതിയ ലേല പ്രകാരമുള്ള ലൈസൻസ് ഫീ | ലേല തീയതി | കൌൺസിൽ തീരുമാന നമ്പർ | ലൈസൻസ് ഫീ വർദ്ധനവിന്റെ ശതമാനം |
|---|---|---|---|---|---|---|
| 1. | എ 32(a)68316/16 ചെറൂട്ടി റോഡ് കെട്ടിടം - മുറി 12 | 2000 | 8900 | 14.07.16 | 25/09.09.16 | 345% |
| 2. | എ 32/(a)25698/17 ചെറൂട്ടി റോഡ് കെട്ടിടം മുറി 15 | 1000 | 4100 | 20.03.17 | 4/11.05.17 | 310% |
| 3. | എ 33/17072/17 ഇടിയങ്ങര മാർക്കറ്റ് കെട്ടിടം മുറി 1 | 1456 | 3501 | 22.02.17 | 41/21.03.17 | 140% |

നഗരസഭയുടെ ഉത്തമ സാമ്പത്തിക താത്പര്യം മുൻനിർത്തി കടമുറികളുടെ ലൈസൻസ് കൈമാറ്റ വ്യവസ്ഥക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി വിഷയം കൌൺസിലിന്റെ പ്രത്യേക ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 2-29 പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

| | |
|---|---|
| ഫയൽ നമ്പർ | ടി.പി.15/6919/15 |
| കെട്ടിട നിർമ്മാണ അനുമതി നമ്പർ | ടി.പി.15/BA(24111)/ 16 |
| അപേക്ഷകന്റെ പേരും മേൽവിലാസവും | വി.നൌഷാദ്, മോനേജിങ് ഡയറക്ടർ, വീകെസി ഇലാസ്റ്റോമേർസ്, കൊളത്തറ |
| സർവ്വെ നമ്പർ | 98/2.12/A1, 99/1.11/5 |

ചെറുവണ്ണൂർ വില്ലേജിൽ 842.60 എം$^2$ വിസ്തീർണ്ണത്തിൽ ക്യാന്റീൻ കം ഡോർമിറ്ററി സ്ഥാപിക്കുന്നതിനാണ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. ബന്ധപ്പെട്ട നോട്ട് ഫയലിൽ 842.60 എം 2 ന് 15/- രൂപ നിരക്കിൽ 12640/- രൂപ ഈടാക്കുന്നതിന് 10.6.16 ന് ഓവർസിയർ (പി.ഡബ്ല്യൂ.ഒ I) നിർദ്ദേശിച്ചതായും; അനുവദിച്ച കെട്ടിട നിർമ്മാണ അനുമതി പത്രത്തിൽ 11614103572/24.06.16 നമ്പർ രശീത് പ്രകാരം 8379/- രൂപ(എം 2 ന് 10/- രൂപ നിരക്കിൽ) പെർമിറ്റ് ഫീസ് ഈടാക്കിയതായും കാണുന്നു. 24.06.16 ലെ ഡേ ബുക്ക് പരിശോധിച്ചതിൽ പ്രസ്തുത തിയതിയിൽ

11614103572 നമ്പർ രശീത് കാണാൻ സാധിച്ചിട്ടില്ല. 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ,ചട്ടം 11(3) അനുസരിച്ച് A1 വിനിയോഗ ഗണത്തിൽ ഉൾപ്പെടുന്നവ ഒഴികെയുള്ളവയ്ക്ക് എം 2 ന് 15/- രൂപ നിരക്കിലാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. ക്യാന്റീനുകളും ഡോർമിറ്ററികളും ഗ്രൂപ്പ് A2 ലാണ് ഉൾപ്പെടുന്നത്. തുക ഈടാക്കിയതിലെ അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഒ.എസ്.നം. 98/19.08.17) ഈ വിഷയത്തിൽ അനന്തര അന്വേഷണം നടത്തി വസ്തുത ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം - 3

## ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഞെളിയൻപറമ്പ് ഖരമാലിന്യ പ്ലാന്റ് - ബാങ്ക് ഗ്യാരണ്ടി ഹാജരാക്കുന്നതിൽ വീഴ്ച വരുത്തി.

ഫയൽ നം : ഇ.ജി.12/OS.96/06 RFA .301/14 കരാറുകാരൻ : ഇ.സുരേഷ്ബാബു

നഗരസഭയുടെ അധീനതയിലുള്ള ഞെളിയൻ പറമ്പ് മാലിന്യ സംസ്കരണ പ്ലാന്റിലെ സിവിൽ പ്രവൃത്തി നടത്തുന്നതിനു വേണ്ടി 1996 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി 3,09,85,355 രൂപ അടങ്കലിൽ പ്രവൃത്തി ടെണ്ടർ ചെയ്തു. എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 39% അധികരിച്ച നിരക്കിൽ ടെണ്ടർ സമർപ്പിച്ച ശ്രീ. ഇ. സുരേഷ്ബാബു എന്നയാളുമായി നെഗോസിയേഷൻ നടത്തുകയും എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 38.8% അധികരിച്ച നിരക്കിൽ ടെണ്ടർ ഉറപ്പിച്ചതിനെ തുടർന്ന് 20.7.98 ന് കരാർ വെയ്ക്കുകയും ചെയ്തു. ഈ കരാർ പ്രകാരം പ്രവൃത്തിയുടെ കാലാവധി 9 മാസമായിരുന്നു. കരാറുകാരന്റെ അപേക്ഷ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള സമയം പല തവണകളിലായി നീട്ടി നൽകിയതിനെ തുടർന്ന് 30.11.2003 ൽ പ്രവൃത്തി പൂർത്തീകരിക്കുകയും 2004 ൽ ഫൈനൽ ബിൽ തുക നൽകുകയും ചെയ്തു.

പ്രവൃത്തിയുടെ സൈറ്റ് ശരിയാക്കി നൽകാത്തതും പ്ലാനും ഡിസൈനും യഥാസമയം കരാറുകാരന് നൽകാത്തതും മാലിന്യങ്ങൾ എസ്റ്റിമേറ്റിൽ നിർദ്ദേശിച്ച സ്ഥലത്ത് കൂട്ടിയിടാൻ സാധിക്കാതെ വന്നതുമാണ് പ്രവൃത്തി യഥാസമയം നടത്താൻ സാധിക്കാതെ വന്നതെന്ന് കരാറുകാരൻ നഗരസഭയെ അറിയിച്ചിരുന്നു. കരാറുകാരൻ കരാർ വെച്ച് പ്രവൃത്തി നടത്തി വരവെ 1999 ൽ പുതുക്കിയ ഷെഡ്യൂൾ ഓഫ് റേറ്റ് നിലവിൽ വന്നു. ഇപ്രകാരം പുതിയ ഷെഡ്യൂൾ ഓഫ് റേറ്റ് അനുവദിച്ചു തരണമെന്നു കാണിച്ച് കരാറുകാരൻ അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും കൗൺസിൽ തീരുമാനപ്രകാരം അപേക്ഷ നിരസിച്ചു. ഇതിനെതിരെ കരാറുകാരൻ നഗരസഭയെ എതിർകക്ഷിയാക്കി ബഹു. കോഴിക്കാട് IIIA സബ് കോടതിയിൽ OS. 96/06 നമ്പറായി കേസ് ഫയൽ ചെയ്തു. നഗരസഭയുടെ എല്ലാ വാദങ്ങളും തള്ളിയ കോടതി, അന്യായക്കാരനായ കരാറുകാരൻ ആവശ്യപ്പെട്ട 2,39,54,529 രൂപ നഷ്ടപരിഹാരമായും അന്യായം ഫയൽ ചെയ്ത തിയതി മുതൽ തുക വസൂലാക്കുന്നതുവരെ 12% പലിശയും 25,51,662 രൂപ കോടതിചെലവും നൽകാൻ 31.8.13 ന് വിധി പുറപ്പെടുവിച്ചു.

നഗരസഭയുടെ സ്റ്റാൻഡിങ്ങ് കൗൺസൽ ശ്രീ. ഇ. അശോകൻ 4.12.13 ന് നൽകിയ നിയമോപദേശത്തിൽ ബഹു. ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചാൽ വിജയിക്കുന്ന

കേസാണെന്ന് അറിയിച്ചു. ഇതേ സമയം, നഗരസഭയുടെ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടവും സ്ഥലവും ജപ്തി ചെയ്ത് വിധി തുക വസൂലാക്കുന്നതിന് വിധിയുടമയായ കരാറുകാരൻ 19.3.14 ന് ബഹു. കോഴിക്കാട് IA സബ് കോടതിയിൽ വിധി നടത്തൽ ഹർജി (EP.143/14)ഫയൽ ചെയ്തു. നഗരസഭ മേൽ സൂചിപ്പിച്ച നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ 31.3.14 ന് ബഹു. ഹൈക്കോടതിയിൽ RFA.301/14 നമ്പറായി അപ്പീൽ ഫയൽ ചെയ്തു. നഗരസഭയുടെ അപ്പീലിനൊടൊപ്പം ഫയൽ ചെയ്ത, കീഴ്ക്കോടതി വിധി സ്റ്റേ ചെയ്യാനുള്ള നഗരസഭയുടെ അപേക്ഷ പരിഗണിച്ച് അന്യായക്കാരന് നൽകാൻ വിധിച്ച നഷ്ടപരിഹാര തുകയായ 2,39,54,529 രൂപയുടെ ബാങ്ക് ഗ്യാരണ്ടി ഒരു മാസത്തിനുള്ളിൽ കീഴ്ക്കോടതി മുമ്പാകെ ഹാജരാക്കണമെന്ന ഉപാധിയോടെ ബഹു.ഹൈക്കോടതി 31.8.13 ലെ കീഴ്ക്കോടതി വിധി സ്റ്റേ ചെയ്തു. ബഹു. ഹൈക്കോടതി നിർദ്ദേശിച്ച സമയത്തിനുള്ളിൽ നഗരസഭക്ക് ബാങ്ക് ഗ്യാരണ്ടി ഹാജരാക്കാൻ കഴിയാത്തതിനാൽ അപേക്ഷ പ്രകാരം അഞ്ചു പ്രാവശ്യമായി 10 മാസത്തിലധികം ബാങ്ക് ഗ്യാരണ്ടി ഹാജരാക്കുന്നതിനായി സമയം നീട്ടി നൽകി. എന്നാൽ ഇപ്രകാരം 10 മാസത്തിലധികം സമയം ലഭിച്ചിട്ടും നഗരസഭ ബാങ്ക് ഗ്യരണ്ടി ഹാജരാക്കാത്തതിനാൽ കീഴ്ക്കോടതി വിധി നടപ്പിലാക്കുന്നതിന് ബഹു.ഹൈക്കോടതി നൽകിയ സ്റ്റേ ഇല്ലാതാവുകയും, അപ്പീൽ നില നിൽക്കെ കേസ് മീഡിയേഷനിലൂടെ ഒത്തുതീർപ്പാക്കുന്നതിന് നിർദ്ദേശിച്ച് ബഹു.ഹൈക്കോടതി ഒരു അഭിഭാഷകനെ ചുമതലപ്പെടുത്തുകയും ചെയ്തു. (മീഡിയേഷനിലൂടെ ഒത്തുതീർപ്പാക്കാൻ നിർദ്ദേശിച്ച ബഹു.ഹൈക്കോടതിയുടെ ഉത്തരവ് ഫയലിൽ ഇല്ല. ഇങ്ങനെ ഉത്തരവുള്ളതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്)ബഹു.ഹൈക്കോടതിയുടെ സ്റ്റേ ഇല്ലാതായതിനെ തുടർന്ന് വിധി ഉടമ കീഴ്ക്കോടതിയിൽ നൽകിയ വിധി നടത്തൽ ഹർജിയിൽ, നഗരസഭ ഓഫീസ് ജപ്തിചെയ്ത് വിൽപ്പന നടത്തുന്നതിന് ഉത്തരവാകുകയും ആയതിന്റെ പ്രാഥമിക നടപടികളിലേക്ക് നീങ്ങുകയും ചെയ്തു. അതേ സമയം ബഹു.ഹൈക്കോടതി നിയോഗിച്ച അഭിഭാഷകൻ മുഖാന്തിരം നടത്തിയ ഒത്തുതീർപ്പ് ചർച്ചകൾ ഫലവത്തായില്ലെന്നും അതിനാൽ പിന്നീട് മേയർ, ഡെപ്യൂട്ടി മേയർ, സെക്രട്ടറി, എന്നിവർ 6.10.15 ന് മേയറുടെ ചേമ്പറിൽ വെച്ച് നടത്തിയ ചർച്ചയിൽ 4,92,00,000 രൂപ 12 തുല്യ മാസ തവണകളായി കൗൺസിലിന്റെ അംഗീകാരത്തിനു വിധേയമായി നൽകുന്നതിന് തീരുമാനിച്ചതായി ഫയലിൽ രേഖപ്പടുത്തിക്കാണുന്നു. പിന്നീട് ഈ തീരുമാനത്തിന് 14.12.15 ന് ചേർന്ന കൗൺസിലിന്റെ 103 നമ്പർ തീരുമാനപ്രകാരം അംഗീകാരം ലഭിക്കുകയും ഇക്കാര്യം ബഹു.ഹൈക്കോടതിയെ അറിക്കുകയും ചെയ്തു. ഇതിനെതുടർന്ന് കരാറുകാരന് 12 തവണകളിലായി ആകെ 4,92,00,000 രൂപ നൽകിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. <u>ബാങ്ക് ഗ്യാരണ്ടി ഹാജരാക്കുന്നതിൽ വീഴ്ച വരുത്തി.</u>

ബഹു.കോഴിക്കോട് IA സബ് കോടതിയിൽ 2,39,54,529 രൂപയുടെ ബാങ്ക് ഗ്യാരണ്ടി ഹാജരാക്കണമെന്ന ഉപാധിയോടെ കീഴ് കോടതി വിധി ബഹു.ഹൈക്കോടതി സ്റ്റേ ചെയ്യുകയും നഗരസഭ ആവശ്യപ്പെട്ടുപ്രകാരം ഏകദേശം 10 മാസത്തിലധികം സമയം ബാങ്ക് ഗ്യാരണ്ടി ഹാജരാക്കുന്നതിനായി ബഹു.ഹൈക്കോടതി നീട്ടി നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ സമയത്തിനകം ബാങ്ക് ഗ്യാരണ്ടി ഹാജരാക്കാൻ നഗരസഭക്ക് കഴിയാതിരുന്നതിനാലാണ് വിധിയുടമയുടെ വിധി നടത്തൽ ഹരജിയുമായി കീഴ് കോടതി മുന്നോട്ടോകുന്ന സാഹചര്യമുണ്ടായത്.

ബാങ്ക് ഗ്യാരണ്ടി ഹാജരാക്കുകയും കീഴ് കോടതി വിധി അപ്പീലിന്റെ അന്തിമ വിധി വരെ സ്റ്റേ തുടരുകയും അപ്പീലിൽ അന്തിമ വാദം കേൾക്കുകയും ചെയ്തിരുന്നുവെങ്കിൽ നഗരസഭക്ക് അനുകൂലമായി വിധി ലഭിക്കുമായിരുന്നുവെന്ന് നിയമോപദേശത്തിൽ നിന്നും വ്യക്തമാണ്. എന്നാൽ അപ്പീലിൽ വിശദമായ വാദം കേട്ട് വിധി പറയാനുള്ള അവസരം ലഭിക്കാതെ പോയത് ബാങ്ക് ഗ്യാരണ്ടി യഥാസമയം ഹാജരാക്കുന്നതിൽ വീഴ്ച വരുത്തിയതിനാലാണ്.

(എ) ആവശ്യമായ മുൻസിപ്പൽ ഫണ്ട് ഉണ്ടായിട്ടും ബാങ്ക് ഗ്യാരണ്ടി ലഭ്യമാക്കിയില്ല.

നഗരസഭയുടെ തനത് ഫണ്ട് ബാങ്ക് ഗ്യാരണ്ടിക്ക് പര്യാപ്തമാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി 9.7.14 ന് ബഹു.മേയർ അക്കൗണ്ട്സ് ഓഫീസർക്ക് നിർദ്ദേശം നൽകി. നിർദ്ദേശത്തെതുടർന്ന് 14.7.14 ന് അക്കൌണ്ട്സ് ഓഫീസർ ലഭ്യമാക്കിയ റിപ്പോർട്ട് പ്രകാരം നഗരസഭയുടെ അക്കൗണ്ട് നം. 67109350615(SBT) പ്രകാരം 4,37,00,000 രൂപ നീക്കിയിരിപ്പുള്ളതായും ഇതിൽ 2,84,00,000 രൂപ അനുപൂരക പോഷകാഹാര പദ്ധതിക്കായും 50,00,000 രൂപ അറവുശാല നിർമാണത്തിനായി ശുചിത്വമിഷനിൽ നിന്നും ലഭിച്ച തുകയും ഉൾപ്പെട്ടതായും ജനറൽ പർപ്പസ് ഗ്രാന്റ് അക്കൗണ്ടായ MCFA I അക്കൗണ്ടിൽ 5,70,00,000 രൂപ നീക്കിയിരിപ്പുള്ളതായും നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 16.7.14 ന് ഡെപ്യൂട്ടി സെക്രട്ടറി നൽകിയ കുറിപ്പിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൻമേൽ ബാങ്ക് ഗ്യരണ്ടി അനുവദിക്കാൻ ആവശ്യപ്പെടാനാകില്ലെന്നും അങ്ങനെ ആവശ്യപ്പെട്ടാൽ അത്രയും തുക പിൻവലിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുമെന്നും അതിനാൽ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമി പണയപ്പെടുത്തി ബാങ്ക് ഗ്യാരണ്ടിക്ക് അപേക്ഷിക്കുന്നതായിരിക്കും ഉചിതമെന്നും അഭിപ്രായപ്പെട്ടു. എന്നാൽ അക്കൗണ്ട്സ് ഓഫീസർ നൽകിയ റിപ്പോർട്ട് പ്രകാരം നഗരസഭയുടെ രണ്ട് അക്കൗണ്ടുകളിലായി തന്നെ അനുപൂരക പോഷകാഹാര വിഹിതം, ശുചിത്വമിഷൻ ഫണ്ട് എന്നിവ കഴിച്ച് 6,10,00,000 രൂപയോളം നീക്കിയിരിപ്പുണ്ട്. ഈ നീക്കിയരിപ്പ് തുകയുടെ അടിസ്ഥാനത്തിൽ ബാങ്ക് ഗ്യരണ്ടി ആവശ്യപ്പെടേണ്ടെന്നും ഭൂമി പണയപ്പെടുത്തി ബാങ്ക് ഗ്യാരണ്ടി ലഭ്യമാക്കാമെന്നുമുള്ള മേൽ നിർദ്ദേശം അപ്രായോഗികമാണെന്നും ബഹു.ഹൈക്കോടതി അനുവദിച്ച സമയത്തിനുള്ളിൽ ഭൂമി സംബന്ധിച്ച രേഖകൾ ഹാജരാക്കി ബാങ്ക് ഗ്യാരണ്ടി ലഭ്യമാക്കാൻ സാധിക്കില്ലെന്നും രണ്ട് അക്കൗണ്ടുകളിലായി ആവശ്യമായ നീക്കിയിരിപ്പുണ്ടെന്നുമുള്ള വസ്തുതകൾ പിന്നീട് ഫയൽ പരിശോധിച്ച് നിർദ്ദേശം നൽകിയ സെക്രട്ടറി, ബഹു.മേയർ എന്നിവർ പരിഗണിക്കാതെ ഡെപ്യൂട്ടി സെക്രട്ടറിയുടെ മേൽ നിർദ്ദേശം അംഗീകരിക്കുകയായിരുന്നു. നഗരസഭയുടെ ഭൂമി സംബന്ധിച്ച രേഖകൾ ബാങ്കിൽ സമർപ്പിച്ച് ബാങ്ക് ഗ്യാരണ്ടി ലഭ്യമാക്കുക എന്ന നിർദ്ദേശമാണ് ബഹു.ഹൈക്കോടതിയുടെ ഉത്തരവ് പാലിക്കാൻ കഴിയാത്ത സാഹചര്യം സംജാതമാക്കിയത്. അക്കൗണ്ട്സ് ഓഫീസർ റിപ്പോർട്ട് ചെയ്ത പ്രകാരം നഗരസഭയുടെ രണ്ട് അക്കൗണ്ടുകളിലായി നീക്കിയിരിപ്പുള്ള 6,10,00,000 രൂപയിൽ 2,39,54,529 രൂപ ബാങ്ക് ഗ്യാരണ്ടിയായി നിലനിർത്തിയാൽ പോലും ബാക്കി രൂപ ദൈനംദിന ചെലവുകൾക്കായി നീക്കിയിരിപ്പുണ്ടാകുമായിരുന്നു.

അക്കൗണ്ട്സ് ഓഫീസർ ഓഡിറ്റിന് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം നഗരസഭയുടെ രണ്ട് അക്കൗണ്ടുകളിലായി മാർച്ച് 2014 മുതൽ ഡിസംബർ 2014 വരെയുള്ള മാസങ്ങളിലെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | തിയതി | അക്കൗണ്ട് നം. 67109350615 | MCFA.I | ആകെ നീക്കിയിരിപ്പ് |
|---|---|---|---|---|
| 1 | 31.3.14 | 8,85,12,054 | 7,71,23,089 | 16,56,35,143 |
| 2 | 30.4.14 | 5,34,34,176 | 6,51,17,441 | 11,85,51,617 |
| 3 | 31.5.14 | 4,98,02,907 | 6,59,36,785 | 11,57,39,692 |
| 4 | 30.6.14 | 6,83,60,941 | 5,77,79,915 | 12,61,40,856 |
| 5 | 31.7.14 | 5,11,89,964 | 7,24,75,156 | 12,36,65,120 |
| 6 | 31.8.14 | 5,76,69,133 | 4,39,77,866 | 10,16,46,999 |
| 7 | 30.9.14 | 10,89,53,214 | 4,43,52,736 | 15,33,05,950 |
| 8 | 31.10.14 | 7,91,99,018 | 4,43,52,736 | 12,35,51,754 |
| 9 | 30.11.14 | 6,13,57,072 | 4,19,56,339 | 10,33,13,411 |
| 10 | 31.12.14 | 3,41,12,251 | 4,33,59,116 | 7,74,71,367 |

ബാങ്ക് ഗ്യാരണ്ടി ഹാജരാക്കണമെന്ന ബഹു.ഹൈക്കോടതിയുടെ ഉത്തരവ് പ്രാബല്യത്തിലുണ്ടായിരുന്ന മാർച്ച് 2014 മുതൽ ഡിസംബർ 2014 വരെയുള്ള മാസങ്ങളിലെല്ലാം മുകളിൽ കാണിച്ചതു പ്രകാരം ആവശ്യമായ തുക നീക്കിയിരിപ്പുണ്ടായിട്ടും ഇതിന്റെ നിക്ഷേപത്തിൻമേൽ ബാങ്ക് ഗ്യാരണ്ടി വാങ്ങി ഹാജരാക്കാൻ തയ്യാറാകാഞ്ഞത് നീതീകരിക്കാൻ കഴിയാത്ത വീഴ്ചയാണ്.

(ബി) സ്ഥിരനിക്ഷേപത്തിൻമേൽ ബാങ്ക് ഗ്യാരണ്ടി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചില്ല. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിച്ച നഗരസഭയുടെ 2013-14 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള സ്ഥിരനിക്ഷേപം സംബന്ധിച്ച വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം. | രശീതി നം | തിയതി | സ്ഥാപനം | തുക |
|---|---|---|---|---|
| 1 | FD.010001008438 സിറ്റി പ്ലസ് സ്കീം. Sl.No. 0179123 | 31.3.14 | കാലിക്കറ്റ് സിറ്റി കോ-ഓപ്പ് അർബൻ ബാങ്ക്. | 1,00,00,000 |
| 2. | FD.010001008439 Sl.No. 0179124 | 31.3.14 | കാലിക്കറ്റ് സിറ്റി കോ-ഓപ്പ് അർബൻ ബാങ്ക്. | 1,00,00,000 |
| 3 | FD.010001008440 Sl.No. 0179125 | 31.3.14 | കാലിക്കറ്റ് സിറ്റി കോ-ഓപ്പ് അർബൻ ബാങ്ക്. | 1,00,00,000 |
| 4 | 174001 | 29.1.12 | കാലിക്കറ്റ് സിറ്റി കോ-ഓപ്പ് അർബൻ ബാങ്ക്. | 1,79,899 |
| | | | ആകെ | 3,01,79,899 |

നഗരസഭക്ക് സ്ഥിരനിക്ഷേപമായി 3,01,79,899 രൂപ ഉണ്ടായിട്ടും, സ്ഥിരനിക്ഷേപത്തിന്റെ ഈടിൻമേൽ ബാങ്ക് ഗ്യാരണ്ടി എളുപ്പം ലഭ്യമാകുമെന്നിരിക്കെ, ആയത് ലഭ്യമാക്കി കോടതിയിൽ ഹാജരാക്കുന്നതിന് നടപടി സ്വീകരിച്ചില്ല.

2. <u>ഭൂമിയുടെ രേഖകൾ സമർപ്പിച്ച് ബാങ്ക് ഗ്യാരണ്ടി വാങ്ങുന്ന നടപടികളിൽ കാലതാമസം.</u>

നഗരസഭയുടെ ഭൂമി പണയപ്പെടുത്തി ബാങ്ക് ഗ്യാരണ്ടി വാങ്ങുന്ന കാര്യത്തിന് നഗരസഭയുടെ തനത് ഫണ്ട് അക്കൗണ്ട് ഉള്ള ബാങ്കുമായി ബന്ധപ്പെടുന്നതിന് ചുമതലപ്പെടുത്തിയ അക്കൗണ്ട്സ് ഓഫീസർ, എഞ്ചിനീയറിംഗ് സെക്ഷൻ ക്ലർക്ക് എന്നിവർ ബാങ്കുമായി ബന്ധപ്പെട്ടതിൽ ഭൂമി സംബന്ധിച്ച രേഖകൾ ഹാജരാക്കി ബാങ്ക് ഗ്യാരണ്ടി ലഭിക്കുന്നതിന് സമയമെടുക്കുമെന്നും കോടതി അനുവദിച്ച സമയത്തിനകം ലഭിക്കുകയില്ലെന്നും എന്നാൽ പണം നിക്ഷേപിക്കുകയാണെങ്കിൽ അന്നു തന്നെ ലഭിക്കുമെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിൻമേൽ തുടർനടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി 23.7.14 ന് ബഹു.മേയർ നിർദ്ദേശം നൽകിയിട്ടുണ്ട്. കോടതി അനുവദിച്ച സമയത്തിനുള്ളിൽ ബാങ്ക് ഗ്യാരണ്ടി ലഭിക്കുകയില്ലെന്ന് അറിയാമായിരുന്നിട്ടും ഭൂമിയുടെ രേഖകൾ ഹാജരാക്കി ബാങ്ക് ഗ്യാരണ്ടി ലഭ്യമാക്കാനുള്ള ശ്രമങ്ങളാണ് തുടർന്നും നടന്നു വന്നത്.

ഇതിനിടയിൽ നിരവധി തവണ നഗരസഭയുടെ സ്റ്റാന്റിംഗ് കോൺസൽ ബാങ്ക് ഗ്യാരണ്ടി ഹാജരാക്കുക എന്നത് വളരെ ഗൗരവമേറിയ വിഷയമാണെന്നും ആയത് ഹാജരാക്കിയില്ലെങ്കിൽ നഗരസഭയുടെ സ്ഥലങ്ങളും ഓഫീസും ജപ്തി ചെയ്യുമെന്നും ഫോൺ മുഖേനയും കത്തിലൂടെയും അറിയിച്ചിരുന്നു. തുടർന്ന് നഗരസഭയുടെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ രേഖകൾ ഹാജരാക്കുന്നതിൽ കാലതാമസം വരുമെന്നും പണം നിക്ഷേപിച്ച് ബാങ്ക് ഗ്യാരണ്ടി വാങ്ങാമെന്നും 21.10.14 ന് അക്കൗണ്ട്സ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം പരിഗണിക്കാത, നഗരസഭ അക്വിസിഷനിലൂടെ ഏറ്റെടുത്ത സ്ഥലങ്ങൾ (ഉദാ. കോവൂർ കമ്മ്യൂണിറ്റി ഹാൾ സ്ഥലം, മീഞ്ചന്ത ബസ് ടെർമിനൽ സ്ഥലം) ബാങ്കിൽ പണയപ്പെടുത്താനുള്ള നിർദ്ദേശം 3.12.14 ന് ബഹു.മേയർ വീണ്ടും നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ ഭൂമി പണയപ്പെടുത്താൻ കൗൺസിലിന്റെ അനുമതി വേണമെന്ന് എസ്.ബി.ടി അസി.ജനറൽ മാനേജർ 2.8.14 ലെ കത്തിലൂടെ ആവശ്യപ്പെട്ടതിനെ തുടർന്ന് കൗൺസിലിന്റെ 24.4.15 ലെ 55 നമ്പർ തീരുമാനപ്രകാരം ബാങ്ക് ഗ്യാരണ്ടിക്കായി നെല്ലിക്കോട് വില്ലേജിലെ റി.സ. 87/1 ൽ പ്പെട്ട 0.5900 ഹെക്ടർ സ്ഥലത്തിന്റെ രേഖകൾ പണയപ്പെടുത്തുന്നതിന് തീരുമാനിച്ചു.

ബാങ്ക് ഗ്യാരണ്ടി അടിയന്തിരമായി കെട്ടിവെക്കണമെന്നും അല്ലാത്തപക്ഷം നഗരസഭയുടെ കേസ് വിജയത്തിനുള്ള സാദ്ധ്യതക്ക് കോട്ടമുണ്ടാകുമെന്നും ഉദ്ദേശ്യം 5 കോടിയോളം രൂപ കോടതിയിൽ കെട്ടിവെക്കേണ്ട സാഹചര്യമുണ്ടാകുമെന്നും ബഹു.ഹൈക്കോടതിയിലെ നഗരസഭയുടെ അഭിഭാഷകനായ ശ്രീ.കെ.ഡി.ബാബു 3.12.10 ന് അറിയിച്ച കാര്യം സെക്ഷൻ ക്ലർക്ക് 4.12.14 ന് റിപ്പോർട്ട് ചെയ്തിട്ടും നഗരസഭയുടെ ആസ്തികളുടെ സർട്ടിഫൈഡ് കോപ്പി ഹാജരാക്കി (ഒറിജിനൽ ആധാരം ലഭ്യമാകാത്തതിനാൽ) ബാങ്ക് ഗ്യാരണ്ടി നൽകാനാണ് 6.12.14 ന് ബഹു.മേയർ നിർദ്ദേശിച്ചത്.

നഗരസഭ കോവൂരിൽ കമ്മ്യൂണിറ്റി ഹാൾ നിർമിക്കുന്നതിനു വേണ്ടി പൊന്നും വിലക്ക് ഏറ്റെടുത്ത സ്ഥലത്തിന് 2.5 കോടിയിലധികം മൂല്യമുള്ളതായി ടി.പി.8 സെക്ഷൻ റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ഈ സ്ഥലത്തിന്റെ രേഖകൾ പണയപ്പെടുത്തി ബാങ്ക് ഗ്യാരണ്ടി വാങ്ങുന്നതിനുള്ള അടിയന്തിര സ്വഭാവത്തോടെയുള്ള യാതൊരു നടപടിയും സ്വീകരിച്ചില്ല. നഗരസഭയുടെ ഉടമസ്ഥതയിൽ കോടിക്കണക്കിനു വില വരുന്ന നിരവധിയായ ഭൂമികളും കെട്ടിടങ്ങളും

ഉണ്ടായിരിക്കെ രേഖകൾ ഹാജരാക്കാൻ കഴിയാഞ്ഞത് നഗരസഭയുടെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയാണ്.

3. അഭിഭാഷകന്റെ സാന്നിദ്ധ്യം ഉറപ്പാക്കിയില്ല.

ബഹു.ഹൈക്കോടതി നിയോഗിച്ച അഭിഭാഷകൻ സെക്രട്ടറി എന്നിവർ കരാറുകാരനുമായി നടത്തിയ ചർച്ചകളിൽ തീരുമാനത്തിലെത്താൻ കഴിയാത്തതിനെ തുടർന്ന് 6.10.15 ന് ബഹു.മേയർ, ഡെപ്യൂട്ടി മേയർ, സെക്രട്ടറി എന്നിവരുമായി നടത്തിയ ചർച്ചയിലാണ് 4,92,00,000 രൂപ 12 മാസ തുല്യ തവണകളായി നൽകാൻ തീരുമാനിച്ചിട്ടുള്ളത് എന്ന് നോട്ട്ഫയലിൽ രേഖപ്പെടുത്തിക്കാണുന്നു. എന്നാൽ കരാറുകാരനുമായി മീഡിയേഷൻ നടത്തുന്നതിനായി ബഹു.ഹൈക്കോടതി നിയോഗിച്ച അഭിഭാഷകന്റെ സാന്നിദ്ധ്യം ചർച്ചയിൽ ഉറപ്പാക്കിയില്ല. ബഹു.ഹൈക്കോടതി നിയോഗിച്ച അഭിഭാഷകനെ മീഡിയേഷൻ നടത്തിയതിനുശേഷം അറിയിക്കുകയായിരുന്നു.

4. ബാങ്ക് ഗ്യാരണ്ടി നൽകാനുള്ള കൗൺസിൽ തീരുമാനം നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടിയില്ല

നഗരസഭ സെക്രട്ടറി, ബഹു.മേയർ, ഡെപ്യൂട്ടി മേയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ 4,92,00,000 രൂപ വിധിയുടമക്ക് 12 ഗഡുക്കളായി നൽകാൻ തീരുമാനിച്ച മേയറുടെ നടപടിക്ക് 14.12.15 ലെ കൗൺസിലിന്റെ 103 നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകി. ഇതിനായി കൗൺസിൽ മുമ്പാകെ സമർപ്പിച്ച കുറിപ്പിൽ " നഗരസഭ ഞെളിയൻ പറമ്പ് ഖരമാലിന്യപ്ലാന്റിലെ സിവിൽ പ്രവൃത്തികൾ കരാർ ഏറ്റെടുത്ത വകയിൽ 2,39,54,529 രൂപ ലഭിക്കുന്നതിനു വേണ്ടി കരാറുകാരനായ ശ്രീ.സുരേഷ്ബാബു ഫയൽ ചെയ്ത OS.96/06 നമ്പർ കേസിലെ വിധിക്കെതിരെ നഗരസഭ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത RFA.301/14 നമ്പർ കേസിൽ മീഡിയേഷൻ മുഖാന്തിരം പരിഹാരം കാണുന്നതിന് ബഹു.ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ട്. അതുപ്രകാരം മീഡിയേഷനു വേണ്ടി ചുമതലപ്പെടുത്തിയ അഭിഭാഷകൻ, സെക്രട്ടറി കരാറുകാരൻ എന്നിവരുമായി 2015 ജൂലായ് മുതൽ ഒക്ടോബർ വരെ വിവിധ തിയതികളിലായി ചർച്ച നടത്തിയിട്ടുള്ളതാണ്" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ കുറിപ്പിന്റെ അടിസ്ഥാനത്തിലാണ് ബഹു.മേയറുടെ ചേമ്പറിൽ 6.10.15 ന് നടത്തിയ ചർച്ചയിൽ 4,92,00,000 രൂപ 12 തുല്യ തവണകളായി നൽകാൻ ധാരണയാക്കിയ മേയറുടെ നടപടി കൗൺസിൽ അംഗീകരിച്ചത്.

എന്നാൽ കീഴ് കോടതി വിധിക്കെതിരെ ബഹു.ഹൈക്കോടതിയിൽ നൽകിയ അപ്പീലിൽ കീഴ്ക്കോടതി വിധി സ്റ്റേ ചെയ്യുന്നതിന് ഉപാധിയായി 2,39,54,529 രൂപയുടെ ബാങ്ക് ഗ്യാരണ്ടി ഹാജരാക്കാൻ നിർദ്ദേശിച്ചിരുന്നതും ആയത് കോടതി മുമ്പാകെ ഹാജരാക്കാൻ കഴിയാത്തതും, അതിനാൽ അപ്പീലിൻമേൽ ബഹു.ഹൈക്കോടതിയുടെ അന്തിമവിധി വരെ കീഴ്ക്കോടതി വിധി സ്റ്റേ ചെയ്തു കൊണ്ടുള്ള ഉത്തരവ് ഇല്ലാതാവുകയും, ബഹു.ഹൈക്കോടതി അപ്പീലിൽ വാദം കേൾക്കാതെ കരാറുകാരനുമായി മീഡിയേഷനിലൂടെ ഒത്തുതീർപ്പാക്കുന്നതിന് നിർദ്ദേശിക്കാനിടയായതുമായ സാഹചര്യം ഉണ്ടായത് കൗൺസിൽ പരിഗണിച്ചില്ല. ബാങ്ക് ഗ്യാരണ്ടി ഹാജരാക്കുന്നതിന് നെല്ലിക്കോട് വില്ലേജിലെ റി.സ.87/1 ൽ പ്പെട്ട 0.5900 ഹെക്ടർ സ്ഥലത്തിന്റെ രേഖകൾ ബാങ്കിൽ പണയപ്പെടുത്തുന്നതിന് 24.4.15 ന് തീരുമാനമെടുത്ത കൗൺസിലിന്റെ മുൻ തീരുമാനം

നടപ്പിലാക്കാത്ത സാഹചര്യം പരിശോധിച്ച് വീഴ്ച വരുത്തിയവർക്കെതിരെ കൗൺസിൽ നടപടി സ്വീകരിച്ചില്ല.

നഗരസഭാ ഫണ്ട് ആവശ്യത്തിന് ഉണ്ടായിരിക്കെ, കുറവാണെന്ന നിലപാട് സ്വീകരിച്ച് നിക്ഷേപത്തിൻമേൽ ബാങ്ക് ഗ്യാരണ്ടി വാങ്ങാതെ നഗരസഭയുടെ ഭൂമി പണയത്തിൽ ബാങ്ക് ഗ്യാരണ്ടി വാങ്ങുന്നതിന് തീരുമാനിച്ചെങ്കിലും ആയത് ഹാജരാക്കുന്നതിലും വീഴ്ച വരുത്തി. ഇതാണ് കരാറുകാരന് മീഡിയഷൻ വഴി 4,92,00,000 രൂപ നൽകേണ്ടി വന്ന സാഹചര്യമുണ്ടായത്. "നിർദ്ദേശങ്ങൾ യഥാസമയം പ്രാവർത്തികമാക്കുന്നതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർക്ക് കഴിയാതെ പോയതാണ് ഇപ്പോൾ കരാറുകാരനുമായി മീഡിയേഷനിലേക്കു കൗൺസിലിന് എത്തിച്ചേരേണ്ട സാഹചര്യമുണ്ടായത്" എന്ന് ബഹു.മേയർ നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തീരുമാനം നടപ്പിലാക്കുന്നതിൽ വീഴ്ച സംഭവിച്ചു എന്ന് ബഹു.മേയർക്ക് ബോധ്യപ്പെട്ടിട്ടും വീഴ്ചക്ക് ഉത്തരവാദിയായവർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിച്ചില്ല.

ബാങ്ക് ഗ്യാരണ്ടി യഥാസമയം ഹാജരാക്കിയിരുന്നുവെങ്കിൽ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത അപ്പീലിൽ, അന്തിമ വാദം കേട്ട ശേഷം, കരാറുകാരൻ അന്യായത്തിൽ ആവശ്യപ്പെട്ട തുകയും 12% പലിശയും കോടതിചെലവും സഹിതം നൽകാനുള്ള കീഴ് കോടതി വിധി റദ്ദാക്കപ്പെടുന്നതിനോ നഷ്ടപരിഹാര സംഖ്യ കുറയുന്നതിനോ ഉള്ള സാഹചര്യം ഉണ്ടാകുമായിരുന്നു എന്ന് നഗരസഭയുടെ സ്റ്റാന്റിംഗ് കൗൺസലിന്റെ നിയമോപദേശത്തിൽ നിന്നും വ്യക്തമാണ്. അതുകൊണ്ടു തന്നെയാണ് അപ്പീൽ നൽകുന്നതിന് സ്റ്റാൻഡിംഗ് കൗൺസൽ നിയമോപദേശം നൽകിയത്. എന്നാൽ യഥാസമയം ബാങ്ക് ഗ്യാരണ്ടി ഹാജരാക്കാത്തതിനാൽ കേസിന്റെ ന്യായാന്യായങ്ങളിലേക്ക് കടക്കാതെ കോടതി മീഡിയേഷനിലൂടെ തീർപ്പാക്കാൻ നിർദ്ദേശിക്കുകയായിരുന്നു. ഇത് നഗരസഭക്ക് വളരെ വലിയ നഷ്ടം ഉണ്ടാക്കി.

നഗരസഭയുടെ സാമ്പത്തിക താല്പര്യം സംരക്ഷിക്കുന്നതിൽ വീഴ്ചകൾ വരുത്തിയതിനും 4,92,00,000 കരാറുകാരന് നൽകിയതിനും വിശദീകരണം ആവശ്യപ്പെട്ട് നഗരസഭാ സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (43/16-17. 26.7.17) 12.8.17 ന് EG.12/OS.96/06 പ്രകാരം സൂപ്രണ്ടിംഗ് എഞ്ചിനീയറാണ് മറുപടി ലഭ്യമാക്കിയത്. 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 11(4) പ്രകാരം സ്ഥാപന മേധാവി തിയതിയോടുകൂടിയ ഒപ്പു വെച്ച മറുപടി ലഭ്യമാക്കണമെന്ന് അറിയിച്ചുകൊണ്ട് 11.9.17 ന് കെ.എസ്.എ. കെ.ഒ.സി/എ 4/934/17 പ്രകാരം സെക്രട്ടറിക്ക് കത്തയച്ചുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

നഗരസഭാ കൗൺസിലിന്റെ 14.12.15 ലെ 103 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകാരന് 4,92,00,000 രൂപ നൽകിയത് എന്നതു കൊണ്ട് തന്നെ ഈ തീരുമാനം നഗരസഭയുടെ താല്പര്യത്തിന് വിരുദ്ധമാണ്. ഈ തീരുമാനമെടുത്ത 14.12.15 ലെ യോഗത്തിൽ പങ്കെടുത്ത 75 കൗൺസിലർമാരും, ബാങ്ക് ഗ്യാരണ്ടി യഥാസമയം ഹാജരാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ നഗരസഭാ സെക്രട്ടറിയും ഇതിന് ഉത്തരവാദികളാണ്. ആയതിനാൽ 4,92,00,000 രൂപ 75 കൗൺസിലർമാരിൽ നിന്നും സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. ഉത്തരവാദികളായ 75 കൗൺസിലർമാരുടെ പേരുവിവരങ്ങൾ അനുബന്ധം - 2 ആയി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 3-2 ആർട്ടിസ്റ്റ് സ്മാരകം നിർമാണം - നിർവഹണത്തിലെ അപാകതകൾ

ഫയൽ നം. ഇ.ജി.12/82450/03

നഗരസഭയിലെ "ആനക്കുളം" എന്ന സ്ഥലത്ത് കലാകാരന്മാർക്ക് ഒരു സ്മാരകം പണിയുന്നതിന് നഗരസഭ തീരുമാനിച്ചു. ഇതിനായി കൗൺസിൽ നിർദ്ദേശിച്ച സർവ്വെ നമ്പർ 87 ൽപ്പെട്ട 51.4 സെന്റ് സ്ഥലം റവന്യൂ പുറമ്പോക്ക് ഭൂമിയും കുളവുമാണെന്നും ഇപ്പോൾ നികത്തുഭൂമിയാണെന്നും 15.09.2005 ന് കോർപ്പറേഷൻ എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു. ഇവിടെ സ്മാരകം നിർമിക്കുന്നതിന് അനുമതിക്കായി അപേക്ഷ നൽകിയതിൽ സ.ഉ (സാധാ) 53/2006 ത.സ്വ.ഭ.വ 6.1.2006 പ്രകാരം അനുമതി ലഭിച്ചതായി നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. (ബന്ധപ്പെട്ട ഉത്തരവ് ഫയലിൽ ഇല്ല). ഈ ഉത്തരവിൽ "<u>നഗരസഭയുടെ അധീനതയിലുള്ള ആനക്കുളം 51.4 സെന്റ് സ്ഥലത്ത് കലാകാരന്മാർക്ക് ഒരു സ്മാരകം പണിയുന്നതിന് 1999 ലെ കെ.എം.ബി.ആർ ലെ വ്യവസ്ഥകൾക്ക് അനുസൃതമായി സ്മാരകം പണിയുന്നതിന് അനുമതി നൽകി</u>" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽ സ്ഥലത്ത് സ്മാരകം നിർമിക്കുന്നതിന് ഡിസൈൻ തയ്യാറാക്കാൻ ആർക്കിടെക്റ്റായി ശ്രീ.പ്രശാന്ത് എന്നയാളെ നിയമിക്കുന്നതിന് 11.10.06 ൽ ചേർന്ന സ്റ്റിയറിംഗ് കമ്മിറ്റി യോഗം ശുപാർശ ചെയ്തു. ഈ ശുപാർശ 19.10.06 ൽ ചേർന്ന കൗൺസിലിന്റെ 64 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. തുടർന്ന് ആർക്കിടെക്റ്റ് സമർപ്പിച്ച ഡ്രോയിംഗ്സ് 21.7.07 ൽ ടൗൺ പ്ലാനിംഗ് ഓഫീസർക്ക് അയച്ചു. ഈ ഡ്രോയിംഗ്സിൽ പിന്നീട് പല പ്രാവശ്യം മാറ്റങ്ങളും തിരുത്തലുകളും വരുത്തിയിട്ടുണ്ട്. ആർക്കിടെക്റ്റ് ശ്രീ. പ്രശാന്തുമായി 19.11.09 ൽ കരാർ വെച്ചു.

നഗരസഭ നിർമിക്കാനുദ്ദേശിക്കുന്ന കെട്ടിടത്തിന് പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകുന്നതിനു മുമ്പ് പ്ലോട്ടിലേക്കുള്ള പ്രവേശനം നൽകുന്ന റോഡ് 5.30 മീറ്ററിൽ നിന്നും 7 മീറ്ററാക്കി വികസിപ്പിക്കേണ്ടതാണെന്ന നിബന്ധനയോടെ ചീഫ് ടൗൺ പ്ലാനർ 31.8.08 ന് D1-10491/07 DDS- CTP ഉത്തരവ് പ്രകാരം സ്മാരകത്തിന്റെ ലേഔട്ട് അംഗീകരിച്ചു. സ്മാരകം പണിയുന്നതിന് 16.6.08 ന് പ്രീ-ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിച്ചതിൽ യോഗ്യത നേടിയവരുടെ ടെണ്ടർ പരിശോധിക്കുകയും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 50% ൽ കൂടിയതിനാൽ അംഗീകരിച്ചില്ല. തുടർന്ന് പുതിയ ഷെഡ്യൂൾ നിരക്ക് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാനും റീടെണ്ടർ ചെയ്യാനും 18.8.08 ന് (CR. 50) കൗൺസിൽ തീരുമാനിച്ചു. ഇതിനെ തുടർന്ന് ആർക്കിടെക്റ്റ് 2008 ലെ പുതിയ ഷെഡ്യൂൾ നിരക്കു പ്രകാരം 3,42,00,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 23.9.08 ന് സാങ്കേതികാനുമതി ലഭിക്കുകയും ചെയ്തു. തുടർന്ന് നടത്തിയ റീടെണ്ടറിൽ ശ്രീ.കെ.പി.ചന്ദ്രദാസൻ എസ്റ്റിമേറ്റ് തുകയേക്കാൾ 37% കൂടുതലാണ് ക്വാട്ട് ചെയ്തത്. കരാറുകാരനുമായി പലപ്രാവശ്യം നടത്തിയ നെഗോസിയേഷനിലൂടെ 20% അധികനിരക്കിൽ പ്രവൃത്തി ഏറ്റെടുക്കാൻ ശ്രീ.കെ.പി ചന്ദ്രദാസൻ അറിയിക്കുകയും ആയതിന് സ.ഉ (സാധാ) 1913/10 ത.സ്വ.ഭ.വ 10.6.10 ഉത്തരവ് പ്രകാരം സർക്കാർ അനുമതിയും നൽകി. കരാറുകാരനുമായി (കരാർ നം.73/10-11)ഒരു വർഷത്തിനകം പ്രവൃത്തി പൂർത്തിയാക്കണമെന്ന നിബന്ധനയോടെ കരാറിൽ ഏർപ്പെട്ടു. മേയറുടെ അദ്ധ്യക്ഷതയിൽ 5.3.12, 11.4.12, 17.1.13 തിയതികളിൽ നടന്ന മീറ്റിംഗിന്റെ അടിസ്ഥാനത്തിലും ആർക്കിടെക്റ്റ്, എഞ്ചിനീയർ എന്നിവരുടെ സന്ദർശനവേളയിലും എടുത്ത തീരുമാനങ്ങൾ ഉൾക്കൊള്ളിച്ചും റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും 6.6.13 ലെ കൗൺസിൽ അംഗീകാരത്തോടെ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് സാങ്കേതികാനുമതിക്കായി

അയക്കുകയും 21.10.13 ൽ അംഗീകാരം ലഭിക്കുകയും ചെയ്തു. തുടർന്ന് 8.1.14 ന് കരാറുകാരനുമായി സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പിട്ടു. ഇതിനിടയിൽ പാർട്ട് ബിൽ 3 നൽകുന്നതിന് 2 മാസത്തിലധികം വൈകിയതിൽ പ്രതിഷേധിച്ച് കരാറുകാരൻ പ്രവൃത്തി നിർത്തിവെച്ചിരുന്നു. എന്നാൽ ബഹു.മേയറുടെ ചേമ്പറിൽ 21.11.13 ന് നടന്ന യോഗത്തിൽ 90% പണി പൂർത്തിയാക്കിയതിനാൽ കാലാവധി 31.3.14 വരെ നീട്ടി നൽകാനും ബിൽ തുക 10 ദിവസത്തിനകം നൽകുന്നതിനും ധാരണയായി.

കെട്ടിടത്തിന്റെ ഭാഗമായ കുത്തുപുരയുടെ നിർമാണത്തിന് ഒറിജിനൽ എസ്റ്റിമേറ്റിൽ വുഡൻ ട്രെല്ലീസ് വർക്ക് ആയിരുന്നു ഉദ്ദേശിച്ചത്.എന്നാൽ കാലാവസ്ഥക്ക് അനുയോജ്യമല്ലാത്തതിനാൽ അലൂമിനിയം ട്രെല്ലീസ് വർക്ക് എക്സ്ട്രാ ഇനം ആയി ഉൾപ്പെടുത്തുകയും ചെയ്തു. എന്നാൽ ഈ ഇനത്തിന് അംഗീകരിച്ച് നൽകിയ നിരക്കിൽ ചെയ്യാൻ ബുദ്ധിമുട്ടുണ്ടെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 21.11.13 ന് നടന്ന മീറ്റിംഗിൽ വെച്ച് കരാറുകാരനെ ഈ പ്രവൃത്തി ചെയ്യുന്നതിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചു. തുടർന്ന് ഇത് ഡെവലപ്മെന്റ് പ്രവൃത്തിയുടെ ഭാഗമാക്കി പ്രത്യേകം ടെണ്ടർ ചെയ്ത് 2013 ൽ നടത്തിയിട്ടുണ്ട്.

ഇതിനിടെ കരാറുകാരൻ 28.10.11, 9.10.13, 28.10.13 തീയതികളിലായി നഗരസഭ സെക്രട്ടറിക്ക് നൽകിയ കത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത് കരാറുകാരന്റെ വീഴ്ച കൊണ്ടല്ലെന്നും ഇനി പ്രവൃത്തി തുടർന്ന് നടത്തണമെങ്കിൽ പുതുക്കിയ ഷെഡ്യൂൾ നിരക്ക് അനുവദിച്ചു തരണമെന്നും അല്ലാത്തപക്ഷം കരാറിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചു. എന്നാൽ നഗരസഭ ഇതിന് മറുപടി നൽകിയില്ല. തുടർന്ന് കരാറുകാരൻ 31.3.14 ന് പ്രവൃത്തി പൂർത്തീകരിച്ചു.

കരാർ പ്രകാരമുള്ള സമയത്തിനകം പ്രവൃത്തി പൂർത്തിയാക്കാൻ സാധിക്കാതിരുന്നത് നഗരസഭയുടെ ഭാഗത്ത് നിന്നും വന്ന വീഴ്ച കൊണ്ടാണെന്നും കരാർ കാലാവധി അവസാനിച്ച ശേഷം നടത്തിയ 3,4,5,6 പാർട്ട് ബില്ലുകളുടെ പ്രവൃത്തി നടന്നുവന്ന കാലത്ത് നിലവിലുള്ള പി.ഡബ്ല്യൂ.ഡി ഷെഡ്യൂൾ നിരക്കു പ്രകാരമുള്ള തുകയായി 78,35,431 രൂപ അധികം അനുവദിക്കാൻ ഉത്തരവാകണമെന്ന് അപേക്ഷിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ മുമ്പാകെ ഹർജി നൽകി. ഈ ഹർജി പരിഗണിച്ച ബഹു.ഓംബുഡ്സ്മാൻ, പുതിയ കൗൺസിൽ നിലവിൽ വന്ന് 3 മാസത്തിനകം പുതിയ പരാതി നഗരസഭാ സെക്രട്ടറിക്ക് നൽകാനും ആ പരാതിയിൽ നഗരസഭ 3 മാസത്തിനകം തീരുമാനമെടുക്കണമെന്നും ഉത്തരവിട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ കരാറുകാരൻ 6.1.16 ന് പരാതി നൽകുകയും 8.6.16 ലെ കൗൺസിൽ തീരുമാനപ്രകാരം പരാതി പരിഗണിക്കാൻ നിർവാഹമില്ലെന്ന് പറഞ്ഞ് നിരസിക്കുകയും ചെയ്തു.

ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. <u>റവന്യൂ പുറമ്പോക്ക് ഭൂമിയിലെ നിർമാണത്തിന് അനുമതി വാങ്ങിയില്ല</u>.

സ്മാരകം പണിയുന്നതിന് കൗൺസിൽ നിർദ്ദേശിച്ച സ്ഥലം റവന്യൂ പുറമ്പോക്ക് ഭൂമിയും കുളവും ഇപ്പോൾ നികത്തുഭൂമിയാണെന്നും 15.9.05 ന് കോർപ്പറേഷൻ എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ റിപ്പോർട്ട് പ്രകാരം റവന്യൂ പുറമ്പോക്ക് ഭൂമി നഗരസഭക്ക് സ്മാരകം പണിയുന്നതിന് റവന്യൂവകുപ്പ് വിട്ടുനൽകിയിട്ടില്ല. റവന്യൂ പുറമ്പോക്ക് ഭൂമി ഏറ്റെടുക്കുമ്പോൾ 3.07.01 ലെ P3/16579/01 (റവന്യൂ) സർകുലർ പ്രകാരം ജില്ലാ കലക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണെന്ന്

നോട്ട് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അപ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയോ റവന്യൂ വകുപ്പിൽ നിന്നും അനുമതി വാങ്ങുകയോ ചെയ്തിട്ടില്ല. നോട്ട് ഫയലിൽ പരാമർശിച്ച സ.ഉ (സാ) 53/06 ത.സ്വ.ഭ.വ 6.1.06 ഉത്തരവ് തദ്ദേശ സ്വയം ഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഈ ഉത്തരവിൽ **നഗരസഭയുടെ അധീനതയിലുള്ള ആനക്കുളം 51.4 സെന്റ് സ്ഥലത്ത് സ്മാരകം പണിയുന്നതിനാണ്** അനുമതി നൽകിയത്. എന്നാൽ ആനക്കുളം നഗരസഭയുടെ അധീനതയിലുള്ള ഭൂമിയല്ലെന്നും റവന്യൂ പുറമ്പോക്ക് ഭൂമിയാണെന്നും ഫയലിൽ നിന്നും വ്യക്തമാണ്. നിയമാനുസൃതം നഗരസഭയുടെ ഉടമസ്ഥതയിലും കൈവശത്തിലുമല്ലാത്ത ഭൂമിയിൽ റവന്യൂവകുപ്പിന്റെ അനുമതിയില്ലാതെ കോടകൾ ചെലവഴിച്ച് കെട്ടിടം നിർമിച്ചു.

2. ആർക്കിടെക്ടിന്റെ നിയമനത്തിൽ നടപടിക്രമങ്ങൾ പാലിച്ചില്ല.

1999 ലെ കേരള മുൻസിപ്പാലിറ്റി (പൊതുമരാമത്തു പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ, ചട്ടം 6(2) പ്രകാരം വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡവും നിബന്ധനകളുമനുസരിച്ച് മുൻസിപ്പാലിറ്റി തയ്യാറാക്കി അംഗീകരിച്ചിട്ടുള്ള പ്രൈവറ്റ് എഞ്ചിനീയർമാരുടെയോ ആർകിടെക്ടുമാരുടെയോ മറ്റു സാങ്കേതിക വിദഗ്ദരുടെയോ പാനലിൽ നിന്നും ഒരാളെ നിയമിക്കാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെയാണ് ആർക്കിടെക്ടിനെ നിയമിച്ചത്. സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 11.10.06 ലെ ശുപാർശ 19.10.06 ലെ കൗൺസിൽ യോഗം അംഗീകരിക്കുകയായിരുന്നു. മേൽ ചട്ട പ്രകരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തി.

3. ആർക്കിടെക്ടുമായി കരാറിൽ ഏർപ്പെട്ടതിൽ കാലതാമസം.

നഗരസഭാ കൗൺസിലിന്റെ 19.10.06 ലെ (64 CR) തീരുമാനപ്രകാരം ആർക്കിടെക്ട് ആയി ശ്രീ. പ്രശാന്ത് എന്നയാളെ നിയമിച്ചതിനെ തുടർന്ന് 21.7.07 ന് ഡ്രോയിംഗ്സ് സമർപ്പിക്കുകയും അത് ടൗൺ പ്ലാനിംഗ് ഓഫീസർക്ക് അയക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കൗൺസിൽ അംഗീകരിച്ച് 3 വർഷം കഴിഞ്ഞ്, അതായത് 11.11.09 നാണ് ആർക്കിടെക്ടുമായി കരാർ വെച്ചത്.

4. ചീഫ് ടൗൺപ്ലാനറുടെ നിബന്ധന നടപ്പാക്കിയില്ല.

നിർമിക്കാനുദ്ദേശിക്കുന്ന സ്മാരകത്തിന്റെ ലേഔട്ട് നിബന്ധനയോടെയാണ് ചീഫ് ടൗൺപ്ലാനർ അംഗീകരിച്ചത്. പ്രവൃത്തിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് 31.3.14 ന് നൽകിയിട്ടുണ്ട്. പൂർത്തീകരണ സർട്ടിഫിക്കറ്റ് നൽകുന്നതിനു മുമ്പ് പ്ലോട്ടിലേക്ക് പ്രവേശനം നൽകുന്ന റോഡ് 5.30 മീറ്ററിൽ നിന്നും 7 മീറ്ററാക്കി വികസിപ്പിക്കണമെന്ന നിബന്ധന 9 വർഷമായിട്ടും പാലിച്ചില്ലെന്ന് ഫയലിൽ നിന്നും ബോധ്യപ്പെടുന്നു.

5. പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ നഗരസഭയുടെ ഭാഗത്തു നിന്നും വീഴ്ച .

കരാർ പ്രകാരം 11.6.2011 ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ കരാറുകാരൻ സമയം നീട്ടി നൽകുന്നതിനായി 18.5.11 ന് നൽകിയ അപേക്ഷയിൽ 27.9.11 ന് അസി.എഞ്ചിനീയർ തയ്യാറാക്കിയ റിപ്പോർട്ടിൽ (അപേക്ഷ ലഭിച്ച് 4 മാസം കഴിഞ്ഞ്) " പ്രസ്തുത പ്രവൃത്തി തുടങ്ങിയപ്പോൾ രാത്രിയിൽ ജോലി ചെയ്യുന്നത് ശബ്ദവും മറ്റും മൂലം ബുദ്ധിമുട്ടുണ്ടെന്നും ഇതൊഴിവാക്കാൻ തദ്ദേശവാസികൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രവത്തി ചെയ്യാൻ

കഴിഞ്ഞില്ലെന്നും സൈറ്റിന് തൊട്ടടുത്ത ക്ഷേത്രത്തിലെ ചില പരിപാടികൾ കാരണവും പലപ്പോഴും പ്രവൃത്തി നിർത്തിവെക്കേണ്ടി വന്നതിനാലും പ്രവൃത്തി മുൻകൂട്ടി തീരുമാനിച്ചതു പ്രകാരം വേഗത്തിൽ തീർക്കാൻ കഴിഞ്ഞില്ല. കൂടാതെ ആർക്കിടെക്ടിന്റെ ഡിസൈനിൽ വന്ന വ്യത്യാസവും പല ഇനങ്ങളും പുതുക്കിയ ആർക്കിടെക്ചറൽ ഡിസൈൻ പ്രകാരം ഷെഡ്യൂൾഡ് ഇനത്തിനേക്കാൾ കൂടുതൽ വന്നതും സമയബന്ധിതമായി ഡീറ്റെയിൽസ് കിട്ടാതിരിക്കുന്നതും സമയം നീട്ടിക്കൊടുക്കാനുള്ള കാരണമാണെന്നും ആയതിനാൽ 31.3.12 വരെ സമയം നീട്ടിക്കൊടുക്കാമെന്നും" വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 17.10.11 ന് കരാറുകാരന് 31.3.12 വരെ സമയം നീട്ടി നൽകി.

പിന്നീട് 21.10.13 ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്തതിനെ തുടർന്ന് 21.11.13 ന് ബഹു.മേയറുടെ ചേമ്പറിൽ ചേർന്ന യോഗത്തിൽ പ്രവൃത്തിയുടെ കാലാവധി 31.3.14 വരെ ദീർഘിപ്പിച്ച് നൽകാൻ ധാരണയായി.

പ്രവൃത്തി നടത്തുന്നതിനാവശ്യമായ പ്ലാൻ, ഡിസൈൻ എന്നിവ കരാറുകാരന് ലഭ്യമാക്കുന്നതിൽ കാലതാമസം വന്നു. കരാർ കാലാവധി കഴിഞ്ഞ് 26.9.11 ന് പ്രോജക്ട് എഞ്ചിനീയർ ആർക്കിടെക്ടിന് അയച്ച കത്തിൽ പ്രവൃത്തിയുടെ വിശദാംശങ്ങളും ഡ്രോയിംഗ്സും ഇപ്പോൾ നടക്കുന്നതും നടത്തേണ്ടതുമായ എല്ലാ പ്രവൃത്തികളുടെയും വർക്കിംഗ് ഡ്രോയിംഗ്, അപ്രൂവ്ഡ് സ്ട്രക്ചറൽ ഡിറ്റെയിൽസ്, ഡിസൈൻ എന്നിവ അടിയന്തിരമായി ലഭ്യമാക്കാൻ ആവശ്യപ്പെട്ടു. ഇത് കരാർ പ്രകാരംപ്രവൃത്തി പൂർത്തീകരിക്കേണ്ട സമയം കഴിഞ്ഞ് 3 മാസം കഴിഞ്ഞാണ്.

കരാറുകാരൻ 1.6.11, 28.10.11, 9.10.13, 28.10.13 തിയതികളിലും, നഗരസഭയുടെ ഭാഗത്ത് നിന്നും വീഴ്ച വരുന്നതു സംബന്ധിച്ച് കത്തയച്ചിട്ടുണ്ട്. ഇതിൽ 28.10.11 ന് അയച്ച കത്തിൽ പ്രവൃത്തി സമയത്ത് പൂർത്തീകരിക്കാത്തത് കരാറുകാരന്റെ വീഴ്ച കൊണ്ടല്ലെന്നും ഇനി പ്രവൃത്തി ചെയ്യണമെങ്കിൽ പുതിയ ഷെഡ്യൂൾ നിരക്ക് പ്രകാരമുള്ള നിരക്ക് നിശ്ചയിച്ച് സപ്ലിമെന്റൽ എഗ്രിമെന്റ് ഒപ്പിടണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇക്കാര്യങ്ങളൊന്നും നഗരസഭ പരിഗണിച്ചില്ല. കരാറുകാരൻ നഗരസഭക്കെതിരെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ മുമ്പാകെ നൽകിയ OP. 695/15 നമ്പർ കേസിൽ നഗരസഭ നൽകിയ വസ്തുതാ വിവരണ പത്രികയിൽ "പ്രവൃത്തി തുടങ്ങിയപ്പോൾ രാത്രിയിൽ ജോലി ചെയ്യുന്നതിന് ശബ്ദവും മറ്റും മൂലം ബുദ്ധിമുട്ടുണ്ടാകുന്നുവെന്ന് പരിസരവാസികൾ അറിയിക്കുകയും ഇത് കാരണം രാത്രിയിൽ ജോലി ചെയ്യാൻ സാധിച്ചില്ല. കൂടാതെ സൈറ്റിന്റെ തൊട്ടടുത്തുള്ള ക്ഷേത്രത്തിലെ പരി പാടികൾ മൂലവും പ്രവൃത്തി നിർത്തി വെക്കേണ്ടി വന്നു. ഈ കാരണങ്ങളാൽ പ്രവൃത്തി പ്രതീക്ഷിച്ച വേഗതയിൽ തീർക്കാൻ സാധിച്ചില്ല. കൂടതെ outdoor coffee space, sculpture garden, പടിപ്പുര, jally works design, truss work, entrance lobby, dormitory എന്നിവയുടെ working design ആർക്കിടെക്ടിൽ നിന്നും ലഭിക്കാൻ വൈകിയതിനാലും ആർക്കിടെക്ട് ഡിസൈനിൽ വരുത്തിയ മാറ്റങ്ങൾ മൂലം പല ഇനങ്ങളും പുതുതായും ചില ഇനങ്ങൾ ഷെഡ്യൂളിനേക്കാൾ കൂടുതലായി വന്നതും സമയബന്ധിതമായി ഡിറ്റെയിൽസ് ലഭിക്കാത്തതും പ്രവൃത്തിയെ സാരമായി ബാധിച്ചുവെന്നും ഇതുപ്രകാരം പ്രവൃത്തിയുടെ കാലാവധി നീട്ടി നൽകിയതായും " ബോധിപ്പിച്ചിട്ടുണ്ട്. ഇതിൽ നിന്നു തന്നെ നഗരസഭയുടെ ഭാഗത്തു

നിന്നു വന്ന വീഴ്ചയും കാലതാമസവും കൊണ്ടാണ് പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാൻ കഴിയാതെ വന്നതെന്ന് നഗരസഭ തന്നെ അംഗീകരിക്കുന്നുവെന്ന് വ്യക്തമാണ്.

യഥാസമയം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ വിവരങ്ങളും വിശദാംശങ്ങളും നൽകുന്നതിൽ ആർക്കിടെക്റ്റിന്റെയും നഗരസഭയുടെയും ഭാഗത്ത് നിന്നും വീഴ്ച വന്നു. കെട്ടിട നിർമാണം സംബന്ധിച്ച മുഴുവൻ വിശദാംശങ്ങളും ആർക്കിടെക്റ്റിൽ നിന്നും ലഭ്യമാകാതെ തന്നെ 12 മാസ കാലാവധിയിൽ 4 കോടിയോളം ചെലവു വരുന്ന വലിയ പ്രവൃത്തിക്ക് കരാർ വെച്ചു. ഇതും പ്രവൃത്തി 31.3.14 വരെ നീണ്ടു പോകാൻ കാരണമായി.

6. <u>കരാറുകാരന് നഷ്ടപരിഹാരം നൽകേണ്ട സാഹചര്യമുണ്ടാകുന്നു.</u>

കരാർ പ്രകാരം 11.6.11 ന് പൂർത്തീകരിക്കേണ്ട പ്രവൃത്തിക്ക് നഗരസഭയുടെ ഭാഗത്തു നിന്നുള്ള വീഴ്ച കാരണം കരാറുകാരൻ നഷ്ടപരിഹരം ആവശ്യപ്പെട്ടാണ് ഓംബുഡ്സ്മാനെ സമീപിച്ചത്. എന്നാൽ പരാതി കൗൺസിലിന് സമർപ്പിക്കാനുള്ള ഉത്തരവ് പ്രകാരം കൗൺസിൽ പരിശോധിച്ച് നിരസിച്ചതിനാൽ നഷ്ടപരിഹാരത്തിനായി സിവിൽ കോടതിയെ സമീപിക്കാനുള്ള സാഹചര്യം (ഞെളിയൻ പറമ്പ് ഖരമാലിന്യ പ്ലാന്റ് പ്രവൃത്തി നീണ്ടു പോയതിനാൽ പുതിയ ഷെഡ്യൂൾ നിരക്ക് നൽകാനുള്ള കോടതി ഉത്തരവിനെ തുടർന്ന് 4 കോടി 92 ലക്ഷം രൂപ കരാറുകാരന് നൽകേണ്ടി വന്നു) നിലനിൽക്കുന്നു. അങ്ങനെയുള്ള സാഹചര്യമുണ്ടാകുമ്പോൾ ഓംബുഡ്സ്മാൻ മുമ്പാകെ നഗരസഭ നൽകിയ വസ്തുതാ വിവരണ പത്രികയിൽ നഗരസഭയുടെ ഭാഗത്ത് വീഴ്ചയുണ്ടായതായി നഗരസഭ തന്നെ സമ്മതിക്കുന്നതിനാൽ കരാറുകാരന് അനുകൂല വിധി ലഭിക്കാനിടയുണ്ട്. ഇങ്ങനെ കോടതി ഈ വിഷയം പരിഗണിച്ച് നഷ്ടപരിഹാരം നൽകാൻ ഉത്തരവിട്ടാൽ ആയത് കാലതാമസം വരുത്തിയ നഗരസഭാ അധികൃതരുടെയും ആർക്കിടെക്റ്റിന്റെയും വീഴ്ച കൊണ്ട് മാത്രമായിരിക്കുന്നതാണ്. അതു കൊണ്ടു തന്നെ ഭാവിയിൽ ബാദ്ധ്യത ഉണ്ടാകുന്ന പക്ഷം ആയത് കാലതാമസത്തിന് ഉത്തരവാദിയായവരുടെ വ്യക്തിപരമായ ബാദ്ധ്യതയായി മാറുന്നതാണ്.

7 <u>ഓംബുഡ്സ്മാന്റെ ഉത്തരവു പാലിക്കുന്നതിൽ കാലതാമസം വന്നു.</u>

കരാറുകാരൻ നഗരസഭക്കെതിരെ നൽകിയ OP.695/15 നമ്പർ കേസിലെ വിധിയിൽ പുതിയ കൗൺസിൽ മുമ്പാകെ പരാതി സമർപ്പിക്കാനും ആയത് 3 മാസത്തിനകം പരിഗണിച്ച് തീർപ്പാക്കാനും ഉത്തരവിട്ടിരുന്നു. ഇതുപ്രകാരം 6.1.16 ന് കരാറുകാരൻ നഗരസഭക്ക് പരാതി നൽകി.എന്നാൽ 8.6.16 ലാണ് കൗൺസിൽ ഈ പരാതി പണിഗണിക്കാൻ നിർവാഹമില്ലെന്ന നിലപാടിൽ നിരസിച്ചത്.പരാതി തീർപ്പാക്കുന്നതിൽ ഓംബുഡ്സ്മാൻ നിർദ്ദേശിച്ച സമയത്തിനും ശേഷം 2 മാസം കഴിഞ്ഞു മാത്രമണ് പരാതി നിരസിച്ചത്. ഇത് ഓംബുഡ്സ്മാൻ ഉത്തരവ് പാലിക്കുന്നതിൽ നഗരസഭ കാണിച്ച അലംഭാവമാണ് കാണിക്കുന്നത്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം റവന്യൂ വകുപ്പിന്റെ ഭൂമിയിൽ അനുമതിയില്ലാതെ കെട്ടിടം നിർമിച്ചതിന് ചെലവഴിച്ച തുക ഉത്തരവാദിയായവരുടെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

## 3-3 ഭൂമി ഏറ്റെടുക്കൽ കാലതാമസം - കോർപ്പറേഷന് 17 കോടി രൂപയുടെ അധിക ബാദ്ധ്യത.

ഫയൽ നമ്പർ : ടി.പി.2/132910/11

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

കോഴിക്കോട് നഗരസഭയിലെ മാങ്കാവ്-മേത്തോട് താഴം ശ്മശാനം റോഡ് നിർമ്മാണത്തിന് (വീതി കൂട്ടുന്നതിന്) സർക്കാർ ഉത്തരവ് (സാധാ)നം.1045/09 പൊ.മ.വ. തി. 14/7/2009 പ്രകാരം 3 കോടി രൂപയുടെ ഭരണാനുമതി നൽകി. ആയതിൽ 2 കോടി രൂപ സ്ഥലം ഏറ്റെടുക്കലിനും 1 കോടി രൂപ റോഡ് പ്രവൃത്തിക്കുമായിരുന്നു. 20/01/2010 ലെ സർക്കാർ ഉത്തരവ് (സാധാ)നം. 136/2010 പൊ.മ.വ. ഉത്തരവ് പ്രകാരം 2 കോടി രൂപ ടി. റോഡിന്റെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിക്കായി നഗരസഭക്ക് അനുവദിച്ച് ഉത്തരവായെങ്കിലും നഗരസഭക്ക് ലഭിച്ചില്ല. എന്നാൽ തുക ലഭിക്കാത്തതിന് നഗരസഭയുടെ ഭാഗത്ത് നിന്ന് യഥാസമയം നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ബന്ധപ്പെട്ട ഫയലിലെ രേഖപ്പെടുത്തൽ പ്രകാരം ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിക്ക് കാലതാമസം നേരിട്ടുള്ളതിനാൽ അക്വിസിഷൻ ഉത്തരവ് കാലഹരണപ്പെട്ടതായും കൗൺസിലിന്റെ പുതുക്കിയ അർത്ഥന പ്രകാരം സ്ഥലം ഏറ്റെടുക്കൽ നടപടികൾ പുനരാരംഭിക്കുകയും ചെയ്തു. കോഴിക്കോട് സ്പെഷൽ ലാന്റ് അക്വിസിഷൻ തഹസിൽദാരുടെ 4/05/2015 ലെ ഇ/1401/13 നമ്പർ കത്തിൽ ബഹു. ജില്ലാ കലക്ടറുടെ നേതൃത്വത്തിലുള്ള ജില്ലാ പർച്ചേഴ്സ് കമ്മറ്റിയുടെ വിലനിർണ്ണയ പ്രകാരം സ്ഥല വില 19.25 കോടി രൂപ ആവശ്യമാണെന്ന് അറിയിച്ചു. സർക്കാർ ഉത്തരവ് (സാധാ)നം.1388/2016/ത.സ്വ.ഭ.വ. 31/03/2016 പ്രകാരം 2015-16 വർഷം നഗരസഭയിൽ നടപ്പിലാക്കാൻ സാദ്ധ്യതയില്ലാത്ത പ്രോജക്ടുകളിൽ നിന്നും 19,24,60,186/- രൂപ സ്ഥലമെടുപ്പിനായി പ്രോജക്ടായി വകമാറ്റി ചിലവഴിക്കാൻ അനുമതി നൽകി. വികസനഫണ്ടിൽ നിന്നും താഴെചേർത്ത പ്രകാരം തുക പിൻവലിച്ച് ലാന്റ് അക്വിസിഷൻ തഹസിൽദാർക്ക് കൈമാറിയിട്ടുണ്ട്.

| വർഷം | പ്രോജക്ട് നം. | തുക | DD/ബേങ്കേഴ്സ് ചെക്ക് | തഹസിൽദാർക്ക് തുക കൈമാറിയ തിയ്യതി |
|---|---|---|---|---|
| 2015-2016 | S/1444/16 | 5,15,00000 | 499558/19-4-2016 | 19/10/2016 |
| 2016-2017 | S1589/17 | 2460129 | 503489/24-11-2016 | 5-12-2016 |
| | | 4,82,04,829 | 503490/24-11-2016 | 5-12-2016 |
| | ആകെ | 10,21,64,958 | | |

14/02/2009 ൽ 2 കോടി രൂപക്ക് അക്വിസിഷൻ വഴി സ്ഥലമേറ്റെടുക്കുന്നതിനായി സർക്കാർ അനുമതി ലഭിച്ചെങ്കിലും യഥാസമയം തുടർ നടപടികൾ സ്വീകരിക്കാതെ അക്വിസിഷൻ നോട്ടിഫിക്കേഷൻ കാലഹരണപ്പെടുകയും തുടർന്ന് 2015 ൽ ജില്ലാ പർച്ചേഴ്സ് കമ്മിറ്റി

സ്ഥലമുടമകളുമായി നെഗോസിയേറ്റ് ചെയ്ത് സ്ഥലവില 19.25 കോടി രൂപയായി വർദ്ധിക്കുകയും ചെയ്തു. ഇതിൽ 7/2017 വരെ 10.21 കോടി രൂപ മാത്രമാണ് ലാന്റ് അക്വിസിഷൻ തഹസിൽദാരുടെ പേരിൽ ഡിപ്പോസിറ്റ് ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. ഫയലിലെ രേഖപ്പെടുത്തൽ പ്രകാരം സ്ഥലമേറ്റെടുക്കൽ നടപടികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല.

മേൽ വിഷയവുമായി ബന്ധപ്പെട്ട് താഴെപറയുന്ന അപാകതകൾ കാണുന്നു.

1. 1894 ലെ ലാന്റ് അക്വിസിഷൻ ആക്റ്റ് പ്രകാരം നോട്ടിഫിക്കേഷൻ ഇറക്കിയതിനു ശേഷം 3 വർഷത്തിനുള്ളിൽ സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കേണ്ടതുണ്ട്. യഥാസമയം അക്വിസിഷൻ ഉത്തരവ് കാലഹരണപ്പെട്ടതായും (ഡിനോവ) സ്ഥലമേറ്റെടുക്കൽ തുക 2 കോടിയിൽ നിന്നും 19.25 കോടി രൂപയിലേക്ക് വർദ്ധിക്കുന്നതിന് കാരണമാകുകയും നഗരസഭക്ക് 17.25 കോടി രൂപയുടെ അധിക ബാദ്ധ്യത ഉണ്ടാകുകയും ചെയ്തു.
2. അക്വിസിഷനു പകരം ജില്ലാപർച്ചേഴ്സ് കമ്മറ്റി മുഖാന്തിരം മാർക്കറ്റ് വിലക്ക് ഭൂമി ഏറ്റെടുക്കാൻ സർക്കാർ അനുമതി നൽകിയതിന്റെ രേഖകൾ ഇല്ല.
3. 2015-16 വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും പിൻവലിച്ചതും 19/04/2016 തിയ്യതിയിൽ ലഭിച്ചതുമായ 5.15 കോടി രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് 28/06/2016 വരെ ടി.പി.2 സെക്ഷനിലും തുടർന്ന് നഗരസഭയുടെ തനത്ഫണ്ടിലും നിക്ഷേപിച്ചു. (നഗരസഭ ഫണ്ടിൽ 30/06/2016 തിയ്യതിയിൽ വരവ് വന്നു.) 19/10/2016 ൽ ലാന്റ് അക്വിസിഷനൻ ഡെപ്യൂട്ടി കലക്ടർക്ക് മേൽ തുകക്കുള്ള ചെക്ക് കൈമാറി. വികസനഫണ്ട് പിൻവലിച്ച് യഥാർത്ഥ ആവശ്യത്തിനു വേണ്ടി വിനിയോഗിക്കാതെ ധനവിനിയോഗ ഉത്തരവുകൾക്ക് വിരുദ്ധമായി 6 മാസം നഗരസഭയുടെ കൈശം വെച്ചു.
4. 5.15 കോടി രൂപ ഡിമാന്റ് ഡ്രാഫ്റ്റായി സെക്ഷനിൽ സൂക്ഷിക്കുക വഴി ട്രഷറിയിൽ നിന്നും പിൻവലിക്കപ്പെട്ട വികസനഫണ്ട് ലാന്റ് അക്വിസിഷൻ ഡെപ്യൂട്ടി കലക്ടർ മുഖേന തിരികെ ട്രഷറിയിൽ നിക്ഷേപിക്കപ്പെട്ട തുക സർക്കാരിന്റെ കൈവശം വന്നു ചേരുന്നതിനു പകരം 5.15 കോടി രൂപ 19/4/16 മുതൽ 30/06/2016 തിയ്യതി വരെ എസ്.ബി.ടി.യുടെ കൈവശം തന്നെ യാതൊരു വിധ പലിശയും നഗരസഭക്കോ സർക്കാരിനോ ലഭ്യമാകാതെ പോയതിന് സാഹചര്യമൊരുക്കി.
5. ലാന്റ് അക്വിസിഷനുമായി ബന്ധപ്പെട്ട് ലാന്റ് അക്വിസിഷൻ സ്പെഷൽ തഹസിൽദാർക്ക് വർഷങ്ങളായി കോടിക്കണക്കിന് രൂപ നഗരസഭ കൈമാറുന്നുണ്ടെങ്കിലും ഓരോ കേസിന്റേയും വിശദാംശവും നൽകിയ തുകയുടെ വിവരവും ചേർത്ത് ഒരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. മേൽ വിഷയങ്ങൾ ചൂണ്ടിക്കാണിച്ച് ഒ.എസ്.72 നമ്പരായി എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

   മേൽ വിഷയം ചൂണ്ടിക്കാണിച്ച് ഒ.എസ് 58/16-17 ആയി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് ഉന്നയിച്ച അപാകതകൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 കേരള സാമൂഹ്യ സുരക്ഷാമിഷന് സംഭാവന നൽകൽ - കൈപ്പറ്റ്/ധനവിനിയോഗ സാക്ഷ്യപത്രം ഇല്ല

| | |
|---|---|
| ഫയൽ | : പി2/125620/16 |
| പ്രോജക്ട് നമ്പർ | : എസ്.1707/17 |
| നിർവഹണോദ്യോഗസ്ഥൻ | : സെക്രട്ടറി, മുനിസിപ്പൽ കോർപ്പറേഷൻ |
| ചെലവ് തുക | : 25,00,000/- രൂപ<br>(വികസന ഫണ്ട് ബിൽ.3/16-17 തീ.10.03.17) |

കേരള സാമൂഹ്യ സുരക്ഷാ മിഷന് സംഭാവനയായി 25 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് കൈമാറിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ് രസീതി, സ.ഉ(സാധാ) നം.1209/2013/തസ്വഭവ തീയതി.06.05.13 ൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ നഗരസഭയ്ക്ക് ലഭ്യമായിട്ടില്ല. കൈപ്പറ്റ് രസീതി, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിാൻ ആവശ്യപ്പെട്ട് നൽകിയ 53/2016-17, തീയതി 05.08.17 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ, രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. കൈപ്പറ്റ് രേഖയുടെയും, വിനിയോഗ സാക്ഷ്യപത്രത്തിന്റെയും അഭാവത്തിൽ 25,00,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-5 ഐ.കെ.എം ൽ നിന്നും ബർത്തിയാക്കിയ പദ്ധതി വിഹിതം കൺസോളിഡേറ്റഡ് ഫണ്ടിൽ അടയ്ക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചു.

| | |
|---|---|
| ഫയൽ നമ്പർ | : ഡി3/125713/11 |
| നിർവഹണ ഉദ്യോഗസ്ഥൻ | : സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ |
| പ്രോജക്ട് നമ്പർ | : SO 642/17 |
| ചെലവ് | : 6,14,000/- ബിൽ നമ്പർ 3/16-17 (CFC) തീയതി.07.03.17<br>13,86,000/- ബിൽ നമ്പർ 4/16-17 (CFC) തീയതി.07.03.17<br>20,00,000/- രൂപ (വികസന ഫണ്ട്) |

ഇൻഫർമേഷൻ കേരള മിഷന് നൽകേണ്ട പ്രവർത്തന ഫണ്ട് 2017 എന്ന പ്രോജക്ടിന് വികസന ഫണ്ടിൽ നിന്നും വകയിരുത്തിയ 20 ലക്ഷം രൂപയിൽ നിന്നും മേൽ വിവരിച്ച ട്രഷറി ബില്ലുകൾ പ്രകാരം 6,14,000/- രൂപ ഐ.കെ.എം -ന്റെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയും 13,86,000/- രൂപ ഐ.കെ.എം നഗരസഭയ്ക്ക് നൽകേണ്ട തുകയിലേക്ക് ബർത്തിയാക്കി നഗരസഭയുടെ തനത്ഫണ്ടിൽ അടയ്ക്കുകയും ചെയ്തു.

നഗരസഭയിലെ ബിൽ കലക്ടർമാർക്ക് ഔട്ട്ഡോർ ബിൽഡിംഗ് ടാക്സ് കലക്ഷന് ഉപയോഗിക്കാവുന്ന ഇലക്ട്രോണിക് ഹാൻഡ് ഹെൽഡ് ഡിവൈസ് ഏർപ്പെടുത്തൽ എന്ന 2012-13 വർഷത്തെ പ്രോജക്ടിൽ ഉപകരണ വിലയായി വികസനഫണ്ടിൽ നിന്നും 9 ലക്ഷം രൂപ ഐ.കെ.എം -ന് മുൻകൂർ നൽകിയിരുന്നു. (DD No.867359/06.04.13) എന്നാൽ ഐ.കെ.എം

പ്രസ്തുത ഉപകരണം നൽകുകയോ മുൻകൂർ തുക തിരികെ നൽകുകയോ ചെയ്തില്ല. ഓഡിറ്റ് പരാമർശത്തെ തുടർന്ന മേൽ വിഷയം നഗരസഭ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 08.11.2016 ലെ എ.ബി.1/189/2016 തസ്വഭവ നമ്പർ കത്തിൽ ഐ.കെ.എം -ന്റെ മറുപടിയും നഗരസഭ സ്വീകരിച്ച നടപടിയും അറിയിക്കാൻ ആവശ്യപ്പെട്ടു. ആയതിന് നഗരസഭ സെക്രട്ടറി നൽകിയ മറുപടിയിൽ ഐ.കെ.എം മറുപടി ലഭ്യമാക്കിയിട്ടില്ലെന്നും 2016-17 വർഷം ഐ.കെ.എം ന് നൽകാനുള്ള വിഹിതത്തിൽ നിന്നും തുക ഈടാക്കുന്നതാണെന്നും അറിയിച്ചു. തുടർന്ന് 2012-13 വർഷത്തിൽ നൽകിയ മുൻകൂർ തുകയായ 9 ലക്ഷം രൂപയും ആയതിന് 18% പലിശയും (4,86,000/-രൂപ) അടക്കം 13,86,000/- രൂപ ബർത്തിയാക്കി നഗരസഭയുടെ തനത് ഫണ്ടിൽ അടച്ചു.

ജി.ഒ(പി)177/2006/ധനം തീയതി.12.04.06 ഖണ്ഡിക 10.3 പ്രകാരം മുൻവർഷങ്ങളിൽ പിൻവലിച്ചതും ചെലവഴിക്കപ്പെടാത്തതുമായ വികസന ഫണ്ട് തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടക്കാത്തത് സംബന്ധിച്ച് നൽകിയ 29.07.2017 ലെ 44/2016-17 നമ്പർ ഓഡിറ്റ് ഒബ്ജക്ഷന് മറുപടി ലഭ്യമാക്കിയിട്ടില്ല. വികസന ഫണ്ടിൽ നിന്നും ബർത്തിയാക്കി തനതുഫണ്ടിൽ സൂക്ഷിച്ച 13,86,000/- രൂപ എത്രയും വേഗം കൺസോളിഡേറ്റഡ് ഫണ്ടിൽ അടയ്ക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. 13,86,000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-6 അടിസ്ഥാന സൗകര്യം ഒരുക്കാതെ ലേലം ചെയ്തതിനാൽ നഗരസഭയ്ക്ക് നഷ്ടം

നഗരസഭ നെല്ലിക്കോട് എന്ന സ്ഥലത്ത് വ്യവസായ വികസനത്തിനായി ഏറ്റെടുത്ത റി.സ.56/2, 57/2 ൽപ്പെട്ട 3 ഏക്കർ സ്ഥലത്തെ 29 പ്ലോട്ടുകൾ 13.12.11 ൽ ലേലം നടത്തി. ഇതിൽ പ്ലോട്ട് നമ്പർ 18 ശ്രീ.ഇസ്മയിൽ, വടക്കെകളത്തിൽ, പയ്യാനക്കൽ, കല്ലായി എന്നയാൾക്ക് പ്രതിവർഷം 1,05,000 രൂപ നിരക്കിൽ ലൈസൻസ് ഫീ നിശ്ചയിച്ച് ലേലത്തിൽ നൽകി. ഇത് 14.02.12 ലെ 117-ാം നമ്പർ തീരുമാനപ്രകാരം കൗൺസിൽ അംഗീകരിച്ചതിനെ തുടർന്ന് 14.12.11 ന് 50,000/- രൂപയും 23.05.12 ന് 55000/- രൂപയും ലേലത്തെ തുടർന്ന് 14.12.11 ന് അടച്ച 50,000/- രൂപയും കൂടി ആകെ 1,05,000 രൂപ നഗരസഭയിൽ അടച്ച് ലൈസൻസിയുമായി 29.03.12 ന് കരാർ വെച്ചു. നഗരസഭയുടെ 20.08.11 ലെ ലേല നിബന്ധനകളിലെ നിബന്ധന (1) പ്രകാരം " വ്യവസായ എസ്റ്റേറ്റിലെ എല്ലാ പ്ലോട്ടുകൾക്കും ഉപയോഗിക്കാവുന്ന വിധം റോഡ് തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ നഗരസഭ ഏർപ്പെടുത്തുന്നുണ്ടെന്ന്" വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പ്രസ്തുത സ്ഥലം ലേലം ചെയ്തു നല്കിയെങ്കിലും ലേല നിബന്ധനയിൽ പറഞ്ഞ പ്രകാരം വ്യവസായ ആവശ്യത്തിന് വേണ്ട മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്താത്തതു കാരണം പ്ലോട്ട് ഏൽപ്പിച്ചു നൽകാൻ കഴിഞ്ഞില്ല. തുടർന്ന് 27.01.14 ന് നഗരസഭാ സെക്രട്ടറിയുടെയും 26.11.14 ന് ബഹു മേയറുടെയും ചേമ്പറിൽ യോഗം ചേരുകയും " പ്ലോട്ട് ഉപയോഗിക്കുന്നതിനായി ഏൽപ്പിച്ചു കൊടുക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടില്ലെന്ന കാരണത്താൽ അടച്ച ലൈസൻസ് ഫീ ഡെപ്പോസിറ്റ് റീഫണ്ട് ചെയ്യേണ്ടി വരികയാണെങ്കിൽ ഉത്തരവാദിത്വം ബന്ധപ്പെട്ട ജീവനക്കാരുടെ ബാധ്യതയായി വരുമെന്നും ഇതു സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിനും" തീരുമാനിച്ചു.

ഇതേ സമയം നഗരസഭ ലേലം ചെയ്തു നൽകിയ സ്ഥലത്ത് 3 വർഷമായിട്ടും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകാത്തതിനാൽ 1,05,000 രൂപ പലിശസഹിതം തിരിച്ചു നൽകാൻ ശ്രീ.ഇസ്മയിൽ നഗരസഭയ്ക്ക് അപേക്ഷ നൽകിയെങ്കിലും ഡെപ്യൂട്ടി സെക്രട്ടറിയുടെ 31.12.14 ലെ A34/151525/12 നമ്പർ കത്തു പ്രകാരം അപേക്ഷ തള്ളിയതായി ലൈസൻസിയെ അറിയിച്ചിട്ടുണ്ട്. തുടർന്ന് ശ്രീ.ഇസ്മയിൽ ബഹു.കോഴിക്കോട് മുൻസിഫ് കോടതി IP മുമ്പാകെ OS63/15 നമ്പറായി കേസ് ഫയൽ ചെയ്തു. ഈ കേസിൽ, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയില്ലെന്ന അന്യായക്കാരന്റെ വാദം അംഗീകരിച്ച് 1,05,000 രൂപയും അന്യായക്കാരൻ ആവശ്യപ്പെട്ട പ്രകാരം 25.05.12 മുതൽ തുക ഈടാക്കുന്നത് വരെ 10% പലിശയും 22,742 രൂപ കോടതി ചെലവും നൽകാൻ 29.03.16 ന് കോടതി വിധിച്ചു. ഈ കോടതി വിധിക്കെതിരെ അപ്പീലിന് സാദ്ധ്യതയില്ലെന്ന് 10.06.16 -ന് നഗരസഭയുടെ സ്റ്റാന്റിംഗ് കൌൺസൽ നൽകിയ നിയമോപദേശത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. തുടർന്ന് 27.07.16 ലെ കൗൺസിലിന്റെ 151-ാം നമ്പർ തീരുമാനപ്രകാരം ശ്രീ.എം.ഇസ്മയിൽ നഗരസഭാ ഫണ്ടിൽ അടച്ച 1,05,000 രൂപയും 10% പലിശയായ (25.05.12 മുതൽ 22.01.15 വരെ) 27,990 രൂപയും നൽകാൻ തീരുമാനിച്ചെങ്കിലും തുക നൽകിയില്ല. കോടതി വിധി പ്രകാരമുള്ള തുക ലഭിയ്ക്കാത്തിനെ തുടർന്ന് വിധിയുടമ EP164/16 നമ്പറായി കോഴിക്കോട് മുൻസിഫ് കോടതി IP യിൽ 15.10.16 ന് വിധി നടത്തൽ ഹരജി ഫയൽ ചെയ്തു. തുടർന്ന് 1,32,990 രൂപ മേൽ പരാമർശിച്ച കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ (ചെക്ക് നം.348304 dt.02.12.16 Vr.No.21604653, 21604654, 21604655/2.12.16) വിധിയുടമയ്ക്ക് നൽകി. എന്നാൽ 27.07.16 ലെ കൌൺസിൽ തീരുമാനത്തിൽ 22,742 രൂപ കോടതി ചെലവ് നൽകുന്നതിന് തീരുമാനമെടുത്തിട്ടില്ലാത്തതിനാൽ പിന്നീട് കൗൺസിൽ തീരുമാനമെടുത്ത് 23.07.17 ന് 22,742 രൂപ (ചെക്ക് നം.902586/23.07.17) നൽകി. വിധിയുടമ ഫയൽ ചെയ്ത വിധി നടത്തൽ ഹരജിയിൽ പറയുന്ന പ്രകാരമുള്ള പലിശയും വിധി നടത്തിപ്പ് ചെലവും നൽകാൻ വിധിയായിട്ടുണ്ടെന്നും ബാക്കി തുക കൂടി അനുവദിയ്ക്കണമെന്നും കക്ഷി നേരിട്ട് അറിയിച്ചതായി നോട്ട്ഫയലിൽ കാണുന്നു. നഗരസഭ സ്റ്റാന്റിംഗ് കൗൺസിലിന്റെ കത്തിൽ 20,874 രൂപ കൂടി വിധിയുടമയ്ക്ക് നൽകണമെന്ന് അറിയിച്ചതിനെതുടർന്ന് 20,874 രൂപ (ചെക്ക് നം.0396730/18.07.17) രൂപ കൂടി നൽകി വിധിയുടമയ്ക്ക് ആകെ 1,76,606 (1,32,990+22,742+20,874) രൂപ നൽകിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. <u>നഗരസഭ ലേല വ്യവസ്ഥ പാലിച്ചില്ല.</u>

   ലേല നിബന്ധനയിലെ വ്യവസ്ഥ പ്രകാരം പ്ലോട്ടിലേക്കുള്ള റോഡ്, തുടങ്ങിയ അനുബന്ധ സൌകര്യങ്ങൾ നഗരസഭ ഒരുക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ലേലം കഴിഞ്ഞ് 3 വർഷത്തിനു ശേഷവും മേൽ പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞില്ല. അടിസ്ഥാന സൗകര്യം ഒരുക്കുന്നതിൽ നഗരസഭയ്ക്ക് വീഴ്ച വന്നതിനാലാണ് ലൈസൻസി നൽകിയ കേസിൽ നഗരസഭയ്ക്ക് എതിരായി വിധി ഉണ്ടായത്. റോഡ് ഉൾപ്പടെ ലേല നിബന്ധനകൾ പ്രകാരം നൽകേണ്ടതായ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനു മുമ്പേ ലേലം ചെയ്തത് നഗരസഭയുടെ ഭാഗത്തുള്ള വീഴ്ചയാണ്. ലേല നിബന്ധനകൾ

പാലിക്കാത്തതിനാൽ ലൈസൻസിക്ക് കോടതി വിധി പ്രകാരം 71,606 രൂപ (27990+22742+20874) (പലിശ+കോടതി ചെലവ്) നൽകേണ്ടി വന്നു.

2. <u>കോടതി ഉത്തരവ് നടപ്പാക്കുന്നതിൽ കാലതാമസം</u>

ബഹു.കോഴിക്കോട് മുൻസിഫ് കോടതി I P യുടെ 29.03.16 ലെ വിധിപ്രകാരം, അപ്പീലിന് സാധ്യതയില്ലാത്ത സാഹചര്യത്തിൽ അന്യായക്കാരന് ഉടൻ തന്നെ തുക നൽകേണ്ടതായിരുന്നു. എന്നാൽ കോടതി വിധി വന്ന് 7 മാസങ്ങൾ കഴിഞ്ഞിട്ടും വിധി തുക ലഭിക്കാത്തതിനെ തുടർന്നാണ് വിധിയുടമ വിധി നടത്തൽ ഹരജി ഫയൽ ചെയ്തത്. അതു കൊണ്ടുതന്നെ ആ കാലതാമസം വന്ന സമയത്തേക്കുകൂടി വിധിയുടമയ്ക്ക് ആ കാലയളവിലേക്കുള്ള 1,05,000 രൂപയുടെ പലിശയും വിധി നടത്തൽ ഹരജിയിലെ കോടതി ചെലവും അധികമായി നൽകേണ്ടി വന്നു. നഗരസഭയുടെ സ്റ്റാന്റിംഗ് കൗൺസലിന്റെ നിയമോപദേശം (10.06.16 ലെ നിയമോപദേശം) ലഭിച്ച ഉടൻ വിധി തുക നൽകിയിരുന്നുവെങ്കിൽ ആ കാലയളവിലേക്ക് പലിശയും കോടതി ചെലവും നൽകുന്നതെങ്കിലും ഒഴിവാക്കാമായിരുന്നു. എന്നാൽ ഇതിൽ നഗരസഭ വീഴ്ച വരുത്തി.

നഗരസഭ യഥാസമയം അടിസ്ഥാന സൌകര്യങ്ങൾ ഒരുക്കാതെ ലേലം നടത്തുകയും അതിനുശേഷവും ലേല വ്യവസ്ഥ നടപ്പിലാക്കുന്നതിൽ വീഴ്ച വരുത്തുകയും ചെയ്തതിനാൽ 71,606 രൂപ നഗരസഭാ ഫണ്ടിൽ നിന്നും നഷ്ടപ്പെടാൻ ഇടയായി. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസിക്ക് നൽകിയ 71,606 രൂപ, അടിസ്ഥാന സൗകര്യം ഒരുക്കാതെ ലേലം ചെയ്ത നഗരസഭാ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-7 നാഗ്ജി ഫുട്ബോൾ ടൂർണ്ണമെന്റ് - ശുചീകരണ, വൈദ്യുതി ചെലവുകൾ നഗരസഭ വഹിച്ചതും, മറ്റപാകതകളും

ഫയൽ നമ്പർ - എ 36/8524/16

എഫ് 8/9029/16

ഇ .ജി11/59022/15

2016 ഫെബ്രുവരി 5 മുതൽ 21 വരെ തിയ്യതികളിൽ നടന്ന സേട്ട് നാഗ്ജി ഫുട്ബോൾ ടൂർണ്ണമെന്റ് നടത്തുന്നതിനായി കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ഇ.എം.എസ്. സ്റ്റേഡിയം കോഴിക്കോട് ജില്ലാ ഫുട്ബോൾ അസോസിയേഷന് അനുവദിച്ചിട്ടുണ്ട്. ടൂർണ്ണമെന്റ് ആരംഭിക്കുന്നതിനു മുമ്പുതന്നെ കോഴിക്കോട് ജില്ലാ ഫുട്ബോൾ അസോസിയേഷൻ സെക്രട്ടറി 09.01.2016 ലെയും, 01.02.2016 ലെയും വിവിധ കത്തുകൾ മുഖേന ഈ ടൂർണ്ണമെന്റിനെ വിനോദ നികുതിയിൽ നിന്നും ഒഴിവാക്കുന്നതിന് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്യുന്നതിനും, ടൂർണ്ണമെന്റിനായി സ്റ്റേഡിയം സൗജന്യമായി അനുവദിക്കുന്നതിനും അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ സ്റ്റേഡിയം പ്രതിദിനം 15,000 രൂപ നിരക്കിൽ വാടകയും, ഡെപ്പോസിറ്റായി 1,50,000 രൂപയും ഈടാക്കി നൽകാൻ ബഹു.മേയർ 03.02.2016 ന് ഉത്തരവാക്കുകയും, അതേ തിയ്യതിയിലെ എ 36/8524/16 കത്ത് മുഖേന ആയത് കെ.ഡി.എഫ്.എ. യെ അറിയിക്കുകയും ചെയ്തു. ഫയൽ നം എ 36/8524/16 ൽ

01.02.2016 ലെ സെക്രട്ടറിയുടെ കുറിപ്പിൽ ഇ.എം.എസ്. സ്റ്റേഡിയം പുനരുദ്ധാരണ പ്രവൃത്തികൾക്കായി ദേശീയ -ഗെയിംസ് കമ്മിറ്റിയ്ക്ക് കൈമാറിയിട്ടുണ്ടെങ്കിലും നാളിതുവരെ തിരികെയേൽപ്പിച്ചിട്ടില്ലെന്നും, അതിനാൽ നാഗ്ജി കമ്മിറ്റിയ്ക്ക് സ്റ്റേഡിയം ഏൽപ്പിച്ചു കൊടുക്കുന്ന കാര്യത്തിൽ ഉചിതമായ തീരുമാനം ആവശ്യമാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ വിഷയത്തിൽ തുടർനടപടികളൊന്നും ഉണ്ടായതായി ഫയലിൽ കാണുന്നില്ല.

തുക അടയ്ക്കാൻ ആവശ്യപ്പെട്ടു നൽകിയ നോട്ടീസിനു മറുപടിയായി കെ.ഡി.എഫ്.എ. സെക്രട്ടറി അറിയിച്ചിരിക്കുന്നത് ഫുട്ബോൾ ടൂർണ്ണമെന്റ് സാമ്പത്തികമായി വിജയിപ്പിക്കാൻ സാധിച്ചില്ലെന്നും, 2015 മാർച്ച് 1 മുതൽ കോർപ്പറേഷൻ സ്റ്റേഡിയം പരിപാലിച്ചു വരുന്നത് കെ.ഡി.എഫ്.എ. ആയതിനാൽ സ്റ്റേഡിയം സൗജന്യമായി അനുവദിച്ചു തരണം എന്നുമാണ്. ഈ വിഷയത്തിൽ 16.02.2016 ന് നേരിൽ ചർച്ച നടത്താൻ ഡെപ്യൂട്ടി സെക്രട്ടറിയുടെ കത്തു മുഖേന അറിയിക്കുകയും, ചർച്ചയിൽ പ്രതിദിന വാടക 5000 രൂപ നിരക്കിലും, ഡെപ്പോസിറ്റ് ഇല്ലാതെയും നൽകാൻ തീരുമാനമായി. തുക അടക്കാൻ 25.02.2016 ൽ അറിയിപ്പ് നൽകുകയും 05.04.2016 ലെ 11602500021 രസീതു മുഖേന 85,000/- രൂപ കോർപ്പറേഷനിൽ അടവാക്കുകയും ചെയ്തു. ഈ വിഷയവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഫയൽ നം.എഫ്8/9029/16 പ്രകാരം 84,448/- രൂപ ടൂർണ്ണമെന്റ് നടന്ന തിയ്യതികളിൽ സ്റ്റേഡിയവും, പരിസരങ്ങളും വൃത്തിയാക്കുന്നതിനായി 224 തൊഴിലാളികൾക്ക് 377/- രൂപ നിരക്കിൽ അനുവദിച്ചതായി കാണുന്നു(വൗച്ചർ നം.21600545/13.05.2016, ചെക്ക് നം.986737/10.05.2016). കോഴിക്കോട് ജില്ലാ ഫുട്ബോൾ അസോസിയേഷൻ സെക്രട്ടറിയുടെ 20.01.2016, 28.01.2016 എന്നീ തിയ്യതികളിലെ അപേക്ഷ പരിഗണിച്ച്, 30.01.2016 ൽ മേയർ മുൻകൂർ അനുമതി നൽകുകയും, സർക്കിൾ 17 ലെ ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പ്രസ്തുത പ്രവൃത്തി നടത്തുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലാ ഫുട്ബോൾ അസോസിയേഷന്റെ നേതൃത്വത്തിൽ നടന്ന ടൂർണ്ണമെന്റിന്റെ ശുചീകരണ പ്രവൃത്തികൾ (ഓരോ മത്സരവും കഴിയുമ്പോഴും സ്റ്റേഡിയവും പരിസരവും വൃത്തിയാക്കുന്നത്)കോർപ്പറേഷന്റെ ചെലവിൽ നടത്തികൊടുത്തത് എന്തിനാണെന്ന് വ്യക്തമല്ല. കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള വിവിധ സ്ഥലങ്ങൾ/ഹാളുകൾ വാടകയ്ക്ക് നൽകുമ്പോൾ സർവ്വീസ് ചാർജ്ജ് കൂടി ഈടാക്കുന്നുണ്ട്. എന്നാൽ ഈ സംഗതിയിൽ ഇത്തരത്തിൽ കോർപ്പറേഷനിൽ തുകയൊന്നും ലഭിച്ചിട്ടില്ല. വളരെ തുച്ഛമായ നിരക്കിൽ സ്റ്റേഡിയം അനുവദിച്ചതിനു പുറമേ ശുചീകരണ ചെലവുകൂടി വഹിച്ചത് കോർപ്പറേഷന്റെ സാമ്പത്തിക താല്പര്യങ്ങൾക്ക് വിരുദ്ധമാണ്.

2. ഫയൽ നം.ഇ.ജി11/59022/15 പ്രകാരം 2016 ഫെബ്രുവരി മാസത്തിൽ സ്റ്റേഡിയത്തിന്റെ വൈദ്യുതി ചാർജ്ജ് 1,13,355/- രൂപയാണ്. എല്ലാ മാസവും ശരാശരി 40,000/- രൂപ വൈദ്യുതി ചാർജ്ജ് വരുന്നിടത്ത് കൂടിയ തുക വന്നതു ടൂർണ്ണമെന്റിന്റെനായി ഫ്ലഡ് ലൈറ്റുകൾ ഉപയോഗിച്ചതു മൂലമാണെന്ന് ഫയലിൽ നിന്ന് വ്യക്തമാണ്. ഇത്തരത്തിൽ അധികം വന്ന തുക ടൂർണ്ണമെന്റ് കമ്മിറ്റിയിൽ നിന്നും ഈടാക്കാൻ 16.03.2016 ൽ ബഹു.മേയർ ഉത്തരവിട്ടിട്ടുണ്ട്. 17.03.2016 ന് ഡെപ്യൂട്ടി സെക്രട്ടറി വൈദ്യുതി ബിൽ സമയപരിധിക്കുള്ളിൽ അടവാക്കാനും, തുടർനടപടികൾ വീഴ്ച കൂടാതെ സമയബന്ധിതമായി

നടപടി സ്വീകരിച്ച് തുക കമ്മിറ്റിയിൽ നിന്നും ഈടാക്കാനും നിർദ്ദേശിച്ചു. വൗച്ചർ നം.21506197/18.03.2016, ചെക്ക് നം.863507/17.03.2016 പ്രകാരം വൈദ്യുതിബിൽ നഗരസഭ അടവാക്കിയെങ്കിലും നാളിതു വരെ പ്രസ്തുത തുക ടൂർണ്ണമെന്റ് കമ്മിറ്റിയിൽ നിന്ന് ഈടാക്കുന്നതിന് നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. 11.04.2016 ൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ ഇ.ജി11/59022/15 നമ്പർ കത്തു മുഖേന റവന്യൂ ഓഫീസറോട് ടൂർണ്ണമെന്റ് കമ്മിറ്റിയ്ക്ക് സ്റ്റേഡിയം കൈമാറുമ്പോൾ നടത്തിയ നടപടികളെക്കുറിച്ച് ആരാഞ്ഞിരുന്നു. ആയതിന് റവന്യൂ ഓഫീസർ 03.05.2016 ന് നൽകിയ മറുപടി, ദേശീയ ഗെയിംസ് നടത്തിപ്പിന്റെ നവീകരണ പ്രവൃത്തികൾക്കായി സ്റ്റേഡിയം സ്പോർട്സ് കൗൺസിലിന് കൈമാറിയിരുന്നെങ്കിലും നാളിതു വരെ തിരികെ ഏൽപ്പിച്ചിട്ടില്ലെന്നും, അതുകൊണ്ടു തന്നെ നാഗ്ജി മത്സരത്തിനായി സ്റ്റേഡിയം രേഖാമൂലം റവന്യൂ വിഭാഗത്തിൽ നിന്നും അനുവദിച്ചിട്ടില്ല എന്നുമാണ്. യാതൊരു നിബന്ധനകളുമില്ലാതെ സ്റ്റേഡിയം അനുവദിച്ചതിനാൽ അധികമായി വന്ന വൈദ്യുതി ചാർജ്ജ് ഈടാക്കുന്നതെങ്ങനെയെന്ന് വ്യക്തമല്ല.

3. വൻതുക വായ്പയെടുത്ത് നിർമ്മിച്ച സ്റ്റേഡിയം വിവിധ ആവശ്യങ്ങൾക്കായി അനുവദിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ പ്രത്യേകമായി കോർപ്പറേഷനിൽ തയ്യാറാക്കിയിട്ടില്ല. ഓരോ ആവശ്യങ്ങൾക്കായി വ്യക്തികൾ /സ്ഥാപനങ്ങൾ /ഏജൻസികൾ സമീപിക്കുമ്പോൾ അതതു സമയം കൗൺസിൽ നിർദ്ദേശപ്രകാരം നിബന്ധനകൾ തയ്യാറാക്കുകയാണ് ചെയ്യുന്നത്. 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം, വകുപ്പ് 215 ഉപവകുപ്പ് (3) പ്രകാരം മേൽ രീതിയിൽ നഗരസഭയുടെ ആസ്തികൾ വിവിധ ഉപയോഗത്തിനായി വിട്ടു കൊടുക്കുമ്പോൾ ആയതിന്റെ വ്യവസ്ഥകളും, നിബന്ധനകളും, ഫീസ് നിരക്കും, കാലയളവും കൃത്യമായി ഉൾപ്പെടുന്ന രീതിയിൽ എഴുതി തയ്യാറാക്കി (ഉചിതമായ മൂല്യത്തിലുള്ള മുദ്രപത്രത്തിൽ)കരാർ ചമക്കേണ്ടതാണ്. എന്നാൽ മേൽ ആവശ്യത്തിനു കോർപ്പറേഷന്റെ ആസ്തികളിൽ സുപ്രധാനമായ സ്റ്റേഡിയം വിട്ടു നൽകിയിരിക്കുന്നത് യാതൊരു നിബന്ധനകളും/കരാറും വയ്ക്കാതെയാണ്. 2015 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നടന്ന ദേശീയ ഗെയിംസിനു ശേഷം നാളിതുവരെയായിട്ടും സ്റ്റേഡിയം കോർപ്പറേഷൻ തിരികെ ഏറ്റെടുക്കാത്തതെന്തുകൊണ്ടാണെന്ന് വിശദീകരിക്കേണ്ടതാണ്.

4. മത്സര കമ്മിറ്റി നഗരകാര്യ, ന്യൂനപക്ഷക്ഷേമ വകുപ്പ് മന്ത്രിയ്ക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ഈ മത്സരത്തിനെ വിനോദനികുതിയിൽ നിന്നും ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഈ വിഷയത്തിൽ കൗൺസിലിന്റെ തീരുമാനം ഫയലിലെവിടേയും രേഖപ്പെടുത്തിയിട്ടില്ല. 04.02.2016 ലെ ഡെപ്യൂട്ടി സെക്രട്ടറിയുടെ ഉത്തരവുപ്രകാരം 72 ഓളം ജീവനക്കാരെ നികുതിയിളവ് ലഭിച്ചത് പരിശോധിക്കാൻ (ടിക്കറ്റ് പരിശോധന)ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ഒരു ജീവനക്കാരന്റേയും പരിശോധന റിപ്പോർട്ട് ഫയലിലില്ല.

മുകളിൽ വിവരിച്ച രീതിയിൽ നഗരസഭയുടെ ആസ്തി ടൂർണ്ണമെന്റിനായി വിട്ടുകൊടുത്ത ഇനത്തിൽ ആകെ വരവുണ്ടായിട്ടുള്ളത് 85,000 രൂപ മാത്രമാണ്. എന്നാൽ ടൂർണ്ണമെന്റിന്റെ

ശുചീകരണ വൈദ്യുതി ചാർജ്ജ് ആവശ്യങ്ങൾക്ക് നഗരസഭ രണ്ടു ലക്ഷത്തോളം രൂപ ചെലവഴിച്ചിരിക്കുന്നു. ടൂർണ്ണമെന്റ് ഭാരവാഹികൾ ചുമക്കേണ്ട മേൽ ചെലവുകൾ നഗരസഭ വഹിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭിച്ചില്ല. നഗരസഭയുടെ സാമ്പത്തിക താൽപര്യങ്ങൾ പാലിക്കും വിധം ചെലവുകൾ നടത്താത്തതിന് വിശദീകരണം നൽകേണ്ടതാണ്. സ്റ്റേഡിയം കൈമാറുമ്പോൾ ചെയ്യേണ്ട കരാർ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ യഥാസമയം ചെയ്യാത്തതു മൂലം കോർപ്പറേഷൻ ചെലവാക്കേണ്ടി വന്ന തുക, ( ശുചീകരണ വൈദ്യുതി ചാർജ്ജിനത്തിൽ ) ആയതിന് ഉത്തരവാദികളാരെന്ന് കണ്ടെത്തി അവരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 കൈവശാവകാശ സർട്ടിഫിക്ക് ഹാജരാക്കാതെ പെർമിറ്റ് നൽകി

ഫയൽ നമ്പർ .ടി.പി6/123736/14, ടി.പി6/34947/13

കോഴിക്കോട് നഗരസഭ റവന്യൂവാർഡ് 26 ൽ റിസർവ്വെ 15/1, 15/2, 15/3, 15/5A, 16/3, 16/4, 21/1 ൽ പ്പെട്ട 204 സെന്റ് സ്ഥലത്ത് $8688.83m^2$ വിസ്തീർണ്ണമുള്ള വാണിജ്യ ആവശ്യത്തിനായുള്ള കെട്ടിടം നിർമ്മിക്കുന്നതിന് 21.01.14 ന് (ഫയൽ നം.ടി.പി6/34947/13) സൂപ്രണ്ടിംഗ് എഞ്ചിനീയർ അനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത സ്ഥലത്ത് വാണിജ്യ കെട്ടിടത്തിനു പകരം $21815.13\ m^2$ വിസ്തീർണ്ണമുള്ള ആശുപത്രി കെട്ടിടമായി നിർമ്മാണം നടത്തുന്നതിന് 14.11.14 ന് (ഫയൽ നം.ടി.പി6/123736/14) ശ്രീ.ജമാലുദ്ദീൻ ലബ്ബ, ശ്രീ. റഹീം ഫസൽ ഗഫൂർ എന്നിവർ പുതുക്കിയ പ്ലാനോടുകൂടി അപേക്ഷ സമർപ്പിച്ചു. എന്നാൽ പ്രസ്തുത സ്ഥലം ടൗൺ പ്ലാനിംഗ് സ്കീം പ്രകാരം റസിഡൻഷ്യൽ സോൺ ആയതിനാൽ മേഖലാ നിയന്ത്രണം പാലിക്കാത്തതുകൊണ്ട് 07.02.15 ന് അപേക്ഷ നിരസിച്ചു. ഇതിനെതിരെ അപേക്ഷകർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ട്രിബ്യൂണൽ മുമ്പാകെ 212/15 നമ്പറായി അപ്പീൽ ഫയൽ ചെയ്യുകയും 17.06.15 ന് അനുകൂല വിധി സമ്പാദിക്കുകയും ചെയ്തു. തുടർന്ന് വീണ്ടും അപേക്ഷ സമർപ്പിച്ചു.

കെട്ടിടം നിർമിക്കുന്ന സ്ഥലം "നഞ്ച" വിഭാഗത്തിൽപ്പെടുന്നതായി വളയനാട് വില്ലേജ് ഓഫീസർ നൽകിയ സർട്ടിഫിക്കറ്റു സഹിതം പരാതി ലഭിച്ചതിനെ തുടർന്ന് കെട്ടിടനിർമ്മാണാനുമതി നൽകിയ ഫയൽ പരിശോധിച്ചതിൽ കക്ഷികൾ കൈവശാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കിയതായി കാണുന്നില്ലെന്ന് 31.01.15 ന് ഓവർസിയർ റിപ്പോർട്ട് ചെയ്തു. തുടർന്ന് ഭൂമിയുടെ തരം നിലം ആണോ എന്ന് അറിയിക്കുന്നതിനായി വളയനാട് വില്ലേജ് ഓഫീസർക്ക് കത്തു നൽകാൻ 17.11.16 ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ നിർദ്ദേശിച്ചെങ്കിലും യഥാസമയം കത്തു നൽകിയില്ല. പിന്നീട് 29.11.16 ന് പെർമിറ്റ് റദ്ദാക്കാൻ നോട്ടീസ് നൽകുന്നതിന് നഗരസഭാ സെക്രട്ടറി ഉത്തരവിട്ടു. ഇതിനെതുടർന്ന് 15 ദിവസത്തിനുള്ളിൽ കൈവശാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതിനും അല്ലാത്തപക്ഷം അനുമതി റദ്ദാക്കുന്നതാണെന്നും അതുകൊണ്ട് ഇപ്പോൾ പുതുക്കി സമർപ്പിച്ച അപേക്ഷ പരിഗണിക്കാനാവില്ലെന്നും കാണിച്ച് കക്ഷികൾക്ക് 30.11.16 ന് സെക്രട്ടറി നോട്ടീസ് അയച്ചു. ആയതിന് 30.12.16 ന് കക്ഷികൾ മറുപടി നൽകിയെങ്കിലും കൈവശാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല. തുടർന്ന് മറുപടി തൃപ്തികരമല്ലാത്തതിനാൽ കക്ഷികൾക്ക് നോട്ടീസ് അയച്ച് നേരിൽ കേൾക്കുന്നതിന് 06.02.17 ന് സെക്രട്ടറി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും സൂപ്രണ്ടിംഗ് എഞ്ചിനീയർ

ഹിയറിംഗ് നടത്തുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചെയ്തു. ഇതുപ്രകാരം കക്ഷികൾക്ക് നോട്ടീസ് നൽകുകയും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (SZ) ചുമതല വഹിക്കുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (SZ) 26.04.17 ന് കക്ഷികൾ ചുമതലപ്പെടുത്തിയ ശ്രീ.സി.ടി.സക്കീർ ഹുസ്സയിൻ എന്നയാളെ നേരിൽ കേട്ട് മൊഴി രേഖപ്പെടുത്തിയിട്ടുമുണ്ട്. (ഇതിൽ ഹിയറിംഗ് നടത്തിയ ഉദ്യോഗസ്ഥനായ അസി.എക്സി.എഞ്ചിനീയർ (SZ) പേരെഴുതി ഒപ്പു വെച്ചിട്ടില്ല). തുടർന്ന് മറുപടി തൃപ്തികരമാണെന്നും പെർമിറ്റ് റദ്ദാക്കുന്നതിന് മുമ്പായി നൽകിയ നോട്ടീസുമായി മുന്നോട്ടു പോകേണ്ടെന്നും നോട്ടീസ് റദ്ദാക്കാവുന്നതാണെന്നും ഹിയറിംഗ് നടത്തിയ അസിസ്റ്റന്റ് എക്സി.എഞ്ചിനീയർ (SZ) (എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇൻ ചാർജ്ജ്) നോട്ട് ഫയലിൽ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്ന് 09.06.17 ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ ഈ അഭിപ്രായം ശരിവെച്ചതിനാൽ 17.07.17 ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ടി.പി. 6/123736/14 നമ്പർ ഉത്തരവ് പ്രകാരം 30.11.16 ന് സെക്രട്ടറി നൽകിയ നോട്ടീസ് റദ്ദാക്കി. കക്ഷികൾ 30.12.16 ന് നൽകിയ മറുപടി തന്നെയാണ് ഹിയറിംഗ് സമയത്തും നൽകിയത്. തുടർന്ന് 21.01.14 ൽ നൽകിയ പെർമിറ്റ് റദ്ദാക്കാനുള്ള നടപടികൾ അവസാനിപ്പിച്ചു. (പെർമിറ്റ് നൽകിയതുമായി ബന്ധപ്പെട്ട ടി.പി.6/34947/13 നമ്പർ ഫയൽ, നോട്ട് ഫയൽ ഉൾപ്പെടെ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.) തുടർന്ന് ട്രിബ്യൂണൽ വിധിയുടെ പകർപ്പ് സഹിതം കക്ഷികൾ നൽകിയ അപേക്ഷ ചീഫ് ടൗൺ പ്ലാനർക്ക് അംഗീകാരത്തിന് അയയ്ക്കുകയും 14.08.17 ന് D1/11992/2016 DDS പ്രകാരം ചീഫ് ടൗൺ പ്ലാനർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഇതേ സമയം നിയമം ലംഘിച്ച് കെട്ടിടനിർമ്മാണം നടത്തുന്നുവെന്നും ഇത് തടയണമെന്നും കാണിച്ച് ശ്രീ.ടി.കെ. അബ്ദുൾ കരീം, പ്രൊഫ. ഷെയ്ഖ് മുഹമ്മദ് എന്നിവർ 04.02.17 ന് നഗരസഭയ്ക്ക് പരാതി നൽകിയതായും അതിൽ നടപടി സ്വീകരിക്കാത്തതിനെ തുടർന്ന് കക്ഷികൾ ബഹു.ഹൈക്കോടതിയിൽ WP(c) 5111/17 നമ്പ്രായി കേസ് ഫയൽ ചെയ്തതായും കാണുന്നു. ഈ കേസിൽ കെട്ടിനിർമ്മാണ പെർമിറ്റ് റദ്ദാക്കാൻ നോട്ടീസ് നൽകിയതായി കാണിച്ച് 01.04.17 തീയതിയായി വസ്തുതവിവരണ പത്രിക സെക്രട്ടറി ഒപ്പു വച്ചിട്ടുണ്ട്. കേസ് സംബന്ധിച്ച തുടർ നടപടികൾ ഫയൽ പ്രകാരം ലഭ്യമല്ല.

ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. കൈവശാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കാതെ പെർമിറ്റ് നൽകി.

   കെട്ടിട നിർമ്മാണം "നഞ്ച" ഭൂമിയിലാണെന്ന് പരാതി ലഭിച്ചതിനെ തുടർന്ന് പരിശോധിച്ചതിൽ വാണിജ്യ ആവശ്യത്തിനായി 21.01.14 ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ ഒപ്പിട്ടു നൽകിയ പെർമിറ്റ് ($8688.83m^2$) നൽകിയ ടി.പി.6/34947/13 നമ്പർ ഫയലിൽ കൈവശാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലെന്ന് 30.01.15 ന് ഓവർസിയർ റിപ്പോർട്ട് ചെയ്തതായി നോട്ട് ഫയൽ പ്രകാരം കാണുന്നു. ഇതിനെ തുടർന്ന് ഭൂമിയുടെ തരം സംബന്ധിച്ച് അറിയിക്കുന്നതിന് വളയനാട് വില്ലേജ് ഓഫീസർക്ക് കത്തു നൽകാൻ 17.11.16 ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ നിർദ്ദേശിച്ചെങ്കിലും ലഭ്യമായില്ല. തുടർന്ന് 29.11.16 ലെ സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം 30.11.16 ന് പെർമിറ്റ് റദ്ദാക്കുന്നതിന് മുമ്പ് വിശദീകരണം ആവശ്യപ്പെട്ട് സെക്രട്ടറി നൽകിയ നോട്ടീസിൽ (ടി.പി6/123736/14 തീയതി.30.11.16)

"വാർഡ് 26 ൽ റീസർവ്വെ 15/1, 2, 3, 5 എ, 16/3, 4, 5, 22/1 ൽ ഉൾപ്പെട്ട സ്ഥലത്ത് ഒരു വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിന് കെട്ടിട നിർമാണാനുമതി നൽകിയിട്ടുണ്ടെന്നും പ്രസ്തുത ഫയൽ പരിശോധിച്ചതിൽ സ്ഥലത്തിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലെന്നും നിർമിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം നിലം ഗണത്തിൽപ്പെട്ടതാണെന്നും കോർപ്പറേഷനെ തെറ്റിദ്ധരിപ്പിച്ചാണ് പെർമിറ്റ് സമ്പാദിച്ചതെന്ന് കാണുന്നതായും ആയതിനാൽ സ്ഥലത്തിന്റെ തരം രേഖപ്പെടുത്തിക്കൊണ്ടുള്ള കൈവശാവകാശ സർട്ടിഫിക്കറ്റ് 15 ദിവസത്തിനകം ഹാജരാക്കുന്നതിന് താങ്കളെ ഇതിനാൽ അറിയിക്കുന്നുവെന്നും വീഴ്ച വരുത്തുന്ന പക്ഷം താങ്കൾക്ക് നൽകിയിട്ടുള്ള കെട്ടിട നിർമ്മാണാനുമതി റിവോക്ക് ചെയ്യുന്നതാണെന്നുള്ള വിവരവും അറിയിക്കുന്നു" എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതുകൊണ്ടു തന്നെ 21.01.14 ന് കെട്ടിടനിർമ്മാണാനുമതി നൽകിയ ടി.പി6/34947/13 നമ്പർ ഫയൽ പരിശോധിച്ചതിൽ കൈവശാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലെന്ന വസ്തുത വ്യക്തമാണ്. ഭൂമിയുടെ തരം രേഖപ്പെടുത്തിയ കൈവശാവകാശ സർട്ടിഫിക്കറ്റ് ഇല്ലാതെ കെട്ടിടനിർമ്മാണാനുമതി നൽകിയത് ഗുരുതര വീഴ്ചയാണ്. ഇത് പ്രാഥമികമായി പരിശോധിക്കേണ്ട ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്ക് മുതൽ ഫയൽ പരിശോധിച്ച് പെർമിറ്റ് ഒപ്പിട്ട് നൽകിയ സൂപ്രണ്ടിംഗ് എഞ്ചിനീയർ വരെയുള്ള ഉദ്യോഗസ്ഥർ ഇക്കാര്യം പരിശോധിക്കേണ്ടതായിരുന്നുവെങ്കിലും ആയത് ചെയ്യാതെ വീഴ്ച വരുത്തി. പരാതിയെ തുടർന്ന് ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടും ഇത്രയും ഗുരുതരമായ വീഴ്ച വരാനിടയായ സാഹചര്യം പരിശോധിച്ച് കുറ്റക്കാർക്കെതിരെ യാതൊരു നടപടിയും സ്വീകരിച്ചില്ല.

2. <u>സെക്രട്ടറിയുടെ അനുമതിയില്ലാതെ പെർമിറ്റ് റദ്ദാക്കാനുള്ള നടപടികൾ അവസാനിപ്പിച്ചു.</u>

പരാതിയെതുടർന്ന് 21.01.14 ന് നൽകിയ പെർമിറ്റ് റദ്ദാക്കുന്നതിന് നോട്ടീസ് നൽകാൻ 29.11.16 ന് സെക്രട്ടറി നിർദ്ദേശിച്ചതു പ്രകാരം 15 ദിവസത്തിനകം ഭൂമിയുടെ തരം രേഖപ്പെടുത്തിയ കൈവശാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് സെക്രട്ടറി ഒപ്പു വെച്ച നോട്ടീസ് 30.11.16 ന് കക്ഷികൾക്ക് നൽകി. തുടർന്ന് കക്ഷികൾ നോട്ടീസിന് 30.12.16 ൽ (1 മാസം കഴിഞ്ഞ്) മറുപടി നൽകിയെങ്കിലും രേഖകൾ ഹാജരാക്കാത്തതിനാലും മറുപടി തൃപ്തികരമല്ലാത്തതിനാലും കക്ഷികളെ നേരിൽ കേൾക്കുന്നതിന് സെക്രട്ടറി 06.02.17 ന് "SE to hear both parties on a convenient date" എന്ന് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് ഹിയറിംഗ് നടത്തുന്നതിന് സൂപ്രണ്ടിംഗ് എഞ്ചിനീയർ എക്സിക്യൂട്ടിവ് എഞ്ചിനീയറെ (SZ) ചുമതപ്പെടുത്തി. ഇതുപ്രകാരം 26.04.17 ന് കക്ഷികളെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (SZ) ചുമതലയുണ്ടായിരുന്ന അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (SZ) നേരിൽ കേൾക്കുകയും "<u>അവർ പറഞ്ഞ കാര്യങ്ങൾ അംഗീകരിക്കാവുന്നതാണെന്നും ഈ സാഹചര്യത്തിൽ 30.11.16 ന് കൊടുത്ത നോട്ടീസ് റദ്ദാക്കാവുന്നതാണെന്നും</u>" 09.06.17 ന് നോട്ട്ഫയലിൽ അഭിപ്രായം രേഖപ്പെടുത്തുകയും ഇത് അന്നു തന്നെ സൂപ്രണ്ടിംഗ് എഞ്ചിനീയർ ശരി വെയ്ക്കുകയും ചെയ്തു. പിന്നീട് ഫയൽ സെക്രട്ടറിയുടെ അംഗീകാരമില്ലാതെ, ഹിയറിംഗ് നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ (SZ) (എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇൻ

ചാർജ്ജ്) 17.07.17 ലെ ടി.പി6/123736/14 നമ്പർ ഉത്തരവ് പ്രകാരം 30.11.16 ൽ സെക്രട്ടറി നൽകിയ നോട്ടീസ് പിൻവലിച്ചു.

ഈ ഉത്തരവിൽ " ഭൂമിയുടെ രേഖകൾ ഹാജരാക്കുന്നതിന് നോട്ടീസ് നൽകിയതിൽ താങ്കൾ സമർപ്പിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ 26.04.17 ന് നേരിൽ കേൾക്കുന്നതിന് അവസരം നൽകിയതിൽ പ്രസ്തുത സ്ഥലത്തിൽ 40 ഓളം വീടുകൾ നിലനിന്നിരുന്നതായും കോഴിക്കോട് നഗരത്തിന്റെ ഹൃദയഭാഗമായ മീഞ്ചന്ത അരയിടത്തുപാലം മിനി ബൈപ്പാസ് റോഡ് കടന്നു പോകുന്നതിനാലും തദ്ദേശസ്വയംഭരണ വകുപ്പ് 22.12.16 ന് ഇറക്കിയ സർക്കുലറിൽ ഡാറ്റാബാങ്ക്/കരട് ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്തതുമായ സ്ഥലങ്ങളിൽ പുതിയ കെട്ടിടം നിർമിക്കാൻ അനുമതി നൽകാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും മേൽ മൊഴിയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ 30.11.16 ലെ നോട്ടീസ് പിൻവലിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നുവെന്നും" വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇതേ കാരണങ്ങളാണ് 30.12.16 ന് നൽകിയ മറുപടിയിലും അറിയിച്ചത്. ആ മറുപടി തൃപ്തികരമല്ലാത്തതിനെ തുടർന്നാണ് നേരിൽ കേൾക്കാൻ സെക്രട്ടറി നിർദ്ദേശിച്ചത്. എന്നാൽ 30.11.16 ന് നൽകിയ നോട്ടീസിൽ 15 ദിവസത്തിനകം ഭൂമിയുടെ തരം രേഖപ്പെടുത്തിയ കൈവശാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും ഒരു മാസം കഴിഞ്ഞ് നൽകിയ മറുപടിയുടെ കൂടെയോ 26.04.17 ലെ ഹിയറിംഗ് സമയത്തോ ഇത് ഹാജരാക്കിയില്ല. രേഖകൾ 21.03.13 ന് പെർമിറ്റിനുള്ള അപേക്ഷ നൽകിയ സമയത്ത് ഹാജരാക്കിയതാണെന്നും സ്ഥലം ഇപ്പോൾ "Dry Land" ആണെന്നും പെർമിറ്റ് നൽകിയതിന്റെ അടിസ്ഥാനത്തിൽ കോടിക്കണിനു രൂപ ചെലവഴിച്ചതായും പ്രസ്തുത സ്ഥലത്ത് 40 ഓളം വീടുകൾ നിലനിന്നിരുന്നതായും ഹിയറിംഗിൽ മൊഴി നൽകിയിട്ടുണ്ട്. എന്നാൽ 30.12.16 ന് നൽകിയ മറുപടിയിൽ 16 വീടുകളുടെ നമ്പർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇക്കാര്യങ്ങൾ നഗരസഭയിലെ രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതായി ഫയലിൽ നിന്നും മനസ്സിലാകുന്നില്ല.

നഗരസഭാ സെക്രട്ടറി നൽകിയ നോട്ടീസിൽ ഭൂമിയുടെ തരം രേഖപ്പെടുത്തിയ കൈവശാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടും ആയത് ഹാജരാക്കാതെ സെക്രട്ടറി നൽകിയ നോട്ടീസ് പിൻവലിക്കാൻ സെക്രട്ടറിയുടെ നിർദ്ദേശമില്ലാതെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (SZ), സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നിവർ തീരുമാനമെടുക്കുകയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (SZ) ഉത്തരവിറക്കുകയും ചെയ്തത് തെറ്റായ നടപടിയാണ്. നഗരസഭാ സെക്രട്ടറി നൽകിയ നോട്ടീസിന്മേൽ ഹിയറിംഗ് നടത്തുന്നതിന് മാത്രമാണ് സെക്രട്ടറി സൂപ്രണ്ടിംഗ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയത്. ഹിയറിംഗ് നടത്തി കക്ഷികൾ നൽകിയ മൊഴി സെക്രട്ടറിക്ക് സമർപ്പിച്ച് ഉത്തരവ് വാങ്ങിയില്ല. സെക്രട്ടറി ഒപ്പിട്ട് നൽകിയ നോട്ടീസ് പിൻവലിക്കുന്നതിനോ/റദ്ദാക്കുവാനോ സെക്രട്ടറിയുടെ രേഖാമൂലമുള്ള നിർദ്ദേശമോ ഉത്തരവോ വാങ്ങാതെ നോട്ടീസ് പിൻവലിച്ച് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉത്തരവിട്ടത് വളരെ ഗൗരവമേറിയ വിഷയമാണ്. നോട്ടീസിൽ സൂചിപ്പിച്ച പ്രകാരമുള്ള കൈവശാവകാശ

സർട്ടിഫിക്കറ്റ് പോലും ഹാജരാക്കാതെ തന്നെ നോട്ടീസ് പിൻവലിച്ചത് പരിശോധിക്കപ്പെടേണ്ടതാണ്.

3. <u>പെർമിറ്റിന് സെക്രട്ടറി അനുമതി നൽകിയ കാര്യം വ്യക്തമല്ല.</u>

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ് നം.3669/RA/1/09/തസ്വഭവ 27.06.10 പ്രകാരം കോർപ്പറേഷനുകളിൽ 2500 ച.മീറ്ററിൽ കൂടുതൽ പ്ലിന്ത് ഏരിയയിലുള്ള കെട്ടിടങ്ങൾക്ക് പെർമിറ്റിനുള്ള അപേക്ഷയും പ്ലാനും കോർപ്പറേഷൻ എഞ്ചിനീയർ/സൂപ്രണ്ടിംഗ് എഞ്ചിനീയർ മുഖേനെ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതും സെക്രട്ടറിയുടെ അനുമതിയോടെ സൂപ്രണ്ടിംഗ് എഞ്ചിനീയർ പെർമിറ്റ് നൽകേണ്ടതുമാണ്.

എന്നാൽ 8688 ച.മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിന് പെർമിറ്റ് നൽകിയത് സൂപ്രണ്ടിംഗ് എഞ്ചിനീയർ ആണ്. ഇങ്ങനെ 21.01.14 ന് നൽകിയ പെർമിറ്റുമായി ബന്ധപ്പെട്ട ഫയൽ (ടി.പി6/34947/13) പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ (പെർമിറ്റ് കോപ്പി ഫയലിൽ ഉണ്ട്) മേൽ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ച് ഉറപ്പുവരുത്താനായിട്ടില്ല.

മേൽ നിർദ്ദേശപ്രകാരം സെക്രട്ടറിയുടെ അനുമതിയോടെയാണ് സൂപ്രണ്ടിംഗ് എഞ്ചിനീയർ പെർമിറ്റ് നൽകിയതെങ്കിൽ കൈവശാവകാശ സർട്ടിഫിക്കറ്റ് ഇല്ലാതെ സെക്രട്ടറി അനുമതി നൽകാൻ ഉത്തരവായ സാഹചര്യവും പരിശോധിക്കപ്പെടേണ്ടതാണ്. സെക്രട്ടറി അംഗീകാരം നൽകാത്ത പക്ഷം മേൽ ഉത്തരവിലെ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

4. <u>നോട്ട് ഫയലിൽ ഉദ്യോഗസ്ഥരുടെ പേര് രേഖപ്പെടുത്തിയിട്ടില്ല.</u>

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 30.10.12 ലെ നം.59177/RA1/13/തസ്വഭവ, 30.12.13 ലെ നം.75419/RA1/13 തസ്വഭവ എന്നീ സർക്കുലറുകളിൽ അനുശാസിക്കും പ്രകാരം ഫയലിലെ എല്ലാ കുറിപ്പുകളുടെയും സാക്ഷ്യപ്പെടുത്തലുകളുടെയും ഉത്തരവുകളുടെയും ചുവടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഫോൺ നമ്പർ എന്നിവ നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഇത് പാലിക്കുന്നില്ല.

ഫയൽ നം.ടി.പി. 6/123736/14 ന്റെ നോട്ട് ഫയലിൽ 30.11.16 ൽ സെക്രട്ടറി പുറപ്പെടുവിച്ച നോട്ടീസിന്മേൽ കക്ഷികളെ നേരിൽ കേൾക്കുന്നതിന് 06.02.17 ന് സെക്രട്ടറി സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയതിനെ തുടർന്ന് ഹിയറിംഗ് നടത്തുന്നതിനായി സൂപ്രണ്ടിംഗ് എഞ്ചിനീയർ സൗത്ത് സോൺ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ ചുമതലയേൽപ്പിച്ച സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പേര്, 26.04.17 ന് ഹിയറിംഗ് നടത്തിയ എക്സിക്യൂട്ടീവ് എഞ്ചിനീയർ (SZ) ന്റെ ചുമതലയുണ്ടായിരുന്ന അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ (SZ) ന്റെ പേര്, 26.04.17 ന് ഹിയറിംഗ് നടത്തുകയും നോട്ടീസ് പിൻവലിക്കാൻ 09.06.17 ന് ശുപാർശ നടത്തുകയും ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (SZ) ന്റെ പേര്, ശുപാർശ 09.06.17 ന് ശരിവെച്ച സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ പേര്, നോട്ടീസ് പിൻവലിച്ച 17.07.17 ലെ ടി.പി. 6/123736/14 നമ്പർ ഉത്തരവ് പുറപ്പെടുവിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

എന്നിവരുടെ പേര് ഫയലിലെ ഓഫീസ് കുറിപ്പിൽ രേഖപ്പെടുത്തിയിട്ടില്ല. ആയത് അടിയന്തരമായി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

5. <u>പാരിസ്ഥിതികാനുമതി ഹാജരാക്കിയിട്ടില്ല.</u>

1999 ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 23-4(a), തദ്ദേശസ്വയംഭരണ (RA) നം.78877/RA1/13 തസ്വഭവ 12.03.14 എന്നിവകൾ പ്രകാരം 20,000 ച.മീ വിസ്തീർണ്ണത്തിൽ കൂടുതലുള്ള കെട്ടിടങ്ങൾക്കും നിർമ്മാണങ്ങൾക്കും മറ്റു പ്രവർത്തനങ്ങൾക്കും മുൻകൂർ പാരിസ്ഥിതികാനുമതി ഹാജരാക്കേണ്ടതാണ്. എന്നാൽ 21815.13 $m^2$ വിസ്തീർണ്ണമുള്ള കെട്ടിട നിർമ്മാണാനുമതിക്കുള്ള അപേക്ഷയിൽ പാരിസ്ഥിതികാനുമതി ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (OS. 77/16-17) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ മറുപടി ലഭ്യമാകാത്ത പക്ഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായി സർക്കാറിലേക്ക് ശുപാർശ ചെയ്യുന്നതാണ്.

### 3-9 നഗരസഭയിൽ നിക്ഷിപ്തമായ തോട് നിയമവിരുദ്ധമായി സ്വകാര്യ വ്യക്തിക്ക് കൈമാറുന്നു <u>ഫയൽ നം. ടി.പി.6/231/16, ടി.പി.6/122148/14</u>

നഗരസഭയിലെ വളയനാട് വില്ലേജിൽ ഉൾപ്പെട്ട (വാർഡ് 24) 1247.29 സെന്റ് സ്ഥലത്ത് 29572.88 ച.മീറ്റർ വിസ്തീർണ്ണമുള്ള ഹോട്ടൽ & കൺവെൻഷൻ സെന്റർ സ്പെഷ്യൽ റെസിഡൻഷ്യൽ & അസംബ്ലി ബിൽഡിംഗ് നിർമിക്കുന്നതിന് ലുലു കൺവെൻഷൻ സെന്റർ ഡയറക്ടർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ലുലു കൺവെൻഷൻ സെന്റർ ഡയറക്ടർ 4.11.14 ന് ബഹു.മേയർക്ക് നൽകിയ കത്തിൽ "ഞങ്ങളുടെ അധീനതയിലുള്ള 12 ഏക്കറോളം വരുന്ന ഭൂമിയിൽ നഗരസഭയുടെ അധീനതയിലുള്ളതും എന്നാൽ നഗരസഭക്കോ പൊതുജനങ്ങൾക്കോ ഉപയോഗമില്ലാത്തതുമായ കുറച്ച് ഭൂമി മൂന്ന് വ്യത്യസ്ത ഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതായും ഈ സംരഭത്തിന് നഗരസഭയുടെ ഭൂമി ഞങ്ങൾക്ക് ആവശ്യമാണെന്നും പ്രസ്തുത സ്ഥലത്തിനു പകരമായി ഞങ്ങളുടെ സ്ഥലത്തിന്റെ അതിർത്തിയിലൂടെ കടന്നുപോകുന്ന തോട് വീതി കൂട്ടാൻ ആവശ്യമായ തുല്യ അളവിലുള്ള സ്ഥലം കോർപ്പറേഷന് വിട്ടു നൽകാൻ തയ്യാറാണെന്ന്" അറിയിച്ചിട്ടുണ്ട്. ഈ കത്ത് ബഹു.മേയറുടെ നിർദ്ദേശപ്രകാരം 6.11.14 ലെ സ്റ്റിയറിംഗ് കമ്മിറ്റി പരിഗണിക്കുകയും വിഷയം നഗരാസൂത്രണ സമിതിയുടെ പരിഗണനക്കായി വിടുകയും ചെയ്തു.

വളയനാട് വില്ലേജിൽ വാർഡ് 24 ബ്ലോക്ക് 8 ൽ അപേക്ഷ കക്ഷിയുടെ സ്ഥലത്തിന്റെ മധ്യഭാഗത്തു കൂടെ TS നമ്പർ 289 ഭാഗം 13 സെന്റ് വിസ്തീർണ്ണം വരുന്ന തോടും TS നമ്പർ 284 ഭാഗം 6 സെന്റ് വിസ്തീർണ്ണം വരുന്ന പൊതുവഴിയും ഉള്ളതായി കക്ഷി അറിയിച്ചിട്ടുണ്ടെന്നും പ്രസ്തുത സ്ഥലം നഗരസഭയുടെ ഉടമസ്ഥതയിൽ പ്പെട്ടതാണെന്നും നിലവിലെ തോട് വീതി കൂട്ടുന്നതിനായി 22.6 സെന്റ് സ്ഥലം ഇതിന് പകരമായി പരസ്പരം കൈമാറ്റം ചെയ്യാമെന്നും കക്ഷി അറിയിച്ചതായും സ്ഥലത്തിന്റെ സ്കെച്ച് സഹിതം 4.12.14 ന് TS(S) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സ്കെച്ച് പ്രകാരം അപേക്ഷകന്റെ 12 ഏക്കർ സ്ഥലത്തിന്റെ മധ്യഭാഗത്തു കൂടെ കടന്നു പോകുന്ന തോടിന് 116 മീറ്റർ നീളവും 4.5 മീറ്റർ വീതിയും നടപ്പാതക്ക് 82 മീറ്റർ നീളവും 2.10 മീറ്റർ വീതിയുമുണ്ട്. തുടർന്ന് 8.12.10 ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ "<u>ലുലു ഗ്രൂപ്പിന്റെ കൈവശമുള്ള ഭൂമിയിലൂടെ അവകാശികളില്ലാത്ത ഒരു</u>

തോടിന്റെ ഭാഗവും വഴിയുടെ ഭാഗവും ഉണ്ടെന്നും ലുലു ഗ്രൂപ്പിനല്ലാതെ മറ്റാർക്കും ഉപയോഗിക്കാനോ പ്രയോജനപ്പെടുത്താനോ കഴിയില്ലെന്നും പ്രസ്തുത 19 സെന്റ് ഭൂമിക്കു പകരം നിലവിലുള്ള തോട് വീതി കൂട്ടി പുനർനിർമിക്കുന്നതിന് 22.6 സെന്റ് സ്ഥലം വിട്ടുനൽകാമന്നാണ് അപേക്ഷയെന്നും പ്രൊപ്പോസൽ പൊതു താല്പര്യത്തിന് അനുയോജ്യമാണെന്നും അല്ലെങ്കിൽ മുമ്പ് ചെയ്തതു പോലെ നഗരസഭക്ക് അനുയോജ്യമായ മറ്റേതെങ്കിലും സ്ഥലം ലഭ്യമാകുമോ എന്ന് പരിഗണനാവിഷയത്തിൽ ഉൾപ്പെടുത്താവുന്നതാണെന്ന് " റിപ്പോർട്ട് ചെയ്തു. ഇതിനെ തുടർന്ന് അപേക്ഷകൻ നെല്ലിക്കോട് വില്ലേജിൽ മൈലമ്പാടി ക്ഷേത്രത്തിനു സമീപം റി.സ. 112 ൽ പ്പെട്ട 26.19 സെന്റ് സ്ഥലവും വീടും, നഗരസഭയിൽ നിക്ഷിപ്തമായ തോടും ഫുട്പാത്തും വിട്ടു നൽകുന്നതിന് പകരമായി നൽകാമെന്നറിയിക്കുകയും നഗരാസൂത്രണ സമിതി നേരിട്ട് സ്ഥലം പരിശോധിച്ച് നഗരസഭയുടെ വിവിധോദ്ദേശ്യങ്ങൾക്ക് അനുയോജ്യമാണെന്ന് ബോധ്യപ്പെട്ടതിനാൽ അപേക്ഷ പരിഗണിക്കുന്നതിന് കൗൺസിലിലേക്ക് ശുപാർശ ചെയ്തു. ഇതിനിടെ 20.5.15 ന് സൂപ്രണ്ടിംഗ് എഞ്ചിനീയർ രണ്ടു സ്ഥലങ്ങളുടെയും അടിസ്ഥാനവില ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കലക്ടർക്ക് കത്തയച്ചു. ഇതുപ്രകാരം 27.6.15 ന് G3/14879/15 പ്രകാരം അഡി. തഹസിൽദാർ സ്ഥലത്തിന്റെ അടിസ്ഥാന വില അറിയിച്ചതിനെ തുടർന്ന് 29.6.15 ന് ഓവർസിയർ തയ്യാറാക്കിയ റിപ്പോർട്ടിൽ നഗരസഭയിൽ നിക്ഷിപ്തമായ തോടിനും ഫുട്പാത്തിനും ഒരു ആറിന് (2.47 സെന്റ്) 7,32,265 രൂപ പ്രകാരം 56,32,729 രൂപയും സ്വകാര്യവ്യക്തി നഗരസഭക്ക് നൽകുന്ന സ്ഥലത്തിന് ഒരു ആറിന് 6,66,900 രൂപ പ്രകാരം 70,72,608 രൂപയും കണക്കാക്കുന്നതായി റിപ്പോർട്ട് ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ നഗരാസൂത്രണ സമിതി കൗൺസിലിലേക്ക് ശുപാർശ ചെയ്തതിനെ തുടർന്ന് 10.8.15 ലെ കൗൺസിൽ യോഗം 34 തീരുമാന പ്രകാരം"നെല്ലിക്കോട് വില്ലേജിലെ റി.സ. 112 ൽ പ്പെട്ട സ്ഥലം ഏറ്റെടുത്ത് ലുലു ഗ്രൂപ്പ് ആവശ്യപ്പെട്ട സ്ഥലം സർക്കാർ അനുമതിയോടെ കൈമാറുന്നതിന് സർക്കാറിലേക്ക് അപേക്ഷിക്കാൻ തീരുമാനിക്കുകയും സർക്കാറിലേക്ക് അനുമതിക്കായി കത്തയക്കുകയും ചെയ്തു.

വില്ലേജ് ഓഫീസറുടെ കൈവശാവകാശ സർട്ടിഫിക്കറ്റ് പ്രകാരം കെട്ടിട സമുച്ചയം നിർമിക്കുന്നതിനായി ഉദ്ദേശിക്കുന്ന 12 ഏക്കർ സ്ഥലത്തിൽ 8.33 ഏക്കർ സ്ഥലം നഞ്ച വിഭാഗത്തിൽപ്പെടുന്നതാണ്. നഞ്ച ഭൂമി ഉൾപ്പെട്ട സ്ഥലത്ത് കെട്ടിട നിർമാണത്തിനുള്ള തടസ്സം സംബന്ധിച്ച് സെക്രട്ടറി 19.4.17 ലെ ഉത്തരവിൽ കെട്ടിട നിർമാണസ്ഥലം നഞ്ച ഭൂമിയാണെന്നും കരട് ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടില്ലെന്നും ഇതുസെബന്ധിച്ച് സർക്കാർ അടുത്തിടെ പുറത്തിറക്കിയ ഉത്തരവുകളിലൊന്നും വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ നഞ്ച ഭൂമിയിൽ നിർമിക്കുന്നതിനെ സംബന്ധിച്ച് പരാമർശിച്ചിട്ടില്ലെന്നും അങ്ങനെയുള്ള ഭൂമിയിൽ 1967 ലെ കേരള ഭൂവിനിയോഗ ഓർഡർ clause 6 പ്രകാരം ഇങ്ങനെയുള്ള സ്ഥലത്ത് ഭൂമി തരം മാറ്റാനുള്ള അനുമതി നൽകുന്നതിനുള്ള അധികാരം ജില്ലാ കലക്ടർക്കു മാത്രമാണെന്നും ഇതിന്റെ അഭാവത്തിൽ യാതൊരു നിർമാണപ്രവർത്തനവും നടത്താൻ പാടില്ലെന്നും ഇതിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൻ ജില്ലാ കലക്ടറെ സമീപിക്കുകയാണ് വേണ്ടതെന്നും വ്യക്തമാക്കിയിട്ടുണ്ട്. തുടർന്ന് 1.6.17 ന് തദ്ദേശ സ്വയം ഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (RB.3/75/17 Dt.1.6.17) നഗരസഭാ സെക്രട്ടറിക്കയച്ച കത്തിൽ ബന്ധപ്പെട്ട ഭൂമിയിൽ ഏഴ് നിയമാനുസൃത കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയതിനു ശേഷമാണ് നിർദ്ദിഷ്ട നിർമാണം നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് കക്ഷികൾ വ്യക്തമാക്കിയതായും അത് ശരിയാണെങ്കിൽ ത.സ്വ.ഭ.വ 22.12.15 ലെ 984733/RA/1/15 നമ്പർ സർക്കുലറിലെ

നിർദ്ദേശപ്രകാരം താങ്കളും ബന്ധപ്പെട്ട കൃഷി, വില്ലേജ് ഓഫീസർമാരും സ്ഥല സന്ദർശനം നടത്തി നിർമാണാനുമതി നൽകാമോ എന്നതിൽ തീരുമാനമെടുത്ത് ശുപാർശ തയ്യാറാക്കാനും ആയതിന്റെ അടിസ്ഥാനത്തിൽ താങ്കൾ ചട്ടപ്രകാരം തീരുമാനമെടുക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

കൗൺസിൽ തീരുമാനപ്രകാരം ഭൂമി വിട്ടു നൽകുന്നതിന് സർക്കാറിൽ നിന്നും അനുമതി ലഭിച്ചതു സംബന്ധിച്ച വിശദാംശങ്ങൾ ഫയലിൽ ഇല്ല. കെട്ടിട നിർമാണം നഞ്ച ഭൂമിയിലാണെന്നും സ്ഥലം "Residential zone" ൽ പ്പെട്ടതാണെന്നും ആയതിനാൽ അനുമതി നൽകരുതെന്നും കാണിച്ച് ശ്രീ.ഹമീദ് കിടഞ്ഞി എന്നയാൾ 17.8.16 ന് നൽകിയ പരാതി ഫയലിൽ കാണുന്നു. ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം, വകുപ്പ് 30, പട്ടിക 1 ൽ മുൻസിപ്പാലിറ്റിയുടെ അനിവാര്യ ചുമതലകൾ വിവരിച്ചിട്ടുണ്ട്. ഇതു പ്രകാരം പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക, കുളങ്ങളും മറ്റ് ജലസംഭരണികളും സംരക്ഷിക്കുക, മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള ജലമാർഗ്ഗങ്ങളും കനാലുകളും പരിരക്ഷിക്കുക എന്നത് മുൻസിപ്പാലിറ്റിയുടെ അനിവാര്യ ചുമതലയാണ്. എന്നാൽ ഇത് പരിഗണിക്കാതെ, മുനിസിപ്പാലിറ്റി പരിരക്ഷിക്കേണ്ട തോട് സ്വകാര്യ വ്യക്തിക്ക് കൈമാറാൻ നഗരസഭ തീരുമാനിച്ചത് മേൽ നിയമത്തിലെ വ്യവസ്ഥക്ക് വിരുദ്ധമാണ്.

2. കേരളത്തിലെ നെൽവയലുകളും നീർത്തടങ്ങളും സംരക്ഷിക്കുന്നതിനും നിയമവിരുദ്ധവും വ്യാപകവുമായി നെൽവയലുകളും നീർത്തടങ്ങളും രൂപാന്തരപ്പെടുത്തുന്നത് നിയന്ത്രിക്കുന്നത് സംസ്ഥാനത്തിന്റെ പാരിസ്ഥിതികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് അവസരമൊരുക്കുന്നതിനും ലക്ഷ്യമിട്ടാണ് 2008 ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം എന്ന പേരിൽ നിയമ നിർമാണം നടത്തിയിട്ടുള്ളത്.

   2008 ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വകുപ്പ് 11 പ്രകാരം സംസ്ഥാനത്തെ തണ്ണീർത്തടങ്ങൾ അതേപോലെ കാത്തുസൂക്ഷിക്കേണ്ടതും അപ്രകാരമുള്ള തണ്ണീർത്തടങ്ങൾ രൂപാന്തരപ്പെടുത്തുന്നതിനും മണൽ നീക്കം ചെയ്യുന്നതിനും പൂർണ്ണ നിരോധനം ഉണ്ടായിരിക്കുന്നതുമാണ്. ഈ നിയമത്തിലെ വകുപ്പ് 2 (xviii)പ്രകാരം"തണ്ണീർത്തടം"എന്നാൽ മണ്ണ് ജലപൂരിതമായിക്കൊണ്ട്, കരപ്രദേശത്തിനും ജലാശയങ്ങൾക്കും ഇടയിൽ സ്ഥിതി ചെയ്യുന്നതും, ജലനിരപ്പ് സാധാരണ ഗതിയിൽ ഉപരിതലം വരെയോ അതിനോടടുത്തോ ആയിരിക്കുകയോ ആഴം കുറഞ്ഞ ജലത്താൽ മൂടിക്കിടക്കുകയോ അഥവാ മന്ദഗതിയിൽ ചലിക്കുകയോ കെട്ടിക്കിടക്കുകയോ ചെയ്യുന്ന ജലത്തിന്റെ സാന്നിദ്ധ്യം കൊണ്ട് സവിശേഷമാകുകയോ ചെയ്യുന്ന സ്ഥലം എന്നർത്ഥമാകുന്നതും അതിൽ കായലുകൾ, അഴിമുഖങ്ങൾ, ചേറ്റു പ്രദേശങ്ങൾ, കടലോരക്കായലുകൾ, കണ്ടൽക്കാടുകൾ, ചതുപ്പുനിലങ്ങൾ, ഓരുള്ള ചതുപ്പ് നിലങ്ങൾ, ചതുപ്പിലെ കാടുകൾ എന്നിവ ഉൾപ്പെടുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

   മേൽ നിയമപ്രകാരം മുൻസിപ്പാലിറ്റിയുടെ അധീനതയിലും സംരക്ഷണത്തിലുമുള്ള തണ്ണീർത്തടമായ തോട് നികത്തുന്നതിനോ രൂപാന്തരപ്പെടുത്തുന്നതിനോ ആർക്കും അനുവാദമില്ലാത്തതും ആയത് കാത്തുസൂക്ഷിക്കുന്നതിന് നിയമ പ്രകാരം ചുമതലപ്പെട്ട

നഗരസഭ, തോട് രൂപാന്തരപ്പെടുത്തുന്നതിനായി സ്വകാര്യവ്യക്തിക്ക് അടിസ്ഥാന വിലയുടെ അടിസ്ഥാനത്തിൽ കൈമാറാൻ തീരുമാനിച്ചത് നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായതും നഗരസഭയിൽ നിക്ഷിപ്തമായ പൊതു സ്വത്തായ തോടും ഫുട്പാത്തും സ്വകാര്യവ്യക്തിക്ക് വിൽപ്പന നടത്തുന്നതിന് സമാനമായ നടപടിയായി കരുതാവുന്നതുമാണ്.

3. സ്വകാര്യ വ്യക്തിക്ക് കൈമാറുന്ന 13 സെന്റ് വിസ്തീർണ്ണമുള്ള തോടിന്റെയും 6 സെന്റ് വിസ്തീർണ്ണമുള്ള നടപ്പാതയുടെയും അടിസ്ഥാനവില (fairvalue) ലഭ്യമാക്കുന്നതിന് ജില്ലാകലക്ടർക്ക് കത്തു നൽകാനുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ 20.5.15 ലെ നിർദ്ദേശം 21.5.15 ന് സെക്രട്ടറി അംഗീകരിച്ചു. ഇതുപ്രകാരം 27.6.15 ന് അഡി.തഹസിൽദാർ G3/14879/15/KDIS നമ്പർ കത്തു പ്രകാരം വില നിർണ്ണയ സർട്ടിഫിക്കറ്റ് നൽകി. ഈ സർട്ടിഫിക്കറ്റിൽ കോഴിക്കോട് താലൂക്ക് വളയനാട് വില്ലേജ് വളയനാട് ദേശത്തിൽപ്പെട്ട 24-8-284, 24-8-289 സർവ്വെ നമ്പറുകളിൽപ്പെട്ട സ്ഥലം “ are unassessed land” എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സർട്ടിഫിക്കറ്റിനോടൊപ്പമുള്ള പട്ടികയിൽ ഒരു ആറിന് 7,32,265 രൂപ വിലയുള്ളതായും സ്വകാര്യ വ്യക്തി തോടിനും ഫുട്പാത്തിനും പകരമായി നഗരസഭക്ക് നൽകാമെന്നേറ്റ നെല്ലിക്കോട് വില്ലേജിലെ ഭൂമിക്ക് ഒരു ആറിന് 6,66,900 രൂപ വിലയുള്ളതായും കാണിച്ചിട്ടുണ്ട്. നഗരസഭയിൽ നിക്ഷിപ്തമായ തോടിനും ഫുട്പാത്തിനും അടിസ്ഥാന വില ഇല്ലാതിരിക്കെ രണ്ടു സ്ഥലങ്ങളുടെയും വിലകൾ തമ്മിൽ താരതമ്യം ചെയ്യുകയും വില വ്യത്യാസം ഉണ്ടെന്ന രീതിയിൽ നിലപാടെടുക്കുകയും ചെയ്തത് ശരിയല്ല.

1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം, വകുപ്പ് 30, പട്ടിക 1 പ്രകാരമുള്ള അനിവാര്യ ചുമതല സംരക്ഷിക്കപ്പെടേണ്ട ഉത്തരവാദിത്തമുള്ള മുൻസിപ്പാലിറ്റി തോടിന് അടിസ്ഥാന വില കണക്കാക്കി സ്വകാര്യ വ്യക്തിയുടെ സ്ഥലവുമായി മാറ്റാൻ തീരുമാനിച്ചത് ശരിയായ നടപടിയല്ല. നഗരസഭയിൽ നിക്ഷിപ്തമായ തോടുകൾക്കും ഫുട്പാത്തുകൾക്കും റോഡുകൾക്കും അടിസ്ഥാന വില കണക്കാക്കാൻ കഴിയില്ലെന്നിരിക്കെ ഇല്ലാത്ത അടിസ്ഥാന വിലയുടെ പേരിൽ വിഷയം പരിഗണിച്ച് സ്വകാര്യ വ്യക്തിക്ക് കൈമാറാൻ തീരുമാനിച്ചത് നഗരസഭയുടെ താല്പര്യത്തിന് വിരുദ്ധമാണ്.

4. നഗരസഭയിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ 8.12.14 ന് നോട്ട് ഫയലിൽ രേഖപ്പെടുത്തിയ കുറിപ്പിൽ"Lulu group ന്റെ കൈവശമുള്ള ഭൂമിയിലൂടെ അവകാശികളില്ലാത്ത ഒരു തോടിന്റെ ഭാഗവും Lulu group നല്ലാതെ മറ്റാർക്കും ഉപയോഗിക്കുവാനോ പ്രയോജനപ്പെടുത്തുവാനോ കഴിയില്ല" എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം, വകുപ്പ് 207,208 (എ) പ്രകാരം തോട്, നടപ്പാത എന്നിവ മുൻസിപ്പാലിറ്റിയിൽ നിക്ഷിപ്തമാണ് എന്നിരിക്കെ ഇതിനു വിരുദ്ധമായി അവകാശികളില്ലാത്ത തോടും ഫുട്പാത്തും ലുലു ഗ്രൂപ്പിനു മാത്രമെ ഉപയോഗിക്കാനും പ്രയോജനപ്പെടുത്താനും കഴിയൂ എന്ന് രേഖപ്പെടുത്തി സ്വകാര്യവ്യക്തിക്ക് അനുകൂലമായ നിലപാടു സ്വീകരിച്ചത് ശരിയായ നടപടിയല്ല.

5. 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം, വകുപ്പ് 30 (7) പ്രകാരം മുൻസിപ്പാലിറ്റിക്ക് കൈമാറുന്ന വസ്തുവകകൾ വിൽക്കാനോ കൈമാറ്റം ചെയ്യാനോ അന്യാധീനപ്പെടുത്താനോ മുൻസിപ്പാലിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതല്ല. മേൽ നിയമത്തിലെ വകുപ്പ് 215 (1) പ്രകാരം മുൻസിപ്പൽ പ്രദേശത്തിനുള്ളിലോ അതിനു പുറത്തോ ഉള്ള ഭൂമിയോ കെട്ടിടമോ

ആയ ഏതെങ്കിലും വസ്തു, ഒരു പൊതു ആവശ്യത്തിന് ഏതെങ്കിലും സംവിധാനമോ സൗകര്യമോ നൽകുന്നതിനു വേണ്ടി ആർജ്ജിക്കുകയോ, സർക്കാറിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി അതിന്റെ വകയായ ഏതൊരു വസ്തുവും കയ്യൊഴിയുകയോ ചെയ്യാവുന്നതാണെന്ന് വ്യവസ്ഥയുണ്ട്. എന്നാൽ നിയമപ്രകാരം നഗരസഭയിൽ നിക്ഷിപ്തമായ തോട്, ഫുട്പാത്ത് എന്നിവ സ്വകാര്യ വ്യക്തിക്ക് കൈമാറുന്നതിന് മേൽ നിയമപ്രകാരം പ്രത്യേകം വ്യവസ്ഥ ചെയ്തിട്ടില്ല.

6. കെട്ടിടനിർമാണം ഉദ്ദേശിക്കുന്ന 12 ഏക്കർ ഭൂമിയിൽ 8.33. ഏക്കർ ഭൂമിയുടെ തരം നഞ്ചയാണെന്നും ഈ സ്ഥലം "Residential zone" ൽ ഉൾപ്പെടുന്ന പ്രദേശമാണെന്നും അതിനാൽ അനുമതി നൽകരുതെന്നും ആവശ്യപ്പെട്ട് ശ്രീ.ഹമീദ് കിടഞ്ഞി എന്നയാൾ 17.8.16 തിയതി പരാതി നൽകിയെങ്കിലും ഈ പരാതിയിൻമേൽ ഇതുവരെ അന്വേഷണം നടത്തുകയോ തുടർ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

7. 1994 ലെ കേരള മുൻസിപ്പാലിറ്റി ബിൽഡിംഗ് റൂൾ 23-4 (a) വകുപ്പ് , തദ്ദേശ സ്വയം ഭരണ (RA) 78877/RA1/13 ത.സ്വ.ഭ.വ 12.3.14 എന്നിവ പ്രകാരം 20,000 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്കും നിർമാണങ്ങൾക്കും മുൻകൂർ പാരിസ്ഥിതികാനുമതി ലഭ്യമാക്കേണ്ടതാണ്. എന്നാൽ ഇത് ഹാജരാക്കിയിട്ടില്ല.

8. 2008 ലെ കേരള നെൽവയൽ- തണ്ണീർത്തട സംരക്ഷണ ചട്ടം 24.12.2008 ന് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഈ ചട്ടങ്ങളിലെ ചട്ടം 4 (1)പ്രകാരം ചട്ടം നിലവിൽ വന്ന തിയതി മുതൽ മൂന്ന് മാസത്തിനകം നിലവിലുള്ള കൃഷി യോഗ്യമായ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും സർവ്വെ നമ്പർ, വിസ്തീർണ്ണം ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ അടങ്ങിയ ഡാറ്റാബാങ്ക് തയ്യാറാക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നുണ്ടെങ്കിലും 9 വർഷം കഴിഞ്ഞിട്ടും ഡാറ്റാബാങ്ക് തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടില്ല. ഇത് 2008 ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ അന്ത:സത്തക്ക് വിരുദ്ധവും മേൽ നിയമത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് തടസ്സവുമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. കൂടാതെ നഗരസഭയുടെ അധീനതയിലുള്ള തോടിന്റെ ഇപ്പോഴത്തെ അവസ്ഥ സെക്രട്ടറി പരിശോധിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതും സ്വകാര്യ വ്യക്തി നിയമവിരുദ്ധമായി തോട് രൂപാന്തരപ്പെടുത്തിയിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. അഥവാ സ്വകാര്യ വ്യക്തി തോട് നികത്തുകയോ രൂപാന്തരപ്പെടുത്തുകയോ ചെയ്തതായി ബോധ്യപ്പെട്ടാൽ വിഷയം ജില്ലാകലക്ടറെ അറിയിക്കേണ്ടതും കുറ്റക്കാർക്കെതിരെ 2008 ലെ കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം നിയമ നടപടികൾ സ്വീകരിക്കുന്നതൊടൊപ്പം വകുപ്പ് 13 പ്രകാരം തോട് പൂർവ്വ സ്ഥിതിയിൽ ആക്കുന്നതിന് നടപടി സ്വീകരിച്ച് ആയതിന് വരുന്ന ചെലവ് ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ടതുമാണ്.

**3-10 ജല അതോറിട്ടിയിൽ ഡെപ്പോസിറ്റ് -പദ്ധതി മാർഗ രേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല.**

**(ഫയൽ നമ്പർ-ഇ.ജി.5/113790/16)**

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ സൂപ്രണ്ടിംഗ് എൻജിനീയർ നിർവഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം നടപ്പാക്കിയ രണ്ടു പ്രോജക്ടുകളുമായി ബന്ധപ്പെട്ട് 12409725/- രൂപ കേരള ജല അതോറിട്ടിയിൽ ഡെപ്പോസിററ് ചെയ്തിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ഡെപ്പോസിറ്റ് ചെയ്ത തുക. | ബിൽ നമ്പർ, തീയതി,തുക |
|---|---|---|---|---|---|
| 1 | S1121/17 | 75 വാർഡുകളിൽ ഓരോ പൊതു ടാപ്പ് വീതം സ്ഥാപിക്കുന്നതിന് KWA യിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന്. | 675000/- വികസന ഫണ്ട് | 6,60,000 | 124/16-17 31-03-2017 6,60,000 |
| 2 | S1130/17 | സബ്മെയിൻ എക്സ്റ്റൻഷൻ(ഓരോ വാർഡിലും 170 മീറ്റർ നീളത്തിൽ സബ് മെയിൻ നീട്ടുന്നതിന് KWA ഡെപ്പോസിറ്റ് ചെയ്യുന്ന തുക | 11749725/- 6829750/- (വികസന ഫണ്ട്) 4559975/- (ധനകാര്യ കമ്മീഷൻ അവാർഡ്) 360000/- മെയിന്റനൻസ് ഫണ്ട്-റോഡിതരം) | 6829750/- | 123/16-17 GEN 31-03 പൊ-2017 6829750/- |
| 3 | ടി | ടി | ടി | 4559975/- | 56/16-17CFC 31-03-2017 4559975/- |
| 4 | ടി | ടി | ടി | 360000/- | 36/16 NonRoad 31-03-2017 360000/- |

ആകെ - 1,24,09,725/-

മേൽ സൂചിപ്പിച്ച ചെലവുമായി ബന്ധപ്പെട്ട് കാണുന്ന അപാകങ്ങൾ താഴെ ചേർക്കുന്നു.

1. 11.01.2016 ലെ സ.ഉ.(എം.എസ്.) നമ്പർ4/2016 നമ്പർ ഉത്തരവിലെ ഖണ്ഡിക 6.15(x) (ബി)പ്രകാരം നിർമ്മാണ പ്രവർത്തിക്കായി കേരള വാട്ടർ അതോറിറ്റിക്ക് മുൻകൂർ നൽകണമെങ്കിൽ പ്രസ്തുത പ്രവർത്തിക്കുള്ള എസ്റ്റിമേറ്റ് ജല അതോറിറ്റി തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയ ശേഷം തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതു അത് പ്രകാരം തദ്ദേശഭരണ സ്ഥാപനം പ്രോജക്ട് തയ്യാറാക്കേണ്ടതുമാണ്. 17-03-2017 ലെ ഡി4/ജനറൽ/2017 നമ്പർ കത്തിൽ എക്സിക്യൂട്ടീവ് എൻജിനീയർ (പി.എച്ച്.

ഡിവിഷൻ,മലാപ്പറമ്പ്,കോഴിക്കോട്.)നൽകിയ കത്തിൽ 55 വാട്ടർ ടാപ്പുകൾ സ്ഥാപിക്കുന്നതിന് 6,60,000/-രൂപയും സബ്മെയിൻ എക്സ്റ്റൻഷന് 1,93,20,000/- രൂപയും ചെലവ് വരുമെന്ന അറിയിച്ചു.എന്നാൽ ഇതോടൊപ്പം വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളിച്ചിട്ടില്ല.സംക്ഷിപ്തമായ എസ്റ്റിമേറ്റ് മാത്രമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

2. മേൽ സൂചിപ്പിച്ചു പ്രകാരമുള്ള പദ്ധതി മാർഗ രേഖയുടെ ഖണ്ഡിക 6.15(x)(സി) പ്രകാരം പ്രോജക്ടിന് അംഗീകാരം ലഭിച്ച കഴിഞ്ഞാൽ ജല അതോറിറ്റിയുമായി കരാറിലേർപ്പെട്ടതിനു ശേഷം മാത്രമേ തുക നൽകാവൂ.എന്നാൽ ഈ പ്രവർത്തിയുമായി ബന്ധപ്പെട്ട് കോഴിക്കോട് മുനിസിപ്പൽ കോർപപറേഷനും വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ടതായി കാണുന്നില്ല.

3. മേൽ പരാമർശിച്ച മാർഗ രേഖയുടെ ഖണ്ഡിക 7.12.3 ൽ പൊതു ടാപ്പുകൾ നൽകാൻ പാടില്ലാത്തതാണെന്നും പകരം ഹൗസ് കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരിക്കുന്നു.എന്നാൽ 75 പൊതു ടാപ്പുകൾ സ്ഥാപിക്കുന്നതിനു വേണ്ടിയാണ് 6,60,000/- രൂപ ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നത്.ഇതിന് സർക്കാർ അനുമതി ലഭിച്ചതായി കാണുന്നില്ല.

4. മേൽ സൂചിപ്പിച്ചു പ്രകാരം കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം, പ്രവർത്തികളുടെ പൂർത്തീകരണ സാക്ഷ്യ പത്രം എന്നിവ ഫയലിൽ ലഭ്യമായി കാണുന്നില്ല.

മേൽ അപാകതങ്ങളുടെ അടിസ്ഥാനത്തിൽ ചെലവ് തുകയായ 12409725/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-11 മരാമത്ത് പ്രവൃത്തി നിർവഹണത്തിൽ ചട്ടങ്ങൾ പാലിക്കുന്നതിൽ വീഴ്ച പ്രൊജക്റ്റ് നമ്പർ : 1458/17

| | |
|---|---|
| ഫയൽ നമ്പർ | : ഇ.ജി.6/76035/15 |
| അടങ്കൽ | : 52,00,000 (മെയിന്റനൻസ് ഗ്രാന്റ്) TS No.DP-172/16-17 |
| ചെലവ് തുക | : 46,97,910 (ബിൽ നം.88/16-17/31.03.17) |
| കരാറുകാരൻ | : പി.മോഹൻദാസ് |
| എഗ്രിമെന്റ് നമ്പർ | : AEE/39/16-17/27.04.16 |

കോർപ്പറേഷനിലെ 9-ാം സെക്ടറിലുൾപ്പെട്ട വിവധ റോഡുകളുടെയും ഫുട്പാത്തുകളുടെയും ഡ്രെയിനേജുകളുടെയും വാർഷിക അറ്റകുറ്റ പണികളാണ് മേൽ പ്രൊജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 04.03.2016 ൽ നടന്ന ടെണ്ടറിൽ 8.99% ടെണ്ടർ കുറവിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ 15.05.2016 ന് പ്രവൃത്തി സ്ഥലം ഏറ്റെടുക്കുകയുണ്ടായി. പ്രവൃത്തി നിർവഹണത്തിൽ ചുവടെ ചേർത്ത അപാകതകൾ കാണുന്നു.

1. എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി 3 മാസമാണ്. അതുപ്രകാരം 17.08.2016 ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ കാലവർഷം കാരണം പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയാത്തതിനാൽ

31.12.2016 വരെ സമയം ദീർഘിപ്പിച്ചു നൽകണമെന്ന് കരാറുകാരൻ അപേക്ഷിച്ചതിനെ തുടർന്ന് 27.12.16 വരെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകുകയുണ്ടായി. ജി.ഒ(പി)13/12/PWD/01.02.12 പ്രകാരം പുറപ്പെടുവിച്ച പുതുക്കിയ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2005 അനുസരിച്ച് കാലാവസ്ഥാ വ്യതിയാനങ്ങൾ, പ്രവൃത്തിയുടെ മൂല്യം, നിർമ്മാണ സാമഗ്രികൾ സംഭരിക്കാനാവശ്യമായ സമയം, വിവിധ ഇനങ്ങൾക്ക് ആവശ്യമായ സമയക്രമം എന്നിവ ശരിയായി വിശകലനം ചെയ്തുവേണം പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നിശ്ചയിക്കേണ്ടത്. ഇപ്രകാരം വിലയിരുത്തിയതിനു ശേഷമേ ടെണ്ടർ ഷെഡ്യൂളിൽ പൂർത്തീകരണ കാലാവധി വ്യക്തമാക്കാവൂ. ആയതിനാൽ കാലവർഷം കാരണം ഉണ്ടായ കാലതാമസത്തിന് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ വന്ന കാലതാമസത്തിന് പിഴ ഈടാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം പിഴ ഈടാക്കി കാണുന്നില്ല.

2. പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112 പ്രകാരം പൂർത്തീകരണ കാലാവധി ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25 ശതമാനത്തിൽ അധികരിക്കാവുന്നതല്ല. പരമാവധി ദീർഘീകരണം ഒറിജിനൽ സമയത്തിന്റെ 50 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. മേൽ പ്രവൃത്തി പൂർത്തീകരിക്കാനായി എഗ്രിമെന്റ് പ്രകാരം അനുവദിച്ച സമയം 3 മാസമായിരുന്നു. ആയതിന്റെ 50% ആയ ഒന്നരമാസത്തേക്കാണ് കാലാവധി ദീർഘിപ്പിച്ചു നൽകേണ്ടിയിരുന്നത്. എന്നാൽ 4 മാസത്തേക്കാണ് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത്. ഒറിജിനൽ സമയത്തേക്കാളും കൂടുതൽ സമയത്തേക്ക് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി അനുവദിച്ചത് പൊതുമരാമത്ത് ചട്ടങ്ങൾക്ക് വിരുദ്ധമാണ്.

3. ജി.ഒ(സാ.ധാ)നം.3049/16/തസ്വഭവ/08.11.2016 നമ്പർ ഉത്തരവു പ്രകാരം പ്രവൃത്തിക്കായ് കരാറുകാരൻ നേരിട്ട് ടാർ വാങ്ങുകയാണെങ്കിൽ കർശനമായി ഒറിജിനൽ ബിൽ സമർപ്പിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. മേൽ പ്രവൃത്തി ഇനം.12, 13, 15, 16, 17 എന്നിവ ടാർ ഉപയോഗിച്ചുള്ള പ്രവൃത്തികളാണ്. പ്രസ്തുത പ്രവൃത്തികൾക്കായി കോർപ്പറേഷൻ ടാർ വാങ്ങി നൽകിയിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തിയിനങ്ങൾക്കായി കരാറുകാരൻ ടാർ വാങ്ങിയതിന്റെ ഒറിജിനൽ ബിൽ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

പൊതുമരാമത്ത് പ്രവൃത്തി ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവൃത്തി നിർവഹണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനും ടാറിന്റെ ഒറിജിനൽ ബിൽ പരിശോധനക്ക് ഹാജരാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് ഒബ്ജക്ഷൻ സ്ലിപ്പിന് (നം.48/16-17/21.72017)കോർപറേഷൻ എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ (ഇ.ജി.6/76035/15/25.8.2017 നമ്പർ കത്ത്) ജൂൺ മാസത്തിൽ ടാറിംഗ് പ്രവൃത്തി ചെയ്താൽ പെട്ടെന്ന് പൊളിഞ്ഞു പോവാനുള്ള സാധ്യത കണക്കിലെടുത്ത് കരാറുകാരനോട് പ്രവൃത്തി നീട്ടിവെയ്ക്കാൻ നിർദ്ദേശം നൽകിയതിനാലാണ് പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസമുണ്ടായതെന്നും, മേൽ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയ ഇനങ്ങൾ പൂർത്തീകരിക്കാൻ 3 മാസ കാലാവധി അപര്യാപ്തമാണെന്നും അശ്രദ്ധ മൂലം കാലാവധി കുറഞ്ഞുപോയതാണെന്നും അറിയിക്കുകയുണ്ടായി.

പ്രവൃത്തിയ്ക്കായി കരാറുകാരനുമായി ഉടമ്പടി ഒപ്പുവെച്ചത് 27.4.2016 നാണ്. എഗ്രിമെന്റ് ഒപ്പുവെയ്ക്കുമ്പോൾ പ്രവൃത്തി പൂർത്തീകരിക്കാൻ അനുവദിച്ച സമയം 3 മാസമാണെന്നും അതനുസരിച്ച്

ടാറിംഗ് പ്രവൃത്തി ക്രമീകരിക്കേണ്ടതാണെന്നും കരാറുകാരന് ബോധ്യമുള്ളതാണ്. മാത്രമല്ല ടാറിംഗ് പ്രവൃത്തി നീട്ടിവെയ്ക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയതു സംബന്ധിച്ച് രേഖകളൊന്നും ഫയലില്ല. പ്രവൃത്തിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം നൽകിയ എഞ്ചിനീയറിംഗ് വിംഗിന് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ ആവശ്യമായ സമയം കണക്കാക്കി നൽകുന്നതിൽ പിഴവു സംഭവിച്ചുവെന്നതും അംഗീകരിക്കാവുന്നതല്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുത്തിയ കരാറുകാരനിൽ നിന്നും ചുവടെ ചേർത്ത പ്രകാരം 32,979/-രൂപ പിഴ ഈടാക്കേണ്ടതായിരുന്നു. കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നതിന് വീഴ്ച വരുത്തിയ നിർവ്വഹണ ഉദ്യോഗസ്ഥനായ കോർപറേഷൻ എഞ്ചിനീയറിൽ നിന്നും 32,979/- രൂപ ഈടാക്കേണ്ടതും, ടാറിന്റെ ഒറിജിനൽ ബിൽ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

| | |
|---|---|
| എഗ്രിമെന്റ് പ്രകാരം ഒറിജിനൽ പൂർത്തീകരണ കാലാവധി | 3 മാസം |
| പ്രവൃത്തി പൂർത്തീകരിച്ച തീയതി<br>പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി | 27.12.201617.8.2016 |
| PAC | 4994810 |
| ഒറിജിനൽ സമയത്തിന്റെ 25% കാലാവധി ദീർഘിപ്പിക്കുന്നതിന് (23 ദിവസം) ഈടാക്കേണ്ട പിഴ @1% (18.8.2016 മുതൽ 9.9.2016 വരെ) | 4994810X23/365X1% = 3147 |
| ബാക്കി 109 ദിവസത്തേക്ക് (10.9.2016 മുതൽ 27.12.2016 വരെ )ഈടാക്കേണ്ട പിഴ @2% | 4994810x109/365x2% = 29832 |
| ആകെ | 3147+29832 = 32979 |

## 3-12 ബിറ്റുമിൻ പർച്ചേസ് - അപാകതകൾ

ഫയൽ നം.ഇ.ജി.4/16701/17

തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ 10.02.17 ലെ 75/ഡി.എ.1/2017 സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതികളുടെ ഭാഗമായി നടത്തുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഈ സാമ്പത്തിക വർഷം ആവശ്യമായി വരുന്ന ടാർ എത്രയെന്ന് കണ്ടെത്തുകയും ആയത് പൊതുമേഖലാ എണ്ണക്കമ്പനികളിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനം നേരിട്ട് വാങ്ങി കോൺട്രാക്ടർമാരുടെ ആവശ്യപ്രകാരം അടിയന്തരമായി ലഭ്യമാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് കോർപ്പറേഷൻ എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം പൊതുമേഖലാ എണ്ണക്കമ്പനികളിൽ നിന്നും നഗരസഭാപരിധിയിലുള്ള റോഡുകൾക്ക് ആവശ്യമായി വരുന്ന RS.1, SS1, S.65(VG30) എന്നീ ഇനം ടാറുകളുടെ വിലനിലവാരം കാണിക്കുന്ന ഇൻവോയ്സുകൾ ലഭ്യമാക്കി. ആയതിന്റെയടിസ്ഥാനത്തിൽ ബിറ്റുമിൻ വാങ്ങുന്നതിന് 2016-17 വർഷം താഴെ കൊടുത്തിരിക്കും വിധം ട്രഷറിയിൽ നിന്നും 2,06,37,765/ രൂപ പിൻവലിച്ചിട്ടുണ്ട്.

| ബിൽനം./തീയതി. | തുക | ഫണ്ടിനം |
|---|---|---|

| | | |
|---|---|---|
| 174/25.03.17 | 1,71,28,705 | റോഡ് സംരക്ഷണ ഗ്രാന്റ് |
| 179/27.03.17 | 26,78,689 | ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് |
| 180/27.03.17 | 93,253 | വികസന ഫണ്ട് - എസ്.സി.പി |
| 183/27.03.17 | 7,37,118 | വികസന ഫണ്ട് - ജനറൽ |
| ആകെ | 2,06,37,765 | |

ഫയൽ പരിശോധിച്ചതിൽ പണം പിൻവലിച്ചതിലും തുടർന്ന് ടാർ വാങ്ങിക്കൊടുക്കുന്നതിലും പ്രവൃത്തി നിർവഹണത്തിലും താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കണ്ടു.

1. ആവശ്യത്തിലധികം തുക പിൻവലിച്ചു.

ഫയലിലെ ഓഫീസ് നോട്ട് പേജ് - 13 പ്രകാരം " ഡിപ്പാർട്ട്മെന്റലായി ടാർ വാങ്ങി നൽകേണ്ട പ്രവൃത്തികളുടെ ലിസ്റ്റിൽ കരാറുകാരുടെ സ്വന്തം ചെലവിൽ ബിറ്റുമിൻ വാങ്ങി ചെയ്യേണ്ട പ്രവൃത്തികൾ കൂടി ഉൾപ്പെട്ടതായി മനസ്സിലാക്കുന്നുവെന്നും ആയത് പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും" സൂപ്രണ്ടിംഗ് എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുണ്ട്. ഓഫീസ് കുറിപ്പ് പേജ്-13 പ്രകാരം മെയിന്റനൻസ് ഗ്രാന്റിലും പ്ലാൻ ഫണ്ടിലും (ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, ജനറൽ, എസ്.സി.പി) അസിസ്റ്റന്റ് എഞ്ചിനീയർമാർ സമർപ്പിച്ച ലിസ്റ്റ് പ്രകാരം കരാറുകാർക്ക് ഡിപ്പാർട്ട്മെന്റലായി വാങ്ങി നൽകേണ്ട ബിറ്റുമിന്റെ അളവും അവയുടെ വിലയും താഴെ കൊടുത്തിരിക്കും പ്രകാരമാണ്.

മെയിന്റനൻസ് ഗ്രാന്റ്

| ഇനം | അളവ് | മാർക്കറ്റ് നിരക്ക് |
|---|---|---|
| Ss1 | 4184.98 kg | 276041.28 @65.96/kg |
| RS1 | 21556.97 kg | 787260.54 @36.52 |
| S65/VG30 | 161074.36 kg | 5590891.04 @ 34.71 |
| | | 6654193 |

പ്ലാൻ ഫണ്ട്

| ഇനം | അളവ് | മാർക്കറ്റ് നിരക്ക് |
|---|---|---|
| Ss1 | 4322.35 kg | 285102.21 @65.96/kg |
| RS1 | 4320.28 kg | 157776.62 @36.52/kg |
| S65/Va30 | 49242.44 kg | 1709205.09 @ 34.71/kg |
| | | 2152084 |

ആകെ = 8806277 (6654193+2152084)

മെയിന്റനൻസ് ഗ്രാന്റിലും പ്ലാൻ ഫണ്ടിലുമായി ബിറ്റുമിൻ വാങ്ങുന്നതിന് വിവിധ പ്രോജക്ടുകളിൽ ആകെ വകയിരുത്തിയ തുക 8422646 രൂപ മാത്രമാണ്. മാർക്കറ്റ് നിരക്കിലെ വ്യതിയാനം കാരണം അധികമായി വന്ന 383631 രൂപ (8806277-8422646) തനതു ഫണ്ടിൽ നിന്നും കൌൺസിൽ തീരുമാനപ്രകാരം ചെലവഴിക്കുകയാണുണ്ടായത്. മെയിന്റനൻസ് ഗ്രാന്റിലും പ്ലാൻ ഫണ്ടിലുമായി വകയിരുത്തിയ 8422646 രൂപ ട്രഷറിയിൽ നിന്നും പിൻവലിക്കുന്നതിന് പകരമായി 20637765 രൂപയാണ് ഈയിനത്തിൽ ട്രഷറിയിൽ നിന്നും പിൻവലിച്ചിരിക്കുന്നത്. ആതായത് 12215119 രൂപ (20637765-8422646) ട്രഷറിയിൽ നിന്നും അധികമായി പിൻവലിച്ചു.അധികമായി പിൻവലിച്ച 12215119 രൂപ ജി.ഒ.പി.177/2006 ധനം 12-4-2006 ൽ നിർദ്ദേശിച്ച പ്രകാരം സഞ്ചിത നിധിയിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

2. <u>പിൻവലിച്ച തുക ടി.എസ്.ബി അക്കൌണ്ടിലുണ്ടായിട്ടും തനതു ഫണ്ടിൽ നിന്നും ടാർ വാങ്ങുന്നതിന് തുക നൽകി.</u>

27.02.2017 ലെ തദ്ദേശസ്വയംഭരണ (ഡി.എ വകുപ്പിന്റെ 114//ഡി.എ 1/2017 സർക്കുലർ പ്രകാരം ഓരോ പ്രവൃത്തിയുടെയും ടാറിന്റെ ആവശ്യവും അതിൽ എസ്റ്റിമേറ്റിൽ കാണിച്ചിരിക്കുന്ന തുകയും ബന്ധപ്പെട്ട നിർവഹണോദ്യാഗസ്ഥൻ ട്രഷറിയിൽ നിന്നും പിൻവലിച്ച് സ്വന്തം സ്പെഷ്യൽ ടി.എസ്.ബി അക്കൌണ്ടിൽ സൂക്ഷിക്കേണ്ടതും അതിനു ശേഷം നിർവഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിയ്ക്ക് തുക നൽകുന്നതിന് സ്വന്തം സ്പെഷ്യൽ ടി.എസ്.ബി അക്കൌണ്ടിന്റെ ചെക്ക് നൽകേണ്ടതുമാണ്. സെക്രട്ടറി സ്വന്തം സ്പെഷ്യൽ ടി.എസ്.ബി അക്കൌണ്ടിൽ തുക ഇട്ടതിനു ശേഷം സെക്രട്ടറിയുടെ ചെക്ക് ഓയിൽ കമ്പനിക്ക് നൽകി ബിറ്റുമിൻ വാങ്ങി കോൺട്രാക്ടർക്ക് നൽകേണ്ടതാണ് എന്നും നിർദ്ദേശിക്കുന്നു. താഴെ കൊടുത്തിരിക്കും പ്രകാരം ബിറ്റുമിൻ വാങ്ങുന്നതിനായി BPCL, HINCOL എന്നീ പെട്രോളിയം കമ്പനികൾക്ക് നഗരസഭയുടെ തനതു ഫണ്ട് അക്കൌണ്ടിൽ നിന്നും RTGS മുഖേന പണം അയച്ചുകൊടുത്തിട്ടുണ്ട്.

| ചെക്ക്നം./തീയതി. | തുക | അയച്ചു കൊടുത്ത കമ്പനി |
|---|---|---|
| 902336/11.05.17 | 1506181 | ഹിന്ദുസ്ഥാൻ കോൾസ് പ്രൈവറ്റ് ലിമിറ്റഡ് |
| 902337/11.05.17 | 6916465 | BPCL |
| 902667/27.05.17 | 383632 | BPCL (മാർക്കറ്റ് റേറ്റും എസ്റ്റിമേറ്റ് റേറ്റും തമ്മിലുള്ള വില വ്യത്യാസം തനതുഫണ്ടിൽ വകയിരുത്തിയ തുക) |
| | 8806278 | |

27.03.2017 ന് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ Special TSB അക്കൌണ്ടിൽ (A/C No.716021400000107) വരവുവച്ച 20637765/- രൂപ 15.04.17 ന് സെക്രട്ടറിയുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൌണ്ടിലേക്ക് (A/c No.71602100000004) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരം സെക്രട്ടറിയുടെ Special TSB അക്കൌണ്ടിൽ മെയ് 2017 ൽ 20637765 രൂപ ഈയിനത്തിൽ ബാലൻസായി ഉണ്ടായിരുന്നിട്ടും ടാർ വാങ്ങുന്നതിന് തുക ചെലവഴിക്കാതെ നഗരസഭയുടെ തനതുഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. സെക്രട്ടറിയുടെ Special

TSB അക്കൌണ്ടിൽ നിന്നും ടാർ വാങ്ങുന്നതിന് ചെലവഴിച്ച 88,06,278 /- രൂപ പിൻവലിച്ച് തനതുഫണ്ടിലേക്കഡ്ജസ്റ്റ് ചെയ്യേണ്ടതാണ്.

3. <u>നൽകിയ തുകയ്ക്കുള്ള ടാർ പെട്രോളിയം കമ്പനികളിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.</u>

BPCL, NINCOL എന്നീ കമ്പനികൾക്ക് ടാർ ലഭ്യമാക്കുന്നതിന് 8806278 രൂപ അയച്ചുകൊടുത്തെങ്കിലും താഴെ കൊടുത്തിരിക്കും പ്രകാരമുള്ള അളവിൽ മാത്രമേ ബിറ്റുമിൻ ലഭ്യമാക്കിയിട്ടുള്ളൂ.

| ഇനം | ലഭ്യമാക്കേണ്ട ടാറിന്റെ അളവ് (Invoice Rate) | അനുവദിച്ച തുക | തുക കൈപ്പറ്റിയ കമ്പനി | Stock Register/ invoice പ്രകാരം ലഭിച്ച ടാറിന്റെ അളവ് | ലഭ്യമാക്കിയ ടാറിന്റെ വില | ലഭിക്കാൻ ബാക്കിയുള്ള ടാർ | വില |
|---|---|---|---|---|---|---|---|
| SS1 | 8507.33 @ 64.332 | 561144 | HINCOAL | 3636 kg | 233912 | 4871.33 kg | 327232 |
| RS1 | 25877.25 @ 36.3003 | 945037 | HINCOAL | 4000 kg | 145202 | 21877.25 kg | 799835 |
| S65/ VC30 | 210316.8 kg @ 34.2054 | 7300097 | HPCL | 16180 kg | 553443 | 194136.8 kg | 6746654 |
| ആകെ | 244701.39 kg | 8806278 | | 23816 kg | 932557 | 220885.38kg | 7873721 |

ബിറ്റുമിനായി നൽകിയ 78,73,721 രൂപ രണ്ട് പെട്രോളിയം കമ്പനികളുടെ കൈവശമുണ്ടായിട്ടും ഫയൽ പ്രകാരം ഇതുവരെയും ബാക്കി ബിറ്റുമിൻ നൽകുന്നതിനായി ആവശ്യപ്പെട്ടു കാണുന്നില്ല. അനുദിനം ടാറിന്റെ വിലനിലവാരത്തിൽ വ്യതിയാനം സംഭവിക്കുന്നതിനാൽ ഉടൻ തന്നെ ടാർ ലഭ്യമാക്കിയില്ലെങ്കിൽ വിലവ്യത്യാസം കാരണമുണ്ടാകുന്ന നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ ബാദ്ധ്യതയായി നിജപ്പെടുത്തേണ്ട സാഹചര്യമുണ്ടാകും.അടിയന്തിരമായി ചെയ്യേണ്ട ടാറിംഗ് വർക്കുകൾക്ക് തുക വകയിരുത്തിയിട്ടും പെട്രോളിയം കമ്പനികളുടെ കൈവശമുള്ള 78,73,721 രൂപയുടെ ടാർ വാങ്ങി കരാറുകാർക്ക് വിതരണം ചെയ്യാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

4. <u>ലഭ്യമാക്കിയ ടാർ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം പ്രവൃത്തികൾക്കായി കരാറുകാർക്ക് നൽകി കാണുന്നില്ല.</u>

2016-17 വർഷത്തെ ടാർ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചപ്പോൾ (പേജ്-1) താഴെ കൊടുത്തിരിക്കും പ്രകാരം പെട്രോളിയം കമ്പനികൾ ലഭ്യമാക്കിയ ടാർ സ്റ്റോക്കിലെടു

ത്തിട്ടുണ്ടെങ്കിലും വിവിധ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി കരാറുകാർക്ക് ടാർ ഇഷ്യു ചെയ്തിട്ടില്ല.

| ഇനം | അളവ് | ബാരലുകളുടെ എണ്ണം | ലഭ്യമാക്കിയ കമ്പനി |
|---|---|---|---|
| VG30 | 26697 kg | 100 | BPCL |
| RS1 | 4000 kg | 20 | HINCOAL |
| SS1 | 3636 kg | 20 | “ |
| | ആകെ | 140 | |

15-09-2017 ന് ശ്രീ.മനോജ് കുമാർ ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ പരിശോധനയിൽ മേയർഭവൻ കോമ്പൗണ്ടിൽ മേൽ ടാർ ബാരലുകൾ ഇതുവരെയും വിനിയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു.

മേൽ ഖണ്ഡികയിൽ സൂചിപ്പിച്ച തദ്ദേശസ്വയംഭരണ വകുപ്പിന്റെ 10.02.17, 27.02.17 എന്നീ തീയതികളിലെ സർക്കുലറുകളിൽ ടാർ വാങ്ങി നൽകേണ്ട നടപടിക്രമം വ്യക്തമായും പ്രതിപാദിച്ചിട്ടുണ്ട്. ആയതു പ്രകാരം 2016-17 സാമ്പത്തിക വർഷം ആവശ്യമായി വരുന്ന ടാർ എത്രയെന്ന് കണ്ടെത്തുകയും ആയത് പൊതുമേഖലാ എണ്ണക്കമ്പനികളിൽ നിന്നും നേരിട്ട് വാങ്ങി കോൺട്രാക്ടർമാരുടെ ആവശ്യപ്രകാരം അടിയന്തരമായി ലഭ്യമാക്കേണ്ടതാണ് എന്നും, എസ്റ്റിമേറ്റിൽ പറയും പ്രകാരം ആവശ്യാനുസരണം ബിറ്റുമിൻ വാങ്ങി സൂക്ഷിക്കേണ്ടത് തദ്ദേശസ്വയംഭരണത്തിന്റെ ചുമതലയാണെന്നും ഇതിന് മുടക്കം വന്നാൽ സെക്രട്ടറിയുടെ വീഴ്ചയായി കാണുന്നതും നടപടി സ്വീകരിക്കുന്നതുമാണെന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ബിറ്റുമിൻ വാങ്ങി നൽകാത്തതിന്റെ പേരിൽ റോഡ് വർക്കുകൾ പൂർത്തിയാക്കാതെ പോവുകയോ സ്പിൽ ഓവറാവുകയോ ചെയ്താൽ അത്തരം വീഴ്ചകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതുമാണെന്നും സർക്കുലറിൽ നിർദ്ദേശിക്കുന്നുണ്ട്.

ഇപ്രകാരം വ്യക്തമായ നിർദ്ദേശമുണ്ടായിട്ടുംഅടിയന്തിരമായി ചെയ്യേണ്ട ടാറിംഗ് പ്രവൃത്തികൾക്കായി പ്രോജക്ടിൽ തുക വകയിരുത്തി പിൻവലിച്ച് പെട്രോളിയം കമ്പനികൾക്ക് നൽകിയതിനു ശേഷവും ബിറ്റുമിൻ ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കാത്തതിനാൽ പ്രവൃത്തികളെല്ലാം തന്നെ 2017-18 വർഷത്തേയ്ക്ക് സ്പിൽ ഓവറാക്കുകയും ചെയ്തത് സർക്കാർ ഉത്തരവിന് വിരുദ്ധമായ നടപടിയാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട്3-8-2017 ന് നൽകിയ 49/16-17 ഒ.എസിന് ഇജി4/6701/17 നമ്പറായി 13.09.2017 ന് സൂപ്രണ്ടിംഗ്

എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്. മറുപടിയിൽ കാലവർഷം ആരംഭിച്ചതിന ശേഷം ടാറിംഗ് പ്രവർത്തികൾ ചെയ്യാൻ കഴിയാത്തതിനാലും, സൗകര്യങ്ങൾ പരിമിതമായതിനാലുമാണ് സപ്ലൈ ഓർഡർ നൽകിയ ബാക്കി ടാർ കൊണ്ടുവരാതിരുന്നതും, കൊണ്ടുവന്നത് തന്നെ വിതരണം ചെയ്യാതിരുന്നതുമെന്നാണ് പറഞ്ഞിരിക്കുന്നത്. കാലവർഷം മുൻകൂട്ടി കണ്ടുകൊണ്ടു തന്നെയാണ് മരാമത്ത് പ്രവർത്തി പ്രോജക്ടുകൾ രൂപീകരിച്ച് നടപ്പിലാക്കുന്നത് എന്നതിനാൽ പ്രസ്തുത മറുപടി സ്വീകാര്യമല്ല. അപാകതകൾക്ക് തൃപ്തികരമായ വിശദീകരണം നൽകേണ്ടതും, അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതുമാണ്.

## 3-13 തെരുവു വിളക്കുകളുടെ പരിപാലനം : പദ്ധതി നടത്തിപ്പിലെ അപാകതകൾ

ഫയൽ നം. : ഇ.ജി.13/7717/16
പ്രൊജക്ട് നം. : 111/17

അടങ്കൽ : 9644053/-രൂപ

ചെലവു തുക : 8586997/-രൂപ

നിർവ്വഹണം : കോർപറേഷൻ എഞ്ചിനീയർ

നഗരത്തിലെ എല്ലാതരത്തിലുമുള്ള തെരുവു വിളക്കുകളുടെ പരിപാലനത്തിനും സ്പെയർപാട്സ് വാങ്ങിക്കുന്നതിനുമായി 1,30,00,000/-രൂപ കോർപറേഷൻ 2015-16 വാർഷിക പദ്ധതിയിൽ പ്രൊജക്ട് നം.1377/16 പ്രകാരം വകയിരുത്തുകയുണ്ടായി. മെയിന്റനൻസിനുള്ള സ്ട്രീറ്റ് ലൈറ്റുകളും ഫിറ്റിംഗ്സുകളും വാങ്ങുന്നതിന് ഇ-ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത മൈക്രോ ടെക്നോളജീസ്, കോഴിക്കോട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 21.3.2016 ലെ 77ാം നമ്പർ തീരുമാന പ്രകാരം കൌൺസിൽ അംഗീകരിക്കുകയുണ്ടായി. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി 33,55,947/-രൂപയുടെ ഉപകരണങ്ങൾ 2015-16 ൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും നഗരസഭ വാങ്ങിയിട്ടുണ്ട്. 2016-17 ൽ സ്പിൽ ഓവറായി 96,44,053/- രൂപ (പ്രൊജക്ട് നം.111/17) തെരുവു വിളക്കുകളുടെ പരിപാലനത്തിനും സ്പെയർ പാട്സ് വാങ്ങുന്നതിനുമായി വകയിരുത്തിയിട്ടുണ്ട്. അതുപ്രകാരം കോഴിക്കോട് നഗരസഭാപരിധിയിൽ റിപ്പയർ ചെയ്യാനാകാത്ത വിധം തുരുമ്പെടുത്ത് നശിച്ച ട്യൂബുലൈറ്റുകൾ മാറ്റി പകരം എൽ.ഇ.ഡി.ലൈറ്റുകൾ സ്ഥാപിക്കുന്നതിനും സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനുമായി 51,26,461/-രൂപ കെ.എസ്.ഇ.ബി.യിൽ ഡിപ്പോസിറ്റ് ചെയ്തതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| ബിൽ നം./തീയതി | ഡിപ്പോസിറ്റ് ചെയ്ത തുക | |
|---|---|---|
| | കോഴിക്കോട് ഡിവിഷൻ | ഫറോക്ക് ഡിവിഷൻ |
| 1/16-17/25.7.2016 | ---- | 747560 |
| 2/16-17/25.7.2016 | 863060 | ------ |
| 4/16-17/19.9.2016 | ----- | 397043 |

| | | |
|---|---|---|
| 5/16-17/19.9.2016 | 540535 | ----- |
| 10/16-17/28.10.2016 | 1129480 | ----- |
| 45/16-17/14.2.2017 | ----- | 217030 |
| 46/16-17/14.2.2017 | 1231753 | ----- |
| ആകെ | 3764828 | 1361633 |

മെയിന്റനൻസിനാവശ്യമായ ഉപകരണങ്ങൾ കെ.എസ്.ഇ.ബി.ക്ക വാങ്ങി നൽകുന്നതിനായി 2016-17 ൽ 30,87,654/-രൂപയും മുൻവർഷത്തെ ബില്ലിൽ നിന്നും ഈടാക്കിയ റിടെൻഷൻ തുക തിരികെ നൽകുന്നതിനായി 372882/-രൂപയും ഉൾപ്പെടെ താഴെ കാണും പ്രകാരം 34,60,536/-രൂപ മൈക്രോ ടെക്നോളജീസിന് നഗരസഭ അനുവദിച്ചിട്ടുണ്ട്.

| ഇൻവോയ്സ് നം./തീയതി | അനുവദിച്ച തുക | ബിൽ നം./ തീയതി |
|---|---|---|
| 10/21.4.2016 | 1355256 | 11/16-17/28.10.2016 |
| 16/24.5.2016 | 903693 | |
| 28/12.7.2016 | 828705 | |
| റിട്ടെൻഷൻ തുക തിരികെ നൽകിയത് | 372882 | |
| ആകെ | 3460536 | |

പദ്ധതി നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. കെ.എസ്.ഇ.ബിയുടെ കോഴിക്കോട്, ഫറോക്ക് എന്നീ ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസിനായി മേൽപ്രകാരം തുക ഡിപ്പോസിറ്റ് ചെയ്യുമ്പോൾ സ.ഉ.(എം.എസ്)നം.4/2016/ത.സ്വ.ഭ.വ./11.1.2016 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക x(സി) പ്രകാരം കെ.എസ്.ഇ.ബി.യുമായി കരാറിലേർപ്പെട്ടിട്ടില്ല. ഇത് പ്രവൃത്തി പൂർത്തിയാക്കുന്നതിന് അനാവശ്യ കാലതാമസത്തിനും അതുവഴി നഗരസഭക്ക് സാമ്പത്തിക നഷ്ടത്തിനും ഇടയാക്കുന്നു. ഉദാഹരണമായി ഫറോക്ക് ഡിവിഷനു കീഴിലുള്ള തെരുവു വിളക്കുകളുടെ റിപ്പയറിനായി 747560/-രൂപ ഡി.ഡി.നം.501121/26.7.2016 പ്രകാരം നഗരസഭ അനുവദിക്കുയുണ്ടായി. എന്നാൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 3.12.2016 ലെ ഡി.ബി./സ്ട്രീ.ലൈ./2016-17/143 നമ്പർ കത്തുപ്രകാരം മേൽപ്രവൃത്തി പുരോഗമിക്കുന്നതായാണ് അറിയിച്ചിട്ടുള്ളത്. തുക കൈപ്പറ്റി അഞ്ചുമാസത്തോളമായിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

2. കെ.എസ്.ഇ.ബിയുടെ സൂപ്പർവിഷനിലാണ് റിപ്പയർ പ്രവൃത്തി നടത്തേണ്ടത്. സൂപ്പർവിഷൻ ചാർജ്ജായി 10% തുക എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ചതു സംബന്ധിച്ച് കെ.എസ്.ഇ.ബി.യിൽ നിന്നുള്ള പൂർത്തീകരണ സർട്ടിഫിക്കറ്റ്, തുക ചെലവഴിച്ചതു സംബന്ധിച്ച വിനിയോഗ സർട്ടിഫിക്കറ്റ്, വിവിധ വാർഡുകളിൽ തെരുവു വിളക്കുകൾ റിപ്പയർ ചെയ്തതു/മാറ്റി സ്ഥാപിച്ചതു സംബന്ധിച്ച് ബന്ധപ്പെട്ട വാർഡ് കൌൺസിലർമാരിൽ നിന്നുള്ള സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

3. കെ.എസ്.ഇ.ബി.കോഴിക്കോട്, ഫറോക്ക് എന്നീ ഡിവിഷനുകൾക്കു കീഴിലെ റിപ്പയർ ചെയ്യാനാകാത്ത വിധം കേടുവന്ന ട്യൂബു ലൈറ്റുകൾ മാറ്റി പകരം എൽ.ഇ.ഡി.ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി യഥാക്രമം 5,40,535/-രൂപയും (1051 ട്യൂബുകൾ മാറ്റി എൽ.ഇ.ഡി.ലൈറ്റുകൾ സ്ഥാപിക്കാൻ) 3,97,043/-രൂപയും (772 ട്യൂബുകൾ മാറ്റാൻ) കെ.എസ്.ഇ.ബി.യിൽ ഡിപ്പോസിറ്റ് ചെയ്തിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണത്തിനുശേഷം ഉപയോഗശൂന്യമായ/ കേടുവന്ന ഉപകരണങ്ങൾ കെ.എസ്.ഇ.ബി.തദ്ദേശഭരണ സ്ഥാപനങ്ങളെ തിരികെ ഏൽപിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം കേടുവന്ന ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതായി കാണുന്നില്ല.

4. മൈക്രോ ടെക്നോളജീസ് എന്ന സ്ഥാപനവുമായുള്ള ഉടമ്പടി പ്രകാരം (എഗ്രിമെന്റ് നം.AEE/288/15-16/23.3.2016) ഒരു മാസത്തിനുള്ളിൽ ഉപകരണങ്ങൾ സപ്ലൈ ചെയ്യേണ്ടതാണ്. Eg-13/7717/16/25.3.2016 നമ്പർ പ്രകാരം നഗരസഭ സപ്ലൈ ഓർഡർ നൽകിയെങ്കിലും ഓർഡർചെയ്ത സ്പെയർ പാർട്സുകൾ വേണ്ടത്ര സ്റ്റോക്കില്ലാത്തതിനാൽ മുഴുവൻ സാധനങ്ങളും സപ്ലൈ ചെയ്യാൻ മൂന്നു മാസത്തെ സമയം കൂടി അനുവദിക്കണമെന്ന് സ്ഥാപനം അപേക്ഷിച്ചതിനെ തുടർന്ന് 25.7.2016 വരെ സമയം ദീർഘിപ്പിച്ചു നൽകുകയുണ്ടായി. എഗ്രിമെന്റ് പ്രകാരമുള്ള സമയപരിധിക്കുള്ളിൽ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് സ്ഥാപനം കാലതാമസം വരുത്തി കാണുന്നു.

5. എസ്റ്റിമേററ് പ്രകാരമുള്ള മെയിന്റനൻസ് പ്രവൃത്തി കെ.എസ്.ഇബി. പൂർത്തീകരിച്ചതു സംബന്ധിച്ച് യാതൊരു വിധ മോണിട്ടറിംഗും നഗരസഭ നടത്തി കാണുന്നില്ല. കെ.എസ്.ഇ.ബി ആവശ്യപ്പെടുന്ന തുക മുൻകൂറായി അനുവദിച്ചു വരികയാണ് ചെയ്യുന്നത്.

തെരുവു വിളക്കുകളുടെ സ്പെയർപാട്സ് വാങ്ങുന്നതിനും മെയിന്റനൻസ് പ്രവൃത്തികൾക്കുമായി 85,86,997/-രൂപ 2016-17 ൽ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് ഒബ്ജക്ഷൻ സ്ലിപ്പ് നം.64/16-17/17.8.2017 മുഖേന ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവു തുക 8586997/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

**3-14 മെഡിക്കൽ കോളേജ് കാമ്പസ് ഗവ. ഹൈസ്കൂൾ - പുതിയ ക്ലാസ്സ് മുറി നിർമ്മാണം - കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങൾ 1997) ചട്ടങ്ങൾ പാലിച്ചില്ല.**

ഫയൽ നമ്പർ : ഇ.ജി.12/90807/15

പ്രോജക്ട് നമ്പർ : 87/17

പദ്ധതി അടങ്കൽ : 2,02,00,000/- (വികസന ഫണ്ട് 50 ലക്ഷം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് 1.52 ലക്ഷം)

പാർട്ട് ബിൽ : 47,86,245

ബിൽ നമ്പർ : 104/30.02.17

മെഡിക്കൽ കോളേജ് ക്യാമ്പസ് ഹൈസ്കൂളിൽ ക്ലാസ് റൂമുകൾക്കായി ഒരു പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിന് 2015-16 ൽ 1358/15 നമ്പർ പ്രോജക്ട് പ്രകാരം ബഹുവർഷ പദ്ധതിയായി 1,50,00,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പിന്നീട് 2016-17 ൽ 2,02,00,000/- രൂപയുടെ 87/17 നമ്പർ പ്രോജക്ട് തയ്യാറാക്കുകയും എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 1,52,00,000/- ലക്ഷം രൂപയുടെ പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിയ്ക്കുകയും ചെയ്തു. ഇതിൽ 2016-17 വർഷം 47,86,245 രൂപയുടെ പാർട്ട് ബിൽ അനുവദിച്ചു. ബാക്കി ഫൈനൽ ബിൽ പ്രകാരം 1,04,00,782/- രൂപ 2017-18 ൽ അക്രഡിറ്റഡ് ഏജൻസിക്ക് അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി ഫയൽ പരിശോധിച്ചതിൽ പ്രസ്തുത പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിച്ചതായി കാണുന്നു. ടെണ്ടർ നടപടികൾ സ്വീകരിക്കാതെ പ്രവൃത്തി അക്രഡിറ്റ് ഏജൻസിയെ ഏൽപ്പിച്ചതിനുള്ള സാഹചര്യം വ്യക്തമാക്കേണ്ടതും ആയതു സംബന്ധിച്ച കൌൺസിൽ തീരുമാനം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

**3-15 കുണ്ടുപറമ്പ് പകൽ വീട് - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല**

ഫയൽ നമ്പർ : ഇ.ജി.1/56427/14

പ്രോജക്ട് നമ്പർ : 1430/17

പദ്ധതി അടങ്കൽ : 43,92,486 (വി.ഫ)

ചെലവ് : 43,92,486

ബിൽ നമ്പർ : 61/16-17 തീയതി.19.01.2017

കോഴിക്കോട് കോർപ്പറേഷനിലെ 6-ാം വാർഡിലുള്ള കുണ്ടുപറമ്പ് എന്ന സ്ഥലത്ത് പകൽ സമയത്ത് വീടുകളിൽ തനിച്ചാവുന്ന വയോജനങ്ങൾക്ക് ഒത്തുകൂടാനും സംവദിക്കാനും സൌകര്യമൊരുക്കുന്നതിന് ഒരു ഇടത്താവളം സ്ഥാപിക്കുന്നതിന് അസോസിയേഷൻ ഓഫ് എൽഡേഴ്സ് കുണ്ടുപറമ്പ് (റജി.നം.477/2001) എന്ന രജിസ്റ്റേഡ് സംഘടന ഒരു പകൽ വീട് സ്ഥാപിക്കാനുള്ള നടപടികൾ കൈകൊള്ളുവാൻ സമർപ്പിച്ച അപേക്ഷയുടെ പശ്ചാത്തലത്തിലാണ്

മേൽ പ്രോജക്ട് തയ്യാറാക്കിയത്. 2014-15 വർഷം 68/15 എന്ന പ്രോജക്ട് പ്രകാരം പദ്ധതി രൂപീകരിക്കുകയുണ്ടായി. എന്നാൽ 2015-16 ൽ 1166/16, 2016-17 ൽ 1430/17 എന്നീ പ്രോജക്ടുകൾ പ്രസ്തുത പദ്ധതിയ്ക്കായി തയ്യാറാക്കിയെങ്കിലും പദ്ധതി ഇതുവരെ ആരംഭിച്ചിട്ടില്ല.

പ്രവൃത്തിയുടെ നിർവഹണ ഏജൻസിയായി 28.02.15 ലെ 6349/ഡി.സി.3/2015 തസ്വഭവ പ്രകാരം കോഴിക്കോട് വികസന അതോറിറ്റിയെ സർക്കാർ നിയോഗിച്ചു. സി.ഡി.എ 43,92,486/- രൂപയുടെ എസ്റ്റിമേറ്റ് സഹിതം 142.10 ച.മീ വിസ്തീർണ്ണം വരുന്ന കെട്ടിടത്തിന്റെ പ്ലാൻ 06.09.2016 ന് കോർപ്പറേഷനിൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ പ്ലാൻ കോർപ്പറേഷൻ സെക്രട്ടറി അംഗീകരിച്ചതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. കെട്ടിട നിർമ്മാണം ഡെപ്പോസിറ്റ് വർക്കായി ചെയ്യുന്നതിന് 19.01.2017 ലെ 112495 നമ്പർ ചെക്ക് പ്രകാരം 43,92,486/- രൂപ സൂപ്രണ്ടിംഗ് എഞ്ചിനീയർ സി.ഡി.എ യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ തുക കൈമാറുന്നതിന് മുമ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയറും സി.ഡി.എ യും തമ്മിൽ കരാർ വെച്ചിട്ടില്ല.

31.03.2017 ൽ കോഴിക്കോട് വികസന അതോറിറ്റി സർക്കാർ നിർത്തൽ ചെയ്ത സാഹചര്യത്തിൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംബന്ധിച്ച നടപടികൾ കോർപ്പറേഷൻ സ്വീകരിച്ചിട്ടില്ല. സി.ഡി.എ അക്കൗണ്ടിൽ നിക്ഷേപിച്ച തുക ഇപ്പോൾ ഏത് അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത് എന്ന് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 2014-15 വർഷത്തിൽ ആരംഭിച്ച പദ്ധതി രണ്ടുവർഷം പിന്നിട്ടിട്ടും കെട്ടിട നിർമ്മാണത്തിന്റെ പ്രാഥമിക ഘട്ടം പോലും പൂർത്തീകരിക്കാത്ത അവസ്ഥയിലാണ്. പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ പൂർത്തീകരിക്കുന്നതിനു മുമ്പുതന്നെ തുക സി.ഡി.എ യ്ക്ക് കൈമാറി കാണുന്നു. സി.ഡി.എ യുടെ പ്രവർത്തനം അവസാനിപ്പിച്ച സാഹചര്യത്തിൽ പദ്ധതി നിർവഹണത്തിന്റെ ഭാഗമായി കൈകൊണ്ട നടപടികൾ ഓഡിറ്റിനെ അറിയിക്കാനും എഗ്രിമെന്റ് വെയ്ക്കാതെ തുക കൈമാറിയതിന് വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ടുകൊണ്ട് 29.7.2017 ന നൽകിയ 45 ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 10.8.2017 ന് ലഭ്യമാക്കിയ മറുപടിയിൽ 10 ദിവസത്തെ സാവകാശം കൂടി ചോദിച്ചിരുന്നു. എന്നാൽ ആവശ്യപ്പെട്ട സമയം കഴിഞ്ഞിട്ടും തൃപ്തികരമായ മറുപടി ലഭ്യമാക്കാത്തതിനാൽ 43,92,486/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 3-16 വിവിധ പട്ടികജാതി കോളനിയിൽ ലോമാസ്റ്റ് സ്ഥാപിക്കൽ - പ്രോജക്ട് നിർവഹണം - അപാകതകൾ

| | |
|---|---|
| ഫയൽ നമ്പർ | : EG13/78349/13 |
| പ്രോജക്ട് നമ്പർ | : 474/14, 1076/15 |
| പ്രോജക്ട് നിർവഹണം | : സൂപ്രണ്ടിംഗ് എഞ്ചിനീയർ |
| വകയിരുത്തിയ തുക | : 20 ലക്ഷം (വികസന ഫണ്ട് SCP) |
| ചെലവ് തുക | : 1118250 (2014-15) (വികസന ഫണ്ട് SCP) |
| | 887200 (തനതുഫണ്ട്) ചെക്ക് നം.691202/07.03.17 |
| ആകെ | : 2005450 |

കരാറുകാരൻ : ശ്രീ.ടി.മോഹനൻ

എം.ബുക്ക് : 600/12

മാലൂർകുന്ന് എസ്.സികോളനി, പി.കെ തൊടി ഗോവിന്ദപുരം എസ്.സി കോളനി, മുതുമ്മൽകുന്ന് എസ്.സി കോളനി, കമ്മാട്ടിക്കുളം എസ്.സി കോളനി എന്നിവിടങ്ങളിൽ ലോമാസ്റ്റ് സ്ഥാപിക്കുന്നതിനു വേണ്ടി 2013-14 വർഷം 20 ലക്ഷം രൂപ വകയിരുത്തി ആരംഭിച്ച മേൽ പ്രോജക്ട് പൂർത്തീകരിച്ചത് 2016-17 വർഷത്തിലാണ് പ്രോജക്ട് നിർവഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കണ്ടു.

1. <u>അംഗീകാരം ലഭ്യമായിട്ടും ടെണ്ടർ നടപടികളിൽ കാലതാമസം വരുത്തി.</u>

   2013-14 വർഷം തുക വകയിരുത്തി അംഗീകാരം വാങ്ങിയ പ്രോജക്ടിന് 31.12.2013 ന് എസ്റ്റിമേറ്റ് തയ്യാറാക്കാൻ ഓവർസിയറോട് നിർദ്ദേശിച്ചിരുന്നെങ്കിലും (ഓഫീസ് കുറിപ്പ് പേജ് - 1 കാണുക) 27.01.15 നാണ് ഇലക്ട്രിക്കൽ വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കി പ്രവൃത്തി ചെയ്യുന്നതിനായി സ്പെസിഫിക്കേഷൻ തയ്യാറാക്കി ഫയൽ സമർപ്പിട്ടുള്ളതെന്നു കാണുന്നു. (ഓഫീസ് കുറിപ്പ് പേജ് - 2 കാണുക)ആയതിനാൽ ടെണ്ടർ നടപടികൾക്ക് കാലതാമസം നേരിടുകയും പ്രവൃത്തി 2014-15 വർഷത്തേയ്ക്ക് സ്പിൽ ഓവർ ആവുകയും ചെയ്തു. തന്മൂലം പ്രവൃത്തി ആരംഭിക്കാൻ അനാവശ്യ കാലതാമസമുണ്ടായി.

2. <u>സ്പിൽ ഓവറായി പ്രോജക്ട് വെയ്ക്കാതെ വികസന ഫണ്ട് നഷ്ടപ്പെടുത്തി.</u>

   കുമ്മാട്ടിക്കുളം എസ്.സി.കോളനിയിലൊഴികെ 3 കോളനികളിലെ ലോമാസ്റ്റ് സ്ഥാപിക്കൽ 31.03.15 നകം കരാറുകാരൻ പൂർത്തീകരിച്ചതിന്റെയടിസ്ഥാനത്തിൽ 2014-15 വർഷം 1118250/- രൂപയുടെ പാർട്ട്ബിൽ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. കുമ്മാട്ടിക്കുളത്തെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് പ്രകാരം സ്ഥലം പ്രൈവറ്റ് പാർട്ടിയുടേതായതിനാൽ ലോമാസ്റ്റ് സ്ഥാപിക്കൽ അനുയോജ്യമല്ല എന്ന് കണ്ടതിനാൽ പ്രവൃത്തി മുഴുവനായി 31.03.15 ന് അതായത് അനുവദിച്ച സമയത്തിനുള്ളിൽ പൂർത്തിയാക്കാൻ കരാറുകാരന് സാധിച്ചില്ല. തുടർന്ന് കരാറുകാരന് 30.06.15 വരെ പൂർത്തീകരണ സമയം നീട്ടി നൽകി. എന്നാൽ അതിനനുസരിച്ച് 2015-16 വർഷം വികസനഫണ്ടിൽ തുക വകയിരുത്തി പ്രോജക്ട് സ്പിൽ ഓവറാക്കി വച്ചില്ല. ആയതിനാൽ കരാറുകാരന് കോളനികളിൽ ലോമാസ്റ്റ് സ്ഥാപിച്ചതിന്റെ ഫൈനൽ ബിൽ മുഖേന അനുവദിക്കേണ്ട 887200/- രൂപ (ആകെ പ്രവൃത്തി മൂല്യം 2005450- പാർട്ട് ബിൽ തുക 1118250 – 887200) പ്രോജക്ട് പൂർത്തിയായിട്ടും വികസന ഫണ്ടിൽ നിന്നും ചെലവഴിക്കാൻ സാധിക്കാതെ ലഭ്യമായ ഫണ്ട് നഷ്ടപ്പെടുന്നതിന് കാരണമായി.

3. <u>പ്രോജക്ടിൽ തുക വകയിരുത്തി അംഗീകാരം വാങ്ങാതെ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു.</u>

   സ.ഉ(എം.എസ്)നം.362/2013 തസ്വഭവ തീയതി. 16.11.13 ലെ പന്ത്രണ്ടാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖ ഖണ്ഡിക 11.13 ൽ (xii) പ്രകാരം അംഗീകാരം ലഭിച്ച ഒരു പ്രോജക്ട് നിർവഹണം ആരംഭിച്ചെങ്കിലും പൂർത്തീകരിക്കുകയോ പൂർത്തീകരിച്ച ശേഷം പണം

നൽകാതിരിക്കുകയോ ചെയ്താൽ ആ പ്രോജക്ട് ഭരണസമിതി തീരുമാനപ്രകാരം അടുത്ത വർഷ പ്രോജക്ടിൽ സ്പിൽ ഓവറായി ഉൾപ്പെടുത്താവുന്നതാണ് എന്ന് നിർദ്ദേശിക്കുന്നുണ്ട്. കൂടാതെ അംഗീകാരം ലഭിച്ച തുകയിലോ പ്രവർത്തനങ്ങളിലോ ഭേദഗതി വരുത്തിയാണ് സ്പിൽ ഓവർ പ്രോജക്ടായി ഉൾപ്പെടുത്തിയതെങ്കിൽ അത് ഡി.പി.സി യ്ക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങണമെന്നും ഒറിജിനൽ പ്രോജക്ട് സ്പിൽ ഓവർ പ്രോജക്ടിനൊപ്പം പരിശോധനയ്ക്ക് സമർപ്പിക്കുകയും വേണമെന്ന് നിർദ്ദേശിക്കുന്നുണ്ട്. 16.12.2016 ന് വകയിരുത്തിയ തുകയിൽ ഭേദഗതി വരുത്തി 2005450/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് 63-ാം നമ്പർ തീരുമാനപ്രകാരം കൗൺസിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും മേൽ നടപടിക്രമങ്ങൾ പാലിച്ച് 2015-16 വർഷം പ്രോജക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്താത്തതിനാൽ കരാറുകാരന് പണം നൽകാൻ കഴിയാതെ വരികയും 2016-17 വർഷം പ്രോജക്ട് വച്ച് ഡി.പി.സി അംഗീകാരം വാങ്ങാതെ തന്നെ തനതുഫണ്ടിൽ നിന്നും 887200/- രൂപ ചെലവഴിക്കുകയും ചെയ്തു. പദ്ധതി മാർഗ്ഗനിർദ്ദേശം പാലിക്കാതെയാണ് തുക ചെലവഴിച്ചിട്ടുള്ളത്.

4. <u>നികുതികൾ അടവാക്കിയതിന്റെ രശീതികൾ ലഭ്യമല്ല.</u>

ഫൈനൽ ബിൽ തുക അനുവദിച്ചപ്പോൾ കരാറുകാരനിൽ നിന്നും താഴെ കൊടുത്തിരിക്കും പ്രകാരം നികുതി ഈടാക്കിയിട്ടുണ്ട്.

| | | |
|---|---|---|
| ആകെ പ്രവൃത്തി മൂല്യം | - | 2005450 |
| (-) പാർട്ട് ബിൽ | - | 1118250 |
| | | 887200 |
| (-) ഇൻകം ടാക്സ് 1% | - | 8872 |
| വാറ്റ് 4% | - | 35488 |
| KCWWF 1% | - | 8872 |
| | | 53232 |
| | | 833968 (കരാറുകാരന് നൽകിയ തുക) |

നികുതിയിനത്തിൽ കരാറുകാരനിൽ നിന്നും ഈടാക്കിയ 53232 രൂപ അതാതു ഡിപ്പാർട്ടിമെന്റുകളിലേക്കടവാക്കിയതിന്റ വിശദാംശങ്ങളും രശീതിയും ഫയലിൽ ലഭ്യമല്ല.

5. <u>വിളക്കുകൾ പ്രവർത്തിക്കുന്നതായുള്ള റിപ്പോർട്ടില്ല.</u>

താഴെ കൊടുത്തിരിക്കും വിധം വിവിധ കോളനികളിലെ വിളക്കുകൾ പ്രവർത്തിപ്പിക്കുന്നതായി വൈദ്യുതി വകുപ്പിൽ തുക അടവാക്കിയിട്ടുണ്ട്.

| | | അടവാക്കിയ തുക/ രശീതി നം. | | ഇലക്ട്രിക്കൽ സെക്ഷൻ |
|---|---|---|---|---|
| 1. | മാലൂർകുന്ന് കോളനി | 101268/07.07.15 CD | 1000 | വെള്ളിമാട്കുന്ന് |
| | | 101269/07.07.15 ECSC | 2150 | |
| 2. | പി.കെ.തൊടി ഗോവിന്ദപുരം കോളനി | 101256/06.07.15 CD | 1000 | പൊറ്റമ്മൽ |
| | | 101257/06.07.15 ECSC | 2150 | |
| 3. | മുതുമ്മൽകുന്ന് കോളനി | 101270/07.07.15 CD | 1000 | വെള്ളിമാട്കുന്ന് |
| | | 101271/07.07.15 ECSC | 6150 | |
| 4. | കുമ്മാട്ടിക്കുളം കോളനി | 102105/14.10.16 MSD | 700 | വെസ്റ്റ് ഹിൽ |
| | | 102106/14.10.16 CD | 1000 | |
| | | 102106/14.10.16 ECSC | 2150 | |
| | | 101287&101288 process fee LTRg | 150 | |
| | | ആകെ | 17950 | |

തുക അടവാക്കുമ്പോൾ സെക്രട്ടറി ഒപ്പിട്ട് സമർപ്പിച്ച എഗ്രിമെന്റിൽ വ്യവസ്ഥകൾ അംഗീകരിച്ചുകൊണ്ട് കെ.എസ്.ഇ.ബി അധികൃതർ ഒപ്പുവെച്ചിട്ടില്ല. 4 കോളനികളിലെയും ലോമാസ്റ്റുകളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയതിന്റെ റിപ്പോർട്ട് ഹാജരാക്കയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 56/16-17 ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.പ്രവൃത്തി ആരംഭിക്കുന്നതിന് അനാവശ്യ കാലതാമസമുണ്ടായതിനും സ്പിൽ ഓവറായി പ്രോജക്ട് വെയ്ക്കാതെ വികസന ഫണ്ട് നഷ്ടപ്പെടുത്തിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.നികുതി അടവാക്കിയ രശീതികളും ലോമാസ്റ്റുകളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയതിന്റെ റിപ്പോർട്ടും പരിശോധനയ്ക്ക് നൽകേണ്ടതാണ്.പ്രോജക്ട് വച്ച് ഡി.പി.സി അംഗീകാരം വാങ്ങാതെ തനതുഫണ്ടിൽ നിന്നും നടത്തിയ 887200/- രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

## 3-17 ഇ- ടെണ്ടറിങ് - സർക്കാർ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുന്നില്ല

സർക്കാർ ഉത്തരവ് നം. ജി.ഒ(എം.എസ്)318/13 എൽ.എസ്.ജി.ഡി. തിയതി 28.09.13 ഖണ്ഡിക 2 അനുസരിച്ച് മുനിസിപ്പൽ കോർപ്പറേഷനുകളിൽ ഇ- ടെണ്ടറിങിനായി സൂപ്രണ്ടിങ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ബാങ്ക് അക്കൗണ്ട് ഈ ആവശ്യത്തിന് മാത്രമായിരിക്കണം ഉപയോഗിക്കേണ്ടത് എന്നും മേൽ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തനത് ഫണ്ട് ഉപയോഗിച്ച് പശ്ചാത്തലമേഖലയിൽ പ്രവൃത്തികൾ ചെയ്യുന്നതിനായി 14.03.14 ന് സൂപ്രണ്ടിങ് എഞ്ചി നീയറുടെ പേരിൽ എസ്.ബി.ഐ. ൽ ആരംഭിച്ച 67268293095 അക്കൗണ്ട് വഴിയാണ് ഇ-ടെണ്ടറിങ് നടപടിക്രമങ്ങൾ ഇപ്പോൾ കോർപ്പറേഷനിൽ ചെയ്യു വരുന്നത്. പശ്ചാത്തല മേഖലയിൽ തനതു ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്കായി തൻവർഷം 6,65,56,348/- രൂപ ഈ അക്കൗണ്ടിലൂടെ ചെലവഴിച്ചിട്ടുണ്ട്. 6.2.15 മുതൽ ഇ- ടെണ്ടറിങ്ങിനായി മേൽ അക്കൗണ്ട് ഉപയോഗിക്കുന്നുണ്ട്. അക്കൗണ്ട് പരിശോധിച്ചതിൽ, ഇ- ടെണ്ടറിങ് ആരംഭിച്ചതു മുതൽ ടെണ്ടർ ഫോമിനത്തിലുള്ള തുക കോർപ്പറേഷന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്കു മാറ്റാതെ ഈ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു. ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് 3.6.17 ന് നീക്കിയിരിപ്പുണ്ടായിരുന്ന 50,31,703/- രൂപയിൽ 50,27,813 രൂപ തനത് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു. (അക്കൗണ്ട് നമ്പർ 067109350615 - എസ്.ബി.ഐ.) ഇ-ടെണ്ടറിങ്ങിനായി സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാതെ മറ്റ് ആവശ്യങ്ങൾക്കുപയോഗിക്കുന്ന ബാങ്ക് അക്കൗണ്ട് തുടർന്നും ഉപയോഗിക്കുന്നത് ശരിയായ നടപടിയല്ല.

ചീഫ് എഞ്ചിനീയറുടെ 19.12.16 ലെയും 21.12.16 ലെയും ഡിബി1/ 7942/2016/സി.ഇ/ത.സ്വ.ഭ.വ സർക്കുലറിൽ ത.സ്വ.ഭ.വ സ്ഥാപനങ്ങളുടെ ഇ.എം.ഡി ഇതേ അക്കൗണ്ടിൽ ആണ് നിക്ഷേപിക്കുന്നത് എന്ന് വ്യക്തമാക്കുന്നുണ്ട്. ഇ- ടെണ്ടർ പൂർത്തിയായി എ.ഒ.സി നൽകുന്ന അവസരത്തിൽ ബിഡ്ഡേഴ്സമാരുടെ ഇ.എം.ഡി. മാനുവലായി തിരികെ നൽകുന്നതിനു കാലതാമസം ഒഴിവാക്കുന്നതിനായി കരാറിൽ ഏർപ്പെടുന്ന സമയത്ത് 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് മുഴുവനായും കരാറുകാരിൽ നിന്ന് സ്വീകരിക്കേണ്ടതാണെന്നും ടെണ്ടർ നടപടി പൂർത്തീകരിച്ച് എ.ഒ.സി. അപ് ലോഡ് ചെയ്യുമ്പോൾ ഇ.എം.ഡി തുക ബിഡറുടെ അക്കൗണ്ടിലേക്ക് തിരികെ പോകുന്നതാണെന്നും വ്യക്തമാക്കുന്നുണ്ട്. ഇ-ടെണ്ടറിങ് ആരംഭിച്ചതു മുതലുള്ള ബാങ്ക് പാസ്സ് ബുക്കുകൾ പരിശോധിച്ചതിൽ ടെണ്ടർ ഫോറം വിലയിനത്തിലുള്ള തുകയല്ലാതെ മറ്റ് ഇനത്തിലുള്ള തുകയൊന്നും ഈ അക്കൗണ്ടിൽ വരവു വന്നിട്ടില്ല. ഇ.എം.ഡി തുക നേരിട്ട് ചീഫ് എഞ്ചിനീയറുടെ അക്കൗണ്ടിലേക്കാണ് ക്രഡിറ്റ് ആകുന്നതെന്നും ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തിയായി അപ് ലോഡ് ചെയ്യുമ്പോൾ ചീഫ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ബിഡറുടെ അക്കൗണ്ടിലേക്ക് തിരികെ പോകുന്നതാണെന്നുമാണ് ബന്ധപ്പെട്ട സെക്ഷൻ ക്ലർക്ക് അറിയിച്ചത്. 6.2.15 (ഇ- ടെണ്ടറിനായി ആരംഭിച്ച തിയതി) മുതൽ നാളിതുവരെയും ഇ.എം.ഡി വരവു വെയ്ക്കുന്നതിന്റെയും തിരിച്ച് നൽകുന്നതിന്റെയും വിശദാംശം ലഭ്യമല്ല. അപാതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് ഒബ്ജക്ഷന് മറുപടി ലഭ്യമാക്കിയിട്ടില്ല. തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-18 സർക്കാർ സ്കൂളുകൾക്ക് ഫർണീച്ചർ വിതരണം - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

അടങ്കൽ : 97,98,000/- (വികസന ഫണ്ട്)

നിർവഹണം : വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ

| ചെലവു തുക | ബിൽ നമ്പർ |
|---|---|
| 43,21,230 | 1/20.09.16 |
| 19,60,584 | 2/20.09.16 |
| 35,14,868 | 3/27.09.16 |
| 97,96,682 (ആകെ) | |

കോർപ്പറേഷൻ പരിധിയിലുള്ള സർക്കാർ സ്കൂളുകൾക്ക് ഫർണീച്ചർ വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് ആവിഷ്കരിച്ചിട്ടുള്ളത്. സർക്കാർ അംഗീകൃത സ്ഥാപനങ്ങളായ കാഡ്കോ, ആർട്ട്കോ എന്നീ സ്ഥാപനങ്ങളുടെ ഇൻവോയിസ് പ്രകാരം ഫർണീച്ചർ നേരിട്ട് പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും വാങ്ങുകയാണ് ചെയ്തത്. (ബെഞ്ച്. ഡെസ്ക്, പ്ലാസ്റ്റിക് ആം ചെയർ എന്നിവ 'കാഡ്കോയിൽ' നിന്നും ലാബ് ടേബിൾ, പ്ലെയിൻ ടേബിൾ, സ്റ്റൂൾ, റിവോൾവിംങ് ചെയർ എന്നിവ 'ആർട്ട്കോ' എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി) ജി.ഒ.(ആർ.ടി)നം.12/2015 തീയതി.06.03.15, ജി.ഒ(ആർ.ടി)നം.63/15 തീയതി.17.11.15 എന്നീ ഉത്തരവുകളിൽ (യഥാക്രമം ആർട്ട്കോയുടെയും കാഡ്കോയുടെയും) മേൽ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യാൻ സർക്കാർ അംഗീകാരം നൽകിയ ഫർണീച്ചറുകളും അവയുടെ സ്പെസിഫിക്കേഷനും നിരക്കും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 39/30.06.16 ഇൻവോയിസ് പ്രകാരം കാഡ്കോയിൽ നിന്ന് വാങ്ങിയ ഫൈബർ ആം ചെയർ [550 നിൽക്കമൽ ഫൈബർ കസേരകൾ, 418 രൂപ നിരക്കിൽ 2,63,236/- (വാറ്റ് ഉൾപ്പെടെ)] പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടതല്ല. ലിസ്റ്റിൽ പ്രതിപാദിക്കാത്ത ഇനം ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കാതെ നേരിട്ട് വാങ്ങിയത് ശരിയായ നടപടിയല്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-19 വിജയോത്സവം - 2017 - പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | - ഡി.ഡി.ഇ. |
| പദ്ധതി പേര്, നമ്പർ | - വിജയോത്സവം-2017 so-225/17 |
| അടങ്കൽ തുക | - 10,00,000/- |
| ചെലവഴിച്ച തുക | - 1,90,964/- ബിൽ നമ്പർ, തീയ്യതി - 15/16-17, 31.03.2017 |
| | 1,98,100/-ബിൽ നമ്പർ, തീയ്യതി - 14/16-17, 31.03.2017 |
| ആകെ | - 3,89,064/- |

നഗരസഭ പരിധിയിലെ സർക്കാർ/എയിഡഡ് മേഖലയിലെ വിദ്യാലയങ്ങളിലെ എസ്.എസ്.എൽ.സി, +2 വിജയശതമാനം വർദ്ധിപ്പിക്കുന്നതിനും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ വിജയത്തിന് പ്രാപ്തരാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളും നടത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി. പദ്ധതിപ്രകാരം അക്കാദമിക് കൌൺസിൽ

രൂപീകരണം,അദ്ധ്യാപകർക്ക് പരിശീലനം, പ്രവർത്തന സഹായി, പഠനസാമഗ്രികൾ, പ്രവർത്തന മാർഗ്ഗരേഖ എന്നിവ തയ്യാറാക്കൽ, പ്രവർത്തന പുരോഗതി അവലോകനം, ഏകീകൃത മൂല്യനിർണ്ണയം, ഗുണഭോക്താക്കളുടെയും രക്ഷിതാക്കളുടെയും സംയുക്ത ശില്പശാല എന്നിവ ഉദ്ദേശിച്ചിരുന്നെങ്കിലും കൈപ്പുസ്തകം തയ്യാറാക്കൽ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്.

പദ്ധതി നടപ്പാക്കിയതിലൂടെ മേൽ വിവരിച്ച ബിൽ പ്രകാരം താഴെ പറയുന്ന ഇനങ്ങൾക്ക് തുക വിനിയോഗിച്ചിട്ടുണ്ട്.

| ഇനം | തുക |
|---|---|
| കൈപ്പുസ്തകം പ്രിന്റിംഗ് | 1,90,964 |
| അദ്ധ്യാപകർക്ക് പ്രതിഫലം | 1,78,500 |
| ഭക്ഷണ ചെലവ് | 18,400 |
| സ്റ്റേഷനറി | 1200 |
| | 3,89,064 |

മേൽ പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

- 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ്. 30 പ്രകാരം സർക്കാരിന്റെ വിവിധ തലത്തിലുള്ള സ്കൂളുകളുടെ നടത്തിപ്പാണ് നഗരസഭകൾക്ക് നിക്ഷിപ്തമായ ചുമതല. 18.01.1996 ലെ (എം.എസ്) 14/96/പൊ.വി. നമ്പർ ഉത്തരവിലൂടെ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും അധികാരങ്ങളും, നടപ്പാക്കേണ്ട പദ്ധതികളും എന്തെല്ലാമാണ് സംബന്ധിച്ച പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിദ്യാർത്ഥികളുടെ അഡ്മിഷൻ, പഠന വിഷയങ്ങൾ, സിലബസ്, പാഠപുസ്തകങ്ങൾ, പരീക്ഷ നടത്തിപ്പ്, ഗ്രേഡിംഗ് തുടങ്ങിയവ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ചുമതലകളിൽപെടുന്നില്ല. ഇത്തരം കാര്യങ്ങൾ നിലവിലും സർക്കാരിന്റെ ചുമതലയിലാണ്. 16.11.2013 ലെ(എം.എസ്)362/13/ ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി പരിഷ്കരിച്ച മാർഗ്ഗരേഖ ഖണ്ഡിക.4) തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മേൽ ഉത്തരവിലെ നിർദ്ദേശങ്ങളും പാലിക്കാതെയാണ് പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്.
- അനുബന്ധം - 1(2) പ്രകാരം മുനിസിപ്പൽ കോർപ്പറേഷനുകളിലെ വിദ്യാഭ്യാസം, കായികം, വിനോദം, യുവജനക്ഷേമം വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാളാണ് (സീനിയർ). വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ എന്ന നിലയിൽ പ്രസ്തുത

മേഖലയിലെ പദ്ധതികൾ നിർവ്വഹണം നടത്തേണ്ടതും മേൽ വിഭാഗത്തിലെ ഉദ്യോഗസ്ഥനാണ്. കോഴിക്കോട് കോർപ്പറേഷനിൽ പ്രസ്തുത തരത്തിലുള്ള ഉദ്യോഗസ്ഥന്റെ സേവനം ലഭ്യമായിരിക്കേ വിദ്യാഭ്യാസ ഉപഡയറക്ടർ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കിയത് വിശദീകരിക്കേണ്ടതാണ്. ഹയർ സെക്കണ്ടറി മേഖലയിലെ പ്രവർത്തനങ്ങളിൽ ഇടപെടുവാൻ വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടറെ സർക്കാർ ചുമതലപ്പെടുത്തിയ ഉത്തരവിന്റെ പകർപ്പും പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

- വിദ്യഭ്യാസ വകുപ്പ് തയ്യാറാക്കുന്ന പാഠ്യവിഷയങ്ങൾ വിദ്യാർത്ഥികൾക്ക് പറഞ്ഞ് കൊടുക്കേണ്ടതും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ പ്രത്യേക ശ്രദ്ധ നൽകി ഉയർത്തി കൊണ്ട് വരേണ്ടതും ആ വകുപ്പിൽ നിയമിതരായ അദ്ധ്യാപകരുടെ ചുമതലയാണ്. നഗരസഭകളെ ഏൽപ്പിച്ചിട്ടില്ലാത്ത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലകളും, പ്രവർത്തനങ്ങളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയതിലൂടെ ആവർത്തന ചെലവ് വരുത്തുകയാണ് ചെയ്തിട്ടുള്ളത്.

- കൈപ്പുസ്തകം പ്രിന്റ് ചെയ്യുന്നതിന് മൂന്ന് പ്രസ്സുകളിൽ നിന്ന് ക്വട്ടേഷൻ സ്വീകരിച്ച് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കോഴിക്കോട് ജില്ലാ കോ-ഓപ്പ് പ്രസ്സിന് ഓർഡർ നൽകുകയാണുണ്ടായത്. എന്നാൽ ക്വട്ടേഷൻ നോട്ടീസ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

- ജി.ഒ.(ആർ.ടി)2487/2016 LSGD 20.08.16[i] പ്രകാരം പുറപ്പെടുവിച്ച പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരം ഒരു ലക്ഷത്തിലധികരിക്കാത്ത തുകക്കുമാത്രമേ ക്വട്ടേഷൻ വിളിക്കാൻ പാടുള്ളൂ.രണ്ടുലക്ഷം വരെയുള്ള തുകയുടെ സാധനങ്ങളോ സേവനങ്ങളോ വാങ്ങുമ്പോൾ ലിമിറ്റഡ് ടെണ്ടർ പ്രകാരം വാങ്ങലുകൾ നടത്തേണ്ടതായിരുന്നു.

- കൈപ്പുസ്തകം തയ്യാറാക്കിയതിന് സമഗ്ര വിദ്യാഭ്യാസ പദ്ധതി കോർഡിനേറ്റർ 1,78,500/- രൂപ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ അദ്ധ്യാപകരുടെ കൈപ്പറ്റ് രശീതികൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

- വിവിധ വിഷയങ്ങളിലായി തയ്യാറാക്കിയ കൈപ്പുസ്തകങ്ങൾ സ്റ്റോക്കിലെടുത്തതു സംബന്ധിച്ചോ വിതരണം ചെയ്തത് സംബന്ധിച്ചോ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

- വിദ്യാഭ്യാസ വകുപ്പ് അദ്ധ്യാപക പഠന സഹായി തയ്യാറാക്കി വിതരണം ചെയ്യുമ്പോൾ അതേ ഉദ്ദേശ്യത്തോടെ കൈപ്പുസ്തകം തയ്യാറാക്കി അദ്ധ്യാപകർക്ക് നൽകിയത് ആവർത്തന ചെലവിന് കാരണമാകുന്നതാണ്.

നഗരസഭകളെ ഏൽപ്പിച്ചിട്ടില്ലാത്ത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലകളും, പ്രവർത്തനങ്ങളും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവ് ഇരട്ടിപ്പ് വരുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതും മേൽ പരാമർശിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 3-20 കംപ്യൂട്ടർ വാങ്ങൽ-മാർഗ നിർദ്ദേശങ്ങൾ പാലിച്ചില്ല.

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ നിർവഹണ ഉദ്യോഗസ്ഥനായ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ 2016-17 വർഷം നിർവഹണം നടത്തിയ "സർക്കാർ സ്കൂളുകൾക്ക് ഐ.ടി.ഉപകരണങ്ങൾ" എന്ന പ്രോജക്ടിന്റെ ഭാഗമായി(പ്രോജക്ട് നമ്പർ-1214/17 അടങ്കൽ-1900000/-ധനകാര്യ കമ്മീഷൻ അവാർഡ്) കെൽട്രോണിൽ നിന്നും 60 ഡെസ്ക്ടോപ്പ് കംപ്യൂട്ടറുകൾ വാങ്ങി വിവിധ സ്കൂളുകൾക്ക് വിതരണം ചെയ്യുതതിന് 1884000/-ചെലവഴിച്ചിട്ടുണ്ട്.(ബിൽ നമ്പർ-05/2016-17 തീയതി-20-09-2016 ആകെ തുക-1884000/-)

2-2-2006 ലെ ജി.ഒ.(പി)നമ്പർ/1/2006 എസ്.പി.ഡി.നമ്പർ ഉത്തരവ് പ്രകാരം സർക്കാർ സ്ഥാപനങ്ങളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ടെണ്ടർ നടപടി കൂടാതെ കംപ്യൂട്ടറുകളും അനുബന്ധ സാധനങ്ങളും വാങ്ങാൻ കെൽട്രോണിനെ സമീപിക്കുമ്പോൾ കെൽട്രോൺ നിർമ്മിക്കാത്തവ /അസംബിൾ ചെയ്യാത്തവ ഓർഡർ തുകയുടെ പകുതി വരുന്നത് മാത്രമേ നൽകാൻ പാടുള്ളൂ.ഓർഡർ തുകയുടെ 50% ത്തിൽ കൂടുതൽ മൂല്യമുള്ള സാധനങ്ങൾ മറ്റ് ബ്രാന്റുകളാണെങ്കിൽ ടെണ്ടർ സമ്പ്രദായം സ്വീകരിക്കണം.മേൽ സൂചിപ്പിച്ച പ്രകാരം ടെണ്ടർ ക്ഷണിക്കാതെ കെൽട്രോണിൽ നിന്ന് വാങ്ങിയിട്ടുള്ളത് കെൽട്രോൺ നിർമ്മിച്ച കംപ്യൂട്ടറുകളല്ല. എല്ലാം Acer Desktop കംപ്യൂട്ടറുകളാണ്.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.ഈ സാഹചര്യത്തിൽ ചെലവ് തുകയായ 1884000/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-21 സർഗ വാസന പരിപോഷണം-എസ്.എസ്.എ. പദ്ധതിയുമായി ബന്ധിപ്പിക്കാതെ നടപ്പിലാക്കി.

(ഫയൽ നമ്പർ-ഡി2/22838/2016)

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ നിർവഹണ ഉദ്യോഗസ്ഥനായ ഡെപ്യൂട്ടി ഡയറക്ടർ,(വിദ്യാഭ്യാസം) 2016-17 വർഷം നിർവഹണം നടത്തിയ "സർഗ വാസന പരിപോഷണം" എന്ന പ്രോജക്ടിനു വേണ്ടി (പ്രോജക്ട് നമ്പർ-1110/17 അടങ്കൽ-500000-/-ധനകാര്യ കമ്മീഷൻ അവാർഡ്) 43500/- രൂപ ചെലവഴിച്ചിട്ടുണ്ട്.(ബിൽ നമ്പർ-22/16-17 തിയതി-31-03-2017, തുക 43500/-)കോർപ്പറേഷൻ പരിധിയിലെ സ്കൂൾ വിദ്യാർത്ഥികളുടെ സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിനു വേണ്ടി നഗര സഭയുടെ സഹായത്തോടെ സ്കൂളിൽ നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ വാർത്തകളും ചിത്രങ്ങളും വിദ്യാഭ്യാസ വാർത്തകളും ഉൾപ്പെടുത്തി "നഗര പത്രിക" എന്ന പേരിൽ കുട്ടികളുടെ പത്രം പ്രസിദ്ധീകരിക്കുകയാണ് ഈ പദ്ധതിയുടെ ഭാഗമായി ചെയ്തിട്ടുള്ളത്

1-1-2016 ലെ ജി.ഒ.(എം.എസ്.)4/2016 പ്രകാരമുള്ള 12ാം പദ്ധതി മാർഗ രേഖ അനുസരിച്ച് വിദ്യാഭ്യാസ ഗുണ നിലവാരം വർദ്ധിപ്പിക്കുന്നതിനും പഠന നിലവാരം ഉയർത്തുന്നതിനും കുട്ടികളുടെ സർഗാത്മക ശേഷികൾ വികസിപ്പിക്കുന്നതിനും വേണ്ടിയുള്ള പരിപാടികൾ

ഏറ്റെടുക്കാനുദ്ദേശിക്കുന്നുണ്ടെങ്കിൽ അത്തരം പരിപാടികൾ എസ്.എസ്.എ,/ആർ.എം.എസ്.എ. പ്രോജക്ടിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവഹണ ഉദ്യോഗസ്ഥൻ മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.ഈ സാഹചര്യത്തിൽ ചെലവ് തുകയായ 43500/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-22 സർവ്വ ശിക്ഷാ അഭിയാൻ പദ്ധതിക്ക് വിഹിതം നൽകൽ - പദ്ധതിമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല.

നിർവ്വഹണം : ഡി.ഡി.ഇ., പൊതു വിദ്യാഭ്യാസം

പ്രൊജക്ട് പേര്, നമ്പർ : എസ്.എസ്.എ.യ്ക്ക് വിഹിതം നൽകൽ, 1726/17

6 മുതൽ 14 വയസ്സ് വരെ പ്രായമുള്ള കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നടപ്പാക്കുന്ന എസ്.എസ്.എ.പദ്ധതിക്ക് കോർപ്പറേഷൻ വിഹിതം നൽകുന്നതിനായി വികസന ഫണ്ടിൽ നിന്നും 3,94,75,000/- രൂപ ബിൽ നം.12/16-17/8.3.2017 പ്രകാരം പിൻവലിച്ച് എസ്.എസ്.എ. ജില്ലാ പ്രോജക്റ്റ് ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്.

എസ്.എസ്.എ. ജില്ലാ പ്രോജക്റ്റ് ഓഫീസർക്ക് മേൽ രീതിയിൽ തുക അനുവദിച്ചപ്പോൾ പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ നിർദ്ദേശിച്ച താഴെ കൊടുത്തിരിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.

1. 11.1.2016 ലെ (എം.എസ്.)4/2016/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലെ ഖണ്ഡിക. 11.6(ii) പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള തുക എസ്.എസ്.എ. പ്രോജക്ടിനു വേണ്ടി വകയിരുത്തണം. അതാത് തലത്തിലുള്ള പ്രോജക്ട് തയ്യാറാക്കേണ്ടത് എസ്.എസ്.എ.യും വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ പങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനവും ചേർന്നാവണം. ഇത്തരത്തിൽ തയ്യാറാക്കുന്ന പ്രോജക്ട് ഭരണസമിതി അംഗീകരിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ പ്രോജക്ടിനായി എസ്.എസ്.എ.ക്ക് തുക നൽകിയപ്പോൾ പദ്ധതി രൂപീകരണ വേളയിലെ മേൽ നിർദ്ദേശങ്ങൾ പാലിച്ചില്ല.
2. സ്കൂളുകളിൽ നടപ്പാക്കേണ്ട എസ്.എസ്.എ.യുടെ വ്യത്യസ്ത പ്രവർത്തനങ്ങൾക്ക് തുക അനുവദിക്കുമ്പോൾ എസ്.എസ്.എ.യും വിദ്യാഭ്യാസ പ്രവർത്തന കമ്മിറ്റിയുടെ പങ്കാളിത്തത്തോടെ കോർപ്പറേഷനും ചേർന്ന് ആവശ്യകതകൾ വിലയിരുത്തണമായിരുന്നു. ആയതിനു പകരം എസ്.എസ്.എ. ജില്ല പ്രോഗ്രാം ഓഫീസർ കോർപ്പറേഷൻ അനുവദിക്കേണ്ട വിഹിതം എത്രയെന്ന് അറിയിച്ച നൽകിയ പ്രവർത്തന എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചത്. എസ്.എസ്.എ. മാർഗ്ഗരേഖ പ്രകാരം എസ്.എസ്.എ.യുടെ ഫണ്ട് വകയിരുത്തിയതിനു ശേഷം മാത്രമേ കേർപ്പറേഷൻ വിഹിതം പ്രോജക്ട് ഓഫീസർക്ക് കൈമാറേണ്ടതുള്ളൂ.
3. മേൽ ഉത്തരവിലെ ഖണ്ഡിക 9(ii) പ്രകാരം എസ്.എസ്.എ. പ്രൊജക്ടിനൊപ്പം വിദ്യാലയങ്ങളിലെ പൊതു വിഭാഗം, എസ്.സി, എസ്.ടി. വിഭാഗം കുട്ടികളുടെ എണ്ണത്തിന്റെ അനുപാതത്തിൽ എസ്.എസ്.എ വിഹിതം വകയിരുത്തേണ്ടതും ഓരോ സ്കൂളിലെയും ഓരോ

വിഭാഗം കുട്ടികളുടെയും എണ്ണവും ശതമാനവും സംബന്ധിച്ച് സ്കൂൾ ഹെഡ് മാസ്റ്ററുടെ സാക്ഷ്യപത്രും നിർബന്ധമായും പ്രൊജക്ടിനൊപ്പം സമർപ്പിക്കേണ്ടതുമാണ്. എന്നാൽ പ്രൊജക്ടിനൊപ്പം പ്രസ്തുത രേഖകൾ സമർപ്പിച്ചിട്ടില്ല.

4. പരിശോധനയ്ക്കായി ലഭ്യമാക്കിയ വിനിയോഗ സാക്ഷ്യപത്രപ്രകാരം എസ്.എസ്.എ ജില്ലാപദ്ധതിയ്ക്കായി മൊത്തം വിനിയോഗിച്ച തുക 6,52,95,000/-രൂപയാണ്. അതിൽ കോർപറേഷന്റെ വിഹിതമായി നൽകേണ്ടത് 40% തുകയായ 2,61,18,000/- രൂപയാണ്. എന്നാൽ എസ്.എസ്.എ വിഹിതമായി 3,94,75000/-രൂപയാണ് പ്രൊജക്ട് ഓഫീസർക്ക് അനുവദിച്ചിട്ടുള്ളത്. അധികമായി 1,33,57,000/-രൂപ എസ്.എസ്.എ. പ്രൊജക്ട് ഓഫീസർക്ക് അനുവദിച്ച കാണുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് ഒബ്ജക്ഷൻ സ്ലിപ്പ് (നം.34/16-17/21.7.2017) നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. അപാകതക്കൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും എസ്.എസ്.എ വിഹിതമായി അധികം നൽകിയ 1,33,57,000/-രൂപ തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. എസ്.എസ്.എ.യുടെ ആക്ഷൻ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കിയ വിദ്യാലയങ്ങൾ, പ്രധാന അദ്ധ്യാപകരുടെ വിലയിരുത്തൽ റിപ്പോർട്ടുകൾ, വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട കർമ്മ സമിതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയും പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

## 3-23 മേഖല ചുമതലയും പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങളും പാലിക്കാതെ പദ്ധതി നടപ്പാക്കി

നഗരസഭ പരിധിയിലെ സർക്കാർ/എയിഡഡ് സ്കൂളുകളിലെ തെരെഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് പ്ലാനറ്റേറിയം സന്ദർശിക്കുന്നതിന് അവസരം ഒരുക്കുക വഴി വിദ്യാർത്ഥികളിൽ ശാസ്ത്രീയ അവബോധം സൃഷ്ടിക്കുന്നതിനും സർഗ്ഗാത്മക ശേഷി വികസിപ്പിക്കുന്നതിനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്. വിദ്യാഭ്യാസ ഡപ്യൂട്ടി ഡയരക്ടർ നിർവ്വഹണം നടത്തിയ പ്രൊജക്ട് പ്രകാരം കോർപറേഷൻ പരിധിയിലെ 76 സ്കൂളുകളിൽ നിന്നായി തെരെഞ്ഞെടുക്കപ്പെട്ട 20000 വിദ്യാർത്ഥികൾ കോഴിക്കോട്ടുള്ള പ്ലാനറ്റേറിയം സന്ദർശിച്ചതിന് ഒരു കുട്ടിക്ക് 30/-രൂപ നിരക്കിൽ 6,00,000/-രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| **പ്രൊജക്ടിന്റെ പേര്/ നമ്പർ** | **സന്ദർശനം നടത്തിയ കുട്ടികളുടെ എണ്ണം** | **ചെലവവഴിച്ച തുക** | **ബിൽ നം./തീയതി** |
|---|---|---|---|
| സ്കൂൾ വിദ്യാർത്ഥികൾക്ക് പ്ലാനറ്റേറിയം സന്ദർശനം (പ്രൊജക്ട് നം.1207/17) | 10000 | 300000 | 7/201617/ 24.1.2017 |
| സമഗ്ര വിദ്യാഭ്യാസ പരിഹാര ബോധനം (പ്രൊജക്ട് നം.648/17) | 10000 | 300000 | 19/201617/ 31.3.2017 |

മേൽ പദ്ധതികൾ നടപ്പാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 1994 ലെ കേരള മുൻസിപ്പാലിററി നിയമം വകുപ്പ് 30 പ്രകാരം സർക്കാരിന്റെ വിവിധ തലത്തിലുള്ള സ്കൂളുകളുടെ നടത്തിപ്പാണ് നഗരസഭകളിൽ നിക്ഷിപ്തമായ ചുമതല. 18.1.1996 ലെ (എം.എസ്.)14/96/പൊ.വി.നമ്പർ ഉത്തരവിലൂടെ പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത സ്ഥാപനങ്ങളും അധികാരങ്ങളും, നടപ്പാക്കേണ്ട പദ്ധതികളും എന്തെല്ലാമാണ് സംബന്ധിച്ച പൊതുമാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മേൽ നിയമത്തിലോ ഉത്തരവിലോ നഗരസഭയെ സർക്കാർ ചുമതലപ്പെടുത്തിയ മേഖലയിലല്ല പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിട്ടുള്ളത്.
2. ജി.ഒ.(എം.എസ്.)4/2016/ത.സ്വ.ഭ.വ./11.1.2016 നമ്പർ ഉത്തരവു പ്രകാരം[പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി (2016-17 വാർഷിക പദ്ധതി)ഖണ്ഡിക 4(8)] തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശ ഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും, ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മേൽ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പദ്ധതികൾ നടപ്പാക്കിയിട്ടുള്ളത്.
3. വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനും കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുന്നതിനും വേണ്ടിയുള്ള നിരവധി പരിപാടികൾ എസ്.എസ്.എ നടപ്പിലാക്കിവരുന്നുണ്ട്. അനുപൂരകമായി ഇത്തരം പരിപാടികൾ ഏറ്റെടുക്കാനുദ്ദേശിക്കുന്നുവെങ്കിൽ അത്തരം പരിപാടികൾ എസ്.എസ്.എ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ടതാണെന്ന് മേൽ ഉത്തരവിലെ ഖണ്ഡിക 11.6(iii) ൽ നിഷ്കർഷിക്കുന്നുവെങ്കിലും ആയത് പാലിക്കപ്പെട്ടിട്ടില്ല.

സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളും മേഖലാചുമതലയും ലംഘിച്ചുകൊണ്ട് പദ്ധതി നിർവ്വഹണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥനായ വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർക്ക് ഓഡിറ്റ് ഒബ്ജക്ഷൻ സ്ലിപ്പ് (നം.35/16-17/21.7.2017) നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മേൽ സർക്കാർ ഉത്തരവിലെ ഖണ്ഡിക 6.15(iv) പ്രകാരം ഒരു പ്രൊജക്റ്റ് തയ്യാറാക്കുമ്പോൾ അത് ആസൂത്രണ മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും പ്രകാരം പദ്ധതിയിൽ ഉൾപ്പെടുത്താൻ അനുവദനീയമായ പ്രൊജക്റ്റാണെന്നും, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ പെട്ട കാര്യങ്ങളാണ് പ്രൊജക്റ്റിൽ ഉൾപ്പെടുത്തുന്നതെന്നും ഉറപ്പുവരുത്തുന്നതിനുള്ള ഉത്തരവാദിത്വം നിർവ്വഹണ ഉദ്യോഗസ്ഥനുണ്ട്. ആയതിനാൽ സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി ചെലവഴിച്ച 600000/-രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-24 വയോജനങ്ങൾക്ക് ആയുർവേദ മരുന്നവിതരണം : സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി പദ്ധതിതുക ചെലവഴിച്ചു

| | |
|---|---|
| പ്രൊജക്ട് നം. | : 1611/17 |
| അടങ്കൽ തുക | : 1,67,34,898 (വികസന ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥ | : സി.ഡി.പി.ഒ. അർബൻ -3 |
| ചെലവുതുക | : 97,99,232/-രൂപ |

സാമൂഹ്യ നീതി വകുപ്പിനു കീഴിൽ നടപ്പാക്കി വരുന്ന വയോമിത്രം പദ്ധതിയെ മാതൃകയാക്കി മുതിർന്ന പൗരന്മാരുടെ സാമൂഹ്യ, ശാരീരിക, മാനസിക സുരക്ഷ മുൻനിർത്തി കോഴിക്കോട് നഗരസഭയെ വയോജന സൗഹ്യദ നഗരമാക്കുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. വയോജന ദിനത്തിൽ കോഴിക്കോട് നഗരസഭയെ വയോജന സൗഹ്യദ നഗരമായി പ്രഖ്യാപിക്കൽ, വയോജന ഹെൽപ് ഡസ്ക് ഡയറക്ടറി തയ്യാറാക്കൽ, വയോജനങ്ങളുടെ സാഹിത്യ സൃഷ്ടികൾ പ്രസിദ്ധീകരിക്കുന്നതിന് സുവനീർ തയ്യാറാക്കൽ, വയോജന ക്ലബ്ബുകൾ രൂപീകരിച്ച് റിസോഴ്സ് സെന്ററുകൾ സ്ഥാപിക്കൽ, റിസോഴ്സ് സെന്ററിന്റെ ആഭിമുഖ്യത്തിൽ റിസോഴ്സ് ഗ്രൂപ്പുകൾക്ക് വരുമാനദായകമായ പ്രവർത്തനങ്ങളിൽ പരിശീലനം നൽകൽ, കോർപറേഷനിലെ 75 വാർഡുകളിലും രണ്ടു ഘട്ടങ്ങളിലായി ആയുർവേദ വൈദ്യ പരിശോധന നടത്തി വയോജനങ്ങൾക്ക് മരുന്നു വിതരണം ചെയ്യൽ എന്നിവയാണ് പദ്ധതി പ്രവർത്തനങ്ങൾ.

പദ്ധതിയുടെ ഭാഗമായി വയോജനങ്ങൾക്കുള്ള വാർഡ്തല മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നതിന് 14.12.16 ൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ നേതൃത്വത്തിൽ യോഗം ചേരുകയുണ്ടായി. അതുപ്രകാരം കോർപ്പറേഷനെ 6 മേഖലകളായി തിരിച്ച് ഓരോ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ വയോജനങ്ങളുടെ മെഡിക്കൽ പരിശോധന നടത്തുന്നതിന് തീരുമാനിച്ചു. അതുപ്രകാരം 2017 ഫെബ്രുവരി മുതൽ മാർച്ച് വരെ കോർപ്പറേഷൻ ആയുർവേദ ഡിസ്പെൻസറികളിലെ ഡോക്ടർമാരുടെ നേതൃത്വത്തിൽ വിവിധ വാർഡുകളിൽ വെച്ച് മെഡിക്കൽ ക്യാമ്പ് നടത്തുകയുണ്ടായി. ഡോക്ടർമാരുടെ നിർദ്ദേശപ്രകാരമുള്ള മരുന്നുകൾ കോഴിക്കോട്ടുള്ള കേരള ആയുർവ്വേദ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും വാങ്ങുന്നതിന് 21.01.17 ലെ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാനം പർച്ചേസിങ് കമ്മിറ്റിക്ക് കൈമാറി കാണുന്നു. ആയതു പ്രകാരം കേരള ആയുർവ്വേദ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും മരുന്നു വാങ്ങുന്നതിനും അനുബന്ധ ചെലവുകൾക്കുമായി താഴെ ചേർത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ഓരോ വാർഡിലും 1,25,000/-രൂപ/1,50,000/- രൂപയുടെ മരുന്നുകളാണ് ആയുർവ്വേദ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ നിന്നും വാങ്ങി നൽകിയിട്ടുള്ളത്.

| ബിൽ നം./തീയതി. | അനുവദിച്ച തുക | മരുന്ന് ലഭ്യമാക്കിയ ഇൻവോയ്സ് നം./ തീയതി |
|---|---|---|
| 6/16-17/08.03.17 | 15,00,000 | 2557/23.02.17<br>2611/01.03.17<br>2641/06.03.17 |

| | | |
|---|---|---|
| 7/16-17/18.03.17 | 23,00,000 | 2707/16.03.17 |
| 8/16-17/18.03.17 | 22,50,000 | 1649/06.03.17 |
| 14/16-17/30.03.17 | 33,74,363<br>3,74,869<br>(പദ്ധതി അനുബന്ധ ചെലവുകൾ) | 2795/27.03.17 |
| ആകെ | 97,99,232 | |

പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ പ്രോജക്ടിൽ ലക്ഷ്യമിട്ട വിവിധ പ്രവർത്തനങ്ങളിൽ മരുന്നു വാങ്ങി നൽകുന്ന പ്രവർത്തനമാണ് പ്രധാനമായും നടത്തിയിട്ടുള്ളത്. മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും മരുന്നുകൾ വാങ്ങുന്നതിനുമാണ് മേൽ പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത്.
2. ജി.ഒ(എം.എസ്)നം.4/2016/തസ്വഭവ/11.01.2016 പ്രകാരം പുറപ്പെടുവിച്ച പുതുക്കിയ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.4 അനുസരിച്ച് വൃദ്ധർക്ക് മരുന്ന് വാങ്ങി നൽകുന്ന പദ്ധതി അനുവദനീയമല്ല. സമഗ്ര ആരോഗ്യ പരിപാടിയിൻ കീഴിൽ ആരോഗ്യ സ്ഥാപനങ്ങൾവഴി രോഗപ്രതിരോധ മരുന്നുകൾ എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാക്കുന്നതിനാണ് നിഷ്കർഷിച്ചിട്ടുള്ളത്. മാത്രമല്ല മേൽ ഉത്തരവിലെ ഖണ്ഡിക 7.7 പ്രകാരം വിദൂര പ്രദേശങ്ങളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിലൊഴികെ മെഡിക്കൽ ക്യാമ്പുകൾ നടത്താവുന്നതല്ല.
3. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും തദ്ദേശഭരണ സ്ഥാപനത്തെ സർക്കാർ ഏൽപ്പിച്ചിട്ടില്ലാത്തതും ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിലുള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ലെന്ന് മേൽ ഉത്തരവ് നിഷ്കർഷിക്കുന്നുണ്ട്. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 30 ഉപവകുപ്പ് (1) പട്ടിക 1 XII (സി) പ്രകാരം ഡിസ്പെൻസറികളുടെയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും താലൂക്ക് ആശുപത്രികളുടെയും നടത്തിപ്പും ശുചീകരണ പ്രവർത്തനങ്ങളും രോഗപ്രതിരോധ പരിപാടികൾ നടപ്പിലാക്കുകയുമാണ് നഗരസഭയുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതല. ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക-അടിസ്ഥാന സൗകര്യ വികസനത്തിനാണ് നഗരസഭ ഊന്നൽ നൽകേണ്ടത്. ആരോഗ്യ കേന്ദ്രങ്ങളിലൂടെ സർക്കാർ വിതരണം ചെയ്യുന്ന മരുന്നുകൾ മതിയായ അളവിൽ ലഭ്യമാക്കുന്നില്ലായെങ്കിൽ ഡി.എം.ഒ യിൽ നിന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആരോഗ്യസ്ഥാപനങ്ങൾക്ക് മരുന്നുകൾ ലഭ്യമാക്കാവുന്നതാണ്. അല്ലാതെ മെഡിക്കൽ ക്യാമ്പ് നടത്തി ഏതെങ്കിലും പ്രത്യേക വിഭാഗങ്ങൾക്കായി മരുന്നുകൾ വിതരണം ചെയ്യുന്ന പദ്ധതി ഏറ്റെടുക്കാവുന്നതല്ല. സബ്സിഡി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രൊജക്ട് തയ്യാറാക്കുന്നതിനു മുമ്പ് തന്നെ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.

സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി പദ്ധതി നടപ്പിലാക്കിയതിന് ഓഡിറ്റ് ഒബ്ജക്ഷൻ സ്ലിപ്പ് നം.33/16-17/21.7.2017 മുഖേന വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ജി.ഒ.(എം.എസ്.)4/2016/ത.സ്വ.ഭ.വ./11.1.2016 പ്രകാരം പുറപ്പെടുവിച്ച തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2016-17 ലെ വാർഷിക പദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 6.15 (iv) അനുസരിച്ച്, പ്രൊജക്ട് തയ്യാറാക്കുമ്പോൾ അത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ചുമതലയിൽപെട്ട കാര്യങ്ങൾക്കുള്ളതാണെന്നും, നിലവിലുള്ള നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസൃതമായിട്ടുള്ളതാണെന്നും, ആസൂത്രണ മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും പ്രകാരം പദ്ധതിയിൽ ഉൾപ്പെടുത്താൻ അനുവദനീയമായ പ്രൊജക്ടാണെന്നും ഉറപ്പു വരുത്തുന്നതിനുള്ള വ്യക്തിപരമായ ഉത്തരവാദിത്വം നിർവ്വഹണ ഉദ്യോഗസ്ഥനുണ്ട്. മാത്രമല്ല പദ്ധതി നിയമാനുസൃതമാണെന്നും സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടുണ്ടെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രൊജക്ടിൽ സാക്ഷ്യപ്പെടുത്തുന്നുമുണ്ട്. മാർഗ്ഗരേഖയിലെ ഖണ്ഡിക 13 (ii) പ്രകാരം സബ്സിഡി മാർഗ്ഗരേഖ പൂർണ്ണമായും പാലിച്ചുവെന്ന് ഉറപ്പുവരുത്തിയതിനു ശേഷമേ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പ്രൊജക്ടുകൾക്ക് അംഗീകാരം നൽകാൻ പാടുള്ളൂ. എന്നാൽ ആസൂത്രണ മാർഗ്ഗരേഖക്കും സബ്സിഡി മാർഗ്ഗരേഖക്കും വിരുദ്ധമായാണ് മേൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

മേൽ ഉത്തരവിലെ അനുബന്ധം 15 ഖണ്ഡിക 2.3 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കേണ്ടതും മാർഗ്ഗരേഖയിൽ പറഞ്ഞതിനു വിരുദ്ധമായി ചെലവഴിച്ച തുക ഉത്തരവാദപ്പെട്ടവരിൽ നിന്നും ഈടാക്കേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നു. ആയതിനാൽ മേൽ പ്രൊജക്ടു പ്രകാരം ചെലവഴിച്ച 9799232/-രൂപ പ്രൊജക്ട് തയ്യാറാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്നും, പ്രൊജക്ടിന് അംഗീകാരം നൽകിയ ഉദ്യോഗസ്ഥയിൽ നിന്നും, പ്രൊജക്ട് നിർവ്വഹണം നടത്തിയ ഉദ്യോഗസ്ഥയിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-25 അങ്കണവാടി പോഷകാഹാരം - യഥാർത്ഥ ചെലവ് 'ചെലവ് പത്രിക'യിൽ ഉൾപ്പെട്ടിട്ടില്ല

പ്രോജക്ട് നം : 37/17

നിർവ്വഹണം : സി.ഡി.പി.ഒ.അർബൺ 4

അർബൺ 4 സി.ഡി.പി.ഒ.യ്ക്ക് കീഴിലുള്ള അങ്കണവാടികളിൽ പോഷകാഹാര വിതരണത്തിനായി തൻവർഷം വകയിരുത്തിയിരിക്കുന്നത് ആകെ 1,25,00,000/- രൂപയാണ് ( വികസനഫണ്ട് - 1,00,00,000/-, കേന്ദ്രവിഹിതം - 25,00,000/-). പ്രസ്തുത വർഷത്തിൽ ഈ പ്രോജക്ടിന്റെ ചെലവ് താഴെ ചേർക്കും പ്രകാരമാണ്.

| | | |
|---|---|---|
| ചെക്ക് നം. - 225270/19.09.2016 | - | 21,11,114/- |
| ബിൽ നം. - 1/16-17/ 31.12.2016 | - | 24,93,887/- |
| ബിൽ നം. - 2/16-17/ 28.02.2017 | - | 25,42,904/- |
| ബിൽ നം. - 4/16-17/ 31.03.2017 | - | 40,50,651/- |
| ബിൽ നം. - 5/16-17/ 31.03.2017 | - | 79,282/ |
| | | 1,12,77,838/- |

എന്നാൽ പദ്ധതി ചെലവുകൾ ഉൾപ്പെടുത്തുന്ന സൂലേഖയിൽ ഈ പദ്ധതിയുടെ ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നത് വികസനഫണ്ട് ചെലവു മാത്രമാണ് (91,66,724/-). ഓരോ വർഷവും പോഷകാഹാര പദ്ധതിയ്ക്കായി ലഭിക്കുന്ന കേന്ദ്രവിഹിതം സി.ഡി.പി.ഒ.മാർ ബിൽ മാറി കോർപ്പറേഷൻ സെക്രട്ടറിയ്ക്ക് കൈമാറുകയാണ് ചെയ്യുന്നത്.(കോർപ്പറേഷന്റെ തനതു ഫണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നു). അതുകൊണ്ടു തന്നെ പദ്ധതി അംഗീകാരം ലഭിക്കുന്നതിനു മുമ്പുള്ള ചെലവുകൾ തനതുഫണ്ടിൽ നിന്ന് വഹിച്ചിട്ടുണ്ടെങ്കിലും ആയത് കേന്ദ്രവിഹിതത്തിൽ നിന്നുള്ള ചെലവായി കണക്കാക്കേണ്ടതും, പ്രസ്തുത ചെലവ് കേന്ദ്രവിഹിതത്തിൽ നിന്നുള്ള ചെലവായി 'ചെലവു പത്രിക'യിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

പദ്ധതിയുടെ യഥാർത്ഥ ചെലവ് പ്രതിഫലിക്കും വിധം കണക്കുകൾ തയ്യാറാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.28/16-17, തിയ്യതി:03.07.2017) നൽകിയതിന് 07/08/2017 ലെ ഐ.സി.ഡി.എസ്/യു 4/118/17 നമ്പർ കത്തിലൂടെ നൽകിയ മറുപടി, കേന്ദ്രവിഹിതം എത്രയെന്ന് മുൻകൂട്ടി അറിയാത്തതുകൊണ്ടാണ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താത്തതെന്നും, ഭാവിയിൽ ഈ അപാകത ഉണ്ടാകാതെ ശ്രദ്ധിക്കാമെന്നുമാണ്. കേന്ദ്രവിഹിതം വിവിധ സി.ഡി.പി.ഒ.മാർ സെക്രട്ടറിയ്ക്ക് കൈമാറുന്ന തുകയുടെ വിശദാംശം പരിശോധിക്കേണ്ടതും, ആയതിനടിസ്ഥാനപ്പെടുത്തി മാത്രം പദ്ധതികൾ ആവിഷ്കരിക്കേണ്ടതുമാണ്.

## 3-26 അംഗനവാടി പോഷകാഹാര പദ്ധതി - സി.ഡി.പി.ഒ അർബ്ബൻ-1 - അംഗനവാടികൾക്ക് ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനത്തെ ഫുഡ് സേഫ്റ്റി ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയില്ല.

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പിന്റെ സ.ഉ.(സാ.ധാ.) നം. 159/2017/തസ്വഭവ തീയതി. 19/01/2017 നമ്പർ ഉത്തരവിലെ (അമൃതം ന്യൂട്രിമിക്സിന്റെ വില വർദ്ധിപ്പിച്ചതു സംബന്ധിച്ച്) ഖണ്ഡിക 3 പ്രകാരം ന്യൂട്രിമിക്സ് യൂണിറ്റുകളെ ഫുഡ് സേഫ്റ്റി ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

സി.ഡി.പി.ഓ.-1 ന്റെ 2016-17 ലെ അംഗനവാടി പോഷകാഹാര പദ്ധതി പ്രകാരം ചെലവഴിച്ച 99,80,319 /- രൂപയിൽ 14,32,850 /- രൂപ 'സൂര്യ ഫുഡ് പ്രൊഡക്ട്സ് , പെരുവട്ടൂർ, കൊയിലാണ്ടി' എന്ന സ്ഥാപനത്തിൽ നിന്നും ന്യൂട്രിമിക്സ് വാങ്ങി അംഗനവാടികൾ വഴി കുട്ടികൾക്ക് വിതരണം ചെയ്യാനാണ് ചെലവഴിച്ചത്. ഫുഡ് സേഫ്റ്റി സ്റ്റാൻഡേർഡ്സ് ആക്ട് 2006 പ്രകാരമുള്ള ' ഫോറം C' യിലുള്ള ഫുഡ് സേഫ്റ്റി ലൈസൻസ് 2013 വർഷത്തിനു ശേഷം സ്ഥാപനം പുതുക്കിയിട്ടില്ല. ലൈസൻസ് പുതുക്കിയതിന്റെ വിശദാംശം ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. സ്ഥാപനം ലൈസൻസ് പുതുക്കാത്ത പക്ഷം ഈ സ്ഥാപനത്തെ ന്യൂട്രിമിക്സ് വിതരണത്തിൽ നിന്നും ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-27 കുടുംബശ്രീ അംഗങ്ങൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് സബ്സിഡി - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ.

പ്രോജക്ട് നം. – 11/17 കുടുംബശ്രീ അംഗങ്ങൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് സബ്സിഡി നൽകൽ

ബിൽ നം. - 49/16-17/30.3.17- 1,00,000 രൂപ

വികസനഫണ്ട് (വനിതാഘടക പദ്ധതി) 12,00,000

നിർവഹണം - പ്രോജക്ട് ഓഫീസർ, കുടുംബശ്രീ.

നഗരസഭയിലെ പരിശീലനം ലഭിച്ച 30 കുടുംബശ്രീ അംഗങ്ങൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് 40,000 രൂപ വീതം സബ്സിഡി നൽകുന്നതിനു വേണ്ടിയാണ് പ്രോജക്ട് രൂപീകരിച്ചിരിക്കുന്നത്. കൗൺസിൽ സെക്രട്ടറി ഒപ്പിട്ടു നൽകിയ ലിസ്റ്റിൽ ഉൾപ്പെട്ടവർക്കാണ് സബ്സിഡി നൽകിയത്. ധനസഹായം നൽകിയവരുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമനം. | പേര് | ഡിവിഷൻ | തുക |
|---|---|---|---|
| 1 | ജാബിർ അക്ബർ അലി.എൻ.പി<br>ജാബിർ മൻസിൽ, കുന്നുമ്മൽ, നടക്കാവ്. | 66 | 50,000 |
| 2 | ഷൈജമേബിൾ.എം<br>കമ്മിളിപ്പറമ്പ് വീട്.കൊമ്മേരി.പി.ഒ | 31 | 50,000 |
| | ആകെ, | | 1,00,000 |

പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. മേൽ പ്രോജക്ട് പ്രകാരം കുടുംബശ്രീ അംഗങ്ങൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് സബ്സിഡി നൽകുന്നതിന് 12,00,000 രൂപ വകയിരുത്തിയത് വനിതാഘടക പദ്ധതിയിലാണ്. മാത്രമല്ല പ്രോജക്ട് പ്രകാരം പരിശീലനം ലഭിച്ച കുടുംബശ്രീ അംഗത്തിനാണ് ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം നൽകേണ്ടത്. എന്നാൽ മേൽകാണിച്ച പട്ടികയിലെ ക്രമ നമ്പർ 1 ലെ ശ്രീ. ജാബിർ അക്ബർ അലി.എൻ.പി എന്ന പുരുഷനാണ് ഓട്ടോറിക്ഷ വാങ്ങുന്നതിന് 50,000 രൂപയുടെ ധനസഹായം നൽകിയിരിക്കുന്നത്. ഇത് മേൽ പ്രോജക്ടിനു വിരുദ്ധമായ നടപടിയാണ്.

2. 1994 ലെ കേരള മുൻസിപ്പാലിറ്റി നിയമം, 45 (1) (സി) വകുപ്പ് പ്രകാരം ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികളെ സംബന്ധിച്ച് നിശ്ചയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡമനുസരിച്ച് വാർഡ് പ്രദേശത്ത് നിന്നും അർഹരായവരെ അപേക്ഷകരെ കണ്ടെത്തി മുൻഗണനാക്രമത്തിൽ അർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് അന്തിമമായി തയ്യാറാക്കി മുൻസിപ്പാലിറ്റിക്ക് നൽകുക എന്നത് വാർഡ് കമ്മിറ്റിയുടെ ചുമതലയാണ്. എന്നാൽ വാർഡ് കമ്മിറ്റിയുടെ മിനുട്സ് പരിശോധിച്ചതിൽ, മേൽ പ്രോജക്ട് പ്രകാരം ഓട്ടോറിക്ഷ വാങ്ങുന്നതിന് സബ്സിഡി നൽകിയ രണ്ടു ഗുണഭോക്താക്കളെയും വാർഡ് കമ്മിറ്റി അംഗീകരിച്ചിട്ടില്ല. വാർഡ് കമ്മിറ്റി അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയത് മേൽ നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായ നടപടിയാണ്.

3. സ.ഉ (എം.എസ്) 4/2016 ത.സ്വ.ഭ.വ 10.11.16 ഖ 3-7 (4) പ്രകാരം ഓട്ടോറിക്ഷ വാങ്ങുന്നതിന് പൊതുവിഭാഗത്തിന് 40,000 രൂപയും പട്ടികജാതി ,പട്ടികവർഗ്ഗ വിഭാഗത്തിന് 50,000 രൂപ വീതവും സബ്സിഡി നൽകാവുന്നതാണ്. ഇതുപ്രകാരം പ്രോജക്ടിൽ 30 ഗുണഭോക്താക്കൾക്കായി 40,000 രൂപ വീതം 12,00,000 രൂപയാണ് വകയിരുത്തിയത്. എന്നാൽ സർക്കാർ ഉത്തരവിനും പ്രോജക്ടിനും വിരുദ്ധമായി രണ്ട് ഗുണഭോക്താക്കൾക്ക് 50,000 രൂപ വീതം നൽകി. അതായത് 10,000 രൂപ വീതം അധിക സബ്സിഡി നൽകി.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ സ്വന്തമായി ബാഡ്ജ് ഉള്ളതിനാലും കുടുംബശ്രീ കുടുംബാംഗം എന്ന നിലയിലും വ്യക്തിഗത സംരഭത്തിൽ പരമാവധി സബ്സിഡി എന്ന നിലയിലുമാണ് നൽകിയതെന്ന് അറിയിച്ചിട്ടുണ്ട്. മറുപടി തൃപ്തികരമല്ല. പ്രോജക്ട് പ്രകാരം കുടുംബശ്രീ അംഗത്തിന് നൽകേണ്ട സഹായം പുരുഷന് നൽകുകയും മറ്റൊരു ഗുണഭോക്താവിന് 10,000 രൂപ അധിക സബ്സിഡി നൽകിയതും അംഗീകരിക്കാവുന്നതല്ല. സർക്കാർ ഉത്തരവിനു വിരുദ്ധമായി ചെലവു ചെയ്ത 60,000 രൂപ (50,000 + 10,000) ഉത്തരവാദിയായ കുടുംബശ്രീ പ്രൊജക്ട് ഓഫീസറിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-28 പകൽ വീട് - സബ്സിഡി നൽകിയതിലെ അപാകതകൾ

പ്രോജക്ട് നം. - 2/17 കുടുംബശ്രീ അംഗങ്ങൾക്ക് പകൽവീട് ആരംഭിക്കുന്നതിന് സബ്സിഡി നൽകൽ

ബിൽ നം - 33/16-17/24.3.17- 3,00,000 രൂപ

അടങ്കൽ - 10,00,000 വികസനഫണ്ട് -3,00,000

വായ്പ - 6,50,000

ഗു.വിഹിതം - 50,000

നിർവഹണം - പ്രോജക്ട് ഓഫീസർ

സമൂഹത്തിലെ പ്രായം ചെന്നവർക്ക് പകൽ സമയം വിശ്രമിക്കുന്നതിനും അവരെ സംരക്ഷിക്കുന്നതിനുമുള്ള ഒരു ഷെൽട്ടർ വാടകക്കെടുത്ത് അവരെ സംരക്ഷിക്കുന്നതിനാവശ്യമായ പ്രവർത്തനം നടത്തുക വഴി നഗരസഭയിലെ 6 കുടുംബശ്രീ അംഗങ്ങൾക്ക് സ്വയം തൊഴിൽ ചെയ്ത് ദാരിദ്ര്യം ഇല്ലായ്മ ചെയ്യുക എന്നതാണ് പ്രോജക്ട് ലക്ഷ്യമിടുന്നത്. ഇതിനായി 6 അംഗങ്ങളുള്ള ഗ്രൂപ്പ് രൂപീകരിച്ച് 8,57,143 രൂപയുടെ പ്രോജക്ട് തയ്യാറാക്കി 5,14,286 രൂപയുടെ ബാങ്ക് ലോണും ഉറപ്പുവരുത്തി. കോവൂർ വനിതാസഹകരണ സംഘത്തിന്റെ ലോൺ ലഭ്യമാക്കിയതായുള്ള കത്തിനെ തുടർന്ന് സബ്സിഡി തുകയായ 3 ലക്ഷം രൂപ ബാങ്കിന് നൽകി. ഇപ്പോൾ തൊണ്ടയാട് എന്ന സ്ഥലത്ത് വാടകക്കെടുത്ത കെട്ടിടത്തിൽ പകൽവീട് പ്രവർത്തിച്ചു വരുന്നു.

പ്രോജക്റ്റ് നിർവഹണത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. മേൽപ്രകാരം രൂപീകരിച്ച 6 അംഗങ്ങളുള്ള ഗ്രൂപ്പിൽ ഉൾപ്പെട്ട ഒരംഗമായ ശ്രീമതി.സുഹറ.ടി, തയ്യിൽ, പി.ഒ. മായനാട് എന്നവർ നഗരസഭ 2005 ൽ നടപ്പിലാക്കിയ ഖരമാലിന്യ ശേഖരണ പദ്ധതി പ്രകാരമുള്ള 10 അംഗങ്ങളുള്ള "നന്മ" സ്വയം തൊഴിൽ സംരഭ ഗ്രൂപ്പിലെ ഒരംഗമാണ്. അവർ ഉൾപ്പെട്ട ഗ്രൂപ്പിന് രണ്ട് ഓട്ടോറിക്ഷകൾ വാങ്ങുന്നതിനായി 2,40,000 രൂപയുടെ ലോൺ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ അനുവദിച്ചതിൽ 1,25,000 രൂപ നഗരസഭ സബ്സിഡി നൽകിയിട്ടുണ്ട്. ഈ ഓട്ടോറിക്ഷകൾ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യം വന്നതിനെ തുടർന്ന് ഇവർ ഉൾപ്പെട്ട ഗ്രൂപ്പിന് വീണ്ടും 2011 ൽ കെ.എസ്.യു.ഡി.പി മുഖേന ക്ലീൻ കേരള യൂനിറ്റുകൾക്ക് 75 ഓട്ടോറിക്ഷ വാങ്ങുകയും ഇതിൽ ഒരു ഓട്ടോറിക്ഷയും നൽകിയിട്ടുണ്ട്. ഈ ഗ്രൂപ്പ് ഖരമാലിന്യം ശേഖരിക്കുന്ന ജോലി ഇപ്പോഴും ചെയ്തു വരുന്നു.

   എന്നാൽ ഇങ്ങനെ ഒരു ഗ്രൂപ്പിൽ പ്രവർത്തിച്ചു വരവെ ഇവരെ മേൽ പറഞ്ഞ ഗ്രൂപ്പായ പകൽ വീട് എന്ന സ്വയം തൊഴിൽ സംരഭ ഗ്രൂപ്പിലും ഉൾപ്പെടുത്തി. ഒരു സ്വയം തൊഴിൽ ഗ്രൂപ്പിൽ പ്രവർത്തിക്കുകയും രണ്ടു പ്രാവശ്യം സബ്സിഡി കൈപ്പറ്റുകയും ചെയ്ത ശേഷം വീണ്ടും ഒരു പുതിയ ഗ്രൂപ്പിൽ ചേരുന്നതിനോ, ഇങ്ങനെ വീണ്ടും ചേർന്ന ശ്രീമതി. ടി. സുഹറക്ക് വീണ്ടും സബ്സിഡി ലഭിക്കാനോ അർഹതയില്ല.

   സ.ഉ (എം.എസ്) 4/2016 ത.സ്വ.ഭ.വ 11.1.16 ഖ 3-7 (2) b പ്രകാരം സ്വയം തൊഴൽ സംരഭം ആരംഭിക്കുന്നതിന് മറ്റേതെങ്കിലും ഏജൻസിയിൽ നിന്ന് സർക്കാർ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ഗ്രൂപ്പിൽ അംഗങ്ങളായിരിക്കരുതെന്നും അപ്രകാരമുള്ള ഗ്രൂപ്പും ആയിരിക്കരുതെന്ന് പ്രത്യേകം നിഷ്കർഷിക്കുന്നു. എന്നാൽ ഈ വ്യവസ്ഥ പാലിക്കാതെ നിലവിൽ ഒരു ഗ്രൂപ്പിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുകയും രണ്ടു പ്രാവശ്യം സബ്സിഡി വാങ്ങുകയും ചെയ്തയാളെ ഉൾപ്പെടുത്തി ഗ്രൂപ്പ് രൂപീകരിച്ച് 3,00,000 രൂപ സബ്സിഡി നൽകിയത് സർക്കാർ ഉത്തരവിനു വിരുദ്ധമാണ്.

2. സ.ഉ (എം.എസ്) 4/2016 ത.സ്വ.ഭ.വ 11.1.16 ഖ 3-7 (2) b പ്രകാരം വാർഷിക വരുമാനം 50,000 രൂപയിൽ കവിയാത്ത കുടുംബത്തിലെ 18 വയസ്സ് കഴിഞ്ഞ തൊഴിൽരഹിതയുടെ ഗ്രൂപ്പ് ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ ഈ ഗ്രൂപ്പിലെ അംഗമായ ശ്രീമതി. ശോഭന.എ, " ശോഭ നിവാസ്" ഗുരുവായൂരപ്പൻ കോളജ്. പി.ഒ, എന്നിവരുടെ 2157048192 നമ്പർ റേഷൻ കാർഡ് പ്രകാരം വാർഷിക വരുമാനം 1,20,000 രൂപയാണ്. മാത്രമല്ല ആ ഈ റേഷൻ കാർഡിൽ ശ്രീമതി. ശോഭന, ഭർത്താവ് ശ്രീ. രാധാകൃഷ്ണൻ എന്നിവരുടെ ജോലി ഗവ.ജീവനം എന്നും മകളായ ശ്രീമതി. നെജി. എന്നവർക്ക് പൊതുമേഖലാ സ്ഥാപനത്തിൽ ജോലിയാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ടു തന്നെ ഈ കുടുംബത്തിലെ അംഗത്തിന് ഇത്തരത്തിലുള്ള ഗ്രൂപ്പിൽ അംഗമാകാൻ മേൽ ഉത്തരവിലെ വ്യവസ്ഥ പ്രകാരം അനുമതിയില്ല. ഇങ്ങനെയുള്ള ഒരു കുടുംബത്തിലെ ആൾ അംഗമായ ഒരു ഗ്രൂപ്പിന് സബ്സിഡി നൽകിയത് ശരിയല്ല.

3. സ.ഉ (എം.എസ്) 4/2016 ത.സ്വ.ഭ.വ 11.1.16 ഖ 3-7 (2) b പ്രകാരം സ്വയം തൊഴിലിന് ആസ്തികൾ (സ്ത്രീകളുടെ മാത്രം ഗ്രൂപ്പ് സംരഭങ്ങൾ കുറഞ്ഞത് 5 പേരുള്ള ഗ്രൂപ്പ്) ഗ്രൂപ്പിലെ

ഒരംഗത്തിന് പരമാവധി 20,000 രൂപ എന്ന തോതിൽ സബ്സിഡി നൽകാവുന്നതാണ്. എന്നാൽ ഇതിനു വിരുദ്ധമായി 6 അംഗങ്ങളുള്ള ഗ്രൂപ്പിന് ഒരാൾക്ക് 20,000 എന്ന നിരക്കിൽ 1,20,000 രൂപ പരമാവധി സബ്സിഡി നൽകുന്നതിനു പകരം 3,00,000 രൂപ സബ്സിഡി നൽകി. ഇതു വഴി സർക്കാർ ഉത്തരവിനു വിരുദ്ധമായി അധിക സബ്സിഡി നൽകിയിട്ടുണ്ട്.

4. സ.ഉ (എം.എസ്) 4/2016 ത.സ്വ.ഭ.വ 11.1.16 ഖ 11.4 (v) പ്രകാരം സ്വയം തൊഴിൽ സംരഭം ലാഭകരമായി പ്രവർത്തിക്കുന്നുണ്ടെങ്കിൽ അയൽസഭയുടെ ശുപാർശയോടെയും വാർഡ്സഭയുടെ അംഗീകാരത്തോടെയും അർഹമായ സബ്സിഡി തുക ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയാണ് വേണ്ടതെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ വാർഡ്സഭയുടെ അംഗീകാരം വാങ്ങുന്ന യാതൊരു നടപടിക്രമങ്ങളും പാലിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (41/16-17) ലഭ്യമാക്കിയ മറുപടിയിൽ ഈ ഗ്രൂപ്പിൽ ഉൾപ്പെട്ട സുഹറ എന്നവർ ഖരമാലിന്യ ഗ്രൂപ്പിൽ പ്രവർത്തിക്കുന്നതും മുൻപ് സബ്സിഡി വാങ്ങിയത് അറിയില്ലായിരുന്നുവെന്നും പരമാവധി സബ്സിഡി എന്ന നിലയിലാണ് 3,00,000 രൂപ സബ്സിഡി നൽകിയതെന്നും പറയുന്നു. മറുപടി തൃപ്തികരമല്ല. ഗ്രൂപ്പിൽ അംഗമായി പ്രവർത്തിക്കാൻ അർഹതയില്ലാത്ത രണ്ടു പേരെ ഉൾപ്പെടുത്തി ആകെ 6 അംഗങ്ങളുടെ ഗ്രൂപ്പ് രൂപീകരിച്ചു. അർഹതയില്ലാത്തവരെ ഒഴിവാക്കിയാൽ ബാക്കി 4 അംഗങ്ങൾ മാത്രമെ ഉള്ളൂ എന്നതിനാൽ, കുറഞ്ഞത് 5 അംഗങ്ങൾ വേണമെന്നതിനാൽ ഗ്രൂപ്പ് ആയി കണക്കാക്കാനാവില്ല. ആയതിനാൽ ആകെ നൽകിയ 3,00,000 രൂപ ഉത്തരവാദിയായ കുടുംബശ്രീ പ്രോജക്റ്റ് ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-29 ഭവന പുനരുദ്ധാരണം അപാകങ്ങൾ

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ പ്രോജക്റ്റ് ഓഫീസർ (പി.എ.യു.) നിർവഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം നടപ്പാക്കിയ ഭവന പുനരുദ്ധാരണത്തിനുള്ള വിവിധ പദ്ധതികളിൽ താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

1. അഡ്വാൻസായി അധിക തുക അനുവദിച്ചു.

11-01-2016 ലെ ജി.ഒ.(എം.എസ്.)4/2016 ത.സ്വ.ഭ.വ. നമ്പറായുള്ള പന്ത്രണ്ടാം പദ്ധതിയുടെ പുതുക്കിയ മാർഗരേഖ അനുസരിച്ച് വീട് പുനരുദ്ധാരണത്തിനുള്ള പദ്ധതികളിൽ കരാറിലേർപ്പെട്ട ശേഷം 50% തുക മുൻകൂറായി നൽകാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. പൊതു വിഭാഗത്തിനുള്ള ആകെ സബ്സിഡി തുക 25000/- രൂപയാണ്. ഇതനുസരിച്ച് അഡ്വാൻസായി അനുവദിക്കാവുന്ന പരമാവധി തുക 12500/- രൂപയാണ്. എന്നാൽ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ പ്രോജക്റ്റ് ഓഫീസർ (പി.എ.യു.) നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രോജക്റ്റുകളിമായി ബന്ധപ്പെട്ട് ഒന്നാം ഗഡു ഇനത്തിൽ 15000/- രൂപ അനുവദിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

(1) ഫയൽ നമ്പർ -കെ2/777/16

പ്രോജക്റ്റ് നമ്പർ-so009/17,അഗതി ആശ്രയ ഭവന റിപ്പയർ

അടങ്കൽ-375000/-വികസന ഫണ്ട്)

| ക്രമ നമ്പർ | ബിൽ നമ്പർ,തീയതി | തുക |
|---|---|---|
| 1 | 34/24-03-2017 | 90000/- |
| 2 | 47/30-03-2017 | 15000 |
| 3 | 50/30-03-2017 | 15000 |

(2) ഫയൽ നമ്പർ-കെ1/856/16.

പ്രോജക്റ്റ് നമ്പർ-ടo004/17, ഭവന പുനരുദ്ധാരണം.അടങ്കൽ-18750000/-വികസന ഫണ്ട്.

| **ക്രമ നമ്പർ** | **ബിൽ നമ്പർ, തീയതി** | **തുക** |
|---|---|---|
| 1 | 31/20-03-2017 | 45,00,000 |
| 2 | 35/21-03-2017 | 25,50,000 |
| 3 | 42/28-08-2017 | 3,90,000 |
| 4 | 43/30-03-2017 | 5,70,000 |
| 5 | 48/30-03-2017 | 1,80,000/- |

ക്രമ നമ്പർ 1 ലെ പ്രോജക്റ്റ് പ്രകാരം 8 ഗുണഭോക്താക്കൾക്കും ക്രമ നമ്പർ 2 ലെ പ്രോജക്റ്റ് പ്രകാരം 546 ഗുണഭോക്താക്കൾക്കും അഡ്വാൻസായി 15000/-രൂപ വീതം അനുവദിച്ചതായി കാണുന്നു.

സർക്കാർ നിബന്ധനകൾക്ക് വിരുദ്ധമായി മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾക്ക് അധിക തുക അഡ്വാൻസായി അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2. <u>മൂല്യ നിർണ്ണയ സാക്ഷ്യ പത്രം ലഭ്യമല്ല.</u>

2016-17 വർഷം തന്നെ നടപ്പാക്കിയ ഭവന പുനരുദ്ധാരണവുമായി ബന്ധപ്പെട്ട വിവിധ പ്രോജക്റ്റുകളുമായി ബന്ധപ്പെട്ട് മൂല്യ നിർണ്ണയം സാക്ഷ്യ പത്രം ഹാജരാക്കാത്ത ചില ഗുണഭോക്താക്കൾക്ക് അവസാന ഗഡു സബ്സിഡി അനുവദിച്ചിട്ടുണ്ട്.വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

എ) (ഫയൽ നമ്പർ-കെ2/1110/14)

"അഗതി ആശ്രയ പദ്ധതി പ്രകാരം ഭവന റിപ്പയറിന് ധന സഹായ സബ്സിഡി അനുവദിക്കുന്നത്" (സ്പിൽ ഓവർ)എന്ന പ്രോജക്റ്റിന്റെ (പ്രോജക്റ്റ് നമ്പർ-ടo102/17,അടങ്കൽ-19500/-

വികസന ഫണ്ട്) നിർവഹണത്തിന്റെ ഭാഗമായി 1,40000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഭവന പുനരുദ്ധാരണത്തിന് രണ്ടാം ഗഡു സബ്സിഡി വാങ്ങിയ ചില ഗുണഭോക്താക്കൾ ഭവന പുനരുദ്ധാരണം പൂർത്തീകരിച്ചതിന്റെ മൂല്യ നിർണ്ണയ സാക്ഷ്യ പത്രങ്ങൾ ഹാജരാക്കാതെ അവസാന ഗഡു കൈപ്പറ്റിയതായി കാണുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | കൈപ്പറ്റിയ തുക | ബിൽനമ്പർ, തിയതി, തുക |
|---|---|---|---|---|
| 1 | കല്ല്യാണിക്കുട്ടി എലമ്പലക്കാട് | 33 | 10000 | 20/17<br>തിയതി 28-12-2016<br>ആകെ തുക - 40000/- |
| 2 | വേലായുധൻ ബി. | 51 | 10000 | 13/17<br>തീയതി 3-12-2017<br>ആകെ തുക - 90000/- |
| 3 | മൈമൂനത്ത് നമ്പംകുന്നത്ത് | 40 | 10000 | ടി |
| 4 | സുലോചന തലകുറ്റിനിലം | 5 | 10000 | ടി |

ബി) ഫയൽ നമ്പർ - കെ1/687/16.

പ്രോജക്ട് നമ്പർ - S0098/17

പ്രോജക്ടിന്റെ പേര് - വീട് പുനരുദ്ധാരണം 2014-15 തുടർച്ച

അടങ്കൽ - 570000/- വികസന ഫണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | കൈപ്പറ്റിയ തുക | ബിൽനമ്പർ, തിയതി, തുക |
|---|---|---|---|---|
| 1 | കെ.കെ.പുഷ്പ | 69 | 10000 | 4/24<br>09-2016<br>20000/- |
| 2 | ദേവകി കെ. | 60 | 10000 | ടി |
| 3 | രത്നവല്ലി | 66 | 10000 | 9/30<br>11-2016<br>50000/- |
| 4 | ബാലകൃഷ്ണൻ | 23 | 10000 | ടി |
| 5 | ആയിഷാബി | 30 | 10000 | ടി |
| 6 | ജാനു | 49 | 10000 | ടി |
| 7 | ജയശ്രീ | 49 | 10000 | ടി |
| 8 | സുധീന്ദ്രൻ | 48 | 10000 | 15/30 |

| | | | | |
|---|---|---|---|---|
| | | | | 11-2016<br>1,50,000/- |
| 9 | ശോഭന കെ. | 27 | 10000 | ടി |
| 10 | ദേവി | 35 | 10000 | ടി |
| 11 | ഇമ്പിച്ചാമിന | 34 | 10000 | ടി |
| 12 | ശകുന്തള പി, | 48 | 10000 | ടി |
| 13 | സലിം | 15 | 10000 | ടി |
| 14 | കോയസ്സൻ | 45 | 10000 | ടി |
| 15 | ഉദയകുമാർ | 14 | 10000 | ടി |
| 16 | സതി | 74 | 10000 | ടി |
| 17 | ശോഭന കെ. | 26 | 10000 | ടി |
| 18 | ശ്രീമതി | 13 | 10000 | ടി |
| 19 | ജയലക്ഷ്മി | 15 | 10000 | ടി |
| 20 | ജാനറ്റ് | 15 | 10000 | ടി |
| 21 | ചന്ദ്രൻ | 15 | 10000 | ടി |
| 22 | രാധമ്മ | 69 | 10000 | ടി |
| 23 | വനജാക്ഷി | 63 | 10000 | 18/28<br>12-2016<br>30000/- |
| 21 | ഗംഗാദേവി | 69 | 10000 | ടി |
| 22 | സൗമിനി | 19 | 10000 | ടി |
| 23 | ശ്രീമതി | 60 | 10000 | 39/24<br>03-2017<br>10000/- |

ക്രമ നമ്പർ 1, 2 എന്നിവയോടൊപ്പം ഭവന റിപ്പയർ പൂർത്തീകരിച്ചുവെന്നുള്ള ഓവർസീയറുടെ സാക്ഷ്യപത്രം ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിലും ചെലവായ തുക എത്രയെന്ന് കണക്കാക്കിയിട്ടില്ല.

സി) ഫയൽ നമ്പർ - കെ1/479/15

പ്രോജക്ട് നമ്പർ - S0100/17

പ്രോജക്ടിന്റെ പേര് - വീട് പുനരുദ്ധാരണം 2015-16

അടങ്കൽ - 3270000/-വികസന ഫണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | കൈപ്പറ്റിയ തുക | ബിൽനമ്പർ, തിയതി, തുക |
|---|---|---|---|---|
| 1 | പുഷ്പ .എ. | 32 | 10000 | വ്യക്തമല്ല. |
| 2 | നാരായണി | 33 | 10000 | ടി |
| 3 | ഫൗസിയ | 33 | 10000 | ടി |
| 4 | ആയിശാബി | 32 | 10000 | ടി |
| 5 | ആമിന | 32 | 10000 | ടി |
| 6 | ബീന എം.കെ. | 17 | 10000 | ടി |
| 7 | സുലോചന ഇ. | 17 | 10000 | ടി |
| 8 | സുഭാഷ് ചന്ദ്രൻ കെ. | 15 | 10000 | ടി |
| 9 | ഭാനുമതി പി.പി. | 48 | 10000 | ടി |
| 10 | സുഭദ്ര പി. | 48 | 10000 | ടി |
| 11 | കാർത്ത്യായനി കെ.പി. | 16 | 10000 | ടി |
| 12 | ദാക്ഷായണി പി. | 49 | 10000 | ടി |
| 13 | തങ്കമ്മ | 28 | 10000 | ടി |
| 14 | കുഞ്ഞീബി | 3 | 10000 | ടി |
| 15 | രാധ | 75 | 10000 | ടി |
| 16 | സൈനബ | 53 | 10000 | ടി |
| 17 | ഉമ്മയക്കുട്ടി | 19 | 10000 | ടി |
| 18 | തങ്കമണി | 20 | 10000 | ടി |
| 19 | കമലാക്ഷി | 75 | 10000 | ടി |
| 20 | അനിൽകുമാർ | 6 | 10000 | ടി |
| 21 | ജമീല | 6 | 10000 | ടി |
| 22 | ബേബി | 43 | 10000 | ടി |
| 23 | ഗോപാലകൃഷണൻ | 39 | 10000 | ടി |
| 24 | ആയിശ കെ. | 12 | 10000 | ടി |
| 25 | രമ വി, | 22 | 10000 | ടി |
| 26 | അമ്മിണി | 22 | 10000 | ടി |
| 27 | പ്രതീഷ്കുമാർ | 34 | 10000 | ടി |
| 28 | സുലോചന | 64 | 10000 | ടി |
| 29 | ലത വി.ടി. | 62 | 10000 | ടി |
| 30 | കൗജാബി | 64 | 10000 | ടി |

| | | | | |
|---|---|---|---|---|
| 31 | ലക്ഷ്മിപ്രിയ | 56 | 10000 | ടി |
| 32 | ജാനകി | 31 | 10000 | ടി |
| 33 | സുജാത കെ.പി. | 7 | 10000 | ടി |
| 34 | രതി ടി. | 71 | 10000 | ടി |
| 35 | സരോജിനി അമ്മ | 53 | 10000 | ടി |
| 36 | തങ്കമ്മാൾ ടി. | 61 | 10000 | ടി |
| 37 | ചന്ദ്രിക പി.ടി. | 11 | 10000 | ടി |
| 38 | ലീല എ. | 47 | 10000 | ടി |
| 39 | മാലിനി ടി.കെ. | 53 | 10000 | ടി |
| 40 | ദാസൻ | 50 | 10000 | ടി |
| 41 | ഷൈലജ സി. | 13 | 10000 | ടി |
| 42 | ശാന്ത | 10 | 10000 | ടി |
| 43 | കൗസു | 70 | 10000 | ടി |
| 44 | ബേബി സി.വി. | 4 | 10000 | ടി |
| 45 | അജിത | 26 | 10000 | ടി |
| 46 | ലക്ഷ്മി | 4 | 10000 | ടി |
| 47 | ബീവി | 39 | 10000 | ടി |
| 48 | കണ്ണൻകുട്ടി | 37 | 10000 | ടി |
| 49 | സാവിത്രി | 3 | 10000 | ടി |
| 50 | യശോദ | 44 | 10000 | ടി |
| 51 | രഘു | 24 | 10000 | ടി |
| 52 | പുരുഷോത്തമൻ | 24 | 10000 | ടി |
| 53 | റോസിലി | 56 | 10000 | ടി |
| 54 | വിശാലാക്ഷി | 55 | 10000 | ടി |
| 55 | ദേവയാനി | 40 | 10000 | ടി |
| 56 | ബിച്ചാമിന | 40 | 10000 | ടി |
| 57 | സൈനബ | 44 | 10000 | ടി |
| 58 | ശാരദ | 44 | 10000 | ടി |
| 59 | ജാനകി | 45 | 10000 | ടി |
| 60 | ദേവയാനി | 45 | 10000 | ടി |
| 61 | വേലായുധൻ | 46 | 10000 | ടി |
| 62 | കദീജ | 46 | 10000 | ടി |

| | | | | |
|---|---|---|---|---|
| 63 | ദേവി | 43 | 10000 | ടി |

ഫയലുകൾ ക്രമ രഹിതമായും അലക്ഷ്യമായും ആണ് സൂക്ഷിച്ചിരിക്കുന്നത്.മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾക്ക് സബ്സിഡി തുക അനുവദിച്ചതിന്റെ ബിൽ നമ്പറുകൾ നോട്ട് ഫയലിലോ രജിസ്റ്ററിലോ സൂചിപ്പിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ(23-08-2017 ലെ കെ1-856/16 നമ്പ്ര കത്ത്.) ബി.ഐ.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിട്ടുള്ളത് എന്നറിയിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട രേഖകളൊന്നും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

മൂല്യ നിർണ്ണയ സാക്ഷ്യപത്രം ഹാജരാക്കാതെ അനുവദിച്ച അവസാന ഗഡു ഇനത്തിൽ ചെലവഴിച്ച 9,00,000/-രൂപ(90 X 10,000) ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

## 3-30 സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ടെണ്ടർ നടപടികളില്ലാതെ കമ്പ്യൂട്ടറുകൾ വാങ്ങി പ്രോജക്റ്റ് നം. - 822/17

പ്രോജക്ടിന്റെ പേര് - പട്ടികജാതി കുട്ടികൾക്ക് ലാപ് ടോപ്പ് വിതരണം 2017

നിർവ്വഹണം - പട്ടികജാതി വികസന ഓഫീസർ

അടങ്കൽ - 21,50,000/-(വികസനഫണ്ട് എസ്.സി.പി)

ചെലവ് - 13,47,500/- ബിൽ നം.24/16-17/31.03.2017-

കോർപ്പറേഷൻ പരിധിയിലുള്ള ഡിഗ്രിതലം മുതൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് കമ്പ്യൂട്ടറുകൾ വിതരണം ചെയ്യുന്ന മേൽ പ്രോജക്ടിൽ ആകെ 55 വിദ്യാർത്ഥികൾക്ക് കെൽട്രോണിൽ നിന്നും കമ്പ്യൂട്ടറുകൾ വാങ്ങി നൽകിയിട്ടുണ്ട്. 02.12.2016 ലെ സർക്കാർ ഉത്തരവ് (ആർ.ടി.)3299/2016 ത.സ്വ.ഭ.വ. പ്രകാരം ടെണ്ടർ നടപടികൾ ഒഴിവാക്കി സാധന സാമഗ്രികൾ സർക്കാർ/ അർദ്ധസർക്കാർ/ഗവൺമെന്റ് അംഗീകൃത ഏജൻസികൾ എന്നിവയിൽ നിന്ന് വാങ്ങുന്നത് പ്രസ്തുത സ്ഥാപനങ്ങൾ സ്വയം നിർമ്മിക്കുന്നവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. അങ്ങനെയല്ലാത്ത സാമഗ്രികൾ നിർബന്ധമായും പരസ്യടെണ്ടർ മുഖേന വാങ്ങേണ്ടതാണെന്നും നിർദ്ദേശിക്കുന്നുണ്ട്. ഈ പ്രോജക്റ്റ് പ്രകാരം കെൽട്രോണിൽ നിന്നും വാങ്ങി നൽകിയിരിക്കുന്നത് (27.03.2017 ലെ KSEDC/CLT/PRO/16-17/757 നമ്പർ ഇൻവോയ്സ്) 'ഏസർ' കമ്പനിയുടെ 'ആസ്പയർ' എന്ന ലാപ് ടോപ്പ് കമ്പ്യൂട്ടറുകളാണ്. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി ടെണ്ടർ നടപടികൾ കൂടാതെ 13,47,500 രൂപയ്ക്ക് കമ്പ്യൂട്ടറുകൾ വാങ്ങിയതിന് വിശദീകരണം ആവശ്യപ്പെട്ടിരുന്നെങ്കിലും(ഒ.എസ്.നം.59/16-17,തിയ്യതി 17.08.2017) മറുപടി ലഭിച്ചില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ചെയ്ത 13,47,500 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-31 സർക്കാർ നിർദ്ദേശം പാലിക്കാതെ/ഉറപ്പുവരുത്താതെ ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മാണത്തിന് ധനസഹായം നൽകി

നിർവ്വഹണ ഉദ്യോഗസ്ഥൻ : പട്ടിക ജാതി വികസന ഓഫീസർ, കോഴിക്കോട്

പ്രോജക്ട് പേര് : പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം

പട്ടികജാതി വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി സ്വന്തം വീടുകളിൽ സൗകര്യമൊരുക്കുന്ന രീതിയിൽ പഠനമുറി നിർമ്മിക്കുന്നതിന് ഒരു ലക്ഷം രൂപ നിരക്കിൽ ധനസഹായം നല്കുന്നതാണ് ഈ പദ്ധതി. ഓഡിറ്റ് വർഷത്തിൽ രണ്ടു പദ്ധതികളിലായി (പ്രോ.നം.253/17, പ്രോ.നം.835/17) ഈയിനത്തിൽ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. 15.02.2016 ലെ(സാ.ധാ)626/2016/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം നൽകുവാൻ സർക്കാർ താഴെ പറയുന്ന നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

- നിലവിലുള്ള ഒരു മുറി പഠനമുറി ആക്കാതെ പുതിയ മുറി നിർമ്മിക്കണം.
- നിലവിലുള്ള വീട് 800 ചതുരശ്ര അടിയിൽ താഴെ വിസ്തീർണ്ണമുള്ളതായിരിക്കണം.
- നിർമ്മിക്കുന്ന പഠനമുറിക്ക് 120 ചതുരശ്ര അടിയിൽ (11.148 ചതുരശ്ര മീറ്റർ) കുറയാത്ത വിസ്തീർണ്ണമുണ്ടായിരിക്കണം.
- നിലവിൽ വാസയോഗ്യമായ വീടുള്ള പട്ടികജാതി/വർഗ്ഗ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് ആയിരിക്കണം പഠനമുറി ലഭ്യമാക്കേണ്ടത്.

എന്നാൽ മേൽ ഉത്തരവിലെ നിബന്ധന പാലിക്കാത്ത/പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താത്ത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ 835/17

അടങ്കൽ - 77,50,000/- വികസനഫണ്ട് എസ്.സി.പി

ചെലവ് - 2,90,000/- (ബിൽ നം.4/16-17/31.10.2016 - 2,00,000/-)
(ബിൽ നം.11/16-17/20.01.2017 - 60,000/-)
(ബിൽ നം.27/16-17/31.03.2017 - 30,000/-)

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | അഭിപ്രായം |
|---|---|---|
| ശ്രീ.ശിവദാസൻ | 70,000 | കോർപ്പറേഷൻ സെക്രട്ടറിയുടെ 14.12.2016 ലെ ഇ.ഇസഡ്4/6203/16 നമ്പറിലുള്ള ക്രമവത്കരണ അനുമതി പ്രകാരം അഡീഷണലായി നിർമ്മിച്ച മുറിയുടെ വിസ്തൃതി 9.93$m^2$ മാത്രമാണ്. |

| | | |
|---|---|---|
| ശ്രീ.ജയകൃഷ്ണൻ | 70,000 | കോർപ്പറേഷന്റെ എലത്തൂർ മേഖല ഓഫീസിൽ നിന്നും 24.11.2016 ന് നൽകിയ ഇ.ഇസഡ്.4/5962/16 നമ്പർ നിർമ്മാണാനുമതി പ്രകാരം പുതുതായി നിർമ്മിക്കുന്ന പഠനമുറിയുടെ വിസ്തീർണ്ണം(പ്ലിന്ത് ഏരിയ) $10.26m^2$ ആണ്. അംഗീകരിച്ച പ്ലാൻ പരിശോധിച്ചതിൽ 120X250 വിസ്തൃതിയുള്ള ടോയ് ലറ്റ് കൂടി ഉൾപ്പെട്ടതാണ് മേൽ വിവരിച്ച $10.26m^2$. അതുകൊണ്ടുതന്നെ നിർമ്മിക്കുന്ന പഠനമുറിയ്ക്ക് സർക്കാർ നിർദ്ദേശിക്കുന്ന വിസ്തൃതിയില്ല. |
| ശ്രീമതി.ലീല.പി.എം. | 40,000 | നിർമ്മാണത്തിന്റെ പ്ലാനോ, അനുബന്ധരേഖകളോ ഫയലിൽ ലഭ്യമല്ല. നാളിതുവരെ പണിപൂർത്തീകരിച്ചിട്ടില്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തിയത് എങ്ങനെയെന്ന് വ്യക്തമല്ല. |
| ശ്രീമതി.ദേവി | 70,000 | പ്ലാനിൽ നിലവിലെ വീട് ഉൾപ്പെടുത്തിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കുന്നുവോ എന്ന് ഉറപ്പുവരുത്താനായിട്ടില്ല. |
| ശ്രീമതി.ഗീത.കെ.പി. | 40,000 | സമർപ്പിച്ച പ്ലാൻ പ്രകാരം $100.48m^2$ വിസ്തൃതിയുള്ള വീടാണ് പണിയുന്നത്. നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. |

പ്രോജക്ട് നമ്പർ 253/17

അടങ്കൽ - 93,00,000/- വികസനഫണ്ട് എസ്.സി.പി

ചെലവ് - 5,50,000/- (ബിൽ നം.13/16-17/17.03.2017 - 3,00,000/-)

(ബിൽ നം.22/16-17/31.03.2017 - 2,50,000/-)

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | അഭിപ്രായം |
|---|---|---|
| ശ്രീമതി.രത്നകുമാരി | 50,000 | പ്ലാനിൽ നിലവിലെ വീട് ഉൾപ്പെടുത്തിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കുന്നുവോ എന്ന് ഉറപ്പുവരുത്താനായിട്ടില്ല. |
| ശ്രീ.കെ.പി.കൃഷ്ണനുണ്ണി | 50,000 | പ്ലാൻ പ്രകാരം പുതുതായി നിർമ്മിക്കുന്ന |

| | | |
|---|---|---|
| | | പഠനമുറിയുൾപ്പെടെ വീടിന് $118.75m^2$ വിസ്തീർണ്ണമുണ്ട്. (പഠനമുറിയുടെ വിസ്തീർണ്ണം - 310X290 സെ.മീ.) പഠനമുറിയുടെ വിസ്തീർണ്ണം കുറവു ചെയ്താലും നിലവിലെ വീടിന്റെ വിസ്തീർണ്ണം സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന അളവിനേക്കാൾ അധികമാണ്. |
| ശ്രീമതി.എം.കെ.ശ്രീമതി | 50,000 | പ്ലാനിൽ നിലവിലെ വീട് ഉൾപ്പെടുത്തിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കുന്നുവോ എന്ന് ഉറപ്പുവരുത്താനായിട്ടില്ല. |
| ശ്രീ.പ്രകാശൻ | 50,000 | പ്ലാനിൽ നിലവിലെ വീട് ഉൾപ്പെടുത്തിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കുന്നുവോ എന്ന് ഉറപ്പുവരുത്താനായിട്ടില്ല. |

മേൽ വിവരിച്ച രീതിയിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്ത/ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്താത്ത ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടെങ്കിലും (ഒ.എസ്.നം.60-16-17/17.08.2017) മറുപടി ലഭിച്ചില്ല. സർക്കാർ നിർദ്ദേശങ്ങൾ ഉറപ്പാക്കാതെ നൽകിയ 4,90,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-32 തയ്യൽ , ഫാഷൻ ഡിസൈനിങ്ങ് പരിശീലനം - പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് മുൻപ് മുഴുവൻ തുകയും നൽകി

പ്രൊജക്റ്റ് : 887/17, പട്ടികജാതി വനിതകൾക്ക് തയ്യൽ - ഫാഷൻ ഡിസൈനിങ്ങ് പരിശീലനവും തയ്യൽ മെഷീൻ വിതരണവും.

അടങ്കൽ : 7,50,000/- ( വികസന ഫണ്ട് - എസ്.സി.പി)

കോഴിക്കോട് കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്റ്റ് പ്രകാരം കോർപ്പറേഷനിലെ വിവിധ വാർഡുകളിൽ നിന്ന് തിരഞ്ഞെടുത്ത പട്ടികജാതി വിഭാഗക്കാരായ 15 വനിതകൾക്ക് കോഴിക്കോട് സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന സ്കിൽ ഡവലപ്പ്മെൻറ് സെന്റർ മുഖേന തയ്യൽ - ഫാഷൻ ഡിസൈനിങ്ങ് പരിശീലനം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച് പട്ടികജാതി വികസന ഓഫീസറും സ്കിൽ ഡവലപ്പ്മെന്റ് സെന്റർ ഡയറക്ടറും 03.02.2017 ന് ഒപ്പുവച്ച ധാരണാപത്രത്തിലെ 7ാം ഖണ്ഡികയിൽ പരിശീലനം ആരംഭിക്കുമ്പോൾ മൊത്തം ചെലവിന്റെ 50% മുൻകൂർ നൽകുന്നതാണ് എന്നും പരിശീലനം പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നൽകുകയും എല്ലാ രേഖകളും കൈമാറുകയും ചെയ്യുന്നതോട് കൂടിയായിരിക്കും ബാക്കി തുക നൽകുക എന്നും വ്യക്തമാക്കിയിട്ടുണ്ട്.

പരിശീലനത്തിനുള്ള ചെലവ് ആളൊന്നിന് ഫീസ് ഇനത്തിൽ 7000/- രൂപയും മെറ്റീരിയൽ കോസ്റ്റ് ഇനത്തിൽ 2000/- രൂപയുമാണ്. 15 പേർക്കുള്ള പരിശീലനഫീസിന്റെ 50%വും (7000 X 15 X 50% = 52,500) മെറ്റീരിയൽ കോസ്റ്റ് ഇനത്തിലുള്ള മുഴുവൻ തുകയും (2000 X 15 = 30,000) ഉൾപ്പെടെ 82,500/- രൂപ ധാരണാപത്ര പ്രകാരം പരിശീലനം തുടങ്ങുന്നതിനു മുൻപു തന്നെ സ്കിൽ ഡവലപ്പ്മെന്റ് സെന്ററിന് നൽകിയിട്ടുണ്ട്. പരിശീലനഫീസിനത്തിൽ ശേഷിക്കുന്ന 50% തുകയായ 52,500/- രൂപ 29.06.2017 ന് സ്കിൽ ഡവലപ്പ്മെന്റ് സെന്ററിന്റെ അക്കൗണ്ടിലേക്ക് (A/c No: 10621433208, എസ്.ബി.ഐ, മലാപ്പറമ്പ് ശാഖ) ട്രാൻസ്ഫർ ചെയ്തു നൽകിയിതായി കാണുന്നുണ്ടെങ്കിലും പരിശീലനം പൂർത്തികരിച്ച് സർട്ടിഫിക്കറ്റ് നൽകിയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപാകതകൾ വിശദീകരിച്ച് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റമെന്റിന് (നം. 61/2016-17 തീയതി 17.08.2017) മറുപടി നല്കുകയോ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുകയോ ചെയ്തിട്ടില്ല. പരിശീലനം പൂർത്തികരിച്ച് പഠിതാക്കൾക്ക് സർട്ടിഫിക്കറ്റ് നൽകിയത് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 3-33 ഭൂമി വാങ്ങുന്നവർക്ക് ധനസഹായം - അർഹമായതിലും അധികം തുക നൽകി

പ്രൊജക്റ്റ് : 254/17, ഭൂമി വാങ്ങുന്നവർക്ക് ധനസഹായം - 2017.

അടങ്കൽ : 3,00,00,000/- ( വികസന ഫണ്ട് - എസ്.സി.പി)

ചെലവ് : 72,00,000 /- (ബിൽ നം.20/24.03.2017 - 12,00,000 /-)

(ബിൽ നം.23/29.03.2017 - 6,00,000 /-)

കോഴിക്കോട് കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്റ്റിൽ ഉൾപ്പെടുത്തി ശ്രീ കെ.കെ സന്തോഷ് എന്ന ഗുണഭോക്താവിന് ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്. ഇതു സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ഗുണഭോക്താവിന്റെ പേരും വിലാസവും | സന്തോഷ്. കെ.കെ, S/o കല്യാണി, കോരക്കുന്നുമ്മൽ വീട്, പി.ഒ ചെലവൂർ |
| വാങ്ങിയ ഭൂമി സംബന്ധിച്ച വിവരങ്ങൾ | ആധാരം നമ്പർ : 689/2017, എസ്.ആർ.ഒ ചേവായൂർ<br>താലൂക്ക് : കോഴിക്കോട്<br>വില്ലേജ് : ചെലവൂർ<br>ദേശം : ചെലവൂർ<br>റീ സർവ്വേ നം : 96/2 ബി<br>വിസ്തൃതി : 1.06 ആർ ( 2.62 സെന്റ്) |
| ഭൂമി വില്പന നടത്തിയ ആളെ സംബന്ധിച്ച | കോരക്കുന്നുമ്മൽ അബൂബക്കർ, S/o കോയാലി, കട്ടയാട്ട് പറമ്പത്ത്, പി.ഒ ചെലവൂർ |

| | |
|---|---|
| വിവരങ്ങൾ | |
| നൽകിയ ധനസഹായം സംബന്ധിച്ച വിവരങ്ങൾ | 6,00,000/- (ഭൂമി വിൽപന നടത്തിയ ശ്രീ കോരക്കുന്നുമ്മൽ അബൂബക്കറിന്റെ അക്കൗണ്ടിലേക്ക് കൈമാറി, A/c നം. 1855202350, സെൻട്രൽ ബാങ്ക് ഓഫ് ഇൻഡ്യ, ചെലവൂർ ശാഖ) |

സർക്കാർ ഉത്തരവ് (സാധാ) നം. 268/07/തസ്വഭവ/31.01.17 പ്രകാരം പട്ടികജാതി വിഭാഗക്കാർക്ക് കോർപ്പറേഷൻ പരിധിയിൽ വീട് വയ്ക്കാൻ സ്ഥലം വാങ്ങുന്നതിന് നൽകാവുന്ന ധനസഹായം 6 ലക്ഷം രൂപയാണ്. കുറഞ്ഞത് 3 സെന്റ് സ്ഥലം വാങ്ങിയിരിക്കണമെന്നും സ്ഥലം കുറവാണ് വാങ്ങുന്നതെങ്കിൽ അതിന് ആനുപാതികമായി തുക കുറവ് ചെയ്യേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ഇതിന് വിരുദ്ധമായി 2.62 സെന്റ് സ്ഥലം മാത്രം വാങ്ങിയ മേൽ ഗുണഭോക്താവിന് 6 ലക്ഷം രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. 2.62 സെന്റ് സ്ഥലം വാങ്ങുന്ന ഗുണഭോക്താവിന് മേൽ ഉത്തരവ് പ്രകാരം 5,24,000/- രൂപയുടെ ( 6,00,000 X 2.62/3 = 5,24,000/- ) ധനസഹായത്തിനുള്ള അർഹതയേ ഉള്ളൂ.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (നം.62/2016-17 തീയതി 17.08.2017) മറുപടിയൊന്നും ലഭിച്ചിട്ടില്ല. മറുപടിയുടെ അഭാവത്തിൽ അർഹതയുള്ളതിലും അധികമായി നൽകിയ 76,000/- രൂപ (6,00,000-5,24,000) ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയായ പട്ടികജാതി വികസന ഓഫീസറിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-34 ക്ലീൻ കേരള സംരംഭകർക്ക് നൽകിയ വാഹനങ്ങൾ -അവ്യക്തതകൾ.

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ പരിധിയിലെ വിവിധ കുടുംബശ്രീ യൂണിറ്റുകൾക്ക് മാലിന്യ ശേഖരണത്തിനായി കെ.എസ്.യു.ഡി.പി.മുഖേന 75 വാഹനങ്ങൾ 2011-12 വർഷം വിതരണം ചെയ്തിരുന്നു. സംരംഭക ഗ്രൂപ്പുകളുമായി കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി ഏർപ്പെട്ട കരാറിൽ വാഹനത്തിന്റെ ഉടമസ്ഥാവകാശം പൂർണ്ണമായും കോർപ്പറേഷൻ സെക്രട്ടറിയിൽ നിക്ഷിപ്തമാണെന്നും ഓരോ വാഹനവും ഓരോ മാസവും 1ാം തിയതിക്കും 5ാം തിയതിക്കും ഇടയിൽ കോർപ്പറേഷൻ സെക്രട്ടറിയുടെയോ കോർപ്പറേഷൻ സെക്രട്ടറി ചുമതലപ്പെടുത്തുന്ന ആളുടെയോ പരിശോധനക്ക് വിധേയമാക്കേണ്ടതും അദ്ദേഹം നൽകുന്ന ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. കൂടാതെ ഓരോ വാഹനത്തിലും വിശദമായ ട്രിപ്പ് ഷീറ്റ്, ലോഗ് ബുക്ക് എന്നിവ എഴുതി സൂക്ഷിക്കേണ്ടതും ആയത് കോർപ്പറേഷൻ സെക്രട്ടറി എപ്പോൾ ആവശ്യപ്പെട്ടാലും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

എന്നാൽ ഇത്തരത്തിലുള്ള യാതൊരു പരിശോധനയും കോർപ്പറേഷൻ നടത്തുന്നില്ലെന്നു മാത്രമല്ല മേൽ സൂചിപ്പിച്ച വാഹനങ്ങളുമായി ബന്ധപ്പെട്ട വ്യക്തമായ രേഖകൾ പോലും കോർപ്പറേഷനിൽ ലഭ്യമായി കാണുന്നില്ല 31-05-2013 ലെ കെ2-696/11 നമ്പറായി കുടുംബശ്രീ പ്രോജക്ട് ഓഫീസർ സർക്കിൾ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് നല്കിയ കത്തിൽ കോഴിക്കോട് സിറ്റി ട്രാഫിക് സബ് ഇൻസ്പെക്ടറുടെ ടെലിഫോൺ സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഖര മാലിന്യ

ശേഖരണവുമായി ബന്ധപ്പെട്ട് നഗരസഭ വിവിധ യൂണിറ്റുകൾക്ക് നൽകിയ വാഹനങ്ങൾ ഡ്രൈവിംഗ് ലൈസൻസ് ഇല്ലാത്തവർ ഓടിക്കുന്നതായി ശ്രദ്ധയിൽ പെട്ടതായി റിപ്പോർട്ട് ചെയ്ത വിവരം അറീയിച്ചിരുന്നു.ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തുടർ നടപടി സ്വീകരിച്ചതായും ഫയലിൽ കാണുന്നില്ല.

2015 ലെ കണക്ക് പ്രകാരം75 വാഹനങ്ങൾ നൽകിയതിൽ 73 എണ്ണം മാത്രമാണ് ഉപയോഗത്തിലുള്ളതായി കുടുംബശ്രീ വിഭാഗത്തിൽ സൂക്ഷിച്ച ഫയലിൽ കാണുന്നത്. 2 വാഹനങ്ങളുടെ ഇപ്പോൾ എവിടെയാണ് ഉള്ളതെന്നോ ആരുടെ കൈവശത്തിലാണെന്നോ എത് അവസ്ഥയിലാണെന്നോ എന്നത് സംബന്ധിച്ച് കോർപ്പറേഷന് യാതൊരു ധാരണയുമില്ലാത്ത അവസ്ഥയാണുള്ളത്.ഈ വാഹനങ്ങൾ സംബന്ധിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കുടുംബശ്രീ യൂണിറ്റ് | സർക്കിൾ | വാർഡ് | വാഹന നമ്പർ |
|---|---|---|---|---|
| 1 | പൗർണ്ണമി | 2 | 51 | KL11AJ9195 |
| 2 | പൂജ | 15 | 25 | KL11AJ4538 |

മറ്റ് വാഹനങ്ങളുമായും ബന്ധപ്പെട്ട് ആധികാരിക രേഖകളൊന്നും ഹെൽത്ത് വിഭാഗം പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പ്രസ്തുത വാഹനങ്ങളുമായി ബന്ധപ്പെട്ട ചുമതലകളൊന്നും ട്രാൻസ്പോർട്ട് എച്ച്.ഐ.ക്ക് ചാർജ് ഏറ്റെടുത്തപ്പോൾ കൈമാറിക്കിട്ടിയിട്ടില്ലെന്നും ബന്ധപ്പെട്ട സർക്കിൾ എച്ച.ഐ.മാർക്കാണ് ചുമതലയെന്നും ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാൻ അവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ്.എന്നാൽ ഇതു സംബന്ധിച്ച് യാതൊരു രേഖകളും ലഭ്യമാക്കിയിട്ടില്ല.

ഇപ്പോൾ ഈ വാഹനങ്ങളുടെ ഇന്ധനച്ചെലവ് ഇനത്തിൽ പ്രതിമാസം 750/- രൂപ നിരക്കിൽ കുടുംബശ്രീ വിഭാഗത്തിൽ നിന്നും നൽകി വരുന്നുണ്ട്.കൂടാതെ ഇൻഷൂറൻസ് പ്രീമിയത്തിന്റെ വിഹിതം ഇനത്തിൽ 3 വീലറിന് 2/3 ഭാഗവും 4 വീലറിന് 50% വും നൽകുന്നുണ്ട്.2016-17 ൽ ഇൻഷൂറൻസ് വിഹിതം ഇനത്തിൽ താഴെ ചേർക്കുന്ന വാഹനങ്ങൾ തുക കൈപ്പറ്റിയതായി ഫയലിൽ കാണുന്നില്ല.

| ക്രമ നമ്പർ | കുടുംബശ്രീ യൂണിറ്റ് | സർക്കിൾ | വാർഡ് | വാഹന നമ്പർ |
|---|---|---|---|---|
| 1 | ശക്തി | 1 | 53 | KL11AJ7407 |
| 2 | സൗന്ദര്യ | 2 | 43 | KL11AJ4880 |
| 3 | ടി | ടി | ടി | KL11AJ4905 |
| 4 | പൗർണ്ണമി | 2 | 51 | KL11AJ2748 |

| | | | | |
|---|---|---|---|---|
| 5 | ടി | ടി | ടി | KL11AJ9195 |
| 6 | ശ്രീകൃഷ്ണ | 3 | 48 | KL11AJ4885 |
| 7 | പുലരി | 4 | 4 | KL11AJ4048 |
| 8 | തുളസി | 4 | 4 | KL11AJ4158 |
| 9 | ലക്ഷ്യം | 5 | 11 | KL11AJ4319 |
| 10 | പുതുമ | 5 | 12 | KL11AJ6862 |
| 11 | ടി | ടി | ടി | KL11AJ2807 |
| 12 | അർച്ചന | 6 | 41 | KL11AJ2876 |
| 13 | ടി | ടി | ടി | KL11AJ9256 |
| 14 | പ്രകാശം | 6 | 41 | KL11AJ2387 |
| 15 | ടി | ടി | ടി | KL11AJ6970 |
| 16 | മിന്നാരം | 6 | 41 | KL11AJ2859 |
| 17 | വന്ദനം2 | 6 | 41 | KL11AJ7167 |
| 18 | നവയുഗം | 7 | 36 | KL11AJ4732 |
| 19 | ശ്രീഹരി | 8 | 47 | KL11AJ4424 |
| 20 | ജനനി | 9 | 39 | KL11AJ2146 |
| 21 | ദേശപോഷിണി | 10 | 29 | KL11AJ4951 |
| 22 | പ്രിയദർശിനി | 10 | 31 | KL11AJ4250 |
| 23 | വസന്തം | 11 | 38 | KL11AJ2061 |
| 24 | ടി | ടി | ടി | KL11AJ7637 |
| 25 | ഉല്ലാസ പറവ | 11 | 38 | KL11AJ9263 |
| 26 | ടി | ടി | ടി | KL11AJ7022 |
| 27 | സമസ്യ | 13 | 8 | KL11AJ4121 |
| 28 | സർഗ | 13 | 8 | KL11AJ2768 |
| 29 | തുളസി | 13 | 13 | KL11AJ2505 |
| 30 | ശ്രീലക്ഷ്മി | 14 | 2 | KL11AJ2793 |
| 31 | പവിത്രം | 15 | 25 | KL11AJ4807 |
| 32 | ഷഹന | 15 | 27 | KL11AJ2820 |
| 33 | ഐശ്വര്യ | 15 | 28 | KL11AJ4986 |
| 34 | പൂജ | 15 | 25 | KL11AJ4538 |
| 35 | നന്മ 1 | 16 | 16 | KL11AJ2615 |
| 36 | നന്മ 2 | 16 | 117 | KL11AJ43126 |

| | | | | |
|---|---|---|---|---|
| 37 | ശ്രീലക്ഷ്മി | 16 | 15 | KL11AJ9248 |
| 38 | വിപഞ്ചിക | 17 | 42 | KL11AJ4205 |
| 39 | തൃഷ്ണ | 17 | 42 | KL11AJ4370 |
| 40 | തൃഷ്ണ | 17 | 42 | KL11AJ8348 |

ഈ വാഹനങ്ങൾ ഇൻഷൂറൻസ് പുതുക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ചുള്ള വിവരങ്ങളും ലഭ്യമായി കാണുന്നില്ല.വാഹനങ്ങളുടെ ഉടമസ്ഥാവകാശം കോർപ്പറേഷനിൽ നിക്ഷിപ്തമായതിനാൽ വാഹനങ്ങളുടെ രേഖകൾ യഥാവിധി പരിശോധിച്ച് സൂക്ഷിക്കാൻ കോർപ്പറേഷന് ബാധ്യതയുണ്ട്.

ക്ലീൻ കേരള വാഹനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്താൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-35 ഹോമിയോ ഡിസ്പെൻസറികളിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമാക്കാത്ത സ്ഥാപനത്തിന് തന്നെ വീണ്ടും അഡ്വാൻസായി മരുന്ന് വിതരണത്തിന് തുക അടവാക്കി.

പ്രോജക്ട് നമ്പർ : 46/2017

ഫയൽ നമ്പർ : F1/104578/16

അടങ്കൽ : 18,00,000/-

നിർവഹണം : ഹെൽത്ത് ഓഫീസർ

ചെലവ് : 10,58,001/- രൂപ (ബിൽ നം.03/2016-17 തീയതി.27.03.2017)

നഗരസഭയുടെ കീഴിലുള്ള ഹോമിയോ ഡിസ്പെൻസറികളിൽ ആവശ്യമായ മരുന്ന് വാങ്ങി നൽകുന്നതിനായി തയ്യാറാക്കിയ മേൽ പ്രോജക്ട് പ്രകാരം വകയിരുത്തിയ 18 ലക്ഷം രൂപയിൽ മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ഇനത്തിൽ നിന്നും 1058001/- രൂപ കേരള സംസ്ഥാന ഹോമിയോപൊതിക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് അനുവദിച്ചിട്ടുണ്ട്. ആയത് സൊസൈറ്റിയുടെ എസ്.ബി.ഐ കറന്റ് എക്കൌണ്ട് 34306403911 നമ്പർ എക്കൌണ്ടിലേക്ക് ട്രഷറി മുഖേന കൈമാറിയിട്ടുണ്ട്. തുക അടവാക്കിയതിന്റെ വിശദവിവരം താഴെകൊടുക്കുന്നു.

| ഡിസ്പെൻസറിയുടെ പേര് | ഇൻവോയ്സ് നമ്പർ/ തീയതി | അനുവദിച്ച തുക |
|---|---|---|
| 1.GHD - മലാപ്പറമ്പ് | 1303 തീയതി. 18.02.17 | 3,00,000 |
| 2. GHD - നല്ലളം | 1304 തീയതി. 23.11.16 | 2,50,000 |
| 3. GHD - മാങ്കാവ് | 1305 തീയതി. 23.01.17 | 1,50,000 |
| 4. GHD - ബേപ്പൂർ | 1306 | 58001 |

| | | |
|---|---|---|
| | തീയതി. 23.02.17 | |
| 5.GHD - പന്നയങ്കര | 1307<br>തീയതി. 03.01.17 | 3,00,000 |
| | | **10,58,001** |

പ്രോജക്ട് നിർഹവണത്തിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. 2015-16 സാമ്പത്തിക വർഷത്തിൽ ഗവ.ഹോമിയോ ഡിസ്പെൻസറി പയ്യാനക്കൽ, ഗവ.ഹോമിയോ ഡിസ്പെൻസറി ബേപ്പൂർ എന്നീ സ്ഥാപനങ്ങൾക്ക് മരുന്നിനായി 2,50,000/- രൂപ വീതം കേരള ഹോമിയോപൊതിക് കോ-ഓപ്പറേറ്റീവ് ഫാർമസിക്ക് അടവാക്കിയിട്ടുണ്ടെങ്കിലും മരുന്ന് ലഭ്യമായിട്ടില്ലെന്ന് മെഡിക്കൽ ഓഫീസർമാർ നഗരസഭയെ രേഖാമൂലം അറിയിച്ചതായി ഫയലിൽ കാണുന്നു. ആയത് ലഭ്യമാക്കാൻ കോർപ്പറേഷൻ നടപടികളൊന്നും കൈകൊണ്ടതായി കാണുന്നില്ല. പണമടവാക്കി ഒരു വർഷം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാക്കാത്ത സ്ഥാപനത്തിന് തന്നെ വീണ്ടും 2016-17 സാമ്പത്തിക വർഷം പണം മുൻകൂറായി നൽകിയിരിക്കുകയാണ്. മാത്രമല്ല 2016-17 ൽ അടവാക്കിയ തുകയ്ക്ക് സ്ഥാപനം ഒരു ഡിസ്പെൻസറിയിലും ഓഡിറ്റ് തിയ്യതി വരെ മരുന്ന് വിതരണം ചെയ്തതായും കാണുന്നില്ല.
2. മുൻകൂർ തുക അനുവദിയ്ക്കുമ്പോൾ നഗരസഭയുമായി കരാറിലേർപ്പെടാൻ നിർവഹണ ഉദ്യോഗസ്ഥൻ സ്ഥാനപനത്തോട് ആവശ്യപ്പെട്ടിരുന്നെങ്കിലും സ്ഥാപനം നഗരസഭയുമായി കരാറിലേർപ്പെട്ടിട്ടില്ല.
3. ഗവ.ഹോമിയോ ഡിസ്പെൻസറി ബേപ്പൂർ സ.ഉ (എം.എസ്)4/2016 തീയതി.11.01.2016 ഖണ്ഡിക 11-7(ii) നിർദ്ദേശപ്രകാരം ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാതെയാണ് സ്ഥാപനത്തിന് മരുന്ന് വാങ്ങിക്കുന്നതിനായി പണമടവാക്കിയിരിക്കുന്നത്.

   അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് (ഓ.എസ്.നം.9/16-17/23.06.2017) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് തുക 10,58,001/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-36 അലോപ്പൊതി ഡിസ്പെൻസറികളിലേക്ക് മരുന്ന് വാങ്ങൽ - പണം നൽകി മാസങ്ങൾ കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാവാത്തതും മറ്റ് അപാകതകളും.

പ്രോജക്ട് നമ്പർ : 47/2017

നിർവഹണം : ഹെൽത്ത് ഓഫീസർ

അടങ്കൽ : 27,00,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം)

ചെലവ് : 27,00,000/- (ബിൽ നം.01/2016-17 തീയതി.16.03.2017)

നഗരസഭയുടെ കീഴിലുള്ള അലോപ്പൊതി ഡിസ്പൻസറികളിലേക്ക് മരുന്ന് വാങ്ങി നൽകുന്നതിനാണ് ഈ പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. പ്രസ്തുത ആവശ്യത്തിന് 27 ലക്ഷം രൂപ

റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പിൻവലിച്ച് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ തിരുവനന്തപുരത്തുള്ള പഞ്ചാബ് നാഷണൽ ബാങ്കിന്റെ 3264001800000019 നമ്പർ എക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. സാമ്പത്തിക വർഷം ലഭ്യമായ മരുന്നിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ അടവാക്കിയ മുഴുവൻ തുകയ്ക്കും മരുന്നുകൾ ലഭ്യമായിട്ടില്ലെന്ന് കാണുന്നു. ലഭ്യമായ മരുന്നുകളുടെ വിശദവിവരം താഴെകൊടുക്കുന്നു.

| ഇൻവോയ്സ് നമ്പർ/തീയതി | ലഭ്യമായ മരുന്നുകളുടെ വില |
|---|---|
| 92/30.05.17 | 503131 |
| 107/0606017 | 75486 |
| 112/07.06.17 | 27598 |
| 127/13.06.17 | 943001 |
| 141/19.06.17 | 169365 |
| | 1718581 |

മേൽ വിവരിച്ച പ്രകാരം ആകെ 1718581/- രൂപയുടെ മരുന്നുകൾ കെ.എം.സി.എല്ലിൽ നിന്ന് ലഭ്യമായിട്ടുണ്ട്. ആയതിന്റെ സ്റ്റോക്ക് രജിസ്റ്റർ എഴുതി പൂർത്തിയാക്കിയിട്ടില്ല. 981419/- രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാവാൻ അവശേഷിക്കുന്നു. കൂടാതെ 2015-16 സാമ്പത്തിക വർഷം അടവാക്കിയ തുകയിൽ 100100/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിയ്ക്കാനുണ്ടെന്ന് 22.04.2017 ൽ ഹെൽത്ത് ഓഫീസർ F1 -104566/16 നമ്പറായി കെ.എം.സി.എൽ മാനേജിംഗ് ഡയറക്ടർക്ക് അയച്ച കത്തിൽ നിന്നും വ്യക്തമാകുന്നു. മരുന്നുവിതരണം സംബന്ധിച്ച് കോർപ്പറേഷനുമായി കരാറിലേർപ്പെടാൻ ഹെൽത്ത് ഓഫീസർ രേഖാമൂലം ആവശ്യപ്പെട്ടിട്ടും കോർപ്പറേഷനുമായി കെ.എം.സി.എൽ ഉടമ്പടി വെച്ചതായി കാണുന്നില്ല.

12-ാം പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (എം.എസ്)4/2016 തീയതി.11.01.16 ഖണ്ഡിക 11-7(ii) പ്രകാരം ആരോഗ്യ സ്ഥാപനങ്ങളിലേക്ക് അവയുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനം മരുന്ന് വാങ്ങിനൽകുന്നതിന് മുമ്പ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിച്ചിരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. ജില്ലാമെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് കോർപ്പറേഷൻ മരുന്നുകൾ വാങ്ങിക്കുന്നതിനായി ലക്ഷങ്ങൾ മുടക്കിയിരിക്കുന്നത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

**3-37 മത്സ്യത്തൊഴിലാളി കുടുംബത്തിലെ കുട്ടികൾക്ക് ഫർണ്ണിച്ചർ വിതരണം - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ**

നിർവ്വഹണം : ഫിഷറീസ് സബ് ഇൻസ്പെക്ടർ

പ്രൊജക്ട് നമ്പർ : 2/16-17

വകയിരുത്തിയ തുക : 50,00,000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് തുക : 37,16,700

ബിൽ നമ്പർ : 2/28.03.17

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് 1250 മേശ, കസേര എന്നിവ വാങ്ങി നൽകുന്നതിനായി ലക്ഷ്യമിട്ട പ്രൊജക്റ്റിൽ 953 കുട്ടികൾക്കായി ഫർണ്ണിച്ചർ വിതരണം ചെയ്യുന്നതിനാണ് മേൽ തുക ചെലവഴിച്ചത്. പ്രൊജക്റ്റ് നിർവ്വഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. സ്റ്റോർ പർച്ചേസ് ചട്ടങ്ങൾക്ക് വിരുദ്ധമായി കാഡ്കോയിൽ നിന്നും സ്റ്റീൽ ഫർണ്ണിച്ചറുകൾ വാങ്ങി.

പ്രൊജക്റ്റ് പ്രകാരം ടെണ്ടർ ക്ഷണിച്ച് സാധനം വാങ്ങുന്നതിനാണ് ലക്ഷ്യമിട്ടത്. എന്നാൽ ഫയൽ പ്രകാരം 19.12.16 ലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അഞ്ചാം നമ്പർ തീരുമാനം മുഖേന ടെണ്ടർ നടപടികൾക്ക് കാലതാമസം നേരിടുമെന്നതിനാൽ ഗവ.അംഗീകൃത ഏജൻസികളിൽ നിന്നും ഇൻവോയിസ് വാങ്ങാൻ തീരുമാനിക്കുകയാണുണ്ടായത്. ഫിഡ്കോ, കാഡ്കോ എന്നീ സ്ഥാപനങ്ങളിൽ നിന്നും ഇൻവോയിസ് വാങ്ങുകയും ഉയർന്ന ഗുണമേന്മയും കുറഞ്ഞ വിലനിലവാരവും പരിഗണിച്ച് കാഡ്കോയിൽ നിന്നും ഫർണ്ണിച്ചർ വാങ്ങാൻ തീരുമാനിക്കുകയുമാണുണ്ടായത്. ജി.ഒ(ആർ.ടി)നമ്പർ:10/2016/എസ്.പി.ഡി തീ:17-11-16 പ്രകാരം കാഡ്കോ വിതരണം ചെയ്യേണ്ട സ്റ്റീൽ ഫർണ്ണിച്ചറുകടെ റേറ്റും സ്പെസിഫിക്കേഷനും ഗവൺമെന്റ് അംഗീകരിച്ചു നൽകിയിട്ടുണ്ട്.എന്നാൽ കാഡ്കോയിൽ നിന്ന് വാങ്ങിയ മേശയും കസേരയും പ്രസ്തുത ലിസ്റ്റിലുള്ള സ്പെസിഫിക്കേഷനിൽ ഉൾപ്പെടുന്നവയല്ല.ആയതിനാൽ സ്റ്റോർ പർച്ചേസ് ചട്ടപ്രകാരം ടെണ്ടർ കൂടാതെ കാഡ്കോയിൽ നിന്നും ഇവ നേരിട്ട് വാങ്ങാൻ കഴിയില്ല.കൂടാതെ ഇ.എം.ഡി,പെർഫോമൻസ് സെക്യൂരിറ്റി എന്നിവയിൽ ഇളവ് നൽകാനും പറ്റില്ല. എന്നാൽ ഇവിടെ സ്റ്റോർ പർച്ചേസ് ചട്ടങ്ങൾക്ക് വിരുദ്ധമായി ടെണ്ടർ കൂടാതെയാണ് കാഡ്കോയിൽ നിന്നും സർക്കാർ അംഗീകരിക്കാത്ത സ്പെസ്സിക്കേഷനിലും നിരക്കിലുമുള്ള ഫർണ്ണിച്ചർ വാങ്ങിയിരിക്കുന്നത്.

2. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ഫർണ്ണിച്ചറുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.

സ.ഉ.(എം.എസ്)നം. 4/16/ത.സ്വ.ഭ.വ. തിയതി11.01.16 നമ്പറിലുള്ള 2016-17 വർഷത്തെ വാർഷിക പദ്ധതി ആസൂത്രണം സബ്സിഡി മാർഗ്ഗരേഖ പ്രകാരം, സ്കൂൾ അധികൃതർ മുഖേനയാണ് ഫർണ്ണിച്ചർ വിതരണം ചെയ്യേണ്ടത്. എന്നാൽ അപ്രകാരം സ്കൂൾ അധികൃതരിൽ നിന്നും വിദ്യാർത്ഥികളുടെ ലിസ്റ്റ് വാങ്ങാതെ ഫർണ്ണിച്ചർ മത്സ്യഭവനിൽ എത്തിച്ചതിനു ശേഷം ഗുണഭോക്താക്കളെ വിവരമറിയിച്ച് മത്സ്യഭവനിൽ നിന്നു തന്നെ നേരിട്ട് വിതരണം നടത്തുകയാണ് ചെയ്തിട്ടുള്ളത്.

3. സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു.

മേൽ മാർഗ്ഗനിർദ്ദേശം ഖണ്ഡിക 12.6 പ്രകാരം പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഏതൊക്കെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി വിനിയോഗിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതു പ്രകാരം സാമൂഹ്യ ആസ്തികളുടെ സംരക്ഷണം, പരിപാലനം എന്നിവയ്ക്ക്

മാത്രമേ പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കാൻ പാടുള്ളൂ. എന്നാൽ ഇവിടെ സാമൂഹ്യ ആസ്തി സൃഷ്ടിക്കുന്നതിനു വേണ്ടിയാണ് ഗ്രാന്റ് വിനിയോഗിച്ചിരിക്കുന്നത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ 31/16-17 നംപർ ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് 22-08-2017 ന് മത്സ്യഭവൻ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയിൽ 1-2-2017 ന് ഗുണഭോക്താക്കളുടെ മീറ്റിംഗ് നടത്തി ആയതിന്റെയടിസ്ഥാനത്തിൽ ഗുണഭോക്തൃകമ്മറ്റിയുടെ നേതൃത്വത്തിൽ അവരുടെ നിർദ്ദേശപ്രകാരമാണ് കാഡ്കോയിൽ നിന്നും മേൽ സ്പെസിഫിക്കേഷനിലുള്ള ഫർണ്ണിച്ചറുകൾ വാങ്ങിയിരിക്കുന്നത് എന്നറിയിച്ചിട്ടുണ്ട്. സ്കൂളുകൾ മുഖേന ഫർണ്ണിച്ചറുകൾ വിതരണം ചെയ്യാൻ പ്രായോഗികമായി ബുദ്ധിമുട്ടുണ്ടെന്നും ഫണ്ട് വകയിരുത്തുന്നതിൽ വന്ന അവ്യക്തതയാണ് പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കാൻ കാരണമെന്നും അറിയിച്ചു. സർക്കാർ യഥാസമയം പുറപ്പെടുവിക്കുന്ന പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലേയും ഉത്തരവുകളിലേയും നിർദ്ദേശങ്ങൾ പാലിച്ച് പ്രോജക്ട് നടപ്പിലാക്കേണ്ടത് നഗരസഭയുടേയും, നിർവ്വഹണ ഉദ്യോഗസ്ഥന്റേയും ഉത്തരവാദിത്വമാണ്. ആയത് പാലിച്ച് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-38 പൂർത്തീകരിക്കാത്ത ആശുപത്രി കെട്ടിടത്തിനു വേണ്ടി ഉപകരണങ്ങളും, ഫർണീച്ചറുകളും വാങ്ങൽ -ലഭിക്കാത്ത സാധനങ്ങൾ ലഭിച്ചതായി തെറ്റായി സ്റ്റോക്കിൽ ചേർത്തു.

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ സീനിയർ വെറ്ററിനറി സർജൻ നിർവഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം നടപ്പാക്കിയ "മൃഗാശുപത്രിയിലേക്ക് മരുന്ന് ഉപകരണങ്ങൾ വാങ്ങൽ" എന്ന പ്രോജക്ടിന്റെ (പ്രോജക്ട് നമ്പർ-S0023/17 ആകെ അടങ്കൽ-40,00,000(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്)നിർവഹണത്തിന്റെ ഭാഗമായി ടെണ്ടർ ക്ഷണിച്ച് കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും വിവിധ മെഡിക്കൽ ഉപകരണങ്ങളും ഫർണ്ണിച്ചറുകളും വാങ്ങിയതിന് 485600/-രൂപ ചെലവഴിച്ചിട്ടുണ്ട്.(ബിൽ നമ്പർ-LSG/06/16-17 തിയതി-30-03-2017 ആകെ തുക - 40,00,000/-)ഈ ചെലവുകളുമായി ബന്ധപ്പെട്ട് താഴെ ചേർക്കും പ്രകാരമുള്ള അപാകങ്ങൾ കാണുന്നു.

1. ഉപകരണങ്ങൾ സ്വീകരിച്ച് സ്റ്റോക്കിലെടുത്തതായി ഇൻവോയ്സിൽ നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഒരു നോട്ട് ബുക്കിൽ എഴുതി തയ്യാറാക്കിയ സ്റ്റോക്ക് രജിസ്റ്ററും സൂക്ഷിച്ചിട്ടുണ്ട്.എന്നാൽ വെറ്ററിനറി സർജന്റെ സാന്നിധ്യത്തിൽ നടത്തിയ പരിശോധനയിൽ ഈ മെഡിക്കൽ ഉപകരണങ്ങളും ഫർണിച്ചറുകളും ഇതേ വരെ ഡിസ്പൻസറിയിൽ ലഭിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു. വെറ്ററിനറി ഹോസ്പിറ്റലിന്റെ നിർമ്മാണം ഇതേ വരെ പൂർത്തിയാകാത്തതിനാൽ ഉപകരണങ്ങൾ ആർട്ടിസാൻസ് കോർപ്പറേഷനിൽ നിന്നും സ്വീകരിച്ചിട്ടില്ലെന്നും കെട്ടിട നിർമ്മാണം പൂർത്തീകരിച്ചതിനു ശേഷം ഉപകരണങ്ങൾ സ്വീകരിക്കുന്നതാണെന്നുമായിരുന്നു നിർവഹണ ഉദ്യോഗസ്ഥൻ നല്കിയ വിശദീകരണം.
2. നിർമ്മാണ ദശയിലുള്ള ബേപ്പൂർ ബി.സി. റോഡിലുള്ള വെറ്ററിനറി ആശുപത്രിയിൽ സ്ഥല പരിശോധന നടത്തിയപ്പോൾ ഫ്ലോറിംഗ്, വയറിംഗ്, പ്ലംബിംഗ് പ്രവർത്തികൾ ആരംഭിക്കാത്ത അവസ്ഥയിലുള്ള കെട്ടിടമാണ് കാണാൻ കഴിഞ്ഞത്.

ഉപകരണങ്ങൾ സ്വീകരിക്കുന്നതിന് മുമ്പ് സ്ഥാപനത്തിന് പണം നൽകിയതിനും, ഉപകരണങ്ങൾ ലഭിക്കാതെ ലഭിച്ച എന്ന് വ്യാജമായി സ്റ്റോക്ക് രേഖകൾ തയ്യാറാക്കിയതിനും കെട്ടിട നിർമ്മാണം പൂർത്തിയായതിനു ശേഷം മാത്രം ഉപയുക്തമായ മെഡിക്കൽ ഉപകരണങ്ങൾ മുൻകൂട്ടി വാങ്ങുന്നതിന് തുക നൽകിയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36/16-17/21.07.2017) നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല.) നഗരസഭയുടെ 4,85,600/- രൂപ അനാവശ്യമായി കേരള ആർട്ടിസാൻസ് കോർപ്പറേഷന്റെ കൈവശം മുൻകൂറായി നൽകിയത് ശരിയായ നടപടിയല്ല.ഇത് സംബന്ധിച്ച് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.4,85,600 /- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-39 കറവ പശു വളർത്തൽ പദ്ധതി - പ്രോജക്ട് നിർവ്വഹണം - അപാകതകൾ

നിർവഹണം : വെറ്ററിനറി സർജൻ

പ്രോജക്ട് നം. : 663/2017

ചെലവ് തുക : 4,50,000/- (വികസന ഫണ്ട്)

ബിൽ നം. : 6/30.03.2017

ഒരു പശുവിന് 30,000/- രൂപ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് 50% തുകയായ 15000/- രൂപ സബ്സിഡിയായി 30 പേർക്ക് ധനസഹായം നൽകുന്നതിന് 4,50,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. (50% ഗുണഭോക്തൃ വിഹിതം നേരിട്ട് ചെലവഴിക്കും). പ്രോജക്ട് നിർവ്വഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കണ്ടു.

1. സ.ഉ(എം.എസ്) നമ്പർ 4/2016/തസ്വഭവ തീയതി.11.01.2016 പന്ത്രണ്ടാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം കറവപ്പശുവിന്റെ സ്പെസിഫിക്കേഷനും വിലയും ജില്ലാതലത്തിൽ മൃഗസംരക്ഷണ വകുപ്പ് നിശ്ചയിക്കണം. കറവപശുവിന് 30000 രൂപ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചുകൊണ്ടുള്ള മൃഗസംരക്ഷണ വകുപ്പിന്റെ ഉത്തരവ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
2. കറവപശു വളർത്തൽ പ്രോജക്ടിൽ കിടാവിനെ വാങ്ങാൻ ധനസഹായം നൽകി.

   താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താവിന് ഒരു കറവ പശുവിനെയും ഒരു കിടാരിയെയും ഉൾപ്പടെ 2 പശുക്കളെ വാങ്ങിയതിന് ആകെ 15,000/- രൂപ ധനസഹായം നൽകിയതായി കണ്ടു.

| ഗുണഭോക്താവിന്റെ പേര് | വാങ്ങിയ പശുവിന്റെ പ്രായം | വില | നൽകേണ്ട സബ്സിഡി 50% | നൽകിയത് |
|---|---|---|---|---|
| ഫാജിറ.കെ.പി | (1) 3 വയസ്സ് | 28000 | 14000 | 14000 |
| | (2) 8 മാസം | 8000 | ഇല്ല | 1000 |
| ആകെ | | | | 15000 |

കറവപശു വളർത്തൽ പദ്ധതിയിൽ കിടാരിയെ വാങ്ങുന്നതിന് സബ്സിഡി നൽകിയത് അംഗീകരിക്കുന്നില്ല.

3. <u>പശുക്കളെ ഇൻഷൂർ ചെയ്തതിന്റെ രേഖകൾ ലഭ്യമല്ല.</u>

ധനസഹായം കൈപ്പറ്റിയ താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കളുടെ പശുവിനെ ഇൻഷൂർ ചെയ്തതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

1. ശാരദ.കെ (കൊല്ലൂർക്കണ്ടി)
   വാർഡ് - 48, ഒതയോത്ത് പറമ്പ്,ബേപ്പൂർ.
2. പ്രഭ കൊമ്മടത്ത്, കോയവളപ്പ് പറമ്പ്
   വാർഡ് - 53, അരക്കിണർ

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയഒ.എസ് നമ്പർ 37/16-17, തിയ്യതി-21.07.2017 ന് മറുപടി നൽകിയിട്ടില്ല.കറവപശു വളർത്തൽ പദ്ധതിയിൽ കിടാരിയെ വാങ്ങുന്നതിന് നൽകിയ 1000 രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.കറവശുവിന്റെ യൂണിറ്റ് കോസ്റ്റ് നിശ്ചയിട്ടുകൊണ്ടുള്ള മൃഗസംരക്ഷണ വകുപ്പിന്റെ ഉത്തരവും പശുക്കളെ ഇൻഷൂർ ചെയ്തതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## <u>3-40 പണി പൂർത്തിയാകാത്ത ABC സെന്ററിലേക്ക് സാധനങ്ങൾ വാങ്ങുന്നതിന് തുക ചെലവഴിച്ച് സാധനങ്ങൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തില്ല.</u>

| | |
|---|---|
| നിർവഹണം | : വെറ്ററിനറി സർജൻ |
| പ്രോജക്ട് നം. | : 468/2017 (സ്പിൽ ഓവർ) |
| പ്രോജക്ടിന്റെ പേര് | : തെരുവ് നായ വന്ധ്യകരണ ക്യാമ്പ് (ABC) നടപ്പാക്കൽ |
| ചെലവ് തുക | : ബിൽ നമ്പർ - 53100/- 1/27.03.17 |
| | ബിൽ നമ്പർ - 20500/- 2/15.03.17 |
| | ബിൽ നമ്പർ - <u>766151/-</u> 9/30.03.17 |
| | 839751/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |

2014-15 വർഷം ആരംഭിച്ച മേൽ പ്രോജക്ടിൽ ആകെ 9,88,751/- രൂപയാണ് വകയിരുത്തിയിരുത്തി. ഇതിൽ വന്ധ്യംകരണ ക്യമ്പിനായി 1,49,000/- രൂപ 2015-16 വർഷം വരെ ചെലവായിട്ടുണ്ട്. ബാക്കിയുള്ള 8,39,751/- രൂപ 2016-17 വർഷം തെരുവ് നായ വന്ധ്യംകരണ ക്യാമ്പിനായി ചെലവഴിക്കുന്നതിനാണ് മേൽ പ്രോജക്ട് നടപ്പിലാക്കിയത്.

പ്രോജക്ട് പ്രകാരം താഴെ കൊടുത്തിരിക്കും വിധമാണ് തുക ചെലവഴിച്ചത്.

| | | |
|---|---|---|
| 1. | 20.06.2016 മുതൽ 17.06.16 വരെ റെയിൽവെ കോളനിയിൽ വച്ച നടന്ന തെരുവ് നായ വന്ധ്യംകരണ ക്യാമ്പ് ചെലവ് | 53100 |
| 2. | തമിഴ് നാട്ടിലെ നീലഗിരിയിലുള്ള ഇന്റർനാഷണൽ ട്രെയിനിംഗ് സെന്ററിലേക്ക് ABC ട്രെയിനിംഗ് നൽകുന്നതിന് രണ്ടു പേർക്കുള്ള ചെലവ് | 10500 |
| 3. | പട്ടിക്കൂട് പെയിന്റ് ചെയ്യുന്നതിനുള്ള ചെലവ് | 8156 |
| 4. | പെയിന്റ്, ഹാർഡ് വെയർ, സ്റ്റേഷനറി എന്നിവയുടെ ചെലവ് | 1844 |
| 5. | പൂളക്കടവിലുള്ള ABC സെന്ററിലേക്കാവശ്യമായ സാധനങ്ങൾ, ശസ്ത്രക്രിയാ ഉപകരണങ്ങൾ, AC എന്നിവ വാങ്ങുന്നതിന്. | 766151 |
| | ആകെ | 8,39,751 |

പ്രോജക്ട് ഫയൽ പ്രകാരം വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ രക്ഷാ പ്രോജക്ട് പ്രകാരമുള്ള ലാപ്രോസ്കോപ്പി യൂണിറ്റ് പ്രവർത്തനക്ഷമമല്ലാത്തതിനാൽ മേൽ കാണിച്ച ക്രമനം.4 വരെയുള്ള ചെലവുകൾക്ക് മാത്രമേ ഫണ്ട് വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ എന്ന് വിശദമാക്കിയിട്ടുണ്ട്. പ്രോജക്ടിൽ ബാക്കിയുള്ള തുക 27.01.17 ലെ 90-ാം നമ്പർ കൌൺസിൽ തീരുമാനപ്രകാരം പൂളക്കടവിലുള്ള ABC സെന്ററിലേക്ക് ഉപകരണങ്ങൾ വാങ്ങാൻ വിനിയോഗിക്കുവാൻ തീരുമാനിച്ചു. ആയതിന്റെയടിസ്ഥാനത്തിൽ ഇ-ടെണ്ടർ ക്ഷണിച്ച് ഫിഡ്കോ എന്റർപ്രൈസസ് ഒളവണ്ണ എന്ന സ്ഥാപനത്തിൽ നിന്നും 7,63,511 രൂപയുടെ ഉപകരണങ്ങളും പത്രപരസ്യത്തിന് 2640/- രൂപയും ഉൾപ്പടെ 7,66,151/- രൂപ ചെലവഴിച്ചിട്ടുണ്ട്. തുക ദേശാഭിമാനി ദിനപത്രത്തിന്റേയും, FIDCO യുടെയും അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ശസ്ത്രക്രിയാ ഉപകരണങ്ങളും, ഓപ്പറേഷൻ തീയേറ്ററിൽ ഫിറ്റ് ചെയ്യുന്നതിനുള്ള AC യുമാണ് പ്രധാനമായും ഫിഡ്കോയിൽ നിന്നും വാങ്ങുന്നതിന് (FIDCO invoice No.530/24.03.2017) പണം കൈമാറിയത്. പ്രസ്തുത സാധനങ്ങൾ സ്റ്റോക്കിലെടുത്ത് പ്രോജക്ട് ഫയലിന്റെ കൂടെയുള്ള ഒരു ചെറിയ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്. 01.07.2017 ന് ഓഡിറ്റിന്റെ ഭാഗമയി സീനിയർ വെറ്ററിനറി സർജന്റെ സാന്നിദ്ധ്യത്തിൽ പൂളക്കടവിലുള്ള ABC സെന്റർ സന്ദർശിച്ചു. സെന്ററിൽ ഉപകരണങ്ങൾ, സർജിക്കൽ ലൈറ്റ്, AC തുടങ്ങിയവ ലഭ്യമാക്കുകയോ ഫിറ്റ് ചെയ്യുകോയോ ചെയ്തിട്ടില്ല. നിലവിൽ സെന്ററിന്റെ കെട്ടിടം പണിയും, ഫ്ളോറിംഗും ഭാഗികമായി പ്ലംബിംഗും നടന്നിട്ടുണ്ട്. വയറിംഗ്, ജനാല, വാതിൽ എന്നിവയുടെ പണി ബാക്കിയുണ്ട്. സെപ്റ്റിക് ടാങ്ക്, വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, വാട്ടർ ടാങ്ക് എന്നിവയുടെ പണി ഇതുവരെയും ആരംഭിച്ചിട്ടില്ല. ഈ അവസ്ഥയിൽ സ്വകാര്യ സ്ഥാപനത്തിലേക്ക് 7.63 ലക്ഷം രൂപ വിലവരുന്ന ഉപകരണങ്ങൾക്ക് മുൻകൂറായി പണം പിൻവലിച്ച് നൽകിയത് ഗുരുതരമായ ക്രമക്കേടായി ഓഡിറ്റ് കണക്കാക്കുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് 21.07.2017 തിയ്യതിയിൽ നൽകിയ 38/2016-17 ഒബ്ജക്ഷൻ സ്റ്റേറ്റ്മെന്റിന് മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും ABC സെന്റർ പ്രവർത്തനക്ഷമമാക്കി ഉപകരണങ്ങൾ സെന്ററിലേക്ക് ലഭ്യമാക്കി അറിയിക്കേണ്ടതുമുണ്ട്.

## 3-41 യഥാർത്ഥ ചെലവ് 'ചെലവ് പത്രിക'യിൽ ഉൾപ്പെടുത്തിയില്ല.

കൃഷി ഡെപ്യൂട്ടി ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പച്ചക്കറി ഗ്രോബാഗ് വിതരണം പദ്ധതിക്കായി(പ്രോ.നം.017/17) വകയിരുത്തിയതും, ചെലവഴിച്ചതുമായ തുകയുടെ വിശദാംശം താഴെ ചേർക്കും പ്രകാരമാണ്(ഐ.കെ.എം.ചെലവ് പത്രിക പ്രകാരം).

പ്രോജക്ട് അടങ്കൽ : 28,00,000/- (21,00,000 - വികസനഫണ്ട്)

(7,00,000 - ഗുണഭോക്തൃ വിഹിതം)

ചെലവ് : 6,00,000/- (ബിൽ നമ്പർ - 2/16-17/25.03.2017)

11,41,200/- (ബിൽ നമ്പർ - 6/16-17/31.03.2017)

17,41,200

ഈ പ്രോജക്ടിൽ വിഭാവനം ചെയ്തപ്രകാരം ഗുണഭോക്തൃ വിഹിതം പിരിക്കുകയും, ആയവ യഥാസമയം കോർപ്പറേഷൻ ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. 1451 ഗുണഭോക്താക്കളിൽ നിന്നും 400 രൂപ നിരക്കിൽ ഈടാക്കി കോർപ്പറേഷനിൽ അടവാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | തുക | രസീത് നമ്പർ/തിയ്യതി |
|---|---|---|
| 1. | 40,000 | 01/11639146333/15.02.2017 |
| 2. | 58,400 | 01/11602137897/22.02.2017 |
| 3. | 60,800 | 01/11610100647/28.02.2017 |
| 4. | 1,20,800 | 01/11639152266/09.03.2017 |
| 5. | 80,000 | 01/11639152923/14.03.2017 |
| 6. | 80,000 | 01/11639153346/16.03.2017 |
| 7. | 80,000 | 01/11602142597/17.03.2017 |
| 8. | 60,400 | 01/11639154742/24.03.2017 |
| ആകെ | | 5,80,400 |

അഗ്രികൾച്ചർ ഡെപ്യൂട്ടി ഡയറക്ടറുടെ 28/03/2017 ലെ ടി.സി.(എൽ)/11576/16 കത്തു മുഖേന കോർപ്പറേഷനിൽ അടവാക്കിയ ഗുണഭോക്തൃ വിഹിതം വിവിധ കൃഷി ഫാമുകൾക്ക് നൽകുന്നതിനായി ആവശ്യപ്പെട്ടിട്ടുണ്ട്(പുതുപ്പാടി ഫാം - 2,00,000, പേരാമ്പ്ര ഫാം - 2,00,000,

കുത്താളി ഫാം - 1,80,000). എന്നാൽ ഈ തുക ഫാമുകൾക്ക് നൽകിയതു സംബന്ധിച്ച വിവരം ലഭ്യമല്ല. ഈ പ്രോജക്ടിന്റെ യഥാർത്ഥ ചെലവായ 23,21,600/-(17,41,200 + 5,80,400) യ്ക്ക് പകരം ഐ.കെ.എം. ചെലവ് പത്രികയിൽ('സുലേഖ')17,41,200/- രൂപ മാത്രമാണ് ചെലവായി കാണിച്ചിരിക്കുന്നത്.

പദ്ധതികളുടെ യഥാർത്ഥ ചെലവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യേണ്ടതാണ്.

## 3-42 തൊഴിൽ രഹിത വേതനം പ്രായപരിധി കവിഞ്ഞവർക്ക് അനുവദിച്ചു

ജി.ഒ(പി)23/98/തൊഴിൽ തീയതി.28.05.1998 നമ്പർ ഉത്തരവിലെ നിബന്ധനകളനുസരിച്ച് 18 നും 35 നും ഇടയിൽ പ്രായമുള്ള തൊഴിൽരഹിതരായ ഗുണഭോക്താക്കൾക്കാണ് വേതനം അനുവദിക്കേണ്ടത്. എന്നാൽ കോർപ്പറേഷനിൽ നിന്നും 2016-17 വർഷം വേതനം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ 35 വയസ്സ് കഴിഞ്ഞവരാണ്.

| ക്രമ നം | റോൾ നമ്പർ | പേര് | ജനന തീയതി | അർഹ തപ്പെട്ട കാലം | നൽകി യത് | കൈപ്പറ്റിയ തീയതി | അധികം കൈപ്പറ്റിയത് |
|---|---|---|---|---|---|---|---|
| 1. | 2998 | സിന്ധു.വി | 10.01.1979 | 1/14 | 11/14 വരെ | 16.04.16 06.09.16 | 10x120=1200 |
| 2. | 3104 | ഷീജ.സി | 01.06.1979 | 5/14 | 6/14 വരെ | 24.03.17 | 1x120=120 |
| 3. | 2544 | ബിന്ദു.പി.പി | 27.04.1981 | 4/16 | 6/16 വരെ | 05.09.16 | 2x120=240 |
| 4. | 2563 | ബുഷറാബി. എൻ.പി | 14.10.1981 | 10/16 | 12/16 വരെ | 25.03.17 | 2x120=240 |
| 5. | 2731 | ഹാജറാബീവി | 06.07.1980 | 7/15 | 12/15 വരെ | 24.03.17 | 5x120=600 |
| 6. | 1619 | ദിവ്യ.സി | 29.07.1981 | 7/16 | 11/16 വരെ | 23.03.17 | 4x120=480 |
| 7. | 1696 | വി.ബിന്ദു | 25.05.1978 | 5/13 | 9/13 വരെ | 05.09.16 | 4x120=480 |
| 8. | 2035 | ഫൌസിയ. കെ.പി | 13.05.1980 | 5/15 | 8/15 വരെ | 05.09.16 | 3x120=360 |
| 9. | 2146 | റീജാബായ്. പി.പി | 01.05.1971 | 4/06 | 9/06 വരെ | 25.03.17 | 5x120=600 |
| 10. | 2220 | രേഖ.ഇ.എം | 14.10.1979 | 10/14 | 11/14 വരെ | 12.04.16 | 1x120=120 |

| | | | | | | | |
|---|---|---|---|---|---|---|---|
| 11. | 1082 | ജംഷീന. വി.പി | 21.03.1981 | 3/16 | 5/16 വരെ | 25.03.17 | 2x120=240 |
| 12. | 1110 | ബീന.എം | 15.05.1974 | 5/09 | 8/09 വരെ | 05.09.16 | 3x120=360 |
| 13. | 1224 | ബിന്ദു.പി | 20.05.1974 | 5/09 | 11/09 വരെ | 25.03.17 | 6x120=720 |
| 14. | 1228 | ബിനിത.പി | 14.10.1981 | 10/16 | 12/16 വരെ | 25.03.17 | 2x120=240 |
| 15. | 2310 | സജന.പി | 15.08.1981 | 8/16 | 10/16 വരെ | 24.03.17 | 2x120=240 |
| 16. | 2359 | നിഷ.എം | 17.05.1981 | 5/16 | 10/16 വരെ | 24.03.17 | 5x120=600 |
| 17. | 2396 | ഷിനി.എ | 18.12.1979 | 12/14 | 5/15 വരെ | 25.03.17 | 5x120=600 |
| 18. | 2416 | സ്മിത.കെ | 04.12.1980 | 12/15 | 12/16 വരെ | 05.09.16 25.03.17 | 12x120=1440 |
| 19. | 2430 | ലിബ്ന. എൽ.എൻ | 17.05.1980 | 5/15 | 6/15 വരെ | 13.04.16 | 1x120=120 |
| 20. | 1855 | ഷെറീന. കെ.പി | 30.11.1978 | 11/13 | 5/14 വരെ | 05.09.16 | 6x120=720 |
| 21. | 1873 | സബിത.പി | 30.05.1979 | 5/14 | 6/14 വരെ | 06.09.16 | 1x120=120 |
| 22. | 234 | ഷിജി.കെ | 28.11.1980 | 11/15 | 12/15 വരെ | 25.03.17 | 1x120=120 |
| 23. | 460 | സോണിയ. ഇ.കെ | 30.05.1981 | 5/16 | 6/16 വരെ | 06.09.16 | 1x120=120 |
| 24. | 1262 | പ്രീതി.പി | 19.08.1974 | 8/09 | 11/09 വരെ | 27.03.17 | 3x120=360 |
| ചെറുവണ്ണൂർ നല്ലളം മേഖലാ ഓഫീസ് | | | | | | | |
| 25. | റോൾ നമ്പർ ചേർത്തിട്ടില്ല | റൈലത്ത് | 30.05.1981 | 5/16 | 9/16 വരെ | 23.03.17 | 4x120=480 |

| | | | | | | | |
|---|---|---|---|---|---|---|---|
| 26 | -ടി- | ജംഷീല.ഇ | ജനന തീയതി രേഖപ്പെടുത്തിയിട്ടില്ല. | 12/15 രജിസ്റ്ററിൽ എഴുതിയിരിക്കുന്നു. | 3/15 വരെ | 24.03.17 | 3x120=360 |
| 27. | -ടി- | ഷഫീല.കെ | 16.05.1981 | 5/16 | 7/16 വരെ | 23.03.17 | 2x120=240 |
| ബേപ്പൂർ മേഖലാ ഓഫീസ് | | | | | | | |
| 28 | 643 | സംഗീത. കെ.പി | 12.10.1980 | 10/15 | 11/15 വരെ | 05.09.16 | 1x120=120 |
| ആകെ | | | | | | | 11640 |

2016-17 വർഷം തൊഴിൽ രഹിത വേതനം ഇനത്തിൽ അധികമായി അനുവദിച്ച 11,640/- രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കി സഞ്ചിത നിധിയിൽ അടക്കേണ്ടതാണ്.

തൊഴിൽരഹിത വേതനവുമായി ബന്ധപ്പെട്ട മറ്റു അപാകതകൾ താഴെ കൊടുക്കുന്നു.

1. കോർപറേഷന്റെ എലത്തൂർ മേഖലാ ഓഫീസിൽ തൊഴിൽരഹിത വേതനത്തിന്റെ അക്വിറ്റൻസ് നിർദ്ദിഷ്ട രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടില്ല. 1998 ലെ കേരള വേതന ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഗുണഭോക്താക്കളുടെ രജിസ്റ്റർ നമ്പറിന്റെ ക്രമത്തിൽ ഒരു അക്വിറ്റൻസ് രജിസ്റ്റർ ഫോറം നമ്പർ 6 -ൽ സൂക്ഷിക്കേണ്ടതാണ്. വിതരണവുമായി ബന്ധപ്പെട്ട രജിസ്റ്റർ മേലധികാരികൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
2. ചെറുവണ്ണൂർ-നല്ലളം മേഖലാ ഓഫീസിൽ സൂക്ഷിച്ച അക്വിറ്റൻസ് രജിസ്റ്ററിൽ ഗുണഭോക്താക്കളുടെ റോൾ നമ്പർ, ജനനതീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
മേൽ പറഞ്ഞ അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കാൻ ആവശ്യപ്പെട്ട 21.8.2017 ന നൽകിയ 65ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 31.8.2017 ലഭ്യമാക്കിയ മറുപടിയിൽ അധികം വേതനം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക് നോട്ടീസ് അയക്കുകയും വേതനം അനുവദിച്ച ഉദ്യോഗസ്ഥരോട് വിശദീകരണം ആവശ്യപ്പെടുകയും സോണൽ ഓഫീസുകളിലേക്ക് അപാകതകൾ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്.

## 3-43 സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം

എലത്തൂർ മേഖലാ ഓഫീസിൽ സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം ലഭിയ്ക്കുന്നതിനു ലഭിച്ച അപേക്ഷകളിൽ 2016-17 വർഷം 16 ഗുണഭോക്താക്കൾക്ക് 30,000/- രൂപ തോതിൽ 4,80,000/- രൂപ കോഴിക്കോട് കോർപ്പറേഷനിൽ നിന്നും

അനുവദിച്ചിട്ടുണ്ട്. ഇതിൽ ശോഭന.വി.എം എന്ന ഗുണഭോക്താവിന് 30,000/-രൂപ ധനസഹായത്തിന് അർഹതയുണ്ടായിരുന്നില്ല. 10,000/- രൂപ അനുവദിക്കുന്നതിന് പകരം 30,000/- രൂപ അനുവദിച്ചതിനാൽ 20,000/- രൂപ അധികം ചെലവഴിച്ചു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പേരും മേൽ വിലാസവും | വിവാഹം നടന്ന തീയതി | അപേക്ഷാ തിയ്യതി | അനുവദിച്ച ധനസഹായം/ ബാങ്ക് അക്കൌണ്ട് നമ്പർ | അർഹ മായത് | അധികം നൽകിയത് | ബിൽ നം./ തീയതി |
|---|---|---|---|---|---|---|
| ശോഭന.വി.എം മണ്ണഞ്ചേരി, ഇഷ്ടിക വീട്, എരഞ്ഞിക്കൽ, അമ്പലപ്പടി | 25.10.2009 | 24.9.2009 | 30,000/- (A/c No.20142086421 SBI) | 10,000/- | 20,000/- | 39/27.03.17 (ബിൽ തുക 80,10,000/-) |

4.9.2008 ലെ ജി.ഒ.(എം.എസ്.)50/2008/സാ.ക്ഷേ.വ. നമ്പർ ഉത്തരവു പ്രകാരം 2009-10 വർഷം അനുവദനീയമായ വിവാഹ ധനസഹായം 10,000/- രൂപയാണ്. അപേക്ഷയിൽ ആവശ്യപ്പെട്ടതും 10,000/- രൂപയാണ്. മേൽ പറഞ്ഞ ഗുണഭോക്താവിന് അധികം നൽകിയ 20,000/- രൂപ ഉത്തരവാദിയായവരിൽ ഈടാക്കേണ്ടതാണ്. ഗുണഭോക്താവ് 24.09.2009 ധനസഹായത്തിന് അപേക്ഷ നൽകിയിരുന്നുവെങ്കിലും ധനസഹായം അനുവദിച്ചത് എലത്തൂർ ഗ്രാമപഞ്ചായത്ത് കോഴിക്കോട് കോർപ്പറേഷനിലേക്ക് ലയിച്ചതിന് ശേഷമാണ്. എലത്തൂർ ഗ്രാമപഞ്ചായത്തിൽ നിന്നും പ്രസ്തുത കാലയളവിൽ ഗുണഭോക്താവ് ധനസഹായം കൈപ്പറ്റിയിട്ടില്ല എന്നത് കൂടി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 3-44 യാത്രാ ബിൽ അനുവദിച്ചതിലെ അപാകതകൾ

ഫയൽ നമ്പർ : സി4/98372/16

ചെലവ് തുക : 35020/- രൂപ (ചെക്ക് നമ്പർ 309002/10.11.16)

21.10.2014 ൽ ന്യൂഡൽഹിയിൽ വെച്ച് നടന്ന രാജീവ് ആവാസ് യോജനയുടെ സെൻട്രൽ സാംങ്ഷനിംഗ് & മോണിറ്ററിംഗ് കമ്മിറ്റിയിൽ നഗരസഭയെ പ്രതിനിധീകരിച്ച് പങ്കെടുത്തതിന് നഗരസഭയുടെ മുൻ സെക്രട്ടറിയായിരുന്ന ശ്രീ.ബി.കെ.ബൽരാജിന് യാത്രാബത്തയിനത്തിൽ താഴെ ചേർത്ത പ്രകാരം 35020/- രൂപ നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| 1. | കോഴിക്കോട് - ന്യൂഡൽഹി വിമാനയാത്രാ കൂലി | 13557 |
| 2. | താമസചെലവ് ഡി.എ | 9620 |

| | | |
|---|---|---|
| 3. | ഡി.എ | 700 |
| 4. | ന്യൂഡൽഹി - കോഴിക്കോട് വിമാനയാത്രാ കൂലി | 10443 |
| 5. | ടാക്സി ചാർജ് | 700 |
| | ആകെ | 35020 |

യാത്രാ ബത്ത അനുവദിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. വിമാനയാത്രയുടെ ടിക്കറ്റ് ജാക്കറ്റിന്റെ കോപ്പി ബില്ലിനോടൊപ്പം സൂക്ഷിക്കേണ്ടതാണെങ്കിലും സ്പൈസ്ജെറ്റ് എയർലൈൻസിന്റെ ന്യൂഡൽഹി - കോഴിക്കോട് യാത്രയുടെ ടിക്കറ്റ് ജാക്കറ്റ് മാത്രമാണ് ബില്ലിനോടൊപ്പമുള്ളത്. കോഴിക്കോട് - ന്യൂഡൽഹി യാത്രയുടെ ടിക്കറ്റ് ജാക്കറ്റിന്റെ കോപ്പി ഇല്ല. പകരം കുരിക്കൾ ടൂർസ് & ട്രാവൽസ് കോഴിക്കോടിന്റെ ടിക്കറ്റ് ചാർജ്ജ് കാണിച്ചുകൊണ്ടുള്ള ഭാഗികമായ ഇൻവോയ്സ് മാത്രമാണ് ഉള്ളടക്കം ചെയ്തത്. ടിക്കറ്റ് ജാക്കറ്റിന്റെ അഭാവത്തിൽ കോഴിക്കോട് - ന്യൂഡൽഹി വിമാനയാത്ര നടത്തിയതിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.
2. സ്വകാര്യ വിമാന കമ്പനികളുടെ വിമാനത്തിൽ എകണോമിക് ക്ലാസിൽ യാത്ര അനുവദനീയമാണെങ്കിലും ദേശീയ വിമാന കമ്പനിയുടെ എകണോമിക് ക്ലാസിലെ നിരക്കിൽ വിമാനയാത്ര ചാർജ് തുക നിജപ്പെടുത്തേണ്ടതുണ്ട്. എന്നാൽ അപ്രകാരം ചെലവ് തുക നിജപ്പെടുത്തിയതിന്റെ വിവരം ഇല്ല.
3. ഗ്രേഡ് I തസ്തികയിലുള്ള നഗരസഭ സെക്രട്ടറിക്ക് ന്യൂഡൽഹിയിൽ പ്രതിദിനം 1500 രൂപ നിരക്കിൽ റൂം വാടകക്കാണ് അർഹതയുള്ളത്. 2 ദിവസത്തേക്ക് 3000/- രൂപ അനുവദിക്കുന്നതിന് പകരം ഹോട്ടൽ ബിൽ തുകയായ 9620/- രൂപ അനുവദിച്ചു.
4. കെ.എസ്.ആർ.ഭാഗം II ചട്ടം 115 പ്രകാരം ഓഫീസ് തലവനായ നഗരസഭാ സെക്രട്ടറിയുടെ യാത്രാബിൽ കൺട്രോളിംഗ് ഓഫീസർ കൌണ്ടർസൈൻ ചെയ്യേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 54/2016-17 തീയതി 09.08.17 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. റൂം വാടക ഇനത്തിൽ അർഹമായതിലും അധികം നൽകിയ 6,620/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. അധികം നൽകിയ തുക കൈപ്പറ്റിയ ജീവനക്കാരനിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കേണ്ടതാണ്. ക്രമ നമ്പർ 1,2,4 എന്നിവയിലെ അപാകതകൾക്ക് മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ ഓഡിറ്റിൽ നിരാകരിച്ച 6,620/- കഴിച്ച് ബാക്കി 28,400/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-45 യാത്രാബത്ത അധിക തുക നൽകി

താഴെ പറയുന്ന ജീവനക്കാർക്ക് അർഹമായതിലും അധികം തുക യാത്രാബത്തയിനത്തിൽ നൽകിയിട്ടുണ്ട്.

1. ശ്രീ.പി.രജീന്ദ്രൻ, സീനിയർ ക്ലാർക്ക് (അടിസ്ഥാന ശമ്പളം 28500/- രൂപ)

| വൌച്ചർ നമ്പർ/ തീയതി | നൽകിയ തുക | യാത്രാ തീയതി | ട്രെയിൻ III AC അനുവദിച്ച തുക | അർഹമായ തുക | അധികം |
|---|---|---|---|---|---|
| 21604220/ 03.11.16 | 2899 | 03.08.16 | 1075 | 675 | 400 |
| | | 06.08.16 | 1075 | 675 | 400 |
| ആകെ | | | | | 800 |

2. ശ്രീ.ബാലൻ, ടി.ആർ, സൂപ്രണ്ട് (അടിസ്ഥാന ശമ്പളം 48000/- രൂപ)

| വൌച്ചർ നമ്പർ/ തീയതി | നൽകിയ തുക | യാത്രാ തീയതി | അനുവദിച്ചത് | അർഹമായത് | അധികം |
|---|---|---|---|---|---|
| 21604863/ 29.06.16 | 2896/- | 05.01.16 | ഇൻസിഡന്റൽ ചാർജ് 248 (414x0.60) | 166 (414x0.40) | 82 |
| | | 06.01.16 | 248 | 166 | 82 |
| | | | (ഡി.എ) 320 | 250 | 70 |
| ആകെ | | | | | 234 |

യാത്രാബത്തയിനത്തിൽ അധികം നൽകിയ 1034/- രൂപ (800+234) തുക കൈപ്പറ്റിയ ജീവനക്കാരിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ അടയ്ക്കാൻ ആവശ്യപ്പെട്ട് 05.08.17 തീയതിയിൽ 55/2016-17 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും തുക അടച്ച് വിവരം അറിയിച്ചിട്ടില്ല. അധികം നൽകിയ 1,034 രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. തുക ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-46 പത്ര പരസ്യം - കിഴിവ് അനുവദിക്കാത്തത് സംബന്ധിച്ച്.

4-01-2011 ലെജി.ഒ.(ആർ.റ്റി.)1/2011/ഐ&പി.ആർ, 22-01-2013 ലെ ജി.ഒ.(പി) നമ്പർ1/13/ഐ&പി.ആർ.ഡി. എന്നീ ഉത്തരവുകൾ പ്രകാരം പത്ര പരസ്യങ്ങൾ ഐ&പി.ആർ.ഡി. വകുപ്പ് മുഖേന നൽകിയാലും നേരിട്ട് നൽകിയാലും 15% ഡിസ്കൗണ്ട്

അനുവദിക്കേണ്ടതാണ്. എന്നാൽ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ 2016-17 വർഷത്തിൽ നൽകിയ വിവിധ പരസ്യങ്ങൾക്ക് ഇപ്രകാരം കിഴിവ് ലഭിച്ചതായി കാണുന്നില്ല. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഫയൽ നമ്പർ | സ്ഥാപനം ഡിമാൻഡ് ചെയ്ത തുക | നൽകേണ്ടിയിരുന്ന തുക (15%, കിഴിവ്, 2% ആദായ നികുതി എന്നിവ കഴിച്ച്) | നൽകിയ തുക (ആദായ നികുതി കുറച്ച ശേഷം) | ചെക്ക് നമ്പർ, തിയതി | അധികം ചെലവായ തുക | പത്ര സ്ഥാപനം<br>ബിൽ നമ്പർ/ തിയതി |
|---|---|---|---|---|---|---|---|
| 1 | 36/99309/ 15 | 106495 | 88710 | 104365 | 225335<br>22.09.16 | 15655 | 1. മാതൃഭൂമി<br>ബിൽ നം- 60874957/<br>30.06.2016<br>തുക-66000/-<br>2. മാതൃഭൂമി<br>ബിൽ നം- 60878968/<br>07-07-2016<br>തുക-32175/-<br>3. മാതൃഭൂമി<br>ബിൽ നം- 60834381 തിയതി-<br>23-04-2016<br>തുക-8320/- |
| | ടി | | | | | | 1. ദേശാഭിമാനി ബിൽ നം.-CLT- |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | | 73800 | 61475 | 72324 | 225355<br><br>22-09-2016 | 10849 | 2016067541<br><br>തിയതി-30-06-2016<br><br>തുക-34000/-<br><br>2. ദേശാഭിമാനി ബിൽനം.-CLT-2016040316/<br><br>23-04-2016<br><br>തുക-5800/-<br><br>3. ദേശാഭിമാനി ബിൽനം.-CLT-2016078212/<br><br>06-07-2016<br><br>തുക-34000/- |

സർക്കാർ ഉത്തരവ് പാലിക്കാതെ പരസ്യ തുക അധികം നൽകുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-47 വാഹന റിപ്പയർ പ്രവൃത്തിയിൽ ആദായനികുതി ഈടാക്കിയില്ല.

കെ.എൽ.11 എ.ഡബ്ല്യ-5555 നമ്പർ ജെ.സി.ബി എസ്കവേറ്റർ വാഹനത്തിന്റെ സർവ്വീസ് നടത്തിയ വകയിൽ അംഗീകൃത സർവ്വീസ് സെന്ററായ M/s കട്ടൂർ സെയിൽ കോർപ്പറേഷൻ, രാമനാട്ടുകര എന്ന സ്ഥാപനത്തിന് 65198/- രൂപ ചെക്ക് നമ്പർ 902156/തീയതി.24.03.17 പ്രകാരം നൽകിയിട്ടുണ്ട് (ഫയൽ നം. ഇ.ജി.14/62016/15). നിയമാനുസൃത ആദായനികുതി കുറവ് വരുത്താതെ മുഴുവൻ ബിൽ തുകയും അനുവദിച്ചതിന് കാരണം അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ 26.08.2017 ലെ 74/2016-17 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. റിപ്പയർ പ്രവൃത്തി ബില്ലൽ നിന്ന് നിയമാനുസൃത ആദായനികുതി ഈടാക്കി കേന്ദ്രസർക്കാറിലേക്ക് അടയ്ക്കേണ്ടതാണ്.

## 3-48 വാഹന റിപ്പയർ പ്രവൃത്തി - കരാർ വെച്ച് പ്രവൃത്തി നടത്തുന്നതിൽ വൻകാലതാമസം

നഗരസഭയിലെ ശുചീകരണ പ്രവൃത്തികൾക്കും മറ്റും ഉപയോഗിക്കുന്ന വാഹനങ്ങൾ കേടാകുമ്പോൾ അടിയന്തര റിപ്പയർ പ്രവൃത്തികൾ ആവശ്യമായി വരാറുണ്ട്. ശുചീകരണ പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കാൻ അടിയന്തരമായി ഇത്തരം വാഹനങ്ങൾ റിപ്പയർ ചെയ്ത് ഉപയോഗയോഗ്യമാക്കേണ്ടതുണ്ട്. ഇത്തരം പൊതു വാഹനങ്ങൾക്ക് വാർഷിക ഫിറ്റ്നെസ്സ് സർട്ടിഫിക്കറ്റും കാലാകാലങ്ങളിൽ ആവശ്യമുണ്ട്. ഫിറ്റനസ് സർട്ടിഫിക്കറ്റ് ലഭിയ്ക്കുന്നതിന് മുമ്പായി വാഹനങ്ങളുടെ അത്യാവശ്യ അറ്റകുറ്റപണികൾ, പെയിന്റിംഗ് പ്രവൃത്തികൾ എന്നിവയും

നടത്തേണ്ടതുണ്ട്. ഓഡിറ്റ് കാലയളവിൽ വിവിധ വാഹനങ്ങൾക്ക് ഇപ്രകാരം അടിയന്തര റിപ്പയർ ആവശ്യമായി വന്നിട്ടുണ്ട്. എന്നാൽ അടിയന്തര റിപ്പയർ ആവശ്യമായ പല വാഹനങ്ങളും കേടായതിന് ശേഷമോ ഫിറ്റ്നസ് തീയതി കഴിഞ്ഞ് നിരവധി മാസങ്ങളും ചില കേസുകളിൽ വർഷങ്ങൾ കഴിഞ്ഞുമാണ് റിപ്പയർ നടത്തി ഉപയോഗയോഗ്യമാക്കിയിട്ടുള്ളത്. റിപ്പയർ സംബന്ധിച്ച് പരിശോധനാ റിപ്പോർട്ട് മുതൽ എസ്റ്റിമേറ്റ് തയ്യാറാക്കൽ ഭരണാനുമതി ലഭ്യമാക്കൽ ക്വട്ടേഷൻ നോട്ടീസ് തയ്യാറാക്കൽ, പത്ര പരസ്യം നൽകൽ, ക്വട്ടേഷൻ അംഗീകരിക്കൽ, വർക്ക് ഓർഡർ നൽകൽ കരാർ വെയ്ക്കൽ, പ്രവൃത്തി നടത്തി ടെസ്റ്റ് ഡ്രൈവ് നടത്തൽ എന്നീ വിവിധ ഘട്ടങ്ങൾക്കായി/നിരവധി മാസങ്ങൾ വേണ്ടി വരുന്നു. ഇത്രയും കാലം പ്രസ്തുത വാഹനങ്ങൾ ഉപയോഗിക്കാനാവാതെ ഗാരേജിലും വർക്കഷോപ്പിലുമായി സൂക്ഷിക്കേണ്ടിവരുന്നു. ക്വട്ടേഷൻ അംഗീകരിച്ച് വർക്ക് ഓർഡർ നൽകിയശേഷം വർക്ക്ഷോപ്പ് ഉടമയുമായി കരാർ ചമച്ച് വാഹനം കൈമാറുന്നതിന് പോലും മാസങ്ങളുടെ കാലതാമസം ഉണ്ടാകുന്നതായും കാണുന്നു. ഇത്തരം കാലതാമസം അംഗീകരിക്കാൻ കഴിയാത്തതും നഗരസഭയുടെ ഉത്തമ താത്പര്യത്തിന് വിരുദ്ധവുമാണ്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഫയൽ നമ്പർ/ വണ്ടി നമ്പർ | റിപ്പയർ സംബന്ധിച്ച് റിപ്പോർട്ട് ചെയ്ത തീയതി | ക്വട്ടേഷൻ തീയതി | വർക്ക് ഓർഡർ തീയതി | കരാർ തീയതി | റിപ്പയർ പൂർത്തീകരണം | പ്രവൃത്തി ബിൽതുക (ചെക്ക് നമ്പർ/ തീയതി | വാഹനം ഉപയോഗിക്കാത്ത കാലയളവ് |
|---|---|---|---|---|---|---|---|---|
| 1. | EG14/146337/12 KL-11-AC-5661 ഗുഡ്സ് ഓട്ടോ | 24.02.15 (ഫിറ്റ്നസ് 2/2015) | 02.07.15 | 10.09.15 | 05.08.16 | 26.12.16 | 902157/ 24.03.17 രൂപ 47600 | 1 വർഷം 10 മാസം |
| 2. | EG14/29425/15 KL11-P-8850 ട്രാക്ടർ | 24.02.15 | 12.06.15 | 09.09.15 | 01.09.16 | 20.10.16 | 902158/ 24.03.17 37000/ രൂപ | 1 വർഷം 8 മാസം |
| 3. | EG14/119165/11 II KL-11-AH-3479 ഡ്യൂവൽ കണ്ടെയ്നർ ലോറി | 30.08.15 (ഫിറ്റ്നസ് 08.10.15) | 13.04.16 | 08.06.16 | 28.09.16 | 01.02.17 | 691189/ 08.03.17 രൂപ.60000 | 1 വർഷം 4 മാസം |
| 4. | EG14/70019/15 KL-11AJ-9287 ആപേ ട്രക്ക് | 09.06.15 | 31.08.15 | 19.12.15 | 19.07.16 | 26.11.16 | 691189/ 08.03.17 രൂപ.35868 | 1 വർഷം 4 മാസം |
| 5. | EG14/893 | 22.09.14 | 07.08.15 | 13.10.15 | 15.03.16 | 11.07.16 | 303195/ | 1 വർഷം |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 64/08 KL-11-P/8325 ട്രാക്ടർ | (ഫിറ്റ്നസ് 12.09.14) | | | | | 24.10.15 രൂപ 88050 | 9 മാസം (14.07.16 ന് ഫിറ്റ്നസ് എടുത്തു) |

നടപടിക്രമങ്ങളിലെ കാലതാമസം കാരണം ഒരു വർഷത്തിലധികം കാലം വാഹനങ്ങൾ ഉപയോഗിക്കാനാവാതെ ഇരിക്കുന്നത് ആശാസ്യമല്ല. വർക്ക് ഓർഡർ നൽകിയതിന് ശേഷം 5 ദിവസത്തിനകം കരാർ ചമക്കാൻ ഉത്തരവിൽ ആവശ്യപ്പെടുന്നുവെങ്കിലും ശരാശരി 3 മാസം മുതൽ 1 വർഷം വരെ വൈകിയാണ് കരാർ ചമക്കുന്നത്. കരാർ ചമക്കുന്ന മുറക്കാണ് വാഹനം റിപ്പയറിനായി നൽകുന്നത്. കരാർ ചമക്കാൻ വൈകുന്നത് വഴി റിപ്പയർ ചെയ്ത് വാഹനം തിരികെ ലഭിയ്ക്കുന്നതിൽ കാലതാമസം നേരിടുകയും അത്രയും കാലം വാഹനം നഗരസഭയുടെ ആവശ്യത്തിന് ഉപയോഗിക്കാനാവാതെ വരുകയും ചെയ്യുന്നു. വർക്ക് ഓർഡർ നൽകിയതിന് ശേഷം കരാർ ചമയ്ക്കുന്നതിലെ കാലതാമസം ഒഴിവാക്കേണ്ടതാണ്.

## 3-49 കോഴിക്കോട് നഗരസഭ - അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി (AUEGS)അവലോകനം.

ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി മാതൃകയിൽ നഗരസഭയിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടപ്പാക്കുന്നതിന് സ.ഉ(കൈ) നം.210/2010/തസ്വഭവ തീയതി. 13/09/2010 പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. കൂടാതെ, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ച് പദ്ധതി കാര്യക്ഷമമാക്കുന്നതിനായി 03/11/2010-ലെ സ.ഉ (കൈ) നം.252/2010/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും, നഗരകാര്യ ഡയറക്ടറുടെ 24/04/2013-ലെ ഡി.സി.5-5559/2012 നമ്പർ കത്തിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതിയും പുറപ്പെടുവിക്കുകയുണ്ടായി {18/07/2013-ലെ തദ്ദേശസ്വയംഭരണ(ഡി.ഡി) വകുപ്പിന്റെ സ.ഉ.(സാ.ധാ) 1900/13/തസ്വഭവ }.

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി കോഴിക്കോട് കോർപ്പറേഷനിൽ നടപ്പിലാക്കുന്നതിന് സംസ്ഥാന തൊഴിലുറപ്പ് കൌൺസിൽ ഒരു കോടി രൂപ അനുവദിച്ചതായും, ആയതിൽ നിന്ന് 30 ലക്ഷം രൂപ ഡി.ഡി.നം.538962, തീയതി. 13/03/2013 പ്രകാരം ആദ്യ ഗഡുവായി നഗരസഭയുടെ അയ്യങ്കാളി തൊഴിലുറപ്പ് ഫണ്ടിലേക്ക് നൽകിയതായും , ബാക്കിവരുന്ന തുകയായ 70,00,000 /- രൂപ , കേന്ദ്രാവിഷ്കൃത പദ്ധതിയായ 'അർബ്ബൻ വേജസ് എംപ്ലോയ്മെന്റ് പ്രോഗ്രാം' ഫണ്ടിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് അനുവദിച്ചുകൊണ്ട് പ്രത്യേക ഉത്തരവ് നൽകുന്നതാണെന്നും നഗരകാര്യ ഡയറക്ടറുടെ 28/02/2013 -ലെ ഡി.സി.5-5559/12 നമ്പറായുള്ള ഉത്തരവ് നടപടികളിൽ വ്യക്തമാക്കിയിട്ടുണ്ട്. ആദ്യ ഗഡുവായ 30 ലക്ഷം രൂപ 06/06/2013 ലെ 77 -ാം നമ്പർ കൌൺസിൽ തീരുമാനപ്രകാരം എസ്.ബി.ടി.യുടെ പൊറ്റമ്മൽ ബ്രാഞ്ചിൽ ( അക്കൌണ്ട് നമ്പർ 67228366288) നിക്ഷേപിച്ചു.

നഗരസഭയുടെ 2013-14, 2014-15, 2015-16 വർഷങ്ങളിലെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പരിപാടികൾക്കും ലേബർ ബഡ്ജറ്റിനും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. വിശദ വിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം. | വർഷം | ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചതിന്റെ വിശദാംശം |
|---|---|---|
| 1 | 2013-14 | 07/01/2013-ലെ 707/12/ADPO/DPC/KKD നമ്പർ തീരുമാനപ്രകാരം 9,63,25,150 /- രൂപയുടെ വാർഷിക കർമ്മ പദ്ധതിക്കും ലേബർ ബഡ്ജറ്റിനും അംഗീകാരം ലഭിച്ചു. |
| 2 | 2014-15 | 11/07/2014-ലെ 350/14/ADPO/DPC/KKD നമ്പർ തീരുമാനപ്രകാരം 6,59,65,450 /- രൂപയുടെ വാർഷിക കർമ്മ പദ്ധതിക്കും ലേബർ ബഡ്ജറ്റിനും അംഗീകാരം ലഭിച്ചു. |
| 3 | 2015-16 | 15/06/2015-ലെ 715/15/ADPO/DPC/KKD നമ്പർ തീരുമാനപ്രകാരം 92,14,000 /- രൂപയുടെ വാർഷിക കർമ്മ പദ്ധതിക്കും ലേബർ ബഡ്ജറ്റിനും അംഗീകാരം ലഭിച്ചു. |

2013-14 മുതൽ 2015-16 വരെയുള്ള വർഷങ്ങളിൽ കോഴിക്കോട് നഗരസഭ നടപ്പിലാക്കിയ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രവർത്തികളുടെ വിശദ വിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം | വർഷം | വാർഡ് നം. | സൃഷ്ടിക്കപ്പെട്ട മനുഷ്യ ദിനങ്ങൾ | നടപ്പിലാക്കിയ പ്രവർത്തികളുടെ എണ്ണം | പ്രവർത്തികളുടെ ചെലവ് | കൂലി | ഉപകരണങ്ങളുടെ വാടക | സൈറ്റ് സൌകര്യം | ഫോട്ടോ ചാർജ്ജ് | മറ്റ് ചെലവുകൾ |
|---|---|---|---|---|---|---|---|---|---|---|
| 1 | 2013-14 | 2,9,15, 17,75 | 872 | 5 | 1,62,395 | 1,56,960 | 4,893 | 542 | - | - |
| 2 | 2014-15 | 1-75 | 5,707 | 79 | 10,47,415 | 9,86,394 | 32,971 | 15,933 | 10,015 | 2,102 |
| 3 | 2015-16 | 5,11,19, 23,30,34 49,31,74, 62,26,37, 35,56,63, 29,43,36, 51,52 | 1,663 | 24 | 3,21,789 | 2,99,340 | 10,811 | 4,552 | 3,660 | 3,426 |

ആകെ 15,31,599 /-

എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ

| ക്രമ നം | വർഷം | ശംബളം | ട്രാവലിംഗ് അലവൻസ് | മറ്റ് ചെലവുകൾ | ആകെ |
|---|---|---|---|---|---|
| 1 | 2013-14 | 3,38,660 /- | 3,000 /- | 55,133 /- | 3,96,793 /- |
| 2 | 2014-15 | 6,55,371 /- | - | 441 /- | 6,55,812 /- |
| 3 | 2015-16 | 1,96,797 /- | - | - | 1,96,797 /- |
| 4 | 2016-17 | - | - | - | - |
| 5 | 2017-18 | 1,11,000 /- | - | - | 1,11,000 /- |

ആകെ 13,60,402 /-

ആകെ ചെലവ് 28,92,001 /- (15,31,599+13,60,402)

നഗരസഭയുടെ അയ്യങ്കാളി പദ്ധതി അക്കൌണ്ട് (എസ്.ബി.ടി.അക്കൌണ്ട് നമ്പർ 67228366288) പ്രകാരമുള്ള ചെലവ് വിവരം താഴെക്കൊടുക്കുന്നു.

| ക്രമ നം | വർഷം | ചെലവ് |
|---|---|---|
| 1 | 2013-14 | 4,69,928 /- |
| 2 | 2014-15 | 13,75,048 /- |
| 3 | 2015-16 | 7,58,491 /- |
| 4 | 2016-17 | 4,999 /- |

ആകെ 26,08,466 /-

<u>അപാകതകൾ</u>

1. നഗരസഭയുടെ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവു (28,92,001) ബാങ്ക് ബുക്ക് പ്രകാരമുള്ള ചെലവുമായി പൊരുത്തപ്പെടുന്നില്ല (26,08,466) .
2. വാർഷിക കർമ്മ പരിപാടികൾക്കും ലേബർ ബഡ്ജറ്റിനും സംസ്ഥാന തൊഴിലുറപ്പ് കൌൺസിലിന്റെ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല.
3. തൊഴിലുറപ്പ് പദ്ധതി പ്രവർത്തികൾക്കായി അക്കൌണ്ടിൽ നിന്നും പലപ്പോഴായി പിൻവലിച്ച തുകകൾ മുഴുവനായി ചെലവഴിച്ചതിന്റെ വിവരം ഫയലിൽ ഇല്ല. അതായത്,

അക്കൌണ്ട്സ് ഓഫീസർ സാക്ഷ്യപ്പെടുത്തി, മേയർ പാസാക്കിയതായി ഫയലിൽ രേഖപ്പെടുത്തിയ തുകകൾ, ബാങ്ക് ബുക്ക് പ്രകാരം പിൻവലിച്ച തുകകളുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം താഴെക്കൊടുക്കുന്നു.

4. വാർഡ് നം. 1 മുതൽ 25 വരെ

| ക്രമ നം. | പേ ഓർഡർ പ്രകാരം അംഗീകരിച്ച തുക | അക്കൌണ്ടിൽ നിന്നും പിൻവലിച്ച തുക |
|---|---|---|
| 1 | 16,002 + ( തീയതി. 21/04/2014)<br>14,624<br>18,766<br>---------<br>49,392 /- | 77,561 /- (ചെക്ക് നം. 821248, തീയതി. 30/05/2014) |
| 2 | 28,133 + ( തീയതി. 23/04/2014)<br>14,060<br>---------<br>42,193 /- | 24,000 /- (ചെക്ക് നം. 821248, തീയതി. 30/05/2014) |
| 3 | 12,999 /- ( തീയതി. 30/12/2014) | 19,631 /- (ചെക്ക് നം. 821255, തീയതി. 23/04/2014) |
| 4 | 96,256 /- ( തീയതി. 23/03//2015) | 1,14,349/-(ചെക്ക്നം. 821651, തീയതി. 27/03/2015) |

വാർഡ് നം. 26 മുതൽ 50 വരെ

| ക്രമ നം. | പേ ഓർഡർ പ്രകാരം അംഗീകരിച്ച തുക | അക്കൌണ്ടിൽ നിന്നും പിൻവലിച്ച തുക |
|---|---|---|
| 5 | 7,208 + ( തീയതി. 29/05/2014)<br>20,961<br>---------<br>28,169 /- | 77,561 /- (ചെക്ക് നം. 821248, തീയതി. 31/05/2014) |
| 6 | 1,676 + ( തീയതി. 11/08/2014)<br>12,109<br>---------<br>13,785 /- | 24,000 /- (ചെക്ക് നം. 821255, തീയതി. 12/08/2014) |
| 7 | 17,422 /- ( തീയതി. 30/01/2015) | 19,960 /- (ചെക്ക് നം. 821647, തീയതി. 23/02/2015) |
| 8 | 18,093 /- ( തീയതി. 23/03/2015) | 1,14,349/-(ചെക്ക്നം. |

| | | |
|---|---|---|
| | | 821651, തീയതി. 27/03/2015) |
| 9 | 13,190+ ( തീയതി.04/04/2015)<br>10,905<br>---------<br>24,095 /- | 68,660 /- (ചെക്ക്നം. 821654, തീയതി. 21/04/2015) |

വാർഡ് നം. 51 മുതൽ 75 വരെ

| ക്രമ നം. | പേ ഓർഡർ പ്രകാരം അംഗീകരിച്ച തുക | അക്കൌണ്ടിൽ നിന്നും പിൻവലിച്ച തുക |
|---|---|---|
| 10 | 6,632 /- ( തീയതി.30/12/2014) | 19,631 /- (ചെക്ക്നം. 821644, തീയതി. 29/01/2015) |
| 11 | 2,538 /- ( തീയതി.30/01/2015) | 19,960 /- (ചെക്ക്നം. 821647, തീയതി. 23/02/2015) |

4) താഴെപ്പറയുന്ന പ്രവർത്തികൾ പ്രവർത്തി രജിസ്റ്റർ പ്രകാരം ചെയ്തതായി കാണുന്നില്ല. മസ്റ്റർ റോൾ ക്യാൻസൽ ചെയ്ത് തിരിച്ചേൽപ്പിച്ചതായും കാണുന്നില്ല.

| ക്രമ നം | വർഷം | വാർഡ് നം | തുക | പ്രവർത്തിയുടെ പേര് , ഭരണാനുമതി നം./ തീയതി |
|---|---|---|---|---|
| 1 | 2013-14 | 74/3,74/4 | 10,500/- | ചൊവ്വുരുകണ്ടി നീർച്ചാൽ വൃത്തിയാക്കൽ. ഭരണാനുമതി നം. 18/13-14 തീയതി. 22/01/2014 |
| 2 | 2013-14 | 38/1 | 14,500/- | വട്ടക്കിണർ മെയിൻ നീർച്ചാൽ വൃത്തിയാക്കൽ. ഭരണാനുമതി നം. 35/13-14, തീയതി. 07/04/2014 |
| 3 | 2013-14 | 56/3 | 15,000/- | കുണ്ടൂർ നാരായണൻ റോഡ് നീർച്ചാൽ വൃത്തിയാക്കൽ. ഭരണാനുമതി നം. 33/13-14, തീയതി. 07/04/2014 |
| 4 | 2014-15 | 7/6 | 10,500/- | രാമനുണ്ണി റോഡ് മുതൽ തിരുത്തിയിൽ ഭഗവതി ക്ഷേത്രം റോഡ് വരെയുള്ള നീർച്ചാൽ വൃത്തിയാക്കൽ. ഭരണാനുമതി നം. 50/14-15 തീയതി. 31/05/2014 |
| 5 | 2014-15 | 44/1 | 8,300/- | തെക്കേക്കുറ്റി നീർച്ചാൽ വൃത്തിയാക്കൽ. ഭരണാനുമതി നം. 66/14-15 തീയതി. 08/02/2014 |

| | | | | |
|---|---|---|---|---|
| 6 | 2014-15 | 12/9 | 5,400/- | മലാപ്പറമ്പ് എൻ.എച്ച് വടക്കുഭാഗം വൃത്തിയാക്കൽ. ഭരണാനുമതി നം. 71/14-15<br>തീയതി. 17/12/2014 |
| 7 | 2014-15 | 40/1, 40/2 | 9,300/- | ജി.എം.യു.പിസ്കൂളിനു പിൻവശമുള്ള നീർച്ചാൽ വൃത്തിയാക്കൽ. ഭരണാനുമതി നം. 18/13-14<br>തീയതി. 22/01/2014 |

5) 2016-17 വർഷത്തിൽ പ്രവർത്തികൾ ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. (2013-14 ൽ 2 ഓവർസിയർമാരും 3 അക്കൌണ്ടന്റുമാരും ഉൾപ്പെടെ 5 കരാർ ജീവനക്കാർ ഉണ്ടായിരുന്നു. 2014-15, 2015-16 കാലയളവിൽ 1 ഓവർസിയറും 1 അക്കൌണ്ടന്റും ഉൾപ്പെടെ 2 കരാർ ജീവനക്കാർ മാത്രമായി കുറഞ്ഞു. 2016-17 ൽ കരാർ കാലയളവ് നീട്ടാതിരുന്നതിനാൽ ജീവനക്കാരില്ലായിരുന്നു. 2016-17 ൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ ഇല്ല)

6) 23/08/2016-ലെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി സംസ്ഥാന കൌൺസിൽ യോഗത്തിൽ, ആവർത്തന സ്വഭാവമുള്ള പദ്ധതികൾ ഒഴിവാക്കണമെന്നും ആസ്തി സൃഷ്ടിക്കുന്ന പ്രവർത്തികൾ ഏറ്റെടുത്ത് നടത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 23/08/2016-ലെ സംസ്ഥാന കൌൺസിൽ യോഗത്തിലെ തീരുമാനപ്രകാരം'കിണർ റീച്ചാർജ്ജിംഗ്, മഴക്കുഴി നിർമ്മാണം, സോക്ക് പിറ്റ് നിർമ്മാണം, ക്ഷീരകർഷകർക്ക് കന്നുകാലിത്തൊഴുത്ത് നിർമ്മാണം' മുതലായ പ്രവർത്തികൾ ഉൾപ്പെടുത്തണമെന്നും, മേൽപ്പറഞ്ഞ പ്രവർത്തികൾ നടപ്പിലാക്കുമ്പോൾ എസ്.സി /എസ്.ടി / ബി.പി.എൽ വിഭാഗങ്ങൾക്ക് മുൻഗണന നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2017-18 വർഷത്തെ കർമ്മപരിപാടിയിൽ മേൽപ്പറഞ്ഞ പ്രവർത്തികൾ ഉൾപ്പെടുത്തിയിട്ടില്ല.

7) 18.07.2013 ലെ സ.ഉ (സാ.ധാ) 1900/13/2013 നമ്പർ ഉത്തരവിലെ ഖണ്ഡിക 10.1 പ്രകാരമുള്ള പരാതി രജിസ്റ്റർ, പ്രതിമാസ അലോട്ട്മെന്റും ധനവിനിയോഗ സർട്ടിഫിക്കറ്റും സൂക്ഷിക്കൽ രജിസ്റ്റർ എന്നിവ നഗരസഭ സൂക്ഷിക്കുന്നതായി കാണുന്നില്ല.

നഗരപ്രദേശങ്ങളിൽ വസിക്കുന്ന ദുർബല കുടുംബങ്ങൾക്ക് മറ്റു തരത്തിലുള്ള തൊഴിലുകൾ ലഭ്യമല്ലാതിരിക്കുകയോ തൊഴിൽകുറവ് വരുന്നതോ ആയ അവസരങ്ങളിൽ അവിദഗ്ധ കുടുംബാംഗങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള സംസ്ഥാന സർക്കാർ പദ്ധതിയാണിത്. പ്രവർത്തികളുടെ സംഘാടനം കുടുംബശ്രീ സംവിധാനത്തിന്റെ സഹായത്തോടെയാണ് നടപ്പിലാക്കുന്നത്. കോഴിക്കോട് നഗരസഭയിൽ തൊഴിലുറപ്പ് പദ്ധതിയിൽ 6391 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് (2013-14 വരെ). തുടർന്നുള്ള വർഷങ്ങളിൽ രജിസ്ട്രേഷൻ നടന്നിട്ടില്ല. തൊഴിലിനുവേണ്ടിയുള്ള അപേക്ഷകൾ ലഭിച്ചതിന്റെ രേഖകൾ ഇല്ല.കൂടാതെ,2013-14 മുതൽ 2015-16 വരെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം ആവർത്തന സ്വഭാവമുള്ള 108 പ്രവർത്തികൾ മാത്രമാണ് ഏറ്റെടുത്ത് നടപ്പിലാക്കിയിത്. അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ച് നഗരവാസികൾ ബോധവാന്മാരല്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്. ആയതിനാൽ, വാർഡ്

സഭകൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, പത്രമാധ്യമങ്ങൾ എന്നിവ മുഖാന്തിരം അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി ക്ക് വ്യാപകമായ പ്രചരണം നൽകാൻ നഗരസഭ ശ്രദ്ധിക്കേണ്ടതാണ്.

**3-50 ചെലവഴിക്കാത്ത ഡിമാന്റ് ഡ്രാഫ്റ്റ് തുക ട്രഷറിയിൽ തിരിച്ചടച്ചില്ല**
**ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സൈഡ് വീലോടുകൂടിയ സ്കൂട്ടർ നൽകുന്ന പദ്ധതി**

പദ്ധതി പ്രകാരം 10 ഗുണഭോക്താക്കൾക്ക് സ്കൂട്ടർ വാങ്ങുന്നതിനു വേണ്ടി ഡയരക്ടർ, കേരള സംസ്ഥാന വികലാംഗ വെൽഫെയർ സൊസൈറ്റിയുടെ പേരിൽ എടുത്ത 7,15,000/-രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് (ഡി.ഡി.നം.498578/5.4.2006) ബന്ധപ്പെട്ടവർക്ക് കൈമാറാതെ നിർവ്വഹണ ഉദ്യോഗസ്ഥ കൈവശം വെച്ചതായി ഓഡിറ്റ് റിപ്പോർട്ട് 2015-16 ഖണ്ഡിക 29 ൽ പ്രതിപാദിച്ചിട്ടുണ്ട്. പ്രസ്തുത ഡിമാന്റ് ഡ്രാഫ്റ്റ് ഓഡിറ്റ് പരിശോധനാവേളയിലും (ഒരു വർഷം മൂന്നു മാസം പിന്നിട്ടിട്ടും) ബന്ധപ്പെട്ടവർക്ക് കൈമാറുകയോ ബന്ധപ്പെട്ട ഫണ്ടിൽ തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല. ജി.ഒ.(പി)177/2006/ഫിൻ./12.4.2006 പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ ഖണ്ഡിക 8.3 അനുസരിച്ച് ഓരോ മാസവും അവസാനം വിതരണം ചെയ്യാനാകാതെ 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന ഡിമാന്റ് ഡ്രാഫ്റ്റ് തുകകൾ ട്രഷറി ചലാൻ മുഖേന ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

മേൽ ഉത്തരവ് പാലിക്കാതെ 7,15,000/-രൂപയുടെ ഡി.ഡി. ബന്ധപ്പെട്ടവർക്ക് കൈമാറാതെ കൈവശം വെച്ചതും, വിതരണം ചെയ്യാനാകാത്ത തുക ഒരു വർഷത്തിലധികമായിട്ടും ട്രഷറി ചലാൻ മുഖേന ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരിച്ചടയ്ക്കാതിരുന്നതും ഗുരുതരമായ കൃത്യവിലോപമാണ്. ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ശിശുവികസന ഓഫീസർക്ക് ഓഡിറ്റ് ഒബ്ജക്ഷൻ സ്ലിപ്പ് (നം.47/16-17/1.8.2017) നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ട്രഷറിയിൽ നിന്നും പിൻവലിച്ച് ഡിമാന്റ് ഡ്രാഫ്റ്റായി കൈവശംവെച്ച തുക സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം തിരിച്ചടയ്ക്കാതിരുന്നതിന് വിശദീകരണം നൽകേണ്ടതും വിനിയോഗിക്കാതെ കൈവശം വെച്ച 7,15,000/-രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് ട്രഷറി ചലാൻ മുഖേന കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**3-51 പെൻഷൻ ഫണ്ട് പരിശോധന - നഗരസസഭാ ജീവനക്കാരുടെ പെൻഷൻ ഫണ്ടുകളുടെ പരിപാലനം കാര്യക്ഷമമല്ല .**

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(2), 8,10 എന്നിവ പ്രകാരം നഗരസഭയിലെ റഗുലർ ജീവനക്കാരുടെയും 1997 ലെ കേരള മുനിസിപ്പാലിറ്റി (കണ്ടിൻജന്റ് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം നഗരസഭയിലെ കണ്ടിൻജന്റ് ജീവനക്കാരുടെയും 2007-08 മുതൽ 2016-17 കാലയളവിലെ പെൻഷൻ വിഹിതത്തിന്റെ ഒടുക്ക്, പെൻഷൻ വിതരണത്തിനായി സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ച തുക , അവയുടെ വിനിയോഗം, പെൻഷൻ വിതരണം എന്നിവ പരിശോധിച്ചതിന്റെ വിശദവിവരം താഴെക്കൊടുക്കുന്നു.

1. (എ)മുനിസിപ്പൽ പെൻഷൻ ഫണ്ട്

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി സെക്രട്ടറി ട്രഷറിയിലോ ദേശസാൽകൃത ബാങ്കിലോ മുനിസിപ്പൽ പെൻഷൻ ഫണ്ട് എന്ന പേരിൽ

ഒരു സേവിംഗ്സ് ബാങ്ക് അക്കൌണ്ട് തുടങ്ങേണ്ടതും , പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനായി നഗരകാര്യ ഡയറക്ടർ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നൽകുന്ന തുക ഈ അക്കൌണ്ടിൽ നിക്ഷേപിക്കേണ്ടതുമാണ്. ആയത് പ്രകാരം, നഗരസഭയ്ക്ക് കോഴിക്കോട് സബ്ട്രഷറിയിൽ പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിന് നിലവിൽ ഒരു അക്കൗണ്ട് ഉണ്ട് (അക്കൌണ്ട് നം 4 ജനറൽ പർപ്പസ് ഗ്രാന്റ് അക്കൗണ്ട്).ഇതു കൂടാതെ, നഗരസഭ സെക്രട്ടറിയുടെ പേരിൽ സബ്ട്രഷറിയിൽ റഗുലർ ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി ഒരു അക്കൗണ്ട് കൂടി ആരംഭിച്ചിട്ടുണ്ട് (ടി.പി.എ.98). സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കുന്ന തുക ട്രഷറിയിലുള്ള ജനറൽ പർപ്പസ് ഗ്രാന്റ് അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത് (അക്കൌണ്ട് നം 4). ഈ അക്കൌണ്ടിൽ നിന്നും ജീവനക്കാർക്ക് പെൻഷൻ വിതരണത്തിനുള്ള തുക ട്രഷറിയിലുള്ള ടി.പി.എ.98 എന്ന അക്കൌണ്ടിലേക്ക് മാറ്റുകയാണ് ചെയ്യുന്നത്. 2007-08 മുതൽ 2016-17 വരെയുള്ള കാലയളവിൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും നഗരസഭയ്ക്ക് 11,80,69,157 /- രൂപ ലഭിച്ചിട്ടുണ്ട്. ഈ കാലയളവിൽ നഗരസഭയിൽ നിന്നും പെൻഷൻ/ഫാമിലി പെൻഷൻ കൈപ്പറ്റുന്ന 463 പേർക്ക് പെൻഷൻ വിതരണത്തിനായി 78,61,19,975 /- രൂപ ചെലവഴിച്ചിട്ടുണ്ട്. മുനിസിപ്പൽ പെൻഷൻ ഫണ്ടിന്റെ (ടി.പി.എ.98) 2016-17 വർഷത്തെ വരവ് - ചെലവ് പത്രിക താഴെക്കൊടുക്കുന്നു.

<u>മുനിസിപ്പൽ പെൻഷൻ ഫണ്ടിന്റെ (ടി.പി.എ.98) 2016-17 വർഷത്തെ വരവ് - ചെലവ് പത്രിക</u>

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| **മുന്നിരിപ്പ്** നഗരസഭ പെൻഷൻ ഫണ്ട് (ടി.പി.എ.98). | 1,76,43,146.00 | നഗരസഭ പെൻഷൻ ഫണ്ടിൽ (ടി.പി.എ.98) നിന്നുള്ള ചെലവ്. | 14,00,08,121.00 |
| നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ലഭിച്ച അലോട്ട്മെന്റ്. | ഇല്ല | കണ്ടിൻജന്റ് പെൻഷൻ ഫണ്ടിലേക്ക് (ടി.പി.എ.133) മാറ്റിയ തുക | ഇല്ല |
| തനത് ഫണ്ടിൽ നിന്നും (ട്രഷറിഎസ്. ടി.എസ്.ബി.അക്കൌണ്ട് നം.4, 615) പെൻഷൻ നൽകുന്നതിനായി നഗരസഭ പെൻഷൻ ഫണ്ടിലേക്ക് (ടി.പി.എ.98) മാറ്റിയ തുക. | 13,39,61,688.00 | | |
| പലിശ വരവ് | 9,68,163.00 | **നീക്കിയിരിപ്പ്** നഗരസഭ പെൻഷൻ ഫണ്ട് (ടി.പി.എ.98). | 1,25,64,876.00 |
| ആകെ | 15,25,72,997.00 | ആകെ | 15,25,72,997.00 |

(ബി) റഗുലർ ജീവനക്കാരുടെ പെൻഷൻ വിഹിതം ഒടുക്കുന്നില്ല

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെചട്ടം 7(2) പ്രകാരം നഗരസഭയിലെ റഗുലർ ജീവനക്കാരന്റെ പ്രതിമാസ മൊത്ത വേതനത്തിന്റെ 15 % വരുന്ന തുക പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതുണ്ട്. കൂടാതെ, ചട്ടം 8 പ്രകാരം പെൻഷൻ വിഹിതം അതേ മാസത്തെ ശമ്പള ബില്ലിനോടൊപ്പം പിൻവലിച്ച് 25 ാം തീയതിക്കു മുമ്പായി സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് വരവ് വയ്ക്കുന്നതിന് ഡിമാന്റ് ഡ്രാഫ്റ്റായി മുനിസിപ്പൽ ഭരണ ഡയറക്ടർക്ക് അയച്ചു കൊടുക്കേണ്ടതുമാണ്. എന്നാൽ നിലവിൽ നഗരസഭയിലെ റഗുലർ ജീവനക്കാർക്ക് യഥാർത്ഥത്തിൽ നൽകേണ്ട വേതനം മാത്രമാണ് ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും പിൻവലിക്കുന്നത്. കൂടാതെ, നഗരസഭയിലെ റഗുലർ ജീവനക്കാരുടെ മൊത്ത വേതനത്തിന്റെ 15 % വരുന്ന തുക (പെൻഷൻ വിഹിതം) നാളിതുവരെ സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കിയിട്ടില്ല. നിലവിൽ നഗരസഭയിലെ ജീവനക്കാരുടെ ശമ്പള ബില്ലിൽ നിന്നും ജീവനക്കാർക്ക് നൽകേണ്ട വേതനം ( പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം ഉൾപ്പെടെ) ജനറൽ പർപ്പസ് ഫണ്ട് അക്കൌണ്ടിൽ (ട്രഷറി അക്കൌണ്ട് നം 4) നിന്നും പിൻവലിക്കുകയും മൊത്ത വേതനത്തിന്റെ 15 % വരുന്ന തുക (പെൻഷൻ വിഹിതം) ടി.പി.എ 98 എന്ന അക്കൌണ്ടിൽ നിക്ഷേപിക്കുകയുമാണ് ചെയ്തുവരുന്നത്. എന്നാൽ, ആയത് തന്നെ യഥാസമയം നിക്ഷേപിക്കാതെ കുടിശ്ശിക വരുത്തുകയും, പിന്നീട് കുടിശ്ശികയായ തുക ഒരുമിച്ച് ടി.പി.എ 98 അക്കൌണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുന്ന രീതിയാണ് ഇപ്പോൾ പിന്തുടർന്നുവരുന്നത്. നഗരസഭയുടെ കണക്കുകൾ പ്രകാരം സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ 18,04,79,044/- രൂപ ഒടുക്കേണ്ടതായിട്ടുണ്ട്. ജീവനക്കാരുടെ പെൻഷൻ വിഹിതം യഥാസമയം സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ ചട്ടം 8(4) പ്രകാരമുള്ള പലിശ നൽകാൻ നഗരസഭയ്ക്കു ബാദ്ധ്യതയുണ്ട്. ഇക്കാര്യം കൌൺസിലിന്റെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

കോഴിക്കോട് നഗരസഭയ്ക്ക് പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ ലഭിച്ച തുക, പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കുവാനുള്ള തുക എന്നിവ സംബന്ധിച്ച വിശദ വിവരം താഴെക്കൊടുക്കുന്നു.

| | | |
|---|---|---|
| 1 | പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ 2008 മുതൽ 12/2016 വരെ ഒടുക്കുവാനുള്ള തുക | 11,70,01,745 /- |
| 2 | കമ്മ്യൂട്ടേഷൻ ഇനത്തിലും സി.വി.പി ഇനത്തിലും ഒടുക്കുവാനുള്ള തുക | 6,34,77,299 /- |
| 3 | ആകെ സെൻട്രൽ പെൻഷൻ ഫണ്ടിലേക്ക് ഒടുക്കുവാനുള്ള തുക | 18,04,79,044 /- |
| 4 | നഗരസഭ പെൻഷൻ ഇനത്തിൽ 2008 മുതൽ 12/2016 വരെ ആകെ ചെലവഴിച്ച തുക | 78,61,19,975 /- |
| 5 | നഗരസഭയ്ക്ക് പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ ലഭിച്ച തുക | 11,80,69,157 /- |
| 6 | നഗരസഭയ്ക്ക് ലഭിക്കാനുള്ള തുക | 66,80,50,818 /- |

| | | |
|---|---|---|
| 7 | പെൻഷൻ അലോട്ട്മെന്റ് ഇനത്തിൽ നഗരസഭയ്ക്ക് ബാലൻസ് ലഭിക്കാനുള്ള തുക | 48,75,71,774 /- [66,80,50,818 /- ചെലവഴിച്ച തുക) -18,04,79,044)] |

2.(എ)മുനിസിപ്പൽ കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട്

നഗരസഭയിലെ കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി നഗരസഭ സെക്രട്ടറിയുടെ പേരിൽ അഡീഷണൽ സബ്ട്രഷറിയിൽ ഒരു അക്കൗണ്ട് ഉണ്ട് (ടി.പി.എ.133). കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ തുക നഗരസഭയുടെ ജനറൽ പർപ്പസ് ഫണ്ടിൽ (ട്രഷറി അക്കൌണ്ട് നം 4) നിന്നും കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ട് അക്കൌണ്ടിലേക്ക് മാറ്റുകയാണ് ചെയ്യുന്നത്. 2007-08 മുതൽ 2016-17 വരെയുള്ള കാലയളവിൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ച 11,80,69,157 /- രൂപ ട്രഷറിയിലുള്ള ജനറൽ പർപ്പസ് ഫണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത് (അക്കൌണ്ട് നം 4). പെൻഷൻകാരുടെ ആനുകൂല്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി നഗരസഭ 2010-11 മുതൽ 2016-17 വരെ 73,34,93,820 /- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം താഴെക്കൊടുക്കുന്നു.

| വർഷം | തുക |
|---|---|
| 2010-11 | 5,38,61,548.00 |
| 2011-12 | 7,15,61,752. 00 |
| 2012-13 | 8,47,06,986.00 |
| 2013-14 | 10,23,49,237.00 |
| 2014-15 | 12,82,70,929.00 |
| 2015-16 | 14,67,96,336.00 |
| 2016-17 | 14,59,47,032.00 |
| ആകെ | 73,34,93,820.00 |

മേൽപ്പറഞ്ഞ തുക ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും (അക്കൌണ്ട് നം 4,615) കണ്ടിൻജന്റ് ജീവനക്കാർക്ക് പെൻഷൻ വിതരണത്തിനായുള്ള ട്രഷറി അക്കൌണ്ടിലേക്ക് മാറ്റുകയാണ്

ചെയ്യുന്നത് (ടി.പി.എ.133). കണ്ടിൻജന്റ് പെൻഷൻ ഫണ്ടിന്റെ (ടി.പി.എ.133) 2016-17 വർഷത്തെ വരവ് - ചെലവ് പത്രിക താഴെക്കൊടുക്കുന്നു

<u>കണ്ടിൻജന്റ് പെൻഷൻ ഫണ്ടിന്റെ (ടി.പി.എ.133) 2016-17 വർഷത്തെ വരവ് - ചെലവ് പത്രിക</u>

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| **മുന്നിരിപ്പ്**<br>കണ്ടിൻജന്റ് പെൻഷൻ ഫണ്ട് (ടി.പി.എ.133). | 3,19,698.00 | കണ്ടിൻജന്റ് പെൻഷൻ ഫണ്ടിൽ (ടി.പി.എ.133) നിന്നുള്ള ചെലവ്. | 14,59,47,032.00 |
| നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ലഭിച്ച അലോട്ട്മെന്റ്. | ഇല്ല | | |
| തനത് ഫണ്ടിൽ നിന്നും (ട്രഷറിഎസ്. ടി.എസ്.ബി.അക്കൌണ്ട് നം.4, 615 ) പെൻഷൻ നൽകുന്നതിനായി കണ്ടിൻജന്റ് പെൻഷൻ ഫണ്ടിലേക്ക് (ടി.പി.എ.133) മാറ്റിയ തുക. | 14,76,68,419.00 | | |
| പലിശ വരവ് | 1,04,076.00 | **നീക്കിയിരിപ്പ്**<br>കണ്ടിൻജന്റ് പെൻഷൻ ഫണ്ട് (ടി.പി.എ.133). | 21,45,161.00 |
| ആകെ | 14,80,92,193.00 | ആകെ | 14,80,92,193.00 |

<u>(ബി) കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻ വിഹിതം പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കുന്നില്ല.</u>

1997 ലെ കേരള മുനിസിപ്പാലിറ്റി (കണ്ടിൻജന്റ് ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ഓരോ മാസവും ജീവനക്കാരുടെ ശംബള ബിൽ പാസ്സാക്കുന്നതോടൊപ്പം ഓരോ കണ്ടിൻജന്റ് ജീവനക്കാരന്റെയും വേതനത്തിന്റെ 15% വരുന്ന തുക മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് മുനിസിപ്പൽ കണ്ടിൻജന്റ് പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നിലവിൽ നഗരസഭയിലെ കണ്ടിൻജന്റ് ജീവനക്കാർക്ക് യഥാർത്ഥത്തിൽ നൽകേണ്ട വേതനം മാത്രമാണ് ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും പിൻവലിക്കുന്നത്. ജീവനക്കാരുടെ വേതനത്തിന്റെ 15% വരുന്ന തുക (പെൻഷൻ വിഹിതം) മുനിസിപ്പൽ ഫണ്ടിൽ നിന്നും പിൻവലിച്ച് കണ്ടിൻജന്റ് പെൻഷൻ ഫണ്ടിൽ യഥാസമയം നിക്ഷേപിക്കുന്നില്ല. പകരം തനത് ഫണ്ടിൽ നിന്നും കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻ ഫണ്ടിലേക്ക് ഗഡുക്കളായി തുക മാറ്റിയാണ് നിലവിൽ ആനുകൂല്യങ്ങൾ നൽകുന്നത്. കണ്ടിൻജന്റ് ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനായി ചട്ട പ്രകാരം പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ

ഓരോ ജീവനക്കാരനും ബാധകമായ തുക മുനിസിപ്പൽ ഫണ്ടിൽ നിന്നും എല്ലാ മാസവും കണ്ടിൻജന്റ് പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്. കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻവിഹിതം ഉൾപ്പെടെയുള്ള തുക ഉൾപ്പെടുത്തി ശമ്പള ബിൽ പിൻവലിക്കേണ്ടതും ജീവനക്കാർക്ക് യഥാർത്ഥത്തിൽ നൽകേണ്ട തുക മാത്രമായി പിൻവലിക്കാൻ പാടില്ലാത്തതുമാണ്. ചട്ടപ്രകാരം പെൻഷൻ വിഹിതം എല്ലാമാസവും പെൻഷൻ ഫണ്ടിൽ ഒടുക്കാത്തതിനാൽ പലിശയിനത്തിൽ ലഭിക്കാവുന്ന വരവ് നഷ്ടപ്പെടുകയും അതു വഴ് നഗരസഭയ്ക്ക് അധിക സാമ്പത്തിക ബാധ്യതയ്ക്ക് കാരണമാകുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ, മാസംതോറും ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ പെൻഷൻ ഫണ്ടിൽ ഒടുക്കുന്നത് ഭാവിയിൽ നഗരസഭയ്ക്ക് പെൻഷൻ നൽകുന്നതിന്റെ ബാധ്യത ഒരു പരിധിവരെ ലഘൂകരിക്കാൻ സഹായിക്കുന്നതാണ്.

3)റഗുലർ, കണ്ടിൻജന്റ് ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിനായി ഫണ്ട് വകമാറ്റി ചെലവഴിക്കുന്നു

നഗരസഭയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്ന റഗുലർ പെൻഷൻകാർക്ക് പെൻഷൻ നൽകുന്നതിനാവശ്യമായ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിക്കാത്തതിനാൽ നിലവിൽ നഗരസഭ തനത് ഫണ്ടിൽ (ട്രഷറിഎസ്.ടി.എസ്.ബി.അക്കൌണ്ട് നം.4, 615 ) നിന്നും തുക വകമാറ്റിയാണ് പെൻഷൻ നൽകുന്നത്. 2016-17 വർഷത്തിൽ റഗുലർ പെൻഷൻകാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി 13,39,61,688.00 രൂപയും, കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനായി 14,76,68,419.00 രൂപയും നഗരസഭ തനത് ഫണ്ടിൽ നിന്നും വകമാറ്റിയിട്ടുണ്ട്. 2016-17 വർഷത്തിൽ പെൻഷൻ നൽകുന്നതിനായി സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും അലോട്ട്മെന്റ് ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

## 3-52 വാർഡ് കമ്മിറ്റി മിനുട്ട്സ്- അപാകതകൾ

2015-16, 2016-17 വർഷങ്ങളിലെ വാർഡ് സഭ മിനുട്ട്സുകൾ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ പറയുന്നു.

1. മിനുട്ട്സ് ബുക്കിൽ 1 മുതൽ 100 വരെ പേജുകൾ ക്രമ നമ്പർ ഇട്ടത് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തയിട്ടില്ല.
2. ഓരോ വാർഡിലേയും ആകെ സമ്മതിദായകരുടെ എണ്ണം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല.
3. മിനുട്ട്സ് ബുക്കിൽ അനവധി തവണ പേജുകൾ രേഖപ്പെടുത്തലുകൾ നടത്താതെ ഒഴിച്ചിട്ടിരിക്കുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വാർഡ് | മിനുട്ട്സ് പേജ് നം |
|---|---|---|
| 1 | 8 | 19 മുതൽ 24 വരെ |
| 2 | 54 | 36 മുതൽ 37 വരെ ,25 മുതൽ 31 വരെ |
| 3 | 4 | 7 മുതൽ 8 വരെ |

| | | |
|---|---|---|
| | | |
| 4 | 32 | 16 |
| 5 | 9 | 19,21 |
| 6 | 39 | 17,29 |
| 7 | 31 | 34 മുതൽ 36 വരെ , |
| 8 | 18 | 9,17,18 |

4. വാർഡ് 18 ൽ പേജ് 7,8 എന്നിവയിൽ വാർഡ് സഭയിൽ പങ്കെടുത്തവരുടെ ഒപ്പ് ഭാഗികമായി മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്
5. ഓരോ മീറ്റിംഗും കഴിഞ്ഞശേഷം മീറ്റംഗിലെടുത്ത തീരുമാനങ്ങൾ എഴുതിചേർത്തശേഷം മിനുട്ട്സ് ക്ലോസ് ചെയ്ത് കോർഡിനേറ്റർ/ കൌൺസിലർ ഒപ്പ് വെക്കുന്നതായി കാണുന്നില്ല . ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| വാർഡ് | മീറ്റിംഗ് നടന്ന തിയ്യതികൾ |
|---|---|
| 18 | 5/2/16 , 21/2/16, 3/11/16 ,7/4/17 |
| 31 | 6/5/16 |
| 65 | 10/4/17 |

6. 1995 ലെ കേരള മുനിസിപ്പാലിറ്റി (വാർഡ് കമ്മിറ്റി രൂപീകരണവും യോഗ നടപടിക്രമങ്ങളും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം അംഗങ്ങളുടെ പേരു വിവരങ്ങൾ അടങ്ങിയ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും യോഗത്തിൽ ഹാജരാകുന്ന അംഗങ്ങൾ അതിൽ ഹാജർ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ മേൽ രജിസ്റ്റർ കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിൽ സൂക്ഷിക്കുന്നില്ല.

7. ചട്ടം പ്രകാരമുള്ള കാലയളവിനുള്ളിൽ വാർഡ് കമ്മിറ്റി യോഗം ചേർന്നിട്ടില്ല. താഴെക്കൊടുത്തിരിക്കുന്ന വാർഡുകളിൽ ചട്ടം 6 പ്രകാരമുള്ള 3 മാസക്കാലയളവ് എന്ന ഇടവേള പാലിക്കാതെയാണ് വാർഡ് കമ്മിറ്റി മീറ്റിംഗ് നടത്തിയിരിക്കുന്നത്.

* വാർഡ് 65 ൽ 13.11.16 ന് വാർഡ് സഭ കഴിഞ്ഞശേഷം 8.4.17 നാണ് അടുത്ത യോഗം നടന്നത്.
* വാർഡ് 72 ൽ 23.2.16 ന് വാർഡ് സഭ കഴിഞ്ഞശേഷം 21.8.16 നാണ് അടുത്ത യോഗം നടന്നത്.
* വാർഡ് 74 ൽ 12.11.16 ന് വാർഡ് സഭ കഴിഞ്ഞശേഷം 5.3.17 നാണ് അടുത്ത യോഗം നടന്നത്.

8. പരിശോധിച്ച വാർഡ് കമ്മിറ്റി മിനിട്ട്സുകളിൽ ചട്ടം 9 പ്രകാരം നിർദ്ദിഷ്ട ഫോറത്തിൽ വികസന പദ്ധതികൾ കൌൺസിലിന് സമർപ്പിച്ചിട്ടില്ല. ചട്ടം 10 പ്രകാരം ആനുകാലിക റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഒ.എസ്- ന് ( ഒ.എസ് നം 29/2016-17) നഗരസഭ മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-53 മുൻകൂറുകൾ അഡ്ജസ്റ്റ് ചെയ്തതിന്റെ വിവരം ലഭ്യമല്ല

കോഴിക്കോട് നഗരസഭയിലെ 2016-17 വർഷത്തെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ ഓണം മുൻകൂർ, വിവാഹ ധനസഹായ മുൻകൂർ , കാന ശുചീകരണം (സിൽറ്റ് റിമൂവൽ) മുൻകൂർ, യാത്രാബത്ത മുൻകൂറുകൾ, അപകടകരമായ മരങ്ങൾ മുറിച്ചുമാറ്റൽ മുൻകൂർ, റാമ്പ് നിർമ്മാണം മുൻകൂർ, എൻ.ആർ.എച്ച്.എം, കാലിത്തീറ്റ വിതരണം മുൻകൂർ, മറ്റു ഇനങ്ങളിൽ നൽകിയിട്ടുള്ള മുൻകൂറുകൾ അഡ്ജസ്റ്റ് ചെയ്യാതെ അവശേഷിക്കുന്നതായി കാണുന്നു. മുൻകൂർ രജിസ്റ്ററിൽ തൻവർഷം നൽകിയ തുക തിരികെ ഈടാക്കിയ തുക ഈടാക്കാൻ അവശേഷിക്കുന്ന തുക എന്നിവ സംബന്ധിച്ച സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

I) ഓണം അഡ്വാൻസ്

വിവിധ വൗച്ചറികളിലായി ജീവനക്കാർക്ക് ഓണം മുൻകൂർ നൽകിയെങ്കിലും മുഴുവൻ പേരുടെയും മുൻകൂർ തുകകളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.മുൻകൂർ നൽകിയവരുടെ ലിസ്റ്റിന് നേരെ മുൻകൂർ തിരികെ ഈടാക്കിയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടുമില്ല.രജിസ്റ്ററിലെ രേഖപ്പെടുത്തലിന്റെ അഭാവത്തിൽ മുഴുവൻ മുൻകൂർ തുകയും ഈടാക്കിയിട്ടുണ്ടോ എന്നുറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. 2016-17 വർഷം മുൻകൂർ നൽകിയതിന്റെ വിവരം താഴെ ചേർക്കുന്നു. മുൻകൂർ അഡ്ജസ്റ്റ് ചെയ്തതിന്റെ കൃത്യമായ വിവരം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

| ക്രമ നം | വൌച്ചർ നം/തീയതി | തുക |
|---|---|---|
| 1 | 21602880/08.09.16 | 33000 |
| 2 | 21602942/09.09.16 | 6740000 |
| 3 | 21602943/09.09.16 | 450000 |
| 4 | 21602959/19.09.16 | 15000 |

| | | |
|---|---|---|
| 5 | 21602969/19.09.16 | 15000 |
| 6 | 21602979/19.09.16 | 150000 |
| 7 | 21602996/19.09.16 | 90000 |
| 8 | 21603009/20.09.16 | 30000 |
| 9 | 21603565/26.10.16 | 15000 |
| 10 | 21603568/26.10.16 | 435000 |
| 11 | 21603569/26.10.16 | 385000 |
| 12 | 21603570/26.10.16 | 15000 |
| 13 | 21603578/26.10.16 | 450000 |
| 14 | 21603579/26.10.16 | 255000 |
| 15 | 21603580/26.10.16 | 330000 |
| 16 | 21603581/26.10.16 | 75000 |
| 17 | 21603582/26.10.16 | 15000 |
| 18 | 21603583/26.10.16 | 555000 |
| 19 | 21603584/26.10.16 | 90000 |
| 20 | 21603586/26.10.16 | 1370000 |
| 21 | 21603588/26.10.16 | 15000 |
| 22 | 21603589/26.10.16 | 370000 |
| | ആകെ | 11898000 |

2. <u>വിവാഹ അഡ്വാൻസ് വായ്പ</u>

താഴെ കൊടുത്ത പട്ടികയിലെ ജീവനക്കാർക്ക് വിവാഹ വായ്പ മുൻകൂർ നൽകിയിട്ടുണ്ട്. ദീർഘകാല മുൻകൂർ വിവരം സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ അനുവദിച്ചുകൊണ്ടുള്ള ഉത്തരവിൽ സേവനപുസ്തകത്തിൽ രേഖപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ക്രമ നം 1 മുതൽ 3 വരെയുള്ളവരുടെ സേവനപുസ്തകത്തിൽ ഈ വിവരം രേഖപ്പെടുത്തിയതായി കാണുന്നില്ല. ക്രമ നം 4 ലെ ജീവനക്കാരിയുടെ സേവനപുസ്തകം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വായ്പ നൽകിയ വിവരം ജീവനക്കാരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും.റിക്കവറി വിവരം അഡ്വാൻസ് രജിസ്റ്ററിൽ എഴുതി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

| ക്രമ നം | ജീവനക്കാരന്റെ പേരും | തസ്തിക | ചെക്ക് നം | തുക |
|---|---|---|---|---|
| 1 | കന്തസാമി.കെ | ക്ലീനർ | 348160 / 22/11/16 | 30,000 |
| 2 | എം. രവി | കാർട്ട്മാൻ | 032633 / 21/6/16 | 30,000 |
| 3 | മുരുകൻ.പി | ഒ.എ | 691280 / 12/3/17 | 30,000 |
| 4 | കെ.റ്റി.ലതിക ഭായ് | സാനിട്ടറി വർക്കർ | 693182 / 4/3/17 | 30000 |
| ആകെ | | | | 1,20,000 |

III) കാന ശുചീകരണം (സിൽറ്റ് റിമൂവൽ) മുൻകൂർ

| ക്രമ നം | അഡ്വാൻസ് രജിസ്റ്റർ പേജ് നം | ഫയൽ നം | മുൻകൂർ കൈപ്പറ്റിയത് | വൗച്ചർ /ചെക്ക് നം/ തിയ്യതി | തുക |
|---|---|---|---|---|---|
| 1 | 11 | F7/29162/16 | ഗണേഷ്.സി.കെ (ജെ. എച്ച് .ഐ) വാർഡ് 4 | 938292 / 6/5/16 | 83600 |
| 2 | 11 | | ഗണേഷ്.സി.കെ (ജെ. എച്ച് .ഐ) വാർഡ് 5 | 938293 / 6/5/16 | 63800 |
| 3 | 12 | | ഗുണശീലൻ.ബി (ജെ. എച്ച് .ഐ) വാർഡ് 6 | 938294 / 14/5/16 | 73150 |
| 4 | 12 | | ഷാജു.കെ.റ്റി (ജെ. എച്ച് .ഐ) വാർഡ് 7 | 938295 / 7/5/16 | 79200 |
| 5 | 12 | | സുജിത്ത് റോയ്.എസ് (ജെ. എച്ച് .ഐ) വാർഡ് 8 | 938296 / 12/5/16 | 77000 |
| 6 | 12 | | ഷാജു.കെ.റ്റി (ജെ. എച്ച് .ഐ) വാർഡ് 9 | 938297/ 7/5/16 | 77000 |
| 7 | 12 | | മനോജ്.കെ.കെ (ജെ. എച്ച് .ഐ) വാർഡ് 11 | 938299 / 9/5/16 | 90750 |
| 8 | 12 | | സുജിത്ത് റോയ്.എസ് (ജെ. എച്ച് .ഐ) വാർഡ് 12 | 938300 / 12/5/16 | 55000 |
| 9 | 12 | | മജീദ്.വി.കെ (ജെ. എച്ച് .ഐ) വാർഡ് 13 | 938301 / 18/5/16 | 73700 |

| | | | | | |
|---|---|---|---|---|---|
| 10 | 12 | | സുജിത്ത് റോയ്.എസ് (ജെ. എച്ച് .ഐ) വാർഡ് 14 | 938302 / 12/5/16 | 55000 |
| 11 | 12 | | മനോജ്.കെ.കെ (ജെ. എച്ച് .ഐ) വാർഡ് 15 | 938303 / 9/5/16 | 55000 |
| 12 | 13 | | മനോജ്.കെ.കെ (ജെ. എച്ച് .ഐ) വാർഡ് 16 | 938304/ 9/5/16 | 44000 |
| 13 | 13 | | മനോജ്.കെ.കെ (ജെ. എച്ച് .ഐ) വാർഡ് 17 | 938305 / 9/5/16 | 38500 |
| 14 | 13 | | റജി തോമസ് (ജെ. എച്ച് .ഐ) വാർഡ് 18 | 938306 / 13/5/16 | 57200 |
| 15 | 13 | | റജി തോമസ് (ജെ. എച്ച് .ഐ) വാർഡ് 19 | 938307 / 13/5/16 | 55000 |
| 16 | 13 | | മനോജ്.കെ.കെ (ജെ. എച്ച് .ഐ) വാർഡ് 21 | 938309 / 9/5/16 | 55000 |
| 17 | 13 | | മജീദ്.വി.കെ (ജെ. എച്ച് .ഐ) വാർഡ് 25 | 938311 / 6/5/16 | 82500 |
| 18 | 13 | | മജീദ്.വി.കെ (ജെ. എച്ച് .ഐ) വാർഡ് 26 | 938301 / 10/5/16 | 82500 |
| 19 | 14 | | കിരൺ.വി.ജി (ജെ. എച്ച് .ഐ) വാർഡ് 32 | 938316 / 5/5/16 | 55000 |
| 20 | 14 | | കിരൺ.വി.ജി (ജെ. എച്ച് .ഐ) വാർഡ് 33 | 938317 / 5/5/16 | 55000 |
| 21 | 14 | | സതീഷ്.പി (ജെ. എച്ച് .ഐ) വാർഡ് 34 | 938318 / 9/5/16 | 55000 |
| 22 | 14 | | സതീഷ്.പി (ജെ. എച്ച് .ഐ) വാർഡ് 35 | 938319 / 9/5/16 | 60500 |

| | | | | | |
|---|---|---|---|---|---|
| 23 | 14 | | സത്യൻ.കെ.റ്റി (ജെ. എച്ച് .ഐ) വാർഡ് 36 | 938320 / 4/5/16 | 82500 |
| 24 | 14 | | സത്യൻ.കെ.റ്റി (ജെ. എച്ച് .ഐ) വാർഡ് 37 | 938321 / 4/5/16 | 82500 |
| 25 | 15 | | ശശി.എൻ (ജെ. എച്ച് .ഐ) വാർഡ് 39 | 938323 / 4/5/16 | 63800 |
| 26 | 15 | | ബൈജു.കെ (ജെ. എച്ച് .ഐ) വാർഡ് 40 | 938324 / 4/5/16 | 74800 |
| 27 | 15 | | ശശി.എൻ (ജെ. എച്ച് .ഐ) വാർഡ് 54 | 938325 / 4/5/16 | 99000 |
| 28 | 15 | | മേഘനാഥൻ.റ്റി.കെ (ജെ. എച്ച് .ഐ) വാർഡ് 60 | 938329 / 7/5/16 | 100000 |
| 29 | 15 | | രജീന്ദ്രൻ.റ്റി (ജെ. എച്ച് .ഐ) വാർഡ് 63 | 938331 / 6/5/16 | 100000 |
| 30 | 15 | | ബിജു ജയറാം (ജെ. എച്ച് .ഐ) വാർഡ് 64 | 938332 / 9/5/16 | 88000 |
| 31 | 16 | | ഷാജു.കെ.റ്റി (ജെ. എച്ച് .ഐ) വാർഡ് 70 | 938334 / 7/5/16 | 49500 |
| 32 | 16 | | പ്രകാശൻ.റ്റി.പി (ജെ. എച്ച് .ഐ) വാർഡ് 71 | 938335 / 6/5/16 | 86900 |
| 33 | 16 | | സജീഷ്.വി.ജി (ജെ. എച്ച് .ഐ) വാർഡ് 72 | 938336 / 6/5/16 | 82500 |
| 34 | 16 | | പ്രകാശൻ.റ്റി.പി (ജെ. എച്ച് .ഐ) വാർഡ് 73 | 938337 / 6/5/16 | 82500 |
| 35 | 16 | | സജീഷ്.വി.ജി (ജെ. എച്ച് .ഐ) വാർഡ് 74 | 938338 / 6/5/16 | 55000 |

| | | | | | |
|---|---|---|---|---|---|
| 36 | 16 | | ഗണേഷ്.സി.കെ (ജെ. എച്ച് .ഐ) വാർഡ് 75 | 938339 / 12/5/16 | 77000 |
| 37 | 17 | F7/29162/16 | ബാബു.ഇ (ജെ. എച്ച് .ഐ) വാർഡ് 23 | 938370 / 12/5/16 | 55000 |
| 38 | 17 | | സുബറാം.വി.കെ (ജെ. എച്ച് .ഐ) വാർഡ് 24 | 938371 / 7/5/16 | 55000 |
| 39 | 17 | | സുബറാം.വി.കെ (ജെ. എച്ച് .ഐ) വാർഡ് 29 | 938373 / 6/5/16 | 66000 |
| 40 | 17 | | ബൈജു.കെ (ജെ. എച്ച് .ഐ) വാർഡ് 41 | 938374 / 4/5/16 | 74800 |
| 41 | 18 | | ബൈജു.കെ (ജെ. എച്ച് .ഐ) വാർഡ് 42 | 938375 / 4/5/16 | 66000 |
| 42 | 18 | | ബൈജു.കെ (ജെ. എച്ച് .ഐ) വാർഡ് 43 | 986656 / 4/5/16 | 66000 |
| 43 | 18 | | ജൂലി.പി.ഒ (ജെ. എച്ച് .ഐ) വാർഡ് 44 | 986657 / 4/5/16 | 63800 |
| 44 | 18 | | ജൂലി.പി.ഒ (ജെ. എച്ച് .ഐ) വാർഡ് 45 | 986658 / 4/5/16 | 63800 |
| 45 | 18 | | ജൂലി.പി.ഒ, (ജെ. എച്ച് .ഐ) വാർഡ് 46 | 986659 / 4/5/16 | 63800 |
| 46 | 19 | | രജീന്ദ്രൻ.പി.വി (ജെ. എച്ച് .ഐ) വാർഡ് 51 | 986664 / 10/5/16 | 66000 |
| 47 | 19 | | രജീന്ദ്രൻ.പി.വി (ജെ. എച്ച് .ഐ) വാർഡ് 52 | 986665 / 10/5/16 | 63800 |
| 48 | 19 | | രജീന്ദ്രൻ.പി.വി (ജെ. എച്ച് .ഐ) വാർഡ് 53 | 986666 / 10/5/16 | 83600 |

| | | | | | |
|---|---|---|---|---|---|
| 49 | 19 | | വത്സൻ.സി.കെ (ജെ. എച്ച് .ഐ) വാർഡ് 62 | 986667 / 9/5/16 | 100000 |
| 50 | 20 | | സിനിൽ.എസ്.കെ (ജെ. എച്ച് .ഐ) വാർഡ് 68 | 986804 / 19/5/17 | 55000 |
| 51 | 20 | | സിനിൽ.എസ്.കെ (ജെ. എച്ച് .ഐ) വാർഡ് 68 | 986802/ 19/5/17 | 83600 |
| 52 | 22 | F7/29162/16 | വത്സൻ.സി.കെ (ജെ. എച്ച് .ഐ) വാർഡ് 65 | 032233 / 9/6/16 | 82500 |
| 53 | 22 | | വത്സൻ.സി.കെ (ജെ. എച്ച് .ഐ) വാർഡ് 62 | 032234 / 9/6/16 | 76000 |
| 54 | 24 | F7/119760/15 | വത്സൻ.സി.കെ (ജെ. എച്ച് .ഐ) വാർഡ് 65 | 032300 / 21/6/16 | 50000 |
| 55 | 25 | F7/24062/16 | ശ്രീ.മജീദ് വി.കെ (ജെ. എച്ച് .ഐ) വാർഡ് 25 | 032731 / 29/6/16 | 100000 |
| 56 | 26 | F7/29162/16 | ശ്രീ.സുബൈർ.എം.കെ (ജെ. എച്ച് .ഐ) വാർഡ് 67 | 130701 / 5/7/16 | 43000 |
| 57 | 30 | F7/29162/16 | ശ്രീമതി പുഷ്പ വി.ടി (ജെ. എച്ച് .ഐ) വാർഡ് 57,58 | 225114 / 25/8/16 | 119000 |
| 58 | 30 | F7/29162/16 | ശ്രീ.പ്രമോദ്.വി.കെ ജെ. എച്ച് .ഐ) വാർഡ് 61 | 225348 / 26/9/16 | 75000 |
| 59 | 36 | F7/17892/16 | ശ്രീ.എ.പി.സുരേഷ് (ജെ. എച്ച് .ഐ) വാർഡ് 60 | 348294 / 2/12/16 | 97000 |
| 60 | 42 | F7/24156/16 | ശ്രീ.റിഷാദ് (ജെ. എച്ച് .ഐ)വാർഡ് 67 | 902191 / 3/4//17 | 100000 |
| 61 | 42 | F7128191/15 | ശ്രീ.ഷമീർ (ജെ. എച്ച് .ഐ)വാർഡ് 59 | 902190 / 31/3/17 | 100000 |
| ആകെ | | | | | 44,161,00 |

iv) യാത്രാബത്ത മുൻകൂറുകൾ

| ക്രമ നം | അഡ്വാൻസ് രജിസ്റ്റർ പേജ് നം | ഫയൽ നം | മുൻകൂർ കൈപ്പറ്റിയത് | മുൻകൂർ കൈപ്പറ്റിയത് | വൗച്ചർ/ചെക്ക് നം/ തിയ്യതി | തുക |
|---|---|---|---|---|---|---|
| 1 | 156 | C4/4342/17 | | ശ്രീമതി.ജോഷി മുൺമയി ശശാങ്ക് (സെക്രട്ടറി) | 690941 / 16/1/17 | 12000 |
| 2 | 191 | D3/4996/17 | | ശ്രീമതി.ലളിത പ്രഭ (സ്ലാൻഡിംഗ് കമ്മിറ്റി ചെയർമാൻ) | 690943 / 4/2/17 | 12000 |
| 3 | 40 | F6/125182/16 | | ശ്രീമതി.ജോഷി മുൺമയി ശശാങ്ക് (സെക്രട്ടറി) | 690942 / 16/1/17 | 34500 |
| ആകെ | | | | | | 58,500 |

v) അപകടകരമായ മരങ്ങൾ മുറിച്ചുമാറ്റൽ.

| ക്രമ നം | അഡ്വാൻസ് രജിസ്റ്റർ പേജ് നം | ഫയൽ നം | മുൻകൂർ കൈപ്പറ്റിയത് | വൗച്ചർ/ ചെക്ക് നം/ തിയ്യതി | തുക |
|---|---|---|---|---|---|
| 1 | 11 | F5/13/26126/11 | ശ്രീ.എം. അബ്ദുൾ മജീദ് (എച്ച് .ഐ) സർക്കിൾ 17 | 938119 / 23/4/16 | 10000 |
| 2 | 21 | F13/40646/ 16 | ശ്രീ.പി.പി.സുരേഷ് ബാബു (എച്ച് .ഐ)സർക്കിൾ 02 | 032632 / 21/6/16 | 9000 |
| 3 | 25 | F13/10755/16 | ശ്രീ.മോഹൻദാസ്.എൻ.കെ (എച്ച് .ഐ)സർക്കിൾ 08 | 032631 / 21/6/16 | 10725 |
| 4 | 29 | F13/64486/16 | ശ്രീ.പി.പി.സുരേഷ് ബാബു (എച്ച് .ഐ)സർക്കിൾ 02 | 136903 / 22/6/16 | 3375 |
| 5 | 29 | F5/13/99149/15 | ശ്രീ.എം. അബ്ദുൾ മജീദ് (എച്ച് .ഐ)സർക്കിൾ 17 | 193967 / 25/7/16 | 3500 |
| 6 | 30 | F13/44103/09 | ശ്രീ.ജീവൻരാജ്.ഇ.കെ (എച്ച് .ഐ)സർക്കിൾ 14 | 273388 / 20/10/16 | 1700 |
| 7 | 40 | F13/110404/16 | ശ്രീ.രമേശൻ .കെ.പി (എച്ച് .ഐ) സർക്കിൾ 10 | 466692 / 29/12/16 | 6750 |

| | | | | | |
|---|---|---|---|---|---|
| 8 | 41 | F13/26687/15 | ശ്രീ. രാജേന്ദ്രൻ (എച്ച് .ഐ)സർക്കിൾ 18 | 691642 / 10/02/17 | 3000 |
| 9 | 41 | F13/110404/16 | ശ്രീ.സുജിത്ത് റോയ്.എസ്. (എച്ച് .ഐ)സർക്കിൾ 13 | 904601 / 28/03/17 | 5000 |
| ആകെ | | | | | 53050 |

vi) റാമ്പ് നിർമ്മാണം

| ക്രമ നം | അഡ്വാൻസ് രജിസ്റ്റർ പേജ് നം | ഫയൽ നം | മുൻകൂർ കൈപ്പറ്റിയത് | വൗച്ചർ/ ചെക്ക് നം | തുക |
|---|---|---|---|---|---|
| 1 | 126 | EG 2/46346/16 | ശ്രീ.പി.ജി.ശശി (എ.ഇ) | 986729 / 13/5/16 | 120000 |
| 2 | 126 | EG 10/40031/16 | ശ്രീമതി.അഞ്ജലി.പി (എ.ഇ) | 986758 / 13/5/16 | 80000 |
| 3 | 126 | EG10/40097/16 | ശ്രീ.രാജേഷ്.കെ.എം (എ.ഇ) | 986757 / 13/5/16 | 128000 |
| 4 | 127 | EG4/47354/16 | ശ്രീ.മണികണ്ഠൻ (പി.ഡബ്ല്യ.ഒ) | 986779 / 19/5/16 | 75000 |
| 5 | 127 | EG5/47420/16 | ശ്രീമതി.എസ്.ദിവ്യ (എ.ഇ) | 986792 / 18/5/16 | 40000 |
| ആകെ | | | | | 4,43,000 |

vii) എൻ.ആർ.എച്ച്.എം, കാലിത്തീറ്റ വിതരണം

| ക്രമ നം | അഡ്വാൻസ് രജിസ്റ്റർ പേജ് നം | ഫയൽ നം | മുൻകൂർ കൈപ്പറ്റിയത് | വൗച്ചർ/ ചെക്ക് നം | തുക |
|---|---|---|---|---|---|
| 1 | 37 | | ശ്രീമതി. നസീമ (ജെ.എച്ച്.എൻ) വാർഡ് 30 | 377375 / 22/12/16 | 10000 |
| 2 | 37 | | ശ്രീ. ബിജു.എൻ.എ (ജെ.എച്ച്.എൻ) വാർഡ് 28 | 377374 / 22/12/16 | 10000 |
| 3 | 37 | | ശ്രീമതി സുബൈദ (ജെ.എച്ച്.എൻ) വാർഡ് 18 | 377373 / 22/12/16 | 10000 |
| 4 | 37 | | ശ്രീമതി അൽജസീറ (ജെ.എച്ച്.എൻ) വാർഡ് 54 | 377372 / 22/12/16 | 10000 |

| | | | | | |
|---|---|---|---|---|---|
| 5 | 37 | | ശ്രീമതി. ലൈല.ഇ (ജെ.എച്ച്.എൻ) വാർഡ് 57 | 377371 / 22/12/16 | 10000 |
| 6 | 37 | | ശ്രീമതി.മൻജൂഷ (ജെ.എച്ച്.എൻ) വാർഡ് 58 | 377370 / 22/12/16 | 10000 |
| 7 | 37 | | ശ്രീമതി ഹാജറ (ജെ.എച്ച്.എൻ) വാർഡ് 66 | 377369 / 22/12/16 | 10000 |
| 8 | 37 | | ശ്രീമതി. റുഹാനത്ത് (ജെ.എച്ച്.എൻ) വാർഡ് 71 | 377368 / 22/12/16 | 10000 |
| 9 | 37 | | ശ്രീമതി. സിജി (ജെ.എച്ച്.എൻ) വാർഡ് 72 | 377367 / 22/12/16 | 10000 |
| 10 | 37 | | ശ്രീമതി. രേഷ്മ (ജെ.എച്ച്.എൻ) വാർഡ് 73 | 377366 / 22/12/16 | 10000 |
| 11 | 38 | | ശ്രീ. വൽസൻ.സി.കെ ജെ.എച്ച്.എൻ) വാർഡ് 65 | 377359 / 22/12/16 | 10000 |
| 12 | 38 | | ശ്രീമതി. വിജയലക്ഷ്മി,എസ് ജെ.എച്ച്.എൻ) വാർഡ് 34 | 377360 / 22/12/16 | 10000 |
| 13 | 38 | | ശ്രീ. സത്യൻ.കെ.ജെ ജെ.എച്ച്.എൻ) വാർഡ് 37 | 377361 / 22/12/16 | 10000 |
| 14 | 38 | F1/61315/16 F1/96778/16 | ശ്രീമതി. ഷീജ ജെ.എച്ച്.എൻ) വാർഡ് 36 | 377362 / 22/12/16 | 10000 |
| 15 | 26 | F6/57703/16 | ശ്രീ. വൽസൻ.സി.കെ (ജെ.എച്ച്.ഐ)വാർഡ് 65 | 130688 / 5/7/16 | 50000 |
| 16 | 27 | F1/61315/16 | ശ്രീ.മജീദ്.വി.കെ (ജെ.എച്ച്.ഐ) വാർഡ് 13 | 130800 / 16/7/16 | 10000 |
| 17 | 28 | F1/61315/16 | ശ്രീ. ഷാജു .കെ.റ്റി വാർഡ് 70 | 130812 / 16/7/16 | 10000 |
| 18 | 30 | | ശ്രീ. വൽസൻ.സി.കെ | 225393 / | 1800 |

| | | | | | |
|---|---|---|---|---|---|
| | | F1/70742/16 | ജെ.എച്ച്.എൻ) വാർഡ് 65 | 28/9/16 | |
| ആകെ | | | | | 2,11,800 |

viii) മറ്റു ചെലവുകൾ

| ക്രമ നം | അഡ്വാൻസ് രജിസ്റ്റർ പേജ് നം | ഫയൽ നം | മുൻകൂർ കൈപ്പറ്റിയത് | വൗച്ചർ/ചെക്ക് നം/ തിയ്യതി | തുക |
|---|---|---|---|---|---|
| 1 | 41 | F3/126629/2003 | ശ്രീമതി. വിജയലക്ഷമി. (ജെ.പി.എച്ച്.എൻ) | 691692 / 27/1/17 | 71900 |
| 2 | 35 | F7/54146/16 | ശ്രീ. ബൈജു.കെ (ജെ.എച്ച്.ഐ) | 273422 / 9/11/16 | 50000 |
| 3 | 110 | TP2/107160/16 | ശ്രീ. ജയകൃഷ്ണൻ (സീനിയർ ക്ലർക്ക്) | 691501 / 16/2/17 | 100000 |
| 4 | 127 | EG12/57468/16 | ശ്രീമതി. ജിത്തു.പി. (എ.ഇ) | 130704 / 5/7/16 | 10000 |
| 5 | 128 | EG12/62682/16 | ശ്രീമതി. ജിത്തു.പി. (എ.ഇ) | 130757 / 12/7/16 | 12500 |
| 6 | 129 | EG6/87737/16 | ശ്രീ. ബിബിൻ. ഒ (എ.ഇ) | 225328 / 20/9/16 | 2500 |
| 7 | 129 | EG10/97788/16 | ശ്രീമതി. ജിത്തു.പി. (എ.ഇ) | 273447 / 1/11/16 | 40000 |
| 8 | 129 | EG13/24919/17 | ശ്രീമതി. ജിത്തു.പി. (എ.ഇ) | 904604 / 28/3/17 | 5000 |
| 9 | 138 | EZ 1/305/17 | ശ്രീ.സുനിൽകുമാർ.വി (അർ.ഒ) ഏലത്തൂർ സോണൽ | 691326 / 5/3/17 | 5000 |
| 10 | 138 | EZ2/261/17 | ശ്രീ. ഷിജു.എൻ (അർ.ഐ) | 902217/27/3/17 | 10000 |
| 11 | 154 | C1/64677/16 | ശ്രീ. സാറാമ്മ (ഇലക്ഷൻഅർ.ഒ) ജില്ലാ സാമൂഹിക വകുപ്പ് ഓഫീസർ | 225456 / 5/11/16 | 50000 |
| 12 | 156 | C1/4739/17 | ശ്രീമതി ലക്ഷമി (ഓഫീസ് ഡഫേദാർ) | 690983/7/2/17 | 10000 |
| 13 | 35 | | ശ്രീ.കെ.ശിവദാസൻ | 303231 / | 50000 |

| | | | | | |
|---|---|---|---|---|---|
| | | F3/EG13/76036/ 16 | (എച്ച്.എ ട്രാൻസ്പോർട്ട്) | 17/11/16 | |
| 14 | 35 | F1/C3/65304/16 | ശ്രീ.അനി.ജെ.എ (ജെ.എച്ച്.ഐ) | 273445 / 16/11/16 | 200000 |
| 15 | 191 | D1/87849/16 | ശ്രീ. രജീന്ദ്രൻ സീനിയർ ക്ലാർക്ക് | 225271 / 19/9/16 | 30000 |
| 16 | 191 | D6/107590/16 | ശ്രീ.വി.ജയപ്രകാശ് (ആർ.ഐ) | 348292 / 2/12/16 | 100000 |
| 7,46,900 | | | | | ആകെ |

**ആകെ മൊത്തം** 1,79,47,350

മേൽ വിവരിച്ച പ്രകാരമുള്ള തുക അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. .കേരള ഫിനാൻഷ്യൽ കോഡിലെ ആർട്ടിക്കിൾ 53(e) പ്രകാരമുള്ള യാത്രാബത്ത മുൻകൂറുകളുടെയും ആർട്ടിക്കിൾ 99 പ്രകാരമുള്ള വർക്ക് അഡ്വാൻസുകളുടെയും/ മറ്റു താത്കാലിക അഡ്വാൻസുകളുടെയും ഫൈനൽ ബിൽ, 30/04/2013, 04/10/2011 എന്നീ തിയ്യതികളിലെ ധനകാര്യ വകുപ്പിന്റെ സർക്കാർ ഉത്തരവുകൾ (പി) നം 197/13,419/11 എന്നിവ പ്രകാരം ഇവ ലഭ്യമാക്കി മൂന്ന് മാസത്തിനകം സമർപ്പിക്കേണ്ടതും ഇതിൽ ചെലവഴിക്കാത്ത തുകയ്ക്ക് ആയതു കൈപ്പറ്റിയ ദിവസം മുതൽ 18 % പലിശ നിരക്കിൽ തിരികെ ഈടാക്കേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നു. എന്നാൽ മേൽ സമയ പരിധിയ്ക്കുള്ളിൽ അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിക്കാത്തവരിൽ നിന്ന് മുഴുവൻ തുകയും ഒരൊറ്റ തവണയായി തിരിച്ചുപിടിക്കേണ്ടതും ആയതിന് മേൽ വിവരിച്ച നിരക്കിലുള്ള പലിശ ഈടാക്കേണ്ടതുമാണ്.

മുകളിൽ വിവരിച്ച അഡ്വാൻസുകളുടെ ഫൈനൽ ബിൽ ലഭ്യമായിട്ടില്ലെങ്കിൽ കേരള ഫിനാൻഷ്യൽ കോഡിൽ നിർദ്ദേശിക്കും വിധം ആയത് കൈപ്പറ്റിയ ജീവനക്കാരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

മേൽ പറഞ്ഞ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഒ.എസ്- ന് ( ഒ.എസ് നം 82/2016-17) നഗരസഭ മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-54 ദുരിതാശ്വാസ നിധി - വരവുകൾ അക്കൌണ്ട് ചെയ്തിട്ടില്ല

2003 ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും)ചട്ടങ്ങൾ പ്രകാരം കോർപ്പറേഷനിൽ രൂപീകരിച്ച ദുരിതാശാസ നിധിക്കു വേണ്ടി കെ.ഡി.സി. ബാങ്ക്, കല്ലായി ബ്രാഞ്ചിൽ ആരംഭിച്ച 100011000900312 നമ്പർ അക്കൌണ്ടിൽ 2016-17 വർഷം ബാങ്ക് സ്റ്റേറ്റ്മെന്റ പ്രകാരം 13,20,703/- രൂപ നീക്കിയിരിപ്പുണ്ട്. ബാങ്കിൽ 2016-17 ൽ താഴെ പറയും പ്രകാരം പ്രസ്തുത അക്കൌണ്ടിൽ വരവു വന്നിട്ടുണ്ടെങ്കിലും ആയത് കോർപ്പറേഷനിൽ അക്കൌണ്ട് ചെയ്യപ്പെട്ടിട്ടില്ല.

| തിയ്യതി | തുക |
|---|---|
| 5.7.2016 | 50,000/- |
| 9.8.2016 | 2,000/- |
| 24.10.2016 | 12,37,481/- |
| 26.10.2016 | 5,000/- |

വരവു ചെലവുകൾ രേഖപ്പെടുത്തുന്നതിന് കൗൺസിൽ വിഭാഗത്തിൽ സൂക്ഷിച്ച രജിസ്റ്ററിൽ വർഷാവസാനം നീക്കിയിരിപ്പായി കാണിച്ചത് 6,268/- രൂപയാണ്. മുകളിൽ പറഞ്ഞ തുകകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ദുരിതാശ്വാസ നിധിയുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പുമായി ബന്ധപ്പെട്ട മറ്റു അപാകതകൾ താഴെ കൊടുക്കുന്നു.

1. 30.10.2004 ലെ ജി.ഒ.(ആർ.ടി)3803/04/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ നിഷ്കർഷിച്ച മാതൃകയിൽ ഒരു കാഷ്ബുക്ക് സൂക്ഷിച്ചിട്ടില്ല.
2. നിധിയിൽ നിന്നുള്ള ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളെ സംബന്ധിച്ച വിവരം, അനുവദിക്കപ്പെട്ട ധനസഹായം എന്നിവ രേഖപ്പെടുത്തുന്നതിന് ഒരു രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
3. നിധിയിൽ നിന്ന് ധനസഹായത്തിനായി അപേക്ഷിച്ചവരുടെയും ധനസഹായം ലഭിച്ചവരുടെയും നിധിയിലേക്ക് സംഭാവന നൽകിയവരുടെയും പേരു വിവരങ്ങളും തുകയും മറ്റ് കണക്കുകളും വാർഡ് സഭകളിൽ അറിയിച്ചിട്ടില്ല.
4. നിധിയെ സംബന്ധിച്ച എല്ലാ വരവു ചെലവു കണക്കുകളും സെക്രട്ടറി എല്ലാ മാസവും കൌൺസിൽ മുമ്പാകെ സമർപ്പിച്ചതിന്റെ വിശദാംശങ്ങളില്ല.
5. ദുരിതാശ്വാസ നിധിയുടെ കണക്കുകൾ കോർപ്പറേഷന്റെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം - 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നമ്പർ/ തിയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 75 വാർഡുകളിൽ ഓരോ പൊതു ടാപ്പ് വീതം സ്ഥാപിക്കൽ | 124/31.03.2017 | 6,60,000 | യു.സി. ലഭ്യമായിട്ടില്ല. | ലഭ്യമല്ല |
| കേരള വാട്ടർ അതോറിറ്റി | സബ് മെയിൻ എക്സ്റ്റൻഷൻ | 123/31.03.2017 | 68,29,750 | യു.സി. ലഭ്യമായിട്ടില്ല. | ലഭ്യമല്ല |
| കേരള വാട്ടർ അതോറിറ്റി | -ടി- | 56/31.03.2017 | 45,59,975 | യു.സി. ലഭ്യമായിട്ടില്ല. | ലഭ്യമല്ല |
| -ടി- | -ടി- | 36/31.03.2017 | 3,60,000 | യു.സി. ലഭ്യമായിട്ടില്ല. | ലഭ്യമല്ല |
| കെ.എസ്.ഇ.ബി, ഫറോക്ക് ഡിവിഷൻ | തെരുവ് വിളക്ക് പരിപാലനം, സ്പെയർ പാർട്ട്സ് വാങ്ങൽ | 110/31.03.2017 | 18,80,725 | യു.സി. ലഭ്യമായിട്ടില്ല. | ലഭ്യമല്ല |
| കെ.എസ്.ഇ.ബി, കോഴിക്കോട് ഡിവിഷൻ | തെരുവ് വിളക്ക് പരിപാലനം, സ്പെയർ പാർട്ട്സ് വാങ്ങൽ | 109/31.03.2017 | 50,22,545 | യു.സി. ലഭ്യമായിട്ടില്ല. | ലഭ്യമല്ല |
| കെ.എസ്.ഇ.ബി, ഫറോക്ക് ഡിവിഷൻ | സ്പെയർ പാർട്ട്സ് വാങ്ങൽ | 1/25.7.16 | 7,47,560 | യു.സി. ലഭ്യമായിട്ടില്ല. | ലഭ്യമല്ല |
| കെ.എസ്.ഇ.ബി, കോഴിക്കോട് ഡിവിഷൻ | -ടി- | 2/25.7.16 | 8,63,060 | യു.സി. ലഭ്യമായിട്ടില്ല. | ലഭ്യമല്ല |
| കെ.എസ്.ഇ.ബി, ഫറോക്ക് ഡിവിഷൻ | -ടി- | 4/19.9.16 | 3,97,043 | യു.സി. ലഭ്യമായിട്ടില്ല. | ലഭ്യമല്ല |
| കെ.എസ്.ഇ.ബി, കോഴിക്കോട് ഡിവിഷൻ | -ടി- | 5/19.9.16 | 5,40,535 | യു.സി. ലഭ്യമായിട്ടില്ല. | ലഭ്യമല്ല |
| കെ.എസ്.ഇ.ബി, കോഴിക്കോട് ഡിവിഷൻ | -ടി- | 10/28.10.16 | 11,29,480 | യു.സി. ലഭ്യമായിട്ടില്ല. | ലഭ്യമല്ല |
| കെ.എസ്.ഇ.ബി, ഫറോക്ക് ഡിവിഷൻ | -ടി- | 45/14.2.17 | 2,17,030 | യു.സി. ലഭ്യമായിട്ടില്ല. | ലഭ്യമല്ല |
| കെ.എസ്.ഇ.ബി, കോഴിക്കോട് ഡിവിഷൻ | -ടി- | 46/14.2.17 | 1,23,175 | യു.സി. ലഭ്യമായിട്ടില്ല. | ലഭ്യമല്ല |

## 4-2 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

വിവരം ലഭ്യമല്ല.

## 4-3 വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | വായ്പ തുക | തിരിച്ചട-യ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | സ്റ്റേഡിയം ഫ്ലഡ് ലൈറ്റ് നിർമ്മാണം. (ഹഡ്കോയിൽ നിന്ന്) | HUDCO/TRO/ Corp of Calicut/ 19677/2009 dtd. 31.3.2009 | 5,35,00,000 | 2,60,70,000 | 36,92,000 | 26,53,170 | 2,23,78,000 |
| 2 | സ്റ്റേഡിയം സ്പോർട്ട്സ് കോംപ്ലക്സ് നിർമ്മാണം | HUDCO/TRO/ 18350/2004 dt. 1.9.2004 | 4,35,00,000 | 21,37,277 | 10,00,000 | 1,80,860 | 11,37,277 |
| 3 | ഇ.എം .എസ്. ഭവനപദ്ധതി | ബേപ്പൂർ സോണൽ ഓഫീസ് | 2,24,02,500 | 8,33,600 | ഇല്ല | ഇല്ല | 8,33,600 |

## 4-4 സ്ഥിരം നിക്ഷേപങ്ങൾ

വാർഷിക കണക്ക പ്രകാരം സ്ഥിരം നിക്ഷേപം 2,53,31,775/- രൂപയാണ്. ബന്ധപ്പെട്ട രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ ഇതിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിന് സാധിച്ചിട്ടില്ല. 23.8.2017 ന് നടത്തിയ സ്ഥിരം നിക്ഷേപ രശീതുകളുടെ ഭൌതിക പരിശോധനയിലും ബന്ധപ്പെട്ട ഫയലും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥിരം നിക്ഷേപം കോർപ്പറേഷനിൽ ഉള്ളതായി കാണുന്നു.

| ക്രമ നം. | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| 1 | ട്രഷറി സേവിംഗ്സ് ബേങ്ക്, ഫറോക്ക് | 32,95,805 |
| 2 | പഞ്ചാബ് നാഷണൽ ബാങ്ക്, മീഞ്ചന്ത | 5,17,622 |
| 3 | കെ.ഡി.സി. ബാങ്ക്, ബേപ്പൂർ | 3,99,722 |
| 4 | കെ.ഡി.സി. ബാങ്ക്, കല്ലായി | 4,98,064 |
| 5 | കെ.ഡി.സി. ബാങ്ക്, കല്ലായി | 2,64,821 |
| 6 | കെ.ഡി.സി. ബാങ്ക്, കല്ലായി | 2,64,821 |
| 7 | മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ | 1,000 |

| | | |
|---|---|---|
| 8 | കോഴിക്കോട് ജില്ലാ സഹകരണ ആശുപത്രി | 2,500 |
| 9 | അഡീഷണൽ സബ് ട്രഷറി | 27,39,000 |
| 10 | കെ.ഡി.സി. ബാങ്ക്, ഫറോക്ക് | 4,13,377 |
| 11 | ക്ലീൻ കേരള കമ്പനിയുടെ 107842 മുതൽ 117841 വരെയുള്ള 10,000 രൂപയുടെ 1000 ഷെയറുകൾ | 1,00,00,000 |
| 12 | ക്ലീൻ കേരള കമ്പനിയുടെ 63516 മുതൽ 73515 വരെയുള്ള 10,000 രൂപയുടെ 1000 ഷെയറുകൾ | 1,00,00,000 |
| ആകെ | | 2,83,95,732/- |

രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ 2016-17 വർഷം മുന്നിരിപ്പായി ഉണ്ടായിരുന്ന സ്ഥിരം നിക്ഷേപത്തിന്റെയും തൻവർഷം ആർജ്ജിച്ച പലിശയുടെയും ആകെ നീക്കിയിരിപ്പിന്റയും കൃത്യത ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടില്ല.

## 4-5 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിൽ വരവുണ്ടോ എന്ന് വ്യക്തമല്ല. തൻവർഷ വാർഷികകണക്കിൽ ഈയിനത്തിൽ വരവില്ല.

## 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

കോഴിക്കോട് കോർപ്പറേഷന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ്.23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം ഖണ്ഡിക നം | | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | | വിഷയം |
|---|---|---|---|---|
| 1996-97 | 22(ii) | 1998 | അദ്ധ്യായം II.ഖ.iii(1) | വാടക കരാറുകളിലെ സ്റ്റാമ്പ് ഡ്യൂട്ടി കുറവ്-സർക്കാരിന് നഷ്ടം |
| | 22.IX | | അദ്ധ്യായം II.ഖ.iii(3) | വാടക നിരക്ക് പരിഷ്കരി-ക്കാത്തതിനാൽ നഗരസഭയ്ക്ക് നഷ്ടം |
| 1997-98 | 21(E),(F), (I) | 1999-2000 | അദ്ധ്യായം V.ഖ.3(എ) | സ്വത്തുനികുതി പിരിവിലെ നഷ്ടം |
| 1998-99 | 46(14) | 2000-01 | അദ്ധ്യായം V.ഖ.4(b) | കോർപ്പറേഷൻ പരിധിക്ക് പുറത്തുള്ള സോപ്പ് നിർമ്മാണ യൂണിറ്റിന് ധനസഹായം നൽകി- 2,00,000/- രൂപ |

| | | | | |
|---|---|---|---|---|
| | 47(1)(a) | | അദ്ധ്യായം V.ഖ.4(d) | വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് നൽകിയ 27 ലക്ഷത്തിൽപ്പരം രൂപയുടെ ധനസഹായം ചട്ടവിരുദ്ധം |
| | 47(1)(b) | | അദ്ധ്യായം V. ഖ.4(e) | കൃത്രിമ വൈരക്കല്ല് നിർമ്മാണ പരിശീലനം സ്വകാര്യ ഏജൻസിക്ക് നൽകിയ 1,26,000/-രൂപ നഷ്ടമായി |
| 1999-00 | 53 | 2001-02 | അദ്ധ്യായം VI.ഖ.1.5(i) | കോടതി വിധി- നടപ്പിലാക്കിയതിൽ അനാസ്ഥ- പാഴ്ച്ചെലവ് 1,66,140/-രൂപ |
| | 65 | | അദ്ധ്യായം VI.ഖ.1.5(ii) | റോഡ് പണി-അളവ് കൂട്ടി എഴുതൽ ധനനഷ്ടം- 63,157/-രൂപ |
| | 66 | | അദ്ധ്യായം VI ൽ ഖ.1.5(iii) | ഓവ്ചാലിൽ നിന്ന് മണ്ണ് നീക്കം ചെയ്യൽ-ധനദുർവിനിയോഗം |
| | 70 | | അദ്ധ്യായം VI.ഖ.1.5(v) | പദ്ധതി വിഹിതത്തിൽ നിന്ന് പിഴപലിശ അടച്ചത്-അംഗീകരിക്കുന്നില്ല |
| | 73 | | അദ്ധ്യായം VI.ഖ.1.5(vi) | എസ്.കെ.പൊറ്റക്കാട്-സംസ്കാരിക നിലയം നിർവ്വഹണത്തിൽ പാഴ്ച്ചെലവ് |
| | 74 | | അദ്ധ്യായം VI.ഖ.1.5(vii) | വിദ്യാലയങ്ങൾക്ക് ഫർണ്ണീച്ചർ വാങ്ങി നൽകൽ സ്റ്റോർ പർച്ചേസ് ചട്ട ലംഘനം |
| | 76 | | അദ്ധ്യായം VI.ഖ.1.5(viii) | വീട്ട് വളപ്പിൽ മണ്ണിട്ട് നികത്തൽ - ധനദുർവിനിയോഗവും ഉത്തരവുകളുടെ ലംഘനവും |
| 1999-00 ഡി. സി.ബി | 27.3 | 2002-03 | അദ്ധ്യായം VII.ഖ.III 5(i) | തൊഴിൽ നികുതി ചുമത്താൻ വിട്ടുപോയത്-ലക്ഷങ്ങളുടെ നഷ്ടം |
| | 27.4 | | അദ്ധ്യായം VII.ഖ.III 5(ii) | തൊഴിൽ നികുതി കുടിശ്ശിക കാലഹരണപ്പെട്ടു |
| | 30.2 | | അദ്ധ്യായം VII.ഖ.III 5(iii) | ലൈസൻസ് ഫീസ് പിരിച്ചതിൽ കുറവ്-നഷ്ടം 81,713 രൂപ |
| | 32 | | അദ്ധ്യായം VII ഖ.III 5(iv) | ബസ്സ്റ്റാന്റ് ഫീസ്-കുടിശ്ശിക വസൂലാക്കിയില്ല |

| | | | | |
|---|---|---|---|---|
| | 33 | | അദ്ധ്യായം VII ഖ.III 5(v) | ലൈസൻസുകൾ യഥാസമയം പുതുക്കാതെ കോർപ്പറേഷൻ വക മുറികൾ കൈവശം വയ്ക്കുന്നത് സംബന്ധിച്ച് |
| | 35,36 | | അദ്ധ്യായം VII ഖ.III . 5(vi) | ലൈസൻസ് ഫീസ് ഈടാക്കിയില്ല-നഷ്ടം 2,55,762/-രൂപ |
| | 39(4) | | അദ്ധ്യായം VII ഖ.III.5 (vii) | വാടകക്കാർക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകിയതിലെ നഷ്ടം-19,144/-രൂപ |
| | 39(5) | | അദ്ധ്യായം VII ഖ.III.5(viii) | വാടകക്കാരിൽ നിന്നും വാങ്ങിയ ഡെപ്പോസിറ്റ് ദ്രവ്യങ്ങൾ നഗരസഭഫണ്ടിൽ വരവുവയ്ക്കാത്തതും,വൈദ്യുതി ചാർജ്ജ് വസൂലാക്കാത്തതും സംബന്ധിച്ച് |
| | | | അദ്ധ്യായം VIII ക്രമനം.12 | പ്രജനന ശൈശവ ആരോഗ്യ പദ്ധതിയിൽ കീഴിലെ കെട്ടിടനിർമ്മാണ പ്രവർത്തികൾ -കെ.നിർ.തൊ. ക്ഷേമനിധി -1,24,499/- ആദായനികുതി-21,925/- സെൽഫ് ചെക്ക് മാറിയെടുത്ത് പണാപഹരണം നടത്തി |
| | | | അദ്ധ്യായം VIII ക്രമനം.13 | സർക്കാർ വായ്പ തിരിച്ചടവ് നടത്തുവാൻ പിൻവലിച്ച 1,43,069/-, 3,01,515/-, 1,73,583/-രൂപ അടവാക്കിയില്ല എന്ന് കോർപ്പറേഷൻ സെക്രട്ടറി റിപ്പോർട്ട് |
| 2000-01 | 34(3,4,5) | 2003-04 | അദ്ധ്യായം 7.5(1) | ലൈസൻസ് ഫീസ് ഈടാക്കിയില്ല കോഴിക്കോട് നഗരസഭയ്ക്ക് വൻ നഷ്ടം |
| | 95(5,6,8,9,10, 11,12) | | അദ്ധ്യായം 7.5(2) | യു.പി.എ.സെൽ 98,439/-രൂപയുടെ ക്രമക്കേട് |
| | 28(4), 31(3) | | അദ്ധ്യായം 7.5(3) | നികുതി വരവിൽ വൻനഷ്ടം |
| | 92 (1) | | അദ്ധ്യായം 7.5(5) | സബ്സിഡി അധികം നൽകി |

| | | | | |
|---|---|---|---|---|
| | 96(4) | | അദ്ധ്യായം 7.5(6) | 1,46,424/- രൂപയുടെ ധനാപഹരണം |
| 2001-02 | 27(12),27 (3) | 2004-05 | അദ്ധ്യായം 4.1.5(1) | വസ്തു നികുതി കുടിശ്ശിക പിരിക്കുന്നില്ല. ലക്ഷങ്ങൾ നഷ്ടപ്പെടുന്നു. |
| | 31(10) | | അദ്ധ്യായം 4.1. 5(2) | വാടക 14.3 ലക്ഷം കുടിശ്ശിക |
| | 71 | | അദ്ധ്യായം 4.1.5(4) | സെൻട്രൽ മാർക്കറ്റ് പുന:നിർമ്മാണത്തിൽ അപാകതകൾ |
| | 72(13) | | അദ്ധ്യായം 4.1.5(5) | ഇൻസിനേറ്റർ സ്ഥാപിച്ചില്ല പദ്ധതിപ്പണം പാഴാകുന്നു. |
| | 74(4) | | അദ്ധ്യായം 4.1.5(6) | ഭവന നിർമ്മാണ വായ്പ തിരിച്ചടയ്ക്കാൻ യു.പി.എ.ഫണ്ട്- 20.2 ലക്ഷം വകമാറ്റി |
| 2002-03 | 3-11 | 2005-06 | അദ്ധ്യായം 3.5(1) | കമേഴ്സ്യൽ കോംപ്ലക്സ് കം- സ്റ്റേഡിയം നിർമ്മാണത്തിൽ അപാകത-നഷ്ടം |
| | 3-12 | | അദ്ധ്യായം 3.5(2) | നിയന്ത്രണ മേഖലയിൽ ചട്ടം ലംഘിച്ച് ഓപ്പൺ എയർ സ്റ്റേജ് |
| | 3-13 | | അദ്ധ്യായം 3.5(3) | താമരക്കുളം നവീകരണത്തിൽ അപാകത |
| | 3-15 | | അദ്ധ്യായം 3.5(4) | ബുൾഡോസർ വാടക-അധിക നിരക്ക് നൽകി |
| | 3-20 | | അദ്ധ്യായം 3.5(5) | സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക്-പദ്ധതിപ്പണം പാഴായി |
| | 3-21 | | അദ്ധ്യായം 3.5(6) | സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക് പ്രവൃത്തി ആരംഭിച്ചിട്ടില്ല |
| | 2-19 | | അദ്ധ്യായം 3.5(7) | ലൈസൻസ് ഫീസ് വർദ്ധന കുടിശ്ശിക ഈടാക്കിയില്ല |
| 2003-04 | 1-6 | 2006-07 | ഖ.4.5.1 | നികുതി പിരിവിന്റെ പുരോഗതി ഫലപ്രദമായ നടപടികൾ ഉണ്ടാകുന്നില്ല |
| | 2-6 | | ഖ.4.5.2 | വസ്തു നികുതി-മിനിമം നികുതി ഈടാക്കി വരുന്നില്ല-20 ലക്ഷത്തോളം രൂപയുടെ ആവർത്തന നഷ്ടം |

| | | | | |
|---|---|---|---|---|
| | 3-2 | | ഖ.4.5.3 | പി.എസ്.സി.റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ ദിവസക്കൂലി അടിസ്ഥാനത്തിൽ വർക്ക് സൂപ്രണ്ടുമാരെ നിയമിച്ചത് അംഗീകരിക്കുന്നില്ല |
| | 3-5 | | ഖ.4.5.4 | കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയ ശുദ്ധജല വിതരണം-10.05 കോടി രൂപ 15 വർഷം കഴിഞ്ഞിട്ടും ലഭിച്ചില്ല |
| | 3-6 | | ഖ.4.5.5 | സ്റ്റേഡിയം കം - ഷോപ്പിഗ് കോംപ്ലക്സ് നിർമ്മാണം വായ്പ തിരിച്ചടയ്ക്കുന്നതിൽ വീഴ്ച 442.32 ലക്ഷം രൂപയുടെ അധിക ബാധ്യത |
| | 3-14 | | ഖ.4.5.6 | നീലിച്ചിറയുടെ പുനരുജ്ജീവന പദ്ധതി-നടപ്പിലാക്കിയതിലെ അപാകതകൾ |
| | 3-22 | | ഖ.4.5.7 | 62.6 ലക്ഷം രൂപ അധികമായി സർക്കാരിലേയ്ക്ക് തിരിച്ചടച്ചു - ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ അഭാവം |
| | 3-23 | | ഖ.4.5.8 | കുടിവെള്ള പദ്ധതികൾ - ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല |
| | 3-27 | | ഖ.4.5.9 | കേരള വികസന പദ്ധതി 2003-04 പദ്ധതിപ്പണം പാഴായി |
| | 3-32 | | ഖ.4.5.10 | എൻ.എസ്.ഡി.പി.പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ |
| | 3-33 | | ഖ.4.5.11 | വാത്മീകി അബേദ്കർ ആവാസ് യോജന പദ്ധതി അപാകതകളും സാമ്പത്തിക നഷ്ടവും |
| 2004-05 | 2-11 | 2007-08 | ഖ.4.2.1 | നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടമുറികൾ ലൈസൻസിനു നൽകാതെ ഒഴിഞ്ഞു കിടക്കുന്നത് വരുമാന നഷ്ടമുണ്ടാക്കി |
| | 2-24 | | ഖ.4.2.2 | നഗരസഭയുടെ ലൈസൻസ് വ്യവസ്ഥയിൽ നൽകിയ സ്ഥലത്തിന്റെ കുടിശ്ശിക ഈടാക്കുകയോ സ്ഥലം തിരികെ ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല |

| | | | | |
|---|---|---|---|---|
| | 3-1 | | ഖ.4.2.3 | മെയിന്റനൻസ് ഗ്രാന്റ്-ആസ്തി നിർമ്മാണ പ്രവൃത്തികൾക്ക് വകമാറ്റി ചെലവഴിച്ചു |
| | 3-10 | | ഖ.4.2.4 | വിവാഹ ധനസഹായം-1.36 കോടി രൂപ നഗരസഭ ഫണ്ടിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നു |
| | 3-14 | | ഖ.4.2.5 | നഗരസഭ ഓഫീസ് കമ്പ്യൂട്ടർവത്കരണം ലക്ഷങ്ങൾ ചെലവഴിച്ചെങ്കിലും ലക്ഷ്യം കൈവരിച്ചില്ല |
| 2005-06 | | 2008-09 | ഖ.2.6 | തനതു ഫണ്ടിന്റെ സംഭരണം |
| | 3-14-5 | | ഖ.3.2.3 | മോഡൽ സോലിഡ് വേസ്റ്റ് മാനേജ്മെന്റ്ഫണ്ട് വകമാറ്റിയതിനാൽ പലിശയിനത്തിൽ 4 ലക്ഷത്തിൽപ്പരം രൂപയുടെ നഷ്ടം |
| | 3-27 | | ഖ.3.4.4 | മൈത്രി ഭവനപദ്ധതി-ഭവനനിർമ്മാണ ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത 28,12,500 രൂപ വിനിയോഗിച്ചിട്ടില്ല |
| | 3-14-7 | | ഖ.3.5.13.എ | ശാരീരിക വൈകല്യങ്ങൾ നേരിടുന്നവർക്ക് സഹായ ഉപകരണങ്ങൾ വിതരണം-ക്രമക്കേട് |
| | 3-8 | | ഖ.3.5.13.ബി | ഖരമാലിന്യ സംസ്കരണ പ്ലാന്റിലെ തിരസ്കരണി മാറ്റൽ - കരാർ വ്യവസ്ഥ പാലിക്കാതെ അധിക നിരക്കിൽ ടെണ്ടർ നൽകിയതുവഴി നഷ്ടം |
| 2007-08 | | 2009-10 | ഖ.2-2 | ബജറ്റ് തയ്യാറാക്കുന്നതിലെ പിഴവുകൾ |
| | 1-8 | | ഖ.2-3 | വാർഡ് സഭകളിലും കമ്മിറ്റികളിലും പങ്കാളിത്തം ഉറപ്പുവരുത്തുന്നില്ല |
| | 3(8)(6) | | ഖ.2-10 | പദ്ധതി വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിൽ വീഴ്ച |

| | | | | |
|---|---|---|---|---|
| | 2-3(2) | | ഖ.3-1-7(i) | തൊഴിൽ നികുതി ചട്ടം 3(2) പ്രകാരമുള്ള നികുതി ഈടാക്കുന്നില്ല |
| | 2-4 | | ഖ.3-1-7(ii) | നഗരസഭ കെട്ടിടങ്ങൾ ലൈസൻസ് ഫീസ് വ്യവസ്ഥയിൽ നൽകുന്നത്-യഥാസമയം ലൈസൻസ് പുതുക്കാതെയും കരാർ ചമയ്ക്കാതെയും മുറികൾ കൈവശം വെയ്ക്കുന്നതിന് അവസരം നൽകുന്നു |
| | 3-1 | | ഖ.3-3-3(i) | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വകമാറ്റി ചെലവഴിക്കുന്നു |
| | 3-7(14) | | ഖ.3-4-4(i) | വികസനഫണ്ടിൽ നിന്നും പിൻവലിച്ച തുക വിനിയോഗിക്കാതെ മാസങ്ങളോളം ബാങ്കേഴ്സ് ചെക്കായി സൂക്ഷിച്ചു |
| | 3-7(5) | | ഖ.3-7-12(i) | സമ്പൂർണ്ണ ഊർജ്ജസുരക്ഷ പദ്ധതിക്കായുള്ള ദ്വിവർഷ പ്രോജക്ട്-രണ്ട് പദ്ധതി വർഷം പിന്നിട്ടിട്ടും പ്രവർത്തനം ആരംഭദശയിൽ തന്നെ |
| | 3-7(9) | | ഖ.3-7-12(ii) | വ്യവസായ മേഖലയ്ക്ക് നീക്കിവച്ച വികസനഫണ്ടിന്റെ 2% പോലും വിനിയോഗിച്ചില്ല |
| 2008-09 | 2-4-2 | 2010-11 | ഖ.2-5 | വരുമാന വർദ്ധനവിനുള്ള നടപടികളുടെ അഭാവം-ഏകദിന പെർമിറ്റ് ലൈസൻസ് രാജിയാക്കൽ ഫീസ് ഇനത്തിലുള്ള നഷ്ടം-25,750/-രൂപ |
| | | | ഖ.2-11 | വർദ്ധിച്ചു വരുന്ന ഋണബാധ്യതകൾ-ഹഡ്കോ-5,22,80,000/-, കേരള സർക്കാർ-11,73,83,069/- |
| | 2-4-2 | | ഖ.5-1-9(1) | ഏകദിന പെർമിറ്റ്-ലൈസൻസ് അനുവദിച്ചതിലെ അപാകതയും, അനധികൃത നിർമ്മാണം ക്രമവത്കരിക്കാത്തതും |
| | 2-7 | | ഖ.5-1-9(2) | തടി നികുതി-ലേലസംഖ്യ മുഴുവനായും അടവാക്കിയതിന് രേഖകളില്ല |

| | | | | |
|---|---|---|---|---|
| | 3-10-12 | | ഖ.5-3-17 | പരീക്ഷ കഴിഞ്ഞ് അധ്യാപക പരിശീലനം |
| 2009-10 | -- | 2011-12 | ഖ.2-3 | നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച |
| | -- | | ഖ.2-9 | മുനിസിപ്പൽ കണ്ടിജന്റ് പെൻഷൻ ഫണ്ട് രൂപീകരണം-സർക്കാർ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല |
| | -- | | ഖ.3-1 ൽ1-23 | പ്രവർത്തനാവലോകന റിപ്പോർട്ട്-കാർഷികപദ്ധതികളും കൃഷിഭവനം |
| | -- | | ഖ.3-2-1 മുതൽ 3-2-24 വരെ | പ്രവർത്തനാവലോകന റിപ്പോർട്ട്-തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ റോഡുപണികൾ |
| | -- | | ഖ.3-3-1 മുതൽ 3-3-16 വരെ | പ്രവർത്തനാവലോകന റിപ്പോർട്ട്-ശിശുക്ഷേമ പദ്ധതികളും അങ്കണവാടികളും |
| അവലോകനങ്ങൾ | -- | 2012-13 | ഖ.2-5 | ലഘു അവലോകന റിപ്പോർട്ട്-നഗരസഭകളും പരസ്യനികുതിയും |
| | -- | | ഖ.3-1-1 മുതൽ 3-1-7 വരെ | പ്രവർത്തനാവലോകനം-തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഖരമാലിന്യ പരിപാലനം |
| | -- | | ഖ.3-3-1 മുതൽ 3-8 വരെ | പ്രവർത്തനക്ഷമതാ റിപ്പോർട്ട്-തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ആരോഗ്യമേഖലയും |
| പ്രവർത്തനക്ഷമത റിപ്പോർട്ടുകൾ | | 2013-14 | ഖ.5-1-5(7)മണ്ണ് ജല സംരക്ഷണ പ്രവർത്തനം കാര്യക്ഷമമല്ല | ജലസ്രോതസ്സുകളുടെ സംരക്ഷണവും കുടിവെള്ള പദ്ധതികളും,ഖ.V(1)-ഓഡിറ്റ് നിരീക്ഷണങ്ങൾ-പ്രോജക്ടുകളുടെ അവലോകനം |
| | | | ഖ.5-2-4(1)വാടക കെട്ടിട ത്തിൽ പ്രവർ-ത്തിക്കുന്ന സ്കൂളുകൾ | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും,ഖ 5-3 സി (8)-സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത സ്കൂളുകൾ |
| | | | ഖ.5-2-4(2) സ്കൂൾ കെട്ടിടങ്ങ ളുടെ അവസ്ഥ ശോചനീയം | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും,ഖ 5-3 സി (I)-കെട്ടിടങ്ങളുടെ അഭാവം |

| | | | |
|---|---|---|---|
| | | ഖ.5-2-4(9) കളിസ്ഥലങ്ങൾ- വിദ്യാഭ്യാസ ചട്ടങ്ങൾ പാലിക്കപ്പെട്ടിട്ടില്ല | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും,ഖ 5-3 സി III-കളിസ്ഥലം |
| | | ഖ.5-2-4(18) സ്കൂൾ വിദ്യാഭ്യാസ മേഖലയും സർവ്വശിക്ഷ | തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും വിദ്യാഭ്യാസ മേഖലയും,ഖ 5-3 സി-VII-5 -എസ്.എസ്.എ |
| | | ഖ.5-3-5(2) ചെറുകിട വ്യവസായ മേഖലയിൽ വകയിരുത്തുന്ന തുകകൾ ശരിയാംവിധം ചെലവഴിക്കുന്നില്ല | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരഭങ്ങളും,ഖ.5-3-5(2)-ചെറുകിട വ്യവസായ മേഖലയിൽ വകയിരുത്തുന്ന തുകകൾ ശരിയാംവിധം ചെലവഴിക്കുന്നില്ല |
| | | ഖ.5-3-5(3) പരാജയമടഞ്ഞ വ്യവസായ സംരഭങ്ങൾ | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരഭങ്ങളും,ഖ.5-1-4(2)-കണ്ണഞ്ചേരി വനിത തൊഴിൽ പരിശീലനകേന്ദ്രം |
| | | ഖ.5-3-5(19) കുടുബശ്രീ സംരഭങ്ങൾ പലതും സ്തംഭനാവസ്ഥയിൽ | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരഭങ്ങളും, ഖ.5-1-6(2)-കുടുംബശ്രീ വിപണന കേന്ദ്രങ്ങൾ-വനിത വിപണനകേന്ദ്രം മാവൂർ റോഡ് |
| | | ഖ.5-3-5(16) സർക്കാർ ഉത്തരവുകൾ | വികേന്ദ്രീകൃതാസൂത്രണവും വ്യവസായ തൊഴിൽ സംരഭങ്ങളും,ഖ.5-1-4(1)-സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പിലാക്കി |
| ലഘു അവലോകനം | | ഖ.6-2-3 വാടക ലൈസൻസ് ഫീ | പൊതുമാർക്കറ്റ്,ഷോപ്പുകൾ, ബസ്സ്റ്റാന്റുകൾ എന്നിവയുടെ വരുമാനം സംബന്ധിച്ച അവലോകനം-ലൈസൻസ് ഫീസ് നില |

| | | | | |
|---|---|---|---|---|
| | | | | നിൽക്കുന്ന-ഏതാനും മുറികളുടെ വിശദാംശങ്ങൾ |
| | | | ഖ.6-3 ത.സ്വ.ഭ.വ. സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം | ത.സ്വ.ഭ.വ.സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം-പ്രൊക്യൂർമെന്റ് മാന്വൽ |
| | | | ഖ.6-3-1 പ്രൊക്യൂർമെന്റ് കമ്മിറ്റി, സോഷ്യൽ ഓഡിറ്റ് കമ്മിറ്റി എന്നിവയുടെ പ്രവർത്തനം | ത.സ്വ.ഭ.വ.സാധനങ്ങളുടെയും സേവനങ്ങളുടെയും സമാഹരണം-പ്രൊക്യൂർമെന്റ് മാന്വൽ,ഖ(ബി) |
| | | | ഖ.6-3-2 പ്രൊക്യൂർമെന്റ് സൈക്കിൾ- ആദ്യപടി പാലിക്കുന്നില്ല | ബ്രാന്റ് നെയിം പറഞ്ഞ് ക്വട്ടേഷൻ ക്ഷണിച്ചു, ടെണ്ടർ നടപടി കൂടാതെ കാറുകൾ വാങ്ങുന്നു |
| 2012-13 | ക്രമ നം.10 | 2014-15 | ഖ.2-1 | ഓഡിറ്റ് റിപ്പോർട്ടുകൾ ഭരണസമിതിയിൽ ചർച്ചയ്ക്ക് വിധേയമാക്കുന്നില്ല. |
| 2011-12 | ഖ.2-30 | | ഖ.3-4 | പെർമിറ്റ് ഫീസ് നഷ്ടം - 2812968/- രൂപ ലഭിച്ചു. |
| വിഷയാധിഷ്ഠിത അവലോകനം | (നിഷ്ക്രിയ ആസ്തികൾ) ഖ.2- എ, ബി, സി,ഖ.5 | | ഖ.4-1-4 | ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ നിഷ്ക്രിയ; മാലിന്യങ്ങൾ കുമിഞ്ഞുകൂടുന്നു. |
| | | | ഖ.4-1-5 | വ്യവസായ കേന്ദ്രങ്ങൾ - കെട്ടിട നിർമ്മാണത്തിൽ മാത്രം ഒതുങ്ങുന്നു. |
| | നദീതര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും | | ഖ.4-2-6 | മണൽ വിൽപ്പനയിൽ നിന്നുള്ള തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വരവ്/ചെലവ് |
| | | | ഖ.4-2-7 | മണൽ വരവ്/ചെലവ് കണക്കുകൾ ശരിയായി സൂക്ഷിക്കുന്നില്ല. |

| | | | | |
|---|---|---|---|---|
| | | | ഖ.4-2-8 | റിവർ മാനേജ്മെന്റ് ഫണ്ട് ഒടുക്കിയതിൽ കുറവ്. |
| | | | ഖ.4-2-9 | റിവർ മാനേജ്മെന്റ് ഫണ്ട് (RMF) അധികം ഒടുക്കി ബേപ്പൂർ തുറമുഖത്തുനിന്നുള്ള മണൽ നഗരസഭയ്ക്ക് ലഭിക്കുന്നില്ല. |
| | | | ഖ.4-2-14 | കടവു കമ്മിറ്റികൾ സജീവമല്ല. |
| പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് (മൃഗസംരക്ഷ വും ക്ഷീരവിക സന മേഖലയും) | ഖ.V-4(ഡി) | | ഖ.5-5 | നഗര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മൃഗസംരക്ഷണ മേഖലയും. |
| | ഖ.V-3 | | ഖ.5-5 | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മൃഗസംരക്ഷണ മേഖലയെ അവഗണിക്കുന്നു. |
| | ഖ.V-3(എ) | | ഖ.5-6 | മൃഗസംരക്ഷണ വികസന മേഖലകളിലെ കർമ്മസമിതികളുടെ പ്രവർത്തനം തൃപ്തികരമല്ല. |
| | ഖ.V-1(ബി) | | ഖ.5-7 | വെറ്റിനറി സ്ഥാപനങ്ങളിലെ ഭൗതികസാഹചര്യങ്ങൾ - പരിമിതം - ശോചനീയാവ സ്ഥയിൽ ബേപ്പൂർ മൃഗാശുപത്രി. |
| | ഖ.V-1(ഇ) | | ഖ.5-7 | വെറ്റിനറി സ്ഥാപനങ്ങളിലെ ഭൗതികസാഹചര്യങ്ങൾ - പരിമിതം - ശോചനീയാവ സ്ഥയിൽ ബേപ്പൂർ മൃഗാശുപത്രി. ട്രിവീസ് ഇല്ല. കൃത്രിമബീസങ്കലനം പ്രയാസം. |
| | ഖ.V-9(ഡി) | | ഖ.5-9 | മൃഗങ്ങളുടെ രോഗചികിത്സ, പ്രതിരോധം, ആരോഗ്യപരിപാലനം - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല – ജീവനക്കാരുടെ അപര്യാപ്തത. |
| | ഖ.V-8(എ) | | ഖ.5-13 | ശ്വാന സംരക്ഷണവും പേവിഷ നിയന്ത്രണവും - വളർത്തു തെരുവു നായ്ക്കളുടെ കണക്കെടുപ്പ് നടത്തുന്നില്ല. |
| | ഖ.V-8(ബി) | | ഖ.5-13 | ശ്വാനസംരക്ഷണവും പേവിഷ നിയന്ത്രണവും - |

| | | | | |
|---|---|---|---|---|
| | | | | തുക വകയിരുത്തി പദ്ധതി നടപ്പിലാക്കിയില്ല. |
| | ഖ.V-9(ഡി) | | ഖ.5-14 | കാശാപ്പുശാലകൾ സ്ഥാപിക്കുന്നതിലും നടത്തിപ്പിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം ഫലപ്രദമല്ല – വെറ്റിനറി സർജനില്ലാതെ കശാപ്പുശാലകൾ. |
| | ഖ.V-7 | | ഖ.5-14 | കശാപ്പുശാലകൾ സ്ഥാപിക്കുന്നതിലും നടത്തിപ്പിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം ഫലപ്രദമല്ല – അറവുശാലയില്ലെങ്കിലും മാംസം സുലഭം. |
| പ്രവർത്തന ക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് (തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി/ പട്ടികവർഗ്ഗ പദ്ധതികളുടെ നിർവഹണം) _ | | 2015-16 | ഖ.3.7.2 | കോഴിക്കോട് കോർപ്പറേഷനിൽ സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്ത 50 പട്ടികജാതി കുടുംബങ്ങൾക്ക് ഫ്ലാറ്റ് നിർമ്മിക്കുന്നതിനായി 5,29,68,332/- രൂപ സി.ഡി.എ.യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതു വരെ പ്രാരംഭ പ്രവർത്തനങ്ങൾ പോലും ആരംഭിച്ചിട്ടില്ല. |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 2,65,57,33,390 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 2,28,15,38,271 |
| വരവിനങ്ങളിലുള്ള നഷ്ടം | 82,750.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7,31,10,224.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,71,62,920.00 |

## (ബി). കോർപ്പറേഷൻ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരുംഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-5 | 3,817 | | ശ്രീമതി.ഷീബ, അസിസ്റ്റന്റ് എഞ്ചിനീയർ, ബേപ്പൂർ മേഖല ഓഫീസ് |
| 2-15 | 1,700 | | എം.ജ്ഞാനപ്രകാശ്,റവന്യൂ ഓഫീസർ, കോഴിക്കോട് നഗരസഭ |
| 2-16 | 5,316 | | കെ.പ്രേമാനന്ദൻ, റവന്യൂ ഓഫീസർ, കോഴിക്കോട് നഗരസഭ |
| 2-17 | I) 43,021<br>II) 10,000 | | കെ.പ്രേമാനന്ദൻ<br>റവന്യൂ ഓഫീസർ, കോഴിക്കോട് നഗരസഭ |
| 2-22 | 15,180 | | 1.ചന്ദ്രൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോഴിക്കോട് നഗരസഭ (7,590 രൂപ)<br>2. കെ.എം.റിജീഷ്, അസിസ്റ്റന്റ് എഞ്ചിനീയർ, കോഴിക്കോട് നഗരസഭ (7,590 രൂപ) |
| 2-26 | 3,716 | | ശ്രീമതി. രാജശ്രീ.സി, ഓവർസിയർ(പി.ഡബ്ല്യൂ.ഒ-3) |
| 3-1 | | 4,92,00,000 | 1. കൗൺസിലർമാർ (75)<br>2. ശ്രീമതി മൃണ്മയി ജോഷി ശശാങ്ക്, കോഴിക്കോട് നഗരസഭാ സെക്രട്ടറി<br>(76 പേരിൽ നിന്നും തുല്യമായി ഈടാക്കണം) |
| 3-6 | | 71,600 | ശ്രീ കുഞ്ഞിമുഹമ്മദ്.എം, അഡീഷണൽ സെക്രട്ടറി, സെക്രട്ടറി ഇൻ ചാർജ്ജ് |
| 3-11 | | 32,979 | ശ്രീ. കെ.എ.സുലി, കോർപ്പറേഷൻ എഞ്ചിനീയർ |
| 3-12 | | 1,22,15,119 | ശ്രീ.എം.ശങ്കരൻകുട്ടി, കോർപ്പറേഷൻ എഞ്ചിനീയർ |
| 3-23 | | 6,00,000 | ശ്രീ.ഗിരീഷ് ചോലയിൽ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് |
| 3-24 | | 97,99,232 | 1.ശ്രീമതി ഖൈറുന്നിസ, സി.ഡി.പി.ഒ-3, കോഴിക്കോട് (32,66,411 രൂപ)<br>2.ശ്രീമതി സാറാമ്മ.ടി.പി, ജില്ലാ സാമൂഹ്യനീതി ഓഫീസർ (32,66,411 രൂപ)<br>3.ശ്രീമതി. സുധ, സി.ഡി.പി.ഒ അർബ്ബൻ 3 (32,66,410 രൂപ) |
| 3-27 | | 60,000 | ശ്രീ.റംസി ഇസ്മയിൽ, പ്രൊജക്ട് ഓഫീസർ, കുടുംബശ്രീ |
| 3-28 | | 3,00,000 | ശ്രീ.റംസി ഇസ്മയിൽ, പ്രൊജക്ട് ഓഫീസർ, കുടുംബശ്രീ |
| 3-33 | | 76,000 | ശ്രീ.എം അനന്തൻ, എസ്.സി.ഡി.ഒ |
| 3-39 | | 1,000 | ശ്രീ.ബേബികുര്യാക്കോസ്,വെറ്ററിനറി സർജൻ, |

| | | | |
|---|---|---|---|
| | | | കോഴിക്കോട് നഗരസഭ |
| 3-42 | | 11,640 | 1. ശ്രീ. അബ്ദുൾ ബ്ബാർ, (കൌൺസിൽ സെക്രട്ടറി (1080/-രൂപ),<br>2. ശ്രീമതി മിനി, സൂപ്രണ്ട്(കൌൺസിൽ സെക്രട്ടറിയുടെ ചാർജ്) (3480/-രൂപ),<br>3. ശ്രീ. ഇ.എം. രവീന്ദ്രൻ, കൌൺസിൽ സെക്രട്ടറി (5880/- രൂപ),<br>4. ശ്രീ. ഉദയകുമാർ, സൂപ്രണ്ട് (ചെറുവണ്ണൂർ നല്ലളം മേഖലാ ഓഫീസ് റവന്യൂ ഓഫീസറുടെ ചാർജ്) (1080/-രൂപ), 5.ശ്രീ.ശ്രീനിവാസൻ.പി.വി,റവന്യൂ ഓഫീസർ ബേപ്പൂർ മേഖലാ ഓഫീസ് (120/-രൂപ) |
| 3-43 | | 20000 | ശ്രീ. ഇ.എം. രവീന്ദ്രൻ, കൌൺസിൽ സെക്രട്ടറി |
| 3-44 | | 6,620 | ശ്രീ.വി.കെ.ബൽരാജ്, മുൻ സെക്രട്ടറി |
| 3-45 | | 800 | ശ്രീ. പി.രാജേന്ദ്രൻ, സീനിയർ ക്ളർക്ക് |
| | | 234 | ശ്രീ. ബാലൻ.ടി.ആർ, സൂപ്രണ്ട് |
| 3-50 | | 7,15,000 | ശ്രീ സിദ്ധക്ക്, ഡയറക്ടർ, കേരള സംസ്ഥാന വികലാംഗ വെൽഫെയർ സൊസൈറ്റി |
| ആകെ | 82,750 | 7,31,10,224 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 25,00,000 | ശ്രീമതി മൃൺമയി ജോഷി ശശാങ്ക്, ഐ.എ.എസ്, സെക്രട്ടറി, കോഴിക്കോട് നഗരസഭ |
| 3-5 | 13,86,000 | |
| 3-10 | 1,24,09,725 | |
| 3-13 | 85,86,997 | ശ്രീ. കെ.എ.സുലി, ശ്രീ. ശങ്കരൻകുട്ടി.എം, കോർപ്പറേഷൻ എഞ്ചിനീയർമാർ |
| 3-15 | 43,92,486 | ശ്രീ. ശങ്കരൻകുട്ടി.എം, കോർപ്പറേഷൻ എഞ്ചിനീയർ |
| 3-16 | 8,87,200 | ശ്രീ. കെ.എ.സുലി,ശ്രീ.ശങ്കരൻകുട്ടി.എം, കോർപ്പറേഷൻ എഞ്ചിനീയർമാർ |
| 3-20 | 18,84,000 | ശ്രീ.ഗിരീഷ് ചോലയിൽ,വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട് |
| 3-21 | 43,500 | ശ്രീ.ഗിരീഷ് ചോലയിൽ,വിദ്യാഭ്യാസ ഡെപ്യൂട്ടിഡയറക്ടർ, കോഴിക്കോട് |
| 3-29 | 9,00,000 | ശ്രീ.റംസി ഇസ്മയിൽ,പ്രൊജക്ട് ഓഫീസർ, കുടുംബശ്രീ |
| 3-30 | 13,47,500 | ശ്രീ.എം.എൻ. അനന്തൻ, എസ്.സ്.ഡി.ഓ, കോഴിക്കോട് |

| | | |
|---|---|---|
| 3-31 | 4,90,000 | ശ്രീ.എം.എൻ. അനന്തൻ, എസ്.സ്.ഡി.ഓ, കോഴിക്കോട് |
| 3-35 | 10,58,001 | ഡോ.ആർ.എസ്.ഗോപകുമാർ,ഹെൽത്ത് ഓഫീസർ, കോഴിക്കോട് നഗരസഭ |
| 3-38 | 4,85,600 | ശ്രീ.ബേബികുര്യാക്കോസ്,വെറ്ററിനറി സർജൻ, കോഴിക്കോട് നഗരസഭ |
| 3-40 | 7,63,511 | ശ്രീ.ബേബികുര്യാക്കോസ്,വെറ്ററിനറി സർജൻ, കോഴിക്കോട് നഗരസഭ |
| 3-44 | 28,400 | ശ്രീ. ബി.കെ.ബൽരാജ്, സെക്രട്ടറി, കോഴിക്കോട് നഗരസഭ |
| ആകെ | 3,71,62,920 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഖണ്ഡിക 2-17 - 21,812/-

| ഖണ്ഡിക നം. | സർവ്വീസ് ടാക്സ് | ആദായനികുതി |
|---|---|---|
| 2-17 (1) | 5,477 | - |
| 2-17(2) | 14,355 | 1,980 |
| ആകെ | 19,832 | 1,980 |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഖണ്ഡിക 2-3,2-29, 3-34

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി .മൃൺമയി ജോഷി ശശാങ്ക്, ഐ.എ.എസ്, കോഴിക്കോട് നഗരസഭ സെക്രട്ടറി | സെക്രട്ടറി, കോഴിക്കോട് നഗരസഭ | മേയർഭവൻ ക്വാർട്ടേഴ്സ്, പി.ടി.ഉഷ റോഡ്, ബീച്ച്, കോഴിക്കോട്, 673032 ബി.12,ഭാഗ്യചിന്താമണിപന്ത് റോഡ്, പൂനെ, മഹാരാഷ്ട്ര - 411038 |

| | | |
|---|---|---|
| ശ്രീ. കെ.എ.സുലി,<br>സൂപ്രണ്ടിംഗ് എഞ്ചിനീയർ | സൂപ്രണ്ടിംഗ് എഞ്ചിനീയർ കോഴിക്കോട് നഗരസഭ | മെഡിക്കൽ കോളേജ് ക്വാർട്ടേഴ്സ്, ടൈപ്പ്-4, മുളംകുന്നത്ത് കാവ്.പി.ഒ, തൃശ്ശൂർ. |
| ശ്രീ. എം.ശങ്കരൻകുട്ടി,<br>സൂപ്രണ്ടിംഗ് എഞ്ചിനീയർ | സൂപ്രണ്ടിംഗ് എഞ്ചിനീയർ കോഴിക്കോട് നഗരസഭ | ശിശിരം, പത്തായപ്പുര, പാലാനിക്കര പി.ഒ, പെരിന്തൽമണ്ണ, മലപ്പുറം |
| ശ്രീ ജ്ഞാനപ്രകാശൻ,<br>റവന്യൂ ഓഫീസർ, | റവന്യൂ ഓഫീസർ, കോഴിക്കോട് നഗരസഭ | മണ്ണമ്പാലത്ത് ഹൌസ്, തലക്കുളത്തൂർ.പി.ഒ, കോഴിക്കോട്- 673317 |
| ശ്രീ.കെ.പ്രേമാനന്ദൻ, റവന്യൂ ഓഫീസർ, | റവന്യൂ ഓഫീസർ, കോഴിക്കോട് നഗരസഭ | അച്ചൂസ്, പാലക്കട .പി.ഒ, എടക്കാട്, പുതിയങ്ങാടി, കോഴിക്കോട് |
| ശ്രീമതി. ഷീബ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ബേപ്പൂർ മേഖല ഓഫീസ് | ആർ.എസ്.നിലയം, കൊളത്തറ.പി.ഒ, കോഴിക്കോട് |
| ശ്രീ,ശ്രീനിവാസൻ.പി.വി, റവന്യൂ ഓഫീസർ, ബേപ്പൂർ മേഖല ഓഫീസ് | റവന്യൂ ഓഫീസർ, ബേപ്പൂർ മേഖല ഓഫീസ് | ശ്രീഹരി, കിഴക്കുവീട്ടുതാഴംനിലംപറമ്പ്, കണ്ണഞ്ചേരി, കല്ലായി.പി.ഒ, കോഴിക്കോട് |
| ശ്രീ. ഗിരീശ് ചോലയിൽ, വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്. | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്. | സുമനസ്, ചോലയിൽ, അനന്തയൂർ, വാഴക്കാട്, മലപ്പുറം - 673640 |
| ശ്രീമതി. സുധ,<br>സി.ഡി.പി.ഒ അർബ്ബൻ -3 | സി.ഡി.പി.ഒ അർബ്ബൻ - 3, കോഴിക്കോട്. | വിശ്വം, സിവിൽ സ്റ്റേഷൻ, എരഞ്ഞിപ്പാലം, കോഴിക്കോട്. |
| ശ്രീ. റംസി ഇസ്മയിൽ,<br>പ്രൊജക്ട് ഓഫീസർ, | പ്രൊജക്ട് ഓഫീസർ, കുടുംബശ്രീ, പഴയ കോർപ്പറേഷൻ ഓഫീസ്. | മഫ്റഹ്, ഫ്രാൻസിസ് റോഡ്, കല്ലായി, കോഴിക്കോട് |
| ശ്രീ. ബേബി കുര്യാക്കോസ്,<br>സീനിയർ വെറ്ററിനറി സർജൻ | സീനിയർ വെറ്ററിനറി സർജൻ, വെറ്ററിനറി ഹോസ്പിറ്റൽ, ബേപ്പൂർ. | ടി2/എഫ്, ഓർക്കിഡ് ഗാർഡൻ, പി.വി.എസ്.പാർക്ക്, കുതിരവട്ടം, കോഴിക്കോട് |
| ശ്രീ.വി.കെ.ബൽരാജ്, കോഴിക്കോട് നഗരസഭ മുൻ സെക്രട്ടറി | അർബൻ അഫേഴ്സ് ജോയിന്റ് ഡയറക്ടർ, സ്വരാജ് ഭവൻ, | ടി.സി.11/535, മ്യൂസിയം, ബേയിൻസ് കോംപൌണ്ട്, നന്ദൻകോട്, തിരുവനന്തപുരം. |

| | | |
|---|---|---|
| | നന്ദൻകോട്, കവടിയാർ, തിരുവനന്തപുരം-695003 | |
| ശ്രീ.കുഞ്ഞിമുഹമ്മദ്.എം, അഡീഷണൽ സെക്രട്ടറി, സെക്രട്ടറി-ഇൻ-ചാർജ്ജ് | അഡീഷണൽ സെക്രട്ടറി, സെക്രട്ടറി-ഇൻ-ചാർജ്ജ്, കോഴ്ക്കോട് നഗരസഭ. | പൊറ്റാലുങ്കൽ, കാപ്പിൽ.പി.ഒ, വണ്ടൂർ, മലപ്പുറം ജില്ല. |
| ശ്രീ.പി.രാജേന്ദ്രൻ, സീനിയർ ക്ലർക്ക് | സീനിയർ ക്ലർക്ക്, കോഴിക്കോട് നഗരസഭ | എടവലത്ത് മീത്തൽ, മണിയൂർ.പി.ഒ, പയ്യോളി. |
| ശ്രീ.ബാലൻ.ടി.ആർ, സൂപ്രണ്ട് | സൂപ്രണ്ട്, ടൌൺ പ്ലാനിംഗ്, കോഴിക്കോട് നഗരസഭ | തമ്പുര, കുന്താണി, തൊരണിമല, സുൽത്താൻ ബത്തേരി, 673592. |
| ശ്രീ. അശോകൻ, ഡയറക്ടർ, കേരള സംസ്ഥാന വികലാംഗ വെൽഫയർ സൊസൈറ്റി | ഡയറക്ടർ, കേരള സംസ്ഥാന വികലാംഗ വെൽഫയർ സൊസൈറ്റി, വൃദ്ധസദനം, വെള്ളിമാട്കുന്ന്, കോഴിക്കോട് | നെല്ലിക്കാപൊക്കു ഹൌസ്, കുണ്ടോട്ടി, മലപ്പുറം. |
| ശ്രീ അബ്ദുൾജബ്ബാർ.കെ, കൌൺസിൽ സെക്രട്ടറി | പി.എ.ടു.മേയർ, കോഴിക്കോട് നഗരസഭ | കളത്തിങ്ങൽ ഹൌസ്, പള്ളിക്കണ്ടി, കോഴിക്േകോട്-3 |
| മിനി.പി, സൂപ്രണ്ട്, കൌൺസിൽ സെക്ഷൻ(കൌൺസിൽ സെക്രട്ടറിയുടെ ചാർജ്ജ്) | സൂപ്രണ്ട്, കോഴിക്കോട് നഗരസഭ, ജനറൽ സെക്ഷൻ | എടക്കണ്ടി ഹൌസ്, പി.ഒ.മണാശ്ശേരി, മുക്കം |
| ഇ.എം.രവീന്ദ്രൻ, കൌൺസിൽ സെക്രട്ടറി | റിട്ടയേർഡ് | കീപ്പങ്ങാട്ട് ഹൌസ്, പുതുപ്പണം.പി.ഒ, വടകര -673105 |
| ഉദയകുമാർ, സൂപ്രണ്ട്, ചെറുവണ്ണൂർ-നല്ലളം മേഖല ഓഫീസ് (റവന്യൂ ഓഫീസർ) | സൂപ്രണ്ട്, ചെറുവണ്ണൂർ-നല്ലളം മേഖല ഓഫീസ് | ഹിൽ വാലി അപ്പാർട്ട്മെന്റ്, മിനി സിവിൽ സ്റ്റേഷനു സമീപം, ആലുവ. |
| ശ്രീ.പി.വി.ശ്രീനിവാസൻ, റവന്യൂ ഓഫീസർ, ബേപ്പൂർ മേഖല ഓഫീസ് | റവന്യൂ ഓഫീസർ, ബേപ്പൂർ മേഖല ഓഫീസ് | ‘ ശ്രീഹരി’ , കിഴക്കുവീട്ടുതാഴംനിലംപറമ്പ്, കണ്ണഞ്ചരി, പി.ഒ.കല്ലായി, കോഴിക്കോട് |
| | അസിസ്റ്റന്റ് | ഭാരതം,പൈനിങ്ങാട്, മേരിക്കുന്ന്, |

| | | |
|---|---|---|
| ചന്ദ്രൻ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോഴിക്കോട് നഗരസഭ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, വേങ്ങര ബ്ലോക്ക് | കോഴിക്കോട് |
| സി.എം.പോൾ, റവന്യൂ ഓഫീസർ, കോഴിക്കോട് നഗരസഭ | റവന്യൂ ഓഫീസർ, കോഴിക്കോട് നഗരസഭ | ചാമ പറമ്പിൽ ഹൌസ്, ഇരിങ്ങാലക്കുട നോർത്ത് - 680125 |
| കെ.എം.റിജീഷ്, അസിസ്റ്റന്റ് എഞ്ചിനീയർ, കോഴിക്കോട് നഗരസഭ | അസിസ്റ്റന്റ് എഞ്ചിനീയർ, കോഴിക്കോട് നഗരസഭ | കോയം വീട്ടിൽ ഹൌസ്, കൊടൽനടക്കാവ്, പന്തീരങ്കാവ്.പി.ഒ,കോഴിക്കോട് |
| ഉത്തരവാദികളായ കൗൺസിൽ അംഗങ്ങളുടെ പേരും, വിലാസവും അനുബന്ധം 2 ആയി ഉൾപ്പെടുത്തിയിരിക്കുന്നു | | |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഖണ്ടിക നം. | സർവ്വീസ് ടാക്സ് | ആദായനികുതി | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|---|
| 2-17 (1) | 5,477 | - | 74 |
| 2-17(2) | 14,355 | 1,980 | 115 |
| ആകെ | 19,832 | 1,980 | 90 |
| 4 | 1999-00 DCB | എൽ.എഫ്.സി.സി.എ 4/752/01,17.5.2002 | 39 |
| 5 | 1999-00 Exp | എൽ.എഫ്.സി.സി.എ 4/418/00, 8.06.2001 | 86 |
| 6 | 2000-01 | എൽ.എഫ്.സി.സി.എ 4/124/03, 20.05.2003 | 146 |
| 7 | 2001-02 | എൽ.എഫ്.സി.സി.എ 4/438/04, 30.7.2004 | 83 |
| 8 | 2002-03 | എൽ.എഫ്.സി.സി.എ 4/451/05, 01.18.2005 | 80 |
| 9 | 2003-04 | എൽ.എഫ്.സി.സി.എ 4/364/06, 22.06.2006 | 109 |
| 10 | 2004-05 | എൽ.എഫ്.സി.സി.എ 4/350/07, 27.07.2007 | 60 |
| 11 | 2005-06 | എൽ.എഫ്.സി.സി.എ 4/436/07, 15.4.2008 | 64 |
| 12 | 2006-07 | എൽ.എഫ്.സി.സി.എ 4/675/08, 12.11.2008 | 97 |
| 13 | 2007-08 | എൽ.എഫ്.സി.സി.എ 4/506/09, 1.10.2009 | 75 |
| 14 | 2008-09 | എൽ.എഫ്.സി.സി.എ 4/329/10, 31.05.2010 | 50 |

| | | | |
|---|---|---|---|
| 15 | 2009-10 | എൽ.എഫ്.സി.സി.എ 4/669/11, 27.9.2011 | 63 |
| 16 | 2010-11 | എൽ.എഫ്.സി.സി.എ 4/332/12, 15.6.2013 | 180 |
| 17 | 2011-12 | എൽ.എഫ്.സി.സി.എ 4/389/14, 31.5.2014 | 104 |
| 18 | 2012-13 | എൽ. സീനിയർ ഡെപ്യൂട്ടി ഡയറക്ടർ<br>കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയം<br>കോഴിക്കോട്<br>എൽ.എഫ്.സി.സി.എ 4/1245/14, 31.3.2015 | 110 |
| 19 | 2013-14 | കെ.എസ്.എ./കെ.ഒ.സി./എ 4/27/16, 31.5.16 | 107 |
| 20 | 2014-15 | കെ.എസ്.എ./കെ.ഒ.സി/എ 4/1042/16, 30.7.16 | 87 |
| 21 | 2015-16 | കെ.എസ്.എ./കെ.ഒ.സി./എ 4/110/17, 31.1.17 | 75 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്

i